# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

2018 ഫെബ്രുവരി 26, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 171- നമ്പർ 1

വില : ₹ 50

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം  സമ്മേളനം

2018  ഫെബ്രുവരി 26, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി . ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

492/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം
## അംഗങ്ങൾ

1. ശ്രീ. അബ്ദുൽ ഹമീദ് .പി. (വള്ളിക്കുന്ന്)
2. ശ്രീ. കെ. വി. അബ്ദുൾ ഖാദർ (ഗുരുവായൂർ)
3. ശ്രീ. പാറക്കൽ അബ്ദുല്ല (കുറ്റ്യാടി)
4. ശ്രീ. പി. കെ. അബ്ദു റബ്ബ് (തിരൂരങ്ങാടി)
5. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)
6. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് (മഞ്ചേശ്വരം)
7. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടയ്ക്കൽ)
8. ശ്രീ. വി. എസ്. അച്ചുതാനന്ദൻ (മലമ്പുഴ)
9. ശ്രീ. അടൂർ പ്രകാശ് (കോന്നി)
10. ശ്രീ. ടി. എ. അഹമ്മദ് കബീർ (മങ്കട)
11. ശ്രീമതി പി. അയിഷാ പോറ്റി (കൊട്ടാരക്കര)
12. ശ്രീ. മഞ്ഞളാംകുഴി അലി (പെരിന്തൽമണ്ണ)
13. ശ്രീ. അനിൽ അക്കര (വടക്കാഞ്ചേരി)
14. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ - എസ്.സി.)
15. ശ്രീ. അനൂപ് ജേക്കബ് (പിറവം)
16. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)
17. ശ്രീ. ആന്റണി ജോൺ (കോതമംഗലം)
18. ശ്രീ. പി. വി. അൻവർ (നിലമ്പൂർ)
19. ശ്രീ. അൻവർ സാദത്ത് (ആലുവ)
20. ശ്രീ. എ. എം. ആരിഫ് (അരൂർ)
21. പ്രൊഫ. കെ. യു. അരുണൻ (ഇരിങ്ങാലക്കുട)
22. ശ്രീമതി സി. കെ. ആശ (വൈക്കം- എസ്.സി.)

23. ശ്രീ. കെ. ബാബു (നെന്മാറ)

24. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻ ബത്തേരി-എസ്.ടി.)

25. ശ്രീ. എ. കെ. ബാലൻ (തരൂർ - എസ്.സി.)

26. ശ്രീ. വി. ടി. ബൽറാം (തൃത്താല)

27. ശ്രീ. പി. കെ. ബഷീർ (ഏറനാട്)

28. ശ്രീമതി ഇ. എസ്. ബിജിമോൾ (പീരുമേട്)

29. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)

30. ശ്രീ. കെ. ദാസൻ (കൊയിലാണ്ടി)

31. ശ്രീ. ബി. ഡി. ദേവസ്സി (ചാലക്കുടി)

32. ശ്രീ. സി. ദിവാകരൻ (നെടുമങ്ങാട്)

33. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (കളമശ്ശേരി)

34. ശ്രീ. എൽദോ എബ്രഹാം (മൂവാറ്റുപുഴ)

35. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (പെരുമ്പാവൂർ)

36. ശ്രീ. കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)

37. ശ്രീമതി ഗീതാ ഗോപി (നാട്ടിക -എസ്.സി)

38. ശ്രീ. ജോർജ് എം. തോമസ് (തിരുവമ്പാടി)

39. ശ്രീ. പി. സി. ജോർജ് (പൂഞ്ഞാർ)

40. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ - എസ്.സി)

41. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)

42. ശ്രീ. ഹൈബി ഈഡൻ (എറണാകുളം)

43. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)

44. ഡോ. കെ. ടി. ജലീൽ (തവനൂർ)

45. ശ്രീ. ജെയിംസ് മാത്യു (തളിപ്പറമ്പ്)

46. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)

47. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)

48. ശ്രീ. ഇ. പി. ജയരാജൻ (മട്ടന്നൂർ)

49. ശ്രീ. ജോൺ ഫെർണാണ്ടസ് (ആംഗ്ലോ ഇന്ത്യൻ പ്രതിനിധി)

50. ശ്രീ. കെ. സി. ജോസഫ് (ഇരിക്കൂർ)

51. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)

52. ശ്രീ. വി. ജോയി (വർക്കല)

53. ശ്രീ. ഒ.ആർ. കേളു (മാനന്തവാടി-എസ്.ടി.)

54. ശ്രീ. കെ. എൻ. എ. ഖാദർ (വേങ്ങര)

55. ശ്രീ. സി. കൃഷ്ണൻ (പയ്യന്നൂർ)

56. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)

57. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

58. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ-എസ്.സി)

59. ശ്രീ. വി. കെ. സി. മമ്മത് കോയ (ബേപ്പൂർ)

60. ശ്രീ. സി. മമ്മൂട്ടി (തിരൂർ)

61. ശ്രീ. കെ. എം. മാണി (പാലാ)

62. ശ്രീ. എം. എം. മണി (ഉടുമ്പൻചോല)

63. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)

64. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)

65. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ (കുണ്ടറ)

66. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)

67. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)

68. ശ്രീ. മുഹമ്മദ് മുഹസിൻ പി. (പട്ടാമ്പി)

69. ശ്രീ. എം. മുകേഷ് (കൊല്ലം)

70. ഡോ. എം. കെ. മുനീർ (കോഴിക്കോട് സൗത്ത്)

71. ശ്രീ. കെ. മുരളീധരൻ (വട്ടിയൂർക്കാവ്)

72. ശ്രീ. ഡി. കെ. മുരളി (വാമനപുരം)

73. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)

74. ശ്രീ. സി. കെ. നാണു (വടകര)

75. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)

76. ശ്രീ. എം. നൗഷാദ് (ഇരവിപുരം)

77. ശ്രീ. ഉമ്മൻ ചാണ്ടി (പുതുപ്പള്ളി)

78. ശ്രീ. യു. ആർ. പ്രദീപ് (ചേലക്കര)

79. ശ്രീ. എ. പ്രദീപ്കുമാർ (കോഴിക്കോട് നോർത്ത്)

80. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)

81. ശ്രീമതി യു. പ്രതിഭ ഹരി (കായംകുളം)

82. ശ്രീ. പുരുഷൻ കടലുണ്ടി (ബാലുശ്ശേരി - എസ്.സി.)

83. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)

84. ശ്രീ. പി. ടി. എ. റഹീം (കുന്ദമംഗലം)

85. ശ്രീ. ഒ. രാജഗോപാൽ (നേമം)

86. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)

87. ശ്രീ. കെ. രാജൻ (ഒല്ലൂർ)

88. ശ്രീ. എസ്. രാജേന്ദ്രൻ (ദേവികുളം-എസ്.സി.)

89. ശ്രീ. ആർ. രാജേഷ് (മാവേലിക്കര-എസ്.സി).

90. ശ്രീ. റ്റി. വി. രാജേഷ് (കല്യാശ്ശേരി)

91. ശ്രീ. കെ. രാജു (പുനലൂർ)

92. ശ്രീ. രാജു എബ്രഹാം (റാന്നി)

93. ശ്രീ. ആർ. രാമചന്ദ്രൻ (കരുനാഗപ്പള്ളി)

94. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)

95. ശ്രീ. റ്റി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)

96. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)

97. ശ്രീ. മുല്ലക്കര രത്നാകരൻ (ചടയമംഗലം)

98. പ്രൊഫ. സി. രവീന്ദ്രനാഥ് (പുതുക്കാട്)

99. ശ്രീ. കാരാട്ട് റസാഖ് (കൊടുവള്ളി)

100. ശ്രീ. റോജി എം. ജോൺ (അങ്കമാലി)

101. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)

102. ശ്രീ. കെ. എസ്. ശബരീനാഥൻ (അരുവിക്കര)

103. ശ്രീ. വി. പി. സജീന്ദ്രൻ (കുന്നത്തുനാട്-എസ്.സി)

104. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)

105. ശ്രീ. എസ്. ശർമ്മ (വൈപ്പിൻ)

106. ശ്രീ. എ. കെ. ശശീന്ദ്രൻ (എലത്തൂർ)

107. ശ്രീ. സി. കെ. ശശീന്ദ്രൻ (കൽപ്പറ്റ)

108. ശ്രീ. പി. കെ. ശശി (ഷൊർണ്ണൂർ)

109. ശ്രീ. വി. ശശി (ചിറയിൻകീഴ്-എസ്.സി.)

110. ശ്രീ. വി. ഡി. സതീശൻ (പറവൂർ)

111. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)

112. ശ്രീ. ബി. സത്യൻ (ആറ്റിങ്ങൽ-എസ്.സി.)

113. ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)

114. ശ്രീ. കെ. എം. ഷാജി (അഴീക്കോട്)

115. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)

116. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (കൂത്തുപറമ്പ്)

117. ശ്രീ. വി. എസ്. ശിവകുമാർ (തിരുവനന്തപുരം)

118. ശ്രീ. പി. ശ്രീരാമകൃഷ്ണൻ (പൊന്നാനി)

119. ശ്രീ. ജി. സുധാകരൻ (അമ്പലപ്പുഴ)

120. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)

121. ശ്രീ. വി. എസ്. സുനിൽ കുമാർ (തൃശ്ശൂർ)

122. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)

123. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)

124. ശ്രീ. കെ. സുരേഷ് കുറുപ്പ് (ഏറ്റുമാനൂർ)

125. ശ്രീ. എം. സ്വരാജ് (തൃപ്പൂണിത്തുറ)

126. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)

127. ശ്രീ. പി. തിലോത്തമൻ (ചേർത്തല)

128. ശ്രീ. സി. എഫ്. തോമസ് (ചങ്ങനാശ്ശേരി)

129. ശ്രീ. പി. ടി. തോമസ് (തൃക്കാക്കര)

130. ശ്രീ. തോമസ് ചാണ്ടി (കുട്ടനാട്)

131. ഡോ. ടി. എം. തോമസ് ഐസക് (ആലപ്പുഴ)

132. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)

133. ശ്രീ. എം. ഉമ്മർ (മഞ്ചേരി)

134. ശ്രീ. പി. ഉണ്ണി (ഒറ്റപ്പാലം)

135. ശ്രീമതി വീണാ ജോർജ്ജ് (ആറന്മുള)

136. ശ്രീ. കെ. വി. വിജയദാസ് (കോങ്ങാട് -എസ്.സി.)

137. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)

138. ശ്രീ. പിണറായി വിജയൻ (ധർമ്മടം)

139. ശ്രീ. എൻ. വിജയൻ പിള്ള (ചവറ)

140. ശ്രീ. എം. വിൻസെന്റ് (കോവളം)

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

ശ്രീ. പിണറായി വിജയൻ, മുഖ്യമന്ത്രി

പൊതുഭരണം

അഖിലേന്ത്യാ സർവ്വീസുകൾ

ആസൂത്രണവും സാമ്പത്തികകാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി

മലിനീകരണ നിയന്ത്രണം

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ

പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്

തെരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്ട്സ്

മെട്രോ റെയിൽ

അന്തർസംസ്ഥാന നദീജലം

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആന്റ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

ഇൻലാന്റ് നാവിഗേഷൻ (ജലപാത നിർമ്മാണം)

കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ

രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി

മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

ശ്രീ. എ. കെ. ബാലൻ, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

പട്ടികജാതിക്ഷേമം

പട്ടികവർഗ്ഗക്ഷേമം

പിന്നോക്കസമുദായക്ഷേമം

നിയമം

സാംസ്കാരികം

പാർലമെന്ററികാര്യം

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

ശ്രീ. ഇ. ചന്ദ്രശേഖരൻ, റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

ലാൻഡ് റവന്യൂ

സർവ്വേയും ലാൻഡ് റെക്കോർഡ്സും

ലാൻഡ് റിഫോംസ്

ഭവനനിർമ്മാണം

ഡോ. കെ. ടി. ജലീൽ, തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ഗ്രാമവികസനം

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

ന്യൂനപക്ഷക്ഷേമം

വഖഫും ഹജ്ജ് തീർത്ഥാടനവും

ശ്രീ. എം. എം. മണി, വൈദ്യുതി വകുപ്പുമന്ത്രി

വിദ്യുച്ഛക്തി

ശ്രീ. മാത്യു ടി. തോമസ്, ജലവിഭവ വകുപ്പുമന്ത്രി

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഗ്രൗണ്ട് വാട്ടർ ഡെവലപ്മെന്റ്

ശുദ്ധജലവിതരണവും ശുചീകരണവും

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

കശുവണ്ടി വ്യവസായം

ഫിഷറീസ് സർവ്വകലാശാല

ശ്രീ. എ. സി. മൊയ്തീൻ, വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി

വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആന്റ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈലും

ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്

സ്പോർട്സും യുവജനകാര്യവും

<u>ശ്രീ. കെ. രാജു, വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി</u>

വനം

വന്യജീവി സംരക്ഷണം

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി</u>

തുറമുഖം

കാഴ്ചബംഗ്ലാവുകൾ

പുരാവസ്തു

പുരാരേഖ

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ, തൊഴിലും എക്സൈസും വകുപ്പുമന്ത്രി</u>

തൊഴിൽ

നൈപുണ്യം

തൊഴിലും പരിശീലനവും

പുനരധിവാസം

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽസ്

എക്സൈസ്

ലേബർ കോർട്ട്സ്

<u>പ്രൊഫ. സി. രവീന്ദ്രനാഥ്, വിദ്യാഭ്യാസ വകുപ്പുമന്ത്രി</u>

പൊതുവിദ്യാഭ്യാസം

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ

സർവ്വകലാശാല ഒഴികെ)

പ്രവേശന പരീക്ഷകൾ

സാക്ഷരതാ പ്രവർത്തനം

എൻ.സി.സി.

അസാപ് (ASAP)

<u>ശ്രീ. എ. കെ. ശശീന്ദ്രൻ, ഗതാഗത വകുപ്പുമന്ത്രി</u>

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി</u>

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

ഇൻഡിജിനസ് മെഡിസിൻ

മെഡിക്കൽ സർവ്വകലാശാല

ഡ്രഗ്സ് കൺട്രോൾ

ഹോമിയോപ്പതി

പ്രകൃതി ചികിത്സ

ആയുഷ്

സാമൂഹ്യനീതി

<u>ശ്രീ. ജി. സുധാകരൻ, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി</u>

പൊതുമരാമത്ത്

രജിസ്ട്രേഷൻ

കമ്പിത്തപാൽ

റെയിൽവേ

<u>ശ്രീ. വി. എസ്. സുനിൽ കുമാർ, കൃഷി വകുപ്പുമന്ത്രി</u>

കൃഷി

സോയിൽ സർവ്വേ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെറ്ററിനറി സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി</u>

സഹകരണം

വിനോദസഞ്ചാരം

ദേവസ്വം

<u>ശ്രീ. പി. തിലോത്തമൻ, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

<u>ഡോ. ടി. എം. തോമസ് ഐസക്, ധനകാര്യവും കയറും വകുപ്പുമന്ത്രി</u>

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യനികുതി

കാർഷികാദായ നികുതി

ട്രഷറീസ്

ലോട്ടറീസ്

സ്റ്റേറ്റ് ഓഡിറ്റ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

സ്റ്റാമ്പ് ആന്റ് സ്റ്റാമ്പ് ഡ്യൂട്ടീസ്

കയർ

# ഉള്ളടക്കം

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....7

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....7
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....57

**II താക്കീത്**

ചെയറിന്റെ മുഖം മറച്ചുകൊണ്ടുള്ള പ്രതിഷേധം –

മി. സ്പീക്കർ ....358

**III അടിയന്തരപ്രമേയം**

ഷുഹൈബിന്റെ കൊലപാതകം (അവതരണാനുമതി നിഷേധിച്ചു) 359

**IV ചെയർമാന്മാരുടെ പാനൽ** 382

**V ശ്രദ്ധ ക്ഷണിക്കൽ**

കൈത്തറി സഹകരണസംഘങ്ങൾ നേരിടുന്ന പ്രതിസന്ധി–

ശ്രീ. റ്റി. വി. രാജേഷ് 382

**VI മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ 387

**VII റിപ്പോർട്ട് സമർപ്പണം**

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച I മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ മൂന്നാമത് റിപ്പോർട്ട് 391

**VIII ധനകാര്യം**

2017-18 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും 394

**അനുബന്ധം**

സബ്മിഷനുകൾക്ക് ബന്ധപ്പെട്ട മന്ത്രിമാർ മേശപ്പുറത്തുവച്ച മറുപടി 405

**കേരള നിയമസഭാ നടപടികൾ**

**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

*2018 ഫെബ്രുവരി 26, തിങ്കൾ*

വാല്യം 171] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനം 2018 ഫെബ്രുവരി മാസം 26-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ......., ചോദ്യം നമ്പർ (*1)........

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ,.......

മി. സ്പീക്കർ: ഇല്ല, ഇത് ചോദ്യോത്തരവേളയാണ്. ചോദ്യോത്തരവേള തടസ്സപ്പെടുത്തുന്ന രീതിയുണ്ടാകരുത്. ...(ബഹളം)... (പ്രതിപക്ഷാംഗങ്ങൾ എഴുന്നേറ്റുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.) നിങ്ങൾ ഇരിക്കൂ. ശ്രീ. എം. ഉമ്മർ ചോദിക്കുന്നുണ്ടോ? ...(ബഹളം)... ദയവായി ചോദ്യോത്തരവേള തടസ്സപ്പെടുത്തരുത്. നിങ്ങൾ ഉന്നയിക്കുന്ന വിഷയം അടിയന്തരപ്രമേയമായും സബ്മിഷനായും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പ്രതിപക്ഷാംഗങ്ങളും എഴുതി നൽകിയിട്ടുണ്ട്. ദയവായി സഹകരിക്കൂ. ചോദ്യോത്തരവേളയ്ക്കുശേഷം നിങ്ങൾ എഴുതി നൽകിയ അടിയന്തരപ്രമേയം പരിഗണനയ്ക്ക് എടുക്കുന്നുണ്ട്. ...(ബഹളം)... പ്ലീസ്... പ്ലീസ്... ഇത് ശരിയല്ല. ഈ സഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച കാര്യങ്ങൾ അവതരിപ്പിക്കാനുള്ള എല്ലാ അവകാശവും നൽകുന്നതാണ്, അവസരം നൽകുന്നതാണ്. ദയവായി ചോദ്യോത്തരവേള തടസ്സപ്പെടുത്തരുത്. (മട്ടന്നൂർ ബ്ലോക്ക് യൂത്ത് കോൺഗ്രസ് സെക്രട്ടറി ഷുഹൈബിന്റെയും മധു എന്ന ആദിവാസി യുവാവിന്റെയും കൊലപാതകവുമായി ബന്ധപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് യു.ഡി.എഫ്. അംഗങ്ങൾ ബാനറും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട്

ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് ചോദ്യോത്തരവേള തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.) പ്ലീസ്... പ്ലീസ്... സമൂഹത്തിലെ വിവിധതരം പ്രശ്നങ്ങൾ ഉന്നയിക്കാനുള്ള അവസരമാണിത്. ദയവായി അംഗങ്ങൾ സീറ്റിലേയ്ക്ക് തിരിച്ചുപോകണം. ഇത് ശരിയല്ല. എനിക്ക് അടുത്ത ചോദ്യത്തിലേയ്ക്ക് കടക്കേണ്ടിവരും. ....(ബഹളം)... പ്ലീസ്... പ്ലീസ്... ശ്രീ. എം. ഉമ്മർ....

(ചോദ്യകർത്താവിനെ ചോദ്യം ഉന്നയിക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ വിളിച്ചെങ്കിലും ഒന്നാമത്തെ ചോദ്യം (*1) ഉന്നയിക്കപ്പെട്ടില്ല. തുടർന്ന് ചെയർ അടുത്ത ചോദ്യത്തിലേയ്ക്ക് കടന്നു.)

**അങ്കണവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

1(*2) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത ബാല വികസന പദ്ധതിക്കുള്ള (ഐ.സി.ഡി.എസ്.) കേന്ദ്രവിഹിതം 35 ശതമാനം വെട്ടിക്കുറച്ചത് സംസ്ഥാനത്തെ അങ്കണവാടികളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാതിരിക്കാനായി സർക്കാർ അധിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) അങ്കണവാടികളെ ആധുനികവൽക്കരിക്കുന്നതിനും അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനുമായി ചെയ്ത കാര്യങ്ങൾ അറിയിക്കുമോ;

(സി) അത്യാധുനിക സംവിധാനത്തോടെ സംസ്ഥാനത്ത് ശിശുപരിപാലന കേന്ദ്രങ്ങൾ ആരംഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) കേന്ദ്രസർക്കാരിന്റെ 23-11-2017-ലെ (11-36/2016-CD-1 നമ്പർ പ്രകാരമുള്ള) പുതുക്കിയ മാനദണ്ഡ പ്രകാരം ജീവനക്കാരുടെ വേതനം ഇനത്തിൽ 2017 ഡിസംബർ 1 മുതൽ കേന്ദ്ര-സംസ്ഥാന അനുപാതം 60:40 എന്നത് 25:75 ആക്കി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 35 ശതമാനം അധിക ബാധ്യത

സംസ്ഥാന സർക്കാർ വഹിച്ചുവരികയാണ്. 1-12-2017 മുതൽ 31-3-2018 വരെ ജീവനക്കാരുടെ ശമ്പളയിനത്തിൽ സംസ്ഥാന സർക്കാരിന് 2217.28 ലക്ഷം രൂപയുടെ അധികബാധ്യത വരുന്നതാണ്. 2018-19 മുതൽ ഓരോ വർഷവും 7699.57 ലക്ഷം രൂപ അധികമായി കണ്ടെത്തേണ്ടിയിരിക്കുന്നു.

(ബി) മാതൃകാ അങ്കണവാടി

അങ്കണവാടികളെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഒരു നിയോജകമണ്ഡലത്തിൽ ഒരു അങ്കണവാടിയെ നിലവിലെ സൗകര്യങ്ങൾക്ക് പുറമെ നൂതന സംവിധാനങ്ങൾകൂടി ഏർപ്പെടുത്തി മാതൃക അങ്കണവാടിയായി ഉയർത്തിവരുന്നു. ആയതിന് ചുരുങ്ങിയത് 10 സെന്റ് സ്ഥലം പുതിയതായി കണ്ടെത്തി ആധുനിക സൗകര്യങ്ങളൊരുക്കി ഇരുനില കെട്ടിടം നിർമ്മിച്ചു വരികയാണ്. നിലവിൽ ഈ പദ്ധതി പ്രകാരം 121 അങ്കണവാടികൾക്ക് കെട്ടിടനിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. ആയതിൽ 87 എണ്ണം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ കെട്ടിട നിർമ്മാണ നടപടികൾ പുരോഗമിച്ചു വരികയാണ്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച മാതൃകാ അങ്കണവാടികളെ (3 ജി) 3 തലമുറകളുടെ (കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ, മുതിർന്ന സ്ത്രീകൾ) സംഗമസ്ഥലമായി ഉയർത്തണമെന്ന ഉദ്ദേശ്യത്തോടെ സൗകര്യങ്ങളൊരുക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച 21 മാതൃകാ അങ്കണവാടികൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഫർണിച്ചറും വാങ്ങി നൽകിയിട്ടുണ്ട്. 52 മാതൃകാ അങ്കണവാടികൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഫർണിച്ചറും മറ്റ് സൗകര്യങ്ങളും വാങ്ങുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്. നൂതന സാങ്കേതികവിദ്യകൾ ഉൾക്കൊള്ളിച്ച് അങ്കണവാടി പ്രവർത്തനത്തെ കാലാനുസൃതമായി ഉയർത്തുന്നതിന് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾകൂടി കൈക്കൊണ്ടുവരുന്നു :

ഐ.ആർ.ടി.സി. ട്രെയിനിംഗ്

അങ്കണവാടികൾ മുഖേനയുള്ള പ്രീ-സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി അങ്കണവാടി വർക്കർമാർക്ക് തുടർച്ചയായ പരിശീലനം നൽകിവരുന്നു. പാലക്കാട് കേന്ദ്രമായി പ്രവർത്തിക്കുന്ന ഐ.ആർ.ടി.സി. (ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ) മുഖേന സമഗ്രമായ ഒരു പരിശീലന

പരിപാടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

ജാതക്-ജനനി

ജാതക്, ജനനി എന്നീ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് ജനനം മുതൽ 5 വയസ്സ് വരെയുള്ള കുട്ടികളുടെ തൽസമയ നിരീക്ഷണം നടത്തിവരുന്നുണ്ട്.

ജിയോ ടാഗിംഗ്

വനിതാ ശിശു വികസന വകുപ്പിന് കീഴിലെ 33115 അങ്കണവാടികളും കൃത്യമായി മാപ്പ് ചെയ്യുന്നതിനായി ജി.പി.എസ്. സാങ്കേതികവിദ്യ ഉപയോഗിച്ച് അങ്കണവാടികളുടെ സ്ഥാനം നിർണ്ണയിക്കുകയും അത് ഭൂപടത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്ന ജിയോ ടാഗിംഗ് നടപ്പിലാക്കി വരുന്നു.

അങ്കണവാടി ഗ്രേഡിംഗ്

അങ്കണവാടികൾവഴി നൽകിവരുന്ന സേവനത്തിന്റെ ഗുണനിലവാരവും ഗുണഭോക്താക്കളുടെ എണ്ണവും നിലനിർത്തുന്നതിനും അങ്കണവാടികളുടെ മോണിറ്ററിംഗും പിന്തുണ സംവിധാനവും മെച്ചപ്പെടുത്തുന്നതിനുമായി വസ്തുനിഷ്ഠമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അങ്കണവാടികളെ ഗ്രേഡ് ചെയ്യുന്നു.

മേൽ പരാമർശിക്കപ്പെട്ട കാര്യങ്ങൾ അങ്കണവാടികളുടെ നിലവാരം മെച്ചപ്പെട്ടുത്തുന്നതിന് സഹായകരമാകുന്നു. കൂടാതെ അടിസ്ഥാന സൗകര്യ മേഖലയിലും അങ്കണവാടികളുടെ നിലവാരം ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കിവരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 33115 അങ്കണവാടികളിൽ 22998 എണ്ണത്തിന് സ്വന്തമായി കെട്ടിടമുള്ളതാണ്. ബാക്കിയുള്ളവയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഊർജ്ജിത പ്രവർത്തനങ്ങൾ നടത്തിവരുന്നു. എല്ലാ അങ്കണവാടികളിലും ശുദ്ധമായ കുടിവെള്ള സൗകര്യം ഉറപ്പാക്കുന്നതിനുള്ള നടപടികളും ശിശു സൗഹൃദ ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. അങ്കണവാടികളിലെ പ്രീ-സ്കൂൾ കുട്ടികൾക്ക് ECCE കരിക്കുലത്തിന് അനുയോജ്യമായ കാലോചിതവും ശാസ്ത്രീയവുമായ കളി ഉപകരണങ്ങൾ, മെഡിസിൻ കിറ്റ്, പ്രീ-സ്കൂൾ കിറ്റ്, ആവശ്യം നേരിടുന്ന അടിയന്തര സാഹചര്യങ്ങൾക്ക് ഫ്ലക്സി ഫണ്ട്, വൈവിധ്യമാർന്ന പോഷകാഹാരം, കൗമാരപ്രായക്കാർക്കും അമ്മമാർക്കും പ്രയോജനകരമായ ആരോഗ്യ പോഷണ വിദ്യാഭ്യാസം പരിപാടിയിൽ പരമാവധി പങ്കാളിത്തം ഉറപ്പാക്കൽ എന്നിവ അങ്കണവാടികളുടെ പരിഷ്കൃതമായ അവസ്ഥയിലേയ്ക്കുള്ള മാറ്റത്തിന് സഹായകരമാകുന്നു.

അങ്കണവാടി സേവനങ്ങളെക്കുറിച്ച് ജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിന് സോഷ്യൽ ഓഡിറ്റ് പോലെയുള്ള പരിപാടി വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

(സി) മൊബൈൽ ക്രഷ്

കേരളത്തിലെ നിർമ്മാണ മേഖലയിലും മറ്റ് തൊഴിൽ മേഖലകളിലും പ്രവർത്തിക്കുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ കുട്ടികളെ പകൽ സമയങ്ങളിൽ പരിപാലിക്കുക എന്ന ഉദ്ദേശ്യത്തോടെ മൊബൈൽ ക്രഷ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൊച്ചി അർബൻ 2 ഐ.സി.ഡി.എസ്.-ന് കീഴിലെ 76-ാം നമ്പർ അങ്കണവാടിയോടനുബന്ധിച്ച് പൈലറ്റ് അടിസ്ഥാനത്തിൽ മൊബൈൽ ക്രഷ് ആരംഭിച്ചിട്ടുണ്ട്.

നാഷണൽ ക്രഷ് സ്കീം

സംഘടിത/അസംഘടിത മേഖലകളിൽ സേവനമനുഷ്ഠിക്കുന്ന സ്ത്രീകളുടെ കുട്ടികളെ പകൽ സമയങ്ങളിൽ സുരക്ഷിതമായി പരിചരിക്കുക എന്ന ഉദ്ദേശ്യത്തോടെ സാമൂഹ്യക്ഷേമ ബോർഡ്, ശിശുക്ഷേമ സമിതി എന്നീ ഏജൻസികൾ മുഖേന നടപ്പിലാക്കി വന്നിരുന്ന നാഷണൽ ക്രഷ് സ്കീം 1-1-2017 പ്രാബല്യത്തിൽ സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഇപ്രകാരം 571 ക്രഷുകളാണ് പ്രസ്തുത പദ്ധതിയിൻ കീഴിൽ സംസ്ഥാന സർക്കാർ ഏറ്റെടുത്തിരിക്കുന്നത്.

മാതൃകാ അങ്കണവാടി

അങ്കണവാടികളെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഒരു നിയോജകമണ്ഡലത്തിൽ ഒരു അങ്കണവാടിയെ നിലവിലെ സൗകര്യങ്ങൾക്ക് പുറമെ നൂതന സംവിധാനങ്ങൾകൂടി ഏർപ്പെടുത്തി മാതൃകാ അങ്കണവാടിയായി ഉയർത്തിവരികയാണ്. ആയതിന് ചുരുങ്ങിയത് 10 സെന്റ് സ്ഥലം പുതിയതായി കണ്ടെത്തി ആധുനിക സൗകര്യങ്ങളൊരുക്കി ഇരുനില കെട്ടിടം നിർമ്മിച്ചുവരികയാണ്. നിലവിൽ ഈ പദ്ധതി പ്രകാരം 121 അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. ആയതിൽ 87 എണ്ണം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ....(ബഹളം).....

(ബഹുമാനപ്പെട്ട സ്പീക്കറുടെ മുഖം മറയ്ക്കുന്നതരത്തിൽ ബാനർ ഉയർത്തിപ്പിടിച്ചുകൊണ്ട് യു.ഡി.എഫ്. അംഗങ്ങൾ ബഹളം തുടർന്നുകൊണ്ടിരുന്നു.)

മി. സ്പീക്കർ: നിങ്ങൾ എന്തിനാണ് ബഹളം വയ്ക്കുന്നത്? അതിര് വിടരുത്. ചെയറിന്റെ മുഖം മറയ്ക്കുകയാണോ? സഭയിൽ പ്രതിഷേധം പ്രകടിപ്പിക്കുന്നതിന് ചില മര്യാദകളുണ്ട്. നിങ്ങൾ ഉന്നയിച്ച വിഷയം ഇവിടെ അവതരിപ്പിക്കാനുള്ള അവസരമുണ്ടെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇത് കാണുന്നുണ്ടോ? ഇതെല്ലാം ലോകം മുഴുവനും കാണുന്നതാണ്. ....(ബഹളം).....

ശ്രീ. എസ്. രാജേന്ദ്രൻ: സർ, എൽ.ഡി.എഫ്. ഗവൺമെന്റ് അങ്കണവാടികളിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും പുതുക്കി നൽകിയ വേതനത്തെയും പുതിയതായി തുടങ്ങാനുദ്ദേശിക്കുന്ന പദ്ധതികളെയുംകുറിച്ച് വളരെ വ്യക്തമായി പറയുകയുണ്ടായി. അതിന് ഞാൻ ഈ ഗവൺമെന്റിനെ അനുമോദിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് അങ്കണവാടി ജീവനക്കാരുടെ എന്തെങ്കിലും ആനുകൂല്യം വെട്ടിച്ചുരുക്കിയതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? ...(ബഹളം)...

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: അങ്കണവാടി ജീവനക്കാർക്ക് കൊടുക്കേണ്ട ശമ്പളത്തുകയടക്കം അങ്കണവാടികളുടെ പ്രവർത്തനത്തിനുള്ള വിഹിതം ഭീമമായ തോതിൽ കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ചിരിക്കുകയാണ്. നേരത്തെ ലഭ്യമായിരുന്നത് 60:40 എന്ന അനുപാതത്തിലാണ്. 60 ശതമാനം കേന്ദ്രവിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവുമായിരുന്നു. യാതൊരു അറിയിപ്പുമില്ലാതെ കേന്ദ്രവിഹിതം വെട്ടിച്ചുരുക്കി 25 ശതമാനം മാത്രമേ തരികയുള്ളൂവെന്ന് പ്രഖ്യാപിച്ചത് കേരളത്തെ സംബന്ധിച്ചിടത്തോളം വലിയ പ്രതിസന്ധി ഉളവാക്കുന്ന കാര്യമാണ്. എങ്കിലും അങ്കണവാടികളുടെ പ്രവർത്തനം മുടക്കംവരാതെ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. 2217 ലക്ഷം രൂപയുടെ കുറവ് മൂന്നുമാസമായി അനുഭവപ്പെടുകയാണ്. അടുത്തവർഷത്തിൽ 7699 ലക്ഷം രൂപയുടെ കുറവാണുണ്ടാകുന്നത്. ...(ബഹളം)...

മി. സ്പീക്കർ: ചോദ്യോത്തരവേള സസ്പെന്റ് ചെയ്യുന്നു.

(ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ രാവിലെ 8.38-ന് താൽക്കാലികമായി സഭ നിർത്തിവച്ചു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഭിക്ഷാടക സംഘങ്ങൾ നടത്തുന്ന കുറ്റകൃത്യങ്ങൾ

2 (*1) ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാനങ്ങളിൽനിന്ന് ജോലിക്കും ഭിക്ഷാടനത്തിനുമായി കേരളത്തിലേക്ക് വരുന്നവരോടൊപ്പം ധാരാളം കുറ്റവാളികൾ എത്തുന്നതും ഇത്തരക്കാർ കേരളീയ ജീവിതത്തിന്റെ ഒഴുക്കും ശാന്തതയും നഷ്ടപ്പെടുത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജോലിക്കായി എത്തിപ്പെടുന്നവരെ നിരീക്ഷിക്കുന്നതിനും അവരുടെ പൂർണ്ണമായ വിവരശേഖരണം നടത്തി സൂക്ഷിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും അവയുടെ അപര്യാപ്തത എന്തെല്ലാമാണെന്നും വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇത്തരം ഭിക്ഷാടകസംഘങ്ങൾ വിവിധ മതപരമായ ചിഹ്നങ്ങൾ യഥേഷ്ടം പ്രയോജനപ്പെടുത്തി വൻതോതിൽ പിരിവുനടത്തുകയും കുറ്റകൃത്യങ്ങൾ ചെയ്യുന്ന മാഫിയകളായി മാറുകയും ചെയുന്ന പ്രവണത ശ്രദ്ധിച്ചിട്ടുണ്ടോ; ഇതൊഴിവാക്കുന്നതിനായി കേരളം മുഴുവൻ യാചകനിരോധിത മേഖലയായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഇതര സംസ്ഥാനങ്ങളിൽനിന്ന് വരുന്ന അതിഥി തൊഴിലാളികൾ കേരളത്തിന്റെ വികസനത്തിന് വലിയ സംഭാവനയാണ് നൽകുന്നത്. ജീവിത സാഹചര്യങ്ങൾമൂലം ഭിക്ഷാടനത്തിനായി എത്തിച്ചേരുന്ന എല്ലാപേരും കുറ്റവാളികളല്ല. കേരളീയ ജീവിതത്തിന് ഒഴുക്കും ശാന്തതയും നഷ്ടപ്പെടുന്ന പ്രശ്നം ഇവർമൂലം ഉണ്ടാകുന്നില്ല. എല്ലാ സമൂഹങ്ങളിലുമെന്നപോലെ ചിലർ കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നവരായി പോലീസ് അന്വേഷണത്തിൽ ബോധ്യപ്പെടുന്നവർക്കെതിരെ നിയമപരമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) അതിഥി തൊഴിലാളികൾക്ക് സുരക്ഷിതമായി തൊഴിലെടുക്കുന്നതിനും സാമൂഹ്യ-ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്ന് എത്തിച്ചേരുന്നവരാകയാൽ ഇവരെ നിരീക്ഷിക്കുന്നതിനും അവരെക്കുറിച്ചുള്ള വിവരം ശേഖരിക്കുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. ജനമൈത്രി പോലീസ് സംവിധാനം ഉൾപ്പെടെ ഉപയോഗപ്പെടുത്തി അതിഥി തൊഴിലാളികളുടെ വിരലടയാളം അടക്കമുള്ള പൂർണ്ണവിവരം അതത് സ്റ്റേഷനുകളിലെ 'മൈഗ്രന്റ് ലേബർ രജിസ്റ്ററിൽ' സൂക്ഷിച്ചുവരുന്നു.

2. ഇവരുടെ വിവരശേഖരണത്തിനായി 'ഇ-രേഖ ' എന്ന മൊബൈൽ ആപ്ലിക്കേഷൻ ആവിഷ്കരിച്ചിട്ടുണ്ട്.

3. അതിഥി തൊഴിലാളികൾ ജോലിക്കായി എത്തുമ്പോഴും വിട്ടുപോകുമ്പോഴും അതത് പോലീസ് സ്റ്റേഷനുകളിൽ അറിയിക്കണമെന്ന് തൊഴിൽ ദാതാക്കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ജോലി സൗകര്യാർത്ഥം മാറിമാറി താമസിക്കുന്ന തൊഴിലാളികളുടെ വിവരശേഖരണത്തിന് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.

4. ഇവർ മുൻകാലങ്ങളിൽ ഏതെങ്കിലും കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരാണോയെന്ന് അറിയുന്നതിനുള്ള സംവിധാനം പോലീസ് ഏർപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം കണ്ടെത്തുന്നവരെ പ്രത്യേകം നിരീക്ഷിക്കുകയും ആവശ്യമെങ്കിൽ നിയമപരമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

5. തൊഴിലിടങ്ങളിലും താമസസ്ഥലങ്ങളിലും സുരക്ഷയും ശുചിത്വവും ഉറപ്പാക്കുന്നതിനുള്ള നടപടികൾ തൊഴിൽ-ആരോഗ്യ-തദ്ദേശസ്വയംഭരണ വകുപ്പുകൾ മുഖേന സ്വീകരിച്ചുവരുന്നു.

6. ഇവരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ 'ആവാസി'ൽ ഇതിനകം 156187 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സമീപകാലത്തായി നവമാധ്യമങ്ങളിലൂടെ ചിലർ നടത്തിയ തെറ്റായ പ്രചരണങ്ങൾ ജനങ്ങൾക്കിടയിൽ ഉത്കണ്ഠ ഉളവാക്കിയിട്ടുണ്ട്. ഇക്കാര്യം പോലീസ് നിരീക്ഷണത്തിലാണ്.

**കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നുവെന്ന പ്രചരണം**

3(*3) ശ്രീമതി ഗീതാ ഗോപി :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നു എന്ന് സൂചിപ്പിച്ച് സാമൂഹ്യമാധ്യമങ്ങളിൽ വരുന്ന പോസ്റ്റുകൾ ജനങ്ങളിൽ ഭീതി പടർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന ഇതരസംസ്ഥാന ഭിക്ഷാടന മാഫിയ കേരളത്തിൽ വ്യാപകമാണെന്ന പ്രചരണങ്ങളുടെ സത്യാവസ്ഥ വെളിപ്പെടുത്തുമോ;

(സി) വീടുകളുടെ ജനലുകളിൽ സ്റ്റിക്കർ പതിക്കുന്നുവെന്ന പേരിൽ മാധ്യമങ്ങളിൽവന്ന വാർത്തയുടെ നിജസ്ഥിതി വെളിപ്പെടുത്തുമോ;

(ഡി) സി.സി.ടി.വി. ക്യാമറയുടെ കച്ചവടം പുഷ്ടിപ്പെടുത്തുന്നതിന് വിവിധ കേന്ദ്രങ്ങളിൽ നിന്നുള്ള ഗൂഢാലോചനയാണോ ഇതെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒറ്റപ്പെട്ട ചില സംഭവങ്ങളെ മുൻനിർത്തി സാമൂഹ്യ മാധ്യമങ്ങളിലൂടെ വ്യാജ പോസ്റ്റുകൾ പ്രചരിച്ചിട്ടുണ്ട്. ഭിക്ഷാടന മാഫിയ വ്യാപകമാണെന്ന പ്രചരണം അടിസ്ഥാനരഹിതമാണ്. ഇക്കാര്യത്തിൽ പോലീസ് നിതാന്ത ജാഗ്രത പുലർത്തുന്നുണ്ട്.

(സി) വീടുകളുടെ ജനലുകളിൽ സ്റ്റിക്കറുകൾ പതിക്കുന്നുവെന്ന പേരിൽ മാധ്യമങ്ങളിൽവന്ന വാർത്ത കുട്ടികളെ തട്ടിക്കൊണ്ട് പോകുന്നതുമായി ബന്ധപ്പെട്ട താണെന്ന് ഇതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടില്ല.

(ഡി) ഇക്കാര്യങ്ങൾ ഉൾപ്പെടെ അന്വേഷിച്ചുവരുന്നു.

## ജീവിതശൈലീ രോഗങ്ങൾ നിയന്ത്രണവിധേയമാക്കാൻ പദ്ധതി

4(*4) ശ്രീ. എസ്. ശർമ്മ :

ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. സി. കെ. ഹരീന്ദ്രൻ :

പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചവ്യാധിയിതര അസുഖങ്ങൾ വർദ്ധിച്ചുവരുന്നതായും ഇരുപത് ശതമാനത്തോളം ആളുകൾ പ്രമേഹ രോഗബാധിതരാണെന്നുമുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, ഇത്തരം ജീവിതശൈലീ രോഗങ്ങൾ നിയന്ത്രണ വിധേയമാക്കാൻ പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) ജീവിതശൈലീ രോഗബാധിതരെ യഥാസമയം കണ്ടെത്തുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ജീവിതശൈലീ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് ഇത് നിയന്ത്രിക്കാൻ 'അമൃതം ആരോഗ്യം' എന്ന ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്നു. 30 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാവരെയും ജീവിതശൈലീ രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുക, ഭക്ഷണം, വ്യായാമ ശീലങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും ഉപദേശവും നൽകുക, സങ്കീർണ്ണത മുൻകൂട്ടി കണ്ടെത്തി ചികിത്സിക്കുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. സ്കൂൾ കുട്ടികൾക്കായി നടപ്പാക്കിയ ലീപ്പ് (LEAP), പോലീസ് സേനയ്ക്കായി നടപ്പാക്കിയ ഷേപ്പ് (SHAPE) തൊഴിൽ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവർക്കായി വർക്ക് പ്ലേസ് ഇന്റർവെൻഷൻ തുടങ്ങിയ പദ്ധതികൾ ഓരോ മേഖലയിലും പ്രവർത്തിക്കുന്നവർക്കും വേണ്ടിയുള്ളതാണ്. ഒരു കോടി ഇരുപത്തിയൊൻപത് ലക്ഷം പേരെ സ്ക്രീനിംഗ് നടത്തിയതിൽ 6.09 ലക്ഷം പുതിയ പ്രമേഹരോഗികളെയും 7.18 ലക്ഷം പുതിയ രക്താദിസമ്മർദ്ദം ഉള്ളവരെയും കണ്ടെത്താൻ കഴിഞ്ഞു. ജില്ലാ ആശുപത്രികളിൽ എൻ.സി.ഡി. ക്ലിനിക്കുകൾ ആരംഭിക്കുകയും ഇവയിൽ

കേന്ദ്രാവിഷ്കൃത പദ്ധതി മുഖേന ഡോക്ടർമാരെയും മറ്റു ജീവനക്കാരെയും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്. വിദൂര പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനവിഭാഗങ്ങൾക്ക് ജീവിതശൈലീ രോഗനിർണ്ണയവും ചികിത്സയും നൽകുന്നതിനായി സഞ്ചരിക്കുന്ന ജീവിതശൈലീ രോഗ ക്ലിനിക്കുകൾ-care on wheels & care on waves അഞ്ച് ജില്ലകളിൽ നടപ്പിലാക്കിവരുന്നു. സ്ട്രോക്ക് ക്ലിനിക്ക്, കൊറോണറി കെയർ യൂണിറ്റ്, സി.ഒ.പി.ഡി. ക്ലിനിക് (SWAAS) എന്നിവ ഈ പദ്ധതിയുടെ ഭാഗമായി ജില്ലാ ആശുപത്രികളിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ആരോഗ്യ വകുപ്പ് ജീവിതശൈലീ രോഗ നിയന്ത്രണ ക്ലിനിക്കുകൾ എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 5400-ഓളം വരുന്ന കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും സജ്ജീകരിച്ചിട്ടുണ്ട്. ഈ ക്ലിനിക്കുകളിൽ 30 വയസ്സിനുമുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ജീവിതശൈലീ രോഗങ്ങൾക്കായുള്ള സ്ക്രീനിംഗ് നടത്തിവരുന്നു. ഇതിനുപുറമെ ജില്ലാ ഉപജില്ലാ ആശുപത്രികളിൽക്കൂടി ഇതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായുള്ള പരിശീലനം ആരോഗ്യ വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കും നൽകിയിട്ടുള്ളതും പരിശോധനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ എല്ലാ യൂണിറ്റുകൾക്കും വിതരണം ചെയ്തിട്ടുള്ളതുമാണ്. രോഗം കണ്ടെത്തുന്നവർക്ക് വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ തയ്യാറാക്കിയ പ്രോട്ടോകോൾ പ്രകാരമുള്ള മരുന്നുകൾ സൗജന്യമായി ഈ കേന്ദ്രങ്ങളിലൂടെ നൽകിവരുന്നു. ദീർഘനാളായി രോഗമുള്ള ജനങ്ങൾക്ക് complication screening-ഉം ചികിത്സയും ഈ കേന്ദ്രങ്ങളിലൂടെ നൽകിവരുന്നു.

(സി) സംസ്ഥാനം ആരോഗ്യ രംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച ആരോഗ്യ പരിപാടിയായ ആർദ്രം പദ്ധതി മികച്ച രീതിയിൽ പുരോഗമിച്ചുവരികയാണ്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കുന്ന നടപടി പുരോഗമിക്കുകയാണ്. ഇതിൽ 93 എണ്ണം പ്രവർത്തന സജ്ജമായിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, ആരോഗ്യ കേന്ദ്രത്തിലേയ്ക്കാവശ്യമായ സൈനേജുകൾ സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ് സൗകര്യം എന്നിവ ക്രമീകരിക്കുന്നതിന്റെ നടപടികൾ പൂർത്തിയായിവരുന്നു. മൂന്ന് ഡോക്ടർമാരുടെ സേവനം, നഴ്സസ് പ്രീ ചെക്കും കൗൺസിലിങ്ങും, വൈകിട്ട് 6 മണി വരെ ഒ. പി. സേവനങ്ങൾ, ലബോറട്ടറി സൗകര്യം തുടങ്ങിയവ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കിവരുന്നു.

ഈ വർഷം തെരഞ്ഞെടുത്ത മുഴുവൻ കുടുംബാരോഗ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപന മേധാവികൾ, ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ പ്രധാന ജീവനക്കാർ തുടങ്ങിയവർ അടങ്ങുന്ന പത്തുപേർ വീതമുള്ള ഗ്രൂപ്പിന് കിലയിൽവച്ച് പ്രത്യേക പരിശീലന പരിപാടികൾ നടത്തുകയുണ്ടായി. ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവർക്കുള്ള പ്രത്യേക ട്രെയിനിംഗ് പ്രോഗ്രാമുകൾ എസ്.എച്ച്. എസ്.ആർ.സി. വഴി നടത്തിവരുന്നു. ഫീൽഡ് സ്റ്റാഫിനും സൂപ്പർവൈസർമാർക്കുമുള്ള പരിശീലന പരിപാടി തൃശ്ശൂർ കിലയിൽവച്ച് നടത്താൻ ആരംഭിച്ചിട്ടുണ്ട്. രോഗികൾക്ക് ഗുണമേന്മയുള്ള ചികിത്സ ലഭ്യമാക്കുന്നതിനായി പ്രത്യേക ചികിത്സാ മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്.

ഈ സാമ്പത്തിക വർഷം (2017-18) 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റാനായി തെരഞ്ഞെടുത്തു. ഇവിടങ്ങളിൽ നിലവിലുള്ളതിനുപുറമെ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് 150 ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള പൊതുവായ സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

## കോഴിക്കോട് വിമാനത്താവളത്തിൽ ഹജ്ജ് യാത്രയുടെ എംബാർക്കേഷൻ

5(*5) ശ്രീ. പി. ഉബൈദുള്ള :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും വലിയ വിമാനങ്ങൾക്ക് സർവ്വീസ് നടത്താൻ കഴിയുമെന്ന് എയർപോർട്ട് അതോറിറ്റി സിവിൽ ഏവിയേഷൻ മന്ത്രാലയത്തിന് റിപ്പോർട്ട് നൽകിയതിനാൽ ഹജ്ജ് യാത്രയുടെ എംബാർക്കേഷൻ കോഴിക്കോട്ട് നിന്നാക്കാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോ;

(ബി) കേരളത്തിലെ എൺപത് ശതമാനത്തിലേറെ ഹജ്ജ് തീർത്ഥാടകർ വടക്കൻ കേരളത്തിൽ നിന്നാകയാൽ ഇക്കാര്യത്തിൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ & ബി) കേരളത്തിലെ ഹജ്ജ് തീർത്ഥാടകരിൽ 83 ശതമാനവും വടക്കൻ കേരളത്തിൽ നിന്നായതിനാലും കോഴിക്കോട് എയർപോർട്ടിനടുത്ത് ഹജ്ജ് ഹൗസും മറ്റു സൗകര്യങ്ങളും നിലവിലുള്ളതിനാലും എംബാർക്കേഷൻ പോയിന്റ് കോഴിക്കോട്ടേയ്ക്ക് മാറ്റുന്നതിന് നിരന്തരം കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്.

## എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സയും സാമ്പത്തിക സഹായവും

6(*6) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.വൈ.എഫ്.ഐ. സുപ്രീംകോടതിയിൽ നൽകിയ കേസ്സിന്റെ വിധിയിൽ എൻഡോസൾഫാൻ ദുരിതബാധിതരായ മുഴുവൻപേർക്കും 5 ലക്ഷം രൂപയും ആജീവനാന്ത ചികിത്സയും കേന്ദ്ര സർക്കാരും കീടനാശിനി കമ്പനിയും ചേർന്ന് നൽകണമെന്ന ഉത്തരവ് കേന്ദ്ര സർക്കാർ പാലിച്ചിട്ടുണ്ടോ;

(ബി) അർഹരായ ദുരിതബാധിതരെ കണ്ടെത്താനും അവർക്ക് ആശ്വാസം ലഭ്യമാക്കാനുമായി സംസ്ഥാന സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) ദുരിതബാധിതർക്ക് സൗജന്യ റേഷൻ നൽകുന്നതിനും ചികിത്സ നൽകുന്നതിനും ചെയ്തിട്ടുള്ള കാര്യങ്ങൾ വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഡി.വൈ.എഫ്.ഐ. ഫയൽ ചെയ്ത WP(C) 213/2011 നമ്പർ കേസിലെ 10-1-2017-ലെ ഉത്തരവിൽ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഓരോരുത്തർക്കും നഷ്ടപരിഹാരത്തുകയായി നിർണ്ണയിച്ചിരുന്ന 5 ലക്ഷം രൂപയിൽ വിതരണം ചെയ്യാൻ അവശേഷിക്കുന്ന തുക പൂർണ്ണമായും 10-1-2017 മുതൽ 3 മാസത്തിനകം വിതരണം ചെയ്യണമെന്ന് ഉത്തരവായിരുന്നു. മേല്പറഞ്ഞ നഷ്ടപരിഹാരത്തുക കേന്ദ്ര സർക്കാരിൽ നിന്നോ ബന്ധപ്പെട്ട വ്യവസായ സ്ഥാപനത്തിൽ നിന്നോ ഈടാക്കുന്ന കാര്യം സംസ്ഥാന സർക്കാരിന് നിയമാനുസൃതമായി പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി വ്യക്തമാക്കിയിരുന്നു. കൂടാതെ എൻഡോസൾഫാൻ ദുരിത

ബാധിതർ ധാരാളമുണ്ടെന്ന വസ്തുത കണക്കിലെടുത്ത് ദുരിതബാധിതർക്ക് ആജീവനാന്ത ചികിത്സാ സൗകര്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കണമെന്നും ഉത്തരവായിരുന്നു. ഇതുമായി ബന്ധപ്പെട്ട് ടി സംഘടന ഫയൽചെയ്ത Contempt of Court Case 1920/2017-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ സംസ്ഥാന സർക്കാർ എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിലെ അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ല. ദുരിതബാധിതർക്കായി കാസർകോഡ് ജില്ലയിൽ നടപ്പാക്കിവരുന്ന പദ്ധതികൾക്കായി 483 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് കേന്ദ്ര ധനസഹായത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും പ്രത്യേകമായി ആനുകൂല്യം നൽകുന്ന കാര്യത്തിൽ യാതൊരു നടപടിയും കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. എന്നാൽ 2012 മുതൽ NHM-ന്റെ കീഴിൽ എൻഡോസൾഫാന്റെ കീഴിൽ എൻഡോസൾഫാൻ പുനരധിവാസം, അമ്മമാർക്കുള്ള കൗൺസിലിംഗ് എന്നിവയുൾപ്പെടെയുള്ള കാര്യങ്ങൾക്കായി 22.19 കോടി രൂപ അനുവദിച്ചു നൽകിയിട്ടുള്ളതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(ബി & സി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു. *

**വിഭാഗീയ ശക്തികൾക്കെതിരായ നടപടികൾ**

7(*7) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. ടി . എ. റഹീം :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരാധനാലയങ്ങളുടെ പേരിൽ തർക്കം ഉന്നയിച്ചുകൊണ്ടും ജിഹാദി ഭീകരതയെന്ന് മുദ്രകുത്തിയും സാമുദായിക ധ്രുവീകരണം നടത്തുവാൻ സംസ്ഥാനത്തിന് വെളിയിൽ നിന്നുള്ളവരുടെകൂടി പിന്തുണയോടെ സംഘപരിവാർ സംഘടനകൾ നടത്തുന്ന ശ്രമങ്ങൾ വിഫലമാക്കാൻ പോലീസ് സേനയ്ക്ക് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ന്യൂനപക്ഷങ്ങൾക്ക് കേന്ദ്ര സർക്കാരിൽ വിശ്വാസം നഷ്ടപ്പെട്ടെന്ന് മതമേലദ്ധ്യക്ഷൻമാർ പ്രതികരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇഷ്ടമുള്ള ഭക്ഷണം കഴിക്കാനും ഇഷ്ടമുള്ള മതവിശ്വാസം സ്വീകരിക്കാനും പൂർണ്ണ സ്വാതന്ത്ര്യം ഉറപ്പാക്കാൻ സാധിച്ചിട്ടുള്ള സംസ്ഥാനത്ത് ഘർവാപസിയുടെ പേരിലും ലൗജിഹാദിന്റെ പേരിലും വിഭാഗീയത സൃഷ്ടിക്കാൻ ശ്രമിക്കുന്നവരെ അമർച്ച ചെയ്യാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഏതെങ്കിലും വ്യക്തികളിൽനിന്നോ സംഘടനയിൽനിന്നോ ഇത്തരം ശ്രമങ്ങൾ ഉണ്ടാകുന്നപക്ഷം ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സാമുദായിക സൗഹാർദ്ദ അന്തരീക്ഷം നിലനിർത്തുന്ന തിനുവേണ്ട കർശനമായ നിയമനടപടികൾ നിലവിലുള്ള നിയമപ്രകാരം സ്വീകരിച്ചു വരുന്നു.

(ബി) രാജ്യത്ത് ന്യൂനപക്ഷങ്ങൾക്കെതിരായി അക്രമങ്ങളുണ്ടായ സാഹചര്യത്തിൽ ഇപ്രകാരം പ്രതികരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് എല്ലാ വിഭാഗം ആളുകൾക്കും പൂർണ്ണസ്വാതന്ത്ര്യം ഉറപ്പാക്കി ഇഷ്ടമുള്ള മതവിശ്വാസം സ്വീകരിച്ച് ഇഷ്ടഭക്ഷണം കഴിച്ച് ജീവിക്കാനുള്ള സാഹചര്യം നിലവിലുണ്ട്. വിഭാഗീയത സൃഷ്ടിച്ച് മതസ്പർദ്ദ വളർത്താനുള്ള ശ്രമങ്ങളെ അമർച്ച ചെയ്യുന്നതിന് നിലവിലുള്ള നിയമ വ്യവസ്ഥകളനുസരിച്ച് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മതങ്ങളുടെയും ജാതികളുടെയും പേരിൽ ഉണ്ടാകുന്ന ക്രിമിനൽവത്കരണത്തിനെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്ത് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഇതരസംസ്ഥാന തൊഴിലാളികളെ നിരീക്ഷിക്കാൻ പോലീസ് സംവിധാനം

8(*8) ശ്രീ. കെ. ജെ. മാക്സി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ആൻസലൻ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ അനിവാര്യ ഭാഗമായിത്തീർന്ന ഇതര സംസ്ഥാന തൊഴിലാളികൾ വർദ്ധിച്ചതോതിൽ ക്രിമിനൽ കേസുകളിൽ ഉൾപ്പെടുന്നത് ആശങ്കയുയർത്തുന്നതിനാൽ ഇവരെ കൂടുതൽ അടുത്ത് നിരീക്ഷിക്കാൻ പൊലീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) തിരിച്ചറിയൽ രേഖകളോ കൃത്യമായ മേൽവിലാസമോ ഒന്നും പരിശോധിക്കാതെ ഏജന്റുമാർവഴി സംസ്ഥാനത്തേക്ക് വരുന്ന ഇവരുടെ രജിസ്ട്രേഷന് സർക്കാർ ഏർപ്പെടുത്തിയ സംവിധാനം ഫലപ്രദമായിട്ടുണ്ടോ;

(സി) ലഹരി പദാർത്ഥങ്ങൾ കടത്തുന്നതിനായും തീവ്രവാദ സംഘടനകളുടെ ഒളിത്താവളമായും സംസ്ഥാനത്തെ തൊഴിലിടങ്ങളെ ഉപയോഗപ്പെടുത്തുന്നവരെ കണ്ടെത്താൻ ശക്തമായ നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും അതിഥി തൊഴിലാളികളായി എത്തുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനായി ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കാൻ എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് പേര്, വിലാസം, ഫോട്ടോ, തിരിച്ചറിയൽ കാർഡിന്റെ കോപ്പി എന്നിവ ഉൾപ്പെടെ ബയോഡാറ്റയും വിരലടയാളവും ശേഖരിച്ച് അതത് സ്റ്റേഷനിലെ 'മൈഗ്രന്റ് ലേബർ രജിസ്റ്ററിൽ' സൂക്ഷിച്ചുവരുന്നു.

ഇവർ സംസ്ഥാനത്തെ പോലീസ് സ്റ്റേഷൻ അതിർത്തികളിൽ ജോലിക്കായി എത്തുമ്പോഴും തിരികെ പോകുമ്പോഴും ആ വിവരം അതത് പോലീസ് സ്റ്റേഷനുകളിൽ അറിയിക്കുന്നതിലേയ്ക്കായി അവർ ജോലി ചെയ്തുവരുന്ന സ്ഥാപനത്തിന്റെ ഉടമകൾക്കും മറ്റ് തൊഴിൽദാതാക്കൾക്കും ആവശ്യമായ നിർദ്ദേശം നൽകിവരുന്നു.

അതിഥി തൊഴിലാളികളുടെ വിവരശേഖരണത്തിനായി 'ഇ-രേഖ' എന്ന പേരിൽ കമ്പ്യൂട്ടർഅധിഷ്ഠിത മൊബൈൽ ആപ്ലിക്കേഷൻ നിലവിലുണ്ട്. അതിഥി തൊഴിലാളികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർക്കും ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽനിന്നും ബീറ്റ് ഡ്യൂട്ടിക്കായി നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്കും പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മൈഗ്രന്റ് ലേബർ രജിസ്റ്റർ മുഖേനയും 'ഇ-രേഖ' പോലുള്ള കമ്പ്യൂട്ടർ മൊബൈൽ ആപ്ലിക്കേഷൻ വഴിയും ഇതരസംസ്ഥാന തൊഴിലാളികളുടെ തിരിച്ചറിയൽ രേഖകൾ, ബയോഡാറ്റ എന്നിവ ശേഖരിച്ച് രേഖപ്പെടുത്തിവരുന്നു. എന്നാൽ ഇവർ ഒരു സ്ഥലത്തുതന്നെ തുടരാത്തതും ഒന്നിലധികം തൊഴിൽ ദാതാക്കളുടെകീഴിൽ ജോലിയെടുക്കുന്നതും ആവശ്യമായ രേഖകളില്ലാത്തതും ഇവരുടെ കൃത്യമായ വിവര ശേഖരണത്തിന് തടസ്സമാകുന്നു. എന്നാൽ തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന 'ആവാസ്' പദ്ധതിയുടെ ഭാഗമായി ഇത്തരം തൊഴിലാളികൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നതിന് തിരിച്ചറിയൽ രേഖകൾ നിർബന്ധമായതിനാൽ ഈ സംവിധാനം ഫലപ്രദമായി നടപ്പിലാക്കിവരുന്നു.

(സി) സംസ്ഥാനത്ത് അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലും തൊഴിൽ മേഖലകളിലും പോലീസിന്റെ സാന്നിധ്യം നിരന്തരം ഉണ്ടാകുന്നതിനാൽ ലഹരി പദാർത്ഥങ്ങൾ കടത്തുന്നത് തടയുന്നതിനും തീവ്രവാദികൾ തൊഴിലാളികൾ ക്കിടയിൽ കടന്നുകൂടുന്നത് ഒഴിവാക്കുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ ലഹരി പദാർത്ഥങ്ങളുടെ കടത്തും വിപണനവും തടയുന്നതിനായി ആവശ്യമുള്ള ഘട്ടത്തിൽ എക്സൈസ് വിഭാഗവുമായി സഹകരിച്ച് സംയുക്തമായി പരിശോധന നടത്തി

വരുന്നു. കൂടാതെ റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, ബീച്ചുകൾ എന്നിവിടങ്ങളിലും ഇവർ താമസിക്കുന്ന സ്ഥലങ്ങളിലും പോലീസും രഹസ്യാന്വേഷണ വിഭാഗവും ഷാഡോ പോലീസും അത്തരക്കാരുടെ പ്രവർത്തനം നിരന്തരം നിരീക്ഷിച്ചുവരുന്നു.

## അന്നപൂർണ്ണ പദ്ധതി

9(*9) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്നപൂർണ്ണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ആർക്കൊക്കെയാണ് പദ്ധതിയുടെ ഗുണഫലം ലഭ്യമാകുന്നതെന്നും വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ വർദ്ധിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി എത്ര തുക ലഭിച്ചെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഉണ്ട്.

(ബി) നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീമിൽ ഉൾപ്പെടാൻ അർഹതയുള്ളതും എന്നാൽ ചില കാരണങ്ങളാൽ അതിന്റെ പരിധിയിൽപ്പെടാത്ത 65 വയസ്സിനു മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് അന്നപൂർണ്ണ പദ്ധതി. താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്കനുസൃതമായാണ് അന്നപൂർണ്ണ പദ്ധതി ഗുണഭോക്താക്കളെ കണ്ടെത്തുന്നത് :

1. അപേക്ഷകന്റെ പ്രായം അറുപത്തിയഞ്ചോ (65) അതിനു മുകളിലോ ആയിരിക്കണം.
2. സ്വന്തമായോ കുടുംബാംഗങ്ങളുടെയോ ഇതര സ്രോതസ്സുകളിലൂടെയോ ഉള്ള വരുമാനംകൊണ്ട് ഉപജീവനത്തിന് മാർഗ്ഗമില്ലാത്ത അഗതികളായിരിക്കണം.

3. നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീമിലെയോ (NOAPS) മറ്റ് സംസ്ഥാന പെൻഷൻ പദ്ധതി പ്രകാരമോ ഉള്ള പെൻഷൻ ലഭിക്കാത്ത ആളായിരിക്കണം.

4. ടി പദ്ധതി പ്രകാരം ഗുണഭോക്താവിന് ഒരു മാസം 10 കിലോഗ്രാം അരി സൗജന്യമായി ലഭിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) 2017-18 സാമ്പത്തിക വർഷം കേന്ദ്രവിഹിതമായി തുകയൊന്നും ലഭ്യമായിട്ടില്ല.

## വിലക്കയറ്റം തടയാൻ നടപടി

10(*10) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം തടയാൻ സർക്കാർ ഇടപെടുന്നില്ലെന്നും സപ്ലൈകോയിൽ സബ്സിഡി ഉത്പന്നങ്ങൾക്ക് ക്ഷാമം നേരിടുന്നുവെന്നതുമായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സബ്സിഡി ഉത്പന്നങ്ങൾ സപ്ലൈകോ സ്വകാര്യ കച്ചവടക്കാർക്ക് മറിച്ചു വിൽക്കുന്നതായ പരാതി പരിശോധിക്കുകയുണ്ടായോ;

(സി) എങ്കിൽ വിലക്കയറ്റം തടയുന്നതിനും സബ്സിഡി ഉത്പന്നങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും സബ്സിഡി ഇതര ഉത്പന്നങ്ങളുടെ വില പൊതു വിപണിയിലേതിന് ആനുപാതികമായി ഉയർത്താതിരിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഉണ്ട്.

(ബി) ലഭിച്ച പരാതി പരിശോധിച്ചിട്ടുണ്ട്.

(സി) വിലക്കയറ്റം തടയുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയമെന്ന നിലയിൽ പൊതുവിപണിയിൽ 14 ഇനം അവശ്യ സാധനങ്ങൾ ശരാശരി 20 മുതൽ 50% വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യവസ്തുക്കൾ പൊതുവിപണിയേക്കാൾ

10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഉത്സവ സീസണുകളിൽ വിപണി ഇടപെടൽ നടത്തി വിലക്കയറ്റം പിടിച്ചുനിർത്താൻ കൂടുതൽ വിൽപ്പനശാലകൾ ആരംഭിച്ചും നിലവിലുള്ള വിൽപ്പനശാലകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും സപ്ലൈകോയുടെ സേവനം കൂടുതൽ ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

## പ്രവാസികളുടെ പുനരധിവാസം

11(*11) ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി ഗൾഫ് രാജ്യങ്ങളിൽ, വിശേഷിച്ച് സൗദി അറേബ്യയിൽ, സ്വദേശിവൽക്കരണം കൂടുതൽ മേഖലകളിലേക്ക് വ്യാപകമാക്കുന്നത് കാരണം പ്രവാസികൾ അധികമായി തിരിച്ചുവരാനിടയാകുന്നത് സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടാക്കാനിടയുള്ള ആഘാതം വിലയിരുത്തിയിട്ടുണ്ടോ; ഇത് ലഘൂകരിക്കാനായി എന്തൊക്കെ പദ്ധതികൾ ആവിഷ്കരിക്കാനാണുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രവാസികളുടെ പുനരധിവാസത്തിനായി പ്രവാസി മലയാളി നിക്ഷേപ സഹായ സെൽ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യങ്ങൾ വിശദമാക്കുമോ;

(സി) പുനരുല്പാദനത്തിന് ഉപകരിക്കാത്തവിധം നിശ്ചല നിക്ഷേപമായി മാറുന്ന പ്രവാസി സമ്പത്ത് ഉല്പാദന മേഖലയിലേക്ക് തിരിച്ചുവിട്ട് പ്രവാസികൾക്കും സംസ്ഥാന സമ്പദ്‌വ്യവസ്ഥയ്ക്കും നേട്ടമുണ്ടാക്കുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി ഗൾഫ് രാജ്യങ്ങളിൽ പ്രത്യേകിച്ച് സൗദി അറേബ്യയിൽ സ്വദേശിവൽക്കരണം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഫലമായി പ്രവാസി മലയാളികൾ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരാനുള്ള സാധ്യത വളരെ കൂടുതലാണ്. ഇത് കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ഗണ്യമായ ആഘാതമുണ്ടാക്കുമെന്ന് കരുതുന്നു. പ്രസ്തുത ആഘാതം ലഘൂകരിക്കാനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള പ്രവാസി പുനരധിവാസ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുക.
2. വിദേശരാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ഉൾപ്പെടെ പുതിയ തൊഴിൽ അവസരങ്ങൾ കണ്ടെത്തുക.
3. വിദേശത്ത് തൊഴിൽ വൈദഗ്ധ്യം ഏറ്റവും ആവശ്യമായ മേഖലകളിലെ തൊഴിൽ അവസരങ്ങൾ കണ്ടെത്തി കേരളത്തിൽ നിന്ന് റിക്രൂട്ട്മെന്റ് പ്രോത്സാഹിപ്പിക്കുക.
4. കൂടുതൽ വ്യവസായ സംരംഭങ്ങൾ കേരളത്തിൽ തുടങ്ങാൻ സഹായിക്കുന്ന ഒരു ഇക്കോ സിസ്റ്റം സാധ്യമാക്കുക.

(ബി) നിക്ഷേപ സഹായ സെൽ രൂപീകരിക്കുന്നത് സംബന്ധിച്ച് പരിശോധിച്ചു വരുന്നു. എന്നാൽ, മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിനാവശ്യമായ കൈത്താങ്ങൽ നൽകുന്ന പദ്ധതിയാണിത്.

(സി) പ്രവാസികളുടെ സമ്പാദ്യം കേരളത്തിലെ വിവിധ സംരംഭകത്വ/ വാണിജ്യ മേഖലകളിൽ നിക്ഷേപം നടത്തി പ്രസ്തുത നിക്ഷേപം കാര്യക്ഷമമായി വിനിയോഗിക്കാനുള്ള സഹായങ്ങൾ നൽകുന്നതിന് നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രവാസികളിൽ നിന്നും വൻകിട നിക്ഷേപങ്ങൾ സുരക്ഷിതമായ മേഖലകളിലേയ്ക്ക് എത്തിക്കാനുള്ള സഹായമാണ് സെന്റർ ചെയ്യുന്നത്. നിക്ഷേപകർക്ക് ലഭിക്കേണ്ട സർക്കാർ ക്ലിയറൻസുകൾ വേഗത്തിലാക്കാനും ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു.

## കെ.എസ്.ഡി.പി. ഔഷധങ്ങൾക്ക് ലോകാരോഗ്യ സംഘടനയുടെ അംഗീകാരം

12(*12) ശ്രീ. എ. എം. ആരിഫ് :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് (കെ.എസ്.ഡി.പി.) ഉത്പാദിപ്പിക്കുന്ന ഔഷധങ്ങൾക്ക് വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ (WHO) അംഗീകാരം ലഭിക്കുന്നതിനായി ആരോഗ്യവകുപ്പ് നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഔഷധങ്ങൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ലോക ഔഷധ വിപണിയിലേയ്ക്ക് കെ.എസ്.ഡി.പി. ഉത്പന്നങ്ങൾ വിതരണം നടത്തുന്നതിനായി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സംസ്ഥാന സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് (കെ.എസ്.ഡി.പി.) ഉത്പാദിപ്പിക്കുന്ന ഔഷധങ്ങൾക്ക് വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ (WHO) അംഗീകാരം ലഭിക്കുന്നതിനാവശ്യമായ മെഷിനറികളും സാഹചര്യങ്ങളും കെ.എസ്.ഡി.പി. ഒരുക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. കൂടാതെ അവിടെ ജോലി ചെയ്യുന്ന തൊഴിലാളികൾ ഉൾപ്പെടെയുള്ള ആളുകളെ, ഉല്പാദനക്ഷമത കൈവരിക്കുന്നതിനായി ജി.എം.പി. നിലവാരത്തിൽ പരിശീലിപ്പിക്കുകയും അതനുവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുകയുണ്ടായി. തുടർന്ന് സംസ്ഥാന ഡ്രഗ്സ് കൺട്രോളർക്ക് അപേക്ഷ സമർപ്പിക്കുകയും അപേക്ഷയുടെ പകർപ്പ് സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷൻ (CDSCO) സൗത്ത് സോണിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. കെ.എസ്.ഡി.പി.-യുടെ അപേക്ഷ പ്രകാരം സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിലെയും സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷനിലെയും ഉദ്യോഗസ്ഥർ, WHO GMP പ്രകാരമുള്ള എല്ലാ മാനദണ്ഡങ്ങളും (കെട്ടിടം, ഉദ്യോഗസ്ഥർ, ഉല്പാദനം, പരിശോധന, മറ്റ് ക്രമീകരണങ്ങൾ) പാലിച്ചിട്ടുണ്ടോ എന്ന് വിശദമായി പരിശോധിച്ചശേഷം കെ.എസ്.ഡി.പി.-യിലെ ബീറ്റാലാക്ടം പ്ലാന്റിന് WHO GMP സർട്ടിഫിക്കറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) WHO GMP അനുവദിച്ചശേഷം മരുന്നുകൾ കയറ്റുമതി ചെയ്യുന്നതിന് ഓരോ ഔഷധത്തിനും COPP (Certificate of Pharmaceutical Product) അംഗീകാരം ആവശ്യമാണ്. ഇപ്രകാരം സംയുക്ത പരിശോധനയിൽ COPP അനുവദിച്ചിട്ടുണ്ട്. വിവിധ രാജ്യങ്ങളിലേയ്ക്ക് മരുന്നുകൾ കയറ്റുമതി ചെയ്യുന്നതിന് COPP ആവശ്യമാണ്.

(സി) സംസ്ഥാന ആരോഗ്യവകുപ്പിനും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ ജനറിക് മരുന്നുകളും അനുബന്ധ ഉപകരണങ്ങളും ബന്ധപ്പെട്ട വകുപ്പ് മേലധികാരികൾ മുൻകൂട്ടി ലഭ്യമാക്കുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ ദേശീയതലത്തിൽ ക്ഷണിക്കുന്ന

സുതാര്യ മത്സര ദർഘാസുകളിലൂടെ സംഭരിച്ച് അതത് സർക്കാർ ആശുപത്രികൾക്ക് വിതരണം നടത്തുക എന്നതാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രധാന ദൗത്യം.

സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി.-യിൽ നിന്നും ദർഘാസ് നടപടികൾ കൂടാതെ മരുന്നുകൾ സംഭരിച്ച് സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് വിതരണം ചെയ്യുന്നുണ്ട്.

നിലവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സംസ്ഥാനത്തിനകത്തുള്ള സർക്കാർ ആശുപത്രികൾക്ക് മാത്രമാണ് മരുന്ന് വിതരണം നടത്തിവരുന്നത്.

## ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ

13(*13) ഡോ. എൻ. ജയരാജ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ല, താലൂക്ക് ആശുപത്രികളിലും പ്രൈമറി, ഫാമിലി ഹെൽത്ത് സെന്ററുകളിലും നിലവിലുള്ള സ്റ്റാഫ് പാറ്റേൺ എന്ന് നിലവിൽ വന്നതാണെന്ന് വ്യക്തമാക്കുമോ;

(ബി) ജനസംഖ്യാ വർദ്ധനവിന് ആനുപാതികമായി ഒ.പി.-യിലും ഐ.പി.- യിലും എണ്ണത്തിൽ ഉണ്ടായ മാറ്റത്തിന് അനുസൃതമായി പ്രസ്തുത സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് സമഗ്ര പാക്കേജ് നടപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) കാത്ത് ലാബ്, ഇ.സി.ജി, എക്സ് റേ, ആധുനിക ലാബ്, ആംബുലൻസ് എന്നീ സൗകര്യങ്ങൾ അനുവദിച്ചിട്ടുള്ള ആശുപത്രികളിൽ ഇതിനാവശ്യമായ സ്ഥിരം സ്റ്റാഫിന്റെ ലഭ്യത ഉറപ്പുവരുത്തുവാൻ ഈ പാക്കേജിൽ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) 2-8-1961-ലെ ജി.ഒ.(ആർ.ടി.) നമ്പർ 3150/61/ആ.കു.വ. പ്രകാരമാണ് സ്റ്റാഫ് പാറ്റേൺ ആരോഗ്യ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ നിലവിൽ വന്നത്. ഈ സ്റ്റാഫ് പാറ്റേൺ ഐ.പി. വിഭാഗം കിടക്കകളുടെ എണ്ണം മാത്രം ആസ്പദമാക്കി

യുള്ളതാണ്. 1961-ൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതിനുശേഷം ആരോഗ്യ രംഗത്ത് ആധുനികവും നൂതനവുമായ ധാരാളം ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കു കയുണ്ടായി. അതിനുശേഷം 2008-ൽ സ്റ്റാന്റേർഡൈസേഷന്റെ ഭാഗമായി 6-11-2008-ലെ ജി.ഒ.(എംഎസ്.)നമ്പർ 568/08/ആ.കു.വ. എന്ന ഉത്തരവ് പ്രകാരം സ്റ്റാഫ് പാറ്റേൺ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് അധിക തസ്തികകൾ സൃഷ്ടിച്ചിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി ആർദ്രം പദ്ധതിയിലൂടെ ഇതിനോടകം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ 2421 തസ്തികകളും മെഡിക്കൽ വിദ്യാഭ്യാസ വിഭാഗത്തിൽ 1739 തസ്തികകളുമടക്കം ആകെ 4160 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ മാറിയ രോഗാതുരത കണക്കിലെടുത്തുകൊണ്ടുള്ള സ്റ്റാഫ് പാറ്റേൺ മാറ്റങ്ങളാണ് ആർദ്രം മിഷന്റെ ഭാഗമായി നടപ്പിലാക്കിവരുന്നത്. ഇതിന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 3 ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. ആയതിന്റെ ആദ്യ ഘട്ടത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റി. അവിടെ ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നീ വിഭാഗങ്ങളിലായി 830 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം മിഷനിൽ ഉൾപ്പെടുത്തിയ ജില്ലാ താലൂക്കാശുപത്രികളിലും കൂടുതലായി തസ്തികകൾ സൃഷ്ടിച്ച് ഈ തസ്തികകളിലേയ്ക്ക് നിയമനം നടത്തിവരികയാണ്. ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെടേണ്ട 500 സ്ഥാപനങ്ങളുടെ കരട് ലിസ്റ്റ് സർക്കാർ പരിശോധിച്ചുവരുന്നു. ജില്ലാ താലൂക്കുതല ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ അധിക സൗകര്യങ്ങൾ ക്രമീകരിക്കാനും ആർദ്രം മിഷൻ ലക്ഷ്യമിടുന്നു. ജില്ല-ജനറൽ-താലൂക്ക് ആശുപത്രികളിലേയ്ക്കായി 266 ഡോക്ടർമാരുടെയും 625 മറ്റ് അനുബന്ധ സ്റ്റാഫുകളുടെയും തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ഒ.പി. കൂടുതലുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്കായി 150 ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികകളും സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.

(സി) ഈ പദ്ധതിയുടെ ഭാഗമായി ജില്ലാ/ജനറൽ/താലൂക്കുതല ആശുപത്രി കളിലേയ്ക്കായി മൊത്തം 891 തസ്തികകൾ ഇതിനകം സൃഷ്ടിച്ചിട്ടുണ്ട്. ജനറൽ ആശുപത്രി തിരുവനന്തപുരം, എറണാകുളം, പാലക്കാട് എന്നീ സ്ഥാപനങ്ങളിലേയ്ക്കായി യഥാക്രമം 2 കാത്ത് ലാബ് ടെക്നീഷ്യൻ തസ്തികയും 36 സ്ഥാപനങ്ങളിലേയ്ക്കായി 36 ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ്-II തസ്തികയും 16 സ്ഥാപനങ്ങളിലേയ്ക്കായി 16 എക്സ്റേ അറ്റൻഡർ തസ്തികയും 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്കായി 170 ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II തസ്തികയും സൃഷ്ടിച്ചു നൽകിയിട്ടുണ്ട്.

## ഭക്ഷ്യഭദ്രതാ നിയമം

14(*14) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമം പൂർണ്ണരൂപത്തിൽ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് നടപ്പാക്കാനാകുമെന്നറിയിക്കുമോ;

(ബി) സ്ഥിരം ലൈസൻസുള്ള റേഷൻകട ഉടമകൾക്ക് പുതുക്കിയ വേതന പാക്കേജ് നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗത്തിലെ ഉപഭോക്താക്കളെ കണ്ടെത്തുന്നതിന് പ്രീ-പോപ്പുലേറ്റഡ് ഫോറത്തിൽ കാർഡുടമകൾ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ കരട് മുൻഗണനാ പട്ടിക തയ്യാറാക്കുകയും 1-11-2016 മുതൽ പ്രസ്തുത പട്ടിക പ്രകാരം റേഷൻ വിതരണം ആരംഭിക്കുകയും ചെയ്തു. മാർച്ച്, 2017-ൽ പൈലറ്റായി കൊല്ലം ജില്ലയിലും തുടർന്ന് ജൂൺ, 2017-ഓടുകൂടി സംസ്ഥാനത്ത് പൂർണ്ണമായും വാതിൽപ്പടി വിതരണം ആരംഭിക്കുകയുണ്ടായി. പൊതുവിതരണ ശൃംഖല പൂർണ്ണമായും ഓട്ടോമാറ്റ് ചെയ്യുന്നതിന്റെ ഭാഗമായി സപ്ലൈ ചെയിൻ മാനേജ്മെന്റ് എന്ന പ്രോഗ്രാം ഷെഡ്യൂൾ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മുഴുവൻ റേഷൻ കടകളിലും ബയോമെടിക് സൗകര്യമുള്ള ഇ-പോസ് മെഷീൻ ഘടിപ്പിക്കുന്ന പ്രക്രിയ അന്തിമ ഘട്ടത്തിലാണ്. ഗ്രീവൻസ് റിഡ്രസ്സൽ പോർട്ടലിന്റെ മോഡ്യൂൾ എൻ.ഐ.സി. തയ്യാറാക്കിയത് ഓഡിറ്റിംഗിനായി നൽകിയിട്ടുണ്ട്. വകുപ്പിന് പ്രത്യേകമായി കോൾ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പൊതുവിതരണം പൂർണ്ണമായും സോഷ്യൽ ഓഡിറ്റിനു വിധേയമാക്കുന്നതിനായി KILA, TISS ഇവയെ ഉൾപ്പെടുത്തി സോഷ്യൽ ഓഡിറ്റിംഗ് അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(ബി&സി) 10-11-2017-ലെ സ.ഉ(കൈ)നമ്പർ 29/17/ഭ.പൊ.വി.വ. പ്രകാരം റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ പാക്കേജ് നിശ്ചയിച്ചിട്ടുണ്ട്. വിശദാംശങ്ങൾക്കായി പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* 2018 മാർച്ചോടുകൂടി സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത കമ്മീഷൻ പാക്കേജ് നിലവിൽ വരുന്നതാണ്.

## അലോപ്പതി മരുന്നുകളുടെ ഗുണനിലവാര പരിശോധന

15(*15) ശ്രീ. വി. ജോയി :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ വിറ്റഴിക്കപ്പെടുന്ന ആന്റിബയോട്ടിക്കുകളുടെ അറുപത്തിനാല് ശതമാനവും അംഗീകാരമില്ലാത്തവയാണെന്ന അന്താരാഷ്ട്ര ഗവേഷകരുടെ കണ്ടെത്തലിന്റെ പശ്ചാത്തലത്തിൽ കെ.എം.എസ്.സി.എൽ. വഴി നടത്തുന്ന മരുന്നു വാങ്ങലുകളിൽ ലോകാരോഗ്യ സംഘടനയുടെ അംഗീകാരം ലഭിച്ച കെ.എസ്.ഡി.പി.-ക്ക് മുൻഗണന നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) മരുന്നു കമ്പനികളുടെ ഏജന്റുമാരുടെ പ്രലോഭനത്തിൽ ഗണ്യമായ ഒരു വിഭാഗം ഡോക്ടർമാർ മരുന്നുകളുടെ ജനറിക് നാമം കുറിക്കാൻ വൈമുഖ്യം കാണിക്കുന്നത് അവസാനിപ്പിക്കാൻ ഇടപെടൽ നടത്തുമോ;

(സി) 6000 കോടി രൂപയിലധികം വിറ്റുവരവുള്ള സംസ്ഥാനത്തിലെ അലോപ്പതി മരുന്നു വിപണിയിൽ റാൻഡം സാമ്പിളിംഗിന്റെ അടിസ്ഥാനത്തിൽ ഗുണനിലവാര പരിശോധനയ്ക്ക് എടുക്കുന്ന മരുന്നുകൾ വിലകൊടുത്തു വാങ്ങേണ്ടവ യായതിനാൽ അതിനായി നീക്കിവയ്ക്കുന്ന തുകവർദ്ധിപ്പിച്ച് കൂടുതൽ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധന ശക്തിപ്പെടുത്താൻ നടപടിയെടുക്കുമോയെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ചതു മുതൽ കോർപ്പറേഷൻ മുഖേന നടത്തുന്ന മരുന്ന് വാങ്ങലുകളിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി.എൽ.-ന് മുൻഗണന

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നൽകിവരുന്നുണ്ട്. ഓരോ വർഷവും സർക്കാർ ആശുപത്രികൾക്ക് സൗജന്യമായി നൽകിവരുന്ന ജനറിക് മരുന്നുകളുടെ പട്ടിക മുൻകൂട്ടി കെ.എസ്.ഡി.പി.എൽ.-ന് നൽകുകയും അതിന്മേൽ കെ.എസ്.ഡി.പി.എൽ.-ന് നിർമ്മിച്ചു നൽകാൻ സാധിക്കുന്ന മരുന്നുകളുടെ പട്ടിക ലഭ്യമാക്കുന്നതനുസരിച്ച് ആയതിനുള്ള വിതരണ ഉത്തരവുകൾ ദർഘാസ് എൽ-1 നിരക്കിനേക്കാൾ 25% അധികം നൽകി ദർഘാസ് നടപടികൾ കൂടാതെ നേരിട്ട് സംഭരിച്ചു വരുന്നുണ്ട്. ഇവയിൽ ആന്റിബയോട്ടിക്കുകളും ഉൾപ്പെടുന്നുണ്ട്. കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ ആരോഗ്യ വകുപ്പിലെ വിരനിർമ്മാർജ്ജന പദ്ധതിക്കാവശ്യമായ ആൽബൻഡസോൾ ഗുളികകൾ ദർഘാസ് നടപടികൾ കൂടാതെ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖാന്തിരം നേരിട്ട് കെ.എസ്.ഡി.പി.-യിൽ നിന്നും സംഭരിച്ചിട്ടുണ്ട്.

(ബി) മരുന്നുകളുടെ ജനറിക് നാമം വ്യക്തമായി കുറിക്കുന്നതിന് ആരോഗ്യ വകുപ്പിലെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെയും ഡോക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ഇക്കാര്യം കർശനമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുന്നതിനായി ബന്ധപ്പെട്ട സൂപ്രണ്ടിന്റെ കീഴിൽ ഒരു സെൽ രൂപീകരിക്കുന്നതിനും ആരോഗ്യ വകുപ്പ് ഡയറക്ടർക്കും ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ചില ഡോക്ടർമാർ ബ്രാൻഡഡ് മരുന്നുകൾ കുറിക്കുന്ന രീതി തുടരുന്നുവെന്ന് പൊതുജനങ്ങളിൽ നിന്ന് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 21-11-2017-ൽ ജില്ലാതല Prescription Audit Committee രൂപീകരിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഡോക്ടർമാർ ജനറിക് നാമത്തിൽ തന്നെയാണോ കുറിപ്പടി നൽകുന്നതെന്ന് പരിശോധിക്കുന്നുണ്ട്.

(സി) വിപണിയിൽ ലഭ്യമാകുന്ന മരുന്നുകളുടെ ബാഹുല്യത്തിനനുസരിച്ച് റാൻഡം സാമ്പിളിംഗ് വഴി മരുന്നു സാമ്പിളുകൾ ശേഖരിക്കുന്നതിനാവശ്യമായ തുക വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലാണ്.

**പറമ്പിക്കുളം-ആളിയാർ പദ്ധതി**

16(*16) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി.ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ നിന്നും സംസ്ഥാനത്തിന് കരാർ പ്രകാരമുള്ള ജലം തമിഴ്നാട് വിട്ട് നൽകാത്തതുമൂലം ചിറ്റൂർ പുഴയുടെ താഴ് വാരങ്ങളിൽ രൂക്ഷമായ ജലക്ഷാമത്തിനും, കൃഷിനാശത്തിനും ഇടയാക്കിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരാർ പ്രകാരം എത്ര ക്യൂസെക്സ് വെള്ളമാണ് ലഭിക്കുവാൻ അർഹതപ്പെട്ടത്; നിലവിൽ എത്ര ക്യൂസെക്സ് ജലമാണ് തമിഴ്നാട് മണക്കടവ് ചിറ വഴി സംസ്ഥാനത്തിന് നൽകുന്നത്;

(സി) തമിഴ്നാട് നടത്തുന്ന കരാർ ലംഘനങ്ങൾ അവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രതികരണമെന്താണ് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതു സംബന്ധിച്ച് അടിയന്തരമായി മുഖ്യമന്ത്രിതലത്തിൽ ചർച്ച നടത്തി സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്.

(ബി) പി.എ.പി. കരാർ പ്രകാരം ഒരു ജലവർഷം (ജൂലൈ 1 മുതൽ ജൂൺ 30 വരെയുള്ള കാലയളവ്) മണക്കടവ് വിയറിൽ 7250 എം.സി.എഫ്.ടി. ആണ് കേരളത്തിന്റെ ജലവിഹിതം. ഓരോ ദ്വൈവാരത്തിലും കേരളത്തിന് മണക്കടവ് വിയറിൽ ലഭിക്കേണ്ട ജലത്തിന്റെ അളവും തോതും കരാറിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. (ഇതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.)* 19-2-2018-ന് രാവിലെ 8 മണി പ്രകാരം 79.27 ക്യുസക്സ് എന്ന തോതിലാണ് മണക്കടവ് വിയറിൽ ജലം ലഭിച്ചത്.

(സി) പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ തമിഴ്നാട് നടത്തുന്ന കരാർ വ്യവസ്ഥ ലംഘനങ്ങളെല്ലാംതന്നെ ഉദ്യോഗസ്ഥതലത്തിലും സർക്കാർ തലത്തിലും കേരളം യഥാസമയം തമിഴ്നാടിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നടപ്പ് ജലവർഷം സൗത്ത്-വെസ്റ്റ് മൺസൂൺ (ഇടവപ്പാതി)-ഉം നോർത്ത്-ഈസ്റ്റ് മൺസൂൺ (തുലാവർഷം)-ഉം വളരെ ദുർബലമായിരുന്നതിനാൽ കരാർ പ്രകാരമുള്ള ജലവിഹിതം കേരളത്തിന് നൽകാൻ സാധിക്കില്ലെന്നാണ് തമിഴ്നാടിന്റെ നിലപാട്.

(ഡി) മുഖ്യമന്ത്രി തലത്തിൽ ചർച്ച നടത്തുന്നതിനായി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയച്ചുവെങ്കിലും തമിഴ്നാട് സർക്കാർ ഇതുസംബന്ധിച്ച് തീരുമാനം അറിയിച്ചിട്ടില്ല. ഇതുസംബന്ധിച്ച് തമിഴ്നാട് സർക്കാരുമായി ബന്ധപ്പെട്ടുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദേശീയ ജലപാതാ നിർമ്മാണം

17(*17) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മുതൽ കാസർഗോഡ് വരെയുള്ള ദേശീയ ജലപാതാ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ നിർമ്മാണ ചുമതല ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത്;

(സി) ഇത് എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) സമയബന്ധിതമായി പ്രസ്തുത നിർമ്മാണം പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള 616 കി.മീ. നീളം വരുന്ന ജലപാതയുടെ (വെസ്റ്റ് കോസ്റ്റ് കനാൽ) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ഭാഗവും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. ഭാഗവും ഉൾപ്പെടുന്ന ദേശീയജലപാത III-ന്റെ പ്രവൃത്തികൾ കേന്ദ്ര ഏജൻസിയായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ ആണ് നടപ്പിലാക്കുന്നത്. കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി.മീ. ജലപാതയിൽ 27.50 കി.മീ. ഗതാഗതയോഗ്യവും ബാക്കിവരുന്ന 11.30 കി.മീ. ഭാഗം ഭാഗികമായി ഗതാഗതയോഗ്യവുമാണ്. പാർവതി പുത്തനാർ ഉൾപ്പെടെയുള്ള 35.38 കി.മീ. ഭാഗത്തെ കനാൽ വികസനം, ജലപാത വികസനം ലക്ഷ്യമാക്കി രൂപീകരിച്ച KWIL (കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ച്ചേഴ്സ് ലിമിറ്റഡ്) എന്ന പൊതുമേഖലാ സ്ഥാപനം മുഖേന KIIFB ധനസഹായത്തോടെ നടപ്പിലാക്കുന്നതാണ്. 1.10 കി.മീ. നീളം വരുന്ന വർക്കലയിലെ 2 തുരങ്കങ്ങൾക്ക് സമാന്തരമായി 14 മീറ്റർ വീതിയിൽ പുതിയ തുരങ്കങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു. കോഴിക്കോടിനും വടകരയ്ക്കുമിടയിൽ 38.3 കി.മീ. ഭാഗം (ചെ. 411.78-450.08 കി.മീ.) ഗതാഗതയോഗ്യമാണ്. ആഴം കുറവുള്ള ഭാഗങ്ങളായ ഇരഞ്ഞിക്കൽ-കോരപ്പുഴ കനാലിന്റെ വികസനത്തിനായി 6 കോടി രൂപയുടെയും പയ്യോളി കനാലിന്റെ വികസനത്തിനായി 6.50 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര-മാഹി കനാലിന്റെ ചെ. 450.08 കി.മീ.-467.69 കി.മീ. ഭാഗത്ത് ദേശീയജലപാതാ നിലവാരത്തിൽ

നിർമ്മാണം 5 റീച്ചുകളായി തിരിച്ച് നടന്നുവരുന്നു. മാഹി-വളപട്ടണത്തിനും ഇതിനിടയിലെ 3 അൺകട്ട് ഭാഗങ്ങളും നീലേശ്വരം മുതൽ കാസർഗോഡ് വരെയുള്ള അൺകട്ട് ഭാഗവും സ്ഥലം ഏറ്റെടുത്ത് പുതുതായി കനാൽ നിർമ്മാണത്തിനുള്ള പ്രവൃത്തികൾ KWIL മുഖേന സ്വീകരിച്ചുവരുന്നു.

(ബി) കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ നീലേശ്വരം വരെയുമുള്ള ഭാഗങ്ങൾ ഉൾനാടൻ ജലഗതാഗത ഡയറക്ടറേറ്റ്, കൊല്ലം ആഫീസിന്റെ പരിധിയിലാണ്. കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയജലപാത(NW-3)-ൽ കേന്ദ്ര സ്ഥാപനമായ IWAI-യുടെ ചുമതലയിലാണ് നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നത്. പാർവ്വതീ പുത്തനാറിന്റെ പുനരുദ്ധാരണവും മാഹി-വളപട്ടണം വരെയുള്ള ഭാഗങ്ങളുടെ പുനർനിർമ്മാണവും ഹോസ്ദുർഗ്ഗ് മുതൽ കാസർഗോഡ് വരെയുള്ള ഭാഗങ്ങളുടെ നിർമ്മാണ പ്രവൃത്തികളും കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) വഴിയാണ് നടപ്പിലാക്കിവരുന്നത്.

(സി) മൂന്ന് ഘട്ടങ്ങളിലായി ദേശീയ ജലപാത നിലവാരത്തിൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. 2020-ൽ തീരുന്ന രീതിയിൽ ഒന്നാം ഘട്ടം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. രണ്ടുംമൂന്നും ഘട്ടങ്ങൾ 2020-ന് ശേഷമായിരിക്കും പൂർത്തീകരിക്കുന്നത്.

(ഡി) ജലപാതാ വികസനവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും സാങ്കേതിക വൈദഗ്ദ്ധ്യമുള്ള കേരള വാട്ടർ വേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന പൊതുമേഖലാ സ്ഥാപനം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മൂന്ന് ഘട്ടങ്ങളിലായി നിർമ്മാണം പൂർത്തീകരിക്കാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ നിർമ്മാണ പുരോഗതി എല്ലാ മാസവും അവലോകനം ചെയ്യുന്നതിനും സമയബന്ധിതമായി പണികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനും തീരുമാനമായിട്ടുണ്ട്.

## മണ്ണെണ്ണ സബ്സിഡി

18(*18) ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന മണ്ണെണ്ണ സബ്സിഡി നിർത്തലാക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം മണ്ണെണ്ണ സബ്സിഡി ഇനത്തിൽ എത്ര കോടി രൂപയാണ് കേന്ദ്രസർക്കാർ അനുവദിച്ചിരുന്നതെന്നും ആയത് ഈ സാമ്പത്തിക വർഷം എത്രയായി കുറഞ്ഞിരിക്കുന്നുവെന്നും വ്യക്തമാക്കാമോ;

(സി) ഇതിന് കാരണമായി കേന്ദ്രസർക്കാർ നൽകിയ വിശദീകരണം എന്താണെന്ന് അറിയിക്കാമോ;

(ഡി) പാവപ്പെട്ട ജനങ്ങളെ ഇരുട്ടിലാക്കുന്നതിനും മത്സ്യത്തൊളിലാളികളുൾപ്പെടെയുള്ളവരെ പട്ടിണിയിലേക്ക് തള്ളിവിടുന്നതിനും കാരണമാകാവുന്ന ഈ തീരുമാനം പിൻവലിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മണ്ണെണ്ണ സബ്സിഡി ഇനത്തിൽ 2016-17 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ 94 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം (2017-18) ഡിസംബർ വരെയുള്ള കാലയളവിൽ 39 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(സി) കേരളത്തിന് അനുവദിക്കുന്ന സബ്സിഡി മണ്ണെണ്ണയുടെ അളവിൽ 34% കുറവ് വരുത്തിയിട്ടുണ്ട്. എൽ.പി.ജി. കണക്ഷനുകളുടെയും വൈദ്യുതീകരിച്ച വീടുകളുടെയും എണ്ണത്തിലുണ്ടായ വർദ്ധനവാണ് സബ്സിഡി മണ്ണെണ്ണയുടെ അളവിൽ കുറവ് വരുത്തിയതിന് കാരണമായി കേന്ദ്ര സർക്കാർ ചൂണ്ടിക്കാണിക്കുന്നത്.

(ഡി) മണ്ണെണ്ണ സബ്സിഡി മൊത്തമായി നിർത്തലാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി സബ്സിഡി മണ്ണെണ്ണയുടെ അളവിൽ ഗണ്യമായും ക്രമമായും കുറവുണ്ടാകുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന് ലഭ്യമാകുന്ന മണ്ണെണ്ണയുടെ അളവ് മുൻവർഷങ്ങളിലെ അളവിലേയ്ക്ക് പുനഃസ്ഥാപിക്കണമെന്ന് പലവട്ടം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ആരോഗ്യജാഗ്രത പദ്ധതി**

19(*19) ശ്രീ. ബി. സത്യൻ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധി നിയന്ത്രണത്തിനായി ആരോഗ്യ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ആരോഗ്യജാഗ്രത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി പ്രാഥമികാരോഗ്യ ഉപകേന്ദ്രങ്ങളുടെയും അംഗീകൃത സാമൂഹ്യാരോഗ്യ പ്രവർത്തകരുടെയും (ആശാ വർക്കർ) ഇടപെടൽ ഏതു വിധത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പകർച്ചവ്യാധി നിർമ്മാർജ്ജന പരിപാടികളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനും പരിപാടി സമയബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) പകർച്ചവ്യാധി നിയന്ത്രണത്തിനായി 'ആരോഗ്യജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന കർമ്മപരിപാടിയാണ് 2018 ജനുവരി 1 മുതൽ ആരംഭിച്ചിരിക്കുന്നത്. ആർദ്രം മിഷന്റെയും ഹരിതം മിഷന്റെയും പ്രവർത്തനങ്ങളുമായി സഹകരിച്ച് ജനങ്ങളും സന്നദ്ധ സംഘടനകളും ആരോഗ്യപ്രവർത്തകരും ആരോഗ്യ ജാഗ്രതയോടൊപ്പം പ്രതിദിനം പ്രതിരോധം നടത്തുകവഴി പകർച്ചവ്യാധികൾ ഫലപ്രദമായി പ്രതിരോധിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആരോഗ്യവകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണ്ണയം നടത്തുകയും ജനങ്ങളെ പകർച്ചവ്യാധികൾക്കെതിരെ ബോധവത്കരിക്കുകയും ചെയ്യുന്നു. വ്യക്തിശുചിത്വം, പരിസരശുചിത്വം, മാലിന്യനിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുക് ഉറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധങ്ങളായ രോഗപ്രതിരോധ ബോധവത്കരണങ്ങൾ ജനങ്ങൾക്ക് നൽകിവരുന്നു.

പഞ്ചായത്തുകളിൽ ഗ്രാമസഭകൾ നടത്തുകയും വാർഡ്തല ആരോഗ്യ ശുചിത്വ കർമ്മസേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ശുചിത്വമാപ്പിംഗ് നടത്തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി.ആർ.ഡി. ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ ഉത്തരവാദിത്വത്തിൽ ആരോഗ്യജാഗ്രതാ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

കൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെതന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗനിരീക്ഷണവും കൊതുകുനിരീക്ഷണവും ശക്തിപ്പെടുത്തുകയും പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ-

സംസ്ഥാനതല വിദഗ്ദ്ധ സമിതികൾ സന്ദർശിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുകയും കൊതുക് സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കൽ (ഐ.എസ്.എസ്.), വീടിനു പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിങ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്തുവരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ കൈപ്പുസ്തകങ്ങൾ, പൊതുജനങ്ങൾക്കാവശ്യമായ ലഘുലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റുകിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ആരോഗ്യജാഗ്രതാ പദ്ധതി നടപ്പിലാക്കുന്നതിന് പ്രാഥമികാരോഗ്യ ഉപകേന്ദ്രത്തിലും താഴെ വാർഡ്തലത്തിലും കർമ്മപദ്ധതി തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഉപകേന്ദ്രതലത്തിൽ പ്രവർത്തിക്കുന്ന ജെ.എച്ച്.ഐ., ജെ.പി.എച്ച്.എൻ. എന്നിവർ വാർഡുതല ആരോഗ്യ ശുചിത്വ സമിതി തലത്തിലും ഉപകേന്ദ്രതലത്തിലും പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നു. ആശാപ്രവർത്തകർ ഇതിനാവശ്യമായ ഗൃഹസന്ദർശനം, ബോധവൽക്കരണ-ഉറവിട നശീകരണ പ്രവർത്തനങ്ങളിലും റിപ്പോർട്ടിംഗിലും മറ്റും സഹായിക്കുകയും ചെയ്യുന്നു.

(സി) പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് വിവിധ ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തിവരുന്നു. ജനപങ്കാളിത്തത്തോടെയുള്ള കാമ്പയിനുകൾ, ആരോഗ്യ സന്ദേശ യാത്ര, ഡ്രൈ ഡേ ആചരണം, പകർച്ചവ്യാധികളുമായി ബന്ധപ്പെട്ട ദിനാചരണം, വാരാചരണം, മാസാചരണം തുടങ്ങിയ ബോധവത്കരണ പ്രവർത്തനങ്ങൾ പൊതു ജനപങ്കാളിത്തം ഉറപ്പാക്കാൻ സഹായിക്കുന്നു. താഴെത്തട്ടിൽ പ്രവർത്തിക്കുന്നവരെ വാർഡുതല കർമ്മസേനയിൽ ഉൾപ്പെടുത്തുന്നതും ജനപങ്കാളിത്തം ഉറപ്പാക്കാൻ സഹായിക്കും.

പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ വാർഡ് തലത്തിലും പഞ്ചായത്ത് നഗരസഭാ തലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലും സാമൂഹികാരോഗ്യ കേന്ദ്രത്തിലും ജില്ലാ മെഡിക്കൽ ഓഫീസിലും സംസ്ഥാനതലത്തിലും നടത്തുന്ന പ്രതിവാര, പ്രതിമാസ യോഗങ്ങളിലും ഇത്തരം പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നുണ്ട്. 20-2-2018-ന് ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സംസ്ഥാനതലത്തിൽ ആരോഗ്യജാഗ്രത പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

## അംഗപരിമിതരുടെ ക്ഷേമം

20(*20) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. ബാബു :
ശ്രീ. എം. മുകേഷ് :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതരുടെ ക്ഷേമത്തിനും സുരക്ഷയ്ക്കുമായി എന്തെല്ലാം നവീന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അംഗപരിമിതർക്കായി 'സ്റ്റേറ്റ് ഇനിഷ്യേറ്റീവ്സ് ഓൺ ഡിസെബിലിറ്റീസ്' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(സി) വൈകല്യം മുൻകൂട്ടി കണ്ടെത്തുന്നതിനും നിർണ്ണയിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം വകുപ്പുകളുടെ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പാക്കി വരുന്നതെന്ന് അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന നേരിട്ട് നടപ്പിലാക്കുന്ന അംഗപരിമിതർക്കായുള്ള നവീന പദ്ധതികളുടെയും NGO മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികളുടെയും വിശദാംശം ചുവടെ ചേർക്കുന്നു :

1. കാഴ്ചവൈകല്യമുള്ള അഡ്വക്കേറ്റുമാർക്കുള്ള റീഡേഴ്സ് അലവൻസ്.
2. കാഴ്ചവൈകല്യമുള്ള അമ്മമാർക്കുള്ള ധനസഹായം.
3. വികലാംഗർക്ക് വിദൂര വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ്.
4. ഭിന്നശേഷിക്കാർക്ക് തുല്യതാ പരീക്ഷ എഴുതുന്നതിന് ധനസഹായം.
5. വിദ്യാജ്യോതി
6. കിടപ്പു രോഗികളെ ശുശ്രൂഷിക്കുന്ന രക്ഷകർത്താക്കൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതി - സ്വാശ്രയ
7. വിദ്യാകിരണം-അംഗപരിമിതരായ രക്ഷകർത്താക്കളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി.

8. സഹായ ഉപകരണ വിതരണ പദ്ധതി.

9. വ്യക്തിഗത പരിപാലന പദ്ധതി.

താഴെപ്പറയുന്ന സംഘടനകൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്:

1. CDMRP-Community Disability Management and Rehabilitation Programme
2. Alzhiemer's Related Disorder Society of India (ARDSI)
3. Epilepsy Care through Schools
4. Pallium India
5. State Nodal Agency Centre (SNAC)
6. ശ്രദ്ധ ചാരിറ്റബിൾ സൊസൈറ്റി (NGO)
7. ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് (NGO)
8. Insight Project (SPACE)
9. District Psychiatric Rehabilitation Project (IMHANS)
10. SIMC (State Institute on Mentally Challenged)
11. ആശ്രയ
12. യോഗ ക്ലാസ്സ്

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനായി ആവിഷ്കരിച്ചുവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. അംഗവൈകല്യമുള്ളവർക്ക് ആവശ്യമായ ട്രൈസൈക്കിൾ, വീൽ ചെയർ, കൃത്രിമ കൈകാലുകൾ, വാക്കർ, ക്രച്ചസ്, ശ്രവണ സഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം.

2. അംഗവൈകല്യമുള്ളവർക്കുവേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽ ചെയർ, ലാപ് ടോപ്പ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം മാനദണ്ഡങ്ങൾക്കു വിധേയമായി :

3. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം (മാനദണ്ഡങ്ങൾക്കു വിധേയമായി)

4. അംഗവൈകല്യമുള്ളവർക്കുള്ള പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി
5. നാഷണൽ ഹാന്റിക്യാപ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയുള്ള സ്വയംതൊഴിൽ വായ്പ/വിദ്യാഭ്യാസ വായ്പ
6. സ്വയം തൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി
7. ബി.പി.എൽ. വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി. വായ്പ സബ്സിഡി
8. ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി
9. സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ
10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വികലാംഗ പുനരധിവാസ പദ്ധതി - സംസ്ഥാനതലത്തിൽ നടപ്പാക്കൽ
11. വികലാംഗ സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലന കേന്ദ്രവും
12. വികലാംഗരായ വയോജനങ്ങൾക്കുവേണ്ടിയുള്ള വൃദ്ധസദനം പരിപാലനം
13. കാഴ്ചവൈകല്യമുള്ള യുവതീ യുവാക്കൾക്ക് ടാബ്ലെറ്റ്/സ്മാർട്ട് ഫോൺ നൽകുന്ന പദ്ധതി.

ആരോഗ്യ വകുപ്പ് മുഖേന ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ എന്നീ വിഭാഗങ്ങളുടെ ശാക്തീകരണം
2. ചലന വൈകല്യമുള്ളവരുടെ ക്ഷേമനിധി സൊസൈറ്റി
3. എൻ.എച്ച്.എം. മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികളായ ആർ.ബി.എസ്.കെ.
4. ലിംബ് ഫിറ്റിംഗ് വിഭാഗത്തിന്റെ ശാക്തീകരണം
5. ജില്ലാതലത്തിലെ ഇന്റർസെന്റർ കേന്ദ്രങ്ങൾ
6. നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷനും ഡഫ്നസിന്റെ നിയന്ത്രണവും
7. നാഷണൽ ബ്ലൈൻഡ്നസ് കൺട്രോൾ
8. നാഷണൽ ലെപ്രസി കൺട്രോൾ പ്രോഗ്രാം

2017-18 സാമ്പത്തിക വർഷത്തിൽ ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ സെന്ററിന്റെ ശാക്തീകരണവുമായി ബന്ധപ്പെട്ട് 400 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ആയത് കെ.എം.എസ്.സി.എൽ. ഡയറക്ടർക്ക് കൈമാറുകയും ചെയ്തു.

2017-18 സാമ്പത്തിക വർഷത്തിൽ ലിംബ് ഫിറ്റിംഗ് സെന്ററിന്റെ ശാക്തീകരണവുമായി ബന്ധപ്പെട്ട് 100 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ടി തുക എട്ട് ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് (ആരോഗ്യം) കൈമാറുകയും ചെയ്തു. ആയതിന്റെ ജില്ലാതലത്തിലുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സംസ്ഥാനത്തെ അംഗപരിമിതർക്കുള്ള ക്ഷേമത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

അംഗപരിമിതരുടെ ക്ഷേമത്തിനും സുരക്ഷയ്ക്കുമായി അനുയാത്ര എന്ന പേരിൽ ഒരു നവീന പദ്ധതിക്ക് ഗവൺമെന്റ് രൂപം നൽകി 2017 ജൂൺ മാസം മുതൽ സംസ്ഥാനത്ത് നടപ്പാക്കിവരുന്നു.

(ബി) ഉണ്ട്.

(സി) വൈകല്യം ഗർഭാവസ്ഥയിൽത്തന്നെ കണ്ടെത്തുന്നതിന് ഇപ്പോൾ സാധിക്കുന്നുണ്ട്. വൈകല്യം തടയുന്നതിന് അഡോളസന്റ് പെൺകുട്ടികൾക്ക് റൂബെല്ലാ വാക്സിനേഷൻ പദ്ധതി സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റിയുടെ സഹകരണത്തോടെ നടപ്പിലാക്കിയിട്ടുണ്ട്.

വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും നിർണ്ണയിക്കുന്നതിനും ആവശ്യമായ സേവനങ്ങൾ നൽകുന്നതിനുമായി ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങളാണ് 'അനുയാത്ര'യിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. ഭിന്നശേഷി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് സംവിധാനം എല്ലാ സർക്കാർ പ്രസവ ആശുപത്രികളിലും നടപ്പാക്കുക.
2. എല്ലാ ജില്ലകളിലും ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ സ്ഥാപിക്കുക. (DEIC)
3. നിലവിൽ RBSK-യുടെ ഭാഗമായി പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ ലഭ്യമാക്കി, വൈകല്യങ്ങൾ കണ്ടെത്തുന്നതിനും ആവശ്യമായ സേവനങ്ങൾ നൽകുന്നതിനുമായി ശാക്തീകരിക്കുക.

4. കേൾവി സംബന്ധമായ വൈകല്യങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമായി പ്രത്യേക പദ്ധതിയായി 'കാതോരം' നടപ്പാക്കുക.

5. ഓട്ടിസം ബാധിച്ചവർക്കായി സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്ററുകൾ സ്ഥാപിക്കുക.

6. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ 'റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ' സ്ഥാപിക്കുക.

7. NIPMR-ൽ റീജിയണൽ 'ഓട്ടിസം, റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ' സ്ഥാപിക്കുക.

8. അംഗപരിമിതരായ കുട്ടികൾക്ക് തെറാപ്പി ഉൾപ്പെടെയുള്ള സേവനങ്ങൾ ക്ലേശരഹിതമായി ലഭ്യമാക്കാനായി 'മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ' സ്ഥാപിക്കുക.

9. രക്ഷിതാക്കൾക്കുള്ള പരിശീലന പരിപാടികൾ (Parent Education) സംഘടിപ്പിക്കുക.

(ഡി) സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കേരള സാമൂഹ്യ സുരക്ഷാ മിഷൻ, എസ്.ഐ.ഡി., ആരോഗ്യ വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ് എന്നിവർ ഇതിൽ പങ്കാളികളാണ്.

**ജീവിതശൈലീ രോഗങ്ങൾക്കെതിരെ പ്രതിരോധ നടപടികൾ**

21(*21) ശ്രീ. ഡി. കെ. മുരളി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. കെ. ശശി :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ച വ്യാധികൾക്കെന്നപോലെ ജീവിതശൈലീ രോഗങ്ങൾക്കെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിന് ആർദ്രം മിഷനിൽ എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) രോഗികളെ തുടക്കത്തിൽത്തന്നെ കണ്ടെത്തി ചികിത്സിക്കുന്നതിനും രോഗസാധ്യതയുള്ളവരെ കണ്ടെത്തി അവരുടെ ജീവിതശൈലിയിൽ മാറ്റം വരുത്താൻ പ്രേരിപ്പിക്കുന്നതിനും പ്രാദേശികമായി എന്തെല്ലാം ഇടപെടലുകളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ അടിസ്ഥാനമാക്കി കുടുംബങ്ങളുടെ ആരോഗ്യനില തുടർച്ചയായി നിരീക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ജീവിതശൈലീ രോഗങ്ങൾ സംസ്ഥാനത്തെ ജനങ്ങളിൽ ആശങ്കാജനകമാംവിധം വർദ്ധിക്കുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിനെ പ്രതിരോധിക്കുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'അമൃതം ആരോഗ്യം' എന്ന പേരിലുള്ള സംസ്ഥാന ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി. സംസ്ഥാന സർക്കാർ ആർദ്രം പദ്ധതി ആവിഷ്കരിച്ചപ്പോൾ, ഇപ്പോൾ നടപ്പിലാക്കിവരുന്ന ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി ശാക്തീകരിക്കുന്നതിനും കൂടുതൽ ജനോപകാരപ്രദമായ ആരോഗ്യ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രതിവാര ക്ലിനിക്കുകളുടെ പ്രവർത്തനം ആഴ്ചയിൽ 6 ദിവസത്തേയ്ക്ക് വ്യാപിപ്പിക്കുന്നതിനും ഒരു സ്റ്റാഫ് നഴ്സിന്റെ നേതൃത്വത്തിൽ ഡോക്ടറെ കാണുംമുമ്പ് തന്നെ അവശ്യ പരിശോധനകൾ നടത്തുന്നതിനും (Pre assessment) നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ഡോക്ടർമാർക്കും നഴ്സുമാർക്കും മറ്റ് ജീവനക്കാർക്കും പരിശീലനം വിവിധ തലത്തിൽ നൽകിയിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള പരിശോധനാ സൗകര്യങ്ങളുള്ള ലബോറട്ടറി സ്ഥാപിക്കുകയും HbA1c തുടങ്ങിയ പരിശോധന സൗകര്യങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനായി ഡോക്ടർമാരുടെയും നഴ്സ്മാരുടെയും ലാബ് ടെക്നീഷ്യൻമാരുടെയും അധിക തസ്തിക സൃഷ്ടിക്കുകയും ഇതിനുപുറമെ ഗുരുതര ശ്വാസകോശ രോഗങ്ങൾക്കായി (COPD) 'ശ്വാസ്' പദ്ധതിയും മാനസികാരോഗ്യ ചികിത്സയ്ക്കായി 'ആശ്വാസ്' പദ്ധതിയും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തന സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ജീവിതശൈലീ രോഗങ്ങൾപോലെ ജനങ്ങളുടെ ജീവിതചര്യയുമായി ബന്ധപ്പെട്ട രോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും രോഗങ്ങൾ വരാതെ സംരക്ഷിക്കുന്നതിനുള്ള ജീവിതശൈലീ മാറ്റങ്ങൾ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനും ആർദ്രം പദ്ധതിയിൽ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ഓരോ വ്യക്തിക്കും അവരുടെ രോഗത്തിനും ആരോഗ്യത്തിനും അനുസൃതമായ ആരോഗ്യ സേവന പാക്കേജുകൾ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സജ്ജീകരിച്ചിട്ടുണ്ട്. ഈ പാക്കേജുകളിൽ ജീവിതശൈലീ രോഗ നിയന്ത്രണത്തിനും നിർണ്ണയത്തിനും രോഗങ്ങൾ വരാതെ സൂക്ഷിക്കുന്നതിനുമുള്ള മുൻകരുതലുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്വാസകോശ രോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും ശ്വാസ് ക്ലിനിക്കുകൾ, മാനസിക രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള ആശ്വാസ് ക്ലിനിക്കുകൾ, നേത്രപടലാന്ധത കണ്ടെത്തുന്നതിനുള്ള ഡയബറ്റിക് റെറ്റിനോപ്പതി ക്ലിനിക്കുകൾ, പുകയില നിയന്ത്രണ ക്ലിനിക്കുകൾ എന്നിവ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആരംഭിക്കുകയും ഇതിന്റെ ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തുന്നതിന് ഫീൽഡുതല ജീവനക്കാരെയും ആശാ വോളന്റിയർമാരെയും പരിശീലിപ്പിച്ച് വരികയും ചെയ്യുന്നു. സമഗ്ര ആരോഗ്യ സംരക്ഷണത്തിനായി ഗ്രാമതലത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആരോഗ്യസേന രൂപീകരിച്ചിട്ടുണ്ട്.

(സി) ആർദ്രം പദ്ധതിയുടെ കീഴിൽ തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി ഈ കേന്ദ്രങ്ങളിൽ കുടുംബങ്ങളുടെ ആരോഗ്യനില തുടർച്ചയായി നിരീക്ഷിക്കുന്നതിനും ആരോഗ്യ സേവനാ പാക്കേജുകൾ എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കും സജ്ജമാക്കിയിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി ആരോഗ്യാവസ്ഥയിലും രോഗനിർണ്ണയം നടത്തിയവർക്കും ഉതകുന്ന എൻ.സി.ഡി. പാക്കേജ് ഇതിന്റെ ഭാഗമായി വികസിപ്പിച്ചിട്ടുണ്ട്. ഇതിനുപുറമെ സന്നദ്ധപ്രവർത്തകരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആരോഗ്യസേന ഫീൽഡ്തലത്തിൽ ഇതിന്റെ പുരോഗതി ആരോഗ്യ പ്രവർത്തകർക്കൊപ്പം നിരീക്ഷിച്ചു വരുന്നുണ്ട്. ഓരോ വ്യക്തിയുടെ ആരോഗ്യം നിരീക്ഷിക്കുന്നതിനായി ഇലക്ട്രോണിക് ഹെൽത്ത് റെക്കോഡും നടപ്പാക്കിവരുന്നു.

### റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തര ചികിത്സ

22(*22) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങളിൽപ്പെടുന്നവർക്ക് 48 മണിക്കൂർ അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിനുള്ള സർക്കാർ തീരുമാനം നടപ്പായിട്ടുണ്ടോ;

(ബി) സ്വകാര്യ ആശുപത്രികൾ തമ്മിൽ ചികിത്സാചെലവിൽ വലിയ അന്തരം നിലനിൽക്കുന്നതിനാൽ ചികിത്സാക്രമം നിരീക്ഷിക്കുന്നതിന് സർക്കാർ സംവിധാനം ഏർപ്പെടുത്തുമോ; ആയതിനോട് സ്വകാര്യ ആശുപത്രികളുടെ സഹകരണം ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത ചികിത്സയുമായി ബന്ധപ്പെട്ട ആശുപത്രി ബില്ലുകൾ യഥാസമയം മാറി നൽകുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) കേരളത്തിൽ കഴിഞ്ഞ കുറേ കാലങ്ങളായി കൂടുതലാളുകൾ മരണത്തിനും ഗുരുതര ശാരീരിക വൈകല്യത്തിനും ഇടവരുന്ന റോഡപകടങ്ങൾ വർദ്ധിച്ചു വരികയായിരുന്നു. എന്നാൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ മുൻ വർഷങ്ങളിലേതിനേക്കാൾ അപകടമരണ നിരക്ക് കുറച്ചു കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും റോഡപകടങ്ങൾ തുടർക്കഥയാകുന്നത് ഒരു വലിയ വിപത്തായി കണ്ടുകൊണ്ട് ഇക്കാര്യത്തിൽ ശാസ്ത്രീയ പരിശോധനകളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2-11-2017-ൽ ചേർന്ന യോഗത്തിൽ റോഡപകടങ്ങളിൽപ്പെടുന്നവർക്ക് സർക്കാർ/ സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിൽസ ഉറപ്പാക്കുന്നതിനായി നടപടി യെടുക്കുമെന്ന് തീരുമാനം എടുത്തിരുന്നു. മേൽ പദ്ധതിയുടെ സമഗ്രവും വിജയകരവുമായ നടത്തിപ്പിന് സമഗ്ര ആക്സിഡന്റ് ഇൻഷ്വറൻസ് പ്രോഗ്രാം എന്ന രീതിയിൽ നൂതനമായ ഒരു പ്രോജക്ട് വിഭാവന ചെയ്യുകയും ആയതിന്റെ നടത്തിപ്പ് സർക്കാർ-സ്വകാര്യ ആശുപത്രികളും ഇൻഷ്വറൻസ് കമ്പനികളും റോഡ് സുരക്ഷാ വിഭാഗവും കോർത്തിണക്കി ഫലവത്തായി നടപ്പിൽ വരുത്തുന്നതിന് താൽപ്പര്യമുള്ള ഇൻഷ്വറൻസ് കമ്പനിയോ കമ്പനികളുടെ കൂട്ടായ്മയോ കണ്ടെത്തുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

റോഡപകടങ്ങളിൽപ്പെടുന്നവരിൽ കൂടുതലും മരണപ്പെടുന്നത് തലയ്ക്ക് ഏൽക്കുന്ന ക്ഷതംമൂലമാണ്. അത്തരക്കാരുടെ ജീവൻ രക്ഷിക്കുന്നതിൽ ആദ്യ മണിക്കൂർ (Golden Hour) നിർണ്ണായകമായതിനാൽ സർക്കാർ ആശുപത്രികൾക്ക് പുറമെ ട്രോമാകെയർ സംവിധാനമുള്ള സ്വകാര്യ ആശുപത്രികളുടെ കൂടി സഹകരണത്തോടെ കുറ്റമറ്റ ചികിൽസയും GPS നിരീക്ഷണത്തോടെ നിലവാരമുള്ള ആംബുലൻസുകളുടെ ശ്രേണിയും പരിശീലനം സിദ്ധിച്ച ജീവനക്കാരെയും സന്നദ്ധ പ്രവർത്തകരെയും ഉൾപ്പെടുത്തി ആദ്യത്തെ 48 മണിക്കൂറിലെ ചികിൽസാ ചെലവുകൾ ഇൻഷ്വറൻസ് കമ്പനികളുടെ സഹകരണത്തോടെ അതാത് ആശുപത്രികൾക്ക് നൽകിക്കൊണ്ടും സമഗ്രമായ ട്രോമാകെയർ സംവിധാനം നടപ്പിൽ വരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ആദ്യപടി എന്ന നിലയിൽ GPS നിയന്ത്രിത ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുന്നതിന് താൽപ്പര്യമുള്ള വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും താൽപ്പര്യപത്രം ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കേരളത്തിൽ 60 ശതമാനത്തിലധികവും ആരോഗ്യ സേവനം ലഭ്യമാക്കുന്നത് സ്വകാര്യ മേഖലയിലെ ആശുപത്രികളും ഡിസ്പെൻസറികളും ലബോറട്ടറികളുമാണ്. എന്നാൽ ഒരേ ചികിൽസയ്ക്കുതന്നെ വിവിധ സ്വകാര്യ ആശുപത്രികൾ തമ്മിൽ ചികിൽസാ ചെലവിന്റെ കാര്യത്തിൽ വലിയ അന്തരം നിലനിൽക്കുന്നു എന്നത് വസ്തുതയാണ്. ഈ ആശുപത്രികളിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളും സാങ്കേതിക വിദഗ്ദ്ധരുടെ ലഭ്യതയും കൂടാതെ ലാഭേച്ഛയും മുൻനിർത്തി പ്രവർത്തിക്കുന്ന സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ സ്വകാര്യ മേഖലയിൽ വർദ്ധിച്ചു വന്നിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ സംസ്ഥാനത്ത് നിയമം നിലവിലില്ലാത്തതിനാലും കേരളത്തിലെ സാഹചര്യം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിഭിന്നമായതിനാലും സംസ്ഥാനത്തിന് മാത്രം ബാധകമാകുന്ന ഒരു നിയമം അനിവാര്യമാണെന്ന് കണ്ടതിനെ തുടർന്ന് പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ക്ലിനിക്കൽ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന സൗകര്യങ്ങളുടെയും സേവനങ്ങളുടെയും ഏറ്റവും ചുരുങ്ങിയ നിലവാരം നിശ്ചയിക്കാനും അത്തരം സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനും ഫലപ്രദമായ നിയന്ത്രണവും ലൈസൻസും ഏർപ്പെടുത്തുന്നതിന് വിഭാവനം ചെയ്തുകൊണ്ട് കേരള നിയമസഭയിൽ അവതരിപ്പിച്ച കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ബിൽ 2017, 1-2-2018-ന് നിയമസഭ പാസ്സാക്കിയിട്ടുണ്ട്. ഈ ബിൽ നിയമമാകുന്നതോടുകൂടി ചികിൽസാ ക്രമം നിരീക്ഷിക്കുന്നതിനും സ്വകാര്യ മേഖലയിലെ ആശുപത്രികളെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനുമാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) സ്വകാര്യ ആശുപത്രികളിലെ ചികിൽസാ ബില്ലുകളിൽ സർക്കാർ നിയന്ത്രണത്തിലുള്ള ഇൻഷ്വറൻസ് സഹായത്തോടെ ലഭ്യമാക്കുന്ന ചികിൽസയ്ക്ക് ഇൻഷ്വറൻസ് ക്ലെയിം സമർപ്പിക്കുന്നമുറയ്ക്ക് തുക അനുവദിക്കുന്നതിന് നിലവിൽ തടസ്സങ്ങളില്ല.

**അനുയാത്ര പദ്ധതി**

23(*23) ശ്രീ. ആർ. രാജേഷ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗപരിമിതർക്കായി എന്തെല്ലാം ക്ഷേമപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഈ മേഖലയിൽ സമഗ്രമായ ഇടപെടലുകൾ നടത്തുന്നതിനായി 'അനുയാത്ര' പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പട്ടികജാതി, പട്ടികവർഗ്ഗ, തീരദേശ മേഖലകളിൽ പ്രത്യേക ശ്രദ്ധ നൽകി വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും, ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് 'അനുയാത്ര' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ)

1. വിദ്യാജ്യോതി പദ്ധതി.
2. വിദ്യാകിരണം പദ്ധതി.
3. ഡിഗ്രിയോ അതിനു മുകളിലോ വിദ്യാഭ്യാസം ചെയ്യുന്നവരും ഭിന്നശേഷിക്കാരുമായവർക്ക് വിദൂര വിദ്യാഭ്യാസം ചെയ്യുന്നതിനായി ഒരു വർഷം 10,000 രൂപ വരെ സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി.
4. സ്കൂൾ പഠനം പൂർത്തിയാക്കാൻ കഴിയാത്ത ഭിന്നശേഷിക്കാർക്ക് പത്താം ക്ലാസ്സ്/പന്ത്രണ്ടാം ക്ലാസ്സ് തുല്യതാ പരീക്ഷ എഴുതുന്നതിന് പരീക്ഷാ ഫീസും കോഴ്സ് ഫീസും അനുവദിക്കുന്ന പദ്ധതി.
5. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.
6. അംഗപരിമിതരുടെ വ്യക്തിഗത പരിപാലന പദ്ധതി Individual Care Plan.
7. സ്വാശ്രയ പദ്ധതി.
8. കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിന് 2000 രൂപ വീതം 2 വർഷം വരെ അനുവദിക്കുന്ന പദ്ധതി 2016-17 മുതൽ നടപ്പിലാക്കി വരുന്നു.
9. അംഗപരിമിതരുടെ കൃത്യനിർവ്വഹണത്തിന് തടസ്സമാകുന്ന വൈകല്യം മറികടക്കാനുതകുന്ന സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതിക്കായി നടപ്പുവർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 50 ലക്ഷം രൂപ എല്ലാ ജില്ലകൾക്കുമായി വിതരണം ചെയ്തിട്ടുണ്ട്.

10. ഇന്റർനെറ്റ് ടെക്നോളജി സംവിധാനം ഉപയോഗപ്പെടുത്തി ഭിന്നശേഷിക്കാരുടെ മാതാപിതാക്കൾക്ക്/രക്ഷകർത്താക്കൾക്ക് പരിശീലനവും അവബോധവും നൽകുന്നതിനായി 2016-2017, 2017-2018 വർഷങ്ങളിൽ NISH-ന് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

11. അംഗപരിമിതർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലായി ഓരോ തൊഴിൽ പരിശീലന കേന്ദ്രങ്ങളും മാനസിക രോഗം ഭേദമായവരെ പുനരധിവസിപ്പിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലായി സ്ത്രീകൾക്കും പുരുഷന്മാർക്കുമായി 6 ആശാഭവനുകളും മാനസിക വെല്ലുവിളി നേരിടുന്ന സ്ത്രീകൾക്കും പുരുഷന്മാർക്കും കുട്ടികൾക്കുമായി യഥാക്രമം തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിലായി ഓരോ സ്ഥാപനങ്ങൾ വീതവും വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്നു.

12. അംഗപരിമിത ക്ഷേമ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന സർക്കാർ അംഗീകാരമുള്ള സർക്കാർ ഇതര സ്ഥാപനങ്ങൾക്ക് (NGO) അംഗപരിമിതർക്ക് തൊഴിൽ പരിശീലനം, ഒക്കുപ്പേഷണൽ തെറാപ്പി എന്നിവ നൽകുന്നതിന് ധനസഹായം നൽകിവരുന്നു.

13. Persons with Disabilies Act, 1995-ൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം സർക്കാർ സർവ്വീസിൽ 3% തൊഴിൽ സംവരണം അംഗപരിമിതർക്ക് ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതിനോടൊപ്പം 2677 സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് താൽക്കാലികാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള അംഗപരിമിതർക്ക് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ സ്ഥിരനിയമനം നൽകിയിട്ടുണ്ട്.

14. എല്ലാ വർഷവും അന്തർദ്ദേശീയ വികലാംഗദിനമായ ഡിസംബർ 3-ന് എല്ലാ ജില്ലകളിലും അംഗപരിമിതർക്കായി കായികമേളയും കലാപരിപാടികളും സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ ടി ദിവസം അംഗപരിമിതർക്കുള്ള സംസ്ഥാന അവാർഡും വിതരണം ചെയ്യുന്നു. മികച്ച അംഗപരിമിത ജീവനക്കാർ, അംഗപരിമിതർക്കായി സേവനമനുഷ്ഠിക്കുന്ന മികച്ച സ്ഥാപനങ്ങൾ, കൂടുതൽ അംഗപരിമിതർക്ക് ജോലി നൽകുന്ന മികച്ച സ്ഥാപനങ്ങൾ എന്നിവർക്കാണ് പ്രസ്തുത അവാർഡ് ലഭിക്കുന്നത്.

15. സംസ്ഥാനത്തെ എല്ലാ പൊതുകെട്ടിടങ്ങളും അംഗപരിമിത സൗഹൃദമാക്കുന്നതിനായി 2016 വർഷം കണ്ണൂർ ജില്ലയിലെ എല്ലാ പൊതുകെട്ടിടങ്ങളും അംഗപരിമിത സൗഹൃദമാക്കിയിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയെ സമ്പൂർണ്ണ

ഭിന്നശേഷി സൗഹൃദ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം ബജറ്റിൽ വകയിരുത്തിയിരിക്കുന്ന 15 കോടി രൂപയിൽ 6,11,20,000 രൂപ വയനാട് ജില്ലയ്ക്കും 8,88,80,000 രൂപ മലപ്പുറം ജില്ലയ്ക്കുമായി വിതരണം ചെയ്തിട്ടുണ്ട്. ടി ജില്ലകളിലെ പൊതു കാര്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആരോഗ്യ വകുപ്പ് മുഖേന ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു :

1. ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ എന്നീ വിഭാഗങ്ങളുടെ ശാക്തീകരണം.
2. ചലനവൈകല്യമുള്ളവരുടെ ക്ഷേമനിധി സൊസൈറ്റി.
3. എൻ.എച്ച്.എം. മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികളായ ആർ.ബി.എസ്.കെ.
4. ലിംബ് ഫിറ്റിംഗ് വിഭാഗത്തിന്റെ ശാക്തീകരണം.
5. ജില്ലാതലത്തിലെ ഇന്റർസെന്റർ കേന്ദ്രങ്ങൾ
6. നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷനും ഡഫ്നസിന്റെ നിയന്ത്രണവും
7. നാഷണൽ ബ്ലൈൻഡ്നസ് കൺട്രോൾ പ്രോഗ്രാം.
8. നാഷണൽ ലെപ്രസി കൺട്രോൾ പ്രോഗ്രാം.

സംസ്ഥാനത്തെ അംഗപരിമിതർക്കുള്ള ക്ഷേമത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1. അനുയാത്ര എന്ന പേരിലുള്ള സമഗ്ര പദ്ധതി.
2. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ, മറ്റ് വിഭാഗത്തിലുള്ള അംഗപരിമിതരായ കിടപ്പ് രോഗികൾ എന്നിവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 600 രൂപ നിരക്കിലുള്ള ധനസഹായം നൽകുന്ന 'ആശ്വാസകിരണം' പദ്ധതി.

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനായി ആവിഷ്കരിച്ചു വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. അംഗവൈകല്യമുള്ളവർക്ക് ആവശ്യമായ ട്രൈസൈക്കിൾ, വീൽ ചെയർ, കൃത്രിമ കൈകാലുകൾ, വാക്കർ, ക്രച്ചസ്, കണ്ണട, ശ്രവണ സഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം.

2. അംഗവൈകല്യമുള്ളവർക്കുവേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽ ചെയർ, ലാപ്ടോപ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം (മാനദണ്ഡങ്ങൾക്ക് വിധേയമായി)

3. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം (മാനദണ്ഡങ്ങൾക്കു വിധേയമായി )

4. അംഗവൈകല്യമുള്ളവർക്കുള്ള പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി

5. നാഷണൽ ഹാന്റിക്യാപ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ (NHFDC) വഴിയുള്ള സ്വയംതൊഴിൽ വായ്പ/വിദ്യാഭ്യാസ വായ്പ

6. സ്വയം തൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി

7. ബി.പി.എൽ. വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി. വായ്പാ സബ്സിഡി

8. ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി

9. സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ

10. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വികലാംഗ പുനരധിവാസ പദ്ധതി-സംസ്ഥാനതലത്തിൽ നടപ്പാക്കൽ

11. വികലാംഗ സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലന കേന്ദ്രവും

12. വികലാംഗരായ വയോജനങ്ങൾക്കുവേണ്ടിയുള്ള വൃദ്ധസദനം പരിപാലനം

13. കാഴ്ചവൈകല്യമുള്ള യുവതീ യുവാക്കൾക്ക് ടാബ്ലറ്റ്/സ്മാർട്ട് ഫോൺ നൽകുന്ന പദ്ധതി

14. ജില്ലകളിൽ വികലാംഗക്ഷേമ കോർപ്പറേഷന്റെ പുതിയ ജില്ല/റീജിയണൽ ഓഫീസുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി.

15. കോർപ്പറേഷന്റെ ഉപകരണ നിർമ്മാണ യൂണിറ്റിന് 2.7 കോടി രൂപയുടെ നവീകരണ പദ്ധതി.

(ബി) അംഗപരിമിതർക്ക് വ്യത്യസ്ത സേവനങ്ങൾ ലഭ്യമാക്കുന്നതിനും നമ്മുടെ സംസ്ഥാനത്തെ അംഗപരിമിത സൗഹൃദമാക്കുന്നതിനുംവേണ്ടി 'അനുയാത്ര'-യിലൂടെ വിവിധ പരിപാടികൾ സംസ്ഥാന സർക്കാർ 2017 ജൂൺ മാസം മുതൽ നടപ്പാക്കി വരികയാണ്.

(സി) അംഗപരിമിത മേഖലയിൽ ഏറ്റെടുക്കേണ്ട പ്രാഥമിക പ്രതിരോധ പ്രവർത്തനങ്ങൾ മുതൽ സുസ്ഥിരമായ പുനരധിവാസം വരെയുള്ള "സമഗ്ര ജീവിതചക്ര സമീപനമാണ്" അനുയാത്രയിൽ സ്വീകരിച്ചിട്ടുള്ളത്. അംഗപരിമിത മേഖലയിലെ അന്താരാഷ്ട്ര കാഴ്ചപ്പാടുകൾക്കും സമീപനങ്ങൾക്കും അനുസൃതമായും 2016-ലെ അംഗപരിമിതരുടെ അവകാശ നിയമത്തിനനുസൃതമായുമാണ് അനുയാത്ര നടപ്പാക്കുന്നത്. അനുയാത്രയുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
2. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളും റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകളും സ്ഥാപിക്കൽ.
3. നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം.
4. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ.
5. കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി 'കാതോരം' പദ്ധതി.
6. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ സ്ഥാപിക്കൽ.
7. അംഗപരിമിതർക്കാവശ്യമായ വിവരങ്ങൾ യഥാസമയം ലഭ്യമാക്കാനായി ഹെൽപ്പ് ഡസ്ക്.
8. ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ചികിത്സയും തെറാപ്പികളും അനുബന്ധ സേവനങ്ങളും ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്ററുകൾ.
9. പ്രീ സ്കൂൾ തലത്തിൽത്തന്നെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിചരണങ്ങൾ നൽകുന്നതിനായി സ്പെഷ്യൽ അങ്കണവാടികൾ.
10. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC).
11. അംഗപരിമിതികൾ മറികടക്കാൻ ആവശ്യമായി വരുന്ന കറക്ഷൻ സർജറികൾ.
12. മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾക്ക് അംഗപരിമിതരോട് ആർദ്രതാ മനോഭാവം വളർത്തിയെടുക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി Student Initiative in Community Rehabilitation പദ്ധതി.

13. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും.

14. അംഗപരിമിതർക്ക് ആവശ്യമായ വ്യക്തിഗത സേവനങ്ങൾ ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വ്യക്തിഗത പരിപാലന പദ്ധതി.

15. പരിക്കുകൾമൂലമുണ്ടാകുന്ന അംഗപരിമിതികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ.

16. ചലന വൈകല്യങ്ങളുള്ളവർക്ക് സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു പ്രോസ്റ്റെറ്റിക് ആന്റ് ഓർത്തോട്ടിക് യൂണിറ്റ്.

17. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകൾ.

18. വിവര വിദ്യാഭ്യാസ വ്യാപന (IEC) പ്രവർത്തനങ്ങൾ - എം.പവർ

19. അനുയാത്ര-വി കെയർ ഫിലിം ഫെസ്റ്റിവൽ ഓൺ ഡിസെബിലിറ്റീസ്.

20. അംഗപരിമിത മേഖലയിൽ ദേശീയതലത്തിൽ നടക്കുന്ന നൂതന മാതൃകകളും പ്രവർത്തനങ്ങളും കണ്ടെത്തുന്നതിനായി ദേശീയ ശില്പശാല.

21. അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (സ്വാവലംബൻ)

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ തീരദേശ മേഖലകളിൽ പ്രത്യേക ശ്രദ്ധ നൽകി വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനുമായി ഈ മേഖലകളിൽ പ്രത്യേക ഡിസെബിലിറ്റി മാനേജ്മെന്റ് യൂണിറ്റുകൾ അനുയാത്രയുടെ ഭാഗമായി ആരംഭിക്കുന്നതാണ്. ഇതിന്റെ ആദ്യഘട്ടമായി പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതലുള്ള മേഖലകളായ അട്ടപ്പാടി, മാനന്തവാടി എന്നീ സ്ഥലങ്ങളിൽ പ്രത്യേക ഡിസെബിലിറ്റി യൂണിറ്റുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അട്ടപ്പാടിയിൽ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിലും മാനന്തവാടി താലൂക്ക് ആശുപത്രിയിലും ഈ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ഓരോ യൂണിറ്റിനും 19.00 ലക്ഷം രൂപ നിരക്കിൽ രണ്ട് യൂണിറ്റുകൾക്ക് 38.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. യൂണിറ്റിന്റെ നിർവ്വഹണത്തിനായി ദേശീയ ആരോഗ്യ മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

തീരദേശ മേഖലയിലും ഇത്തരം പ്രത്യേക യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടാതെ സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന സംയോജിത പട്ടികവർഗ്ഗ ആരോഗ്യ പ്രവർത്തന ഭിന്നശേഷി പദ്ധതിയുടെ ഭാഗമായി പട്ടികവർഗ്ഗ ക്കാരായ ഭിന്നശേഷി വിഭാഗത്തിന്റെ ഭിന്നശേഷി നിർണ്ണയം നടത്തി ആവശ്യമായ സഹായ ഉപകരണങ്ങൾ നൽകുന്നതിനും അവരുടെ വ്യക്തിഗത പരിപാലന പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രോജക്ട് നിർവ്വഹണത്തിനുമായി കേരള സാമൂഹ്യ സുരക്ഷാ മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## വിജിലൻസ് ഡയറക്ടർ നിയമനം

24(*24) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് കമ്മീഷൻ രൂപീകരിക്കണമെന്ന് ഭരണപരിഷ്കാര കമ്മീഷൻ അതിന്റെ ഒന്നാമത് റിപ്പോർട്ടിൽ ശിപാർശ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ശിപാർശയിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാന പോലീസ് മേധാവിയുടെയും വിജിലൻസ് ഡയറക്ടറുടെയും തസ്തികകൾ കേന്ദ്ര സർക്കാർ അംഗീകരിച്ച ഡി.ജി.പി. റാങ്കിലുള്ള കേഡർ തസ്തികകളാണോ;

(സി) ക്രമസമാധാന ചുമതലയുള്ള ഡി.ജി.പി.യെത്തന്നെ കേഡർ പദവിയിലുള്ള വിജിലൻസ് ഡയറക്ടറായി ആറുമാസത്തിലധികം കാലയളവിൽ നിയമിക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ അനുമതി ആവശ്യമുണ്ടോ; ശ്രീ. ലോക്നാഥ് ബെഹ്റയ്ക്ക് വിജിലൻസ് ഡയറക്ടറുടെ അധികചുമതല പതിനൊന്ന് മാസത്തോളം നൽകിയത് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ അനുമതിയോടുകൂടിയായിരുന്നോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(ഡി) വിജിലൻസ് വകുപ്പിൽ സ്ഥിരം ഡയറക്ടറെ നിയമിക്കാത്തതിന് കേരള ഹൈക്കോടതി സംസ്ഥാന സർക്കാരിനെ വിമർശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിമർശനത്തിന് ശേഷവും ഇക്കാര്യത്തിൽ കാലതാമസമുണ്ടായതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) വിജിലൻസ് ഡയറക്ടറുടെ പദവി എക്സ് കേഡർ തസ്തികയാക്കി മാറ്റുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിരുന്നുവോ; എങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നുവെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) സംസ്ഥാന പോലീസ് മേധാവിയുടെയും വിജിലൻസ് ഡയറക്ടറുടെയും തസ്തികകൾ കേന്ദ്ര സർക്കാർ അംഗീകരിച്ച ഡി.ജി.പി. റാങ്കിലുള്ള കേഡർ തസ്തികകളാണ്.

(സി) ഇന്ത്യൻ പോലീസ് സർവീസ് (കേഡർ) റൂൾസ് 1954-ലെ 11 (ii) ചട്ടപ്രകാരം സംസ്ഥാന സർക്കാരിന് ആവശ്യമുള്ളപക്ഷം ഒരു കേഡർ ഓഫീസർക്ക് മറ്റൊരു കേഡർ തസ്തികയുടെ ചുമതല കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടെ 12 മാസത്തിൽ കവിയാതെയുള്ള കാലയളവിലേയ്ക്ക് നൽകാവുന്നതാണ്. വിജിലൻസ് ഡയറക്ടറുടെ അധിക ചുമതല ശ്രീ. ലോക്നാഥ് ബെഹ്റ ഐ.പി.എസ്.-ന് തുടർച്ചയായി 11 മാസം നൽകിയിട്ടില്ല.

(ഡി) വിജിലൻസ് വകുപ്പിൽ ഡയറക്ടർ നിയമനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി വിമർശനമൊന്നും നടത്തിയിട്ടില്ല. സ.ഉ. (സാധാ) നമ്പർ 954/18/GAD തീയതി 14-2-2018 പ്രകാരം പുതിയ ഡയറക്ടറെ നിയമിക്കുകയും 16-2-2018-ന് ചാർജ്ജെടുക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) വിജിലൻസ് ഡയറക്ടറുടെ തസ്തിക കേഡർ തസ്തികയാണ്. ഈ തസ്തിക എക്സ് കേഡറാക്കി മാറ്റുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിട്ടില്ല.

## ക്രമസമാധാനപാലനത്തിന് ആധുനിക സാങ്കേതികവിദ്യ

25(*25) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ക്രമസമാധാനപാലനം കാര്യക്ഷമമാക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) ക്രമസമാധാനപാലനത്തിന് ആധുനിക സാങ്കേതികവിദ്യയുടെ പ്രയോഗം വ്യാപിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അറിയിക്കാമോ; പോലീസ് സ്റ്റേഷനുകളിൽ പോകാതെ പരാതി നൽകുവാൻ വേണ്ടിയുള്ള ഇ-കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമാക്കാമോ;

(സി) പോലീസ് സേനയുടെ പ്രവർത്തനം കൂടുതൽ മേഖലകളിലേക്ക് വിപുലീകൃതമായതിന്റെ പശ്ചാത്തലത്തിൽ, രണ്ടു ദശാബ്ദങ്ങൾക്ക് മുമ്പ് നിശ്ചയിച്ച സ്റ്റാഫ് പാറ്റേൺ പുതുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പോലീസ് സേനയെ കാര്യക്ഷമമാക്കി ക്രമസമാധാനം നിലനിർത്തുന്നതിനും കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സംസ്ഥാനത്ത് നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 21-10-2017 തീയതിയിലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ 211/2017/ ആഭ്യന്തരം ഉത്തരവ് പ്രകാരം ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുന്ന സംവിധാനം ആരംഭിക്കുകയും അവരുടെ കീഴിൽ ക്രമസമാധാന പരിപാലനത്തിനും കുറ്റാന്വേഷണത്തിനുമായി ഓരോ സബ്ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ രണ്ട് വിഭാഗങ്ങളായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു. നിലവിലുള്ള പല നിയമങ്ങളും നടപ്പിലാക്കുന്നതിനുള്ള ചുമതല സ്റ്റേഷൻ ഹൗസ് ഓഫീസറിൽ നിക്ഷിപ്തമാണ്. താരതമ്യേന പരിചയക്കുറവുള്ള സബ്ഇൻസ്പെക്ടറുടെ സ്ഥാനത്ത് ഉയർന്ന റാങ്കിലുള്ള പരിണിതപ്രജ്ഞരായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിലൂടെ കൂടുതൽ കാര്യക്ഷമമായി ഇക്കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്നതാണ്.

ക്രമസമാധാനനില ഭദ്രമാക്കുന്നതിന്റെ ഭാഗമായി ജനമൈത്രി സുരക്ഷാ പദ്ധതി കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും നടപ്പാക്കിയിട്ടുണ്ട്. സോഷ്യൽ മീഡിയ ഫലപ്രദമായി ഉപയോഗപ്പെടുത്തി ജനങ്ങൾക്ക് പോലീസുമായി സമ്പർക്കം പുലർത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. പൊതുജനങ്ങൾ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യുന്ന പരാതികളുടെ എഫ്.ഐ.ആർ-ന്റെ പകർപ്പ് ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകവഴി പോലീസും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തി ക്രമസമാധാനപാലനം കാര്യക്ഷമമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ബി) പോലീസ് സേനയുടെ ആധുനികവത്കരണത്തിന്റെ ഭാഗമായി പുതിയ പദ്ധതികൾ കേരള പോലീസ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. അത്യന്താധുനിക സാങ്കേതികവിദ്യയിലുള്ള ശരീരത്തിൽ ധരിക്കാവുന്ന തരത്തിലുള്ള ക്യാമറകൾ, ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ക്യാമറകൾ (CCTV), സ്പീഡ് റഡാർ (Speed Radar), വേഗത നിർണ്ണയ ക്യാമറകൾ (Speed Detection Cameras), വെഹിക്കിൾ മൗണ്ടഡ് ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (Vehicle Mounted GPS Systems), ട്രാഫിക് സിഗ്നൽ സിസ്റ്റംസ് (Traffic Signal Systems), ട്രാഫിക് എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ, ട്രാഫിക് ഗെയിമിംഗ് ആപ്ലിക്കേഷനുകൾ, ബ്രൂസ് ബസ്സ് (ആൾക്കഹോൾ/ഡ്രഗ് ഡിറ്റക്ഷനുവേണ്ടി) തുടങ്ങിയ അനേകം ഉപകരണങ്ങൾ പോലീസ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും സബ് ഡിവിഷൻ ഓഫീസുകളും

കമ്പ്യൂട്ടർവത്കരിക്കുകയും കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിനും ജി.ഡി. രേഖപ്പെടുത്തുന്നതിനും മറ്റുമായി സി.സി.ടി.എൻ.എസ്. സംവിധാനം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. എഫ്.ഐ.ആർ. കേരളാ പോലീസിന്റെ വെബ്സൈറ്റിൽ നിന്നും പൊതുജനങ്ങൾക്ക് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

പോലീസ് സ്റ്റേഷനിൽ പോകാതെ പരാതി നൽകാൻ മാത്രമായുള്ള ഇ-കിയോസ്കുകൾ നിലവിൽ പ്രവർത്തനക്ഷമമല്ല.

(സി) ഉദ്ദേശിക്കുന്നുണ്ട്. പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## സപ്ലൈകോ വഴിയുള്ള നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രണം

26(*26) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നയം, ഇന്ധന വില വർദ്ധനവ്, കാലാവസ്ഥാ വ്യതിയാനം കൊണ്ടുള്ള വിളനാശം എന്നിവ കാരണം സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കൾക്കുണ്ടാകുന്ന വിലക്കയറ്റം ഇല്ലാതാക്കാൻ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കാമോ;

(ബി) ആന്ധ്രാപ്രദേശിൽ നിന്നും മത്സരാധിഷ്ഠിത വിലയ്ക്ക് അരി സംഭരിച്ച് സംസ്ഥാനത്ത് ന്യായവിലയ്ക്ക് ലഭ്യമാക്കാനുള്ള നടപടി ഫലവത്താകുന്നുണ്ടോ;

(സി) സപ്ലൈകോ വഴി നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിതവിലയ്ക്ക് നൽകുന്നത് കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) സപ്ലൈകോയുടെ കാര്യക്ഷമമായ വിപണിയിടപെടൽ പദ്ധതി വഴി 14 ഇനം അവശ്യ ഭക്ഷ്യവസ്തുക്കൾ സബ്സിഡി വിലയിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. സുതാര്യമായ ഇലക്ട്രോണിക് ടെണ്ടർ സംവിധാനം വഴി വളരെ കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ വാങ്ങി വിപണിയിൽ ആവശ്യാനുസരണം സ്റ്റോക്ക് എത്തിച്ച് കുറഞ്ഞവിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കുക വഴി വില നിലവാരം നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഓണക്കാലത്ത് ആന്ധ്രാപ്രദേശിൽ നിന്നും അരി സംഭരിച്ച് ന്യായവിലയ്ക്ക് സംസ്ഥാനത്ത് ലഭ്യമാക്കിയ നടപടി ഫലവത്തായിരുന്നു.

(സി) നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് പൊതുവിപണിയിൽ എത്തിക്കുന്നതിനായി സബ്സിഡി നിരക്കിൽ 14 ഇനം അവശ്യ സാധനങ്ങൾ ശരാശരി 20 മുതൽ 50% വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യവസ്തുക്കൾ പൊതു വിപണിയെക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

**ചിൽഡ്രൻ ആന്റ് പോലീസ് പദ്ധതി**

27(*27) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. പി. വി. അൻവർ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പാക്കുന്ന ചിൽഡ്രൻ ആന്റ് പോലിസ് (സി.എ.പി.) പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ ബാലസൗഹൃദവും സ്ത്രീ സൗഹൃദവും ആക്കി തീർക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) വീടുകളിൽ ദുരുദ്ദേശ്യത്തോടെ സ്റ്റിക്കർ പതിക്കുന്നവർക്കെതിരെയും ഇതിന്റെയടിസ്ഥാനത്തിൽ കുട്ടികളെ തട്ടികൊണ്ടു പോകുന്നവർ വ്യാപകമാണെന്ന നുണപ്രചാരണം നടത്തി ജനങ്ങളിൽ അനാവശ്യ ഭീതി പടർത്തുന്ന പ്രവണത അവസാനിപ്പിക്കുന്നതിനും കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളും കുറ്റകൃത്യങ്ങളും തടയുകയും കുട്ടികൾക്ക് കൂടുതൽ സുരക്ഷിതത്വം ഉറപ്പുവരുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് 'കുട്ടികളും പോലീസും' (സി.എ.പി) എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. തിരുവനന്തപുരം സിറ്റി ഫോർട്ട് പോലീസ് സ്റ്റേഷനിലാണ് ഈ പദ്ധതി ആദ്യമായി നടപ്പിൽ വരുത്തിയത്. കൂടാതെ 6 പോലീസ് സ്റ്റേഷനുകളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. രൂപത്തിലും ഭാവത്തിലും ഘടനയിലും ഒരു ശിശു സൗഹൃദ അന്തരീക്ഷവും പ്രവർത്തനവും ഒരുക്കുക എന്നുള്ളതാണ് ശിശു സൗഹൃദ പോലീസ് സ്റ്റേഷൻകൊണ്ട് ഉദ്ദേശിക്കുന്നത്.

കുട്ടികളുടെ ക്ഷേമത്തിനും സുരക്ഷിതത്വത്തിനുംവേണ്ടി പ്രവർത്തിച്ചുവരുന്ന വിവിധ സർക്കാർ സംവിധാനങ്ങളും വിദ്യാഭ്യാസ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, ചൈൽഡ് ലൈൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്നിവയുമായി

ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികളെയും നിയമപരമായ പ്രശ്നങ്ങളിൽ അകപ്പെടുന്ന കുട്ടികളെയും പോലീസ് സ്റ്റേഷന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്നതിനും അവർക്ക് ജീവിതത്തിൽ വിജയിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുക, ജുവനൈൽ ജസ്റ്റിസ് ആക്ട്, പോക്സോ ആക്ട് എന്നിവ പ്രകാരം കുട്ടികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പാക്കുന്നതിനും അവ കർശനമായി നടപ്പാക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുക, ബാലവേല, ബാലഭിക്ഷാടനം തുടങ്ങിയ വിപത്തുകൾ തടയുക എന്നിവയാണ് ഈ പദ്ധതിയിലൂടെ പ്രധാനമായും നടപ്പാക്കിവരുന്നത്.

(ബി) കുട്ടികളുമായി ബന്ധപ്പെട്ടുണ്ടാകുന്ന കേസുകളിൽ കുട്ടികൾക്ക് ആവശ്യമായ സഹായങ്ങൾ നൽകി അവരുടെ സംരക്ഷണം ഏറ്റെടുത്ത് പരിപാലിക്കുന്നതിന് ജുവനൈൽ വെൽഫെയർ ഓഫീസർ ഉൾപ്പെടുന്ന ഒരു സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.

സ്ത്രീകൾക്കും കുട്ടികൾക്കും നിർഭയമായി പോലീസ് സ്റ്റേഷനുകളിൽ പരാതികളും മറ്റും നൽകുന്നതിലേയ്ക്കായി പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡസ്ക് പ്രവർത്തിച്ചുവരുന്നു. ഇവരുടെ പരാതികൾ സ്വീകരിക്കുന്നതിനായി എല്ലാ പഞ്ചാത്തുകളിലും ആഴ്ചയിൽ ഒരു ദിവസം ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥയെ പഞ്ചായത്ത് ബീറ്റിന്റെ ഭാഗമായി അയയ്ക്കുന്നുണ്ട്.

സ്ത്രീകളുടെയും കുട്ടികളുടെയും സ്വയരക്ഷയും ആത്മധൈര്യവും വർദ്ധിപ്പിക്കുന്ന തിനായി സ്കൂൾ, കോളേജ്, കുടുംബ യൂണിറ്റുകൾ, റസിഡൻസ് അസോസിയേഷൻ എന്നിവയുടെ സഹായത്തോടുകൂടി സെൽഫ് ഡിഫൻസ് പരിശീലന പദ്ധതി നടപ്പിലാക്കിവരുന്നു. സ്ത്രീകളെയും പെൺകുട്ടികളെയും യാത്രാവേളയിലും പൊതു സ്ഥലത്തും മറ്റും ശല്യം ചെയ്യുന്നവരെ പിടികൂടുന്നതിനായി പിങ്ക് പട്രോൾ പദ്ധതിയും പിങ്ക് ബീറ്റും നടപ്പിലാക്കിവരുന്നു.

(സി) ഇത്തരം നുണപ്രചരണം നടത്തി ജനങ്ങളിൽ അനാവശ്യ ഭീതി പടർത്തുന്ന പ്രവണത അവസാനിപ്പിക്കുന്നതിനായി കർശന നടപടികൾ സ്വീകരിക്കാൻ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും ക്രമസമാധാന ചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥന്മാർക്കും സംസ്ഥാന പോലീസ് മേധാവി കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## വിശപ്പുരഹിത കേരളം പദ്ധതി

28(*28) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം പദ്ധതി സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവയ്ക്ക് ധാന്യവിതരണത്തിന് പെർമിറ്റ് നൽകിയിരുന്നത് നിർത്തലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) നിർത്തലാക്കിയെങ്കിൽ ആയത് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(ഡി) ഈ വർഷത്തെ ബജറ്റിൽ വിശപ്പുരഹിത കേരളം പദ്ധതിക്ക് എത്ര തുക വകയിരുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) വിശപ്പുരഹിത കേരളം പദ്ധതി പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം, ആലപ്പുഴ എന്നീ ജില്ലകളിൽ നടപ്പാക്കാൻ തീരുമാനിച്ചതനുസരിച്ച് ടി പദ്ധതി നടത്തിപ്പിനായി 29-12-2017-ലെ സർക്കാർ ഉത്തരവ് (സാധാ) 489/2017/ഭ.പൊ.വി.വ. പ്രകാരം ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ച 40,89,375 രൂപ ജില്ലാ കളക്ടറുടെ ടി.എസ്.ബി. അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി ഏറെക്കുറെ പൂർത്തിയായിക്കഴിഞ്ഞു. തിരുവനന്തപുരം ജില്ലയിൽ ഈ പദ്ധതിയിൽ പങ്കാളിയാകാൻ ആഗ്രഹമുള്ള സന്നദ്ധ സംഘടനകളിൽ നിന്നും ലഭിച്ച പ്രൊപ്പോസലുകളിൽ ഏറ്റവും കുറവ് അടങ്കൽ തുക രേഖപ്പെടുത്തിയ ഗാന്ധി സ്മാരക നിധിയുടെ പ്രൊപ്പോസൽ അംഗീകരിച്ച് ടി സംഘടനയെ തിരുവനന്തപുരം ജില്ലയിലെ പദ്ധതി നടത്തിപ്പിനുള്ള ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ തിരുവനന്തപുരം ജില്ലയിലും പദ്ധതി നടപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ഇല്ല. അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവയ്ക്ക് ഭക്ഷ്യധാന്യ വിതരണം നടത്തുന്നതിനായി കേന്ദ്രത്തിൽ നിന്നും വെൽഫെയർ സ്കീമിൽ അനുവദിക്കുന്ന ഭക്ഷ്യധാന്യം 2017-18 സാമ്പത്തിക വർഷത്തിലെ ആദ്യ പകുതിയിലേയ്ക്കുള്ള

അലോട്ട്മെന്റ് മാത്രമേ ലഭിച്ചിട്ടുള്ളൂ. ആയത് പ്രകാരം 2017 സെപ്തംബർ മാസം വരെയുള്ള വിതരണം നടത്തിയിരുന്നു. രണ്ടാം പകുതിയിലേയ്ക്കുള്ള വിഹിതം ലഭ്യമാകാതിരിക്കുന്ന സാഹചര്യം കണക്കിലെടുത്ത് മുൻഗണന/എ.എ.വൈ. സ്കീമുകളിൽ നീക്കിയിരിപ്പുള്ള സ്റ്റോക്കിൽ നിന്നും ഇത്തരം സ്ഥാപനങ്ങൾക്ക് വിതരണം നടത്താൻ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിന് യാതൊരു ബുദ്ധിമുട്ടും നാളിതുവരെ ഉണ്ടായിട്ടില്ല.

(സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(ഡി) 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വരുന്ന സാമ്പത്തിക വർഷത്തേയ്ക്ക് പതിനാല് കോടി രൂപ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

## സിവിൽസപ്ലൈസ് കോർപ്പറേഷന്റെ ടെണ്ടർ നടപടികൾ

29(*29) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി ഔട്ട് ലെറ്റുകൾ വഴി വിൽപ്പന നടത്തുന്നതിനായുള്ള അവശ്യസാധനങ്ങളുടെ സംഭരണത്തിന് സിവിൽസപ്ലൈസ് കോർപ്പറേഷൻ നടത്തിവരുന്ന ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ടെണ്ടർ ഒഴിവാക്കി ഔട്ട് ലെറ്റ് മാനേജർ, ഡിപ്പോ മാനേജർ എന്നിവർ നേരിട്ട് വാങ്ങുന്ന സാധനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(സി) അമിതവിലക്കയറ്റം ഉണ്ടാകുന്ന സാഹചര്യങ്ങളിൽ ടെണ്ടർ ഒഴിവാക്കി അതത് സാധനങ്ങൾ ഉൽപാദന കേന്ദ്രങ്ങളിൽ നിന്ന് കോർപ്പറേഷൻ നേരിട്ട് സംഭരിക്കുന്നതിന് സംവിധാനം ഒരുക്കുമോയെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) എല്ലാ മാസവും കേന്ദ്രീകൃത സംവിധാനം വഴി ഇ-ടെണ്ടർ മുഖേനയാണ് അരി, പഞ്ചസാര എന്നിവ ഉൾപ്പെടെയുള്ള 26 ഇനം പലവ്യഞ്ജന സാധനങ്ങൾ വാങ്ങുന്നത്. ടെണ്ടർ നിബന്ധന പ്രകാരം ഗുണമേന്മയുള്ള സാധനങ്ങളാണ് വിൽപ്പനശാലകൾ വഴി വിതരണം നടത്തുന്നത്. നിശ്ചിത ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വിതരണം നടത്തുന്നവർക്കെതിരെ ടെണ്ടർ നിബന്ധനകൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഏറ്റവും സുതാര്യമായ ഡിജിറ്റൽ കീ സംവിധാനത്തോടു കൂടിയ ഇ-ടെണ്ടർ മുഖാന്തരം സാധനങ്ങൾ വാങ്ങിക്കുന്നതിനാൽ സുതാര്യത ഉറപ്പുവരുത്തി ഏറ്റവും കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വാങ്ങി ദൗർലഭ്യമില്ലാതെ യഥാസമയം വിതരണം നടത്താൻ സാധിക്കുന്നു.

(ബി) ടെണ്ടർ ഒഴിവാക്കി ഔട്ട് ലെറ്റ് മാനേജർ, ഡിപ്പോ മാനേജർ എന്നിവർ നേരിട്ട് സാധനങ്ങൾ വാങ്ങുന്നില്ല.

(സി) അമിത വിലക്കയറ്റം വരുമ്പോൾ സാധനങ്ങളുടെ ലഭ്യത കൂടുതൽ ഉറപ്പാക്കേണ്ട സാഹചര്യങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ ഉത്പാദന കേന്ദ്രങ്ങളിൽ നിന്ന് നേരിട്ട് സംഭരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

## വില നിയന്ത്രണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

30(*30) ശ്രീ. കെ. രാജൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചരക്ക് സേവന നികുതി നിയമം വന്നതിനുശേഷം പായ്ക്ക് ചെയ്ത സാധനങ്ങളുടെ വില കൂടിയിട്ടുണ്ടോ; എങ്കിൽ അധിക വില ഈടാക്കുന്നതിനെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വിലനിയന്ത്രണ അതോറിറ്റി രൂപവത്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതോറിറ്റിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) ജി.എസ്.ടി. ബോധവത്കരണത്തിനായി ഉപഭോക്തൃകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) പാക്കേജ്ഡ് കമ്മോഡിറ്റീസ് ചട്ടങ്ങൾ പ്രകാരം എം.ആർ.പി. -യെക്കാൾ അധിക വില ഈടാക്കിയതിന് 221 കേസുകൾ കണ്ടെത്തി 8,88,000 രൂപ പിഴ ഈടാക്കി.

(ബി) ഇല്ല. പൊതുവിതരണ വകുപ്പ് ഡയറക്ടർ കൺവീനറായി ഒരു പ്രൈസ് മോണിറ്ററിംഗ് സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത മോണിറ്ററിംഗ് സെൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അരി, വെളിച്ചെണ്ണ എന്നിവയുടെ പൂഴ്ത്തിവയ്പ് സംബന്ധിച്ച പരിശോധനാ റിപ്പോർട്ട് നൽകാൻ എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നൽകി.

കോട്ടയം ജില്ലയിൽ ലൈസൻസ് ഇല്ലാതെയും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാതെയും വ്യാപാരം നടത്തിയ 13 കേസുകളും ചങ്ങനാശ്ശേരി താലൂക്കിൽ 57 ചാക്ക് അരി പൂഴ്ത്തിവച്ചതായി കണ്ടെത്തിയ കേസുകളും ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അനന്തര നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകി.

വെളിച്ചെണ്ണയുടെ വില നിയന്ത്രിക്കുന്നതിന് വ്യാപാരികൾക്ക് സ്റ്റോക്ക് ലിമിറ്റ് നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാർഷിക ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവിന് കാരണമാകുന്ന സാഹചര്യങ്ങൾ, വില നിയന്ത്രണത്തിന് സ്വീകരിക്കേണ്ട നടപടികൾ എന്നിവ സംബന്ധമായി ഒരു പഠന റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിനായി കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിക്ക് നിർദ്ദേശം നൽകി.

വെളിച്ചെണ്ണയുടെ വില വർദ്ധനവിനിടയാകുന്ന സാഹചര്യങ്ങൾ, വിപണി വില നിയന്ത്രിക്കുന്നതിന് കേരഫെഡ് സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച് ഒരു സമഗ്ര റിപ്പോർട്ട് തയ്യാറാക്കി നൽകാനായി കേരഫെഡിനോട് ആവശ്യപ്പെട്ടു.

വിപണിയിൽ സവാള, ചെറിയ ഉള്ളി എന്നിവയുടെ വില കഴിഞ്ഞ വർഷത്തെക്കാൾ വർദ്ധിച്ചതായി കണ്ടെത്തിയതിനാൽ ഈ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി വിപണിയിൽ ഇടപെട്ട് അനുയോജ്യമായ നടപടികൾ സ്വീകരിക്കാൻ ഹോർട്ടി കോർപ്പിന് നിർദ്ദേശം നൽകി.

6-12-2017-ൽ സംസ്ഥാനതല പ്രൈസ് മോണിറ്ററിംഗ് സെൽ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തി വിപുലീകരിച്ചിട്ടുണ്ട്.

(സി) 'ജി.എസ്.ടി.-യും ഉപഭോക്തൃ സംരക്ഷണവും' എന്ന വിഷയത്തിൽ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളുടെ ആഭിമുഖ്യത്തിൽ 11-10-2017-ന് തിരുവനന്തപുരത്തും 16-11-2017-ന് കോഴിക്കോടും 30-12-2017-ന് എറണാകുളത്തും സെമിനാറുകൾ സംഘടിപ്പിച്ചു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### അഴിമതിമുക്തവും കാര്യക്ഷമവുമായ ഭരണസംവിധാനം

1(1) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണസംവിധാനം അഴിമതിമുക്തവും, കാര്യക്ഷമവും ആക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) അഴിമതി കേസ്സുകൾ സംബന്ധിച്ചുള്ള ഈ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ; പ്രസ്തുത നിലപാടുകൾക്ക് അനുസൃതമായ നടപടികൾ സ്വീകരിക്കുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മന്ത്രിമാർ പ്രതിസ്ഥാനത്തുള്ള അഴിമതി കേസ്സുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ; പ്രസ്തുത കേസുകളുടെ നിലവിലുള്ള സ്ഥിതി എന്താണ്;

(ഡി) ഭരണസംവിധാനം അഴിമതിമുക്തമാക്കുന്നതിൽ വിജിലൻസിന്റെ പങ്ക് എത്രമാത്രം സഹായകമായിരുന്നു; വിശദമാക്കുമോ?

ഉത്തരം

(എ&ബി) അഴിമതിയോട് വിട്ടുവീഴ്ചയില്ലാത്തതും ജനസൗഹൃദവുമായ ഒരു സിവിൽ സർവ്വീസാണ് സർക്കാർ വിഭാവന ചെയ്യുന്നത്. ഇതിനായി താഴെപ്പറയുന്ന കാര്യങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

1. സർക്കാർ സർവ്വീസിൽ സ്ഥലംമാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തി.

2. സംസ്ഥാന സേവനാവകാശ നിയമം, പൗരാവകാശ രേഖ എന്നിവ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടിയെടുത്തുവരുന്നു.

3. പ്രഗത്ഭരും പ്രാപ്തരുമായ പുതുതലമുറയെ പബ്ലിക് സർവ്വീസുകളിലേയ്ക്ക് ആകർഷിക്കുക, കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ ഉദ്ദേശ്യങ്ങളോടുകൂടി സെക്രട്ടേറിയറ്റ് ഉൾപ്പെടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചു.

4. ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുന്ന തിനുതകുംവിധം ഒരു പുതിയ പരിശീലന നയം രൂപീകരിച്ചു.

5. ഇ-ഗവേണൻസ്, ഇ-ടെണ്ടർ, പഞ്ചിംഗ് എന്നീ സംവിധാനങ്ങൾ എല്ലാ ഓഫീസുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

6. ജനസൗഹൃദ സിവിൽ സർവ്വീസ് ലക്ഷ്യംവച്ച് ആവശ്യമായ ശിപാർശകൾ സമർപ്പിക്കാൻ ഭരണ പരിഷ്കാര കമ്മീഷനെ നിയമിച്ചു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മന്ത്രിമാർ പ്രതിസ്ഥാനത്തുള്ള ഒരു വിജിലൻസ് കേസും രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ ഈ മന്ത്രിസഭയിലെ മന്ത്രിമാരായിരുന്ന ശ്രീ. തോമസ് ചാണ്ടി, ശ്രീ. ഇ. പി. ജയരാജൻ എന്നിവർ രാജിവച്ചതിനുശേഷം ഇവർക്കെതിരെ വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശ്രീ. ഇ. പി. ജയരാജനെതിരെയുള്ള എഫ്.ഐ.ആർ.-ഉം തുടർ നടപടികളും ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്തിട്ടുണ്ട്.

(ഡി) വിജിലൻസ് സംവിധാനം കർശനമായി നടപ്പിലാക്കിയതിന്റെ ഫലമായി നിരവധി അഴിമതി കേസ്സുകൾ വെളിച്ചത്തുകൊണ്ടുവരാനും തുടർ നടപടി സ്വീകരിക്കാനും കഴിഞ്ഞിട്ടുണ്ട്.

## മന്ത്രിസഭായോഗത്തിന്റെ ക്വാറം

2(2) ശ്രീ. കെ. മുരളീധരൻ :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മന്ത്രിസഭായോഗം ചേരുന്നതിന് ക്വാറം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) 2018 ഫെബ്രുവരി 9-ന് ചേർന്ന പ്രത്യേക മന്ത്രിസഭായോഗത്തിൽ എത്ര മന്ത്രിമാർ പങ്കെടുത്തുവെന്ന് അറിയിക്കുമോ;

(സി) ക്വാറം തികയാത്തതിനാൽ പ്രസ്തുത ദിവസം നിശ്ചയിച്ചിരുന്ന അജണ്ട ഒന്നും പരിഗണിക്കാതെ മന്ത്രിസഭായോഗം പിരിയേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അസാധാരണമായ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ എന്ത് നടപടികളാണ് കൈക്കൊള്ളുവാൻ പോകുന്നതെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ആകെയുള്ള മന്ത്രിമാരുടെ എണ്ണത്തിന്റെ പകുതിയിൽ കൂടുതൽ പേരെയാണ് മന്ത്രിസഭായോഗം ചേരുന്നതിനുള്ള ക്വാറമായി സെക്രട്ടേറിയറ്റ് ഇൻസ്ട്രക്ഷൻസ് ഖണ്ഡിക 18(2) പ്രകാരം നിശ്ചയിച്ചിട്ടുള്ളത്.

(ബി) 2018 ഫെബ്രുവരി 9-ന് പ്രത്യേക മന്ത്രിസഭാ യോഗം ചേർന്നിരുന്നില്ല.

(സി &ഡി) ബാധകമല്ല.

## എം.പി.-മാരുടെ യോഗം

3(3) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാനത്തെ എം.പി മാരുടെ യോഗം വിളിച്ച് ചേർത്തിരുന്നോ;

(ബി) എന്തെല്ലാം തീരുമാനങ്ങളാണ് പ്രസ്തുത യോഗത്തിൽ കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 28-11-2017-ൽ എം.പി.-മാരുടെ യോഗം വിളിച്ചുചേർത്തിരുന്നു.

(ബി) കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് പാർലമെന്റിൽ ഉന്നയിക്കേണ്ട പ്രമുഖ വിഷയങ്ങളെല്ലാം ഈ യോഗം ചർച്ച ചെയ്തിട്ടുണ്ട്.

**ഭരണഭാഷ**

4(4) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ മലയാളത്തിലാക്കുന്നതിന് ഈ സർക്കാർ നിലവിൽ വന്നശേഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) മന്ത്രിമാർ ഫയലുകളിൽ ഉത്തരവിടുന്നത് മലയാളത്തിലാണോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) റൂൾസ് ഓഫ് ബിസിനസ് മലയാളത്തിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന സർക്കാർ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇതുവരെ മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടില്ലാത്ത എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണ വകുപ്പുകളിലും ഇനി രൂപവൽക്കരിക്കപ്പെടുന്ന എല്ലാ വകുപ്പുകളിലും സർക്കാർ/ അർദ്ധസർക്കാർ/സ്വയംഭരണ/പൊതുമേഖല/സഹകരണ/തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യ ങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ട താണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നിർദ്ദേശം പൂർണ്ണമായും നടപ്പിൽ വരുത്തുന്നതിനുവേണ്ടി നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷ ഭാഷകളും ഉപയോഗിക്കേണ്ട സാഹചര്യങ്ങളൊഴികെയുള്ള എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും 2017 മേയ് 1 മുതൽ നിർബന്ധമായും മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭരണഭാഷാ പ്രഖ്യാപനം നടത്തിയിട്ടുണ്ട്.

ഭരണഭാഷാമാറ്റ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഭരണഭാഷാ വർഷാഘോഷം ദീർഘിപ്പിക്കുകയുണ്ടായി. ഈ കാലയളവിൽ വിവിധ വകുപ്പുകളും സ്ഥാപനങ്ങളും ഭരണഭാഷാ വ്യാപനത്തിനായി പ്രത്യേക കർമ്മപരിപാടി തയ്യാറാക്കി നടപ്പിലാക്ക ണമെന്ന് നിർദ്ദേശം നൽകുകയും കർമ്മ പരിപാടിയുടെ മാതൃക ഔദ്യോഗിക ഭാഷാ വകുപ്പ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. യൂണികോഡ് അധിഷ്ഠിത ഫോണ്ടിൽ മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം, ഭരണഭാഷാ പരിശീലനം, കോഡുകളും മാന്വലുകളും പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കൽ, ഭരണഭാഷാ പ്രചാരണം, ബോർഡുകൾ

മലയാളത്തിലാക്കൽ, വെബ്സൈറ്റിലെ വിവരം മലയാളത്തിൽക്കൂടി ലഭ്യമാക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടാണ് കർമ്മപരിപാടി രൂപപ്പെടുത്തിയത്. കൂടാതെ പ്രസ്തുത പരിപാടി നടപ്പിലാക്കുന്നതിനായി ഓരോ വകുപ്പിലും ഏകോപനാധികാരിയെ നിയോഗിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഭരണരംഗത്ത് മലയാളത്തിന്റെ ഉപയോഗം വ്യാപിപ്പിക്കുന്നതിനുവേണ്ടി സർക്കാർ ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനമായി വിവിധതലത്തിൽ ഭരണഭാഷാ പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിരുന്നത് ക്ലാസ് I, II വിഭാഗങ്ങൾക്കും ബാധകമാക്കി. കൂടാതെ മികച്ച ഭാഷാമാറ്റ പുരോഗതി കൈവരിക്കുന്ന ജില്ലയ്ക്കും വകുപ്പിനും ഭരണഭാഷാ പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്.

ഭരണഭാഷ സംബന്ധിച്ച് ജില്ലാ ഓഫീസർമാർക്കുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനും ഭരണഭാഷാ വ്യാപനത്തിന്റെ പ്രാധാന്യം ഉദ്ബോധിപ്പിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ജില്ലാതല ഭരണഭാഷാവബോധ പരിപാടി സംഘടിപ്പിച്ചുവരുന്നു. പ്രസ്തുത പരിപാടി മലപ്പുറം, കണ്ണൂർ, കൊല്ലം, കോട്ടയം ജില്ലകളിലും കോഴിക്കോട് സർവ്വകലാശാലയിലും സംഘടിപ്പിക്കുകയും കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ അവബോധ പരിപാടി നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഭരണഭാഷയായി മലയാളം ഉപയോഗിക്കുന്നതിന് സഹായകമായ രീതിയിൽ 'ഭരണ മലയാളം' എന്ന പേരിൽ ഔദ്യോഗിക ഭാഷാ വകുപ്പ് ഒരു ഓൺലൈൻ നിഘണ്ടു തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഓൺലൈൻ നിഘണ്ടുവിൽ ഭരണരംഗത്ത് ഉപയോഗിക്കുന്ന ഇരുപതിനായിരത്തോളം പദങ്ങളും പ്രയോഗങ്ങളും അവയുടെ നിരവധി മലയാളരൂപങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത നിഘണ്ടു glossary.kerala.gov.in ഡൊമെയ്ൻ വിലാസത്തിൽ ലഭ്യമാണ്. ഭരണഭാഷ സംബന്ധിച്ച 'ഭരണ മലയാളം' മൊബൈൽ ആപ്ലിക്കേഷൻ ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. കൂടാതെ ഭരണഭാഷ മലയാളമായി ഉപയോഗിക്കുന്നതിന് സഹായകമായ രീതിയിൽ 'ഭരണഭാഷാ പഠന പദ്ധതി' എന്ന പുസ്തകം ഔദ്യോഗിക ഭാഷാ വകുപ്പ് പുന:പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

സംസ്ഥാനത്തെ ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടിക്രമങ്ങൾ, ജീവനക്കാർക്ക് നൽകുന്ന മെമ്മോകൾ, ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം, സ്ഥാനക്കയറ്റം, നിയമന ഉത്തരവുകൾ എന്നിവ ഉൾപ്പെടെയുള്ള സർവ്വീസ് സംബന്ധിച്ച വിഷയങ്ങൾ മലയാളത്തിലായിരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) മന്ത്രിമാർ ഫയലുകളിൽ ഉത്തരവിടുന്നത് മലയാളത്തിലാണ്.

(സി) ഉണ്ട്.

## മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി പ്രത്യേക വകുപ്പ്

5(5) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2009-ൽ ആസൂത്രണ ബോർഡ് നടത്തിയ സർവ്വേയിൽ കേരളത്തിൽ ഒറ്റയ്ക്കു താമസിക്കുന്ന 60-നും 65 നും ഇടയിൽ പ്രായമുള്ളവരിൽ 7.5 ശതമാനവും 75-നും 79-നും ഇടയിൽ പ്രായമുള്ളവരിൽ 11.3 ശതമാനവും എൺപത് വയസ്സില ധികമുള്ളവരിൽ 10.3 ശതമാനവും ഏകാന്തതയനുഭവിക്കുന്നതായി രേഖപ്പെടുത്തി യിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള സർവ്വേയോ പഠനമോ പിന്നീട് നടന്നിട്ടുണ്ടോ; ഇത്തരത്തിലുള്ളവരെ സംരക്ഷിക്കാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വിദേശരാജ്യങ്ങളിലുള്ളതുപോലെ മുതിർന്ന പൗരന്മാരുടെ ജീവിതം സന്തുഷ്ടമാക്കാൻ പ്രത്യേക വകുപ്പ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ആസൂത്രണ ബോർഡ് ഇത്തരത്തിലുള്ള പഠനങ്ങളോ സർവ്വേയോ നടത്തിയിട്ടില്ല. എങ്കിലും സംസ്ഥാനത്ത് പകൽ സമയങ്ങളിൽ വീട്ടിൽ ഒറ്റപ്പെടലും ഏകാന്തതയും അനുഭവിക്കുന്ന വയോജനങ്ങൾക്ക് മാനസിക സ്വാസ്ഥ്യത്തോടെ പകൽ സമയം ചെലവഴിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന പകൽ വീടുകൾക്ക് അധിക സൗകര്യങ്ങൾ നൽകിക്കൊണ്ട് 'സായംപ്രഭ' ഹോമുകളാക്കി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള 'സായംപ്രഭ ഹോം' പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ തീർത്തും ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങൾക്കായി സംസ്ഥാന സർക്കാരിനു കീഴിൽ 16 വൃദ്ധസദനങ്ങൾ ആധുനിക സൗകര്യങ്ങളോടു കൂടി പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

തിരുവനന്തപുരം ആസ്ഥാനമായുള്ള സെന്റർ ഫോർ ജറന്റോളജിക്കൽ സ്റ്റഡീസ് എന്ന സ്ഥാപനത്തെ സംസ്ഥാനത്തെ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് നിയോഗിക്കുകയും ടി സ്ഥാപനം പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ടി പഠന റിപ്പോർട്ടിൽ വയോജനങ്ങളുടെ ആരോഗ്യപരമായ വിഷയങ്ങളാണ് പഠന വിധേയമാക്കിയിട്ടുള്ളത് എന്നതിനാൽ പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകളിന്മേൽ അഭിപ്രായം അറിയിക്കുന്നതിനും ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതിനുമായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ടി റിപ്പോർട്ട് അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

## സർക്കാരിന്റെ രണ്ടാം വാർഷികം

6(6) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഒന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായി എന്തൊക്കെ പുതിയ പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത്; അതിൽ ഏതൊക്കെ പദ്ധതികൾ ഇതിനകം പ്രാവർത്തികമാക്കിയെന്ന് അറിയിക്കുമോ;

(ബി) ഒന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായി പത്ര-ദൃശ്യ മാധ്യമങ്ങൾ വഴി പരസ്യങ്ങൾ നൽകിയ വകയിൽ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാരിന്റെ രണ്ടാം വാർഷികം പ്രമാണിച്ച് എന്തെങ്കിലും പ്രത്യേക പരിപാടികൾ നടപ്പിലാക്കുവാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) സംസ്ഥാനം അഭിമുഖീകരിക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് പണച്ചെലവുള്ള വൻ ആഘോഷപരിപാടികളും പരസ്യവും ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ -ഡി) വിവരം ശേഖരിച്ചുവരുന്നു.

## കേന്ദ്രവുമായുള്ള ചർച്ചകൾ

7(7) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ മുഖ്യമന്ത്രിയും മന്ത്രിമാരും പ്രധാനമന്ത്രിയെയും മറ്റ് കേന്ദ്ര മന്ത്രിമാരെയും ഡൽഹിയിൽ സന്ദർശിച്ച് എത്ര തവണ ചർച്ചകൾ നടത്തിയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ചർച്ചകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ഏതൊക്കെ പദ്ധതികൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ചർച്ചകൾക്കായി സംസ്ഥാന ഖജനാവിൽ നിന്നും എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ -സി) വിവരം ശേഖരിച്ചുവരുന്നു.

**ഉദ്യോഗസ്ഥരുടെ വിദേശയാത്രാ ചെലവ്**

8(8) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മന്ത്രിമാർ നടത്തിയ വിദേശയാത്രകളിൽ അവരെ ഓരോരുത്തരേയും ഏതൊക്കെ ഉദ്യോഗസ്ഥർ അനുഗമിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരുടെ വിദേശയാത്രാചെലവിനത്തിൽ ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

**മുൻ സർക്കാരിന്റെ കാലത്ത് മന്ത്രിമാരുടെ ചികിത്സാനുകൂല്യങ്ങൾ**

9(9) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഓരോ മന്ത്രിയും ചികിത്സയ്ക്കായി എത്ര രൂപ വീതം വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണട വാങ്ങുന്നതിന് ആരൊക്കെ ആനുകൂല്യം വാങ്ങിയിട്ടുണ്ടെന്നും എത്രരൂപാ വീതമാണ് കൈപ്പറ്റിയതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) മറുപടി അനുബന്ധമായി ചേർക്കുന്നു.*

(ബി) ശ്രീ. പി. കെ. അബ്ദു റബ്ബ് (മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി - 23,100

ശ്രീ. കെ. സി. ജോസഫ് (മുൻ സാംസ്കാരികകാര്യ ഗ്രാമവികസന വകുപ്പുമന്ത്രി) - 4,495

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മുൻസർക്കാരിന്റെ കാലത്തെ ഫോൺ ബില്ലുകൾ

10(11) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയും, മന്ത്രിമാരും മൊബൈൽ ഫോൺ വിളിച്ച വകയിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് പ്രത്യേകം പ്രത്യേകം അറിയിക്കുമോ ;

(ബി) മുൻമുഖ്യമന്ത്രിയുടെയും മന്ത്രിമാരുടേയും ഔദ്യോഗിക വസതിയിലെ ഫോൺ ബില്ലിന്റെ വിശദാംശങ്ങൾ പ്രത്യേകം ലഭ്യമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം - എ ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം - ബി ആയി ചേർത്തിരിക്കുന്നു.*

## പ്രതിപക്ഷനേതാവ് യാത്രകൾക്കായി ചെലഴിച്ച തുക

11(13) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഇരുപതുമാസക്കാലം ബഹു. പ്രതിപക്ഷനേതാവ് നടത്തിയ യാത്രയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തിനകത്തും, പുറത്തും, വിദേശത്തുമായി നടത്തിയ യാത്രകൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## പ്രതിപക്ഷ നേതാവിന്റെ ഫോൺ ചാർജ്

12(14) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രതിപക്ഷ നേതാവിന്റെ മൊബൈൽ ഫോൺ ചാർജിനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയിലും ഓഫീസിലും ടെലഫോൺ ചാർജിനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2,07,603 രൂപ

(ബി) 1,91,771 രൂപ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രതിപക്ഷ നേതാവിന്റെ ചികിത്സാ ചെലവ്

13(15) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രതിപക്ഷ നേതാവിന്റെ ചികിത്സയ്ക്കായി എത്ര തുക കൈപ്പറ്റിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രതിപക്ഷ നേതാവിന്റെ ചികിത്സയ്ക്കായി 96,269 രൂപ കൈപ്പറ്റിയിട്ടുണ്ട്.

## മന്ത്രിമാർ ടി.എ., ഡി.എ. ഇനത്തിൽ കൈപ്പറ്റിയ തുക

14(16) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയും, മന്ത്രിമാരും ടി.എ, ഡി.എ ഇനത്തിൽ എത്ര തുക കൈപ്പറ്റിയിട്ടുണ്ടെന്ന് പ്രത്യേകം കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയും മന്ത്രിമാരും ടി.എ., ഡി.എ. ഇനത്തിൽ കൈപ്പറ്റിയ തുക സംബന്ധിച്ച വിവരം അനുബന്ധം-I ആയി ചേർക്കുന്നു.*

## മുഖ്യമന്ത്രിയും മന്ത്രിമാരും നടത്തിയ വിദേശയാത്രകൾ

15(17) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയും, മന്ത്രിമാരും ഏതൊക്കെ വിദേശ രാജ്യങ്ങളിൽ സന്ദർശനം നടത്തി; ഔദ്യോഗികവും, അനൗദ്യോഗികവുമായ യാത്രകളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത സന്ദർശനങ്ങൾ എന്തൊക്കെ കാര്യങ്ങൾക്ക് വേണ്ടിയായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) ഓരോ മന്ത്രിക്കും ഈയിനത്തിൽ ചെലവായ തുകയുടെ കണക്ക് പ്രത്യേകം പ്രത്യേകം നൽകാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ചെലവ്

16(20) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെയും, മന്ത്രിമാരുടെയും യാത്രാബത്ത, ദിനബത്ത ഇനത്തിൽ എന്ത് തുക ചെലവഴിച്ചു;

(ബി) വിമാനയാത്രാകൂലിയിനത്തിൽ മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കുമായി എന്ത് തുക ചെലവഴിച്ചു; വിശദാംശം പ്രത്യേകം പ്രത്യേകം ലഭ്യമാക്കാമോ;

(സി) മന്ത്രിമാരുടെ സൽക്കാരത്തിനും, ടെലിഫോൺ ചാർജ്ജിനത്തിനുമായി എന്ത് തുക ചെലവഴിച്ചു; വിശദമാക്കുമോ?

### ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും യാത്രാബത്ത, ദിനബത്ത, വിമാനയാത്രാക്കൂലി എന്നീ ഇനങ്ങളിൽ കൈപ്പറ്റിയ തുക സംബന്ധിച്ച വിവരം അനുബന്ധം-I ആയി ചേർക്കുന്നു.*

(സി) മന്ത്രിമാരുടെ സൽക്കാരത്തിനും ടെലിഫോൺ ചാർജ്ജിനത്തിനുമായി ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധം-II ആയി ചേർക്കുന്നു.*

## പി.എസ്.സി. നിയമനങ്ങൾ

17(21) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 31-12-2017 വരെ പി.എസ്.സി. മുഖേന എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പി.എസ്.സി. മുഖേന എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പല വകുപ്പുകളിലും വിവിധ തസ്തികകളിലെ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) 62,160 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) 1,54,386 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി&ഡി) ഉണ്ട്. 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16-8-2017-ലെ AdvC3/304/2017/P&ARD നമ്പർ സർക്കുലർ മുഖേന എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമനം പി.എസ്.സി.-ക്ക് വിട്ട സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നതിനായി വിശേഷാൽ ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) സമയബന്ധിതമായി രൂപീകരിക്കാനും ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കാനും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ അടിയന്തര നടപടി സ്വീകരിക്കാനുള്ള കർശന നിർദ്ദേശം 7-10-2017-ലെ ഉ.പ.സി1/222/17/ഉഭപവ നമ്പർ സർക്കുലർ പ്രകാരം നൽകിയിരുന്നു. കാലാവധി പൂർത്തിയാകുന്ന എൽ.ഡി.സി. (വിവിധം), എൽ.ജി.എസ്. (വിവിധം) റാങ്ക് ലിസ്റ്റുകളിൽനിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാകുന്ന മുറയ്ക്കുതന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 13-12-2017-ലെ ഉ.പ.സി3/428/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഒഴിവുകൾ പി.എസ്.സി.-യുടെ ഇ-വേക്കൻസി സോഫ്റ്റ്‌വെയർ മുഖാന്തിരം കൃത്യമായി റിപ്പോർട്ട് ചെയ്യാൻ 20-12-2017-ലെ ഉ.പ.സി3/141/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ വിവിധ വകുപ്പുകളിലെ നിലവിലുള്ള എല്ലാ ഒഴിവുകളും കമ്പനി/കോർപ്പറേഷൻ/ബോർഡ്/യൂണിവേഴ്സിറ്റികൾ/സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ നിയമനം പി.എസ്.സി.-ക്ക് വിട്ട തസ്തികകളിലെ എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ മേധാവികൾക്കും നിയമനാധികാരികൾക്കും 7-2-2018-ലെ ഉ.പ.സി 3/536/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## പുതിയ തസ്തികകൾ

18(22) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി തസ്തികകൾ സൃഷ്ടിക്കുവാൻ പാടില്ലെന്ന ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) വിവിധ വകുപ്പുകളിലും സെക്രട്ടേറിയറ്റിലും യൂണിവേഴ്സിറ്റികളിലും നിരവധി ഒഴിവുകൾ ഉണ്ടായിട്ടും നികത്തുവാൻ അധികൃതർ നടപടി സ്വീകരിക്കുന്നില്ലെന്ന കാര്യം സർക്കാർ പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നിലവിലുള്ള ഒഴിവുകളുടെ വിശദമായ വിവരം ജില്ലതിരിച്ച് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സമയാസമയങ്ങളിലുണ്ടാകുന്ന മുഴുവൻ ഒഴിവുകളും ഉടനടി തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേൽ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ വിവിധ വകുപ്പുകളിലെ നിലവിലുള്ള ജില്ലാ ഒഴിവുകളും കമ്പനി/ കോർപ്പറേഷൻ/ ബോർഡ്/യൂണിവേഴ്സിറ്റികൾ/സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ പി.എസ്.സി.-ക്ക് വിട്ട തസ്തികകളിലെ എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകുന്ന സർക്കുലർ നമ്പർ ഉ.പ.സി3/536/17/ഉഭപവ. തീയതി 7-2-2018-ൽ പുറപ്പെടു വിച്ചിട്ടുണ്ട്. കൂടാതെ 16-8-2017-ലെ AdvC3/304/2017/P&ARD, 7-10-2017-ലെ AdvC1/222/2017/P&ARD, 13-12-2017-ലെ ഉ.പ.സി3/428/17/ഉഭപവ, 20-12-2017-ലെ ഉ.പ.സി3/141/17/ഉഭപവ സർക്കുലറുകൾ പ്രകാരവും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

## വിവിധ വകുപ്പുകളിൽ സൃഷ്ടിച്ച തസ്തികകൾ

19(23) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്;

(ബി) ഓരോ വകുപ്പിലും സൃഷ്ടിച്ചിട്ടുള്ള തസ്തികകൾ പ്രത്യേകം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## മലപ്പുറം ജില്ലയിലെ എൽ.ഡി. ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റ്

20(24) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നിലവിലുള്ള എൽ.ഡി ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റുകളിൽ നിന്നും 2018 ജനവരി 31 വരെ നടത്തിയ നിയമന വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ജില്ലയിലെ വിവിധ വകുപ്പുകളിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവുകൾ നികത്തുവാനും നിയമന നടപടികൾ ത്വരിതപ്പെടുത്തുവാനും സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് നിലവിലുള്ള ലിസ്റ്റിൽനിന്നും 2018 ജനുവരി 31 വരെ 819 പേർക്കും എൽ.ജി.എസ്. തസ്തികയിലേയ്ക്ക് 697 പേർക്കും പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) എൽ.ഡി.സി., എൽ.ജി.എസ്. തസ്തികകളിലേയ്ക്ക് വിവിധ വകുപ്പുകളിൽ നിന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നിയമനം ത്വരിതപ്പെടുത്താനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16-8-2017-ലെ AdvC3/304/2017/P&ARD നമ്പർ സർക്കുലർ മുഖേന എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കാലാവധി പൂർത്തിയാകുന്ന എൽ.ഡി.സി. (വിവിധം), എൽ.ജി.എസ്. (വിവിധം) റാങ്ക് ലിസ്റ്റുകളിൽനിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാകുന്ന മുറയ്ക്കുതന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 13-12-2017-ലെ ഉ.പ.സി3/428/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഒഴിവുകൾ പി.എസ്.സി.-യുടെ ഇ-വേക്കൻസി സോഫ്റ്റ്‌വെയർ മുഖാന്തരം കൃത്യമായി റിപ്പോർട്ട് ചെയ്യാൻ 20-12-2017-ലെ ഉ.പ.സി3/141/17/ഉഭപവ സർക്കുലർ മുഖേന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്ന തിനായി എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും 7-2-2018-ലെ ഉ.പ.സി 3/536/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## പുതുതായി സൃഷ്ടിച്ച തസ്തികകൾ

21(25) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, നാളിതുവരെ ഓരോ വകുപ്പിലും എത്ര തസ്തികകൾ വീതം പുതുതായി സൃഷ്ടിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന നടപടി

22(26) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വകുപ്പുകളും ഒഴിവുള്ള തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്നുള്ള ഉത്തരവ് നല്കിയിട്ടുണ്ടോ; എങ്കിൽ സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) എല്ലാ സർക്കാർ വകുപ്പുകളും യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാറുണ്ടോയെന്നും, ഇത് പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി യിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(സി) 1-1-2017 മുതൽ 31-1-2018 വരെ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെയും നടത്തിയ നിയമനങ്ങളുടെയും വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16-8-2017-ലെ സർക്കുലർ നമ്പർ AdvC3/304/2017/P&ARD മുഖേന എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കാലാവധി പൂർത്തിയാക്കുന്ന എൽ.ഡി.സി. (വിവിധം), എൽ.ജി.എസ്.

(വിവിധം) റാങ്ക് ലിസ്റ്റുകളിൽനിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാകുന്നമുറയ്ക്കുതന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 13-12-2017-ലെ ഉ.പ.സി3/428/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഒഴിവുകൾ പി.എസ്.സി.-യുടെ ഇ-വേക്കൻസി സോഫ്റ്റ്‌വെയർ മുഖാന്തരം കൃത്യമായി റിപ്പോർട്ട് ചെയ്യാൻ 20-12-2017-ലെ ഉ.പ.സി3/141/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. നിയമനം പി.എസ്.സി.-ക്ക് വിട്ട സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നതിനായി വിശേഷാൽ ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) സമയബന്ധിതമായി രൂപീകരിക്കാനും ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കാനും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ അടിയന്തര നടപടി സ്വീകരിക്കാനുള്ള കർശന നിർദ്ദേശം 7-10-2017-ലെ ഉ.പ.സി1/222/17/ഉഭപവ നമ്പർ സർക്കുലർ പ്രകാരം നൽകിയിരുന്നു. നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ വിവിധ വകുപ്പുകളിലെ നിലവിലുള്ള എല്ലാ ഒഴിവുകളും കമ്പനി/കോർപ്പറേഷൻ/ബോർഡ്/യൂണിവേഴ്സിറ്റികൾ/സഹകരണസ്ഥാപനങ്ങൾ എന്നിവയിലെ, നിയമനം പി.എസ്.സി.-ക്ക് വിട്ട തസ്തികകളിലെ എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവി കൾക്കും നിയമനാധികാരികൾക്കും 7-2-2018-ലെ ഉ.പ.സി3/536/17/ ഉഭപവ. സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കുലറുകളുടെ പകർപ്പുകൾ അനുബന്ധം 1 ആയി ചേർക്കുന്നു.* ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പ് വിവിധ വകുപ്പുകളിൽ ത്വരിത പരിശോധന നടത്തിവരുന്നു.

(സി) ഈ കാലയളവിൽ വിവിധ വകുപ്പ് തലവന്മാരും/ നിയമനാധികാരികളും 38951 ഒഴിവുകൾ പി.എസ്.സി.-യെ എഴുതി അറിയിച്ചിട്ടുണ്ട്. 39238 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു.*

## ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി

23(27) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ്, എൽ.ഡി.സി. ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കാനും റാങ്ക് ലിസ്റ്റ് നിലവിലുള്ള ജില്ലകളിൽ കൂടുതൽ പേർക്ക് നിയമനം ലഭിക്കാനും സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സർക്കാർ ഉത്തരവ് പുറത്തിറക്കിയിട്ടും ഇതനുസരിച്ച് ഒഴിവുകൾ കണക്കാക്കുന്നതിനും അത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിലും ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരത്തിൽ വീഴ്ച വരുത്തിയവർ ആരൊക്കെ എന്ന് കണ്ടെത്തുന്നതിനും ഇവർക്കെതിരെ കർശന വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കാലാവധി പൂർത്തിയാകുന്ന എൽ.ഡി.സി. (വിവിധം), എൽ.ജി.എസ്. (വിവിധം) റാങ്ക് ലിസ്റ്റുകളിൽനിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാകുന്ന മുറയ്ക്കുതന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 13-12-2017-ലെ ഉ.പ.സി3/428/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാത്ത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യിക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഇല്ല.

(സി) അതത് വകുപ്പിനു കീഴിൽ വരുന്ന നിയമനാധികാരികൾ ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് വകുപ്പ് സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണെന്നും ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ സെക്രട്ടറി തലത്തിൽ ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് കർശന നിർദ്ദേശം നൽകേണ്ടതാണെന്നും വീഴ്ചവരുത്തുന്നവർക്കെതിരെ കർശന വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണെന്നും വകുപ്പു സെക്രട്ടറിമാർക്ക് 7-2-2018-ലെ നമ്പർ ഉപസി.3/536/17/ഉഭപവ സർക്കുലർ മുഖേന നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

## 2017-ലെ വിരമിക്കലും നിയമനവും

24(28) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെ എത്ര സർക്കാർ ജീവനക്കാരും അദ്ധ്യാപകരും സർവ്വീസിൽ നിന്നും വിരമിച്ചു എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് എത്ര പേർക്ക് പി.എസ്.സി. വഴി നിയമനം നൽകിയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## ഫയലിൽ തീരുമാനമെടുക്കുന്നതിന് കാലതാമസം

25(29) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലും വിവിധ വകുപ്പുകളിലും ഒരു ഫയലിൽ തീരുമാനമെടുക്കുന്നതിന് വലിയ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കാലതാമസം ഒഴിവാക്കുന്നതിന് എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്;

(സി) ഒരു ഫയൽ തീർപ്പാക്കുന്നതിലെ ദീർഘമായ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഒരു ഫയൽ പല തട്ടിലുള്ള മേലധികാരികൾ പരിശോധിച്ച് പോവുകയും തിരികെ അതുവഴിതന്നെ വരികയും ചെയ്യുന്നതുമൂലമുണ്ടാകുന്ന അനാവശ്യ കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫയലുകൾ കൈകാര്യം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി&ഡി) ഫയൽ പല തട്ടിലുള്ള മേലധികാരികൾ പരിശോധിക്കുന്നതുമൂലമുള്ള അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനായി സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിൽ ആവശ്യമായ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്.

## ഇ-ഗവേണൻസ് പദ്ധതി

26(30) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഗവേണൻസ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ പൊതുജനങ്ങൾ നിരന്തരം ബന്ധപ്പെടുന്ന ഓഫീസുകളുടെ പ്രവർത്തനം സുതാര്യവും, അഴിമതിമുക്തവുമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) സർക്കാർ ഓഫീസുകളെ പേപ്പർരഹിത ഓഫീസുകളാക്കുന്ന പദ്ധതി ഏതൊക്കെ ഓഫീസുകളിൽ ഇതിനകം പ്രാവർത്തികമാക്കി;

(ഡി) ഈ പദ്ധതിയുടെ ന്യൂനതകൾ എന്തൊക്കെയാണ്; അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇ-ഗവേണൻസിനായി സംസ്ഥാനത്ത് ആവിഷ്കരിച്ച വിവിധ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) വില്ലേജ് ഓഫീസിൽനിന്നും നൽകുന്ന 24 സേവനങ്ങൾ ഉൾപ്പെടെ ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കാനും അതുവഴി ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനാലും ഈ രംഗത്തുള്ള അഴിമതി, കാലതാമസം എന്നിവ ഒരു വലിയ പരിധിവരെ ഇല്ലാതാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) സർക്കാർ ഓഫീസുകൾ പേപ്പർ രഹിതമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിലെ നിയമ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 14 കളക്ടറേറ്റുകളിലും 7 സബ് കളക്ടറേറ്റുകളിലും 30 ഡയറക്ടറേറ്റുകളിലും/കമ്മീഷണറേറ്റുകളിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഇ-ഓഫീസ് ആപ്ലിക്കേഷനിൽ ചെറിയ രീതിയിലുള്ള പ്രവർത്തന പ്രശ്നങ്ങളും ചില സമയങ്ങളിൽ ഇ-ഓഫീസിന്റെ പ്രവർത്തനം സാവധാനത്തിലാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന്റെ ഭാഗമായി പുതിയ പതിപ്പ് പുറത്തിറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സിറ്റി കോമ്പൻസേറ്ററി അലവൻസ്

27(31) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ ജോലിചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന സി.സി.എ (സിറ്റി കോമ്പൻസേറ്ററി അലവൻസ്) തുക കിഴിവ് ചെയ്ത് കെ.എസ്.ആർ.ടി.സി.-ക്ക് നൽകുവാൻ സർക്കാർ തലത്തിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഗതാഗതവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നൽകിയ കത്തിന് ജീവനക്കാരുടെയും, വകുപ്പുകളുടെയും ഭാഗത്തുനിന്നും ലഭിച്ച അഭിപ്രായം എന്താണ്;

(സി) ജീവനക്കാരുടെ ഭാഗത്തുനിന്നും പ്രതികൂലമായ മറുപടിയാണ് ലഭിക്കുന്നതെങ്കിൽ ഈ തീരുമാനം ഒഴിവാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഇല്ല.

(ബി) അഭിപ്രായം ലഭ്യമായിട്ടില്ല.

(സി) എ- പിരിവിന്റെ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

## സിറ്റി കോമ്പൻസേറ്ററി അലവൻസ്

28(32) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് സിറ്റി കോമ്പൻസേറ്ററി അലവൻസ് (CCA) നൽകിവരുന്നത് ഏതെല്ലാം ചെലവുകൾ വഹിക്കുന്നതിന് വേണ്ടിയാണ്; വ്യക്തമാക്കുമോ?

(ബി) സി.സി.എ, ജീവനക്കാരിൽ നിന്നും കുറവുചെയ്ത് പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനായി കെ.എസ്.ആർ.ടി.സി.-ക്ക് നൽകുന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ആലോചനകൾ പൊതുഭരണ വകുപ്പിൽ നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഔദ്യോഗിക വാഹനങ്ങൾ ഉപയോഗിക്കുന്ന വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർക്ക് സി.സി.എ. നൽകി വരുന്നുണ്ടോ; ഇത് കുറവ് ചെയ്യുന്നതിന് ഏതെങ്കിലും തരത്തിലുള്ള ആലോചനകൾ നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബി-2 ക്ലാസിൽപ്പെടുന്ന നഗരങ്ങളിൽ ജീവിത ചെലവ് മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ഉയർന്നതായതിനാൽ ഈ പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് ഉണ്ടാകുന്ന സാമ്പത്തിക ക്ലേശങ്ങൾക്ക് ഒരാശ്വാസം എന്ന നിലയ്ക്കാണ് സിറ്റി കോമ്പൻസേറ്ററി അലവൻസ് (CCA) അനുവദിക്കുന്നത്.

(ബി) ഇതുസംബന്ധിച്ച നിർദ്ദേശം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്.

(സി) വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെടെയുള്ള ഓൾ ഇന്ത്യ സർവ്വീസ് ഉദ്യോഗസ്ഥർക്ക് സി.സി.എ. അനുവദിച്ചിട്ടില്ല.

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ നടപടി

29(33) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നയങ്ങൾക്കെതിരെ സമൂഹമാധ്യമങ്ങളിലൂടെ നിരന്തരം രാഷ്ട്രീയ പ്രചരണം നടത്തി സർക്കാരിന് അവമതിപ്പുണ്ടാക്കിയ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനം നോക്കുന്ന ശ്രീ. ശ്രീനാഥ് എന്ന ജീവനക്കാരനെതിരെ സംസ്ഥാന പോലീസ് മേധാവിയുടെ കീഴിലുള്ള ഹൈ-ടെക് ക്രൈം എൻക്വയറി സെൽ വിശദമായ അന്വേഷണം നടത്തി 15-5-2017-ലെ നമ്പർ T9/72411/2017/PHQ കത്ത് പ്രകാരം ശിക്ഷണ നടപടി ശിപാർശ ചെയ്തിട്ടും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ സംരക്ഷണയിൽ അദ്ദേഹം ശിക്ഷണ നടപടികളിൽനിന്നും രക്ഷപ്പെട്ട് അതേ ഓഫീസിൽ തന്നെ തുടരുന്നതുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിക്ക് 10-8-2017-ൽ മട്ടന്നൂർ എം.എൽ.എ നൽകിയ പരാതിയിന്മേൽ കൈക്കൊണ്ട നടപടി വ്യക്തമാക്കാമോ;

(ബി) സംസ്ഥാന പോലീസിന്റെ ഹൈ-ടെക് ക്രൈം എൻക്വയറി സെൽ കുറ്റക്കാരനാണെന്ന കണ്ടെത്തിയ ജീവനക്കാരനെതിരെയും അദ്ദേഹത്തെ സംരക്ഷിക്കുന്ന മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെയും സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉത്തരം

(എ&ബി) പോലീസ് വകുപ്പിൽ നിന്നുള്ള അന്വേഷണ റിപ്പോർട്ടിലെ ശിപാർശ പ്രകാരം ശ്രീ. ശ്രീനാഥിനെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും അപ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സെൻഷ്വർ നൽകി ടി അച്ചടക്ക നടപടി തീർപ്പാക്കുകയും ചെയ്തിരുന്നു. അതേത്തുടർന്ന് ബഹുമാനപ്പെട്ട എം.എൽ.എ. 10-8-2017-ൽ നൽകിയ പരാതി വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോപണവിധേയനായ ശ്രീ. ശ്രീനാഥിനെ തിരുവനന്തപുരം ജില്ലയ്ക്ക് പുറത്തേയ്ക്ക് ഉടൻ പ്രാബല്യത്തിൽ മാറ്റി നിയമിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത നടപടി

30(34) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ കരാർ അടിസ്ഥാനത്തിലും, ദിവസവേതാനാടിസ്ഥാനത്തിലും സർക്കാർ വകുപ്പുകളിൽ നിയമനം നടത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഒഴിവുകൾ പി.എസ്.സി.-ക്ക് സമയബന്ധിതമായി റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നിർദ്ദേശം പാലിക്കാത്തതിന് ഏതെങ്കിലും വകുപ്പ് മേധാവികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16-8-2017-ലെ സർക്കുലർ നമ്പർ AdvC3/304/2017/P&ARD മുഖേന എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമനം പി.എസ്.സി.-ക്ക് വിട്ട സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നതിനായി വിശേഷാൽ ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) സമയബന്ധിതമായി രൂപീകരിക്കാനും ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കാനും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ അടിയന്തര നടപടി സ്വീകരിക്കാനുള്ള കർശന നിർദ്ദേശം 7-10-2017-ലെ ഉ.പ.സി1/222/17/ഉഭപവ നമ്പർ സർക്കുലർ പ്രകാരം നൽകിയിരുന്നു. കാലാവധി പൂർത്തിയാകുന്ന എൽ.ഡി.സി. (വിവിധം), എൽ.ജി.എസ്. (വിവിധം) റാങ്ക് ലിസ്റ്റുകളിൽനിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാവുന്ന മുറയ്ക്കുതന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 13-12-2017-ലെ ഉ.പ.സി3/428/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഒഴിവുകൾ പി.എസ്.സി.-യുടെ ഇ-വേക്കൻസി സോഫ്റ്റ്‌വെയർ മുഖാന്തിരം കൃത്യമായി റിപ്പോർട്ട് ചെയ്യാൻ 20-12-2017-ലെ ഉ.പ.സി3/141/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ വിവിധ വകുപ്പുകളിലെ നിലവിലുള്ള എല്ലാ ഒഴിവുകളും

കമ്പനി/കോർപ്പറേഷൻ/ബോർഡ്/യൂണിവേഴ്സിറ്റികൾ/സഹകരണസ്ഥാപനങ്ങൾ എന്നിവയിലെ, നിയമനം പി.എസ്.സി.-ക്ക് വിട്ട തസ്തികകളിലെ എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും 7-2-2018-ലെ ഉ.പ.സി3/536/17/ ഉഭപവ. സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല. അച്ചടക്ക നടപടി സ്വീകരിക്കേണ്ട തരത്തിലുള്ള കേസ്സുകൾ സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടില്ല.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

31(35) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും, അദ്ധ്യാപകർക്കും 2013-ൽ നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുമെന്ന് ഇടതുമുന്നണിയുടെ പ്രകടനപത്രികയിൽ പ്രസ്താവിച്ചിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും 2013-ൽ നടപ്പാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുമെന്ന് ഇടതുമുന്നണിയുടെ പ്രകടനപത്രികയിൽ പ്രസ്താവിച്ചിരുന്നു. ഈ വിഷയം സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

32(36) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പങ്കാളിത്ത പെൻഷൻ പദ്ധതിയെക്കുറിച്ച് പഠിക്കാൻ ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;വിശദാംശം നൽകുമോ?

ഉത്തരം

പങ്കാളിത്ത പെൻഷൻ പദ്ധതിയെക്കുറിച്ച് പഠിക്കാൻ കമ്മിറ്റിയെ നിയോഗിക്കുന്നത് സർക്കാർ പരിശോധിച്ചുവരുന്നു.

**സർക്കാർ ഓഫീസിലെ അഴിമതി തടയൽ**

33(37) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സെക്രട്ടേറിയറ്റ് ഒഴികെയുള്ള മറ്റു സർക്കാർ ഓഫീസുകളിൽ ഫയൽ നീക്കം കാര്യക്ഷമവും സമയബന്ധിതവും ആക്കാനും ഉദ്യോഗസ്ഥർ നിയമാനുസൃതം സമയപരിധിക്കുള്ളിൽ ഓഫീസിലെത്തുന്നതും/തിരികെ പോകുന്നതും ഉറപ്പുവരുത്തുവാനും ഫയലുകൾ അനുശാസിക്കുന്ന നിയമവ്യവസ്ഥകൾ പ്രകാരം സമയബന്ധിതമായി തീർപ്പാക്കാനുമായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഓഫീസുകളിലെ അഴിമതിയും കൈക്കൂലിയും തടയുവാൻ എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ സർക്കാർ വകുപ്പുകളിലെ അഴിമതി തടയുവാൻ എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും ഈ സർക്കാർ കാലയളവിൽ അഴിമതി/കൈക്കൂലി/ഓഫീസ് നിയമാവലി ലംഘിച്ച പ്രവർത്തനം എന്നിവകളിലായി എത്ര ഉദ്യോഗസ്ഥരുടെ പേരിൽ (പരാതി ലഭിച്ചവരുൾപ്പെടെ) കേസ്സുകൾ രജിസ്റ്റർ ചെയ്തു എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സർക്കാർ വകുപ്പുകളിൽ ഫയൽ നീക്കം കാര്യക്ഷമവും സമയബന്ധിതമായി തീർപ്പാക്കാനുമായി എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകുന്ന സർക്കുലർ നമ്പർ 12960/എ.ആർ. 14(2)/2015/ഉഭപവ തീയതി 4-8-2015 പുറപ്പെടുവിച്ചിട്ടുണ്ട്.

ഉദ്യോഗസ്ഥർ നിയമാനുസൃതം സമയപരിധിക്കുള്ളിൽ ഓഫീസിലെത്തുന്നതും / തിരികെപോകുന്നതും ഉറപ്പുവരുത്താൻ പഞ്ചിംഗ് കർശനമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) സർക്കാർ ഓഫീസുകളിലെ അഴിമതി ഫലപ്രദമായി തടയുന്നതിന് ആഭ്യന്തര വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തിയും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ കീഴിൽ കർശനമായ മറ്റ് നിയമ നടപടികളും സ്വീകരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

## സ്പാർക്കിൽനിന്നും വിവരച്ചോർച്ച

34(38) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ഔദ്യോഗികവും വ്യക്തിപരവുമായ വിവരങ്ങൾ സൂക്ഷിക്കുന്ന ഡാറ്റാബേസ് ആയ സ്പാർക്കിൽ നിന്നുമുള്ള വിവരങ്ങൾ ചോരുന്നു എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) ജീവനക്കാരുടെ ശമ്പള ബിൽ തയ്യാറാക്കുന്ന ജോലികൾ പല ഡി.ഡി.ഒ.-മാരും പുറമെയുള്ള സ്ഥാപനങ്ങൾക്ക് നൽകുന്നത് സംബന്ധിച്ച് സർക്കാർ പരിശോധന നടത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ;

(സി) സ്പാർക്കിലെ വിവരങ്ങൾ ചോരാതെ സൂക്ഷിക്കുവാനുള്ള ശക്തമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഓരോ സർക്കാർ ഓഫീസിലെയും ജീവനക്കാരുടെ ഔദ്യോഗികവും വ്യക്തിപരവുമായ വിവരങ്ങൾ അതാത് ഓഫീസിൽ സ്പാർക്ക് കൈകാര്യം ചെയ്യുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്ക് മാത്രമേ കാണാൻ കഴിയുകയുള്ളൂ. ഇത്തരം വിവരങ്ങൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതും സംരക്ഷിക്കേണ്ടതും ഈ ഉദ്യോഗസ്ഥരുടെ ചുമതലയാണ്. സർക്കാർ ജീവനക്കാരുടെ ഔദ്യോഗികവും വ്യക്തിപരവുമായ വിവരങ്ങൾ സ്പാർക്കിൽനിന്നും നേരിട്ട് ചോരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതേസമയം ഡി.ഡി.ഒ.-യുടെ തലത്തിൽനിന്നും ബന്ധപ്പെട്ട ഓഫീസുകളിലെ ജീവനക്കാരുടെ വിവരങ്ങൾ ചോരാനിടയുണ്ടെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ പുലർത്തേണ്ട ജാഗ്രത ബന്ധപ്പെട്ടവരെ അറിയിക്കുന്നുണ്ട്.

(ബി) 17-12-2012-ലെ സർക്കുലർ നമ്പർ 72/2012/ധന പ്രകാരം* സ്പാർക്ക് സോഫ്റ്റ്‌വെയറിൽ പ്രവേശിക്കുന്നതിനായി നൽകിയിട്ടുള്ള യൂസർ കോഡ്, പാസ്‌വേർഡ് അടങ്ങിയ വിവരങ്ങൾ മറ്റ് വ്യക്തികൾക്ക് കൈമാറരുതെന്ന് കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇത് ഉറപ്പുവരുത്തേണ്ടതും ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കുമേൽ നടപടികൾ സ്വീകരിക്കേണ്ടതും അതാത് വകുപ്പുതലവന്മാരുടെ ചുമതലയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) അതാത് ഓഫീസിലെ മേലധികാരികൾ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഫോറത്തിന്റെ അടിസ്ഥാനത്തിൽ ഡി.ഡി.ഒ.-മാർക്കും അവർ ചുമതലപ്പെടുത്തുന്ന ചുരുക്കം ചില ഉദ്യോഗസ്ഥർക്കും മാത്രമാണ് സ്പാർക്കിൽനിന്നും യൂസർ കോഡ്, പാസ്‌വേർഡ് എന്നിവ നൽകിവരുന്നത്. ആദ്യം നൽകുന്ന പാസ്‌വേർഡ് തുടക്കത്തിൽത്തന്നെ ഉദ്യോഗസ്ഥർ മാറ്റിയാൽ മാത്രമെ സോഫ്റ്റ്‌വെയർ ഉപയോഗിക്കുവാൻ കഴിയുകയുള്ളൂ. തുടർന്നുള്ള ഓരോ 60 ദിവസത്തിലൊരിക്കൽ ഇത് പുനഃക്രമീകരിക്കുകയും വേണം. കാലാകാലങ്ങളായി നടത്തിവരുന്ന സുരക്ഷാ പുനരവലോകനത്തിന്റെ ഭാഗമായി പാസ്‌വേർഡ് പുനഃക്രമീകരിക്കുന്നതിനുള്ള സമയക്രമം 60 ദിവസത്തിൽ നിന്നും 30 ദിവസമാക്കി കുറയ്ക്കുന്നതിനും ആധാർ അധിഷ്ഠിതമായി പാസ്‌വേർഡ് പുന:ക്രമീകരിക്കുന്നതിനുള്ള സംവിധാനം സ്പാർക്കിൽ നടപ്പിലാക്കുന്നതിനുമുള്ള ക്രമീകരണങ്ങൾ പരിഗണനയിലാണ്.

## സെക്രട്ടേറിയറ്റിലെ ഫയൽനീക്കം

35(39) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഫയൽനീക്കം കാര്യക്ഷമമാക്കാനും, സെക്രട്ടേറിയറ്റ് മാന്വൽ അനുശാസിക്കും പ്രകാരം ഫയൽ നീക്കം/തീർപ്പാക്കൽ ഉറപ്പുവരുത്താനും ഉദ്യോഗസ്ഥർ കൃത്യസമയത്ത് എത്തി കൃത്യനിർവ്വഹണം കാര്യക്ഷമമാക്കാനുമായി ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവെന്ന വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കൃത്യനിർവ്വഹണങ്ങളിൽ നാളിതുവരെ വീഴ്ചവരുത്തിയതായി എത്ര ഉദ്യോഗസ്ഥരെ കണ്ടെത്തിയെന്നും എന്ത് നടപടികൾ ഇവർക്കെതിരെ സ്വീകരിച്ചുവരുന്നുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം കാര്യക്ഷമമാക്കുന്നതിനും സെക്രട്ടേറിയറ്റ് മാന്വൽ അനുശാസിക്കും പ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഫയലുകൾ തീർപ്പാക്കുന്നതിനുമായി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഓഫീസിൽ കൃത്യസമയത്ത് ഹാജരാകുന്നത് ഉറപ്പിക്കുന്നതിനായി ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

## സെക്രട്ടേറിയറ്റിലെ ഫയലുകൾ

36(40) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സെക്രട്ടേറിയറ്റിൽ തീർപ്പുകൽപ്പിക്കാത്ത എത്ര ഫയലുകൾ നിലവിലുണ്ടായിരുന്നു;

(ബി) 2017 ഡിസംബർ 31-ന്, തീർപ്പാക്കുവാൻ സാധിക്കാത്ത എത്ര ഫയലുകൾ സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പുകളിൽ അവശേഷിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 76,165 ഫയലുകൾ തീർപ്പാക്കാനുണ്ടായിരുന്നു.

(ബി) 67,190 ഫയലുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നു.

## ഉദ്യോഗസ്ഥർക്കെതിരെ കേന്ദ്രീകൃത ശിക്ഷണ നടപടി സംവിധാനം

37(41) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നയങ്ങൾക്കെതിരെ സമൂഹമാധ്യമങ്ങളിലൂടെ രാഷ്ട്രീയ പ്രചരണം നടത്തുന്ന സർക്കാർ ജീവനക്കാർക്കെതിരെയുള്ള പരാതികൾ അന്വേഷിച്ച് പോലീസിന്റെ ഹൈടെക് ക്രൈം എൻക്വയറി സെൽ കുറ്റവാളികളാണെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് വകുപ്പ് അദ്ധ്യക്ഷൻമാർക്ക് പോലീസ് നൽകുന്ന റിപ്പോർട്ടിന്മേൽ, വകുപ്പ് അദ്ധ്യക്ഷൻമാർ എന്തു നടപടി സ്വീകരിച്ചുവെന്ന് പരിശോധിക്കുവാൻ ഒരു കേന്ദ്രീകൃത സംവിധാനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇത്തരം ഒരു സംവിധാനം രൂപപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നിലവിൽ പരിഗണനയിലില്ല.

## മുൻ മന്ത്രിമാർ കൈപ്പറ്റിയ ചികിത്സാച്ചെലവ് തുക

38(42) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യന്ത്രിയടക്കം എത്ര മന്ത്രിമാർ ചികിത്സാ ചെലവ് റീ-ഇംമ്പേഴ്സ് ചെയ്ത് വാങ്ങിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഓരോരുത്തരും കൈപ്പറ്റിയ തുക എത്രയെന്ന് പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയടക്കം 20 മന്ത്രിമാർ ചികിത്സാ ചെലവ് റീ-ഇംബേഴ്സ് ചെയ്ത് വാങ്ങിയിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

## സേവനാവകാശ നിയമം

39(43) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം നടപ്പിലാക്കുന്നതിൽ സർക്കാർ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്ന ശേഷം സർക്കാർ ഓഫീസുകളിൽ ഉണ്ടായ മാറ്റം വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സേവനാവകാശ നിയമം നിലവിൽ വന്നതിനു ശേഷം സർക്കാർ ഓഫീസുകളിൽ ഫയലുകൾ കെട്ടിക്കിടക്കുന്നത് കുറഞ്ഞിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) അത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) പ്രത്യേകമായി പരിശോധിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചീഫ് വിപ്പിന്റെ ചെലവുകൾ

40(46) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ചീഫ് വിപ്പിന്റെ മൊബൈൽ ഫോൺ, ഔദ്യോഗിക വസതിയിലെ ഫോൺ ചാർജ് എന്നിവയ്ക്കായി എത്ര തുക കൈപ്പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ചീഫ് വിപ്പ് ടി.എ, ഡി.എ ഇനത്തിൽ എത്ര തുക വീതം കൈപ്പറ്റിയിട്ടുണ്ടെന്ന വിവരം വിശദമാക്കാമോ;

(സി) ചീഫ് വിപ്പിന്റെ ചികിത്സാ ചെലവുകൾക്കായി എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്ന വിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് ചീഫ് വിപ്പായിരുന്ന ശ്രീ. പി. സി. ജോർജിന് മൊബൈൽ ഫോൺ ചാർജ്ജിനത്തിൽ 82,595 രൂപയും ഔദ്യോഗിക വസതിയിലെ ടെലിഫോൺ ചാർജ്ജിനത്തിൽ 71,163 രൂപയും ചെലവായിട്ടുണ്ട്.

മുൻ സർക്കാരിന്റെ കാലത്ത് ചീഫ് വിപ്പായിരുന്ന ശ്രീ. തോമസ് ഉണ്ണിയാടന് മൊബൈൽ ഫോൺ ചാർജിനത്തിൽ 7,514 രൂപയും ഔദ്യോഗിക വസതിയിലെ ടെലിഫോൺ ചാർജിനത്തിൽ 37,920 രൂപയും ചെലവായിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് ചീഫ് വിപ്പായിരുന്ന ശ്രീ. പി. സി. ജോർജ് ടി.എ., ഡി.എ. ഇനത്തിൽ 29,07,196 രൂപ കൈപ്പറ്റിയിട്ടുണ്ട്.

മുൻ സർക്കാരിന്റെ കാലത്ത് ചീഫ് വിപ്പായിരുന്ന ശ്രീ. തോമസ് ഉണ്ണിയാടൻ 7,29,678 രൂപ കൈപ്പറ്റിയിട്ടുണ്ട്.

(സി) മുൻ സർക്കാരിന്റെ കാലത്ത് ചീഫ് വിപ്പായിരുന്ന ശ്രീ. പി. സി. ജോർജിന് ചികിത്സാ ചെലവുകൾക്കായി 2,66,175 രൂപ വിനിയോഗിച്ചിട്ടുണ്ട്.

## സോളാർ കമ്മീഷന്റെ പ്രവർത്തനം

41(48) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രാഥമികാന്വേഷണത്തിന് പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ കേസിലെ പുതിയ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ ആരാണെന്ന് വ്യക്തമാക്കുമോ;

(സി) സോളാർ കമ്മീഷൻ നിലവിൽ വന്നത് എന്നാണ്; ഇതിന്റെ കാലാവധി എത്ര കൊല്ലമായാണ് നിശ്ചയിച്ചത്;

(ഡി) കമ്മീഷന്റെ ഓഫീസിൽ എത്ര ഉദ്യോഗസ്ഥർ ഉണ്ട്; തസ്തിക തിരിച്ച് എണ്ണം വ്യക്തമാക്കുമോ;

(ഇ) നാളിതുവരെ സോളാർ കമ്മീഷനായി എത്ര തുക സർക്കാർ ചെലവഴിച്ചുവെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ?

## ഉത്തരം

(എ) ഉണ്ട്. സോളാർ അഴിമതിയെക്കുറിച്ച് അന്വേഷിക്കുന്നതിനായി നിയമിച്ച ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ കുറ്റക്കാരെന്ന് കണ്ടെത്തിയവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതിലേയ്ക്കായി 8-11-2017-ലെ സ.ഉ. (എംഎസ്.) നമ്പർ 231/2017/ആഭ്യന്തരം പ്രകാരം ഉത്തരമേഖലാ പോലീസ് ഡയറക്ടർ ജനറൽ ശ്രീ. രാജേഷ് ദിവാൻ, ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുള്ളതും ടി അന്വേഷണ സംഘം പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതുമാണ്. മേൽ അന്വേഷണസംഘത്തിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥർ അംഗങ്ങളാണ്.

1. ശ്രീ. ദിനേന്ദ്രകശ്യപ് ഐ.പി.എസ്, ഐ.ജി.പി., എച്ച്.ക്യു, തിരുവനന്തപുരം
2. ശ്രീ. പി. ബി. രാജീവ്, എസ്.പി., ക്രൈം ബ്രാഞ്ച്, കോഴിക്കോട്
3. ശ്രീ. ഇ. എസ്. ബിജുമോൻ, ഡിവൈ.എസ്.പി., വിജിലൻസ്, എസ്.ഐ.യു-1, തിരുവനന്തപുരം
4. ശ്രീ. ഷാനവാസ്, ഡിവൈ.എസ്.പി., എസ്.ബി.സി.ഐ.ഡി., തിരുവനന്തപുരം
5. ശ്രീ. ബി. രാധാകൃഷ്ണപിള്ള, ഡിവൈ.എസ്.പി., എസ്.ബി.സി.ഐ.ഡി., കൊല്ലം ഡിറ്റാച്ച്മെന്റ്

(ബി) പുതിയ സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിച്ചിട്ടില്ല.

(സി) 28-10-2013-ലെ 77989/എസ്.എസ്.എ 2/2013/ആഭ്യന്തരം നമ്പർ വിജ്ഞാപനം പ്രകാരം നിലവിൽ വന്ന സോളാർ കമ്മീഷന്റെ കാലാവധി വിവിധ ഘട്ടങ്ങളിലായി 27-9-2017 വരെ ദീർഘിപ്പിച്ച് നൽകുകയും ആകെ 47 മാസം പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സോളാർ കമ്മീഷനിൽ താഴെപ്പറയുന്ന തസ്തികകളാണ് അനുവദിച്ച് നൽകിയിരുന്നത്.

| | | |
|---|---|---|
| സെക്രട്ടറി ടു കമ്മീഷൻ | - | 1 |
| അഡ്വക്കേറ്റ് ടു കമ്മീഷൻ | - | 1 |
| എൽ.ഡി. ക്ലാർക്ക് | - | 2 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്/ സ്റ്റെനോഗ്രാഫർ | - | 1 |
| കോർട്ട് ഓഫീസർ | - | 1 |
| പ്യൂൺ | - | 2 |
| ഡ്രൈവർ | - | 1 |
| പാർട്ട് ടൈം സ്വീപ്പർ | - | 1 |

(ഇ) വർഷം തിരിച്ച് ചെലവായ തുകയുടെ കണക്ക് ശേഖരിച്ച് നൽകുന്നതാണ്.

## ഭൂമി കയ്യേറ്റം സംബന്ധിച്ച് മുഖ്യമന്ത്രിക്ക് നൽകിയ പരാതി

42(49) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ താലൂക്കിലെ കുറുവ വില്ലേജിൽപ്പെട്ട പട്ടയവും കരമടവുമുള്ള ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കണമെന്നുള്ള ശ്രീ. സൈനുദ്ദീൻ പറമ്പന്റെ നിവേദനത്തിൻമേൽ ബഹു. മുഖ്യമന്ത്രി അടിയന്തര നടപടിക്കും റിപ്പോർട്ടിനുമായി G 170503908 നമ്പരായി മലപ്പുറം ജില്ലാ കളക്ടർക്ക് കൈമാറിയ ഫയലിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ വിഷയത്തിൻമേൽ ആവശ്യപ്പെട്ട റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ&ബി) അപേക്ഷകന് പതിച്ചുകൊടുത്ത ഭൂമിയും കയ്യേറ്റമുള്ള ഭൂമിയും പ്രത്യേകം സബ്ഡിവിഷൻ നടത്തി അളന്നുതിരിക്കുന്നതിലേയ്ക്കായി താലൂക്ക് സർവ്വേയറുടെ സേവനം ഉപയോഗപ്പെടുത്തി പരാതി പരിഹരിക്കുന്നതിനുള്ള നടപടി ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നു.

## ഓർഡിനൻസുകൾ

43(50) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഓർഡിനൻസുകൾ പുറപ്പെടുവിച്ചു;

(ബി) ഇതിൽ എത്ര ഓർഡിനൻസുകൾ ഒന്നിൽ കൂടുതൽ തവണ റീ പ്രോമുൽഗേറ്റ് ചെയ്തു;

(സി) എത്ര ഓർഡിനൻസുകൾക്ക് പകരമായി ബിൽ കൊണ്ടുവന്ന് നിയമനിർമ്മാണം നടത്തി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ

44(51) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പരാതി പരിഹാരസെല്ലിന്റെ നിലവിലുള്ള പ്രവർത്തനം വിശദമാക്കുമോ;

(ബി) 2017 ഡിസംബർ, 2018 ജനുവരി എന്നീ മാസങ്ങളിൽ പ്രസ്തുത സെല്ലിൽ എത്ര പരാതികൾ ലഭിച്ചുവെന്നും അതിൽ എത്ര പരാതികളിൽ തീർപ്പ് കൽപിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ പ്രസ്തുത പരാതി പരിഹാരസെല്ലിൽ എത്ര ജീവനക്കാർ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത സെല്ലിന്റെ പ്രതിമാസ ചെലവ് എത്ര രൂപയാണ് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പൊതുജനങ്ങളിൽ നിന്നും അപേക്ഷകളും പരാതികളും നേരിട്ടും തപാൽ മാർഗ്ഗവും ഓൺലൈനായും സ്വീകരിക്കുകയും മുഖ്യമന്ത്രിയുടെ നിർദ്ദേശങ്ങളോടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും വകുപ്പുകൾക്കും അയച്ചു നൽകി നടപടികൾ സ്വീകരിച്ചുവെന്ന് ഉറപ്പുവരുത്തുകയുമാണ് മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിന്റെ പ്രവർത്തനം. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിന്റെ പ്രവർത്തനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ചുരുക്കത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 2017 ഡിസംബർ, 2018 ജനവരി എന്നീ മാസങ്ങളിൽ പൊതുവിഭാഗത്തിൽ 13165 അപേക്ഷകളാണ് ലഭിച്ചത്. ഈ അപേക്ഷകളിൽ ആവശ്യമായ പരിഹാരം നിർദ്ദേശിച്ചുകൊണ്ട് വിവിധ ഓഫീസുകൾക്ക് കൈമാറിയിരിക്കുകയാണ്. തീർപ്പു സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അഭ്യർത്ഥിച്ചുകൊണ്ട് 23100 അപേക്ഷകൾ ലഭിച്ചു. ഇവയിൽ 8676 അപേക്ഷകൾ 20-2-2018 വരെ തീർപ്പാക്കിയിട്ടുണ്ട്.

(സി) മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ 11 ജീവനക്കാരാണുള്ളത്. പൊതുഭരണ വകുപ്പിന്റെ ഭാഗമായാണ് പരാതി പരിഹാര സെൽ പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ സെല്ലിന് പ്രത്യേകമായി പ്രതിമാസ പ്രവർത്തന ചെലവ് കണക്കാക്കാനാവുന്നില്ല.

## സെക്രട്ടേറിയറ്റിനുമുമ്പിൽ അനിശ്ചിതകാല സത്യാഗ്രഹം

45(53) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടറിയേറ്റിനു മുമ്പിൽ ഇപ്പോൾ ഏതെല്ലാം സംഘടനകളും, വ്യക്തികളും അനിശ്ചിതകാല സത്യാഗ്രഹം നടത്തുന്നുണ്ട് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇവർ ആരെല്ലാമാണെന്ന വിശദവിവരം നൽകുമോ;

(ബി) ഇങ്ങനെ സത്യാഗ്രഹം നടത്തുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇവരുടെ പ്രശ്നങ്ങൾ പരിഹരിച്ച്, സത്യാഗ്രഹം അവസാനിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഉണ്ടാകുന്ന കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) പരിശോധിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.* സംഘടനകൾ, വ്യക്തികൾ എന്നിവർ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരങ്ങൾ നടത്തുന്നത്. ഇതിൽ പല സമരങ്ങളും നിയമപരമായി പരിശോധന വേണ്ടതും മറ്റു പലതും സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടും വീണ്ടും തുടരുന്നതുമാണ്. നിയമപരമായും ഭരണപരമായും സ്വീകരിക്കാൻ കഴിയുന്ന നടപടികൾ സർക്കാർ ഇക്കാര്യത്തിൽ സ്വീകരിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അഖിലേന്ത്യ സർവ്വീസിലുള്ള ഉദ്യോഗസ്ഥർ

46(54) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ അഖിലേന്ത്യ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥർ ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ അഖിലേന്ത്യ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥർ കേന്ദ്ര ഡെപ്യൂട്ടേഷൻ വാങ്ങിപ്പോയെന്നും, അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ അഖിലേന്ത്യാ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥർ ക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആർക്കെല്ലാമെതിരെ എന്തു ശിക്ഷണ നടപടിയാണ് സ്വീകരിച്ചതെന്നും എന്തുകാരണത്താലാണ് ശിക്ഷണ നടപടി സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അർദ്ധ വേതനാവധി, ആർജ്ജിതാവധി, പരിവർത്തിതാവധി, പ്രസവാവധി, ചൈൽഡ് കെയർ ലീവ്, പഠനാവധി തുടങ്ങിയ അനുവദനീയമായ അവധി അപേക്ഷകളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന 8 അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് ആറ് മാസത്തിൽ കൂടുതൽ കാലയളവിൽ അവധി അനുവദിച്ചിട്ടുണ്ട്.

ഐ.എ.എസ്.

(1) ശ്രീ. ജി. കമലവർദ്ധനറാവു ഐ.എ.എസ്.

(2) ശ്രീ. എൻ. പ്രശാന്ത് ഐ.എ.എസ്.

(3) ശ്രീമതി ഭണ്ഡാരി സ്വാഗത് രൺവീർ ചന്ദ് ഐ.എ.എസ്.

(4) ഡോ. നവ്ജ്യോത് ഖോസ ഐ.എ.എസ്.

ഐ.പി.എസ്.

(1) ഡോ. റ്റി. പി. സെൻകുമാർ ഐ.പി.എസ്.

<u>ഐ.എഫ്.എസ്.</u>

(1) ശ്രീ. പ്രമോദ് ജി.കൃഷ്ണൻ ഐ.എഫ്.എസ്.

(2) ശ്രീ. എൽ. ചന്ദ്രശേഖർ ഐ.എഫ്.എസ്.

(3) ശ്രീ. ജി. ഫണീന്ദ്ര കുമാർ റാവു ഐ.എഫ്.എസ്.

(ബി) ഈ കാലയളവിൽ അഖിലേന്ത്യാ സർവ്വീസിലുള്ള ചുവടെ പറയുന്ന 13 ഉദ്യോഗസ്ഥർ കേന്ദ്ര ഡെപ്യൂട്ടേഷൻ വാങ്ങി പോയിട്ടുണ്ട്.

<u>ഐ.എ.എസ്.</u>

(1) ശ്രീ. ഇന്ദർജിത്ത് സിംഗ് ഐ.എ.എസ്.

(2) ശ്രീ. സത്യജിത്ത് രാജൻ ഐ.എ.എസ്.

(3) ശ്രീ. പ്രശാന്ത് എൻ, ഐ.എ.എസ്.

<u>ഐ.പി.എസ്.</u>

(1) ശ്രീ. ജി. സോമശേഖർ ഐ.പി.എസ്. (UN Deputation)

(2) ശ്രീ. എസ്. സുരേഷ് ഐ.പി.എസ്.

(3) ശ്രീ. രാജ്പാൽ മീണ ഐ.പി.എസ്.

(4) ഡോ. എസ്. സതീഷ് ബിനോ ഐ.പി.എസ്.

(5) ശ്രീമതി എസ്. അജിതാബീഗം ഐ.പി.എസ്.

<u>ഐ.എഫ്.എസ്.</u>

(1) ശ്രീ. ആർ. കമലഹാർ ഐ.എഫ്.എസ്.

(2) ശ്രീമതി റ്റി. ഉമ ഐ.എഫ്.എസ്.

(3) ശ്രീ. പി.കെ. പതക് ഐ.എഫ്.എസ്.

(4) ശ്രീ. ഡി. കെ. വർമ്മ ഐ.എഫ്.എസ്.

(5) ശ്രീമതി പ്രകൃതി ശ്രീവാസ്തവ ഐ.എഫ്.എസ്. (Foreign Assignment)

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചുവടെയുള്ള 11 അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഐ.എ.എസ്.

(1) ശ്രീ. പി. എസ്. മുഹമ്മദ് സാഗിർ, ഐ.എ.എസ്.

കാസർഗോഡ് ജില്ലാ കളക്ടറായിരിക്കെ അനധികൃത മണൽ കടത്തുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ നിസ്സാര പിഴ ചുമത്തി വിട്ടയച്ചതുമായി ബന്ധപ്പെട്ട് അച്ചടക്ക നടപടി സ്വീകരിക്കുകയും 18-1-2018-ലെ സ.ഉ. (സാധാ) നമ്പർ 366/2018/പൊ.ഭ.വ. പ്രകാരം തുടർ നടപടി അവസാനിപ്പിച്ച് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

(2) ശ്രീ. അനിൽ. എക്സ്, ഐ.എ.എസ്.

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് മാനേജിംഗ് ഡയറക്ടറായിരിക്കെ കേരള സ്റ്റേറ്റ് അഗ്രോ കോ-ഓപ്പറേറ്റീവ് ബാങ്ക് (അഗ്രീൻകോ), കണ്ണൂരിന് വായ്പ അനുവദിച്ചത് സംബന്ധിച്ച ക്രമക്കേടുകളുമായി ബന്ധപ്പെട്ട് അച്ചടക്ക നടപടി സ്വീകരിക്കുകയും 18-1-2018-ലെ സ.ഉ(സാധാ) നമ്പർ 365/2018/പൊ.ഭ.വ. പ്രകാരം തുടർ നടപടി അവസാനിപ്പിച്ച് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

(3) ശ്രീ. ടി. ഒ. സൂരജ് ഐ.എ.എസ്.

അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ടും കളമശ്ശേരി ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ടും ശ്രീ. ടി.ഒ. സൂരജ് ഐ.എ.എസ്-നെതിരെ രണ്ട് വകുപ്പുതല അച്ചടക്ക നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്. ലാന്റ് റവന്യൂ കമ്മീഷണർ ആയിരിക്കെ ഉപയോഗിക്കാത്ത സ്റ്റാമ്പ് പേപ്പറിന്റെ വില റീഫണ്ട് ചെയ്യാൻ ഉത്തരവ് നൽകിയതുമായി ബന്ധപ്പെട്ട് വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുകയും ആയത് 15-10-2017-ലെ സ.ഉ (സാധാ) നമ്പർ 6456/2017/പൊ.ഭ.വ. പ്രകാരം ഒരു താക്കീത് നൽകി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

(4) ശ്രീ. എൻ. പ്രശാന്ത് ഐ.എ.എസ്.

ശ്രീ. എൻ. പ്രശാന്ത് ഐ.എ.എസ്. കോഴിക്കോട് കളക്ടറായിരിക്കെ ശ്രീ. എം. കെ. രാഘവൻ എം.പി.-യെക്കുറിച്ച് സോഷ്യൽ മീഡിയയിലും മറ്റും അപകീർത്തികരമായ പരാമർശങ്ങൾ നടത്തിയെന്ന് കാണിച്ച് ബഹുമാനപ്പെട്ട എം.പി.-യിൽ നിന്നും ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ടി ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയുണ്ടായി. 20-4-2017-ലെ സ.ഉ(സാധാ) നമ്പർ 2466/2017/പൊ.ഭ.വ. പ്രകാരം ശ്രീ. എൻ. പ്രശാന്ത് ഐ.എ.എസിന് ഒരു 'non recordable warning' നൽകി തീർപ്പാക്കുകയും ചെയ്തു.

(5) ശ്രീ. അശോക് കുമാർ സിംഗ് ഐ.എ.എസ്.

ഭാര്യയ്ക്ക് ബി.എഡ്. കോഴ്സിന് അഡ്മിഷൻ ലഭിക്കുന്നതിനായി വ്യാജ ബിരുദ സർട്ടിഫിക്കറ്റും മാർക്ക് ലിസ്റ്റുകളും സാക്ഷ്യപ്പെടുത്തി നൽകിയെന്ന ആരോപണവുമായി ബന്ധപ്പെട്ട് മുൻ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ. അശോക് കുമാർ സിംഗ് ഐ.എ.എസ്-നെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും 12-10-2017-ലെ സ.ഉ(സാധാ) നമ്പർ 6405/2017/പൊ.ഭ.വ. പ്രകാരം ഒരു താക്കീത് നൽകി അച്ചടക്ക നടപടി തീർപ്പാക്കുകയും ചെയ്തു.

ഐ.പി.എസ്.

(1) ശ്രീ. രാഹുൽ ആർ. നായർ ഐ.പി.എസ്.

പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയായി ചുമതല വഹിക്കുന്ന സമയത്ത് ക്വാറി/മെറ്റൽ ക്രഷർ യൂണിറ്റുമായി ബന്ധപ്പെട്ട അഴിമതി ആരോപണങ്ങളിന്മേലുള്ള അച്ചടക്ക നടപടി തുടർന്നുവരികയാണ്.

(2) ശ്രീ. ജി. ലക്ഷ്മൺ ഐ.പി.എസ്.

സപ്ലൈകോയുടെ സ്റ്റാഫ് ക്വാർട്ടേഴ്സിൽ അനധികൃതമായി താമസിക്കുന്നതിനെതിരെ ലഭിച്ച പരാതിയിൻമേൽ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും 21-6-2017-ലെ സ.ഉ.(സാധാ) നമ്പർ 3946/2017/പൊ.ഭ.വ. ഉത്തരവ് പ്രകാരം താക്കീത് നൽകി ശിക്ഷണ നടപടി അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(3) ശ്രീമതി ആർ. നിശാന്തിനി ഐ.പി.എസ്.

യൂണിയൻ ബാങ്ക് മാനേജരായ ശ്രീ. പേഴ്സി ജോസഫ് ഡെസ്മണ്ടിനെ വ്യാജ പരാതിയുടെ അടിസ്ഥാനത്തിൽ 26-7-2011-ൽ തൊടുപുഴ പോലീസ് സ്റ്റേഷനിൽ വച്ച് പോലീസുകാർ അപമാനിക്കുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്തുവെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ആർ. നിശാന്തിനി ഐ.പി.എസ്-നെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(4) ശ്രീ. ഇ. ജെ. ജയരാജ് ഐ.പി.എസ്.

ഐ.ജി.പി. ക്രൈംസ് ആയിരുന്ന ശ്രീ. ഇ. ജെ. ജയരാജ് ഐ.പി.എസ്-നെ മദ്യപിച്ച നിലയിൽ ഔദ്യോഗിക വാഹനത്തിൽ കണ്ടെത്തിയ സംഭവം പൊതുജനങ്ങൾക്കിടയിൽ പോലീസ് സേനയ്ക്ക് അവമതിപ്പുണ്ടാക്കിയെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും തുടർന്ന് അച്ചടക്കനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.

(5) ഡോ. ജേക്കബ് തോമസ് ഐ.പി.എസ്.

ഗാന്ധി സ്മാരകനിധിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം പ്രസ്സ് ക്ലബ്ബിൽ 9-12-2017-ന് നടന്ന സെമിനാറിൽ സർക്കാരിന്റെ നയങ്ങൾക്കെതിരെ നിശിത വിമർശനം നടത്തിയ ഡോ. ജേക്കബ് തോമസ് ഐ. പി. എസ്സിനെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും തുടർന്ന് ടിയാനെതിരെ അച്ചടക്കനടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

ഐ.എഫ്.എസ്.

(1) ശ്രീമതി റ്റി. ഉമ, ഐ.എഫ്.എസ്.

തിരുവനന്തപുരം ഡിവിഷനിൽ സാ മിൽ ലൈസൻസ് നൽകിയതിലെ ക്രമക്കേടുകൾ സംബന്ധിച്ചും കുളത്തുപ്പുഴ റെയ്ഞ്ചിൽപ്പെട്ട നാങ്കച്ചി പ്ലാന്റേഷനിൽ ഔട്ട്റൈറ്റ് സെയിലുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ചും ശ്രീമതി റ്റി. ഉമ ഐ.എഫ്.എസ്-നെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്താൻ സമർപ്പിച്ച നിർദ്ദേശങ്ങൾ

47(55) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്താൻ സർക്കാർ സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(ബി) കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങൾ എന്തൊക്കയാണ്;

(സി) 2018-19 കേന്ദ്ര ബജറ്റിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നതും നടപ്പിലാക്കികൊണ്ടിരിക്കുന്നതുമായ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്ന കേന്ദ്ര വിഹിതം എത്രയാണ്; വിവരങ്ങൾ തരം തിരിച്ച് നൽകാമോ ? .

ഉത്തരം

(എ) 2018-19 കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്താൻ കേന്ദ്ര ധനകാര്യ മന്ത്രി ശ്രീ. അരുൺ ജയ്റ്റ്ലിക്ക് സമർപ്പിച്ച പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1. 2018-19-ൽ പൊതുവിപണിയിൽ നിന്നും കടമെടുക്കാവുന്ന പരിധി ജി.എസ്.ഡി.പി.-യുടെ 3.5 ശതമാനമായി അനുവദിക്കുക.

2. കേന്ദ്ര നികുതി വിഹിതം എല്ലാ മാസത്തിന്റെയും തുടക്കത്തിൽ നൽകുക, ജി.എസ്.ടി.-യുടെ നഷ്ടപരിഹാരം മാസത്തവണയായി അനുവദിക്കുക.

3. മുൻകാലങ്ങളിൽ കേന്ദ്ര നികുതി വിഹിതം നൽകിയതിലുണ്ടായ കുറവ് നികത്തുക.

4. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കുറഞ്ഞ കേന്ദ്ര വിഹിതം 75 ശതമാനമാക്കി ഉയർത്തുകയും കേന്ദ്ര വിഹിതം വിനിയോഗ സർട്ടിഫിക്കറ്റ് കൂടാതെതന്നെ രണ്ടോമൂന്നോ തവണകളായി അനുവദിക്കുകയും ചെയ്യുക.

5. പ്രകൃതിക്ഷോഭങ്ങളെ നേരിടുന്നതിലേയ്ക്കായി സംസ്ഥാനത്തിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുക.

6. സാമൂഹ്യ സുരക്ഷ/ക്ഷേമ പെൻഷനുകൾ ഏറ്റവും കുറഞ്ഞത് 1000 രൂപയാക്കി ഉയർത്തുക.

7. 50 രൂപ കേന്ദ്ര സഹായത്തോടുകൂടി റബ്ബറിന്റെ താങ്ങുവില കിലോഗ്രാമിന് 200 രൂപയാക്കി ഉയർത്തുക.

8. രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന (RSBY)-യുടെ കീഴിലുള്ള കുടുംബ വാർഷിക ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ 30,000 ൽ നിന്നും 1,00,000 രൂപയായി വർദ്ധിപ്പിക്കുക.

9. കണ്ണൂരിൽ അന്തർദ്ദേശീയ ആയുർവ്വേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.

10. എൽ.എൻ.ജി.-യിൽ പ്രവർത്തിക്കുന്ന ഒരു യൂറിയ പ്ലാന്റ് കേരളത്തിന് അനുവദിക്കുക.

11. കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ സ്ഥാപിക്കുക.

12. കേരള ഫൈബർ ഓപ്റ്റിക്കൽ നെറ്റ്‌വർക്കിന് ഫണ്ട് നീക്കിവയ്ക്കുക.

13. കേരളത്തിൽ ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് തുടങ്ങുക.

14. കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ ആരോഗ്യനിധി പദ്ധതിയിൽ തലശ്ശേരിയിലെ മലബാർ ക്യാൻസർ സെന്റർ കൂടി ഉൾപ്പെടുത്തുക.

15. അങ്കമാലി-ശബരി റെയിൽ പ്രോജക്ടിന് ആവശ്യമായ ഫണ്ട് വകയിരുത്തുക.

16. തിരുവനന്തപുരം-കാസർഗോഡ് കോറിഡോർ പ്രോജക്ടിന് അനുമതി നൽകുകയും മതിയായ ഫണ്ട് വകയിരുത്തുകയും ചെയ്യുക.

17. തലശ്ശേരി-മൈസൂർ റെയിൽപ്പാത നിർമ്മാണത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിനുവേണ്ടിയുള്ള ഇക്വിറ്റി വിഹിതം അനുവദിക്കുക.

18. തിരുവനന്തപുരം-ളുത്തുക്കുടി റോഡ് കം-റെയിൽവേ കണക്ടിവിറ്റി സാദ്ധ്യതാ പഠനത്തിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനും അനുമതി നൽകുകയും മതിയായ ഫണ്ട് വകയിരുത്തുകയും ചെയ്യുക.

19. പശ്ചിമതീര കനാൽ നീട്ടുന്നത് സംബന്ധിച്ച് പദ്ധതി പ്രഖ്യാപിക്കുക.

(ബി) ഖാരിഫ് വിളകൾക്ക് താങ്ങുവില (MSP) ഏർപ്പെടുത്തിയിട്ടുള്ളതായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ ആനുകൂല്യം സംസ്ഥാനത്തെ റബ്ബർ പോലുള്ള നാണ്യവിളകൾക്ക് ലഭിക്കുകയില്ല.

സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന റെയിൽവേ അനുബന്ധ പദ്ധതികൾക്ക് മതിയായ തുക അനുവദിക്കാത്തത് സംസ്ഥാനത്തിന് തിരിച്ചടിയായിട്ടുണ്ട്.

പൊതുവെ കേന്ദ്ര ബജറ്റ് സംസ്ഥാനത്തിന് വേണ്ടത്ര പരിഗണന നൽകിയതായി കാണുന്നില്ല.

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിൽ, 2018-19 കേന്ദ്ര ബഡ്ജറ്റിൽ എല്ലാ സംസ്ഥാനങ്ങൾക്കുമായി 305517.12 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഓരോ സംസ്ഥാനത്തിനുമുള്ള വിഹിതം സംബന്ധിച്ച വിവരം ഇപ്പോൾ ലഭ്യമല്ല.

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

48(56) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനും അവലോകനത്തിനും നിലവിലുള്ള സംവിധാനം എന്താണ്;

(സി) പ്രസ്തുത ഓരോ പദ്ധതിക്കും 2016-17-ലും, 2017-18-ലും സംസ്ഥാനത്തിന് അർഹമായ തുക എത്രയെന്നും, അതിൽ ഇതുവരെ എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) ഓരോ പദ്ധതിയിലും 2016-17 ലും, 2017-18 ലും ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ;

(ഇ) സംസ്ഥാനം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചെലവ് സംബന്ധിച്ച് വിശദാംശം കേന്ദ്രത്തെ സമയബന്ധിതമായി അറിയിക്കാത്തതാണ് പ്രസ്തുത പദ്ധതികൾക്കുള്ള പണം സമയത്ത് നൽകുന്നതിന് തടസ്സമാകുന്നത് എന്നത് വസ്തുതയാണോ; എങ്കിൽ ഈ വീഴ്ച പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനം നടപ്പാക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) അനുബന്ധം 1-ൽ കണ്ടാലും.*

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനും അവലോകനത്തിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിൽ ഒരു ഏകോപന സെൽ 27-8-2016-ലെ സ.ഉ.(കൈ) 34/2016/ആസൂത്രണം പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) സമയബന്ധിതമായി നടപ്പിലാക്കാൻ സാധിക്കാത്ത പദ്ധതികൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചുകൊടുക്കാൻ കാലതാമസം വന്നിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് സമയബന്ധിതമായി സമർപ്പിക്കുന്നതിന് ഏകോപന സെൽ നടപടികളെടുത്തുവരുന്നു.

## നാട്പാക് ലൈബ്രറിയിലെ ജൂനിയർ സയന്റിസ്റ്റ് തസ്തിക

49(57) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശരാശരി 10-15 പുസ്തകങ്ങൾ മാത്രം റഫർ ചെയ്യപ്പെടുന്ന നാട്പാക് ലൈബ്രറിയിൽ ജൂനിയർ സയന്റിസ്റ്റ് തസ്തിക സൃഷ്ടിച്ചത് എന്തിനായിരുന്നു എന്ന് വിശദമാക്കാമോ; കേരളത്തിലെ മറ്റേതെങ്കിലും ഗവേഷണ സ്ഥാപനത്തിലെ ലൈബ്രറിയിൽ ഇതിനു സമാനമായി ജൂനിയർ സയന്റിസ്റ്റിനെ നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) കേരളത്തിലെ മറ്റ് ഗവേഷണ സ്ഥാപനങ്ങളിലൊന്നും ലൈബ്രറിയിൽ ജൂനിയർ സയന്റിസ്റ്റിനെ നിയമിച്ചിട്ടില്ലെങ്കിൽ നാട്പാകിൽ മാത്രം ഇപ്രകാരം ഒരു തസ്തിക സൃഷ്ടിച്ച് സി.എസ്.ഐ.ആർ നിരക്കിൽ വേതനം നൽകുന്നതിന്റെ ഔചിത്യം വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇപ്പോൾ നാട്പാകിൽ ലൈബ്രറിയിൽ ജൂനിയർ സയന്റിസ്റ്റായി ജോലിചെയ്യുന്ന വ്യക്തി നാളിതുവരെയായി ശമ്പളമായി എത്ര രൂപയാണ് കൈപ്പറ്റി യിട്ടുള്ളത് (അടിസ്ഥാന വേതനവും മറ്റ് ആനുകൂല്യങ്ങളും വകയിൽ) എന്ന് വിശദമാക്കാമോ;

(ഡി) കേരളത്തിലെ ലൈബ്രറികളിലെ ലൈബ്രറി അസിസ്റ്റന്റുമാരുടെ അടിസ്ഥാന ശമ്പളം എത്രയാണ് ; ലൈബ്രറി അസിസ്റ്റന്റിനു പകരം ജൂനിയർ സയന്റിസ്റ്റിനെ നാട്പാകിലെ ലൈബ്രറിയിൽ നിയമിച്ചതു വഴി നാളിതുവരെ എത്ര രൂപയാണ് അധികമായി നൽകേണ്ടി വന്നിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നാട്പാക് റിസർച്ച് കൗൺസിലിന്റെ ഏഴാം മീറ്റിംഗിൽ നാട്പാകിൽ ഒരു ഡോക്കുമെന്റേഷൻ ഓഫീസർ തസ്തികയുടെ ആവശ്യകത അംഗീകരിക്കുകയും നിലവിലെ നിയമപ്രകാരം തസ്തിക സൃഷ്ടിക്കേണ്ടതാണെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ തീരുമാനം നടപ്പിലായിരുന്നില്ല. 31-10-2011-ൽ ലൈബ്രറിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾകൂടി ഏകോപിപ്പിച്ചിരുന്ന ശ്രീ. ജി. സി. ദാസ് ഗുപ്ത എന്ന സയന്റിസ്റ്റ് സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്തു. ഇത്തരുണത്തിൽ നാട്പാകിന്റെ ലൈബ്രറി വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ഈ മേഖലയിൽ വൈദഗ്ദ്ധ്യം നേടിയ ഒരു സയന്റിസ്റ്റിനെ അടിയന്തരമായി നിയമിക്കേണ്ടതാണെന്നും ഡോക്കുമെന്റേഷൻ ഓഫീസർ എന്ന ഒരു തസ്തിക സെന്ററിന്റെ കോർ സ്റ്റാഫ് സ്ട്രെംഗ്തിൽ ഇല്ലാത്തതിനാൽ പകരം എൻട്രി ലെവലിൽ (സയന്റിസ്റ്റ്-ബി) ഒരു സയന്റിസ്റ്റിനെ നിലവിലെ നിയമപ്രകാരം നാട്പാകിന്റെ അംഗീകൃത സയന്റിസ്റ്റുകളുടെ ഒഴിഞ്ഞുകിടക്കുന്ന ഒരു തസ്തികയിലേക്ക് ലൈബ്രറിയിൽ നിയമിക്കാൻ ചട്ടപ്രകാരം അനുമതി നൽകണമെന്ന് കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിനോട് നാട്പാക് ആവശ്യപ്പെടുകയും 5-3-2012-ലെ കൗൺസിൽ കത്ത് നമ്പർ 4139/സി1/2011/ കെ.എസ്.സി.എസ്.റ്റി.ഇ. പ്രകാരം നാട്പാകിന്റെ ലൈബ്രറി ഇൻഫർമേഷൻ ഡിവിഷനിൽ ഒരു സയന്റിസ്റ്റിനെ നിയമിക്കാനുള്ള അനുമതി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നൽകുകയും ചെയ്തു. ആയതിൻ പ്രകാരമാണ് നാട്പാക് ലൈബ്രറിയിൽ ജൂനിയർ സയന്റിസ്റ്റിനെ നിയമിച്ചിട്ടുള്ളത്. ആയത് നാട്പാകിൽ നിലവിലുണ്ടായിരുന്ന സയന്റിസ്റ്റുകളുടെ ഒഴിവുകളിലാണ് നിയമിച്ചത്. അഡീഷണൽ തസ്തിക സൃഷ്ടിച്ചിട്ടില്ല. കേരളത്തിലെ മറ്റ് ഗവേഷണ സ്ഥാപനത്തിലെ ലൈബ്രറിയിൽ ഇതിനു സമാനമായി ജൂനിയർ സയന്റിസ്റ്റിനെ നിയമിച്ചിട്ടുള്ളതായി കാണുന്നില്ല.

(ബി) സാങ്കേതിക തികവോടുകൂടി വിവിധ പ്രസിദ്ധീകരണങ്ങളും റിപ്പോർട്ടുകളും തയ്യാറാക്കുന്നതിലേക്കായി വൈദഗ്ദ്ധ്യവും നൈപുണ്യവും ഉന്നത യോഗ്യതയുമുള്ള വിവിധ ശാസ്ത്ര സാങ്കേതിക ഗണത്തിൽപ്പെടുന്ന വസ്തുതകളുടെ ഡോക്കുമെന്റേഷൻ

ഉൾപ്പെടെയുള്ള കാര്യങ്ങൾ കൂടുതൽ മികവോടുകൂടി കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്റെ സേവനം ആവശ്യമുണ്ട്. ആയത് ലൈബ്രറി സയൻസ് ശാഖയിൽ നിന്നുള്ള വ്യക്തിയായാൽ ലൈബ്രറി ഡിജിറ്റൈസ് ചെയ്യുക ഉൾപ്പെടെയുള്ള നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ഉചിതമായിരിക്കും. വിഷയം ഔദ്യോഗികമായി വിവിധ തലങ്ങളിൽ പരിഗണിച്ച് അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടന്നിട്ടുള്ളത്.

(സി) നാട്പാക് ലൈബ്രറിയിൽ ജൂനിയർ സയന്റിസ്റ്റായി ജോലി ചെയ്യുന്ന വ്യക്തി നാളിതുവരെയായി അടിസ്ഥാന വേതനവും മറ്റ് ആനുകൂല്യങ്ങളും ഉൾപ്പെടെ 30,65,315 രൂപ കൈപ്പറ്റിയിട്ടുണ്ട്.

(ഡി) കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും ലൈബ്രറികളിലെ ലൈബ്രറി അസിസ്റ്റന്റുമാരുടെ അടിസ്ഥാന ശമ്പളസ്കെയിൽ 20,000-45,800 ആണ്. നാട്പാക് നടത്തിയിട്ടുള്ള നിരവധി പഠനങ്ങൾ ശാസ്ത്രീയമായി ക്രമീകരിച്ച് സൂക്ഷിക്കുന്നതിനും വിവിധ പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുന്ന പ്രവൃത്തിക്കും ലൈബ്രറി സയൻസിൽ ഉന്നത വിദ്യാഭ്യാസ നിലവാരത്തിലുള്ള സയന്റിസ്റ്റിന്റെ സേവനം ആവശ്യമായിട്ടുണ്ട്. പ്രസ്തുത തസ്തികയിലേക്കുള്ള നിയമനം ചട്ടപ്രകാരമാണ് നടത്തിയിട്ടുള്ളത്. ആയതിനാൽ നാട്പാക് ലൈബ്രറിയിൽ സയന്റിസ്റ്റിനെ നിയമിച്ചതുവഴി അധിക തുക നൽകേണ്ടി വന്നിട്ടില്ല.

## ടി.ബി.ജി.ആർ.ഐ

50(58) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലോട് ടി.ബി.ജി.ആർ.ഐ.-യുടെ നിലവിലുള്ള പ്രോജക്ടുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ടി ബി ജി ആർ ഐ- യ്ക്ക് എവിടെ നിന്നെല്ലാം ഫണ്ട് ലഭിക്കുന്നുണ്ട് എന്ന് വിശദീകരിക്കാമോ;

(സി) ടി ബി ജി ആർ ഐ- യ്ക്ക് 2013 മുതൽ ലഭിച്ച ഫണ്ട് വിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ജെ.എൻ.ടി.ബി.ജി.ആർ.ഐ.-യിൽ സംസ്ഥാന ഗവൺമെന്റിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 13 പ്രോജക്ടുകളും മറ്റു വിവിധ ഫിംഗ് ഏജൻസികളുടെ (കേന്ദ്ര സംസ്ഥാന ഏജൻസി) സഹായത്താൽ 51 പ്രോജക്ടുകളും നിലവിലുണ്ട്. വിശദ വിവരം അനുബന്ധം (എ)-യിൽ കാണാവുന്നതാണ്.*)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സംസ്ഥാന ഗവൺമെന്റിൽ നിന്നും പദ്ധതിയിനത്തിലും പദ്ധതിയിതര യിനത്തിലും കൂടാതെ Council of Scientific and Industrial Research (CSIR), Department of Atomic Energy, Department of AYUSH, Department of Bio Technology (DBT), Department of Science and Technology (DST), Indian Council for Medical Research (ICMR), National Bank for Agricultural and Rural Development (NABARD), University Grants Commission (UGC), United Nations Development Programme (UNDP), Department of Tourism Goverment of Kerala, Kerala Agricultural University, Energy Management Centre, Fish Farmers Development Agency (FFDA), Kerala State Council for Science Technology amd Environment (KSCSTE), Kerala State Industrial Development Corporation (KSIDC) തുടങ്ങി വിവിധ ഏജൻസികളിൽ നിന്നും ഫണ്ട് ലഭിക്കുന്നുണ്ട്. വിശദവിവരം അനുബന്ധം ('ബി')-യിൽ കാണാവു ന്നതാണ്*

(സി) ജെ.എൻ.ടി.ബി.ജി.ആർ.ഐ.-ക്ക് 2013 മുതൽ സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതിവിഹിതമായി 3518.89 ലക്ഷം രൂപയും, പദ്ധതിയിതര വിഹിതമായി 4756 ലക്ഷം രൂപയും മറ്റ് കേന്ദ്ര സംസ്ഥാന ഫണ്ടിംഗ് ഏജൻസികൾ 2527.11 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം 'സി'-യിൽ കാണാവുന്നതാണ്.*

## ഗ്രീൻ ക്ലൈമറ്റ് ഫണ്ട്

51(59) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രീൻ ക്ലൈമറ്റ് ഫണ്ടിനായി എത്ര പ്രൊപ്പോസലുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്; എത്ര പ്രൊപ്പോസലുകൾ സമർപ്പിക്കാനായി പരിഗണ നയിലുണ്ട്;

(ബി) കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; ഇതിനായി ഫണ്ട് ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച താഴെപ്പറയുന്ന മൂന്ന് പദ്ധതികൾ ഗ്രീൻ ക്ലൈമറ്റ് ഫണ്ട് ലഭിക്കുന്നതിനായി നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

1. ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, പാലക്കാട് (ഐ.ആർ.റ്റി.സി.)-യുടെ പ്രോജക്ടായ 'Participatory ecosystem action for climate resilience and climate change impact alleviation in the Palakkad gap of Western Ghats, Kerala.'

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. Improving the resilience of vulnerable communities and coastal stretches to heightened climate change induced impacts in Kerala.

3. ഇറിഗേഷൻ വകുപ്പിന്റെ Climate Proofing of Bharathapuzha Basin for Ecosystem Conservation and Sustainable Livelihood Support. നിലവിൽ പ്രൊപ്പോസൽ ഒന്നുംതന്നെ പരിഗണനയിലില്ല.

(ബി) കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചേഞ്ച് (NAFCC) നിന്നും NABARD മുഖേന 25 കോടി രൂപ " Promotion of Integrated farming system in Kaippad & Pokkali in Coastal wetlands of Kerala" എന്ന പദ്ധതി നടപ്പാക്കുന്നതിനായി ലഭിച്ചിട്ടുണ്ട്. Agency for Development of Aquaculture (ADAK) മുഖേനയുള്ള ഈ പദ്ധതി വിജയകരമായി നടപ്പാക്കിവരുന്നു. രണ്ടാംഘട്ടം ഫണ്ടിനായി NABARD-ലേയ്ക്ക് പദ്ധതി പുരോഗതി വിവരം, തുക വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ നൽകിയിട്ടുണ്ട്.

കൂടാതെ, കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ രോഗാണുവാഹക രോഗങ്ങളും കാലാവസ്ഥാ വ്യതിയാന ആഘാതങ്ങളും കേരളത്തിലെ ഹൈറേഞ്ചിന്റെ ഭൗമശാസ്ത്ര ചരിത്ര പഠനം, തണ്ണീർത്തടത്തിന്റെ കാലാവസ്ഥാ വ്യതിയാനംമൂലമുള്ള ദോഷപൂർണ്ണതാ വ്യാപ്തി, കാർബൺ സന്തുലിത കേരളത്തിനായി കാർബൺ ഫൂട്ട് പ്രിന്റ് അളവുകളുടെ വിശകലനവും കാർബൺ ബഡ്ജറ്റിംഗും ഗ്രാമ-നഗര പ്രദേശങ്ങളിലെ അവസ്ഥാന്തരങ്ങൾ പ്രാദേശിക കാലാവസ്ഥയെ എങ്ങനെ സ്വാധീനിക്കുന്നു എന്നതിനെക്കുറിച്ചുള്ള ഗവേഷണം, കാലാവസ്ഥാ മാറ്റങ്ങൾ ചില പ്രാദേശിക സസ്യവർഗ്ഗങ്ങളിലെ ഫിനോളജിയിൽ ചെലുത്തുന്ന സ്വാധീനം, നീലഗിരി ബയോസ്ഫിയർ എന്ന പ്രദേശത്തെ കേന്ദ്രീകരിച്ചുള്ള പഠനം തുടങ്ങിയ ഗവേഷണ പദ്ധതികളും നടന്നുവരുന്നു. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് വിജ്ഞാന കേന്ദ്രം പൂർത്തിയാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ശാസ്ത്രസാങ്കേതിക വകുപ്പ് രണ്ടരക്കോടി രൂപ കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന് അനുവദിച്ചിട്ടുണ്ട്.

## കോസ്റ്റൽ റഗുലേറ്ററി സോണിൽ വീടുനിർമ്മാണം

52(60) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോസ്റ്റൽ റഗുലേറ്ററി സോണിൽപ്പെട്ട മേഖലകളിൽ വീടുകൾ നിർമ്മിക്കാനുള്ള പ്ലാനുകൾ സമർപ്പിച്ചാൽ ആയതിൽ തീർപ്പു കൽപ്പിക്കുന്നതിന് വലിയ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം അപേക്ഷകളിൽ തീരുമാനങ്ങൾ എടുക്കേണ്ട പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന പഠന വകുപ്പിൽ ആവശ്യമായ സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാരെ നിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള തീരദേശ പരിപാലന അതോറിറ്റിയിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിലേയ്ക്കായി 1-4-2017-ലെ സ.ഉ.(കൈ) നമ്പർ 3/2017/പരി. പ്രകാരം കേരള തീരദേശ പരിപാലന അതോറിറ്റിയിൽ 9 തസ്തികകൾ (4 എണ്ണം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും 5 എണ്ണം കരാർ അടിസ്ഥാനത്തിലും) സൃഷ്ടിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം തീരദേശ പരിപാലന അതോറിറ്റിയിൽ കരാർ വ്യവസ്ഥയിൽ നിയമിതരായ 4 പ്രോജക്ട് ഫെല്ലോസിന്റെയും പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെയും സഹായത്തോടെ കെട്ടിക്കിടക്കുന്ന കെട്ടിടനിർമ്മാണ പെർമിറ്റിനായുള്ള അപേക്ഷകൾ തീർപ്പാക്കിവരികയാണ്.

**ശബ്ദമലിനീകരണം നിയന്ത്രിക്കാൻ നടപടി**

53(61) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇക്കാര്യം പരിശോധിക്കുന്നതിനായി പ്രത്യേക പരിശോധനാസംഘം രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ തലത്തിലുള്ള ഉദ്യോഗസ്ഥരാണ് പ്രസ്തുത സംഘത്തിൽ ഉള്ളത്;

(സി) രാഷ്ട്രീയപാർട്ടികൾ ഉൾപ്പെടെയുള്ളവരുടെ യോഗങ്ങൾമൂലം രാത്രി പത്ത് മണിക്കുശേഷവും ശബ്ദമലിനീകരണം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശബ്ദമലിനീകരണം നിയന്ത്രിക്കാൻ നോയിസ് പൊല്യൂഷൻ (റെഗുലേഷൻ & കൺട്രോൾ) റൂൾസ് 2000, കേരള പോലീസ് ആക്ട് 2010 എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ശബ്ദമലിനീകരണ ചട്ടങ്ങൾ കർശനമായി പാലിക്കുന്നത് സംബന്ധിച്ച 28-4-2015 തീയതിയിലെ സ.ഉ.(പി) നമ്പർ 6/2015/പരി. പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) 7261/17-ലെ 2-3-17-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലൗഡ് സ്പീക്കർ ഉപയോഗിക്കുന്നതുമൂലമുള്ള ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുവരുന്നുണ്ട്.

വാഹനങ്ങളിൽ 72 ഡെസിബെൽ ആവൃത്തിക്ക് മുകളിലുള്ള ഹോണുകൾ ഉപയോഗിക്കുന്നതിനും കർശന നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഈ വിഷയത്തിൽ മോട്ടോർ വാഹന വകുപ്പിൽ നിന്നും നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ അനധികൃതമായി മാറ്റംവരുത്തി വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള സൈലൻസർ ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ശബ്ദമലിനീകരണം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും കുറ്റക്കാർക്കെതിരെ Noise Pollution (Regulation & Control) Rule 2000 പ്രകാരം പോലീസ് വകുപ്പിൽനിന്നും കേസുകൾ രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടർമാർ ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് പോലീസ് വകുപ്പ്, ആരോഗ്യ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിലെ ശബ്ദമലിനീകരണ നിയന്ത്രണത്തിനായി മലിനീകരണ നിയന്ത്രണ ബോർഡ് നടപടികൾ സ്വീകരിച്ച വരുന്നുണ്ട്.

(ബി) രൂപീകരിച്ചിട്ടില്ല.

(സി) ഉണ്ട്. ശ്രദ്ധയിൽപ്പെട്ട കേസ്സുകളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രാത്രി 10 മണിക്കുശേഷം ശബ്ദമലിനീകരണത്തിന് കാരണമാകുന്ന ലൗഡ് സ്പീക്കർ പോലെയുള്ള ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകാറില്ല.

### കരമന നദിയുടെ മലിനീകരണം തടയുന്നതിന് നടപടി

54(62) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന നദിയുടെ മലിനീകരണം തടയുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നദിയുടെ മലിനീകരണം സംബന്ധിച്ച് ശാസ്ത്രീയമായ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കരമന നദിയെ മാലിന്യമുക്തമാക്കുന്നതിന് "സേവ് കരമന റിവർ" എന്ന പേരിൽ ഒരു സമഗ്ര പദ്ധതി തയ്യാറാക്കുമോ ;

(ഡി) കിള്ളിയാറിനെ മലിനമാക്കുന്ന സ്ഥാപനങ്ങൾ, കുടുംബങ്ങൾ എന്നിവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) തിരുവനന്തപുരം നഗരസഭയുടെ മാലിന്യം കിള്ളിയാറിൽ ഉപേക്ഷിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കരമന-കിള്ളിയാറിന്റെ മലിനീകരണ നിർമ്മാർജ്ജനം ലക്ഷ്യമാക്കി 2013-14-ൽ തുടങ്ങിയ "കരമന നദി ശാസ്ത്രീയ പരിപാലന (മാതൃക) പദ്ധതി"യിൽ ഉൾപ്പെടുത്തി വിവിധ പ്രവൃത്തികൾ നടത്തിവരുന്നു.

ഇതിന്റെ ഭാഗമായി തിരുവല്ലം തോടിന്റെ മലിനീകരണ നിർമ്മാർജ്ജനം ലക്ഷ്യമാക്കി തുടക്കത്തിലും അവസാനവും ഷട്ടറോടുകൂടിയ തടയണ, പമ്പുഹൗസും (25 +5HP) പമ്പുസെറ്റും, തോട് സർവ്വേ ചെയ്ത് രണ്ടു വശത്തും ഉയരമുള്ള വേലി, തോട്ടിൽ നിക്ഷേപിച്ചിരുന്ന ബലിച്ചോറും മറ്റും ഉപയോഗിക്കാൻ ബയോഗ്യാസ് പ്ലാന്റ്, പൂജാവശിഷ്ടം ഉണക്കി കത്തിക്കാനുള്ള ഇൻസിനറേറ്റർ, പുതിയ ബലിക്കടവ്, ബലിക്കടവുകളുടെ നവീകരണം, കിള്ളിയാറിന്റെ മലിനീകരണം ഒഴിവാക്കാനുള്ള തടയണ (മൈലാടിക്കടവിൽ); അവിടെ റോഡിന്റെ വശത്ത് ഓടയും സിൽറ്റ്ട്രാപ്പും, കിള്ളി നദീതീരത്ത് നിരീക്ഷണ ക്യാമറകൾ, മരുതൻകുഴിയിൽ തടയണയും ബലിക്കടവും നടപ്പാലവും (പുതുക്കൽ); കിള്ളി നദിയിൽ നഗരഭാഗത്ത് എല്ലാ പാലങ്ങളിലും ഉയരമുള്ള വേലി, കരമന നദിയുടെ പാലങ്ങളിൽ വേലി, കരമന പാലത്തിനു താഴെ വലതുകരയിൽ ബയോപാർക്ക്, രണ്ട് അലക്കുകുളിക്കടവുകളുടെ നവീകരണം, താഴെ തടയണ എന്നിവയും, കിള്ളി നദിയിലെത്തിക്കൊണ്ടിരുന്ന മലിനജലം കടലിലെത്തിക്കുന്ന തെക്കനംകര കനാലിന്റെ വശത്ത് ഉയരമുള്ള വേലി, നദീതീരത്ത് Awareness Board എന്നീ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളും സ്ഥാപനങ്ങളും പദ്ധതികൾ നടപ്പാക്കുകയും ട്രിഡ മേൽനോട്ടം വഹിക്കുകയും ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ ഈ പദ്ധതികൾ സംയോജിപ്പിക്കുകയും ചെയ്യുന്നു.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2017-18 വാർഷിക പദ്ധതിയിൽ Restoration of Polluted River Streches എന്ന പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിലെ കരമന നദി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നദിയിലെ മലിനീകരണം തടയുന്നതിനാവശ്യമായ കർമ്മ പദ്ധതികൾ തിരുവനന്തപുരം ജില്ലാ ഓഫീസിന്റെ മേൽനോട്ടത്തിൽ നടത്തിവരുന്നു.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം 2013-ൽ ഇന്ത്യൻ റെയിൽവേയുടെ RITES-നെക്കൊണ്ട് തിരുവനന്തപുരത്തെ മലിനീകരണ നിയന്ത്രണത്തെപ്പറ്റിയും വെള്ളപ്പൊക്ക നിവാരണത്തെപ്പറ്റിയും രണ്ട് പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിൽ കരമന-കിള്ളി നദിയുടെ മലിനീകരണ നിർമ്മാർജ്ജനം വിശദമായി പ്രതിപാദിക്കുന്നുണ്ട്. കരമന നദിയുടെ മലിനീകരണത്തെപ്പറ്റി സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് (CWRDM) തുടർച്ചയായി പഠനങ്ങൾ നടത്തുന്നുണ്ട്.

(സി) കരമന നദിയെ മാലിന്യമുക്തമാക്കുന്നതു സംബന്ധിച്ച് ജലസേചന വകുപ്പ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ചീഫ് സെക്രട്ടറി തല യോഗത്തിൽ തീരുമാനമായിട്ടുണ്ട്.

(ഡി) തിരുവനന്തപുരം നഗരസഭാ പരിധിയിൽ വരുന്ന കരമന നദിയിലും അനുബന്ധ ആറുകളിലും തോടുകളിലും മറ്റ് ജല സ്രോതസ്സുകളിലും മാലിന്യവും മലിനജലവും ഒഴുക്കിവിടുന്ന വീടുകൾ, സർക്കാർ സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്കെതിരെ നടപടി സ്വീകരിക്കുന്നതിന് നഗരസഭയിലെ സർക്കിൾ/ സോണൽ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് പൂർണ്ണ ചുമതലകൾ നൽകുകയും ടി ജല സ്രോതസ്സുകളിൽ മാലിന്യവും മലിനജലവും ഒഴുക്കി വിടുന്നവർക്കെതിരെ നിലവിലെ കെ.എം.ആക്ട് 340, 340 (എ), 340 ബി (1) എന്നീ വകുപ്പ് പ്രകാരം നോട്ടീസ് നൽകി നിയമ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ആയതിന്റെ ഭാഗമായി വിവിധ വാർഡുകളിൽ ആകെ 433 വീടുകളിൽ നോട്ടീസ് നൽകിയിട്ടുണ്ട്. കൂടാതെ 6 സർക്കാർ-സ്വകാര്യ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നടപടി നടന്നുവരുന്നു. 433 വീടുകളിൽ നോട്ടീസ് നൽകിയതിൽ 195 പേർ പരിഹരിക്കുകയും 43 പേർ സ്വന്തം നിലയിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ നടത്താൻ തയ്യാറാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ യാതൊരു പരിഹാരവും കാണാത്ത 195 കുടുംബങ്ങൾ നിലവിലുണ്ട്. ഇവർക്ക് ശാശ്വത പരിഹാരം നഗരസഭാതലത്തിൽ നടത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) നഗരസഭയുടെ മാലിന്യം കിള്ളിയാറിൽ ഉപേക്ഷിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ദേവികുളം നിയോജകമണ്ഡലത്തിലെ ബയോഡൈവേഴ്സിറ്റി പാർക്ക്

55(63) ശ്രീ. എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ദേവികുളം നിയോജകമണ്ഡലത്തിൽ കെ.ഡി.എച്ച്. വില്ലേജിൽ ബയോഡൈവേഴ്സിറ്റി പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമായെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ദേശീയ ജൈവവൈവിധ്യ ഉദ്യാനം സ്ഥാപിക്കുന്നതിന് ഏറ്റവും കുറഞ്ഞത് 50 ഹെക്ടർ ഭൂമി ആവശ്യമാണ്. ജലത്തിന്റെയും വൈദ്യുതിയുടെയും ലഭ്യത ഉറപ്പു വരുത്തേണ്ടതുണ്ട്. 40% പ്രകൃത്യാ ഉള്ള വന നിബിഡമായതും 45 ഡിഗ്രിയിൽ കൂടാത്ത ചരിവുള്ളതുമായ ഭൂമിയാണ് അനുയോജ്യം.

ഇടുക്കി ജില്ലയിലെ ദേവികുളം നിയോജകമണ്ഡലത്തിൽ മൂന്നാറിൽ ഒരു ദേശീയ ജൈവ വൈവിധ്യ ഉദ്യാനവും പരമ്പരാഗത വിജ്ഞാനകേന്ദ്രവും നിർമ്മിക്കുന്നതിന് ദേവികുളം നിയോജകമണ്ഡലത്തിലെ കെ.ഡി.എച്ച്. വില്ലേജിൽ സർവ്വെ 8/1-ൽപ്പെട്ട 62.53 ഏക്കർ ഭൂമി റവന്യൂ അധികൃതർ കണ്ടെത്തിയിരുന്നു. ജൈവ വൈവിധ്യ ബോർഡ് ചെയർമാൻ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പെട്ട സംഘം 4-4-2017-ന് ടി പ്രദേശം സന്ദർശനം നടത്തിയതിൽ പ്രസ്തുത 62.53 ഏക്കർ ഭൂമിയിൽ ജൈവ വൈവിധ്യ ഉദ്യാനം നിർമ്മിക്കാൻ കഴിയില്ല എന്നു കണ്ടു. എന്നാൽ ഈ പ്രദേശമുൾപ്പെടെ ചുറ്റുമുള്ള ഏകദേശം 400 ഏക്കർ ഭൂമി കൂടി കൈമാറിക്കിട്ടിയാൽ പൊതുജനങ്ങളുടെ സന്ദർശനത്തിന് സൗകര്യപ്രദമായതും മികവുറ്റതുമായ ദേശീയ ജൈവ വൈവിധ്യ ഉദ്യാനം നിർമ്മിക്കുവാൻ ജൈവ വൈവിധ്യ ബോർഡിന് സാധിക്കും എന്നതിനാൽ ചുറ്റുമുള്ള ഭൂമികൂടി കൈമാറി ലഭിക്കുന്നതിനായി ബോർഡ് ശ്രമം നടത്തിയെങ്കിലും ഭൂമി ലഭ്യമായില്ല.

സംസ്ഥാനത്ത് ദേശീയ ജൈവ വൈവിധ്യ ഉദ്യാനവും പരമ്പരാഗത വിജ്ഞാനകേന്ദ്രവും നിർമ്മിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

56(64) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എ.എസ് സ്ട്രീം I, സ്ട്രീം II, സ്ട്രീം III എന്നിവയിൽ മൊത്തം ഒഴിവുകൾ കണക്കാക്കി ആകെ എണ്ണത്തിന് ആനുപാതികമായി കമ്മ്യൂണൽ റിസർവേഷൻ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മെറിറ്റിൽ നിയമനം ലഭിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് എങ്ങനെയാണ് ഡബിൾ ബെനഫിറ്റ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; അതുപോലെ സ്പോർട്ട്സ് ക്വാട്ടയിലും ആശ്രിത നിയമനത്തിലൂടെയും നിയമനം ലഭിച്ചവർക്കും ഡബിൾ ബെനഫിറ്റ് എങ്ങനെയാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഡയറക്ട് റിക്രൂട്ട്മെന്റും, ബൈ ട്രാൻസ്ഫർ പ്രൊമോഷനും കെ.എ.എസ്-ലും ജില്ലാവിദ്യാഭ്യാസ ഓഫീസർ തസ്തികയിലും നടപ്പിലാക്കിയത് എങ്ങനെയെന്ന് വ്യക്തമാക്കുമോ;

(ഡി) കെ. എ.എസ് സ്പെഷ്യൽ റൂളിൽ ഈ വിഷയത്തിലുള്ള അവ്യക്തത വിശദമാക്കുമോ?

ഉത്തരം

(എ) നേരിട്ടുള്ള നിയമനം നടത്തുന്ന സ്ട്രീം I-ൽ നിയമപരമായ സംവരണം ലഭ്യമാണ്. സ്ട്രീം II, സ്ട്രീം III എന്നിവ തസ്തികമാറ്റം വഴിയുള്ള നിയമനമായതിനാൽ സംവരണം ബാധകമല്ല.

(ബി) വിശേഷാൽ ചട്ടങ്ങളുടെ സാധുത സംബന്ധിച്ച് നിയമോപദേശം തേടിയ ശേഷമാണ് പ്രസ്തുത ചട്ടങ്ങൾക്ക് അംഗീകാരം നൽകിയത്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ നിയമനരീതി സംബന്ധിച്ച ചട്ടം 12 അനുബന്ധമായി ചേർക്കുന്നു.*

(സി) പി.എസ്.സി. നടത്തുന്ന ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയുടെ നിയമനരീതി താഴെപ്പറയും പ്രകാരമാണ്.

നിയമനരീതി - നേരിട്ടുള്ള നിയമനം

1. ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളിൽ നിന്നും
2. അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർമാർ, ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിലെ ടീച്ചിംഗ് സ്റ്റാഫ് എന്നിവരിൽ നിന്നും.

പ്രസ്തുത തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനം വ്യവസ്ഥ ചെയ്തിട്ടില്ല. മറിച്ച് രണ്ട് വിഭാഗങ്ങളിലും നേരിട്ടുള്ള നിയമനമാണ് നിഷ്കർഷിച്ചിരിക്കുന്നത്. രണ്ട് വിഭാഗങ്ങളിലേയ്ക്കും സംവരണ തത്വങ്ങൾ പാലിച്ചാണ് നിയമനം നടത്തുന്നത്.

(ഡി) അവ്യക്തതയുള്ളതായി കാണുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

57(65) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) കെ.എ.എസിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ യോഗ്യതയും നിയമന രീതിയും എന്താണെന്ന് വ്യക്തമാക്കാമോ;

(സി) മന്ത്രിസഭ അംഗീകരിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ ചട്ടം 14(ബി) പ്രകാരം ഏതൊക്കെ വകുപ്പുകളിലേയും ഭരണഘടനാ സ്ഥാപനങ്ങളിലേയും ജീവനക്കാർക്ക് കെ.എ.എസ് പരീക്ഷയ്ക്ക് അപേക്ഷിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എ.എസ് പരീക്ഷയ്ക്കുള്ള സിലബസും പരീക്ഷാ രീതിയും തീരുമാനിക്കുന്നത് ആരാണെന്നും എത്ര വർഷം കൂടുമ്പോഴാണ് കെ.എ.എസ് പരീക്ഷ നടത്താൻ ഉദ്ദേശിക്കുന്നതെന്നും കെ.എ.എസ് റാങ്ക് ലിസ്റ്റിന്റെ കാലാവധി എത്രയായിരിക്കുമെന്നും വിശദമാക്കുമോ;

(ഇ) മന്ത്രിസഭ അംഗീകരിച്ച കെ.എ.എസ് ചട്ടത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രഗത്ഭരായ യുവജനങ്ങളെ പബ്ലിക് സർവ്വീസിലേയ്ക്ക് ആകർഷിക്കുക, അതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് കെ.എ.എസ്. നടപ്പിലാക്കുന്നത്.

വികസനരംഗത്ത് നേരിടുന്ന നിരവധി വെല്ലുവിളികൾ തരണം ചെയ്യുവാനും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ, പദ്ധതി നിർവ്വഹണ തലത്തിലെ പരിചയക്കുറവും പ്രൊഫഷണലുകളുടെ കുറവും ഇതര വകുപ്പുകളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനുള്ള അപര്യാപ്തതയും ഉദ്യോഗ കയറ്റത്തിലെ ചില ന്യൂനതകളും കെ.എ.എസ്. രൂപീകരിക്കുന്നതിലൂടെ മാറ്റിക്കൊണ്ടുവരാൻ കഴിയും.

(ബി) യോഗ്യതയും നിയമന രീതിയും സംബന്ധിച്ച് വിശേഷാൽ ചട്ടത്തിലെ ചട്ടം 12-ൽ പ്രതിപാദിച്ചിട്ടുണ്ട്. വിശേഷാൽ ചട്ടം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ചട്ടം പ്രകാരം Stream II & III കാറ്റഗറിയിലേയ്ക്ക് By transfer നിയമനത്തിനായി നിശ്ചയിച്ചിട്ടുള്ള യോഗ്യതയും നിയമനരീതിയും ടി ചട്ടത്തിലെ ചട്ടം 12-ൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) അന്തിമ തീരുമാനമായിട്ടില്ല.

(ഇ) അനുബന്ധമായി ചേർക്കുന്നു.*

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

58(66) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിലവിൽ വന്നിട്ടുണ്ടോ;

(ബി) നിലവിൽ എത്ര തസ്തികകളാണ് കെ.എ.എസ്.-ലേക്ക് മാറ്റി വച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) കെ.എ.എസ്.-ലെ ഒഴിവ് സംബന്ധിച്ച വിവരങ്ങളും റിക്രൂട്ട്മെന്റ് നോട്ടിഫിക്കേഷന് വേണ്ട നിർദ്ദേശങ്ങളും പി.എസ്.സി.ക്ക് നൽകിയിട്ടുണ്ടോ;

(ഡി) കെ.എ.എസ്. റിക്രൂട്ടുമെന്റിനുള്ള പി.എസ്.സി. നോട്ടിഫിക്കേഷൻ എന്നത്തേക്ക് പുറപ്പെടുവിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 29-12-2017-ലെ 861/17 എസ്.ആർ.ഒ. നമ്പർ പ്രകാരം ഗസറ്റ് വിജ്ഞാപനത്തിലൂടെ സംസ്ഥാനത്ത് 1-1-2018 മുതൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിലവിൽ വന്നു.

(ബി) പ്രസ്തുത വിജ്ഞാപനത്തിലെ Schedule-II-ൽ ഉൾപ്പെടുത്തിയിട്ടുള്ള ആകെ തസ്തികകളുടെ എണ്ണത്തിന്റെ 10% ആണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്ക് മാറ്റിവച്ചിട്ടുള്ളത്.

(സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് പ്രക്രിയ ആരംഭിക്കുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) അന്തിമ തീരുമാനമായിട്ടില്ല.

**ഭരണ പരിഷ്കാര കമ്മീഷൻ**

59(67) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ ഭരണപരിഷ്കാര കമ്മീഷൻ പ്രവർത്തനമാരംഭിച്ചത് എന്ന് മുതലാണ്; കമ്മീഷനുവേണ്ടി ഇതിനകം ചെലവഴിച്ച തുകയെത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ ഇനത്തിലായാണ് പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടുകൾ ഏതൊക്കെയാണെന്നും പ്രസ്തുത റിപ്പോർട്ടുകളിൻമേൽ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഡി) കമ്മീഷന്റെ നാളിതുവരെയുള്ള പ്രധാന പ്രവർത്തനങ്ങൾ ഏതൊക്കെ യാണെന്ന വിശദാംശം നൽകുമോ?

ഉത്തരം

(എ) നിലവിലെ ഭരണ പരിഷ്കാര കമ്മീഷൻ 18-8-2016 മുതലാണ് പ്രവർത്തനമാരംഭിച്ചത്. കമ്മീഷന്റെ പ്രവർത്തനത്തിനായി ഇതിനകം ആകെ 2,12,57,431 (രണ്ട് കോടി പന്ത്രണ്ട് ലക്ഷത്തി അമ്പത്തിയേഴായിരത്തി നാനൂറ്റി മുപ്പത്തിയൊന്ന് രൂപ) ചെലവഴിച്ചിട്ടുണ്ട്.

(ബി) കമ്മീഷന്റെ ഓഫീസ് ചെലവുകൾക്കും കമ്മീഷൻ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഭാഗമായുമാണ് ടി തുക ചെലവഴിച്ചിട്ടുള്ളത്. ജീവനക്കാരുടെ ശമ്പളം, ബത്തകൾ, ഓഫീസ് ചെലവുകൾ, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ, പഠനങ്ങൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, പബ്ലിക് ഹിയറിംഗുകൾ സംഘടിപ്പിക്കൽ, കമ്മീഷനുവേണ്ടി വെബ്സൈറ്റ് തയ്യാറാക്കുന്നതിനും കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിനുമുള്ള ചെലവുകൾ, യാത്രാബത്ത, വാഹനങ്ങളുടെ വാടക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

(സി) ഭരണപരിഷ്കാര കമ്മീഷന്റെ ആദ്യത്തെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ഡി) ആദ്യ റിപ്പോർട്ട് കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ, കുടിയേറ്റ തൊഴിലാളികൾ, ഭിന്നശേഷിക്കാർ, മാനസിക വെല്ലുവിളി നേരിടുന്നവർ എന്നിവരുടെ ക്ഷേമം മുൻനിർത്തി കൊണ്ടു

വന്നിട്ടുള്ള വിവിധ ക്ഷേമനിയമങ്ങളുടെ ഫലപ്രദമായ നടത്തിപ്പ് സംബന്ധിച്ച പഠനം, ഉദ്യോഗസ്ഥ ശേഷി വികസനം എന്നീ വിഷയങ്ങളിൽ കമ്മീഷൻ പഠനം നടത്തിവരികയാണ്.

സർക്കാർ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും അഴിമതിരഹിതമായും സമയബന്ധിതമായും നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 'പൗരകേന്ദ്രീകൃത സേവന പ്രദാനം' എന്ന വിഷയത്തിൽ പ്രാരംഭ പഠനം തുടങ്ങിയിട്ടുണ്ട്.

ഭരണ പരിഷ്കാര കമ്മീഷനുവേണ്ടി ഒരു വെബ്സൈറ്റ് രൂപപ്പെടുത്തി ഇന്ററാക്ടീവ് വെബ് പോർട്ടലായി പ്രവർത്തിച്ചുവരുന്നുണ്ട്.

## പി.എസ്.സി.യെയും വകുപ്പുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന സംവിധാനം

60(68) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വകുപ്പുകളിലേക്കുള്ള റാങ്ക് ലിസ്റ്റാണ് 6 മാസത്തിനുള്ളിൽ കാലാവധി തീരുന്ന വിഭാഗത്തിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വകുപ്പുകളിലെ ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നതിനായി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വകുപ്പ് മേധാവികൾ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാതിരിക്കുന്നതുകൊണ്ട് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുന്നതും പി.എസ്.സി-ക്ക് അധികബാധ്യത വന്നു ചേരുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഓരോ വകുപ്പിലും റിട്ടയർമെന്റ് മൂലം വരുന്ന ഒഴിവുകളും അതിലേക്കുള്ള നിയമനവും മുൻകൂട്ടി നിശ്ചയിച്ച് കാലതാമസം കൂടാതെ ക്രമീകരിക്കുന്നതിന് ഒരു സോഫ്റ്റ്‌വെയർ സംവിധാനം ആവിഷ്കരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ഇ) ഇക്കാര്യത്തിൽ പി.എസ്.സി യേയും വിവിധ വകുപ്പുകളേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു സംവിധാനം വികസിപ്പിക്കുന്നതിന് മുൻകയ്യെടുക്കുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 31-8-2018 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്ന 86 റാങ്ക് പട്ടികകൾ ആണുള്ളത്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16-8-2017-ലെ സർക്കുലർ നമ്പർ AdvC3/304/2017/P&ARD മുഖേന എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കാലാവധി പൂർത്തിയാക്കുന്ന എൽ.ഡി.സി. (വിവിധം) എൽ.ജി.എസ്. (വിവിധം) റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാവുന്ന മുറയ്ക്ക് തന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 13-12-2017-ലെ ഉപസി 3/428/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഒഴിവുകൾ പി.എസ്.സി.-യുടെ ഇ-വേക്കൻസി സോഫ്റ്റ്‌വെയർ മുഖാന്തരം കൃത്യമായി റിപ്പോർട്ട് ചെയ്യാൻ 20-12-2017-ലെ ഉപസി3/141/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. നിയമനം പി.എസ്.സി.-ക്ക് വിട്ട സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നതിനായി വിശേഷാൽ ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) സമയ ബന്ധിതമായി രൂപീകരിക്കാനും ഒഴിവുകൾ യഥാസമയം പി.എസ്.സി-യെ അറിയിക്കാനും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ അടിയന്തര നടപടി സ്വീകരിക്കാനുള്ള കർശന നിർദ്ദേശം 7-10-2017-ലെ ഉപസി1/222/17/ഉഭപവ. നമ്പർ സർക്കുലർ പ്രകാരം നൽകിയിരുന്നു. നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ വിവിധ വകുപ്പുകളിലെ നിലവിലുള്ള എല്ലാ ഒഴിവുകളും കമ്പനി/കോർപ്പറേഷൻ/ ബോർഡ്/യൂണിവേഴ്സിറ്റികൾ/സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ നിയമനം പി.എസ്.സി.-ക്ക് വിട്ട തസ്തികകളിലെ എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും 7-2-2018-ലെ ഉപസി 3/536/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വകുപ്പ് മേധാവികൾ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്നത് സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി&ഇ) തെരഞ്ഞെടുപ്പ് നടപടികൾ വേഗത്തിലാക്കാൻ എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നതിനായി കേരള പബ്ലിക് സർവീസ് കമ്മീഷൻ e-vacancy software വികസിപ്പിച്ചിട്ടുണ്ട്. ടി സോഫ്റ്റ്‌വെയർ മുഖേന ഒഴിവുകൾ റിപ്പോർട്ട്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 1-12-2015-ലെ 14816/ഉപസി3/2015/ഉഭപവ നമ്പർ സർക്കുലർ മുഖേന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. 1-1-2018 മുതൽ e-vacancy software മുഖേന മാത്രം നിയമനാധികാരികൾ ഒഴിവുകൾ പി.എസ്.സി.-യെ അറിയിക്കേണ്ടതാണെന്ന് 20-12-2017-ലെ ഉപസി3/141/2017/ഉഭപവ നമ്പർ സർക്കുലർ മുഖേന സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

## പി.എസ്.സി. പരീക്ഷാ സമ്പ്രദായം നവീകരിക്കാൻ നടപടി

61(69) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരീക്ഷാ സമ്പ്രദായം നവീകരിക്കുന്നതിനുവേണ്ടി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) പി.എസ്.സി. പരീക്ഷ പൂർണ്ണമായും ഓൺലൈൻവഴി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ആയതുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയിട്ടുള്ള നടപടികളുടെ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ-സി) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഓൺലൈൻ പരീക്ഷാ കേന്ദ്രത്തിൽ വച്ചു മാത്രമാണ് നിലവിൽ ഓൺലൈൻ പരീക്ഷകൾ നടത്തുന്നത്. 1650 ഉദ്യോഗാർത്ഥികൾക്കാണ് ഒരു സമയം പരീക്ഷ എഴുതുവാൻ സാധിക്കുന്നത്. ആയത് 2500 ആയി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷനു പുറമേയുള്ള ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾകൂടി ഉൾപ്പെടുത്തുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കുന്നുണ്ട്. പല തസ്തികകൾക്കും ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതുകൊണ്ടും ഇംഗ്ലീഷ് ഒഴികെ മറ്റു ഭാഷകളിൽ ഓൺലൈൻ പരീക്ഷ സാദ്ധ്യമല്ലാത്തതുകൊണ്ടും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകൾ പരിപൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലാക്കുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ട്.

## പി.എസ്.സി. പരീക്ഷകളിലെ അപാകതകൾ

62(70) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ (നഴ്സിംഗ്) തസ്തികയിലേക്ക് 9-2-2018-ൽ പി.എസ്.സി. നടത്തിയ പരീക്ഷയിലെ പത്ത് ചോദ്യങ്ങൾ വെബ് സൈറ്റിൽ നിന്നും അതേപടി പകർത്തിയതാണെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പരീക്ഷയിൽ കൂടുതൽ ചോദ്യങ്ങൾ ഉൾപ്പെടുത്തേണ്ട മെഡിക്കൽ/സർജിക്കൽ/നഴ്സിംഗ് വിഭാഗത്തിൽ നിന്നും വളരെ കുറച്ച് ചോദ്യങ്ങൾ മാത്രമെ ഉൾപ്പെടുത്തിയിരുന്നുള്ളൂ എന്നത് വസ്തുതയാണോ;

(സി) പ്രസ്തുത പരീക്ഷ റദ്ദ് ചെയ്യണമെന്ന ഉദ്യോഗാർത്ഥികളുടെ ആവശ്യം പരിശോധിക്കുവാൻ പി.എസ്.സി.യോട് ആവശ്യപ്പെടുമോ;

(ഡി) പി.എസ്.സി. നടത്തുന്ന പരീക്ഷകളുടെ പല ചോദ്യപേപ്പറുകളെക്കുറിച്ചും വ്യാപകമായ പരാതി ഉണ്ടാകുന്ന സാഹചര്യത്തിൽ ചോദ്യ പേപ്പർ തയ്യാറാക്കുന്ന സംവിധാനം പരിഷ്കരിക്കുവാൻ പി.എസ്.സി.യോട് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ലഭ്യമായ പരാതികൾ പി.എസ്.സി. പരിശോധിച്ചു വരുന്നു.

(ബി) അസിസ്റ്റന്റ് പ്രൊഫസർ (നഴ്സിംഗ്) തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത MSc Nursing ആയിരുന്നു. ആയതിനെ അടിസ്ഥാനപ്പെടുത്തിയ ചോദ്യങ്ങളാണ് പ്രസ്റ്റുത പരീക്ഷയിൽ ഉൾപ്പെടുത്തിയിരുന്നത്.

(സി) പി.എസ്.സി. കൈക്കൊള്ളുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പി.എസ്.സി. പരീക്ഷാ നടത്തിപ്പ്, ഉദ്യോഗാർത്ഥികളുടെ തെരഞ്ഞെടുപ്പ് തുടങ്ങിയ നടപടിക്രമങ്ങൾ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ മാത്രം നിക്ഷിപ്തമാണ്.

## പി.എസ്.സി. ഓഫീസിലെ നിയമനം

63(71) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. യുടെ സംസ്ഥാന ഓഫീസിൽ ടെക്നിക്കൽ അസ്സിസ്റ്റന്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളുടെ നിയമന രീതി എങ്ങനെയാണ്; സംവരണ തത്വങ്ങൾ പാലിച്ചാണോ നിയമനങ്ങൾ നടത്തിയിട്ടുള്ളത്;

(ബി) സ്വീപ്പർ നിയമനം ലഭിച്ച ആർക്കെങ്കിലും മറ്റ് തസ്തികകളിലേക്ക് പ്രൊമോഷൻ വഴിയോ, തസ്തികമാറ്റം വഴിയോ നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ ഈ നിയമനങ്ങൾ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടാണോ നടത്തിയിട്ടുള്ളത്; നോട്ടിഫിക്കേഷന്റെ നമ്പരും തീയതിയും വെളിപ്പെടുത്തുമോ;

(സി) നിലവിൽ എത്ര താത്കാലിക ജീവനക്കാർ ഏതെല്ലാം തസ്തികകളിൽ പി.എസ്.സി. ആസ്ഥാനത്ത് ജോലി ചെയ്യുന്നു; ഇവരുടെ നിയമന രീതി എങ്ങനെ ആയിരുന്നു എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 20-10-2000-ലെ സ.ഉ(എംഎസ്.) നമ്പർ 590/2000/പൊ.ഭ.വ.; 13-3-2001-ലെ സ.ഉ (എംഎസ്.) നമ്പർ 69/2001/പൊഭവ; 14-7-2004-ലെ സ.ഉ(എംഎസ്.)നമ്പർ 180/2004/പൊഭവ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലേയ്ക്ക് പി.എസ്.സി.-യിലെ യോഗ്യരായ ഉദ്യോഗസ്ഥരിൽ നിന്നും തസ്തികമാറ്റം വഴിയും യോഗ്യതയുള്ള ഉദ്യോഗസ്ഥരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനം വഴിയുമാണ് നിയമനം നടത്തുന്നത്. നേരിട്ടുള്ള നിയമനത്തിന് നിലവിലുള്ള സംവരണ ചട്ടങ്ങൾ പാലിക്കുന്നുണ്ട്.

(ബി) ഉണ്ട്; അതെ; ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ തസ്തികയിലേയ്ക്ക് 23-8-2016 തീയതിയിലെ Estt III (3)35505/05/GW നമ്പർ പ്രകാരവും ഗാർഡനർ തസ്തികയിലേയ്ക്ക് 3-8-2017 തീയതിയിലെ എസ്റ്റാ. III (2) 45605/97/ഗ.വി. പ്രകാരവും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിതരായ 9 സ്വീപ്പർമാരും ഒരു ഗാർഡനറും 8 സെക്യൂരിറ്റി ഗാർഡും 12 ഡ്രൈവർമാരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നിയമിതരായ 8 ഡഫേദാർമാരും ഉൾപ്പെടെ ആകെ 38 താൽക്കാലിക ജീവനക്കാർ ജോലി നോക്കി വരുന്നുണ്ട്.

## പി.എസ്.സി. പരീക്ഷ നടത്തിപ്പിലെ അപാകം

64(72) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27-1-2018 തീയതിയിൽ പി.എസ്.സി. നടത്തിയ എച്ച്.എസ്.എസ്.റ്റി മാത്തമാറ്റിക്സ് (ജൂനിയർ) (കാറ്റഗറി നമ്പർ 331/2017) പരീക്ഷയിലെ ക്രമക്കേട് ആക്ഷേപത്തിൻമേൽ എത്ര അപേക്ഷകളാണ് സർക്കാരിലേക്കും പി.എസ്.സി. യിലേക്കും വന്നതെന്ന് വ്യക്തമാക്കാമോ;പരാതികളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; പരാതി പരിശോധിച്ച് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(ബി) എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്ക് നടന്ന പരീക്ഷകളിൽ (മലയാളം, കമ്പ്യൂട്ടർ സയൻസ്, ഗണിതം, എക്കണോമിക്സ്) ക്രമക്കേട്, ചോദ്യം പകർത്തൽ എന്നിവ സംബന്ധിച്ച് എത്ര പരാതികളാണ് ആകെ ലഭിച്ചതെന്നും ആയത് പരിശോധിക്കുമോയെന്നും വിശദമാക്കാമോ;

(സി) എച്ച്.എസ്.എസ്.റ്റി (ജൂനിയർ) മാത്തമാറ്റിക്സ് പരീക്ഷയിൽ 2014 ആഗസ്റ്റിൽ നടത്തിയ കോളജിയറ്റ് പരീക്ഷയിലെ (ക്വസ്റ്റ്യൻ പേപ്പർ കോഡ്: 121/2014) പേജ് നമ്പർ 11-ലെ 62,63,64,65,66,67,68,69,70 എന്നീ നമ്പർ ചോദ്യങ്ങൾ ഓപ്ഷൻ പോലും മാറാതെ വന്ന എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരീക്ഷ റദ്ദാക്കാനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) പി.എസ്.സി. നടത്തുന്ന പരീക്ഷയുടെ താൽക്കാലിക ഉത്തരസൂചിക പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ അഞ്ച് ദിവസംവരെയുള്ള സമയത്തിനുള്ളിൽ ഉദ്യോഗാർത്ഥികളുടെ പ്രൊഫൈൽ വഴിയാണ് പരാതികൾ സമർപ്പിക്കേണ്ടത്. ഇത്തരത്തിൽ പ്രൊഫൈൽ വഴിയും അല്ലാതെയും പരാതികൾ ലഭിച്ചിട്ടുണ്ട്. ഓരോ ചോദ്യങ്ങൾ സംബന്ധിച്ച് ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന പരാതികൾ ക്രോഡീകരിച്ച് ലഭ്യമാക്കുന്ന രീതിയിലാണ് സജ്ജീകരിച്ചിട്ടുള്ളത്. ഇതുകൂടാതെ ഉദ്യോഗാർത്ഥികൾ പലതലങ്ങളിലും പരാതി നൽകുന്നതിനാലും ഇപ്പോഴും പരാതികൾ ലഭിച്ചുകൊണ്ടിരിക്കുന്നതിനാലും ഇവയുടെ എണ്ണം കണക്കാക്കി പകർപ്പ് ലഭ്യമാക്കാൻ നിർവ്വാഹമില്ല. ലഭ്യമാകുന്ന പരാതികൾ എല്ലാം പരിശോധിച്ച് ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(സി) പരാതി ലഭിച്ചിട്ടുണ്ട്. വിശദമായ പരിശോധനകൾക്കുശേഷം ഇക്കാര്യത്തിൽ പി.എസ്.സി. അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

## ജെ.പി.എച്ച്.എൻ. റാങ്ക് ലിസ്റ്റ്

65(73) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ ജില്ലകളിലാണ് ജെ.പി. എച്ച്.എൻ ഗ്രേഡ് II റാങ്ക് ലിസ്റ്റ് നിലവിലുള്ളത്; ഈ റാങ്ക് ലിസ്റ്റുകൾ എന്നാണ് നിലവിൽവന്നതെന്ന് വിശദമാക്കാമോ ;

(ബി) പത്തനംതിട്ട ജില്ലയിൽ എത്രപേർക്ക് ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ചു; ഇവരുടെ ജാതി തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(സി) ലിസ്റ്റിലുള്ളവരിൽ പലരും ഇനിയൊരു പി.എസ്.സി പരീക്ഷ എഴുതുന്നതിനുള്ള ഉയർന്ന പ്രായപരിധി പിന്നിടാൻ പോകുന്നവരാണെന്നിരിക്കെ, കൂടുതൽപേർക്ക് നിയമനം ലഭിക്കാൻ കഴിയും വിധം, അടുത്ത ഒരു വർഷത്തേക്കുള്ള സൂപ്പർ ന്യൂമററി തസ്തികകളിൽ ഈ റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമനം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II തസ്തികയിലേയ്ക്ക് 14 ജില്ലകളിലേയ്ക്കും റാങ്ക് പട്ടിക നിലവിലുണ്ട്. റാങ്ക് പട്ടിക നിലവിൽ വന്ന തീയതി ചുവടെ ചേർക്കുന്നു :

| ജില്ല | തീയതി |
|---|---|
| തിരുവനന്തപുരം | 2-11-2016 |
| കൊല്ലം | 22-9-2016 |
| പത്തനംതിട്ട | 17-8-2016 |
| ആലപ്പുഴ | 8-8-2016 |
| കോട്ടയം | 30-8-2016 |
| ഇടുക്കി | 19-10-2016 |
| എറണാകുളം | 22-9-2016 |
| തൃശ്ശൂർ | 16-3-2016 |
| പാലക്കാട് | 25-7-2016 |
| മലപ്പുറം | 17-8-2016 |
| കോഴിക്കോട് | 8-8-2016 |
| വയനാട് | 6-6-2016 |
| കണ്ണൂർ | 3-8-2016 |
| കാസർഗോഡ് | 6-6-2016 |

(ബി) 2 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

ഓപ്പൺ കോമ്പറ്റീഷൻ ടേൺ ഈഴവ - 1

റിസർവേഷൻ ടേൺ ഈഴവ - 1

(സി) പരിഗണനയിലില്ല.

## കണ്ണൂർ ജില്ലയിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റ്

66(74) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പി.എസ്.സി.യുടെ എൽ.ഡി.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോഴാണ് അവസാനിക്കുന്നത്; ആയത് വിശദമാക്കാമോ ;

(സി) കണ്ണൂർ ജില്ലയിൽ പുതുതായി ആർ.ഡി.ഒ. ഓഫീസ്, താലൂക്ക് ഓഫീസ്, ജോയിന്റ് ആർ.ടി.ഒ. ഓഫീസ് എന്നിവ തുടങ്ങുന്നതിന് അനുമതിയായത് കണക്കിലെടുത്ത് പ്രസ്തുത തസ്തികകളിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന വിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ) 31-3-2015-ന് നിലവിൽവന്നു.

(ബി) 657 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. റാങ്ക് പട്ടിക പ്രാബല്യത്തിൽ വന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും കൂടിയത് മൂന്ന് വർഷവും നിലനിൽക്കുന്നതാണ്.

(സി&ഡി) 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് വകുപ്പ് അദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ എഴുതി അറിയിക്കുന്ന ഒഴിവുകളിലേയ്ക്ക് സമയബന്ധിതമായി പി.എസ്.സി. നിയമന ശിപാർശ നൽകുന്നതാണ്.

## വിവരസാങ്കേതികവിദ്യാ വികസനത്തിനായുള്ള പദ്ധതികൾ

67(76) ശ്രീ. വി. ജോയി :
ശ്രീ. എം. സ്വരാജ് :
ശ്രീ.എ. എൻ. ഷംസീർ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ വളർച്ചയെ ശക്തിപ്പെടുത്തുന്ന പ്രധാന മേഖലകളിലൊന്നായ വിവര സാങ്കേതികവിദ്യാമേഖലയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) കേരളത്തെ ഒരു ഡിജിറ്റൽ സംസ്ഥാനമാക്കിമാറ്റുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള പശ്ചാത്തലസൗകര്യങ്ങൾ ഈ മേഖലയിൽ ഒരുക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്ത് വിവരസാങ്കേതികവിദ്യ സംബന്ധിച്ച പദ്ധതികൾ നടപ്പാക്കുന്ന ഐ.ടി. വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിവര സാങ്കേതികവിദ്യാ മേഖലയുടെ വികസനത്തിലൂന്നി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ വളർച്ചയെ ശക്തിപ്പെടുത്തുന്നതിനും കേരളത്തെ ഒരു ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള പശ്ചാത്തല സൗകര്യം ഈ മേഖലയിൽ ഒരുക്കുന്നതിനും സഹായകരമായ രീതിയിൽ സർക്കാർ പുതിയ ഐ.ടി. നയം രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്ര ഐ.ടി. വികസനം ഉറപ്പാക്കുന്നതിനും ഡിജിറ്റൽ/ ഐ.ടി. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഈ സംസ്ഥാനത്തെ ഏറ്റവും പുതിയ പ്രവർത്തനങ്ങൾ പൊതുജന സേവനത്തിന് പ്രയോജനകരമാക്കുന്നതിനു വേണ്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നൽകുന്നതിനായി ഐ.ടി/ വാർത്താവിനിമയ രംഗത്തെ സുപ്രധാന വ്യക്തികളെ ഉൾപ്പെടുത്തി ഒരു ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസം, നൈപുണ്യ വികസനം, യുവസംരഭകത്വം പ്രോത്സാഹിപ്പിക്കൽ എന്നിവയിലൂടെ പുത്തൻ സാങ്കേതിക വിദ്യകളുടെ ഉല്പാദനം, ഉപയോഗം എന്നിവയ്ക്ക് അനുയോജ്യമായ മാനവശേഷി വികസനത്തിന് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾ, ഐ.ടി. പാർക്കുകൾ, കേരള സ്റ്റാർട്ടപ്പ് മിഷൻ എന്നിവയിലൂടെ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ വിവരസാങ്കേതികവിദ്യ മേഖലയെ

ശക്തിപ്പെടുത്തുന്നതിനും കേരളത്തെ ഒരു ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുന്നതിനായി കേരള ഐ.ടി. പാർക്കുകൾ, കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ (KSITM), കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KSITIL) എന്നിവയുടെ നേതൃത്വത്തിൽ ചുവടെ കാണുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. കേരള ഐ.ടി. പാർക്കുകൾ എന്ന ബ്രാൻഡിൽ പ്രവർത്തിക്കുന്ന ഐ.ടി. പാർക്കുകളായ ടെക്നോ പാർക്ക്-തിരുവനന്തപുരം, ഇൻഫോ പാർക്ക്-കൊച്ചി, സൈബർ പാർക്ക്-കോഴിക്കോട് എന്നീ പാർക്കുകളിൽ ഐ.ടി/ഐ.ടി.ഇ.എസ്. സംരംഭങ്ങൾക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും സജ്ജീകരിച്ചിരിക്കുന്നു. ചെറുതും ഇടത്തരവുമായ ഐ.ടി. സംരംഭകർക്ക് ഉൾപ്പെടെ അന്താരാഷ്ട്ര സംരംഭകർക്കുൾപ്പെടെ മിതമായ നിരക്കിൽ SEZ/Non SEZ മേഖലകളിൽ ലഭ്യമാക്കുന്ന ലോകോത്തര നിലവാരമുള്ള ഐ.ടി. കെട്ടിട സൗകര്യങ്ങൾ, ഭൂമി, ഫർണിഷ്ഡ് ഓഫീസ് സ്പെയിസുകൾ, സുതാര്യമായ കരാർ വ്യവസ്ഥകൾ, അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സജ്ജീകരണങ്ങളും, മിതമായ ജലവൈദ്യുതി നിരക്കുകൾ, മികച്ച ജല-വൈദ്യുതി വിതരണ സംവിധാനങ്ങൾ, 100% പവർ ബാക്കപ്പ് സംവിധാനം, ഇന്റർനെറ്റ് കണക്റ്റിവിറ്റി സൗകര്യങ്ങൾ, ഏകജാലക സംവിധാനം, വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള ലളിതമായ നടപടിക്രമങ്ങൾ എന്നിവ ലഭ്യമാക്കി വരുന്നു.

2. <u>സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം, കേരള (എസ്.ഡി.പി.കെ.)</u>:

എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് എസ്.ഡി.പി.കെ. 150-ലധികം ഹൈടെക് ക്ലാസ് റൂമുകളെ ടെലിപ്രസൻസ് സൊലൂഷൻ, ഡെഡിക്കേറ്റഡ് നെറ്റ്‌വർക്ക്, ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം എന്നിവയുടെ സഹായത്തോടെ ഐ.ടി. പാർക്കുകളുമായി ബന്ധിപ്പിച്ച്, പ്രതിവർഷം 50000 ത്തോളം വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനവും തൊഴിൽ സാധ്യതയും ലക്ഷ്യമിട്ടുകൊണ്ട് കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. തൊഴിൽദാതാക്കൾ പ്രതീക്ഷിക്കുന്ന മികവുകളും കഴിവുകളും സ്വായത്തമാക്കാൻ വിദ്യാർത്ഥികൾക്ക് പ്രസ്തുത പദ്ധതി ഗുണകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

3. <u>കെ.-ഫോൺ</u>:

ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചുകൊണ്ട്, സാർവ്വത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക്കൽ നെറ്റ്‌വർക്ക് (K-FON). ഈ പദ്ധതിക്കായി 1028 കോടി

രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഐ.ടി. മിഷന്റെ സാങ്കേതിക നേതൃത്വത്തിൽ കെ.എസ്.ഐ.ടി.ഐ.എൽ (KSITIL)ഉം കെ.എസ്.ഇ.ബി. (KSEB)-ഉം സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതി വഴി സംസ്ഥാനത്തെ 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലേയ്ക്ക് സൗജന്യ ഇന്റർനെറ്റ് സേവനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ സംസ്ഥാനത്തെ 30,000-ത്തോളം വരുന്ന സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് അതിവേഗ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാകുന്നതും പ്രസ്തുത പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങളിലൊന്നാണ്.

4. പബ്ലിക് വൈ ഫൈ പദ്ധതി:

സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച സൗജന്യ വൈ ഫൈ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി 1000 അധിക ഹോട്ട്സ്പോട്ടുകൾകൂടി സ്ഥാപിക്കുമെന്നും, സംസ്ഥാനത്തുടനീളം ആകെ 2000 ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ഓഫീസുകൾ, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, പാർക്കുകൾ, ലൈബ്രറികൾ, മറ്റു പൊതുകേന്ദ്രങ്ങൾ എന്നിങ്ങനെ സംസ്ഥാനത്തുടനീളമുള്ള പ്രധാന കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്ന വൈ ഫൈ ഹോട്ട്സ്പോട്ടുകളുടെ പരിധിക്കുള്ളിൽ പൊതുജനങ്ങൾക്ക് നിശ്ചിത സമയത്തേയ്ക്ക് സൗജന്യ നിരക്കിൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കും. 24 മണിക്കൂറും പൊതുജനങ്ങൾക്ക് ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

അതാത് ജില്ലകളിലെ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കാനുള്ള സ്ഥലങ്ങൾ ജില്ലാ കളക്ടർമാർ കണ്ടെത്തിയിട്ടുണ്ട്.

5. എം. - കേരളം:

സർക്കാർ സേവനങ്ങളെ പൊതുജനങ്ങൾക്ക് ഒരു സ്മാർട്ട് ഫോണിന്റെ സഹായത്തോടെ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ് എം. കേരളം മൊബൈൽ ആപ്പ്. ഘട്ടം ഘട്ടമായാണ് സേവനങ്ങൾ ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കാനുദ്ദേശിക്കുന്നത്. സർക്കാർ സേവനങ്ങൾക്കുള്ള അപേക്ഷാ ഫീസ് കൂടാതെ വെള്ളക്കരം, വൈദ്യുതി ബിൽ, സർവ്വകലാശാല ഫീസ് മുതലായ പണമിടപാടുകളെല്ലാം ഓൺലൈനായി നടത്താം. നിലവിൽ നൂറോളം സർക്കാർ-സർക്കാരിതര സേവനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

6. നോളഡ്ജ് സിറ്റി:

വളർന്നുവരുന്ന നൂതന സാങ്കേതിക വിദ്യകളായ ബ്ലോക്ക്ചെയിൻ, സൈബർ സെക്യൂരിറ്റി, കൊഗ്നിറ്റീവ് ഫാബ്രിക് തുടങ്ങി വിവിധ മേഖലകളിൽ ഇന്നൊവേഷൻ മുൻകൂട്ടി കണ്ടെത്തി അവ വികസിപ്പിച്ച് ഈ മേഖലയിൽ മുന്നേറ്റം നടത്തുന്നതിനും ഐ.ടി. രംഗത്ത് ആഗോള ശ്രദ്ധ നേടി സെന്റർ ഓഫ് എക്സലൻസായി മാറുന്നതിന് നോളഡ്ജ് സിറ്റി പോലുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

(സി) സംസ്ഥാനത്ത് വിവരസാങ്കേതിക വിദ്യ സംബന്ധിച്ച പദ്ധതികൾ നടപ്പാക്കുന്ന ഐ.ടി. വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ താഴെ പറയുന്നവയാണ്.

1. കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (KSITM)
2. കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KSITIL)
3. ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (ICFOSS)
4. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരള (IIITM-K)
5. കേരളാ സ്റ്റാർട്ടപ്പ് മിഷൻ (KSUM)
6. ഐ.സി.റ്റി. അക്കാഡമി ഓഫ് കേരള (ICT Academy of Kerala)
7. ഹാർഡ് വെയർ മിഷൻ (Hardware Mission)

**കണ്ണൂർ സൈബർ പാർക്ക്**

68(77) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എരമം പ്രദേശത്ത് തുടങ്ങാനിരുന്ന കണ്ണൂർ സൈബർ പാർക്കിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഉപേക്ഷിച്ചെങ്കിൽ സൈബർ പാർക്കിനായി ഏറ്റെടുത്ത പ്രദേശം ഉപയോഗപ്പെടുത്തി, ഇതിന് പകരമായ പദ്ധതി പരിഗണനയിൽ ഉണ്ടോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതി എന്താണെന്ന് വ്യക്തമാക്കുമോ; ആയത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പയ്യന്നൂർ മണ്ഡലത്തിലെ എരമം പ്രദേശത്ത് തുടങ്ങാനിരുന്ന കണ്ണൂർ സൈബർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്.

(ബി&സി) പ്രസ്തുത പദ്ധതിക്കായി ഏറ്റെടുത്തതും നിലവിൽ കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KSITIL)-ന്റെ അധീനതയിലുള്ളതുമായ ഭൂമി കിൻഫ്രയ്ക്ക് കൈമാറുന്നതു സംബന്ധിച്ച നടപടി സ്വീകരിച്ചുവരുന്നു.

## അക്ഷയ കേന്ദ്രങ്ങൾ

69(78) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ.ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; 2018-19 സാമ്പത്തിക വർഷം എത്ര അക്ഷയ കേന്ദ്രങ്ങൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്;

(ബി) അക്ഷയ കേന്ദ്രങ്ങളുടെ മറവിൽ വ്യാജ അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവയ്ക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) അക്ഷയ കേന്ദ്രങ്ങളിൽ അമിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച പരാതികൾ പരിശോധിക്കുമോ; അക്ഷയ കേന്ദ്രങ്ങളിൽ ഫീസ് നിരക്ക് പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പാസ്സാക്കുന്ന പ്രമേയത്തിന്റെയും ജില്ല ഇ-ഗവേണൻസ് സൊസൈറ്റിയുടെ ശിപാർശയുടെയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ കുറഞ്ഞത് രണ്ട് കിലോമീറ്റർ ദൂരപരിധി ഉണ്ടായിരിക്കണമെന്ന നിബന്ധനയിൽ ഒരു ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 4-ഉം മുനിസിപ്പാലിറ്റിയുടെ പരിധിയിൽ 6-ഉം അക്ഷയ കേന്ദ്രങ്ങളാണ് അനുവദിച്ചുവരുന്നത്. എന്നാൽ കോർപ്പറേഷൻ പരിധിയിലെ അക്ഷയ കേന്ദ്രങ്ങളുടെ എണ്ണം ജനസാന്ദ്രതയുടെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ ആവശ്യം പരിഗണിച്ചാണ് നിശ്ചയിക്കുന്നത്. ഒരു ലൊക്കേഷനിൽ അക്ഷയ കേന്ദ്രം അനുവദിച്ചുകഴിഞ്ഞാൽ പ്രസ്തുത അക്ഷയ കേന്ദ്രത്തിന്റെ നടത്തിപ്പിനായി സംരംഭകനെ തെരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ച് ഓൺലൈൻ പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അർഹനായ സംരംഭകനെ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. 2018-19 സാമ്പത്തിക വർഷം എത്ര അക്ഷയ കേന്ദ്രങ്ങൾ തുടങ്ങാൻ കഴിയുമെന്നത് സംബന്ധിച്ച് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ആവശ്യകത മുൻനിർത്തിയായിരിക്കും സർക്കാർ തീരുമാനിക്കുക.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സർക്കാർ അംഗീകൃത ഏജൻസി അക്ഷയ കേന്ദ്രങ്ങൾ മാത്രമാണെന്നത് സംബന്ധിച്ചും അനധികൃത ഓൺലൈൻ സ്ഥാപനങ്ങളെ സംബന്ധിച്ചുമുള്ള ബോധവൽക്കരണം

പത്ര മാധ്യമങ്ങൾ വഴി നൽകുന്നുണ്ട്. വ്യാജ അക്ഷയ കേന്ദ്രങ്ങളെ നിയന്ത്രിക്കു ന്നതിന്റെ ഭാഗമായി പൊതുലോഗിനിലൂടെയുള്ള ഇ-ഡിസ്ട്രിക്റ്റ് സർട്ടിഫിക്കറ്റുകളുടെ എണ്ണം കുറയ്ക്കുന്നതിനും സംസ്ഥാന സർവ്വീസ് പോർട്ടലിൽ അക്ഷയയ്ക്ക് ലോഗിൻ നൽകാനും തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ ഇന്ത്യ പദ്ധതിയുടെ ഭാഗമായാണ് കോമൺ സർവ്വീസ് സെന്ററുകൾക്ക് (സി.എസ്.സി) കേന്ദ്രസർക്കാർ പ്രവർത്തനാനുമതി നൽകുന്നത്. സംസ്ഥാന ഐ.ടി. മിഷനെ അറിയിക്കാതെ സ്വകാര്യ ഓൺലൈൻ സേവന കേന്ദ്രങ്ങൾക്ക് സി.എസ്.സി. ഐ.ഡി. നൽകുന്നതിനെതിരെയും ദൂരപരിധി പാലിക്കാതെ സി.എസ്.സി. കേന്ദ്രങ്ങൾ അക്ഷയ കേന്ദ്രങ്ങൾക്ക് സമീപം ആരംഭിക്കുന്നതിനെതിരെയും നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര ഇലക്ട്രോണിക്സ് & വിവര സാങ്കേതികവിദ്യ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) സേവനങ്ങൾക്ക് അമിത ഫീസ് ഈടാക്കുന്നതുൾപ്പെടെ അക്ഷയ കേന്ദ്രങ്ങൾക്കെതിരെ ലഭിക്കുന്ന ഗുരുതരമായ പരാതികൾ അന്വേഷിക്കുന്നതിന് ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. അക്ഷയ മുഖേന ലഭ്യമാക്കുന്ന സേവനങ്ങളുടെ ഫീസ് നിരക്ക് എല്ലാ അക്ഷയ കേന്ദ്രങ്ങളിലും പ്രദർശിപ്പിക്കണമെന്ന കാലാകാലങ്ങളായുള്ള നിർദ്ദേശം പാലിക്കപ്പെടുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അക്ഷയ കേന്ദ്രങ്ങളിലെ ഫീസ് നിരക്ക് പ്രദർശിപ്പിക്കുന്നതിന് ഏകീകൃത സ്വഭാവത്തിലുള്ള ബോർഡ് എല്ലാ കേന്ദ്രങ്ങളിലും സർക്കാരിന്റെ മേൽനോട്ടത്തിൽ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശവും പരിഗണിച്ചുവരുന്നു.

**അക്ഷയ കേന്ദ്രങ്ങളിലെ സർവ്വീസുകൾക്ക് ചാർജ്**

70(79) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങളിലെ സർവ്വീസുകൾക്ക് ചാർജ് നിശ്ചയിച്ച് ഉത്തരവി റക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്തുവയ്ക്കുമോ;

(സി) അക്ഷയ കേന്ദ്രങ്ങൾ നൽകുന്ന സർവ്വീസുകളുടെ ചാർജിനെ സംബന്ധിച്ച വിവരങ്ങൾ ഓരോ അക്ഷയ കേന്ദ്രത്തിലും പ്രദർശിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) അക്ഷയ മുഖേന ലഭ്യമാക്കുന്ന എല്ലാ സേവനങ്ങളുടെയും നിരക്കുകൾ നിശ്ചയിച്ചുകൊണ്ടുള്ള ഏകീകൃത ഉത്തരവ് നിലവിലില്ല. ഓരോ വകുപ്പിന്റെയും സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന മുറയ്ക്കാണ് പ്രസ്തുത

സേവനങ്ങൾക്ക് നിരക്ക് നിശ്ചയിച്ച് അതാതു വകുപ്പുകൾ തന്നെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അക്ഷയവഴി ലഭ്യമാക്കിയിട്ടുള്ള സർക്കാർ സേവനങ്ങളിൽ 12 എണ്ണത്തിന്റെ സർവ്വീസ് ചാർജ് മാത്രമാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളത്. നിരക്ക് നിശ്ചയിക്കാത്ത സേവനങ്ങൾക്ക് അക്ഷയ കേന്ദ്രങ്ങൾ വ്യത്യസ്ത രീതിയിൽ സർവ്വീസ് ചാർജ് ഈടാക്കുന്നത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇത്തരം സേവനങ്ങളുടെ നിരക്ക് ഏകീകരിക്കുന്നതിനും നിരക്ക് നിശ്ചയിച്ചിട്ടുള്ളവയുടെ നിരക്കുകൾ കാലോചിതമായി പരിഷ്കരിക്കുന്നതും സംബന്ധിച്ച് അക്ഷയ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി) അക്ഷയ മുഖേന ലഭ്യമാക്കുന്ന സേവനങ്ങളുടെ ഫീസ് നിരക്ക് എല്ലാ അക്ഷയ കേന്ദ്രങ്ങളിലും പ്രദർശിപ്പിക്കണമെന്ന കാലാകാലങ്ങളായുള്ള നിർദ്ദേശം പാലിക്കപ്പെടുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അക്ഷയ വഴി നൽകുന്ന സേവനങ്ങൾക്ക് കൃത്യമായ രശീതി നൽകണമെന്നും സേവനങ്ങളുടെ സർവ്വീസ് ചാർജ് കൃത്യമായി പ്രദർശിപ്പിക്കണമെന്നും ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്ന സംരംഭ കർക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ കൈക്കൊള്ളുമെന്നും അറിയിച്ചുകൊണ്ട് അക്ഷയ ഡയറക്ടർ എല്ലാ അക്ഷയ സംരംഭകർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അക്ഷയ കേന്ദ്രങ്ങളിലെ ഫീസ് നിരക്ക് പ്രദർശിപ്പിക്കുന്നതിന് ഏകീകൃത സ്വഭാവത്തിലുള്ള ബോർഡ് എല്ലാ കേന്ദ്രങ്ങളിലും സർക്കാരിന്റെ മേൽനോട്ടത്തിൽ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശവും പരിഗണിച്ചുവരുന്നു.

## മലപ്പുറം ജനസേവ കേന്ദ്രം

71(80) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജനസേവ കേന്ദ്രത്തിൽ ഇപ്പോൾ നൽകി വരുന്ന സേവനങ്ങൾ വിശദമാക്കാമോ; ഈ സാമ്പത്തിക വർഷം ഓരോ മാസവും പ്രസ്തുത കേന്ദ്രത്തിൽ നിന്നും ലഭിച്ച കളക്ഷൻ എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) ജനസേവ കേന്ദ്രത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഐ.ടി. മിഷൻ വഴി ജനസേവ കേന്ദ്രത്തിലേക്ക് ലഭിക്കുന്ന ഗ്രാന്റുകൾ മുഴുവനായും വിതരണം ചെയ്തിട്ടുണ്ടോ;

(സി) ജില്ലാ ആസ്ഥാനത്തെ സർക്കാർ സേവനങ്ങൾ കൃത്യമായി നൽകുന്ന കേന്ദ്രമെന്ന നിലയിൽ മലപ്പുറം ജനസേവ കേന്ദ്രത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; കൂടുതൽ ജീവനക്കാരെ വിവിധ വകുപ്പുകളിൽ നിന്നും ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച് സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ താഴെപ്പറയുന്ന വകുപ്പുകളുടെ സേവനങ്ങൾ മലപ്പുറം ഫ്രണ്ട്സ് ജനസേവനകേന്ദ്രം വഴി നൽകിവരുന്നുണ്ട്.

കെ.എസ്.ഇ.ബി.എൽ.

വാട്ടർ അതോറിറ്റി

കോർപ്പറേഷൻ

യൂണിവേഴ്സിറ്റി

മോട്ടോർ വെഹിക്കിൾ

ബി.എസ്.എൻ.എൽ.

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

ഈ സാമ്പത്തിക വർഷത്തെ കളക്ഷൻ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ നവീകരണത്തിനായി ഐ.ടി. മിഷൻ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 2.18 കോടി രൂപ സർക്കാർ കേരള സ്റ്റേറ്റ് ഐ.ടി. മിഷന് അനുവദിച്ചു നൽകിയിട്ടുണ്ട്. തുക അതാത് ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റികൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മലപ്പുറം ഉൾപ്പെടെ സംസ്ഥാനത്തെ 14 ജില്ലയിലെയും ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ നവീകരിക്കുന്നതിനും അറ്റകുറ്റപ്പണികൾ തീർക്കുന്നതിനും ആവശ്യമായ തുക സർക്കാർ ഇതിനോടകം അനുവദിച്ച് നൽകിയിട്ടുണ്ട്. ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലെ ജീവനക്കാർ ജോലി ക്രമീകരണ വ്യവസ്ഥയിൽ വിവിധ വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ നിന്നും നിയമിക്കപ്പെടുന്നവരാണ്. പല വകുപ്പുകളും/സ്ഥാപനങ്ങളും ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ നിന്നും ജീവനക്കാരെ പിൻവലിച്ചത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

72(81) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായമായി നാളിതുവരെ എന്തു തുക അനുവദിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ചികിത്സാ സഹായം അനുവദിച്ചുകഴിഞ്ഞാൽ മാസങ്ങൾ കഴിഞ്ഞാണ് പ്രസ്തുത തുക അപേക്ഷകർക്ക് ലഭിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, ചികിത്സയ്ക്ക് പണമില്ലാതെ ബുദ്ധിമുട്ടുന്ന രോഗികൾക്ക് പ്രസ്തുത തുക എത്രയുംവേഗം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) മുൻസർക്കാരിന്റെ കാലത്ത് ചികിത്സാ സഹായത്തിന് ലഭിച്ച അപേക്ഷകളിൻമേൽ ഉത്തരവായ എത്രയെണ്ണത്തിനാണ് ധനസഹായം നൽകാൻ ബാക്കിയുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ)

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 53,43,61,561 |
| കൊല്ലം | 24,48,52,844 |
| പത്തനംതിട്ട | 9,98,75,500 |
| ആലപ്പുഴ | 24,23,82,527 |
| കോട്ടയം | 20,63,57,730 |
| ഇടുക്കി | 10,57,13,000 |
| എറണാകുളം | 28,71,04,446 |
| തൃശ്ശൂർ | 24,72,11,500 |

| | |
|---|---|
| പാലക്കാട് | 10,39,82,500 |
| മലപ്പുറം | 20,04,94,500 |
| കോഴിക്കോട് | 16,45,87,352 |
| കണ്ണൂർ | 18,67,44,594 |
| വയനാട് | 4,26,66,000 |
| കാസർഗോഡ് | 68,28,38,640 |

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാകളക്ടർക്ക് നൽകുന്നതോടൊപ്പം ബന്ധപ്പെട്ട തഹസീൽദാർമാർക്കും ഇപ്പോൾ സർക്കാരിൽ നിന്നും ഓൺലൈൻ വഴി നൽകിവരുന്നു. അനുവദിക്കപ്പെട്ട ധനസഹായം അടിയന്തരമായി വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായത്തിന് ലഭിച്ച അപേക്ഷകളിൽ അർഹത നിശ്ചയിക്കപ്പെടാത്ത 602 അപേക്ഷകളിൽ ധനസഹായം നൽകാൻ ബാക്കിയുണ്ട്.

**ഓഖി ദുരന്തത്തിൽ കാണാതായവരുടെ എണ്ണം**

73(82) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ ഓഖി ദുരന്തത്തിൽ കാണാതായവരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര പേരാണ് ദുരന്തത്തിൽ കാണാതായതായി സർക്കാർ കണക്കാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) വിവിധ വകുപ്പുകളുടെ ഇതു സംബന്ധിച്ചുള്ള കണക്കുകളിൽ വൈരുദ്ധ്യം നിലവിലുണ്ടോ; എങ്കിൽ ഇതിനുള്ള കാരണമെന്താണ് ;

(സി) കണക്കുകളിലെ വൈരുദ്ധ്യം ദുരന്ത നിവാരണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ വകുപ്പുകൾ തമ്മിൽ ഏകോപനമില്ലാതിരുന്നതാണ് ഇതിന് കാരണമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഓഖി ദുരന്തത്തിൽ 103 പേരെയാണ് കാണാതായിട്ടുള്ളത്. കാണാതായവരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ഇല്ല.

**ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടി**

74(83) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിനു സമാനമായ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് എന്തൊക്കെ കരുതൽ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) ദുരന്തസാധ്യത പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ദുരന്തപ്രതിരോധ ബോധവല്ക്കരണത്തിനും പരിശീലനത്തിനും കൂടുതൽ ശ്രദ്ധ നല്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഉണ്ടായാൽ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കാൻ ശ്രീ. രമൺ ശ്രീവാസ്തവ ഐ.പി.എസ്. (റിട്ട.) അദ്ധ്യക്ഷനായ സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ നിലനിൽക്കുന്ന സംവിധാനങ്ങൾ സമഗ്രമായി പരിഷ്കരിക്കുന്നതാണ്. ദുരന്ത നിവാരണ അതോറിറ്റിയുടെ മേഖല ഓപ്പറേഷൻ സെന്റർ എറണാകുളത്ത് സ്ഥാപിക്കുന്നതിനും മറ്റു ജില്ലകളിൽ ജില്ലാതല എമർജൻസി ഓപ്പറേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന പോലീസ്, ഫയർ ഫോഴ്സ്, റവന്യൂ, ഫിഷറീസ് വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും കേന്ദ്ര സേനകളായ കോസ്റ്റ് ഗാർഡ്, വ്യോമ, നാവിക സേനകളുടെയും സേവനം ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കുന്നതാണ്. തീരദേശ പോലീസ് സേനയിൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആവശ്യമായ റിക്രൂട്ട്മെന്റ് നടത്തുകയും ആധുനിക സജ്ജീകരണങ്ങളോടെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. വിഴിഞ്ഞം, നീണ്ടകര, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളോടു ചേർന്ന് പ്രത്യേക പോലീസ് സംവിധാനം ആരംഭിക്കുന്നതിന് ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉപഗ്രഹാധിഷ്ഠിത മുന്നറിയിപ്പ് സംവിധാനമായ 'നാവിക്' 500 മത്സ്യബന്ധന യാനങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ കേരളത്തിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ മത്സ്യബന്ധന യാനങ്ങളിലും ഈ സംവിധാനം സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ തീരദേശ അതിർത്തി വിട്ട് 1500 കി.മീ. വരെ ഈ സംവിധാനത്തിലൂടെ വിവരം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാകും. കടലിൽ പോകുന്ന അവസരത്തിലും തിരികെ വരുമ്പോഴും മത്സ്യത്തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുവാനായി ഒരു മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. പ്രകൃതിക്ഷോഭങ്ങൾ സംബന്ധിച്ച വിവരങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് നേരിട്ട് മൊബൈൽ ഫോണിൽ ലഭ്യമാക്കുന്നതിന് 145788 മത്സ്യത്തൊഴിലാളികളുടെ ഫോൺ നമ്പറുകൾ ശേഖരിച്ചിട്ടുണ്ട്. മത്സ്യബന്ധന യാനത്തിന്റെ സഞ്ചാരപാത കരയിലിരുന്ന് മനസ്സിലാക്കാൻ കഴിയുന്ന ആട്ടോമാറ്റിക് വെസൽ ട്രാക്കിംഗ് സംവിധാനം 215 മത്സ്യബന്ധന ബോട്ടുകളിൽ ഘടിപ്പിച്ചിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷാ കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. അടിയന്തര ഘട്ടങ്ങൾ നേരിടുന്നതിനായി ഫിഷറീസ് വകുപ്പിൽ ഒരു കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തന സജ്ജമാക്കി. അന്തർദ്ദേശീയ കടൽ ചട്ടങ്ങൾ അനുസരിച്ചുള്ള കൊടികൾ, ലൈറ്റ്, പ്രദർശന ബോർഡുകൾ എന്നീ സംവിധാനങ്ങൾ തുറമുഖങ്ങൾ, ഫിഷ്‌ലാന്റിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കാൻ തീരുമാനിച്ചു.

(ബി) ലോക ബാങ്കിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി (എൻ.സി.ആർ.എം.പി.) ഉപയോഗപ്പെടുത്തി തീരദേശത്ത് 27 സൈക്ലോൺ ഷെൽറ്ററുകൾ നിർമ്മിക്കുന്നതിനും തീരപ്രദേശത്ത് മുന്നറിയിപ്പ് നൽകുന്നതിനും പൊതുജനങ്ങളെ ശാക്തീകരിക്കുന്നതിനുമുള്ള പദ്ധതി നടപ്പാക്കി വരുന്നു.

(സി) ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി ഉപയോഗപ്പെടുത്തി തീരദേശത്ത് പൊതുജനങ്ങളെ ശാക്തീകരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കി വരുന്നു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജനുവരി, ഫെബ്രുവരി മാസങ്ങളിൽ 800 സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് പരിശീലനവും ബോധവൽക്കരണവും നടത്തി.

### പ്രകൃതിദുരന്തങ്ങളെ നേരിടാൻ സ്ഥിരം സംവിധാനം

75(84) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി പോലുള്ള അപ്രതീക്ഷിത പ്രകൃതിദുരന്തങ്ങളെ നേരിടുവാൻ എല്ലാവിധ ആധുനിക സജ്ജീകരണങ്ങളും ഉള്ള ഒരു സ്ഥിരം സംവിധാനം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ക്രമീകരിക്കുവാനും അത് മുഖ്യമന്ത്രിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) ഓഖി ദുരന്തത്തിനുശേഷം ആ രംഗത്ത് സർക്കാർ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഓഖി പോലെയുള്ള പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതാണ്. അതോറിറ്റിയുടെ ചെയർമാൻ മുഖ്യമന്ത്രിയാണ്. സംസ്ഥാന, ജില്ലാ ഓപ്പറേഷൻ സെന്ററുകൾ മുഖ്യമന്ത്രിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ തന്നെയാണ്. ദുരന്ത നിവാരണ അതോറിറ്റിയുടെ മേഖല ഓപ്പറേഷൻ സെന്റർ എറണാകുളത്ത് സ്ഥാപിക്കുന്നതിനും മറ്റു ജില്ലകളിൽ ജില്ലാതല എമർജൻസി ഓപ്പറേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന പോലീസ്, ഫയർഫോഴ്സ്, റവന്യൂ, ഫിഷറീസ് വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും കേന്ദ്ര സേനകളായ കോസ്റ്റ് ഗാർഡ്, വ്യോമ, നാവിക സേനകളുടെയും സേവനം ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കുന്നതാണ്. തീരദേശ പോലീസ് സേനയിൽ ആവശ്യമായ റിക്രൂട്ട്മെന്റ് നടത്തുകയും ആധുനിക സജ്ജീകരണങ്ങളോടെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. വിഴിഞ്ഞം, നീണ്ടകര, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളോടു ചേർന്ന് പ്രത്യേക പോലീസ് സംവിധാനം ആരംഭിക്കുന്നതിന് ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഉണ്ടായാൽ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കാൻ ശ്രീ. രമൺ ശ്രീവാസ്തവ ഐ.പി.എസ്. (റിട്ട.) അദ്ധ്യക്ഷനായ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. ഉപഗ്രഹാധിഷ്ഠിത മുന്നറിയിപ്പ് സംവിധാനമായ 'നാവിക് '500 മത്സ്യ ബന്ധന യാനങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ കേരളത്തിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ മത്സ്യബന്ധന യാനങ്ങളിലും ഈ സംവിധാനം സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ തീരദേശ അതിർത്തി വിട്ട് 1500 കി.മീ. വരെ ഈ സംവിധാനത്തിലൂടെ വിവരം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കും. കടലിൽ പോകുന്ന അവസരത്തിലും തിരികെ വരുമ്പോഴും മത്സ്യത്തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്താനായി ഒരു മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. പ്രകൃതിക്ഷോഭങ്ങൾ സംബന്ധിച്ച വിവരങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് നേരിട്ട് മൊബൈൽ ഫോണിൽ ലഭ്യമാക്കുന്നതിന് 145788 മത്സ്യത്തൊഴിലാളികളുടെ ഫോൺ നമ്പറുകൾ ശേഖരിച്ചിട്ടുണ്ട്. മത്സ്യബന്ധന യാനത്തിന്റെ സഞ്ചാരപാത കരയിലിരുന്ന് മനസ്സിലാക്കാൻ കഴിയുന്ന ഓട്ടോമാറ്റിക് വെസൽ ട്രാക്കിംഗ് സംവിധാനം 215 മത്സ്യബന്ധന ബോട്ടുകളിൽ ഘടിപ്പിച്ചിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷാ കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. അടിയന്തര ഘട്ടങ്ങൾ നേരിടുന്നതിനായി ഫിഷറീസ് വകുപ്പിൽ ഒരു കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തന സജ്ജമാക്കി. അന്തർദ്ദേശീയ കടൽ ചട്ടങ്ങൾ അനുസരിച്ചിട്ടുള്ള കൊടികൾ, ലൈറ്റ്, പ്രദർശന ബോർഡുകൾ എന്നീ സംവിധാനങ്ങൾ തുറമുഖങ്ങൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കാൻ തീരുമാനിച്ചു. 800 സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് ജനുവരി, ഫെബ്രുവരി മാസങ്ങളിൽ പരിശീലനവും ബോധവൽക്കരണവും നടത്തി.

## സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി

76(85) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് ഈ സർക്കാരിന്റെ കാലയളവിൽ കേന്ദ്രത്തിൽ നിന്നും എത്ര കോടി രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ട് ;

(ബി) ഈ തുക ഏതൊക്കെ പ്രവൃത്തികൾക്കാണ് ചെലവഴിച്ചത് എന്ന് വിശദമാക്കാമോ;

(സി) കേന്ദ്ര സർക്കാരിന്റെ തുക ശരിയായ രീതിയിൽ വിനിയോഗിക്കുന്നതിൽ സംസ്ഥാന സർക്കാർ വീഴ്ച വരുത്തിയതായി വന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച പരിശോധനകൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് Strengthening SDMA & DDMA എന്ന project-നായി 64,12,000 രൂപയും Crowd Management Workshop നടത്താനായി 5 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. അതാത് പ്രോജക്ടിൽ അനുവദനീയമായ പ്രവൃത്തികൾക്കാണ് ഈ തുക വിനിയോഗിക്കുന്നത്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ഒരു തുകയും വിനിയോഗിക്കാതിരുന്നിട്ടില്ല.

## ദുരന്ത നിവാരണ സേനയുടെ യൂണിറ്റ്

77(86) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ കോറോത്ത് ദുരന്ത നിവാരണ സേനയുടെ യൂണിറ്റ് തുടങ്ങുന്നതിനുള്ള നടപടികൾ ഏത് വരെ ആയെന്ന് വിശദമാക്കാമോ?

ഉത്തരം

കണ്ണൂർ ജില്ലയിൽ ദുരന്ത നിവാരണ സേനയുടെ ഒരു യൂണിറ്റ് തുടങ്ങുന്നതിനുള്ള സ്ഥലം അനുവദിക്കാൻ വേണ്ടിയുള്ള ശിപാർശ വിശദവിവരങ്ങൾ സഹിതം ലാന്റ് ബോർഡ് സെക്രട്ടറിക്ക് നൽകിയിട്ടുള്ളതാണ്. ഇക്കാര്യത്തിലെ പുരോഗതി വിലയിരുത്തി പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## ടിപ്പറിടിച്ച് മരണപ്പെട്ടവരുടെ കുടുംബത്തിനുള്ള ധനസഹായം

78(87) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 29-9-2016 ൽ മാരായമുട്ടത്ത് വച്ച് വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി പാറകയറ്റി അമിതവേഗതയിൽ വന്ന ടിപ്പറിടിച്ച് മരണപ്പെട്ട ബാലു, വിപിൻ എന്നീ കുട്ടികളുടെ കുടുംബത്തിനുള്ള ധനസഹായം പ്രഖ്യാപിച്ചിരുന്നെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് ധനസഹായം ലഭ്യമാക്കുന്നതിലേക്കായി യഥാക്രമം D-161006372, D-161006371 എന്നീ നമ്പരുകളിലായി സമർപ്പിച്ചിരുന്ന അപേക്ഷയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

ഉത്തരം

(എ & ബി) ഈ അപേക്ഷകളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും യഥാക്രമം ജി.ഒ.(ആർ.റ്റി) നമ്പർ 749/2018/റവ തീയതി 1-3-2018, ജി.ഒ.(ആർ.റ്റി) നമ്പർ 760/2018/റവ തീയതി 5-3-2018 പ്രകാരം ഓരോ ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

## ഏലിയാമ്മ വർഗ്ഗീസിന് ദുരിതാശ്വാസ നിധി സഹായം

79(88) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മിച്ചൽ ജംഗ്ഷനിൽവച്ചുണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ട ഡി.വർഗ്ഗീസ്, പാലവിളതെക്കതിൽ, താന്നിക്കുന്ന്.പി.ഒ., വെട്ടിയാർ, മാവേലിക്കര, ആലപ്പുഴ എന്ന വ്യക്തിയുടെ സഹധർമ്മിണി ഏലിയാമ്മ വർഗ്ഗീസ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായത്തിനായി നല്കിയ അപേക്ഷയിൽ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷ നല്കി ഒന്നര വർഷമായെങ്കിലും അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കിയിട്ടില്ല എന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) അടിയന്തരമായി ദുരിതാശ്വാസ സഹായം അനുവദിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) 20-2-2018-ലെ സ.ഉ. (സാധാ) നമ്പർ 576/2018/റവ. ഉത്തരവ് പ്രകാരം ശ്രീമതി ഏലിയാമ്മ വർഗ്ഗീസിന് ഒരു ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

## എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം

80(89) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകേണ്ട കാലാവധി 2017 ഏപ്രിൽ 30 ആണെന്ന് ബഹു. സുപ്രീംകോടതി നിർദ്ദേശം നൽകിയിട്ടും ആയത് നടപ്പാക്കാത്തത് സംബന്ധിച്ച വിശദീകരണം നൽകുമോ;

(ബി) പ്രസ്തുത നഷ്ടപരിഹാരം അടിയന്തരമായി നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഡി.വൈ.എഫ്.ഐ. ഫയൽ ചെയ്ത WP(C) 213/2011 നമ്പർ കേസിലെ 10-1-2017-ലെ ഉത്തരവിൽ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഓരോരുത്തർക്കും നഷ്ടപരിഹാരത്തുകയായി നിർണ്ണയിച്ചിരുന്ന 5 ലക്ഷം രൂപയിൽ വിതരണം ചെയ്യാൻ അവശേഷിക്കുന്ന തുക പൂർണ്ണമായും 10-1-2017 മുതൽ 3 മാസത്തിനകം വിതരണം ചെയ്യണമെന്ന് ഉത്തരവായിരുന്നു. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും എൻഡോസൾഫാൻ മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും 5 ലക്ഷം രൂപയും ശാരീരിക വൈകല്യമുള്ളവർ, ക്യാൻസർ രോഗികൾ എന്നിവർക്ക് 3 ലക്ഷം രൂപയും ഗഡുക്കളായി നൽകുന്നതിനാണ് ഉത്തരവായിട്ടുള്ളത്. ഇതുപ്രകാരം അർഹരായവർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം നൽകുന്നതിന് അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനുള്ള കാലതാമസം കാരണം കുറച്ചുപേർക്കുകൂടി ധനസഹായം നൽകാൻ ബാക്കിയുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

81(90) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ചികിത്സസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ ധനസഹായം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ചുവരുന്നുണ്ട്. വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം പുതിയതായി നിലവിൽ വന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 15,000 രൂപവരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകന് പണം അനുവദിക്കുമ്പോൾ തന്നെ ധനകാര്യ വകുപ്പിന്റെ അക്കൗണ്ടിൽ നിന്നും പണം ട്രഷറിയിലേയ്ക്കും ട്രഷറിയിൽ നിന്ന് നേരിട്ട് അപേക്ഷകന്റെ അക്കൗണ്ടിലേയ്ക്കും എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ധന സഹായവിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതി നോടൊപ്പം ബന്ധപ്പെട്ട തഹസീൽദാർമാർക്കും ഇപ്പോൾ സർക്കാരിൽനിന്നും ഓൺലൈനായി നൽകിവരുന്നു. അനുവദിക്കപ്പെട്ട ധനസഹായം അടിയന്തരമായി വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ശബരിമല ഗ്രീൻ ഫീൽഡ് വിമാനത്താവളം**

82(91) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത (ഡി) വകുപ്പിന്റെ 25.09.2017-ലെ G.O.(Ms)No.76/2017/ TRANS നമ്പർ ഉത്തരവ് പ്രകാരം, ശബരിമല പുണ്യതീർത്ഥാടകരുടെ സൗകര്യാർത്ഥം നിർമ്മിക്കുന്ന പുതിയ ഗ്രീൻ ഫീൽഡ് വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക്ക് ഫീസിബിലിറ്റി പഠനത്തിനായും മറ്റും ഏത് ഏജൻസിയെയാണ് തെരഞ്ഞെടുത്തി രിക്കുന്നത്; പേരു സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) തെരഞ്ഞെടുത്ത കമ്പനിക്ക് ഫീസിബിലിറ്റി പഠനത്തിനും മറ്റുമായി എത്ര രൂപയാണ് ഫീസ് നൽകുന്നത്; ഇതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) എന്തൊക്കെ പ്രവൃത്തികൾ ചെയ്യുന്നതിനാണ് കമ്പനിക്ക് പ്രസ്തുത തുക നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികളും പഠനങ്ങളും പൂർത്തീകരിക്കുന്നതിന് എത്രനാൾ സമയമാണ് കമ്പനിക്ക് നൽകിയിരിക്കുന്നത്; ഇത് സംബന്ധിച്ച് സർക്കാരും കമ്പനിയുമായി എന്തെങ്കിലും കരാർ ഉണ്ടാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെ ടുത്തുമോ;

(ഇ) സർക്കാരിന്റെ ഏറ്റവും നല്ല പദ്ധതികളിലൊന്നായ പുതിയ വിമാനത്താ വളത്തിന്റെ പണി എന്നു തുടങ്ങി എന്ന് പൂർത്തീകരിക്കാനാകുമെന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും ഇതിലേയ്ക്ക് ഒരു ആധികാരിക ഏജൻസി മുഖേന സാദ്ധ്യതാ പഠനം നടത്തുന്നതിന് 21-2-2017-ലെ സ.ഉ.(കൈ) 13/2017/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) ചുതലപ്പെടുത്തുകയും ചെയ്തു. ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും ഒരു ആധികാരിക ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. ഒരു താൽപ്പര്യ പത്രം പ്രസിദ്ധപ്പെടുത്തുകയും സുതാര്യമായ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ Louis Berger Consulting Pvt. Ltd. എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും ചെയ്തു. 25-9-2017-ലെ ജി.ഒ(എംഎസ്.) 76/2017/ഗതാ. നമ്പർ സർക്കാർ ഉത്തരവിലൂടെ ആയതിന് വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത കൺസൾട്ടന്റുമായി കെ.എസ്.ഐ.ഡി.സി. ധാരണാപത്രം ഒപ്പിടുകയും കൺസൾട്ടന്റ് പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി-ഇ) ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും M/s. ലൂയിസ് ബർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡിനെ 4,55,40,000 രൂപ ഫീസ് നൽകിക്കൊണ്ടും താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായിട്ടും ജി.ഒ. (എംഎസ്.) 76/17 പ്രകാരം ഉത്തരവായിരുന്നു.

1. കേന്ദ്ര ഗവൺമെന്റിന്റെ 'in principle' അംഗീകാരവും അന്തിമ റിപ്പോർട്ടും വാങ്ങി 9 മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

2. സർക്കാരിന് യാതൊരു തുടർ ബാധ്യതകളും ഉണ്ടായിരിക്കുകയില്ല.

3. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും ലഭ്യമാകേണ്ട അംഗീകാരവും ക്ലിയറൻസും ഉൾപ്പെടെ ഒരു കൺസൾട്ടന്റ് എന്ന നിലയിൽ പൂർത്തീകരിക്കേണ്ട എല്ലാ നടപടികളും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്. കൂടാതെ ബിൽ തീയതി വരെയുള്ള കൺസൾട്ടൻസി ഫീസും ജി.എസ്.റ്റി.-യും ചേർത്തുള്ള തുക നൽകാൻ 30-1-2018-ലെ സ.ഉ(കൈ) നമ്പർ 9/2018/ ഗതാഗതം പ്രകാരം ഉത്തരവായിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട കൺസൾട്ടന്റിന്റെ പഠനം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## എയർ കേരള പദ്ധതി

83(92) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടെ വിമാന യാത്ര ചെലവ് ചുരുക്കുന്നതിനും യാത്ര സുഗമമാക്കുന്നതിനുമായി വിഭാവനം ചെയ്ത എയർ കേരള പദ്ധതി എപ്പോൾ യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ;

(ബി) എയർ കേരള പദ്ധതിക്കായി എപ്പോഴാണ് നടപടികൾ തുടങ്ങിയതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ഡി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടി വരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ തുക ആരിൽ നിന്ന് എങ്ങനെ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) കേന്ദ്ര സർക്കാരിന്റെ പുതിയ വ്യോമയാന നയം പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനു തടസ്സമാണോ എന്ന് വ്യക്തമാക്കാമോ;

(ജി) എങ്കിൽ പ്രസ്തുത തടസ്സങ്ങൾ തരണം ചെയ്യാൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-ജി) ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്ന മലയാളികളുടെ വിമാനയാത്രാ ചെലവ് ചുരുക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടിയാണ് സിയാലിന്റെ അനുബന്ധമായി എയർ കേരള ലിമിറ്റഡ് കമ്പനി ഫെബ്രുവരി 2006-ൽ തുടങ്ങിയത്. തുടർന്ന് സിയാൽ വളരെ വിശദമായ ഒരു സാധ്യതാ പഠനം നടത്തുകയുണ്ടായി. കേന്ദ്രസർക്കാരിന്റെ 2016-ലെ പുതിയ വ്യോമയാന നയപ്രകാരം 20 വിമാനങ്ങളോ അല്ലെങ്കിൽ മൊത്തം സീറ്റുകളുടെ 20 ശതമാനമോ ആഭ്യന്തര സർവ്വീസുകൾക്കായി മാറ്റിവയ്ക്കുന്ന കമ്പനികൾക്ക് മാത്രമേ രാജ്യാന്തര സർവ്വീസ് ആരംഭിക്കുവാൻ കഴിയുകയുള്ളൂ. ഈ നിബന്ധന നിലനിൽക്കുന്നത് എയർ കേരള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് തടസ്സമാകുമെന്നതിനാൽ പദ്ധതി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

## ലൈറ്റ് മെട്രോ പദ്ധതി

84(93) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതികൾ അനിശ്ചിതത്വത്തിലാണെന്നത് വസ്തുതയാണോ;

(ബി) പദ്ധതി അനിശ്ചിതമായി നീണ്ടുപോകുന്നതിനാൽ ഡി.എം.ആർ.സി.-യുടെ സേവനം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് അവർ അറിയിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതികൾക്കായി ഡി.എം.ആർ.സി.-യെ ഏല്പിച്ച ജോലികളെല്ലാം അവർ പൂർത്തിയാക്കിയിട്ടുണ്ടോ;

(ഡി) കേന്ദ്രസർക്കാരിന്റെ പുതിയ മെട്രോ റെയിൽ നയത്തിന്റെ അടിസ്ഥാനത്തിൽ ലൈറ്റ് മെട്രോയുടെ രൂപരേഖ ഡി.എം.ആർ.സി പുതുക്കി നൽകിയിട്ടുണ്ടോ; പ്രസ്തുത രൂപരേഖയ്ക്ക് സംസ്ഥാന സർക്കാരിന്റെ വിദഗ്ദ്ധ സമിതി അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ;

(ഇ) പുതിയ ഡി.പി.ആർ അനുസരിച്ച് ലൈറ്റ് മെട്രോയുടെ നടത്തിപ്പിൽ സ്വകാര്യ പങ്കാളിത്തം അനുവദനീയമാണോ; പുതിയ ഡി.പി.ആർ. പ്രകാരം കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതികളുടെ ചെലവ് എത്രയാണ്; ആദ്യ ഡി.പി.ആറിനെ അപേക്ഷിച്ച് എന്ത് തുകയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്;

(എഫ്) പുതുക്കിയ രൂപരേഖ അംഗീകരിച്ച് കേന്ദ്രസർക്കാരിന്റെ അനുമതിക്കായി അടിയന്തരമായി സമർപ്പിക്കുമോ?

### ഉത്തരം

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടുകൂടി വിഭാവനം ചെയ്ത പദ്ധതി ആയതിനാൽ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭ്യമായശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) നിലവിലുള്ള ജോലികൾ പൂർത്തീകരിച്ചശേഷം തുടർന്ന് ജോലികൾ ലഭ്യമായില്ലെങ്കിൽ തിരുവനന്തപുരത്തും കോഴിക്കോട്ടും ഓഫീസ് നിലനിർത്തുന്നതിനുള്ള ബുദ്ധിമുട്ട് ഡി.എം.ആർ.സി. അറിയിച്ചിട്ടുണ്ട്. എന്നാൽ സർക്കാരിന് ഭരണഘടനാപരമായേ പ്രവർത്തിക്കാനാകൂ.

(സി) ലൈറ്റ് മെട്രോ പദ്ധതികൾക്ക് മുന്നോടിയായുള്ള പ്രാരംഭ ജോലികൾക്കായി 20-1-2016-ന് ഒപ്പുവച്ച ഇടക്കാല കൺസൾട്ടൻസി കരാർ പ്രകാരം ഡി.എം.ആർ.സി.-യെ ഏൽപ്പിച്ച താഴെപ്പറയുന്ന ജോലികൾ എല്ലാം പൂർത്തിയാക്കിയിട്ടുണ്ട് :

1. ലൈറ്റ് മെട്രോ സ്റ്റേഷനുകൾക്ക് ആവശ്യമായ സ്ഥലമെടുപ്പിനുള്ള വിശദവിവരങ്ങൾ തയ്യാറാക്കുക.

2. ലൈറ്റ് മെട്രോ പാതയിൽ ആവശ്യമായ മേൽപ്പാലങ്ങളുടെ രൂപരേഖയും എസ്റ്റിമേറ്റും സ്ഥലമെടുപ്പിനാവശ്യമായ വിശദവിവരങ്ങളും തയ്യാറാക്കുക.

3. പൈപ്പുകളും കേബിളുകളും മാറ്റി സ്ഥാപിക്കാനുള്ള രൂപരേഖ തയ്യാറാക്കുക.

4. ലൈറ്റ് മെട്രോ കോച്ചുകളുടെ രൂപകല്പനയും ദർഘാസ് ക്ഷണിക്കുന്നതി നാവശ്യമായ സാങ്കേതിക വിവരണങ്ങളും തയ്യാറാക്കുക.

5. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ സാങ്കേതിക ഉപദേശം/വിവരങ്ങൾ ലഭ്യമാക്കുക.

(ഡി) കേന്ദ്ര സർക്കാരിന്റെ പുതിയ മെട്രോ റെയിൽ നയത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് ലൈറ്റ് മെട്രോ പദ്ധതികളുടെ അനുബന്ധ രൂപരേഖ ഡി.എം.ആർ.സി. സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത രൂപരേഖ പരിശോധിക്കു ന്നതിനായി ബന്ധപ്പെട്ട വകുപ്പുസെക്രട്ടറിമാരടങ്ങിയ സമിതിയെ ചുമതലപ്പെടുത്തു ന്നതാണ്. പ്രസ്തുത രൂപരേഖയിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും അഭിപ്രായം ആരാഞ്ഞതിനുശേഷം പുതുക്കിയ രൂപരേഖയ്ക്ക് അംഗീകാരം നൽകുന്നതാണ്.

(ഇ) കേന്ദ്ര സർക്കാരിന്റെ പുതിയ മെട്രോ നയം രാജ്യത്ത് പുതുതായി നടപ്പി ലാക്കുന്ന എല്ലാ മെട്രോ പദ്ധതികളിലും ഒരു ചെറിയ അളവിലെങ്കിലും സ്വകാര്യ പങ്കാളിത്തം നിഷ്കർഷിക്കുന്നു. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ ഡി.പി.ആർ-ൽ പുതിയ മെട്രോ റെയിൽ നയപ്രകാരം ചില ഘടകങ്ങളിൽ സ്വകാര്യ പങ്കാളിത്തം നിർദ്ദേശിച്ചിട്ടുണ്ട്. പുതുക്കിയ ഡി.പി.ആർ പ്രകാരം തിരുവനന്തപുരത്ത് 4673 കോടി രൂപയും കോഴിക്കോട് 2773 കോടി രൂപയും ഉൾപ്പെടെ ആകെ 7446 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ആദ്യ ഡി.പി.ആർ. പ്രകാരം തിരുവനന്തപുരത്ത് 4219 കോടി രൂപയും കോഴിക്കോട് 2509 കോടി രൂപയും ഉൾപ്പെടെ ആകെ 6728 കോടി രൂപയാണ് ചെലവ് കണക്കാക്കിയിരുന്നത്. ആദ്യ ഡി.പി.ആർ-ൽ കണക്കാക്കിയ തുകയിൽ നിന്നും 718 കോടി രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

(എഫ്) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ രൂപരേഖ സംസ്ഥാന സർക്കാർ പരിശോധിച്ചുവരികയാണ്. പ്രസ്തുത പരിശോധന സമയബന്ധിതമായി പൂർത്തിയാക്കിയശേഷം സംസ്ഥാന സർക്കാർ അംഗീകാരത്തോടെ കേന്ദ്രാനുമതിക്കായി എത്രയും പെട്ടെന്ന് സമർപ്പിക്കുന്നതാണ്.

**കൊച്ചി മെട്രോയുടെ പ്രവർത്തനം**

85(94) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> :

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ ട്രെയിൻ പദ്ധതി ലാഭകരമായാണോ പ്രവർത്തിച്ച് വരുന്നത്;

(ബി) രാജ്യത്തെ മറ്റ് മെട്രോകൾ ടിക്കറ്റ് ഇതര വരുമാനത്തിലൂടെ ലാഭമുണ്ടാക്കുമ്പോൾ അത്തരം വരുമാനം കൊച്ചി മെട്രോക്ക് ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പരിഹാര മാർഗ്ഗങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കൊച്ചി മെട്രായുടെ ദൂരം ദീർഘിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) അല്ല.

(ബി) ഉണ്ട്. യാത്രേതര സ്രോതസ്സുകളിലൂടെ വരുമാനം കണ്ടെത്തുന്നതിന്റെ ഭാഗമായി മെട്രോയുടെ തൂണുകളിലും മീഡിയനുകളിലും പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് കരാർ നൽകിയിട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റിയുടെ പരിധിയിൽ വരുന്ന ഭാഗങ്ങളിൽ പരസ്യം പ്രദർശിപ്പിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു. മെട്രോ സ്റ്റേഷനുകളിലും ട്രെയിനുകളിലും പരസ്യം പ്രദർശിപ്പിക്കാനും സ്റ്റേഷനുകളിലുള്ള സ്ഥലസൗകര്യം വാണിജ്യാവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകാനും ഉദ്ദേശിക്കുന്നു. കൂടാതെ, ടിക്കറ്റ് ഇതര വരുമാനം ലക്ഷ്യമിട്ട് പ്രോപ്പർട്ടി ഡെവലപ്മെന്റിലൂടെ പാർപ്പിട-വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ച് വിൽക്കുന്ന പദ്ധതിക്കായി കൊച്ചി മെട്രോ സമർപ്പിച്ച നിർദ്ദേശത്തിന്മേൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിൽ കാക്കനാടുള്ള 17.315 ഏക്കർ ഭൂമി വിട്ടുനൽകുന്നത് സർക്കാർ പരിശോധിച്ചു വരികയാണ്.

(സി) കൊച്ചി മെട്രോയുടെ Phase I A-യുടെ ഭാഗമായി തൃപ്പൂണിത്തുറ പേട്ട മുതൽ എസ്.എൻ. ജംഗ്ഷൻ വരെയുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഡിസംബർ 2021-ൽ നിർമ്മാണം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ ഇൻഫോപാർക്ക് വരെയുള്ള കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഘട്ടം II, 2577.25 കോടി രൂപ ചെലവിൽ നടപ്പാക്കാൻ സംസ്ഥാന സർക്കാർ അനുമതി നൽകിയിരുന്നു. ഇതിന്റെ ഭാഗമായുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. എന്നാൽ, മെട്രോ റെയിൽ പോളിസി 2017-ലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഘട്ടം II-ന്റെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) മാറ്റംവരുത്തി പുനഃസമർപ്പിക്കാൻ കേന്ദ്രസർക്കാർ നിർദ്ദേശിച്ചിരിക്കുകയാണ്.

## വാട്ടർ മെട്രോ പദ്ധതി

86(95) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള വാട്ടർ മെട്രോ പദ്ധതിയുടെ നിജസ്ഥിതി വിശദമാക്കാമോ;

(ബി) ബോട്ടുജെട്ടികൾ നിർമ്മിക്കുന്നതിനും ആഴംകൂട്ടുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും എന്തെല്ലാം നടപടിക്രമങ്ങളും പണികളുമാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കൊച്ചിയിലെ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള വാട്ടർ മെട്രോ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. ബോട്ട് ടെർമിനലുകൾക്ക് ആവശ്യമായ സ്ഥലം കണ്ടെത്തി.
2. പരിസ്ഥിതി അനുമതിക്കായുള്ള പഠനം കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഏജൻസിയായ WAPCOS മുഖേന പുരോഗമിക്കുന്നു.
3. റൂട്ടുകൾ, നാവിഗേഷൻ ചാനലുകൾ എന്നിവ നിർണ്ണയിക്കുന്നതിനുള്ള Bathymetry സർവ്വേ, സംസ്ഥാന സർക്കാരിന്റെ തുറമുഖ വകുപ്പിനു കീഴിലുള്ള Hydrographic Survey Wing (HWS) പൂർത്തിയാക്കി.

4. ടെർമിനലുകളുടെ പ്ലാനിംഗിനും വിശദമായ രൂപരേഖ നിർമ്മിക്കുന്നതിനും വേണ്ട Topographic സർവ്വേ പുരോഗമിക്കുകയാണ്.

5. ബോട്ട് ജെട്ടികളുടെയും ടെർമിനലുകളുടെയും വിശദമായ ഡിസൈനിന് വേണ്ടിയുള്ള Geo Technical സർവ്വേയും ബോട്ടുകളുടെ ടെണ്ടറിംഗിന് വേണ്ടിയുള്ള നടപടികളും പുരോഗമിക്കുന്നു. അതോടൊപ്പം വിശദമായ ഡിസൈനിനുവേണ്ടിയുള്ള കൺസൾട്ടന്റിനെ (Detailed Design Consultant) നിയമിക്കുന്നതിനായുള്ള നടപടികളും പുരോഗമിക്കുന്നു.

(ബി) ബോട്ട് ജെട്ടികളുടെയും അനുബന്ധ നിർമ്മാണങ്ങളുടെയും രൂപരേഖകൾ തയ്യാറാക്കിവരികയാണ്. റൂട്ടുകളും നാവിഗേഷൻ ചാനലുകളും നിർണ്ണയിക്കുന്നതിനും ആഴം കൂട്ടുന്നതിനുമുള്ള ആവശ്യകത സ്ഥിരീകരിക്കുന്നതിനുവേണ്ട Bathymetry പഠനം പൂർത്തിയായിട്ടുണ്ട്.

(സി) പദ്ധതി 2019 രണ്ടാം പാദത്തിൽ ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി നടപ്പാക്കുന്നത് CRZ നോട്ടിഫൈഡ് പ്രദേശത്ത് ആയതിനാൽ തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാകേണ്ടതുണ്ട്.

**പത്ര ജീവനക്കാർക്കുള്ള പെൻഷൻ പദ്ധതി**

87(96) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രപ്രവർത്തക പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം എത്രയെന്ന് വിശദീകരിക്കുമോ;

(ബി) പത്രപ്രവർത്തകരല്ലാത്ത പത്രജീവനക്കാർക്ക് പെൻഷൻ നൽകിവരുന്നുണ്ടോ; ഇത് സംബന്ധിച്ച് വ്യക്തമായ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) പത്ര സ്ഥാപനങ്ങളിലെ ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ജീവനക്കാർക്കാണ് പെൻഷൻ അനുവദിച്ചിരിക്കുന്നതെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2018 ജനുവരി മാസത്തെ കണക്ക് പ്രകാരം 784 പേർക്ക് പത്ര പ്രവർത്തക പെൻഷൻ ലഭിക്കുന്നുണ്ട്.

(ബി) പത്രപ്രവർത്തകരല്ലാത്ത പത്രജീവനക്കാർക്ക് 4-2-2000-ലെ സ.ഉ. (പി) 02/2000/പി.ആർ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പെൻഷൻ പദ്ധതി അനുസരിച്ച് പെൻഷൻ നൽകിവരുന്നുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) പത്രസ്ഥാപനങ്ങളിലെ എഡിറ്റോറിയൽ, റിപ്പോർട്ടിംഗ് വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പത്രപ്രവർത്തക പെൻഷനും ഇതര വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പത്രപ്രവർത്തകേതര പെൻഷനുമാണ് അനുവദിച്ചിരിക്കുന്നത്.

## കെ.വി. ജോഷിയുടെ മോചനത്തിനായി നടപടി

88(97) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

യു.എ.ഇ.യിലെ ഉമ്മൽഖുവൈൻ ജയിലിൽ 2013 മുതൽ തടവ് ശിക്ഷ അനുഭവിക്കുന്ന ശ്രീ. കെ. വി. ജോഷിയുടെ മോചനത്തിനായി ടിയാന്റെ ഭാര്യ ശ്രീമതി മേഴ്സി ജോഷി സമർപ്പിച്ച നിവേദനത്തിന്മേൽ ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിലെ 170901057/2017 നമ്പരായി നോർക്ക സി.ഇ.ഒ.യ്ക്ക് നൽകിയ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

പരാമർശ വിഷയം സംബന്ധിച്ച് 2014-ൽ തന്നെ ശ്രീമതി മേഴ്സി ജോഷി സർക്കാരിനെ സമീപിച്ചിട്ടുള്ളതും ആയതിന്റെ വെളിച്ചത്തിൽ 17-9-2014-ൽ സർക്കാർ യു.എ.ഇ.-യിലെ ദുബായ് കോൺസുലേറ്റിന് ആവശ്യമായ നടപടികൾക്കായി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2017 ഫെബ്രുവരി 24-ാം തീയതി ടി കോൺസുലേറ്റിൽനിന്നും ലഭിച്ച കത്തുപ്രകാരം ശ്രീ. കെ. വി. ജോഷിയെ 29-12-2015 വരെ 2 വർഷത്തേയ്ക്ക് കോടതി ശിക്ഷിച്ചുവെന്നും പുറത്തിറങ്ങുന്നതിന് കുറച്ചു ദിവസങ്ങൾക്കുമുമ്പ് ടിയാളുടെ ബിസിനസ്സ് പാർട്ട്ണർ നൽകിയ ചെക്ക് കേസിൽ കോടതി വീണ്ടും 2 വർഷത്തേക്കുകൂടി ശിക്ഷിച്ചുവെന്നും അറിയിച്ചിരുന്നു. കൂടാതെ ഉമ്മൽ ഖൈവാൻ കോടതി ശിക്ഷിച്ചതനുസരിച്ചുള്ള തുക കൂടി അടച്ചതിനുശേഷമേ ശ്രീ. ജോഷിക്ക് നാട്ടിലേയ്ക്ക് വരാൻ കഴിയുകയുള്ളൂവെന്നും കോടതി നടപടികളിൽ കോൺസുലേറ്റിന് ഇടപെടുന്നതിന് പരിമിതികളുണ്ടെന്നും അറിയിക്കുകയുണ്ടായി. എന്നിരുന്നാലും കോൺസുലേറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ജയിലിൽ ശ്രീ. ജോഷിയെ നിരന്തരം സന്ദർശിക്കാറുണ്ടെന്നും ടിയാന്റെ ആരോഗ്യനില തൃപ്തികരമാണെന്നും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കോൺസുലേറ്റിൽ നിന്നും അറിയിച്ചിട്ടുള്ളതാണ്. ശ്രീമതി മേഴ്സി ജോഷിയുടേതായി ചോദ്യത്തിൽ പരാമർശിച്ചിട്ടുള്ളതടക്കം വിവിധ തലങ്ങളിൽനിന്നും സർക്കാരിൽ ലഭിച്ച നിവേദനങ്ങളുടെ വെളിച്ചത്തിൽ സർക്കാർ ശ്രീമതി മേഴ്സിയോട് യു.എ.ഇ. ഭരണാധികാരിക്ക് ഒരു ദയാഹർജി നൽകാൻ ആവശ്യപ്പെട്ടതിന്റെ വെളിച്ചത്തിൽ ലഭ്യമാക്കിയ നിവേദനം സർക്കാർ ദുബായ് കോൺസുലേറ്റിന് അയച്ചുകൊടുക്കുകയും പ്രസ്തുത ദയാഹർജി യു.എ.ഇ.-യിലെ ഭരണാധികാരിക്ക് സമർപ്പിക്കുന്നതിനായി ബന്ധപ്പെട്ട വിദേശകാര്യ വകുപ്പിന് 6-11-2017-ൽ കൈമാറിയിട്ടുണ്ടെന്നും ദുബായ് കോൺസുലേറ്റിൽനിന്നും സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്. ഈ വിവരം ശ്രീമതി മേഴ്സി ജോഷിയെ അറിയിച്ചിട്ടുണ്ട്.

**സാന്ത്വനം പദ്ധതി**

89(98) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയിട്ടുള്ള നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവാസി മലയാളികൾക്കായി ആവിഷ്കരിച്ചിട്ടുള്ള 'സാന്ത്വനം' പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങളാണ് പ്രവാസികൾക്ക് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) വിദേശ രാജ്യങ്ങളിൽവച്ച് മരണപ്പെടുന്നവരുടെ മൃതദേഹം കൊണ്ടുവരുന്നതിനായി എയർ ആംബുലൻസ് സംവിധാനം സാന്ത്വനം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക-റൂട്ട്സ് മുഖേന നടത്തിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം;

2. വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം;

3. തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം;
4. മാർക്കറ്റ് ഇന്റലിജൻസ്, റിക്രൂട്ട്മെന്റിന് മുമ്പും പിമ്പും നൽകുന്ന സേവനങ്ങൾ, തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം;
5. ലോക കേരളസഭ;
6. ആഗോള സാസ്കാരികോത്സവം പദ്ധതി;
7. തിരിച്ചുവന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതി;
8. നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ;
9. സ്വപ്ന സാഫല്യം;
10. കാൾ സെന്റർ;
11. സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ;
12. ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും ഡാറ്റാബേസ് രൂപീകരണവും പദ്ധതി;
13. എൻ.ആർ.കെ.ഐ.ഡി. കാർഡ്/പ്രവാസി ഐ.ഡി. കാർഡ് (വിദേശ ത്തുള്ള പ്രവാസികൾക്ക്);
14. എൻ.ആർ.കെ. ഇൻഷ്വറൻസ് കാർഡ്;
15. നോർക്ക വഴിയുള്ള റിക്രൂട്ട്മെന്റ്;
16. സാന്ത്വന പദ്ധതി;
17. കാരുണ്യം;
18. ചെയർമാൻ ഫണ്ട്.

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡുവഴി നടത്തിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. അംഗത്വം നേടിയവർക്ക് പ്രതിമാസം 2000 രൂപ നിരക്കിൽ പെൻഷൻ;
2. കുടുംബ പെൻഷൻ;
3. മരണാനന്തര ധനസഹായം;
4. ചികിത്സാ ധനസഹായം;

5. പ്രസവാനുകൂല്യം;

6. വിദ്യാഭ്യാസാനുകൂല്യം;

7. വിവാഹ ധനസഹായം.

(ബി&സി) വിദേശത്തുനിന്നും തിരികെയെത്തുന്ന നിർദ്ധനരായ പ്രവാസി കുടുംബങ്ങളെ അത്യാവശ്യ ഘട്ടങ്ങളിൽ സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയിട്ടുള്ളതാണ് സാന്ത്വന പദ്ധതി. ഈ പദ്ധതിയിൻ കീഴിൽ വാർഷിക വരുമാനം 1,00,000 രൂപയിൽ താഴെയുള്ള പ്രവാസി മലയാളികളുടെ/ കുടുംബാംഗങ്ങളുടെ ചികിത്സയ്ക്ക് പരമാവധി 50,000 രൂപവരെയും മരണപ്പെട്ട പ്രവാസികളുടെ കുടുംബത്തിന് മരണാനന്തര ധനസഹായമായി പരമാവധി 1,00,000 രൂപവരെയും അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനായി പരമാവധി 15,000 രൂപ വരെയും പ്രവാസികളുടെ/കുടുംബാംഗങ്ങൾക്ക് വീൽ ചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിന് 10,000 രൂപയും ഒറ്റത്തവണയായി ധനസഹായം നൽകി വരുന്നു.

(ഡി) എയർ ആംബുലൻസ് സംവിധാനം സാന്ത്വനം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ വിദേശത്തുനിന്നും അസുഖബാധിതരായി വരുന്നവരെയും വിദേശത്തുവച്ച് മരണം നടക്കുന്ന കേസുകളിൽ ഭൗതിക ശരീരം ആശുപത്രിയിലോ വീട്ടിലോ എത്തിക്കുന്നതിനും കേരളത്തിലെ എല്ലാ എയർപോർട്ടുകളിലും ആംബുലൻസ് സൗകര്യം ഒരുക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

**ലോക കേരള സഭ**

90(99) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുവച്ച് 2018 ജനുവരി മാസം 12, 13 തീയതികളിൽ നടത്തിയ ലോക കേരളസഭയുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാർ (നോർക്ക വകുപ്പ്) എത്ര കോടി രൂപ ചെലവഴിച്ചു; ഇതിന്റെ വിശദാംശങ്ങൾ ഇനംതിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത സംരംഭംകൊണ്ട് സംസ്ഥാന സർക്കാരിന് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) ലോക കേരളസഭ എന്തെങ്കിലും പുതിയ പദ്ധതികൾ കേരളത്തിൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത സംരംഭം നടത്തുന്നതിലേക്ക് പ്രവാസികളുടെ ആരുടെയെങ്കിലും സാമ്പത്തിക സഹായം സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത സഭയുടെ തുടർപ്രവർത്തനരീതി എങ്ങനെയെന്നും എത്രനാൾ കൂടി സഭ ചേരുമെന്നുമുള്ള പൂർണ്ണ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ബില്ലുകളുടെ അന്തിമ സെറ്റിൽമെന്റ് ആയിട്ടില്ലാത്തതിനാൽ ആകെ ചെലവായ തുക ഇതുവരെ കണക്കാക്കിയിട്ടില്ല.

(ബി) പ്രശസ്തരായ പ്രവാസി കേരളീയരുടെയും മറ്റ് വിശിഷ്ട വ്യക്തികളുടെയും വിവിധ മേഖലകളിലെ അറിവുകളും കഴിവുകളും വൈദഗ്ധ്യവും കേരള സംസ്ഥാനത്തിന്റെ വികസനത്തിനും പ്രശ്നപരിഹാരത്തിനും ഉപയോഗിക്കാൻ കഴിയും. കൂടാതെ സഭ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ നയരൂപീകരണത്തിൽ മാർഗ്ഗനിർദ്ദേശിയാകും എന്നതുമാണ് ഇതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടം. കേരളീയരുടെ പൊതു സംസ്കാരത്തെയും സാമൂഹിക-സാമ്പത്തിക വികസനത്തെയും സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നതിൽ സംസ്ഥാനത്തിന് അകത്തുള്ളവരുടെ എന്നപോലെ പുറത്തുള്ള കേരളീയരുടെയും അർത്ഥവത്തായ പങ്കാളിത്തം ഉറപ്പാക്കുന്നതിൽ ലോക കേരള സഭ നിർണ്ണായക പങ്ക് വഹിക്കും. ലോക കേരളത്തിന്റെ നന്മയെ മുൻനിർത്തിയുള്ള ആശയങ്ങളും പ്രായോഗിക പ്രവർത്തന പരിപാടികളും അവതരിപ്പിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും പൊതുസമ്മതമായ തീരുമാനങ്ങളിലേയ്ക്ക് എത്തുന്നതിനും ലോക കേരള സഭ അവസരമൊരുക്കും.

(സി) ലോക കേരള സഭ, കേരളത്തിന്റെ വികസന ഭാവിക്ക് പുതിയ ഊർജ്ജം പകരുന്ന ഒട്ടേറെ നിർദ്ദേശങ്ങളുടെ രൂപീകരണത്തിലേയ്ക്ക് നയിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു :

- പ്രവാസി വ്യവസായ വാണിജ്യ സംരംഭകരുമായി സജീവബന്ധം നിലനിർത്തുന്നതിന് പ്രവാസി വാണിജ്യ ചേംബർ രൂപീകരണം;
- അക്കാദമിക് ഗവേഷണ വികസന രംഗത്തെ സഹകരണത്തിനായി പ്രവാസി പ്രൊഫഷണൽ സമിതി രൂപീകരണം;
- പുതിയകാല വെല്ലുവിളികൾക്കനുസൃതമായി നോർക്ക സംഘടനാ സംവിധാന നവീകരണം - ലോക കേരള സഭാ സെക്രട്ടേറിയറ്റിന് രൂപം നൽകും;
- കേരള വികസന നിധി രൂപീകരണം;

- പ്രവാസി സംരക്ഷണ പദ്ധതി-രോഗബാധിതരാകുന്നവർക്കും അപകടത്തിൽപ്പെടുന്നവർക്കും തൊഴിൽ നഷ്ടമാകുന്നവർക്കും സംരക്ഷണം നൽകാൻ കഴിയുന്നവിധം വികസന പദ്ധതികളിലെ നിക്ഷേപത്തിന് മാർഗ്ഗരേഖയും സുരക്ഷാ ചട്ടക്കൂടും രൂപീകരിക്കൽ;
- പ്രവാസി സംരംഭകർക്കായി പ്രത്യേക വായ്പാ സൗകര്യങ്ങളും ഏകജാലക സംവിധാനവും വികസിപ്പിക്കുക;
- സിയാൽ മാതൃകയിലുള്ള നിക്ഷേപ മേഖലകളുടെ രൂപീകരണം;
- വിവിധ വികസന മേഖലകളിൽ (ചെറുകിട വ്യവസായ രംഗം, കാർഷിക-കാർഷികാനുബന്ധ ഉത്പാദന രംഗം, കായികരംഗം, ആരോഗ്യ പരിപാലന രംഗം, നൂതന സാങ്കേതികവിദ്യാരംഗം, ടൂറിസം തുടങ്ങിയവ) പ്രവാസികളുടെ വൈജ്ഞാനിക നിക്ഷേപക സഹകരണത്തിന് പദ്ധതി തയ്യാറാക്കൽ;
- അന്താരാഷ്ട്ര തലത്തിൽ സാംസ്കാരികോത്സവങ്ങളുടെ സംഘാടനം;
- മലയാളികൾ ഏറെയുള്ള അന്യസംസ്ഥാന തലസ്ഥാനങ്ങളിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കൽ;
- വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കാനുള്ള സമഗ്ര പദ്ധതികൾ.

(ഡി) പ്രസ്തുത സംരംഭം നടത്തുന്നതിലേയ്ക്ക് പ്രവാസികളുടെ സാമ്പത്തിക സഹായം സ്വീകരിച്ചിട്ടില്ല.

(ഇ) ലോക കേരള സഭ കാലാവധിയില്ലാത്ത തുടർച്ചയുള്ള സഭയായിരിക്കും. എന്നാൽ രണ്ട് വർഷം കൂടുമ്പോൾ നാമനിർദ്ദേശം ചെയ്യപ്പെട്ട മൂന്നിലൊന്നുപേർ വിരമിക്കും. അത്രത്തോളം അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതുമാണ്. ആദ്യ വർഷം ലോക കേരള സഭയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നവരിൽനിന്നും മൂന്നിലൊന്നുപേർ വിരമിക്കുന്നതായിരിക്കും. പൊതു തെരഞ്ഞെടുപ്പുകൾ വരുന്ന മുറയ്ക്ക് സംസ്ഥാന നിയമസഭയിലെ അംഗങ്ങളും കേരളത്തിൽ നിന്നുള്ള രാജ്യസഭ, ലോക സഭാംഗങ്ങളും മാറുന്നതാണ്. ലോക കേരള സഭ ചുരുങ്ങിയത് രണ്ട് വർഷത്തിൽ ഒരു തവണയെങ്കിലും യോഗം ചേരുന്നതാണ്.

**ലോക കേരള സഭ**

91(100) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭ പ്രതിവർഷമായി ചേരുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രവാസികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) ഈ സമ്മേളനത്തിലൂടെ പ്രവാസികളായ വ്യവസായികൾ കേരളത്തിന്റെ അടിസ്ഥാന വികസന മേഖലയിൽ നിക്ഷേപം നടത്തുന്നതിന് തയ്യാറായിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ലോക കേരള സഭ കാലാവധിയില്ലാത്ത തുടർച്ചയുള്ള സഭയായിരിക്കും. ലോക കേരള സഭ ചുരുങ്ങിയത് രണ്ട് വർഷത്തിൽ ഒരു തവണയെങ്കിലും യോഗം ചേരുന്നതാണ്.

(ബി) പ്രവാസികൾ വിദേശത്ത് നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാലുടൻ ഇന്ത്യൻ എംബസിയുമായും മറ്റ് അധികാരികളുമായും ഇടപെട്ട് പ്രശ്നപരിഹാരം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. പ്രവാസികൾ നാട്ടിൽ നേരിടുന്ന പ്രശ്നങ്ങൾ കേരളത്തിലെ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് പ്രശ്നപരിഹാരം നടത്തി വരുന്നു.

(സി) 2018 ജനുവരി 12, 13 തീയതികളിൽ നടന്ന സമ്മേളനത്തിൽ പ്രവാസികളിൽ നിന്നുള്ള നിക്ഷേപം കേരളത്തിന്റെ അടിസ്ഥാന നിക്ഷേപ മേഖലയിൽ എത്തിക്കുന്നത് ഒരു മുഖ്യ ലക്ഷ്യമായിരുന്നില്ല.

**ലോക കേരള സഭയുടെ ഭാവി സാധ്യതകൾ**

92 (101) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) പ്രവാസികളുടെ അറിവും കഴിവും ഉപയോഗപ്പെടുത്തി വികസനത്തിന് കുതിപ്പുനൽകുന്നതിനായി ലോക കേരള സഭയിൽ ഊന്നൽ നൽകുന്ന മേഖലകൾ ഏതൊക്കെയാണ്;

(സി) പശ്ചാത്തല സൗകര്യങ്ങൾ, തൊഴിലവസരങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്നതിന് ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞുവന്നിട്ടുണ്ടോ;

(ഡി) ലോക കേരള സഭയുടെ ഭാവിസാധ്യതകൾ എന്തൊക്കെയാണെന്നും ഏത് രീതിയിൽ അതൊരു സ്ഥിരം സംവിധാനം ആകുമെന്നും വ്യക്തമാക്കാമോ?

## ഉത്തരം

(എ) ലോകമെമ്പാടുമുള്ള കേരളീയരുടെ കഴിവും വൈദഗ്ദ്ധ്യവും ഉപയോഗപ്പെടുത്തി കേരളത്തിന്റെ സാമ്പത്തിക സാമൂഹിക അടിസ്ഥാന സൗകര്യ മേഖലകളിൽ കേരളത്തിന്റെ തനത് സാഹചര്യംകൂടി കണക്കിലെടുത്തുകൊണ്ട് വികസനം സാധ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. കേരളീയരുടെ പൊതു സംസ്കാരത്തെയും സാമൂഹിക-സാമ്പത്തിക വികസനത്തെയും സംബന്ധിച്ച തീരുമാനങ്ങളെടുക്കുന്നതിൽ സംസ്ഥാനത്തിനകത്തുള്ളവരുടെ എന്നപോലെ പുറത്തുള്ള കേരളീയരുടെയും അർത്ഥവത്തായ പങ്കാളിത്തം ഉറപ്പാക്കുന്നതിൽ ലോക കേരള സഭ നിർണ്ണായക പങ്കുവഹിക്കും. ലോക കേരളത്തിന്റെ നന്മയെ മുൻനിർത്തിയുള്ള ആശയങ്ങളും പ്രായോഗിക പ്രവർത്തന പരിപാടികളും അവതരിപ്പിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും പൊതു സമ്മതമായ തീരുമാനങ്ങളിലേയ്ക്ക് എത്തുന്നതിനും ലോക കേരള സഭ അവസരമൊരുക്കും. കേരളത്തിന്റെ താല്പര്യവൃത്തത്തിൽ വരുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും ഇന്ത്യൻ ഭരണഘടനയ്ക്കും ആതിഥേയ രാജ്യങ്ങളിലെ ഭരണ വ്യവസ്ഥകൾക്കും അന്താരാഷ്ട്ര കരാറുകൾക്കും ഉഭയകക്ഷി ഉടമ്പടികൾക്കും വിരുദ്ധമാകാത്തതും പൊതു സമ്മതവുമായ തീരുമാനങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും അനുഭാവ പൂർണ്ണമായ നടപടികൾ ശിപാർശ ചെയ്യുന്നതിനും ലോക കേരള സഭ പ്രയത്നിക്കുന്നതാണ്.

(ബി&സി) പ്രവാസികളുടെ അറിവും കഴിവും ഉപയോഗപ്പെടുത്തി വികസനത്തിന് ഊന്നൽ നൽകുന്നതിന് ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞുവന്ന പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

- പ്രവാസി വ്യവസായ വാണിജ്യ സംരംഭകരുമായി സജീവബന്ധം നിലനിർത്തുന്നതിന് പ്രവാസി വാണിജ്യ ചേംബർ രൂപീകരണം.
- അക്കാദമിക് ഗവേഷണ വികസന രംഗത്തെ സഹകരണത്തിനായി പ്രവാസി പ്രൊഫഷണൽ സമിതി രൂപീകരണം.
- പുതിയകാല വെല്ലുവിളികൾക്കനുസൃതമായി നോർക്ക സംഘടനാ സംവിധാന നവീകരണം - ലോക കേരള സഭ സെക്രട്ടേറിയറ്റിന് രൂപം നൽകും.
- കേരള വികസന നിധി രൂപീകരണം.
- പ്രവാസി സംരക്ഷണ പദ്ധതി-രോഗബാധിതരാകുന്നവർക്കും അപകടത്തിൽപ്പെടുന്നവർക്കും തൊഴിൽ നഷ്ടമാകുന്നവർക്കും സംരക്ഷണം നൽകാൻ കഴിയുന്നവിധം വികസന പദ്ധതികളിലെ നിക്ഷേപത്തിന് മാർഗ്ഗരേഖയും സുരക്ഷാ ചട്ടക്കൂടും രൂപീകരിക്കൽ.

- പ്രവാസി സംരംഭകർക്കായി പ്രത്യേക വായ്പാ സൗകര്യങ്ങളും ഏക ജാലക സംവിധാനവും വികസിപ്പിക്കുക.
- സിയാൽ മാതൃകയിലുള്ള നിക്ഷേപ മേഖലകളുടെ രൂപീകരണം.
- വിവിധ വികസന മേഖലകളിൽ (ചെറുകിട വ്യവസായ രംഗം, കാർഷിക-കാർഷികാനുബന്ധ ഉത്പാദന രംഗം, കായികരംഗം, ആരോഗ്യ പരിപാലനരംഗം, നൂതന സാങ്കേതിക വിദ്യാരംഗം, ടൂറിസം തുടങ്ങിയവ) പ്രവാസികളുടെ വൈജ്ഞാനിക നിക്ഷേപക സഹകരണത്തിന് പദ്ധതി തയ്യാറാക്കൽ.
- അന്താരാഷ്ട്ര തലത്തിൽ സാംസ്കാരികോത്സവങ്ങളുടെ സംഘാടനം.
- മലയാളികൾ ഏറെയുള്ള അന്യസംസ്ഥാന തലസ്ഥാനങ്ങളിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കൽ.
- വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കാനുള്ള സമഗ്ര പദ്ധതികൾ.

(ഡി) പ്രവാസ ലോകം അനുദിനം മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന മേഖലയാണ്. കൂടാതെ വളരെ ക്രിയാത്മകമായ പുരോഗമനങ്ങൾക്കും പുതിയ കണ്ടുപിടിത്തങ്ങൾക്കും പുതിയ വാണിജ്യ വ്യവസായ രീതികൾക്കും ലോകം സാക്ഷിയാകുന്നു. ആയതിനാൽ ലോകമെമ്പാടുമുള്ള പ്രശസ്തരായ പ്രവാസികളുടെ സാന്നിദ്ധ്യം മേൽസൂചിപ്പിച്ച മുന്നേറ്റങ്ങൾ കേരളത്തിന്റെ തനത് സാഹചര്യങ്ങൾക്കനുസൃതമാക്കി മാറ്റി കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക വാണിജ്യ മേഖലകളിൽ ശ്രദ്ധേയ മാറ്റങ്ങളുണ്ടാക്കാനാകും. വിവിധ വിഷയങ്ങളിലുള്ള സ്ഥിരം സ്റ്റാൻഡിംഗ് കമ്മിറ്റികളും ലോക കേരള സഭയുടെ ഭാഗമായി ഉണ്ടായിരിക്കും. എന്നതിനാൽ വിഷയ സംബന്ധമായ ചർച്ചകളും മറ്റ് തുടർപ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടക്കുന്നതായിരിക്കും. കൂടാതെ ലോക കേരള സഭയ്ക്കായി ഒരു സ്ഥിരം സെക്രട്ടേറിയറ്റ് സംവിധാനം രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

## പോലീസ് വകുപ്പിൽ ആധുനികവത്കരണം

93(102) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ ആധുനികവൽകരണത്തിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) ആധുനികവൽകരണത്തിന്റെ പേരിൽ ഉന്നത ഉദ്യോഗസ്ഥർക്കായി പുതിയ വാഹനങ്ങളും ലാപ്ടോപ്പ്, ഫർണിച്ചർ, മറ്റ് ആഡംബരവസ്തുക്കൾ എന്നിവയും വാങ്ങുന്നതായുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പ്രസ്തുത വകുപ്പിൽ വാങ്ങിയ പുതിയ വാഹനങ്ങൾ, ലാപ്ടോപ്പ്, ഫർണിച്ചർ എന്നിവയുടെ വിശദമായ വിവരം (എണ്ണം, തുക, ഓഫീസ് എന്നിവ) നൽകുമോ?

<u>ഉത്തരം</u>

(എ) പോലീസ് സേനയുടെ നവീകരണത്തിനും ആധുനികവത്കരണത്തിനുമായി നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിവിധ ആവശ്യങ്ങൾക്കായുള്ള പലതരം ക്യാമറകൾ, നവീന ആയുധങ്ങൾ, റോഡ് സുരക്ഷാ ഉപകരണങ്ങൾ, Unmanned Aerial Vehicle (UAV) തുടങ്ങിയവ കേരളാ പോലീസിനായി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

(ബി) അത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് വകുപ്പിൽ വാങ്ങിയ വാഹനങ്ങളുടെ വിശദവിവരം അനുബന്ധം-1 ആയി ഇതോടൊപ്പം ചേർക്കുന്നു.*

പോലീസ് സേനയുടെ നവീകരണത്തിനും ആധുനികവത്കരണത്തിനുമായി 176 ലാപ് ടോപ്പുകൾ കേരളാ പോലീസിനായി വാങ്ങുകയും ആയതിൽ 156 എണ്ണം വിതരണം ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത ലാപ്ടോപ്പുകൾ വിതരണം ചെയ്തതിന്റെ ലിസ്റ്റ് അനുബന്ധം-2 ആയി ചേർക്കുന്നു.*

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് വകുപ്പിൽ വാങ്ങിയ ഫർണിച്ചറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| Filing Cabinet | 100 | ₹12,05,676 |
| Teak wood Arm Chairs | 800 | ₹33,68,160 |
| Office table | 100 | ₹18,53,280 |
| Computer Table | 200 | ₹14,21,912 |
| Computer Chairs | 237 | ₹14,26,863 |
| Total | | ₹ 92,75,891 |

പ്രസ്തുത ഫർണിച്ചറുകൾ വിതരണം ചെയ്തതിന്റെ ലിസ്റ്റ് അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്

94(103) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ ജോലിക്ക് പോകുന്നവർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പി.സി.സി.-ക്ക് അമിത ഫീസ് ഈടാക്കുന്നതുമൂലം അപേക്ഷകർക്കു ണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(സി) അപേക്ഷകർ പോലീസ് സ്റ്റേഷനിൽ കയറിയിറങ്ങി സമയം കളയുന്നതിന് പകരം പി.സി.സി. ലഭിക്കുവാൻ ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നതിനും അപേക്ഷിച്ചവർക്ക് സമയബന്ധിതമായി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിദേശ രാജ്യങ്ങളിൽ ജോലിക്ക് പോകുന്നവർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ താഴെപ്പറയുന്ന രീതിയിൽ ലഘൂകരിച്ചിട്ടുള്ളതാണ്.

നിശ്ചിത അപേക്ഷാ ഫോറത്തിൽ അപേക്ഷ തയ്യാറാക്കി 500 രൂപ അപേക്ഷ ഫീസും അപേക്ഷകന്റെ/അപേക്ഷകയുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പും രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോയും പി.സി.സി.-യുടെ ആവശ്യകത വെളിവാക്കുന്ന രേഖയുടെ പകർപ്പും പാസ്സ്പോർട്ടിന്റെ പകർപ്പും സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. കാലതാമസം കൂടാതെ അപേക്ഷകർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി യു.എ.ഇ. രാഷ്ട്രങ്ങളിലേയ്ക്ക് പോകുന്നവർക്ക് പോലീസ് സ്റ്റേഷനിൽ നിന്നും നേരിട്ട് പി.സി.സി. ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ മറ്റ് സ്ഥലങ്ങളിലേയ്ക്കുള്ള പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നടപടികൾ വേഗത്തിലാക്കുന്നതിനായി ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഓഫീസിൽ Express Counter സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പി.സി.സി.-ക്ക് ഈടാക്കിയിരുന്ന ഫീസ് 1,000 രൂപയിൽ നിന്നും 500 രൂപയാക്കി കുറച്ചിട്ടുണ്ട്.

(സി) അപേക്ഷകർക്ക് സമയബന്ധിതമായി പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് (പി.സി.സി.) നൽകുവാൻ എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. (കാലാവധി 14 ദിവസം എന്നത് 7 ദിവസമായി കുറച്ചിട്ടുണ്ട്). ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ

95 (104) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്നവർക്കും പുതിയ തൊഴിലന്വേഷകർക്കും പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) കാലതാമസം കൂടാതെ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിദേശ രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്നവർക്കും പുതിയ തൊഴിലന്വേഷകർക്കും പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ താഴെ പറയുന്നവയാണ്. നിശ്ചിത അപേക്ഷാ ഫോറത്തിൽ അപേക്ഷ തയ്യാറാക്കി 500 രൂപ അപേക്ഷാ ഫീസും അപേക്ഷകന്റെ/ അപേക്ഷകയുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പും രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും പി.സി.സി.-യുടെ ആവശ്യകത വെളിവാക്കുന്ന രേഖയുടെ പകർപ്പും പാസ്പോർട്ടിന്റെ പകർപ്പും സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(ബി) കാലതാമസം കൂടാതെ അപേക്ഷകർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി യു.എ.ഇ. രാഷ്ട്രങ്ങളിലേയ്ക്ക് പോകുന്നവർക്ക് പോലീസ് സ്റ്റേഷനിൽനിന്നും നേരിട്ട് പി.സി.സി. ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മറ്റ് സ്ഥലങ്ങളിലേയ്ക്കുള്ള പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നടപടികൾ വേഗത്തിലാക്കുന്നതിനായി ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഓഫീസിൽ Express Counter സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതാണ്.

## പോലീസ് അറസ്റ്റുകളിൽ സുപ്രീം കോടതി നിർദ്ദേശം

96(105) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് നടത്തുന്ന അറസ്റ്റുകളിൽ സുപ്രീംകോടതി നിർദ്ദേശം പാലിക്കപ്പെടുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സുപ്രീംകോടതിയുടെ നിർദ്ദേശം പാലിക്കാത്ത ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

## കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നുവെന്ന പരാതി

97(107) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നുവെന്ന പരാതി വ്യാപകമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് സമൂഹമാധ്യമങ്ങളിൽ വ്യാജപ്രചരണം നടത്തുന്നത് പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് അമ്മമാർക്ക് ആശങ്ക ഉളവാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുട്ടികളെ തട്ടിക്കൊണ്ടുപോകുവാൻ ശ്രമിച്ചുവെന്ന പേരിൽ നിരപരാധികളായ ഇതരസംസ്ഥാനക്കാർ വ്യാപകമായി ആക്രമിക്കപ്പെടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിയമം കയ്യിലെടുക്കുന്നവരെയും, വ്യാജപ്രചരണം നടത്തുന്നവരെയും കണ്ടെത്തി ശക്തമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതുസംബന്ധിച്ച് സമൂഹമാധ്യമങ്ങളിൽ നടക്കുന്നത് വ്യാജപ്രചരണമാണെന്നും ആശങ്കപ്പെടേണ്ടതില്ലെന്നും പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നുണ്ട്.

(സി) മലപ്പുറം ജില്ലയിൽ പൊന്നാനി നഴ്സിംഗ് ഹോമിനടുത്തുവച്ച് പത്തോളം പേർ ചേർന്ന് കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന ആളാണെന്നുപറഞ്ഞ് ഇതര സംസ്ഥാനക്കാരനായ 65 വയസ്സുള്ള ദേവനാരായണൻ എന്നയാളെ മർദ്ദിച്ച് അവശനാക്കിയെന്ന കാര്യത്തിന് പൊന്നാനി താലൂക്കാശുപത്രിയിലെ മെഡിക്കൽ ഓഫീസറുടെ പരാതി പ്രകാരം പൊന്നാനി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 55/18 U/s. 143, 147, 342, 323, 308, r/w 149 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ഡി) ഇത്തരം സംഭവങ്ങൾക്കെതിരെ പോലീസ്, സാമൂഹ്യ മാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

**കാണാതാകുന്ന കുട്ടികളെ കണ്ടെത്താൻ പദ്ധതി**

98(108) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കാണാതാകുന്ന കുട്ടികളെ കണ്ടെത്താൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ പ്രകാരം കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നതിന് രജിസ്റ്റർ ചെയ്യുന്ന കേസ്സുകളിൽ ഏറ്റക്കുറച്ചിലുകൾ കാണുന്നുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

| കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട് രജിസ്റ്റർചെയ്ത കേസ്സുകളുടെ എണ്ണം | 2015 | 2016 | 2017 | 2018 (upto 20-2-2018) |
|---|---|---|---|---|
| | 145 | 126 | 164 | 23 |

(ബി) സംസ്ഥാനത്ത് കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിനായി കേസ്സുകളെടുത്ത് ഊർജ്ജിത അന്വേഷണം നടത്തിയും കൂടുതൽ അന്വേഷണത്തിനായി ജില്ലകളിൽ DMPTU (District Missing Persons Tracing Unit)-കൾ പ്രവർത്തിച്ചുവരുന്നതും 'Track the Missing Child' എന്ന വെബ് പോർട്ടലിൽ പ്രസിദ്ധീകരിച്ചും മറ്റും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് പോലീസിന്റെ സഹായത്തോടെ 'ഓപ്പറേഷൻ മുസ്കാൻ', 'ഓപ്പറേഷൻ വാത്സല്യ' തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. സ്റ്റേറ്റ് ക്രൈം റിക്കാർഡ്സ് ബ്യൂറോയിലെ Talash Wing-ഉം ഇക്കാര്യത്തിൽ സഹായകമായി പ്രവർത്തിച്ചുവരുന്നു.

## സാഹിത്യകാരനെ കയ്യേറ്റംചെയ്ത സംഭവം

99(109) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> :

<u>ശ്രീ. എം. മുകേഷ്</u> :

<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :

<u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഴുത്തുകാരെയും ജനകീയ കലാപ്രവർത്തകരെയും ആക്രമിച്ച് ജനങ്ങളിൽ ഭീതിപടർത്തി പിന്തിരിപ്പൻ ആശയങ്ങൾ പ്രചരിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ രാജ്യത്താകെ ആക്രമണം നടത്തുന്ന വർഗ്ഗീയശക്തികൾ സംസ്ഥാനത്ത് തങ്ങളുടെ ആശയങ്ങളെ എതിർത്ത സാഹിത്യകാരനെ കയ്യേറ്റം ചെയ്ത സംഭവത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) എതിർ ശബ്ദങ്ങളെ നിശബ്ദരാക്കാൻ നടത്തുന്ന ബോധപൂർവ്വമായ പ്രവർത്തനങ്ങൾ തടയാൻ കർശന നടപടികൾ ഉണ്ടാകുമോ;

(സി) വിയോജനാഭിപ്രായം രേഖപ്പെടുത്തുന്നവരെ രാജ്യദ്രോഹികളെന്ന് മുദ്രചാർത്തി ഭീഷണിപ്പെടുത്തുന്നതിനെതിരെ നടപടി സ്വീകരിക്കുവാനും അന്ധവിശ്വാസവും അനാചാരവും അവസാനിപ്പിക്കുന്നതിനായി അന്ധവിശ്വാസ നിർമ്മാർജ്ജന നിയമം രൂപീകരിക്കുവാനും തയ്യാറാകുമോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) പ്രസിദ്ധ സാഹിത്യകാരൻ ശ്രീ. കുരീപ്പുഴ ശ്രീകുമാറിനെ ഇട്ടിവ പഞ്ചായത്തിലെ വടക്കേ കോട്ടുക്കൽ ബി.ജെ.പി. വാർഡ് മെമ്പർ ദീപുവും ആർ.എസ്.എസ്./ബി.ജെ.പി. അനുഭാവികളും ചേർന്ന് കയ്യേറ്റം ചെയ്തതിന് കടയ്ക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 216/2018 u/s. 143, 147, 341, 294(b),

506 (1) & 149 IPC പ്രകാരം കേസ് രജിസ്റ്റർചെയ്ത് പ്രതികളായ ദീപു, സജിത്, ലൈജു, ശ്യാം, കിരൺ, മനു എന്നിവരെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. ടി കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

(ബി) കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) പരിശോധനയിലാണ്.

**അംഗീകാരമില്ലാത്ത മതപരിവർത്തന കേന്ദ്രങ്ങൾ**

100 (110) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത കേന്ദ്രങ്ങൾ മതപരിവർത്തനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം കേന്ദ്രങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സ്ത്രീകൾക്കെതിരെയുള്ള അക്രമ പ്രവർത്തനങ്ങൾ**

101(111) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള അക്രമപ്രവർത്തനങ്ങളും അവരുടെ അന്തസ്സിന് ഭംഗം വരുത്തുന്ന പെരുമാറ്റവും വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സ്ത്രീകൾക്കെതിരായുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് നിലവിലുള്ള നിയമങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത നിയമങ്ങൾ ഫലപ്രദമാണോ;

(സി) സ്ത്രീ സുരക്ഷയ്ക്കായി പുതുതായി എന്തെങ്കിലും നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് കേരള പോലീസ് ആക്ട്, ഇന്ത്യൻ പീനൽ കോഡിലെ വിവിധ വകുപ്പുകൾ, ഐ. ടി. ആക്ട്, POCSO Act, Sexual Harassment of Women at Work Place (Prevention, Prohibition and Redressal) Act, 2013, Indecent representation of Women (Prohibition) Act, Domestic Violence Act തുടങ്ങിയ നിയമങ്ങളാണ് നിലവിലുള്ളത്. നിലവിലുള്ള നിയമങ്ങൾ ഫലപ്രദമാണ്.

(സി) നിയമനിർമ്മാണം നടത്തുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## പോലീസ് സ്റ്റേഷന്റെ ചുമതല സർക്കിൾ ഇൻസ്പെക്ടർമാർക്ക് നൽകുന്ന നടപടി

102(112) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷന്റെ ചുമതല സർക്കിൾ ഇൻസ്പെക്ടർമാർക്ക് നൽകുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സർക്കിൾ ഇൻസ്പെക്ടർമാർക്ക് സ്റ്റേഷൻ ചുമതല നൽകിയത് എന്നറിയിക്കാമോ;

(സി) എല്ലാ സ്റ്റേഷനുകളുടെയും ചുമതല ഇപ്രകാരം നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ബാക്കിയുള്ള സ്റ്റേഷനുകളിൽ നടപ്പിലാക്കാൻ പോകുന്ന സംവിധാനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ഇ) ഇപ്രകാരം ഭരണ സംവിധാനങ്ങളിൽ മാറ്റം വരുത്തുമ്പോൾ ഡിവൈ.എസ്.പി.-മാർക്ക് അധികജോലിഭാരം ഉണ്ടാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 21-10-2017-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 211/2017/ ആഭ്യന്തരം പ്രകാരം 196 സർക്കിൾ ഇൻസ്പെക്ടർമാർക്ക് എസ്.എച്ച്.ഒ.-മാരുടെ ചുമതല നൽകി ഉത്തരവായിട്ടുണ്ട്.

(ബി) പോലീസിൽ പരിഷ്കരണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾക്കായി നിയോഗിക്കപ്പെട്ട ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിലും കുറ്റാന്വേഷണവും നിയമപരിപാലനവും രണ്ടായി വിഭജിക്കുമ്പോൾ സബ് ഇൻസ്പെക്ടർ പദവിയിലുള്ള രണ്ട് ഉദ്യോഗസ്ഥർ ഓരോ പോലീസ് സ്റ്റേഷനിലും ഉണ്ടാകേണ്ടി വരുമെന്നതിനൊപ്പം അവരുടെ മേൽനോട്ടം വഹിക്കുന്നതിന് ഉയർന്ന റാങ്കിലുള്ള ഓഫീസറുടെ സേവനം ലഭ്യമാകേണ്ടതുണ്ട് തുടങ്ങിയ മാനദണ്ഡങ്ങളാണ് പരിഗണിച്ചിട്ടുള്ളത്.

(സി) നൽകിയിട്ടില്ല.

(ഡി) എല്ലാ സ്റ്റേഷനുകളിലും സി.ഐ.-മാരെ എസ്.എച്ച്.ഒ.-മാരാക്കുന്നതിനുള്ള നടപടി ഘട്ടംഘട്ടമായി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഇ) ഇപ്രകാരം ഭരണ സംവിധാനത്തിൽ മാറ്റം വരുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ അവലോകനം നടത്തി ആവശ്യമെങ്കിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## വനിതാ ബീറ്റ് ഓഫീസർമാർ

103(113) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പഞ്ചായത്ത് തലങ്ങളിൽ നിയോഗിക്കുന്ന പോലീസ് വനിതാ ബീറ്റ് ഓഫീസർമാരുടെ ചുമതലകൾ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) വനിതാ ബീറ്റ് ഓഫീസർമാർ ചുമതലയേറ്റ പഞ്ചായത്തുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഓഫീസർമാർ നിലവിൽ പോലീസിൽ ഉള്ളവരാണോ അതല്ല പുതുതായി നിയമിക്കപ്പെട്ടവരാണോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി ജാഗ്രതാ സമിതികളും നിർഭയ കേരളം സുരക്ഷിത കേരളം, ഓപ്പറേഷൻ ഗുരുകുലം, പിങ്ക് പട്രോൾ, പിങ്ക് ബീറ്റ്, വനിതാ ഹെൽപ്പ് ഡെസ്ക്, സെൽഫ് ഡിഫൻസ് ക്ലാസ്സുകൾ, സ്കൂൾ/കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ, പഞ്ചായത്ത് ഓഫീസുകളിൽ പരാതി അദാലത്തുകൾ, ആന്റി വിമൻ ഹരാസ്മെന്റ് സെൽ, ലീഗൽ എയ്ഡ് ക്ലിനിക്കുകൾ, രാത്രിയിൽ ഒറ്റപ്പെട്ട

പോകുന്ന സ്ത്രീകൾക്കായി short stay homes സംവിധാനം, സ്ത്രീകൾക്ക് രാത്രി കാലങ്ങളിൽ സുരക്ഷിതമായി യാത്ര ചെയ്യാൻ ഷീ ഓട്ടോ സംവിധാനം, വനിതാ സെൽ, വനിതാ പോലീസ് സ്റ്റേഷൻ, ജനമൈത്രി, Kids Glove Project, Children and Police Project, മിത്ര 181 ഹെൽപ്പ് ലൈൻ, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി ജാഗ്രതാ മൊബൈൽ ആപ്ലിക്കേഷൻ, ജുവനൈൽ യൂണിറ്റുകൾ തുടങ്ങിയ വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

(ബി) നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ പഞ്ചായത്ത് ഓഫീസുകളിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർ ഹാജരായി പരാതികളും നിർദ്ദേശങ്ങളും വനിതകളിൽനിന്നും സ്വീകരിച്ച് നിയമപാലന അധികാരം ഉപയോഗിച്ച് പോലീസിൽനിന്നും തീർപ്പാക്കാവുന്ന പരാതികൾ തീർപ്പാക്കിവരുന്നു.

(സി) കേരളത്തിലെ എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളിൽ വനിതാ പോലീസ് ബീറ്റ് ഓഫീസർമാരുടെ സേവനം ലഭ്യമാണ്.

(ഡി) നിലവിൽ പോലീസ് വകുപ്പിൽ നിന്നുള്ളവർ തന്നെയാണ് പ്രസ്തുത ഓഫീസർമാർ.

**പോലീസ് സേനാംഗങ്ങളിലെ അഴിമതിയും ക്രിമിനൽ സ്വഭാവവും**

104(114) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിൽ എത്രപേർ വിജിലൻസ് അന്വേഷണം നേരിടുന്നവരായിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) എത്രപേർ ക്രിമിനൽ കേസ്സുകളിൽ പ്രതിയായിട്ടുണ്ട്; ഇതിൽ ഐ.പി.എസ് കേഡറിൽപ്പെട്ട എത്ര പേരുണ്ട്;

(സി) ഡിവൈ.എസ്.പി, സി.ഐ., എസ്.ഐ., എ.എസ്.ഐ., സിവിൽ പോലീസ് ആഫീസർ തുടങ്ങിയ തസ്തികയിൽ കേസ്സുകളിൽപ്പെട്ടവരുടെ എണ്ണം പ്രത്യേകം വ്യക്തമാക്കുമോ;

(ഡി) ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പുവരുത്തേണ്ട പോലീസ് സേനാംഗങ്ങളിൽ അഴിമതിയും ക്രിമിനൽ സ്വഭാവവും ഇല്ലായ്മ ചെയ്യുന്നതിന് എന്തെല്ലാം കർശന നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; ഇതു സംബന്ധിച്ച് വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയിൽ 5 പോലീസുദ്യോഗസ്ഥർ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിൽ ക്രിമിനൽ കേസിൽ പ്രതിയായിട്ടുള്ള 850 പോലീസ് ഉദ്യോഗസ്ഥരുണ്ട്. ഇതിൽ IPS കേഡറിൽപ്പെട്ട ഒരു ഉദ്യോഗസ്ഥനുണ്ട്.

(സി)

| | | |
|---|---|---|
| DySP | - | 11 |
| CI | - | 6 |
| SI | - | 51 |
| SI (Grade) | - | 12 |
| ASI | - | 32 |
| ASI (Grade) | - | 19 |
| SCPO & SCPO (Grade) | - | 176 |
| CPO | - | 542 |

(ഡി) പോലീസിൽ അഴിമതിയും ക്രിമിനൽ സ്വഭാവവും ഇല്ലായ്മ ചെയ്യുന്നതിനായി പോലീസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിവരുന്നതും ഉദ്യോഗസ്ഥരുടെ പ്രവർത്തനത്തെ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ, പോലീസുകാർക്കുവേണ്ടി ബോധവൽക്കരണ ക്ലാസുകളും കൗൺസിലിംഗ് തുടങ്ങിയവയും നടത്തിവരുന്നു. കുറ്റകൃത്യത്തിൽ ഉൾപ്പെട്ടാൽ അവർക്കെതിരെ ശക്തമായ ക്രിമിനൽ /വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണ്.

## പോലീസ് സേനാംഗങ്ങളിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുവാൻ നടപടി

105(115) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിൽ എത്ര സിവിൽ പോലീസ് ആഫീസർ, സീനിയർ സിവിൽ പോലീസ് ആഫീസർ തസ്തിക നിലവിലുണ്ട്;

(ബി) ഇതിൽ എത്ര എണ്ണം നിലവിൽ ഒഴിഞ്ഞുകിടക്കുന്നുണ്ട്; വനിതാ സിവിൽ പോലീസ് ആഫീസർമാരുടെ തസ്തിക ആകെയുള്ളതിന്റെ എത്രശതമാനമാണ് ഉള്ളത്; ഇത് പതിനഞ്ചു ശതമാനമായി ഉയർത്തി ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് എന്നാണ് പ്രാബല്യത്തിൽ വന്നത്; വിശദാംശം വ്യക്തമാക്കുമോ;

(സി) പോലീസ് സേനാംഗങ്ങളിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ)

| തസ്തിക | എണ്ണം |
|---|---|
| സിവിൽ പോലീസ് ഓഫീസർ | 27140 |
| പോലീസ് കോൺസ്റ്റബിൾ | 9161 |
| സീനിയർ സിവിൽ പോലീസ് ഓഫീസർ | 7688 |
| ഹവീൽദാർ | 1407 |

(ബി) പ്രസ്തുത തസ്തികകളിൽ നിലവിലുണ്ടായിരുന്ന 2375 ഒഴിവുകളിലേയ്ക്ക് നിയമനം ലഭിച്ചവരുടെ പരിശീലനം നടന്നുവരുന്നു. വനിതാ സിവിൽ പോലീസ് ആഫീസർമാരുടെ തസ്തിക ഇപ്പോൾ ആകെയുള്ളതിന്റെ 11.40% ആണ്. വനിതാ പോലീസിന്റെ അംഗസംഖ്യ 15 ശതമാനമായി ഉയർത്തുവാനുള്ള നടപടികൾ അനുവർത്തിച്ചുവരുന്നു.

(സി) പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിന്റെ ഭാഗമായി നിലവിൽ കോൺസ്റ്റബിൾ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 15% വനിതകളെ നിയമിക്കുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്. വനിതാ പോലീസിന്റെ അംഗബലം ഘട്ടംഘട്ടമായി 15% ആക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ആസ്ഥാനമാക്കി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചുകൊണ്ടും ആയതിലേക്ക് 380 വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെയും 20 വനിതാ പോലീസ് ഹവീൽദാരുമാരുടെയും തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## പോലീസ് ഉദ്യോഗസ്ഥർക്ക് സ്വകാര്യ ചടങ്ങുകളിൽ പങ്കെടുക്കുന്നതിനുള്ള അനുമതി

106(116) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത്, സംസ്ഥാനത്തെ പോലീസ് മേധാവിയും ഉപമേധാവികളുമുൾപ്പെടെ ഉന്നത പോലീസ് ഉദ്യോഗസ്ഥരിൽ ആരൊക്കെ എത്ര സ്വകാര്യ സ്ഥാപനങ്ങളുടെയോ/ചടങ്ങുകളുടെയോ ഉദ്ഘാടന/അനുബന്ധ ചടങ്ങുകൾ നടത്തുകയോ അവയുടെ വേദി പങ്കിടുകയോ ചെയ്യുകയുണ്ടായി എന്നതു സംബന്ധിച്ച കണക്ക് ഗവൺമെന്റിന്റെ പക്കലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത അധികാര സ്ഥാനങ്ങളിലുള്ളവർക്ക് സ്വകാര്യ ചടങ്ങുകളിൽ പങ്കെടുക്കുകയോ ഉദ്ഘാടനം നടത്തുകയോ ചെയ്യുന്നതിന് ഗവൺമെന്റിന്റെ മുൻകൂർ അനുമതി ആവശ്യമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അനുമതിക്കായി എത്ര റിക്വസ്റ്റുകൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്, അവയിൽ എത്ര എണ്ണത്തിന് ഗവൺമെന്റ് അനുമതി നൽകി എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഔദ്യോഗിക അനുമതി ലഭിക്കാതെ എത്ര ചടങ്ങുകളിൽ പ്രസ്തുത ഉദ്യോഗസ്ഥർ പങ്കെടുത്തു എന്ന് അറിയിക്കാമോ;

(ഡി) ഇത്തരം നടപടികൾ വീക്ഷിക്കുന്നതിനും നടപടി എടുക്കുന്നതിനും ഗവൺമെന്റ്തലത്തിൽ നിലവിലുള്ള സംവിധാനം എന്താണ് എന്ന് വിശദമാക്കാമോ;

(ഇ) ഇത്തരം എത്ര കേസ്സുകളിൽ നടപടി സ്വീകരിക്കുന്നതിന് ശിപാർശ നൽകിയെന്നും ആയതുപ്രകാരം എന്തെല്ലാം ശിക്ഷണ നടപടികൾ ഈ കാലയളവിൽ എത്ര കേസ്സുകളിൽ സ്വീകരിച്ചു എന്നതും സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുമോ;

(എഫ്) മേൽപ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ടതും ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടതുമായ എത്ര കേസ്സുകളിൽ സർക്കാർ ശിക്ഷ ഇളവാക്കി നൽകി എന്നതുസംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

## ഡ്യൂട്ടിസമയത്ത് അക്രമത്തിനിരയായ പോലീസുകാരുടെ ചികിത്സാ ചെലവ്

107(117) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്യൂട്ടിസമയത്ത് അക്രമത്തിനിരയായ പോലീസ് ഉദ്യോഗസ്ഥർക്ക് അവരുടെ ചികിത്സയുടെ ചെലവ് അപ്പോൾത്തന്നെ സർക്കാർ വഹിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഉണ്ടോ; മറ്റു വിദഗ്ദ്ധ ചികിത്സ ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ സർക്കാർ ആശുപത്രികളിൽ മാത്രമല്ല സ്വകാര്യ ആശുപത്രികളിലും സൗജന്യമായി ചികിത്സ നടത്തുവാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഒരു സമരവുമായി ബന്ധപ്പെട്ട് തൃത്താലയിൽ പരിക്ക് പറ്റിയ പോലീസ് ഉദ്യോഗസ്ഥരുടെ ചികിത്സാചെലവ് അടിയന്തരമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഡ്യൂട്ടിസമയത്ത് അക്രമത്തിനിരയായ പോലീസ് ഉദ്യോഗസ്ഥർക്ക് അവരുടെ ചികിത്സയുടെ ചെലവ് അപ്പോൾത്തന്നെ സർക്കാർ വഹിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല.

കേരള പോലീസ് ആക്ട് 2011 സെക്ഷൻ 104 പ്രകാരം രൂപീകരിച്ചിട്ടുള്ള പോലീസ് വെൽഫെയർ ബ്യൂറോ അടിയന്തര ഘട്ടങ്ങളിൽ ഡ്യൂട്ടി സമയത്ത് അക്രമത്തിനിരയായ പോലീസ് ഉദ്യോഗസ്ഥർക്ക് ധനസഹായം നൽകിവരുന്നുണ്ട്. വെൽഫെയർ ബ്യൂറോ മുഖാന്തരം നൽകിവരുന്ന ധനസഹായത്തിന് സർക്കാർ ആശുപത്രി കൂടാതെ സ്വകാര്യ ആശുപത്രിയും പരിഗണിച്ചുവരുന്നു.

(ബി) പ്രസ്തുത സമരവുമായി ബന്ധപ്പെട്ട് ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥരിൽ അഞ്ചോളം പേർക്ക് പ്രക്ഷോഭകാരികളിൽ നിന്നുള്ള ആക്രമണത്തിൽ പരിക്കേൽക്കുകയുണ്ടായി. ഇതിൽ ഗുരുതരമായി പരിക്കുപറ്റിയ ഉദ്യോഗസ്ഥന് ടിയാന്റെ ചികിത്സയ്ക്കായി കെ.പി.ഡബ്ല്യു. & എ ഫണ്ടിൽനിന്നും ഗ്രാന്റായി 10,000 രൂപ പാലക്കാട് ജില്ലാ പോലീസ് മേധാവിയിൽനിന്നും ലഭിച്ചിട്ടുള്ളതും കൂടാതെ 10,000 രൂപ പ്രസ്തുത ഫണ്ടിൽനിന്നും പലിശരഹിത വായ്പയായി ടിയാന് നൽകിയിട്ടുള്ളതുമാണ്. പോലീസ് വെൽഫെയർ ബ്യൂറോയിൽനിന്നും ആശുപത്രി ചികിത്സാ ചെലവ് ടിയാന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മറ്റ് സഹായങ്ങളൊന്നും തന്നെ ടിയാന് ലഭിച്ചിട്ടില്ല.

**പോലീസുകാർക്ക് കൗൺസിലിംഗ്**

108(118) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാർക്ക് കൗൺസിലിംഗ് നടത്താൻ നിർദ്ദേശം നൽകി പോലീസ് സ്റ്റേഷൻ ചുമതലയുള്ള എസ്.എച്ച്.ഒ.-മാർക്ക് സർക്കുലർ അയച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) സ്വഭാവദൂഷ്യത്തിന് നടപടി നേരിട്ടവർക്ക് കൗൺസിലിംഗ് നൽകാൻ പദ്ധതിയുണ്ടോ;

(ഡി) കൗൺസിലിംഗ് നൽകേണ്ട പോലീസുകാരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ ജില്ലതിരിച്ചുള്ള പട്ടികയുടെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പോലീസുകൾക്ക് കൗൺസിലിംഗ് നടത്താൻ സംസ്ഥാന പോലീസ് മേധാവിയുടെ കാര്യാലയത്തിൽനിന്നും 25-9-2017-ലെ ജെ.2/149873/2016 പ്രകാരം എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പോലീസ് ഉദ്യോഗസ്ഥർക്കിടയിലെ ആത്മഹത്യാപ്രവണത ഇല്ലാതാക്കുന്നതിനും മാനസിക സംഘർഷം ഉണ്ടാക്കുന്ന മദ്യപാനം, സാമ്പത്തിക, കുടുംബ, ആരോഗ്യ പ്രശ്നങ്ങൾ, ജോലിയിലെ പ്രശ്നങ്ങൾ തുടങ്ങിയവ കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള നടപടികളാണ് കൗൺസിലിംഗുവഴി ഉദ്ദേശിക്കുന്നത്.

(സി) മാനസിക സംഘർഷം/മദ്യപാനം എന്നിവമൂലമുള്ള പ്രശ്നങ്ങൾ അനുഭവിക്കുന്ന പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തി അവരുടെ മാനസിക സംഘർഷം കുറയ്ക്കുന്നതിനുവേണ്ടി ഒരു മെന്ററെ ചുമതലപ്പെടുത്താനും പ്രസ്തുത മെന്റർ സിസ്റ്റത്തെ സംബന്ധിച്ച് എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും സംസ്ഥാന പോലീസ് മേധാവിയുടെ കാര്യാലയത്തിൽനിന്നും 25-9-2017-ലെ ജെ.2/149873/2016 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി&ഇ) കൗൺസിലിംഗ് നൽകേണ്ട പോലീസുകാരുടെ പട്ടിക തയ്യാറാക്കിവരുന്നു.

**പോലീസുകാർക്ക് ഫോറൻസിക് സയൻസ് പരിശീലനം**

109(119) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറൻസിക് സയൻസിന്റെ അടിസ്ഥാന കാര്യങ്ങളിൽ പോലീസുകാർക്ക് അവഗാഹം ഉണ്ടാക്കുന്നതിന് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള പരിശീലന സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കുമോ;

(ബി) സൈബർ കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യാനുള്ള വെബ്സൈറ്റ് സംവിധാനം ആഭ്യന്തര വകുപ്പിൽ നിലവിൽ ഉണ്ടോ; ആയത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഫോറൻസിക് സയൻസിന്റെ അടിസ്ഥാന കാര്യങ്ങളിൽ പോലീസുകാർക്ക് അവഗാഹമുണ്ടാക്കുന്നതിന് ഐ.എം.ജി. ട്രെയിനിംഗിന്റെ ഭാഗമായി ഹ്രസ്വകാല പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ, കേരളാ പോലീസ് അക്കാദമിയിലും പോലീസ് ട്രെയിനിംഗ് കോളേജിലും നടത്തുന്ന സബ് ഇൻസ്പെക്ടർമാരുടെയും റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾമാരുടെയും അടിസ്ഥാന പരിശീലന സിലബസിൽ ഫോറൻസിക് സയൻസ് എന്ന വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സൈബർ കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള വെബ് സൈറ്റ് സംവിധാനം നിലവിലില്ല.

## എസ്.പി.സി. യൂണിറ്റുകൾ

110(120) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര സ്കൂളുകളിൽ എസ്. പി. സി. യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ;

(സി) എല്ലാ സ്കൂളുകളിലും എസ്.പി.സി. യൂണിറ്റുകൾ വ്യാപിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 574 സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 100 സർക്കാർ സ്കൂളുകളിൽക്കൂടി പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

111(121) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും സ്കൂളുകളിൽ പുതുതായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇതുസംബന്ധിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ. എ. പി. നാലാം ബറ്റാലിയനിലെ ഒഴിവുകൾ

112(122) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.പി. നാലാം ബറ്റാലിയനിലെ ഒഴിവുകൾ നികത്തുന്നതിനായി കെ.പി.എസ്.സി. കാസർഗോഡ് ഓഫീസിൽ റിപ്പോർട്ടുചെയ്ത ഒഴിവുകളിൽ നിയമനശിപാർശ ചെയ്യാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാൻ ദിവസങ്ങൾ ബാക്കിയിരിക്കെ കാലാവധിക്കുള്ളിൽ റിപ്പോർട്ടുചെയ്ത ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കെ.എ.പി. നാലാം ബറ്റാലിയനിൽ പോലീസ് കോൺസ്റ്റബിൾ നിയമനത്തിനായി റിപ്പോർട്ടുചെയ്ത 948 ഒഴിവുകളിൽ 944 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. നാല് ഒഴിവുകളുടെ ഉത്ഭവ തീയതി ടി തസ്തികയുടെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത 7-12-2017-നുശേഷം ആയതിനാൽ പ്രസ്തുത ഒഴിവുകളിൽ നിയമന ശിപാർശ നൽകാൻ കഴിഞ്ഞില്ല. ലിസ്റ്റിന്റെ കാലാവധി 14-1-2018-ന് അവസാനിച്ചു.

## പോലീസ് സബ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റ്

113(123) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സബ് ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ വന്ന ശേഷം എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു എന്നും എത്ര പേർക്ക് നിയമനം നൽകിയെന്നും വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ വന്നശേഷം പുതിയ സബ് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 93 എൻ.ജെ.ഡി. ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ നിയമനം നൽകിയിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്.ഐ. (കെ.സി.പി.)-യുടെ 27 തസ്തികകളും 13 എ.പി.എസ്.ഐ. തസ്തികകളും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

## രാഷ്ട്രീയ കൊലപാതകങ്ങൾ

114(124) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങളും സംഘർഷങ്ങളും വർദ്ധിക്കുന്നതുമൂലം അരക്ഷിതാവസ്ഥ സംജാതമായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കണ്ണൂർ ജില്ലയിൽ മാത്രം പത്ത് രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നതിൽ ആഭ്യന്തരവകുപ്പിന് വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) മട്ടന്നൂരിൽ യൂത്ത് കോൺഗ്രസ്സ് ബ്ലോക്ക് സെക്രട്ടറി എടയന്നൂർ, സ്കൂൾ പറമ്പിൽ എ.സി.പി. ഷുഹൈബ് കൊലചെയ്യപ്പെട്ട സംഭവത്തിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഈ പ്രതികൾക്കെതിരെ UAPA ചുമത്തിയിട്ടുണ്ടോ;

(ഡി) ഏത് രാഷ്ട്രീയ കക്ഷിയിൽപ്പെട്ടവരാണ് പ്രതികൾ എന്ന് വെളിപ്പെടുത്തുമോ;

(ഇ) കണ്ണൂർ ജില്ലയിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ ഭരണകക്ഷിയുടെ അനുയായികൾ ഉൾപ്പെടുന്നത് അവർക്ക് രാഷ്ട്രീയ സംരക്ഷണം ലഭിക്കുന്നതിനാലാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഷുഹൈബിന് വധഭീഷണി ഉണ്ടായിരുന്ന സാഹചര്യത്തിൽ സുരക്ഷയൊരുക്കുന്നതിൽ ഉണ്ടായ വീഴ്ച അദ്ദേഹത്തിന്റെ ജീവൻ നഷ്ടമാകുന്നതിന് ഇടയാക്കിയിട്ടുണ്ടോ;

(ജി) രാഷ്ട്രീയകൊലപാതകങ്ങൾക്ക് അറുതിവരുത്തുവാൻ, കൊലയാളികൾക്ക് രാഷ്ട്രീയസംരക്ഷണം നൽകുന്ന ഉന്നതരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആഭ്യന്തര വകുപ്പിന് വീഴ്ചയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി & ഡി) 26-2-2018 വരെ അഞ്ചുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ് അന്വേഷണാവസ്ഥയിലാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) വധഭീഷണി ഉണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രശ്നബാധിത പ്രദേശങ്ങളിൽ പോലീസ് കർശനമായി പട്രോളിംഗ് നടത്തിവന്നിട്ടുള്ളതാണ്.

(ജി) കുറ്റവാളികൾക്കെതിരെ കർശന നപടി സ്വീകരിക്കുന്നതാണ്.

**രാഷ്ട്രീയ കൊലപാതകങ്ങൾ**

115(125) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നു; അതിൽ രാഷ്ട്രീയ കൊലപാതകങ്ങൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) രാഷ്ട്രീയ കൊലപാതകങ്ങളിൽ ഓരോന്നിലും ഉൾപ്പെട്ടിട്ടുള്ള പ്രതികൾ ഏത് രാഷ്ട്രീയ കക്ഷികളിൽപ്പെടുന്നവരാണെന്ന് അറിയിക്കുമോ;

(സി) രാഷ്ട്രീയ കൊലപാതക കേസ്സുകളിൽ എത്രയെണ്ണത്തിന്റെ അന്വേഷണം പൂർത്തിയായി; എത്ര പ്രതികളെ ഇതുവരെ അറസ്റ്റ് ചെയ്തു;

(ഡി) ഏതെങ്കിലും രാഷ്ട്രീയ കൊലപാതക കേസ്സുകൾ സി.ബി.ഐ.-ക്ക് വിടണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ കേസുകളാണ് എന്നും ഇക്കാര്യത്തിൽ എന്ത് തീരുമാനം എടുത്തുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് 539 പേർ കൊല്ലപ്പെട്ടു. ഇതിൽ 17 എണ്ണം രാഷ്ട്രീയ കൊലപാതങ്ങളാണ്.

(ബി) കേസ്സുകളിൽ സി.പി.ഐ.(എം), ബി.ജെ.പി, എസ്.ഡി.പി.ഐ. രാഷ്ട്രീയ പാർട്ടികളിലെ പ്രവർത്തകർ ഉൾപ്പെട്ടിട്ടുണ്ട്.

(സി) 11 കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കുകയും ഇതുമായി ബന്ധപ്പെട്ട് 161 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല.

**പോലീസുകാർ അക്രമിക്കപ്പെടുന്ന സംഭവങ്ങൾ**

116(126) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ പോലീസ് സ്റ്റേഷന്റെ മുമ്പിലും, കോട്ടയം നാട്ടകം പോളിടെക്നിക് ക്യാംപസിലുംവച്ച് പോലീസിനെ ആക്രമിച്ച സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവങ്ങളിൽ പ്രതികളായവർ ഏതു സംഘടനകളിൽ പെട്ടവരാണെന്നുള്ള വിവരം നൽകുമോ;

(സി) നിയമവാഴ്ച നിലനിർത്തേണ്ട പോലീസുകാരെ ആക്രമിക്കുന്ന സംഭവങ്ങളിൽ പ്രതികളെ മാതൃകാപരമായി ശിക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വകാര്യ മെഡിക്കൽ കോളേജുകളിലെ ഫീസ് വർദ്ധിപ്പിച്ചതിനോടനുബന്ധിച്ച് തൊടുപുഴ മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് യു.ഡി.എഫ്. നടത്തിയ മാർച്ചിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാരെ ആക്രമിച്ചത് കെ.എസ്.യു., യൂത്ത് കോൺഗ്രസ്, കോൺഗ്രസ് എന്നീ സംഘടനയിൽപ്പെട്ടവരാണ്. പോളിടെക്നിക് കാമ്പസിനുള്ളിൽ നടന്ന സംഭവത്തിൽ വിദ്യാർത്ഥി സംഘടനയിൽപ്പെട്ടവരാണ് പ്രതിസ്ഥാനത്തുള്ളത്.

(സി) സ്വീകരിക്കുന്നതാണ്. പ്രസ്തുത സംഭവങ്ങളുമായി ബന്ധപ്പെട്ട് തൊടുപുഴ, ചിങ്ങവനം പോലീസ് സ്റ്റേഷനുകളിൽ രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. തൊടുപുഴ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1195/17 ആയി രജിസ്റ്റർ ചെയ്ത കേസിൽ 22 പ്രതികൾക്കെതിരെ ബഹുമാനപ്പെട്ട കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും നാട്ടകം സംഭവവുമായി ബന്ധപ്പെട്ട് കുറ്റക്കാർക്കെതിരെ ക്രൈം നമ്പർ 2013/17 പ്രകാരം ചിങ്ങവനം പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

## തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ

117(127) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കെതിരായ അക്രമവും പീഡനങ്ങളും വർദ്ധിച്ചു വരുന്നത് ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ;

(ബി) സർക്കാർ ഓഫീസുകൾ അടക്കമുള്ള തൊഴിലിടങ്ങളിൽ ഉണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിന് രൂപീകരിച്ചിട്ടുള്ള സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(സി) പരാതികൾ സമയബന്ധിതമായി അന്വേഷിച്ച് പരിഹാരം കാണുന്നതിന് പ്രസ്തുത സമിതികൾ ശുഷ്കാന്തി കാണിക്കുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പീഡിപ്പിക്കപ്പെട്ടവർക്ക് നീതി ലഭിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസ്സുകളുടെ എണ്ണത്തിൽ സ്ഥിരമായ വർദ്ധനവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളും പീഡനങ്ങളും ഗൗരവമായി കണക്കാക്കുന്നുണ്ട്.

(ബി&സി) സംസ്ഥാനത്ത് ഇത്തരം സ്ഥലങ്ങളിൽനിന്നും ലഭിക്കുന്ന പരാതികൾ പരിശോധിച്ച് വിശദമായി അന്വേഷണം നടത്തി പരാതികൾ പരിഹരിക്കുകയും മറ്റ് നിയമ നടപടികൾ ആവശ്യമെങ്കിൽ ആയത് സ്വീകരിച്ചും വരുന്നുണ്ട്. പരാതികൾ സമയബന്ധിതമായി അന്വേഷിച്ച് പരിഹാരം കാണുന്നതിന് പ്രസ്തുത സമിതികൾ ശുഷ്കാന്തി കാണിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സമിതികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് കൃത്യമായ ഇടവേളകളിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർ സ്ഥാപനങ്ങളിലെത്തി വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും പീഡിപ്പിക്കപ്പെട്ടവർക്ക് കേസിന്റെ പ്രോസിക്യൂഷനുവേണ്ട എല്ലാ സഹായവും നൽകിവരുന്നു.

**സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ**

118(128) <u>ശ്രീമതി പി. അയിഷാ പോറ്റി</u> :
<u>ശ്രീമതി യു. പ്രതിഭ ഹരി</u> :
<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> :
<u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കാനും സുരക്ഷിതബോധം ഉറപ്പാക്കാനുമായി എടുത്തിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) 'നിർഭയ കേരളം സുരക്ഷിത കേരളം' പദ്ധതി എത്രമാത്രം ഫലപ്രദമാണെന്ന് അവലോകനം ചെയ്തിട്ടുണ്ടോ;

(സി) ഗാർഹിക പീഡനം ഉൾപ്പെടെ സ്ത്രീകളുടേയും കുട്ടികളുടേയും നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് സന്നദ്ധസേവകരുടെ സേവനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി, തെരഞ്ഞെടുത്ത കുടുംബശ്രീ പ്രവർത്തകരെ പരിശീലിപ്പിച്ച് പങ്കാളിത്തം നൽകാൻ പദ്ധതിയുണ്ടോ: വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കാനും സുരക്ഷിതബോധം ഉറപ്പിക്കുന്നതിനുമായി താഴെപ്പറയുന്ന വിവിധ പദ്ധതികൾ സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു :

1. നിർഭയ

സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി 2014-ൽ എറണാകുളത്ത് പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിക്കുകയും പിന്നീട് പ്രവർത്തനം നിലയ്ക്കുകയും ചെയ്ത ഈ പദ്ധതി 2016-ൽ പുനരാവിഷ്കരിച്ച് കേരളമാകെ നടപ്പിലാക്കിവരുന്നു.

2. പിങ്ക് ബീറ്റ്

ദിവസവും രാവിലെ 8 മണി മുതൽ 11 വരെയും വൈകുന്നേരം 3 മണി മുതൽ 7 മണി വരെയും സിറ്റികളിൽ പിങ്ക് ബീറ്റ് നടപ്പിലാക്കിവരുന്നു. വനിതാ പോലീസുദ്യോഗസ്ഥർ കൺട്രോൾ റൂമുമായി ബന്ധപ്പെട്ട് ബസ് സ്റ്റോപ്പുകൾ, സ്കൂൾ / കോളേജ് പരിസരം, തിരക്കുള്ള ബസുകൾ എന്നിവിടങ്ങളിൽ സഞ്ചരിച്ച് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുകയും അവർക്ക് സുരക്ഷ ഒരുക്കുകയും ചെയ്യുന്നു.

3. പിങ്ക് പട്രോൾ

തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, ആലപ്പുഴ, കോട്ടയം, എറണാകുളം സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കണ്ണൂർ എന്നിവിടങ്ങളിൽ സ്ത്രീ സുരക്ഷയ്ക്കായി പിങ്ക് പട്രോളിംഗ് നടത്തിവരുന്നു. രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ വനിത പോലീസുദ്യോഗസ്ഥർ പിങ്ക് പട്രോൾ വാഹനങ്ങളിൽ തിരക്കുള്ള സ്ഥലങ്ങൾ, പാർക്കുകൾ, റയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ് മുതലായ സ്ഥലങ്ങൾ സഞ്ചരിച്ച് സ്ത്രീകൾക്ക് സുരക്ഷ ഒരുക്കുന്നു.

4. സെൽഫ് ഡിഫൻസ് ട്രെയിനിംഗ്

സംസ്ഥാനത്തുടനീളം സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുണ്ടാകുന്ന അതിക്രമങ്ങളെ നേരിടുന്നതിനും സ്വയം പ്രതിരോധശേഷിയും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനായി സ്കൂളുകൾ, കോളേജുകൾ, കുടുംബശ്രീ യൂണിറ്റുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് സ്വയം പ്രതിരോധ പരിശീലനം നൽകിവരുന്നു.

5. വനിതാ ഹെൽപ്പ് ലൈൻ

ജില്ലാ ആസ്ഥാനങ്ങളിൽ കൺട്രോൾ റൂം മാതൃകയിൽ 24 മണിക്കൂറും വനിതാ പോലീസുദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. വിഷമഘട്ടത്തിലുള്ള സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ സഹായം 24 മണിക്കൂറും ഈ കേന്ദ്രത്തിൽനിന്നും ലഭിക്കുന്നു.

കൂടാതെ പഞ്ചായത്തുതലത്തിൽ നിയോഗിക്കുന്ന വനിതാ പോലീസ് ബീറ്റ് ഓഫീസർമാർ അതത് പഞ്ചായത്തുകളിൽ ആഴ്ചയിൽ ഒരു ദിവസം പ്രസ്തുത പഞ്ചായത്തിലെ വനിതകളിൽനിന്നും പോലീസ് വകുപ്പുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിച്ച് നിയമപാലന അധികാരം ഉപയോഗിച്ച് അവിടെവച്ച് പരിഹരിക്കുകയും പരിഹരിക്കാൻ കഴിയാത്ത പരാതികൾ ബന്ധപ്പെട്ട എസ്.എച്ച്.ഒ.-മാരുടെ ശ്രദ്ധയിൽപ്പെടുത്തി വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അവലോകനം ചെയ്തിട്ടുണ്ട്.

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ സ്ത്രീകൾക്കായി സ്വയംരക്ഷാ പരിശീലന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഗാർഹിക പീഡനം ഉൾപ്പെടെയുള്ള സ്ത്രീകളുടെയും കുട്ടികളുടെയും നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും സന്നദ്ധ സേവകരുടെ സേവനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

**കുട്ടികളെ കാണാതാകുന്ന സംഭവങ്ങൾ**

119(131) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 മുതൽ 2017 വരെ 18 വയസ്സിനു താഴെയുള്ള എത്ര കുട്ടികളെ കേരളത്തിൽ കാണാതായിട്ടുണ്ട്;

(ബി) എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു;

(സി) എത്രപേരെ തിരികെ കണ്ടുകിട്ടി;

(ഡി) കുട്ടികളെ കാണാതായ സംഭവങ്ങളിൽ പൊതുവായി എന്തെങ്കിലും കാരണം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കാമോ?

ഉത്തരം

(എ) 7444 കുട്ടികളെ കാണാതായിട്ടുണ്ട്.

(ബി) 5746 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 7330 പേരെ കണ്ടുകിട്ടിയിട്ടുണ്ട്.

(ഡി) സാധാരണയായി കാണാതാകുന്ന കുട്ടികളിൽ പലരും വീട്ടിൽ മാതാപിതാക്കളുമായുള്ള നിസ്സാര പിണക്കങ്ങളാലും പരീക്ഷയിൽ തോറ്റതിലുള്ള വിഷമത്തിനാലും വീടുവിട്ട് പോകുന്നതായി കാണുന്നു. കൂടാതെ പെൺകുട്ടികൾ കൂടുതലും കമിതാക്കളോടൊപ്പം ഒളിച്ചോടിപ്പോകുന്നതായാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ഇതിൽ ഭൂരിപക്ഷംപേരും ഒന്നോ രണ്ടോ ദിവസങ്ങൾക്കുള്ളിൽ മടങ്ങിയെത്തുകയും ചെയ്യുന്നുണ്ട്.

**കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നതായ പരാതികൾ**

120(132) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന സംഘങ്ങൾ വ്യാപക മാകുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, 2018 വർഷത്തിൽ ഇത് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ച് അറിയിക്കാമോ ;

(സി) പ്രസ്തുത പരാതികളിൽ എന്ത് നടപടി സ്വീകരിച്ചു എന്നും എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ഡി) ഇവയിൽ ഇതര സംസ്ഥാനക്കാർ ഉൾപ്പെട്ട എത്ര കേസ്സുകൾ ഉണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി-ഡി) 2018 വർഷത്തിൽ മൂന്നുപേർ ചേർന്ന് കുട്ടികളെ തട്ടിക്കൊണ്ടു പോകാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട് ഒരു പരാതി ലഭിച്ചിട്ടുണ്ട്. (എറണാകുളം റൂറൽ ജില്ല മൂവാറ്റുപുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 599/18). ഇതിൽ ഒന്നിലധികം പേർ ഉൾക്കൊള്ളുന്നതായി പരാതിപ്പെട്ടിരിക്കുന്നു. പ്രസ്തുത പരാതിയിന്മേൽ കേസ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇതിൽ ആരെയും അറസ്റ്റു ചെയ്തിട്ടില്ല.

## ഇ-രേഖ സോഫ്റ്റ്‌വെയർ

121(133) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളായുള്ള കൊലപാതകം, മോഷണം തുടങ്ങിയ കുറ്റകൃത്യങ്ങൾ നാൾക്കുനാൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ പക്കൽ കണക്കുകൾ ലഭ്യമാണോ;

(ബി) ഇവരുടെ വിവരശേഖരണത്തിനായി ആരംഭിച്ച ഇ-രേഖ എന്ന സോഫ്റ്റ് വെയറും ഇതുസംബന്ധിച്ച തുടർ പ്രവർത്തനങ്ങളും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ടി പദ്ധതി പ്രകാരം എന്തെല്ലാം വിവരങ്ങളാണ് ശേഖരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഇതിനായി ചുമതലപ്പെടുത്തിയ റൂറൽ-സിറ്റി പോലീസ് സ്റ്റേഷനുകൾ, സ്പെഷ്യൽ ബ്രാഞ്ച്, ക്രൈം റിക്കോഡ്സ് ബ്യൂറോ എന്നീ വിഭാഗങ്ങൾ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(ഡി) ഇ-രേഖയുടെ ഭാഗമായി ലേബർ ക്യാമ്പുകൾ, ക്ഷേമനിധി ഓഫീസുകൾ, ആരോഗ്യ വകുപ്പ് എന്നിവയിൽ നിന്നും കരാറുകാരിൽ നിന്നുമുള്ള കണക്കുകൾ ആഭ്യന്തരവകുപ്പ് ശേഖരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുസംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു:

ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളായിട്ടുള്ള

| | 2015 | 2016 | 2017 | 2018 (up to 20-2-2018) |
|---|---|---|---|---|
| കൊലപാതക കേസ്സുകളുടെ എണ്ണം | 23 | 19 | 20 | 0 |
| മോഷണ കേസ്സുകളുടെ എണ്ണം | 139 | 137 | 125 | 18 |

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണത്തിനായി 'ഇ-രേഖ' എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തിട്ടുള്ളതും ആയത് പ്രകാരം സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിൽനിന്നും പോലീസ് ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകിയിട്ടുള്ളതുമാണ്. ഓരോ പോലീസ് സ്റ്റേഷനിലും പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥർ സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ ശേഖരിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങളാണ് പ്രസ്തുത ആപ്ലിക്കേഷൻവഴി ശേഖരിക്കുന്നത്.

(സി) ഇതിനായി ചുമതലപ്പെടുത്തിയ റൂറൽ സിറ്റി പോലീസ് സ്റ്റേഷനുകൾ, സ്പെഷ്യൽ ബ്രാഞ്ച്, ക്രൈം റിക്കോർഡ്സ് ബ്യൂറോ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനഫലമായി ഇ-രേഖ പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നുണ്ട്.

(ഡി) കണക്കുകൾ ശേഖരിച്ചുവരുന്നു.

## എ.റ്റി.എം. സുരക്ഷ

122(134) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ.റ്റി.എം കവർച്ചകൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര എ.റ്റി.എം കവർച്ചകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിലെ പ്രതികളെ പിടികൂടാനായിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) എ.റ്റി.എം. കൾക്ക് സ്വന്തംനിലയിൽ സുരക്ഷ ഉറപ്പുവരുത്തണമെന്ന് ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള ബാങ്കുകളുടെ പ്രതികരണം എന്താണ് വ്യക്തമാക്കാമോ;

(ഡി) രാത്രികാല പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തി എ.റ്റി.എം. കവർച്ചകൾക്ക് അറുതിവരുത്തുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) നേരിയ തോതിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എ.റ്റി.എം. കവർച്ചകളുമായി ബന്ധപ്പെട്ട് 35 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 19 കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) എ.റ്റി.എം.-കൾക്ക് സ്വന്തംനിലയിൽ സുരക്ഷ ഉറപ്പുവരുത്തണമെന്ന് ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് നടപടികൾ സ്വീകരിക്കാമെന്ന് ബാങ്കുകൾ ഉറപ്പുനൽകുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്തുവരുന്നു. ആയതിന്റെ ഭാഗമായി സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചും സെക്യൂരിറ്റിക്കാരെ നിയോഗിച്ചും വരുന്നു.

(ഡി) നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**കെ. ദേവകി വധം**

123(135) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജനുവരി മാസത്തിൽ കാസർഗോഡ് ജില്ലയിൽ പെരിയാട്ടടുക്കത്തിനടുത്തുള്ള മുനിക്കൽ കാട്ടിയടുക്കത്തെ കെ. ദേവകി വധം നിലവിൽ ഏത് ഏജൻസിയാണ് അന്വേഷിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) അന്വേഷണവുമായി ബന്ധപ്പെട്ട നടപടികൾ ഏതുവരെയായെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ദേവകി വധവുമായി ബന്ധപ്പെട്ട CBCID Crime 109/CR/HHW-III/KKD/17 നമ്പർ കേസ് നിലവിൽ ക്രൈം ബ്രാഞ്ച് സി.ഐ.ഡി. എച്ച്.എച്ച്. ഡബ്ല്യു-3, കണ്ണൂർ സബ് യൂണിറ്റ് ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിലുള്ള സംഘം ഊർജ്ജിതമായി അന്വേഷിച്ചുവരുന്നു. നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികളെ തിരിച്ചറിയുന്നതിനുതകുന്ന തെളിവുകൾ ലഭിച്ചിട്ടില്ല.

**പോലീസ് സേനയിലെ ക്രിമിനൽവത്കരണം**

124(136) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പോലീസ് സേനയിലെ ക്രിമിനൽവൽക്കരണം അവസാനിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഐ.പി.എസ്. റാങ്കിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ ഇക്കാരണത്താൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പോലീസ് സേനയിൽ ക്രിമിനൽവത്കരണമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ക്രമിനൽ കേസ്സിൽ പ്രതികളാകുന്ന പോലീസുകാർക്കെതിരെ നിയമ നടപടികളും വകുപ്പുതല നടപടികളും സ്വീകരിക്കാറുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ക്രിമിനൽ കേസ്സിൽ ഉൾപ്പെട്ടതിന്റെ ഭാഗമായി ഐ.പി.എസ്. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെതിരെയും നടപടി സ്വീകരിച്ചിട്ടില്ല.

**പോലീസ് സ്റ്റേഷനുകളിലെ മൂന്നാംമുറ**

125(137) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ മൂന്നാംമുറ പീഡനം നടക്കുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2017-ൽ നിരപരാധികളെ കസ്റ്റഡിയിലെടുത്ത് ക്രൂരമായി മർദ്ദിച്ചുവെന്ന എത്ര പരാതികൾ ലഭിച്ചെന്ന് വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധിച്ച് പോലീസ് കംപ്ലയിന്റ് അതോറിറ്റിക്ക് ലഭിച്ച പരാതികൾ എത്രയെന്ന് വിശദമാക്കുമോ;

(ഡി) മൂന്നാംമുറ സ്വീകരിക്കുന്ന പോലീസുദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നാല് പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ വകുപ്പുതല നടപടിയും മറ്റ് നിയമ നടപടികളും സ്വീകരിക്കുന്നതാണ്.

**ലോക്കപ്പ് മർദ്ദനം**

126(138) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോക്കപ്പ് മർദ്ദനം സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) ലോക്കപ്പ് മർദ്ദനത്തെ തുടർന്ന് ആരെങ്കിലും മരണപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ലോക്കപ്പ് മർദ്ദനം സംബന്ധിച്ച പരാതികളുടെ അടിസ്ഥാനത്തിൽ എത്ര പോലീസുദ്യോഗസ്ഥർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോക്കപ്പ് മർദ്ദനം സംബന്ധിച്ച് മൂന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ലോക്കപ്പ് മർദ്ദനത്തെത്തുടർന്ന് ആരും മരണപ്പെട്ടിട്ടില്ല.

(സി) ലോക്കപ്പ് മർദ്ദനം സംബന്ധിച്ച പരാതികളുടെ അടിസ്ഥാനത്തിൽ പത്ത് പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**പോലീസുകാർ പൊതുജനങ്ങളെ മർദ്ദിച്ച സംഭവങ്ങൾ**

127(139) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസുകാർ പൊതുജനങ്ങളെ മർദ്ദിച്ചതായ എത്ര സംഭവങ്ങൾ സംസ്ഥാനത്തെ പോലീസ് സ്റ്റേഷൻ പരിധികളിൽ ഉണ്ടായി; അതിൽ പോലീസുകാർ പ്രതികളായ എത്ര കേസ്സുകളെടുത്തിട്ടുണ്ട്; ഏതെല്ലാം വകുപ്പുകൾ പ്രകാരം എന്നും ഏതേത് പോലീസ് സ്റ്റേഷനുകളിൽ എന്നുമുള്ള വിശദമായ റിപ്പോർട്ട് നൽകാമോ;

(ബി) സർക്കാർ ഖജനാവിൽനിന്ന് ഭീമമായ സംഖ്യ പ്രതിമാസം ചെലവ് വരുന്ന പോലീസ് കംപ്ലയിന്റ് അതോറിറ്റി കുറ്റകൃത്യത്തിലേർപ്പെട്ട സേനാംഗങ്ങളെ രക്ഷിക്കുന്നതിനും പൊതുജനത്തിന് എതിരായി തീർപ്പുണ്ടാക്കുന്നതിനും മാത്രമാണെന്ന ആക്ഷേപം നിലവിലുള്ളപ്പോൾ അതിന്റെ പ്രവർത്തനം തുടരണമോ എന്നകാര്യം ഗൗരവമായി ആലോചിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസുകാർ പൊതുജനങ്ങളെ മർദ്ദിച്ചതായ സംഭവങ്ങളുമായി ബന്ധപ്പെട്ട് 26 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച കൂടുതൽ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കേരള പോലീസ് ആക്ട് (1960) -ന്റെ സെക്ഷൻ 17 E പ്രകാരമാണ് സംസ്ഥാന പോലീസ് കംപ്ലയിന്റ് അതോറിറ്റി സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഇപ്രകാരം സ്ഥാപിക്കപ്പെട്ട അതോറിറ്റിയുടെ പ്രവർത്തനം ആയത് വിഭാവനം ചെയ്ത തരത്തിലാണ് നടക്കുന്നതെന്നത് സർക്കാർ ഉറപ്പുവരുത്തുന്നുണ്ട്.

**പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി**

128(140) ശ്രീ. കെ.മുരളീധരൻ :

ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, ഗുരുതരമായ സ്വഭാവ ദൂഷ്യത്തിന് എത്ര പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം സ്വഭാവ ദൂഷ്യങ്ങൾക്കാണ് നടപടി സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) സ്ത്രീകൾക്കെതിരായ അതിക്രമങ്ങളുടെ പേരിൽ പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുരുതരമായ സ്വഭാവദൂഷ്യത്തിന് 365 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കൈക്കൂലി, മദ്യപാനം, സ്ത്രീകളോട് അപമര്യാദയോടെയുള്ള പെരുമാറ്റം, മേലുദ്യോഗസ്ഥന്മാരോട് അപമര്യാദയോടെയുള്ള പെരുമാറ്റം ജോലിയിൽനിന്നും വിട്ടുനിൽക്കൽ തുടങ്ങിയ സ്വഭാവ ദൂഷ്യങ്ങൾക്കാണ് പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുള്ളത്.

(സി) സ്ത്രീകൾക്കെതിരായ അതിക്രമങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാഫിയകളുടെ പ്രവർത്തനം തടയാൻ നടപടി

129(141) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. റോജി എം. ജോൺ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാറ, മണൽ, റിയൽ എസ്റ്റേറ്റ് മാഫിയകൾ സജീവമാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ. ഉണ്ടെങ്കിൽ പ്രസ്തുത മാഫിയകളുടെ പ്രവർത്തനം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) രഹസ്യ വിവരങ്ങൾ ശേഖരിക്കുന്നതിനും ഷാഡോ പോലീസിന്റെ സഹായത്തോടെ കുറ്റക്കാരെ കണ്ടെത്തുന്നതിനുമുള്ള നടപടികൾ കാര്യക്ഷമമല്ലാത്തതാണ് ഇത്തരം മാഫിയകളുടെ വളർച്ചയ്ക്ക് കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത മാഫിയകൾ നടത്തുന്ന കൊലപാതകങ്ങളും, സംഘട്ടനങ്ങളും സാധാരണ ജനങ്ങളുടെ സ്വൈരജീവിതത്തെ കാര്യമായി ബാധിച്ചു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പോലീസിന്റെ ഒരു വിഭാഗത്തിന്റെ ഒത്താശയും, രാഷ്ട്രീയ പിന്തുണയുമാണ് ഇത്തരം മാഫിയകളുടെ വളർച്ചയ്ക്ക് കാരണമെന്ന ആക്ഷേപമുള്ളതിനാൽ ഇതേക്കുറിച്ച് സമഗ്ര അന്വേഷണം നടത്തി കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മാഫിയകളുടെ വളർച്ചയ്ക്ക് പോലീസിന്റെ ഒരു വിഭാഗത്തിന്റെയും ഒത്താശയുള്ളതായിട്ടുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### കച്ചേരിത്താഴം പുതിയ പാലത്തിന് സമീപമുണ്ടായ വാഹനാപകടം

130(142) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ രാമമംഗലം കരയിൽ കച്ചേരിത്താഴം പുതിയപാലത്തിനു സമീപം 20-10-2017-ന് ഉണ്ടായ വാഹനാപകടം സംബന്ധിച്ച കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; കേസ് അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വാഹനാപകടത്തിന് കാരണക്കാരനായ ടിപ്പർ ലോറി ഡ്രൈവറുടെ പേരിൽ കേസെടുത്തിട്ടുണ്ടോയെന്നറിയിക്കുമോ;

(സി) അപകടത്തിനിരയായ ബൈക്ക് ഓടിച്ചിരുന്ന വ്യക്തിയെ പ്രതിയാക്കി യിട്ടുണ്ടോയെന്നും എങ്കിൽ പ്രസ്തുത നടപടി പുനഃപരിശോധിച്ച് ശരിയായ അന്വേഷണം നടത്തി അപകടത്തിനിരയായവർക്ക് നീതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

### അനധികൃത പാർക്കിംഗിന് പിഴ ഈടാക്കുന്നതിലെ വിവേചനം

131(143) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരത്തിൽ അട്ടക്കുളങ്ങര മുതൽ കമലേശ്വരം, ആറ്റുകാൽ വരെയുള്ള റോഡിന്റെ ഇരുവശത്തും ടൂ വീലർ, കാർ എന്നീ വാഹനങ്ങളുടെ പാർക്കിംഗ് സംവിധാനം ആരംഭിച്ചിട്ടുണ്ടോ; അല്ലെങ്കിൽ അനുമതി നല്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ട്രാഫിക് പോലീസ് പിഴ ഇടുന്ന ദിവസങ്ങളിൽ ഏറെ തിരക്ക് പിടിച്ച ഈ റോഡിന്റെ ഇരു വശത്തുമുള്ള ഹോട്ടൽ, ജ്യൂസ് കടകൾക്ക് മുന്നിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങൾ ഒഴികെയുള്ളവയ്ക്ക് മാത്രം പിഴ ഇടാക്കുന്ന രീതി നീതിയുക്തമാണോ;

(സി) 1-6-2017 മുതൽ ഈ മേഖലയിൽ അനധികൃത പാർക്കിംഗ് ചെയ്യുവരിൽ നിന്നും കൃത്യമായി പിഴ ഈടാക്കിയിരുന്നുവെങ്കിലും അടുത്ത സമയത്തായി ഇതിൽ നിന്നും വ്യതിചലിച്ച് ഉദ്യോഗസ്ഥർ പിഴ ഈടാക്കുന്നതിൽ മുമ്പുണ്ടായിരുന്ന രീതിയിൽ നിന്നും വിവേചനം കാണിക്കുന്നത് അവസാനിപ്പിക്കുവാൻ സത്വര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) പാർക്കിംഗ് അനുമതി നൽകിയിട്ടില്ല.

(ബി) ട്രാഫിക് പോലീസ് മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ അനധികൃതമായി പാർക്ക് ചെയ്തിരിക്കുന്ന എല്ലാ വാഹനങ്ങളിൽനിന്നും പിഴ ഈടാക്കാറുണ്ട്.

(സി) ഇത്തരത്തിൽ വിവേചനം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണ്.

**ആറ്റിങ്ങൽ ട്രാഫിക് സ്റ്റേഷൻ**

132(144) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ പട്ടണത്തിലെ ഗതാഗതം സുഗമമാക്കാൻ ആരംഭിച്ച ട്രാഫിക് യൂണിറ്റിനെ ട്രാഫിക് സ്റ്റേഷനാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ശിപാർശ വകുപ്പിന്റെ പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഇതുസംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയോട് പ്രൊപ്പോസൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**സൈബർ കുറ്റകൃത്യങ്ങൾ**

133(145) ശ്രീ.കെ.മുരളീധരൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കുറ്റകൃത്യങ്ങൾ തടയുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്;

(സി) സൈബർ കേസ്സുകൾ കൈകാര്യം ചെയ്യുവാൻ നിലവിൽ എത്ര സൈബർ പോലീസ് സ്റ്റേഷനുകളുണ്ട്; പ്രസ്തുത സ്റ്റേഷനുകളിൽ 2017-ൽ ഇപ്രകാരമുള്ള എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തെന്നും എത്ര കേസുകളുടെ അന്വേഷണം പൂർത്തിയായെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) നേരിയ തോതിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് സൈബർ സുരക്ഷ ഒരുക്കുന്നതിനും സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുംവേണ്ടി ഇന്റർനെറ്റ്, ഇ-മെയിൽ തുടങ്ങിയവ സുരക്ഷിതമായി ഉപയോഗിക്കുന്നതിനും സോഷ്യൽ മീഡിയ സൈറ്റുകൾ ഏതെല്ലാം രീതിയിൽ ദുരുപയോഗം ചെയ്യപ്പെടുന്നു എന്നതിനെ സംബന്ധിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റ് സാമൂഹിക സാംസ്കാരിക സംഘടനകളിലും ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നുണ്ട്. കൂടാതെ സൈബർ ലോകത്തെ ചതിക്കുഴികളെ സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് എസ്.പി.സി. പദ്ധതി മുഖേനയും പൊതുജനങ്ങൾക്ക് ജനമൈത്രി പോലീസ് സംവിധാനം മുഖേനയും അവബോധം നൽകുകയും കൂടാതെ സൈബർ സുരക്ഷയ്ക്കായി തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന CYBERDOM വഴി നിരീക്ഷണം നടത്തിവരികയും ചെയ്യുന്നു.

(സി) സംസ്ഥാനത്ത് സൈബർ കേസുകൾ കൈകാര്യം ചെയ്യുന്നതിലേയ്ക്കായി തിരുവനന്തപുരം ആസ്ഥാനമാക്കി ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷനാണ് നിലവിലുള്ളത്. ടി പോലീസ് സ്റ്റേഷനിൽ 2017 വർഷം 37 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളെല്ലാം തന്നെ അന്വേഷണാവസ്ഥയിലാണ്.

## തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം

134(146)ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ പോലീസ് സ്റ്റേഷനുകളിലെ പോലീസുകാരെ അടുത്ത പോലീസ് സ്റ്റേഷനുകളിൽ ക്രമസമാധാന ചുമതലയിൽ മാറ്റി നിശ്ചയിക്കുന്ന രീതി ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ മുൻകാലങ്ങളിൽ ഇങ്ങനെ നിശ്ചയിക്കുകയുണ്ടായോ ;

(സി) എങ്കിൽ ഓഖി ചുഴലിക്കാറ്റിന്റെ സന്ദർഭത്തിൽ ഇവരുടെ അസാന്നിദ്ധ്യം ദുരന്ത നിവാരണ രക്ഷാ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുകയുണ്ടായോ ;

(ഡി) ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും എന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിലില്ല.

(ബി) തീരദേശ പോലീസ് സ്റ്റേഷനുകളിലെ പോലീസ് ഉദ്യോഗസ്ഥരെ ക്രമസമാധാന ഡ്യൂട്ടിക്കായി (L&O Duty) നിയോഗിക്കുവാൻ പോലീസ് ആസ്ഥാനത്തു നിന്നും ജില്ലാ പോലീസ് മേധാവിമാർക്ക് അനുവാദം നൽകിയിരുന്നു.

(സി) ഇല്ല.

(ഡി) കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി, ജോയിന്റ് ഓപ്പറേഷൻ സെന്റർ, ഫിഷറീസ് വകുപ്പ് മുതലായ തീരദേശ സുരക്ഷയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാ ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിട്ടുള്ളതും ടി ഏജൻസികളുമായി നിരന്തരം ബന്ധപ്പെടുന്നത് ഊർജ്ജിതമാക്കിയിട്ടുള്ളതുമാണ്. കൂടാതെ disaster management, കാലാവസ്ഥ പഠനവുമായി ബന്ധപ്പെട്ടുള്ള വകുപ്പുകൾ എന്നിവരുടെ നിർദ്ദേശങ്ങളും അറിയിപ്പുകളും പ്രകാരം അടിയന്തര നടപടികൾ സ്വീകരിക്കുവാൻ തീരദേശ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ചാലക്കുടിയിലെ വിവിധ പോലീസ് ഓഫീസുകൾ

135(147) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിലെ വിവിധ പോലീസ് ഓഫീസുകൾ ഒരു കെട്ടിട സമുച്ചയത്തിന് കീഴിലാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ചാലക്കുടിയിൽ നിലവിലുള്ള പോലീസ് ക്വാർട്ടേഴ്സ് കോമ്പൗണ്ട് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പ്രസ്തുത കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണത്തിനായി വിശദമായ ശിപാർശ തയ്യാറാക്കി നൽകുന്നതിനായി സംസ്ഥാന പോലീസ് മേധാവി തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

## കാഞ്ഞിരപ്പള്ളിയിൽ പോലീസ് കോംപ്ലക്സ്

136(148) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളിയിൽ പോലീസ് കോംപ്ലക്സ് നിർമിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(ബി) കെട്ടിടം പണിയുന്നതിനുള്ള സ്ഥലം ലഭ്യമാണോ എന്ന് വിശദമാക്കാമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര പോലീസ് സ്റ്റേഷനുകൾ നിർമിക്കുന്നതിനാണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ;

(ഡി) അനുമതി ലഭിച്ചതിൽ, ആവശ്യത്തിന് സ്ഥലം ലഭ്യമല്ലാത്തതിനാൽ നിർമാണം ആരംഭിക്കാൻ സാധിക്കാത്തവ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ഇ) ആവശ്യത്തിന് സ്ഥലം ലഭ്യമായിട്ടും ശബരിമലപോലെ പ്രധാനപ്പെട്ട തീർത്ഥാടനകേന്ദ്രങ്ങളുടെ ഉൾപ്പെടെ വിവിധ സുരക്ഷാ ചുമതലയുള്ള ഡിവൈ.എസ്.പി. സർക്കിൾ ഇൻസ്പെക്ടർ ഓഫീസുകൾക്കായുള്ള പോലീസ് കോംപ്ലക്സ് നിർമിക്കാൻ തുക അനുവദിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ, ഈ വർഷമെങ്കിലും കാഞ്ഞിരപ്പള്ളി പോലീസ് കോംപ്ലക്സ് നിർമാണത്തിന് തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ?

ഉത്തരം

(എ) കാഞ്ഞിരപ്പള്ളിയിൽ പോലീസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള പുതുക്കിയ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി, കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ലഭ്യമാണ്.

(സി) 11 പോലീസ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ഡി) നിർമ്മാണം ആരംഭിക്കാൻ സാധിക്കാത്തവയായി ഒന്നുമില്ല.

(ഇ) ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

## വേങ്ങര പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം

137(149) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം ഇല്ലാത്തതിനാൽ ജീവനക്കാരും പൊതുജനങ്ങളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ ഉപയോഗിക്കുന്ന വാടക കെട്ടിടം ഒഴിഞ്ഞുകൊടുക്കുന്നതിന് കോടതി ഉത്തരവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള സ്ഥലം കണ്ടെത്തി കൈമാറിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) നിലവിലുള്ള തടസ്സങ്ങൾ മാറ്റി വേങ്ങര പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കോടതി ഉത്തരവ് നിലവിലില്ല.

(സി&ഡി) വേങ്ങര പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കണ്ടെത്തിയ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള സ്ഥലം വിട്ടുനൽകുന്നതിനായി ടി വകുപ്പ് വിസമ്മതം അറിയിച്ചതിനാൽ അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

**റാന്നി പോലീസ് സ്റ്റേഷൻ**

138(150) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി പോലീസ് സ്റ്റേഷനുവേണ്ടി പുതുതായി നിർമ്മിച്ച കെട്ടിടത്തിന് എത്ര രൂപയാണ് ചെലവഴിച്ചത്; എന്തൊക്കെ സൗകര്യങ്ങളാണ് പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടത്തിൽ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്; കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം എത്രഎന്നും എന്നാണ് നിർമ്മാണം പൂർത്തിയാക്കിയത് എന്നും വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടം പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) റാന്നി പോലീസ് സ്റ്റേഷനുവേണ്ടി പുതുതായി നിർമ്മിച്ച കെട്ടിടത്തിന് 71 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി കെട്ടിടത്തിൽ സർക്കിൾ ഓഫീസ്, വിസിറ്റേഴ്സ് റൂം, കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്റർ, ബി ടൈപ്പ് ഡോർമിറ്ററി, വുമൻസ് റസ്റ്റ് റൂം, ടൂറിസ്റ്റ് എയ്ഡ് പോസ്റ്റ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. 15.27 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ടി കെട്ടിടത്തിന്റെ പണി 18-1-2016-ൽ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് വാട്ടർ കണക്ഷനും ഫർണിച്ചറുകളുംകൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

## വർക്കല അയിരൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

139(151) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന വർക്കല അയിരൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) അയിരൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സർക്കാർ വക ഭൂമി കണ്ടെത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) സർക്കാർ വക ഭൂമി കണ്ടെത്തിയിട്ടുണ്ടെങ്കിൽ ആയതിൽ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇലകമൺ പഞ്ചായത്തിൽ അയിരൂർ വില്ലേജിനുകീഴിൽ ബ്ലോക്ക് നമ്പർ 3-ലെ റീ-സർവ്വേ നമ്പർ 227-ൽപ്പെട്ട 8.50 ആർ സർക്കാർ ഭൂമി അയിരൂർ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി പോലീസ് വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്നു.

(സി) ഇതിനാവശ്യമായ വിശദമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടി സംസ്ഥാന പോലീസ് മേധാവിതലത്തിൽ സ്വീകരിച്ചുവരുന്നു.

## പൊൻകുന്നം, കറുകച്ചാൽ പോലീസ് സ്റ്റേഷനുകളോട് അനുബന്ധമായുള്ള ഭൂമി

140(152) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊൻകുന്നം, കറുകച്ചാൽ പോലീസ് സ്റ്റേഷനുകളോട് ചേർന്ന് ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി എത്രയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയുടെ കൈവശാവകാശം ആരിൽ നിക്ഷിപ്തമാണെന്നും ആയതിന്റെ സർവ്വേ നമ്പരുകളും വെളിപ്പെടുത്താമോ;

(സി) ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയിൽ 2018-19 ബജറ്റിൽ ടോക്കൺ ലഭിച്ച പോലീസ് ക്വാർട്ടേഴ്സ് കോംപ്ലക്സും പരേഡ് ഗ്രൗണ്ട് നിർമ്മാണവും എന്ന പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൊൻകുന്നം പോലീസ് സ്റ്റേഷനോട് ചേർന്ന് 1.5 ഏക്കർ ഭൂമിയും കറുകച്ചാൽ പോലീസ് സ്റ്റേഷനിൽ ഒരു ഏക്കർ മുപ്പത്തി രണ്ട് ദശാംശം അഞ്ച് സെന്റ് ഭൂമിയുമാണ് ഉപയോഗിക്കാതെ കിടക്കുന്നത്.

(ബി) പൊൻകുന്നം പോലീസ് സ്റ്റേഷന്റേയും കറുകച്ചാൽ പോലീസ് സ്റ്റേഷന്റേയും ഭൂമിയുടെ ഉടമസ്ഥാവകാശം പോലീസ് വകുപ്പിനാണ്. കാഞ്ഞിരപ്പള്ളി താലൂക്ക്, ചിറക്കടവ് വില്ലേജ് സർവ്വേ നമ്പർ 1/184 (പഴയ സർവ്വേ 10/1417) ബ്ലോക്ക് നമ്പർ 15-ൽപ്പെട്ടതാണ് പൊൻകുന്നം പോലീസ് സ്റ്റേഷന്റെ ഭൂമി. ചങ്ങനാശ്ശേരി താലൂക്ക് കറുകച്ചാൽ വില്ലേജ് റീസർവ്വേ ബ്ലോക്ക് നമ്പർ 15, സർവ്വേ നമ്പർ 251/1/എ 3/1-ൽപ്പെട്ടതാണ് കറുകച്ചാൽ പോലീസ് സ്റ്റേഷന്റെ ഭൂമി.

(സി) ഇതുസംബന്ധിച്ച് ശിപാർശ ലഭിച്ചിട്ടില്ല.

## പേഴക്കാപ്പള്ളി പോലീസ് സ്റ്റേഷൻ

141(153) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ പേഴക്കാപ്പള്ളി കേന്ദ്രമാക്കി ഒരു പുതിയ പോലീസ് സ്റ്റേഷൻ എന്ന ആവശ്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികളും നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ സംബന്ധിച്ച പോലീസ് വകുപ്പിന്റെ റിപ്പോർട്ട് സർക്കാരിലേക്ക് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

## പ്ലാമൂട്ട്കടയിൽ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം

142(154) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പ്ലാമൂട്ട്കടയിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് എം.എൽ.എ. നൽകിയ നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(ബി) പ്ലാമൂട്ട്കടയിൽ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം 2018-19 സാമ്പത്തിക വർഷത്തിൽ ആരംഭിക്കാൻ കഴിയുമോ;

(സി) മൂന്ന് പഞ്ചായത്തുകളുടെ സംഗമസ്ഥലമായ ഇവിടെ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; ആയത് വിശദമാക്കാമോ?

ഉത്തരം

(എ-സി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പ്ലാമൂട്ട്കടയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ നിവേദനം തുടർനടപടികൾ സ്വീകരിക്കുന്നതിനും റിപ്പോർട്ടിനുമായി സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയിട്ടുണ്ട്.

## ഭൂതത്താൻകെട്ടിൽ ഒരു പോലീസ് ഔട്ട്പോസ്റ്റ്

143(155) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ വൈദ്യുതി പ്രോജക്ട് മേഖല ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഒന്നായ ഭൂതത്താൻകെട്ടിൽ മുൻകാലങ്ങളിൽ ഒരു പോലീസ് ഔട്ട്പോസ്റ്റ് പ്രവർത്തിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വദേശീയരും, വിദേശീയരുമായിട്ടുള്ള നൂറുകണക്കിന് വിനോദസഞ്ചാരികൾ എത്തിച്ചേരുന്ന ഭൂതത്താൻകെട്ടിൽ പോലീസ് ഔട്ട് പോസ്റ്റ് പുനഃസ്ഥാപിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്ഥിര ഔട്ട്പോസ്റ്റ് പ്രവർത്തിച്ചിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## ചൈൽഡ് ഫ്രണ്ട്ലി പോലീസ് സ്റ്റേഷൻ

144(156) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചൈൽഡ് ഫ്രെണ്ട്ലി പോലീസ് സ്റ്റേഷൻ എന്ന നാമകരണത്തിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളെ നവീകരിച്ചിട്ടുണ്ട്; ഇതിൽ ഓരോന്നിന്റെയും നവീകരണത്തിനായി എത്തുക വീതം ഏതെല്ലാം തലക്കെട്ടിൽ നിന്ന് ഏതെല്ലാം ഏജൻസികൾവഴി ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഉരുട്ടി കൊലപാതകം പോലുള്ള പ്രമാദമായ നിരവധി ക്രൂരമായ മർദ്ദനമുറകൾ നടത്തി കുപ്രസിദ്ധിയാർജ്ജിച്ച തലസ്ഥാനത്തെ ഫോർട്ട് പോലീസ് സ്റ്റേഷൻ തന്നെ ഇതിന് തെരഞ്ഞെടുത്തതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ചുവരെഴുത്തുകളും കുട്ടികൾക്കിഷ്ടമാവുന്ന ചിത്രരചന, കളിക്കോപ്പുകൾ എന്നിവകൊണ്ടും ടി സ്റ്റേഷൻ ചൈൽഡ് ഫ്രെണ്ട്‌ലി ആകുമെന്ന് കരുതുന്നുണ്ടോ;

(ഡി) ഇവിടത്തേക്ക് പ്രത്യേക ചാർജ്ജ് നൽകി എത്ര പോലീസ് ഓഫീസർമാരെയും കോൺസ്റ്റബിൾമാരെയും നിയമിച്ചിട്ടുണ്ടെന്നും ഇവരുടെ സേവനം നിലവിൽ ആർക്കാണ് ലഭ്യമായിവരുന്നതെന്നുമുള്ള വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) 6 പോലീസ് സ്റ്റേഷനുകളെ ഇത്തരത്തിൽ നവീകരിച്ചിട്ടുണ്ട്.

1. ഫോർട്ട് പോലീസ് സ്റ്റേഷൻ, തിരുവനന്തപുരം സിറ്റി
2. കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ, കൊല്ലം സിറ്റി
3. കടവന്തറ പോലീസ് സ്റ്റേഷൻ, കൊച്ചി സിറ്റി
4. തൃശ്ശൂർ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ, തൃശ്ശൂർ സിറ്റി
5. കോഴിക്കോട് ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ, കോഴിക്കോട് സിറ്റി
6. കണ്ണൂർ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ, കണ്ണൂർ

ഇതിൽ ഓരോ പോലീസ് സ്റ്റേഷന്റെയും നവീകരണത്തിനായി അഞ്ച് ലക്ഷം രൂപ വീതം ആകെ 30 ലക്ഷം രൂപ "2055-00-001-96-00- ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെൻഡർ അവെയർനസ്സ് ആന്റ് ജെൻഡർ ഫ്രെണ്ട്‌ലി ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് ഇൻ പോലീസ് ഡിപ്പാർട്ടുമെന്റ്" എന്ന ശീർഷകത്തിൽനിന്നും സംസ്ഥാന പോലീസ് മേധാവിതലത്തിൽ അനുവദിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരത്തെ ഫോർട്ട് പോലീസ് സ്റ്റേഷൻ സിറ്റിയുടെ മർമ്മപ്രധാനമായ സ്ഥലത്താണ് നിലകൊള്ളുന്നത്. ശിശു സൗഹൃദ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യവും ഇവിടെയുണ്ട്. കൂടാതെ ജനമൈത്രി പദ്ധതി വളരെ കാര്യക്ഷമമായി നടന്നുപോരുന്നതും ആവശ്യമായ അംഗബലമുള്ള സ്റ്റേഷനും സ്റ്റേഷൻ ഹൗസ് ഓഫീസറായി ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥനമാണ് ഈ പോലീസ് സ്റ്റേഷനിലുള്ളത്. കൂടാതെ പഠനാവശ്യത്തിനും മറ്റുമായി ഫോർട്ട്

പോലീസ് സ്റ്റേഷൻ പരിധിയിൽ ദിവസേന ധാരാളം കുട്ടികൾ വന്നുപോകുന്നതും ഏറ്റവും ശ്രദ്ധയും പരിചരണവും ആവശ്യമായ നിരവധി കുട്ടികൾ ടി സ്റ്റേഷൻ പരിധിയിലെ സ്കൂളുകളിൽ പഠിക്കുന്നുമുണ്ട്.

(സി) ചിത്രങ്ങളും ചിത്രരചനയും കളിക്കോപ്പുകളും കുട്ടികളുടെ ഇഷ്ട വിനോദങ്ങൾ തന്നെയാണ്.

(ഡി) ടി 6 പോലീസ് സ്റ്റേഷനുകളിൽ ഫോർട്ട് പോലീസ് സ്റ്റേഷനിൽ ഒരു എസ്.ഐ.-യുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ഒരു എ.എസ്.ഐ., 2 സി.പി.ഒ. എന്നിവർക്ക് ചുമതല നൽകിയിട്ടുണ്ട്. തൃശ്ശൂർ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ 1 സബ് ഇൻസ്പെക്ടർ, 1 എ.എസ്.ഐ., 1 സി.പി.ഒ. എന്നിവരെ നിയമിച്ചിട്ടുണ്ട്. മറ്റ് സ്റ്റേഷനുകളിൽ പ്രത്യേകിച്ച് ആരെയും നിയമിച്ചിട്ടില്ല. ഇവിടങ്ങളിൽ വെൽഫെയർ ഓഫീസറുടെ സേവനം കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

## കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ

145(157) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ വാർഷിക പ്രവൃത്തികൾക്കായി ഈ ബജറ്റിൽ എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ 1-4-2012 മുതൽ നാളിതുവരെയായി ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, പോലീസ് ക്വാർട്ടേഴ്സുകൾ എന്നിവ ഉൾപ്പെടെ ഏതെല്ലാം സ്ഥലങ്ങളിൽ പോലീസ് സേനയ്ക്കായി എന്തെല്ലാം രീതിയിലുള്ള നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്; ഇതിനായി ആകെ എന്ത് തുക ചെലവാക്കിയെന്ന് വ്യക്തമാക്കുമോ;

(സി) പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നതിലും അനുമതി നല്കുന്നതിലും നടപ്പാക്കുന്നതിലും മോണിറ്ററിംഗ് സംവിധാനമെന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) പോലീസുകാർക്ക് ആവശ്യമായ ക്വാർട്ടേഴ്സ് നിർമ്മാണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് പകരം ഓഫീസർമാരുടെ കായിക വിനോദ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ സ്ഥാപനം ഊന്നൽ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾ പുനഃപരിശോധിക്കുമോ?

ഉത്തരം

(എ) കെ.പി.എച്ച്.സി.സി.-ക്ക് ബജറ്റ് വിഹിതം അനുവദിച്ചിട്ടില്ല.

(ബി) കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ 6 വർക്കുകൾ ചെയ്തിട്ടുണ്ട്. പോലീസ് ക്വാർട്ടേഴ്സുകൾ ഉൾപ്പെടെ പോലീസ് സേനയ്ക്കായി ആകെ 230 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നതിനും അനുമതി നൽകുന്നതിനും നടപ്പാക്കുന്നതിനും മോണിറ്ററിംഗ് ചെയ്യുന്നതിനുമുള്ള സംവിധാനം നിലവിലുണ്ട്. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കീഴിൽ, ചീഫ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വർക്ക് തിരിച്ച് ഹെഡ് ഓഫീസർ പ്രോജക്ട് എഞ്ചിനീയർമാർ, അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർമാർ എന്നിവരെ കൂടാതെ എല്ലാ ജില്ലകളിലും പ്രോജക്ട് എഞ്ചിനീയർ, അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർ, സൈറ്റ് സൂപ്പർവൈസേഴ്സ് എന്നീ തസ്തികകളിലുള്ള ജീവനക്കാരെ വിന്യസിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കേസ് പിൻവലിക്കാനുള്ള നിവേദനം**

146(158) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പാവറട്ടി സെന്റ് ജോസഫ് തീർത്ഥാടനകേന്ദ്രത്തിൽ വർഷംതോറും നടത്തിവരാറുള്ള തിരുനാളാഘോഷവുമായി ബന്ധപ്പെട്ട് പാവറട്ടി പോലീസ് 2017-ൽ രജിസ്റ്റർചെയ്ത കേസ് തീർപ്പാക്കുന്നതിനായി ആഭ്യന്തര വകുപ്പിന് ജി 170900468 നമ്പരായി ലഭിച്ച നിവേദനത്തിന്മേൽ അന്തിമ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ ഈ വിഷയത്തിന്മേൽ ഇതുവരെ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ബി) നിവേദനം പരിശോധിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിവിധ കേസുകളിൽപ്പെട്ട് പിടിക്കപ്പെട്ട വാഹനങ്ങൾ

147(159) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സിവിൽസ്റ്റേഷൻ വളപ്പിൽ വിവിധ കേസുകളിൽപ്പെട്ട് പിടിക്കപ്പെട്ട വാഹനങ്ങൾ കൂട്ടിയിട്ടിരിക്കുന്നതുമൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കേസ്സുകൾ എത്രയും വേഗം തീർപ്പാക്കുവാനും കെട്ടിക്കിടക്കുന്ന വാഹനങ്ങൾ ലേലം ചെയ്ത് സർക്കാർ ഖജനാവിലേക്ക് വരുമാനമുണ്ടാക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടില്ല

(സി) ലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ

148(160) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസ്സുകളുമായി ബന്ധപ്പെട്ട് 2010 ജനുവരി മുതൽ പിടിച്ചെടുത്ത വിവിധതരം വാഹനങ്ങളുടെ വിശദമായ വിവരം ജില്ല തിരിച്ചും ഓരോ പോലീസ് സ്റ്റേഷൻതിരിച്ചും ലഭ്യമാക്കുമോ;

(ബി) 2010 ജനുവരി മുതൽ പിടിച്ചെടുത്തതിൽ എത്ര വാഹനങ്ങൾ ഓരോ സ്റ്റേഷനിലും തിരികെ നൽകിയിട്ടുണ്ട് ;

(സി) പെറ്റി കേസുകളിൽ വാഹനങ്ങൾ പിടിച്ചെടുക്കുമ്പോൾ വാഹനത്തിന്റെ പൂർണ്ണമായ വിവരങ്ങളും കേസിന്റെ സ്വഭാവവും രേഖപ്പെടുത്താറുണ്ടോ ;

(ഡി) സർക്കുലർ നമ്പർ G1/135/LA1/SCRB/2018 (അനുബന്ധം)-ൽ; ഓഥേഴ്സ് എന്ന വിഭാഗം വാഹനങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ -ഡി) വിവരം ശേഖരിച്ചുവരുന്നു.

**ആത്മഹത്യ ചെയ്തവരുടെ എണ്ണം**

149(161) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സംസ്ഥാനത്ത് ആത്മഹത്യ ചെയ്തവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിൽ സ്ത്രീകൾ, കുട്ടികൾ എന്നിവർ എത്ര വീതമുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സാമ്പത്തിക പ്രയാസം, കുടുംബപ്രശ്നങ്ങൾ, കടക്കെണി, രോഗങ്ങൾ എന്നിവ കാരണം ആത്മഹത്യ ചെയ്തവർ എത്രയെന്ന് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) 12988 പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്.

(ബി) ആയതിൽ 2946 സ്ത്രീകളും 401 കുട്ടികളുമുണ്ട്.

(സി) സാമ്പത്തിക പ്രയാസം കാരണം 822 പേരും കുടുംബപ്രശ്നങ്ങൾ കാരണം 4178 പേരും 28 പേർ കടക്കെണി കാരണവും രോഗങ്ങൾ കാരണം 2325 പേരും ആത്മഹത്യ ചെയ്തിട്ടുണ്ട്.

**ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിന് ചുറ്റുമുള്ള ഗ്യാലറിയോടനുബന്ധിച്ചുള്ള മുറികൾ**

150 (162) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിന് ചുറ്റുമുള്ള ഗ്യാലറിയോടനുബന്ധിച്ച് എത്ര മുറികൾ സജ്ജീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മുറികളിൽ എത്ര എണ്ണം ഉപയോഗിച്ചുവരുന്നു ; അവ ഉപയോഗിക്കുന്നതാരൊക്കെയാണ്; എല്ലാമുറികളും വാടക ഇനത്തിലാണോ നൽകിയിട്ടുള്ളത്; വാടകയിനത്തിലാണെങ്കിൽ എത്ര കാലത്തേക്കാണ് നൽകിയിട്ടുള്ളത്; ഇതിൽ ഓരോ റൂമിനാണോ അല്ലെങ്കിൽ സ്ക്വയർഫീറ്റിനാണോ വാടക നിശ്ചയിക്കുന്നത് ; പ്രതിമാസം ആകെ എത്ര തുക ഈ സ്പേസ് അലോട്ട്മെന്റിൽ നിന്ന് ലഭിക്കും എന്നിവ വ്യക്തമാക്കാമോ;

(സി) പൊലീസ് വിഭാഗത്തിലുള്ളവർക്കോ അവരുടെ ബന്ധുക്കൾക്കോ സ്പേസ് നൽകുന്ന ഇനത്തിൽ വാടക ഒഴിവാക്കുകയോ കുറവ് വരുത്തുകയോ ചെയ്തിട്ടുണ്ടോയെന്നും, അങ്ങനെ ചെയ്യാറുണ്ടെങ്കിൽ അത്തരത്തിൽ എത്ര അളവിലേക്കോ/ റൂമിലേക്കോ ആണെന്നും വിശദമാക്കാമോ;

(ഡി) ഇതിൽ വാടക ഒഴിവാക്കുവാനോ, വാടക കുറച്ച് ഉപഭോക്താവിന് നൽകുന്നതിനോ ആർക്കാണ് നിലവിൽ അധികാരമുള്ളത്; ഈ സർക്കാർ അധികാരത്തിൽ വന്നനാൾ മുതൽ പ്രസ്തുത അധികാരമുപയോഗിച്ച് എത്ര പേർക്ക് ഈ ഇളവ് അനുവദിച്ച് നൽകിയെന്നും ആയത് അവരുടെ പേര് സഹിതം വിശദമാക്കാമോ;

(ഇ) പ്രസ്തുത ഇടത്തിൽ ആർക്കെങ്കിലും സൗജന്യമായി സ്പേസ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അത് ആർക്കൊക്കെയാണെന്നും അതിന് ആധാരമാക്കിയ മാനദണ്ഡമെന്തെന്നും വെളിപ്പെടുത്താമോ;

(എഫ്) ഏതെങ്കിലും വകുപ്പിനോ മറ്റ് അധികാരസ്ഥാനത്തുള്ളവർക്കോ ഇളവ് അനുവദിച്ചിട്ടുള്ളതിന്റെ ചുവടുപിടിച്ച് ഈ ഇളവ് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചാൽ പരിഗണിക്കുമോ എന്നറിയിക്കാമോ?

## ഉത്തരം

(എ&ബി) 33 മുറികൾ സജ്ജീകരിച്ചിട്ടുണ്ട്. അവയിൽ 32 എണ്ണം ഉപയോഗിച്ചുവരുന്നു.

- എസ്.ബി.ഐ.
- ഫെഡറൽ ബാങ്ക്
- ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനി
- ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ്
- സ്പോർട്സ് ഹബ്ബ്
- കെ.പി.എച്ച്.സി.സി.
- കെ.എസ്.ഐ.റ്റി.എൽ.
- നീറ്റോ ടെക്നോളജി
- ജെ.സി. അഡ്വർടൈസേഴ്സ്
- സൗത്ത് ഇന്ത്യൻ ബാങ്ക് എ.ടി.എം.

തുടങ്ങിയ സ്ഥാപനങ്ങൾക്ക് മാസവാടകയിനത്തിൽ മുറികൾ നൽകിയിട്ടുണ്ട്. ബാക്കിയുള്ളവയിൽ

- കേരള ശ്രീ ജിംനേഷ്യം
- കാക്കി റെസ്റ്റോറന്റ്
- ഭാഗ്യമാല ആഡിറ്റോറിയം
- അർജ്ജുന ഫോയർ ഡൈനിംഗ് ഹാൾ
- ഒളിമ്പിയ ചേമ്പേഴ്സ്
- എ.സി. ആഡിറ്റോറിയം
- മെമ്പേഴ്സ് ലോഞ്ച് എ.സി. ഡൈനിംഗ് ഹാൾ
- യോഗാ ഹാൾ
- പോലീസ് ഡോർമിറ്ററി, അഞ്ച് സ്യൂട്ട് റൂമുകൾ
- സ്റ്റേഡിയം അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്
- അഡ്മിനിസ്ട്രേറ്റീവ് മാനേജരുടെ ഓഫീസ്

എന്നിവ പ്രവർത്തിച്ചുവരുന്നു. ഇതിൽ മറ്റ് സ്ഥാപനങ്ങൾക്ക് വാടക നിശ്ചയിച്ചിരിക്കുന്നത് സ്ക്വയർ ഫീറ്റ് നിരക്കിലും ഹാളുകൾ, സ്യൂട്ട് റൂമുകൾ, ഡോർമിറ്ററി എന്നിവ ദിവസ വാടകയിനത്തിലുമാണ് നൽകിവരുന്നത്.

പ്രതിമാസം വാടയിനത്തിൽ ആകെ 7,87,633 രൂപ ലഭിക്കുന്നുണ്ട്. മറ്റുള്ളവയ്ക്ക് സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി നിശ്ചയിച്ചിട്ടുള്ള ദിവസ വാടക നിരക്കായതിനാൽ ഉപയോഗത്തിനനുസരിച്ച് ഓരോ മാസവും പ്രസ്തുത വാടകയിൽനിന്നും ലഭിക്കുന്ന വരുമാനത്തിൽ വ്യത്യാസമുണ്ടാകാറുണ്ട്.

(സി) പോലീസ് വിഭാഗത്തിലുള്ളവർക്ക് സ്ഥിരമായി ഓഫീസ് സ്പേസ് അനുവദിച്ചുനൽകിയിട്ടില്ല. എന്നാൽ കല്യാണ ആവശ്യത്തിനുള്ള ഹാളുകൾ പോലീസുകാർക്കും അവരുടെ മക്കൾക്കും അനുവദിച്ച് നൽകുമ്പോൾ ഗവേണിംഗ് ബോഡി തീരുമാനമെടുത്തിട്ടുള്ള ഇളവ് നൽകാറുണ്ട്.

(ഡി) സംസ്ഥാന പോലീസ് മേധാവി പ്രസിഡന്റായുള്ള കേരള പോലീസ് സ്പോർട്സ് ആന്റ് യൂത്ത് വെൽഫെയർ സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി കമ്മിറ്റിക്കാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കാൻ അധികാരമുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത അധികാരം ഉപയോഗിച്ച് ആർക്കുംതന്നെ ഇളവുകൾ അനുവദിച്ചിട്ടില്ല.

(ഇ) പ്രസ്തുത ഇടത്തിൽ ആർക്കുംതന്നെ സൗജന്യമായി സ്പേസ് അനുവദിച്ച് നൽകിയിട്ടില്ല.

(എഫ്) ലഭിക്കുന്ന അപേക്ഷകൾ ഗവേണിംഗ്ബോഡി കമ്മിറ്റി പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

## സ്വകാര്യ മെഡിക്കൽ കോളേജ് കോഴ സംബന്ധിച്ച അന്വേഷണം

151(163) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം നേടിയെടുക്കുന്നതിനായി ബി.ജെ.പി. നേതാക്കൾ കോഴ കൈപ്പറ്റി എന്ന ആരോപണം സംബന്ധിച്ച് ആരാണ് അന്വേഷണം നടത്തുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത അന്വേഷണം വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിലെ എസ്.ഐ.യു.-II, തിരുവനന്തപുരം യൂണിറ്റാണ് നടത്തുന്നത്.

(ബി) അന്വേഷണം അന്തിമഘട്ടത്തിലാണ്.

## മെഡിക്കൽ കോഴ ആരോപണം

152(164) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾ തുടങ്ങുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ഭാരവാഹികൾക്ക് കോഴ നൽകിയെന്ന ആരോപണത്തിന്മേലുള്ള വിജിലൻസ് അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) ഈ കേസിൽ ഏത് രാഷ്ട്രീയ പാർട്ടിയുടെ ഭാരവാഹികൾ കോഴ വാങ്ങിയെന്നാണ് ആരോപണം ഉണ്ടായിട്ടുള്ളത്;

(സി) സംസ്ഥാനത്തിന് പുറത്തുള്ളവർകൂടി പങ്കാളികളായതിനാൽ ഈ കേസിന്റെ അന്വേഷണം സി.ബി.ഐ.-ക്ക് വിടണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) വിജിലൻസ് അന്വേഷണം അന്തിമഘട്ടത്തിലാണ്.

(ബി) ഭാരതീയ ജനതാ പാർട്ടി.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## വിസിൽ ബ്ലോവർ സമിതി

153(165) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി നിർമ്മാർജ്ജനത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 6-9-2011-ൽ രൂപീകരിച്ച വിസിൽ ബ്ലോവർ സമിതിയുടെ ശിപാർശകൾ എന്തൊക്കെയായിരുന്നു; ആയത് വിശദമാക്കാമോ;

(ബി) മന്ത്രിമാർക്ക് പെരുമാറ്റച്ചട്ടം ഉണ്ടാക്കണമെന്ന് പ്രസ്തുത സമിതി നിർദ്ദേശിച്ചിരുന്നെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1. സർക്കാർ സംസ്ഥാനത്ത് ഒരു വിസിൽ ബ്ലോവർ നയം രൂപീകരിച്ച് പ്രഖ്യാപിക്കേണ്ടതും ആയതിന് വ്യാപക പ്രചരണം നൽകേണ്ടതുമാണ്.

2. വിസിൽ ബ്ലോവർമാരുടെ ഐഡന്റിറ്റി സംരക്ഷിക്കപ്പെടേണ്ടതും അവരുടെ ഐഡന്റിറ്റി വെളിപ്പെടുത്തുന്നവർക്കെതിരെ കർശന ശിക്ഷാ നടപടി സ്വീകരിക്കേണ്ടതുമാണ്.

3. വിസിൽ ബ്ലോവറിന് സുരക്ഷിതമായി വിവരങ്ങൾ നൽകുന്നതിന് സംസ്ഥാനത്ത് രണ്ട് അധികാര കേന്ദ്രങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. സർക്കാർ വകുപ്പുകളെ സംബന്ധിക്കുന്ന പരാതികൾക്ക് വിജിലൻസ് സെക്രട്ടറിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന പരാതികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാനും ആയിരിക്കണം പ്രസ്തുത അധികാര കേന്ദ്രങ്ങൾ.

4. വിജിലൻസ് വകുപ്പ് സെക്രട്ടറി, ഡയറക്ടർ (വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ), ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് എന്നിവർ അടങ്ങുന്ന ഒരു കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ വിസിൽ ബ്ലോവേഴ്സിന് പാരിതോഷികം നൽകുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കുന്നതാണ്.

(ബി) വിസിൽ ബ്ലോവർ പോളിസി സംസ്ഥാനത്ത് രൂപീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പെരുമാറ്റച്ചട്ടം നിലവിൽ വന്നിട്ടില്ല.

## വിസിൽ ബ്ലോവർ സംവിധാനം

154(166) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണതലത്തിലെ അഴിമതിക്കും കെടുകാര്യസ്ഥതയ്ക്കും എതിരെ പൊതുജനങ്ങൾക്ക് പരാതി ബോധിപ്പിക്കുന്നതിന് മുൻസർക്കാരിന്റെ കാലത്ത് 2012-ൽ നടപ്പിലാക്കിയ മുഖ്യമന്ത്രിയുടെ വെബ്സൈറ്റിലെ വിസിൽ ബ്ലോവർ സംവിധാനം നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ പ്രസ്തുത സംവിധാനത്തിലൂടെ ലഭിച്ച പരാതികൾ എത്രയാണ്; അതിൽ എത്ര പരാതികളിൽ ഇതിനകം അന്വേഷണം പൂർത്തിയായി എന്ന് അറിയിക്കുമോ?

ഉത്തരം

(എ) നിലവിലില്ല.

(ബി) ബാധകമല്ല.

## സംസ്ഥാനത്ത് പുരുഷ കമ്മീഷൻ

155(167) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഒരു പുരുഷ കമ്മീഷൻ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) വൃദ്ധൻമാരുൾപ്പെടെയുള്ള പുരുഷന്മാരുടെ ആവലാതികൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമായതിനാൽ ഒരു പുരുഷ കമ്മിഷൻ രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) പുരുഷ കമ്മീഷൻ ആരംഭിക്കുന്ന കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) വ്യദ്ധജനങ്ങളുടെ (പുരുഷൻ/സ്ത്രീ) സംരക്ഷണം, ക്ഷേമം എന്നിവ ഉറപ്പു വരുത്തുന്നതിനായി Maintenance & Welfare of Parents and Senior Citizen Act, 2007 നിലവിലുണ്ട്. ഇതിൽ സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെ വ്യദ്ധജനങ്ങൾക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നതിനും സംരക്ഷണം നൽകാത്ത മക്കളുടെ പേരിൽ നടപടിയെടുക്കുന്നതിനും എല്ലാ സബ്ഡിവിഷണൽ മജിസ്ട്രേറ്റുമാരെയും Maintenance Tribunal-മാരായി നിയമിച്ചിട്ടുണ്ട്.

## പയ്യന്നൂർ കോടതി സമുച്ചയം നിർമ്മാണം

156(168) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016-17 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ കോടതി സമുച്ചയത്തിൽ പുതിയ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന നടപടിക്രമങ്ങൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ?

ഉത്തരം

പയ്യന്നൂർ കോടതി സമുച്ചയത്തിനുള്ള പുതിയ കെട്ടിടത്തിന്റെ പ്ലാൻ അംഗീകരിച്ചിട്ടുണ്ടെന്നും പദ്ധതി സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനായി വിവരങ്ങൾ ഉൾപ്പെടുത്തിയ proforma തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി അറിയിച്ചിട്ടുണ്ട്. Proforma ലഭിക്കുന്ന മുറയ്ക്ക് ആയത് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ അംഗീകാരത്തിനായി വയ്ക്കുന്നതാണ്. സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്.

## ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡം

157(169) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ സ്റ്റേഷനുകൾ തമ്മിൽ നിർദിഷ്ട ദൂരം ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ബി) പുതിയ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയെന്ന് വിശദമാക്കാമോ; ഇതിനായി സർക്കാരിന് ഉണ്ടായേക്കാവുന്ന അധിക ബാധ്യത എത്രയെന്ന് വിശദമാക്കാമോ;

(സി) പുതിയ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം സംബന്ധിച്ച നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിൽ വ്യവസ്ഥയില്ല.

(ബി) പ്രദേശത്തെ ജനസാന്ദ്രത, റെസ്പോൺസ് ടൈം (ഗ്രാമ പ്രദേശങ്ങളിൽ 20 മിനിട്ടും പട്ടണ പ്രദേശങ്ങളിൽ 5 മിനിട്ടും), പ്രദേശത്തിന്റെ ഭൂപ്രകൃതി സംബന്ധമായ പ്രത്യേകതകൾ, പ്രദേശത്തിന്റെ അഗ്നിസുരക്ഷയെ ബാധിക്കാൻ സാധ്യതയുള്ള പ്രമുഖ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം എന്നിവയാണ് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ. പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി തസ്തിക സൃഷ്ടിക്കുന്നതിനും വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുമായി ഏകദേശം 2.7 കോടി രൂപ ബാധ്യതയുണ്ടാകും.

(സി) ആവശ്യമായ സ്ഥലത്ത് വകുപ്പ് രൂപകൽപ്പന ചെയ്ത രീതിയിലുള്ള കെട്ടിടം, ജീവനക്കാർക്ക് വിശ്രമസൗകര്യം, വാഹനങ്ങൾക്ക് സുഗമമായി കടന്നു പോകുന്നതിനും പാർക്ക് ചെയ്യുന്നതിനുമുള്ള സ്ഥലസൗകര്യം, ജലലഭ്യത മുതലായവയാണ് പുതിയ അഗ്നിരക്ഷാ നിലയം തുടങ്ങുന്നതിന് ആവശ്യമായ നിബന്ധനകൾ.

**ബഹുനില കെട്ടിടങ്ങളുടെ സുരക്ഷ**

158 (170) <u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. പി. ജെ. ജോസഫ്</u> :
<u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബഹുനില കെട്ടിടങ്ങൾ അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ;

(ബി) ബഹുനില കെട്ടിടങ്ങൾക്ക് സുരക്ഷാ പെർമിറ്റ് വാങ്ങിയശേഷം നിർമ്മാണ ഘട്ടത്തിൽ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(സി) സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത കെട്ടിടങ്ങളുടെ പേരിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(ഡി) അഗ്നി സുരക്ഷാ പെർമിറ്റ് കരസ്ഥമാക്കിയ കെട്ടിടങ്ങൾ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഒക്കുപ്പൻസി കരസ്ഥമാക്കുമ്പോൾത്തന്നെ ഇവിടെ പരിശോധന നടത്തി മതിയായ ക്രമീകരണങ്ങൾ വരുത്തുന്നതിന് വകുപ്പു തലത്തിൽ നടപടി കൈക്കൊള്ളുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കെ.എം.ബി.ആർ./കെ.പി.ബി.ആർ. നിയമം അനുസരിച്ചുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാറുണ്ട്.

(ബി) നിർമ്മാണ ഘട്ടത്തിലെ സുരക്ഷാ സംവിധാനങ്ങൾ സംബന്ധിച്ച പരിശോധന ഫയർ & റസ്ക്യൂ സർവ്വീസസ് വകുപ്പുമായി ബന്ധപ്പെട്ടുള്ളതല്ല. കെട്ടിട നിർമ്മാണത്തിനുമുമ്പ് ടി കെട്ടിടത്തിൽ ഏർപ്പെടുത്തേണ്ട അഗ്നിസുരക്ഷാ സംവിധാനങ്ങൾ സംബന്ധിച്ച് വിശദമായി പരിശോധിച്ചശേഷം തൃപ്തികരമെങ്കിൽ ഫയർ സേഫ്റ്റി ക്ലിയറൻസ് ഫോർ സൈറ്റും കെട്ടിട നിർമ്മാണത്തിനുശേഷം അവ ഏർപ്പെടുത്തി യിട്ടുണ്ടോ എന്ന് പരിശോധിച്ച ശേഷം തൃപ്തികരമെങ്കിൽ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവലും നൽകിവരുന്നുണ്ട്.

(സി) എല്ലാ വർഷവും സുരക്ഷാ പരിശോധന നടത്തി തൃപ്തികരമെങ്കിൽ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ പുതുക്കി നൽകാറുണ്ട്. അവ പാലിക്കാത്ത കെട്ടിടങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കാറുണ്ട്.

(ഡി) കെട്ടിട നിർമ്മാണത്തിന് മുമ്പുതന്നെ ടി കെട്ടിടത്തിൽ ഏർപ്പെടുത്തേണ്ട അഗ്നിസുരക്ഷാ സംവിധാനങ്ങൾ സംബന്ധിച്ച വിശദമായ പരിശോധന നടത്തിയശേഷം തൃപ്തികരമെങ്കിൽ മാത്രമേ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ ഫോർ സൈറ്റ് നൽകാറുള്ളൂ. കെട്ടിട നിർമ്മാണത്തിനുശേഷം അവ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ചശേഷം തൃപ്തികരമെങ്കിൽ മാത്രമേ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ നൽകാറുള്ളൂ. എല്ലാ വർഷവും ടി കെട്ടിടത്തിൽ സുരക്ഷാ പരിശോധന നടത്തി തൃപ്തികരമെങ്കിൽ എൻ.ഒ.സി. പുതുക്കി നൽകാറുണ്ട്.

## സ്കൂബ ടീമിന് പ്രത്യേക അലവൻസ് അനുവദിക്കാൻ നടപടി

159 (171) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിരക്ഷാസേനയിലെ മുങ്ങൽ വിദഗ്ദ്ധരുടെ സംഘമായ സ്കൂബ ടീമിന് പ്രത്യേക അലവൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ ഉറപ്പ് നാളിതുവരെ നടപ്പിലാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമാന തസ്തികയിലെ മറ്റ് അംഗങ്ങളെ അപേക്ഷിച്ച് ജോലി സ്വഭാവത്തിൽ റിസ്ക് കൂടുതലായിരുന്നിട്ടും സ്കൂബ ടീമിന് പ്രത്യേക അലവൻസ് അനുവദിക്കുന്ന തീരുമാനം ഇനിയും നടപ്പിലാക്കാത്തത് ഈ ടീമംഗങ്ങളുടെ മനോവീര്യം കെടുത്തുന്നതാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) ജോലിസ്വഭാവത്തിലെ അധിക റിസ്കും സ്കൂബ ടീമംഗങ്ങൾ അനുഭവിക്കേണ്ടി വരുന്ന ആരോഗ്യപ്രശ്നങ്ങളും കണക്കിലെടുത്ത് ഈ ടീമംഗങ്ങൾക്ക് മാത്രമായി പ്രത്യേക അലവൻസ് അനുവദിക്കുന്ന കാര്യം അടിയന്തരമായി പരിഗണിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. സ്കൂബ ടീമിലെ അംഗങ്ങൾക്ക് പ്രത്യേക അലവൻസ് അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**നേമം ഫയർ സ്റ്റേഷന്റെ നിർമ്മാണം**

160(172) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിലെ നേമത്ത് ഒരു പുതിയ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ അംഗീകരിച്ചിട്ടുള്ള മുൻഗണനാ പട്ടികയിലോ, കേന്ദ്ര സർക്കാർ നിയോഗിച്ച ഏജൻസിയായ റിസ്ക് മാനേജ്മെന്റ് സൊല്യൂഷൻ ഓഫ് ഇന്ത്യ നടത്തിയ പഠന റിപ്പോർട്ടിലോ നേമം ഉൾപ്പെട്ടിട്ടില്ല. പുതിയതായി തുടങ്ങാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകൾ സംബന്ധിച്ച് ഒരു ശാസ്ത്രീയ പഠനം നടത്താനും ആയതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനും ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുന്നപക്ഷം നേമം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ആലത്തൂർ ഫയർ സ്റ്റേഷന്റെ ശോചനീയാവസ്ഥ**

161 (173) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ നിലവിലുള്ള ഫയർസ്റ്റേഷന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആലത്തൂർ ഫയർസ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതെവിടെയാണെന്നും ഇപ്പോഴത്തെ സ്ഥിതി എന്താണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ആലത്തൂർ താലൂക്കിൽ കുഴൽമന്ദം പഞ്ചായത്തിൽ ബ്ലോക്ക് നമ്പർ 17-ൽ റീസർവ്വേ നമ്പർ 672/6-ൽപ്പെട്ട ഇറിഗേഷൻ വകുപ്പിന്റെ 50 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾക്കായി സ്ഥലത്തിന്റെ സ്കെച്ചും കെട്ടിടത്തിനാവശ്യമായ ഫങ്ഷണൽ റിക്വയർമെന്റ്സും ജീവനക്കാരുടെ വിവരങ്ങൾ എന്നിവയും പാലക്കാട്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് നൽകിയിട്ടുണ്ട്.

**മാവേലിക്കര ഫയർ ഫോഴ്സ് യൂണിറ്റ്**

162(174) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഫയർ ഫോഴ്സ് യൂണിറ്റിന് ആധുനിക സൗകര്യങ്ങളോടു കൂടിയ വാഹനങ്ങളും ഹൈഡ്രോളിക് ഉപകരണങ്ങളും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ഫയർഫോഴ്സ് സംവിധാനത്തിന്റെ നവീകരണത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം ഉപയോഗിച്ച് വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ആയത് ലഭ്യമാകുന്നമുറയ്ക്ക് ലഭ്യതയുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ മാവേലിക്കര അഗ്നിരക്ഷാ നിലയത്തിന് ആധുനിക സൗകര്യങ്ങളോടുകൂടിയ വാഹനങ്ങളും ഹൈഡ്രോളിക് ഉപകരണങ്ങളും അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫയർഫോഴ്സ് സംവിധാനത്തിന്റെ നവീകരണത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി നിലയം, ആലപ്പുഴ ജില്ലയിൽ അരൂർ നിലയം, കണ്ണൂർ ആസ്ഥാനമാക്കി പുതിയ ഡിവിഷണൽ ആഫീസ് എന്നിവ ആരംഭിച്ചു. ആയതിന്റെയും ഫയർ & റസ്ക്യൂ

സർവ്വീസസ് അക്കാദമി നവീകരണത്തിന്റെയും ഭാഗമായി വിവിധ തലത്തിലുള്ള ആഫീസർ തസ്തികകൾ ഉൾപ്പെടെ 78 പുതിയ തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2. ദുരന്തങ്ങളും അപകടങ്ങളും ഉണ്ടാകുമ്പോൾ ദുരന്തനിവാരണ രംഗത്ത് പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി കമ്മ്യൂണിറ്റി റെസ്ക്യൂ വോളന്റിയർ സർവ്വീസ്, ആപതാമിത്ര എന്നീ പദ്ധതികൾ ആരംഭിക്കുകയും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്.

3. 2016-17 സാമ്പത്തിക വർഷത്തിൽ വകുപ്പിന്റെ നവീകരണത്തിനായി 40 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 45 കോടി രൂപയും അനുവദിക്കുകയുണ്ടായി.

4. 2018-19 സാമ്പത്തിക വർഷത്തിൽ വകുപ്പിന്റെ സമഗ്രമായ നവീകരണത്തിനായി 70 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

5. അഗ്നിശമന സേനാംഗങ്ങൾക്ക് 2006-നുശേഷം ലഭ്യമാകാതിരുന്ന യൂണിഫോം ആർട്ടിക്കിളുകൾ വാങ്ങുന്നതിനായി 10 കോടി രൂപ വാർഷിക പദ്ധതി ഇതരയിനത്തിൽ അനുവദിക്കുകയുണ്ടായി.

6. വിവിധ വിഭാഗത്തിൽപ്പെട്ട 16-ഓളം അത്യാധുനിക സൗകര്യങ്ങളോടുകൂടിയ വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുകയും കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ 18-ഓളം അത്യാധുനിക സൗകര്യങ്ങളോടുകൂടി വിവിധ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്.

7. പി.എസ്.സി. മുഖേന സ്റ്റേഷൻ ഓഫീസർ, ഫയർമാൻ, ഫയർമാൻ ഡ്രൈവർ എന്നീ തസ്തികകളിൽ നിലവിലുണ്ടായിരുന്ന യഥാക്രമം 8, 240, 145 എണ്ണം ഒഴിവുകൾ നികത്തിയിട്ടുണ്ട്.

8. കേരള ഫയർ & റെസ്ക്യൂ സർവ്വീസസിൽ ഫയർ വുമൺ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി വകുപ്പിൽ വനിതാപ്രാതിനിധ്യം ഉറപ്പാക്കുവാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

9. വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹുനില കെട്ടിടങ്ങൾക്ക് എൻ.ഒ.സി. അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനായി ഓൺലൈൻ വെബ്പോർട്ടൽ സംവിധാനം,

ആഫീസ് നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനായി ഐ-ആപ്പ് സംവിധാനം, വീഡിയോ കോൺഫറൻസ് സംവിധാനം എന്നിവയ്ക്കായി ഫണ്ട് അനുവദിക്കുകയും ആയത് നടപ്പിലാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

10. വകുപ്പിൽ സ്തുത്യർഹ സേവനത്തിന് 20 പേർക്ക് പോലീസ് സേനയിലെപ്പോലെ ബാഡ്ജ് ഓഫ് ഓണർ നൽകുന്നതിന് നടപടി സ്വീകരിച്ചു.

## ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

163 (175) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ ആന്റ് റെസ്ക്യു സ്റ്റേഷൻ ഇല്ലാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ മണ്ഡലത്തിൽ ഫയർ ആന്റ് റെസ്ക്യു സ്റ്റേഷൻ ആരംഭിക്കുന്നതിനായി പനങ്ങാട് പഞ്ചായത്ത് ആവശ്യമായ സ്ഥലവും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കിയതിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ ആന്റ് റസ്ക്യു സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടികൾ വേഗത്തിൽ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ മരപ്പാലം തല അങ്കണവാടിക്ക് സമീപം പനങ്ങാട് വില്ലേജ് റീസർവ്വേ നമ്പർ 59-ൽപ്പെട്ട 50 സെന്റ് സ്ഥലം സൗജന്യമായി വിട്ടുനൽകുന്നതിന് പനങ്ങാട് ഗ്രാമ പഞ്ചായത്ത് അധികൃതർ നടപടി സ്വീകരിച്ചുവരുന്നതായി പനങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചതനുസരിച്ച് വകുപ്പുതലത്തിൽ പരിശോധന നടത്തുകയും പ്രസ്തുത സ്ഥലം അനുയോജ്യമാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ടി സ്ഥലം വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## താനൂരിൽ ഫയർ സ്റ്റേഷൻ പ്രവർത്തനം

164 (176) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബജറ്റിൽ താനൂരിൽ അനുവദിച്ച ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താനൂർ ഫയർസ്റ്റേഷൻ നിലവിൽ ഏത് സ്ഥിതിയിലാണുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫയർ സ്റ്റേഷന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) നിലവിൽ കണ്ടെത്തിയ സ്ഥലം അനുയോജ്യമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) 2016-17-ലെ ബജറ്റിൽ അനുവദിച്ച താനൂർ ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാൻ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ;

(എഫ്) താനൂർ ഫയർ സ്റ്റേഷൻ വളരെവേഗം പ്രവർത്തനം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്ഥിരമായി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള അനുയോജ്യമായ സ്ഥലവും കെട്ടിടവും ലഭ്യമായിട്ടില്ല. താനൂരിൽ ഫയർ സ്റ്റേഷൻ താൽക്കാലികമായി ആരംഭിക്കുന്നതിന് പരിയാപുരം വില്ലേജിൽ സ്ഥിതിചെയ്യുന്ന സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 40 സെന്റ് സ്ഥലത്ത് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പ് നിർദ്ദേശിച്ച പ്രകാരമുള്ള സൗകര്യങ്ങളോടുകൂടി ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് സമ്മതമാണെന്ന് അറിയിച്ചുകൊണ്ട് ഭൂവുടമ സമ്മതപത്രം നൽകിയിട്ടുണ്ട്. ഈ വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

(സി) സ്ഥലവും കെട്ടിടവും ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) താൽക്കാലികമായി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ തുടങ്ങുന്നതിന് കണ്ടെത്തിയ പ്രസ്തുത സ്ഥലം പരിശോധിച്ച് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഇ&എഫ്) ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് റവന്യൂ/ തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ലഭ്യമായിട്ടില്ല. മേൽപ്പറഞ്ഞ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് താൽക്കാലികമായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്നമുറയ്ക്ക് ഫയർ സ്റ്റേഷൻ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**കൊട്ടാരക്കര ഫയർ സ്റ്റേഷൻ**

165(177) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര ഫയർസ്റ്റേഷന്റെ അടിസ്ഥാന സൗകര്യ വിപുലീകരണത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഫയർസ്റ്റേഷന്റെ പ്രവർത്തനത്തിന് സ്വന്തമായി ഭൂമി കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) ഫയർ സ്റ്റേഷന്റെ പ്രവർത്തനത്തിന് സ്വന്തമായി ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾക്കായി കൊട്ടാരക്കര തഹസിൽദാർക്കും നഗരസഭയ്ക്കും ഫയർ ആന്റ് റെസ്ക്യൂ വകുപ്പ് കത്ത് നൽകിയിട്ടുണ്ട്.

**കരുനാഗപ്പള്ളിയിൽ അഗ്നിശമന സേനയ്ക്ക് സ്റ്റേഷൻ കെട്ടിടം**

166(178) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി പോലീസ് ക്വാർട്ടേഴ്സ് വളപ്പിൽ ഉൾപ്പെടുന്ന സ്ഥലം അഗ്നിശമന സേനയ്ക്ക് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിലേക്കായി കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇതിനായി അനുവദിക്കുന്ന സ്ഥലത്തിന്റെ സർവ്വേ നമ്പരും, വിസ്തീർണ്ണം എത്രയെന്ന വിവരവും വസ്തുവിന്റെ സർവ്വേ സ്കെച്ചും ലഭ്യമാക്കുമോ;

(സി) എത്രയുംവേഗം വസ്തു കൈമാറ്റം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. കരുനാഗപ്പള്ളി താലൂക്കിൽ കരുനാഗപ്പള്ളി വില്ലേജിൽ ബ്ലോക്ക് നമ്പർ 10-ൽ സർവ്വേ നമ്പർ 439/12-ൽ ഉൾപ്പെട്ട കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലുള്ള 20 സെന്റ് സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. വസ്തുവിന്റെ സ്കെച്ചും പ്ലാനും അനുബന്ധമായി ചേർക്കുന്നു.*

(സി) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

## വിചാരണ തടവുകാർ

167 (179) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ ആകെയുള്ള തടവുകാരിൽ പകുതിയോളം പേർ വിചാരണ തടവുകാരാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ ഭക്ഷണത്തിന് ഭീമമായ തുക സർക്കാർ ചെലവഴിക്കുന്ന സാഹചര്യമുണ്ടോ;

(സി) എങ്കിൽ ചെലവ് ചുരുക്കൽ നിർദ്ദേശങ്ങളുടെ ഭാഗമായി വിചാരണ തടവുകാർക്ക് വീട്ടിൽനിന്ന് ഭക്ഷണം എത്തിച്ച് കഴിക്കാനുള്ള സൗകര്യമൊരുക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ആകെയുള്ള തടവുകാരിൽ റിമാന്റ്/വിചാരണ തടവുകാരുടെ എണ്ണം പകുതിയിലധികമായതിനാൽ ഇവരുടെ ഭക്ഷണത്തിനായി കൂടുതൽ തുക സർക്കാർ ചെലവഴിക്കുന്ന സാഹചര്യമുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## പൂജപ്പുര സെൻട്രൽ ജയിലിലെ പ്രവർത്തനരഹിതമായ നിരീക്ഷണ ക്യാമറകൾ

168(180) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂജപ്പുര സെൻട്രൽ ജയിലിലെ ഒട്ടുമിക്ക നിരീക്ഷണ ക്യാമറകളും പ്രവർത്തനരഹിതമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അതീവ സുരക്ഷ ഉറപ്പാക്കേണ്ട ഏഴ് പ്രധാന ബ്ലോക്കുകളിലെ തൊണ്ണൂറോളം ക്യാമറകളിൽ ഒന്നുപോലും പ്രവർത്തിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് കൃത്യമായ അറ്റകുറ്റപ്പണികൾ നടത്താത്തതാണ് നിരീക്ഷണ ക്യാമറകൾ പ്രവർത്തനരഹിതമാകാൻ കാരണമെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇതുവഴി സർക്കാരിനുണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഇ) ഈ ക്യാമറകൾ എന്നത്തേക്ക് പ്രവർത്തനസജ്ജമാക്കാനാകും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) ഉണ്ട്. സിഡ്കോ എന്ന സ്ഥാപനവുമായി വാർഷിക പരിപാലന കരാർ ഉടമ്പടി ഉണ്ടായിരുന്നു. വാർഷിക പരിപാലന കരാർ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഡി) സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല.

(ഇ) വാർഷിക പരിപാലന കരാർ നൽകുന്നതിനായി സർക്കാർ അംഗീകൃത ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ (Total Solution Provider)-മാരിൽനിന്നും ഇ-ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിലും ടെണ്ടർ സമർപ്പിച്ച ആർക്കും TSP അംഗീകാരം ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കാലതാമസം ഒഴിവാക്കുന്നതിനായി കെൽട്രോണിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാക്കി കരാർ നൽകുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്.

**കനോലി കനാലിലെ ജലപാത നിർമ്മാണം**

169(182) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുള്ള കനോലി കനാലിലെ പൊന്നാനി മുതൽ ബേപ്പൂർ വരെയുള്ള (PORT to PORT) ജലപാതയുടെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിന്റെ വീതി 40 മീറ്ററായി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ദേശീയ ജലപാതയുടെ 3-ാം റീച്ചായി വരുന്ന പ്രസ്തുത ഭാഗം ഗതാഗത യോഗ്യമാക്കുന്നതിന് നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) കനോലി കനാൽ ജലപാത നിർമ്മാണത്തിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ;

(ഡി) ഗതാഗതത്തിനും ടൂറിസത്തിനും ഏറെ സാധ്യതയുള്ള പ്രസ്തുത ജലപാത യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) കനോലി കനാലിലെ പൊന്നാനി മുതൽ ബേപ്പൂർ വരെയുള്ള ജലപാത ദേശീയ ജലപാത III-ന്റെ ഭാഗമാണ്. കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത III-ന്റെ നിർമ്മാണ പ്രവർത്തനങ്ങളും സംരക്ഷണവും നവീകരണവും കേന്ദ്ര ഗവൺമെന്റ് ഏജൻസിയായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI)-യുടെ കീഴിലാണ് നടപ്പിലാക്കിവരുന്നത്. ഈ പദ്ധതിയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നത് IWAI ആണ്. പ്രസ്തുത ജലപാത എത്രയുംവേഗം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ട സഹായ സഹകരണങ്ങൾ സംസ്ഥാന സർക്കാർ IWAI-ക്ക് ലഭ്യമാക്കുന്നുണ്ട്.

## കൊല്ലം കനാൽ പുനരുദ്ധാരണം

170(183) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ജലപാതയേയും ദേശീയ ജലപാത-3 നെയും തമ്മിൽ ബന്ധിപ്പിക്കുന്ന കൊല്ലം കനാലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അനിശ്ചിതമായി നീളുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ മുഖ്യമന്ത്രിതലത്തിൽ അവലോകന യോഗം ചേർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഉണ്ട്. സംസ്ഥാന ജലപാതയുടെ ഭാഗമായ കൊല്ലം തോടിന്റെ പ്രവൃത്തികൾ ആറ് റീച്ചുകളിലായി നടപ്പിലാക്കുന്നതിൽ ആറാം റീച്ചിന്റെ പണി പൂർത്തിയായിട്ടുള്ളതും 2, 3 റീച്ചുകളിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി സാങ്കേതികാനുമതിക്കുള്ള നടപടികളെടുത്തുവരികയുമാണ്. 1, 4, 5 റീച്ചുകളിലെ പ്രവൃത്തികൾക്കുള്ള കരാർ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെയാണ് ഏൽപ്പിച്ചിരുന്നത്.

ടി പ്രവൃത്തിയുടെ കരാർ കാലാവധി പലതവണ ദീർഘിപ്പിച്ചുനൽകുകയും അവസാനമായി 31-3-2018 വരെ ദീർഘിപ്പിച്ചു നൽകിയെങ്കിലും നാമമാത്രമായ പുരോഗതി മാത്രമേ കൈവരിച്ചിട്ടുള്ളൂ. 12-2-2018 തീയതിയിലെ ജലപാതാ വികസനം സംബന്ധിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ യോഗത്തിൽ കൊല്ലം തോടിന്റെ പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി പുനരവലോകനം ചെയ്ത് ആവശ്യമെങ്കിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡുമായുള്ള കരാർ അവസാനിപ്പിക്കുന്നതിനും വർക്ക് റീ-അറേഞ്ച് ചെയ്യുന്നതിനും തീരുമാനമായിട്ടുണ്ട്.

**ജലപാത വികസനം പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ**

171 (184) ശ്രീ. എം. വിൻസെന്റ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മുതൽ കാസർഗോഡ് വരെയുള്ള ജലപാതാ വികസനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; പ്രസ്തുത പദ്ധതിക്ക് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ജലപാതാ നിർമ്മാണ പുരോഗതി വിലയിരുത്തുവാൻ ഫെബ്രുവരി മാസം ഉന്നതതലയോഗം ചേർന്നിരുന്നുവോ; എങ്കിൽ പ്രസ്തുത യോഗതീരുമാനങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(സി) മാഹി മുതൽ വളപട്ടണം വരെ നിലവിൽ ജലപാതയില്ലാത്ത മേഖലയിൽ പുതിയ കനാൽ നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്നും എത്ര ഭൂമി ഇക്കാര്യത്തിനായി ഏറ്റെടുക്കേണ്ടിവരുമെന്നും വ്യക്തമാക്കാമോ;

(ഡി) ജലപാതവികസനത്തിന്റെ ഭാഗമായി പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങളെ ഒഴിപ്പിക്കേണ്ട സാഹചര്യത്തിൽ ഇവരുടെ പുനരധിവാസം സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) ഈ പദ്ധതിക്കായി എത്ര തുക ചെലവാകുമെന്നും കേന്ദ്രവിഹിതമായി എത്ര തുക ലഭിക്കുമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള 616 കിലോമീറ്റർ നീളം വരുന്ന ജലപാതയുടെ (വെസ്റ്റ് കോസ്റ്റ് കനാൽ) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കിലോമീറ്ററും കോട്ടപ്പുറം മുതൽ

കോഴിക്കോട് വരെയുള്ള 160 കിലോമീറ്റർ ഭാഗവും ഉൾപ്പെടുന്ന ദേശീയജലപാത III-ന്റെ പ്രവൃത്തികൾ കേന്ദ്ര ഏജൻസിയായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയാണ് നടപ്പിലാക്കുന്നത്. ശേഷിച്ച കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കിലോമീറ്റർ ജലപാതയിൽ 27.50 കിലോമീറ്റർ ഗതാഗതയോഗ്യവും ബാക്കിവരുന്ന 11.30 കിലോമീറ്റർ ഭാഗം ഭാഗികമായി ഗതാഗതയോഗ്യവുമാണ്. പാർവ്വതിപുത്തനാർ ഉൾപ്പെടെയുള്ള 35.38 കിലോമീറ്റർ ഭാഗത്തെ കനാൽ വികസനം, ജലപാത വികസനം ലക്ഷ്യമാക്കി രൂപീകരിച്ച KWIL (കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്) എന്ന പൊതുമേഖലാ സ്ഥാപനം മുഖേന KIIFB ധനസഹായത്തോടെ നടപ്പിലാക്കുന്നതാണ്. 1.10 കിലോമീറ്റർ നീളം വരുന്ന വർക്കലയിലെ 2 തുരങ്കങ്ങൾക്ക് സമാന്തരമായി 14 മീറ്റർ വീതിയിൽ പുതിയ തുരങ്കങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു. കോഴിക്കോടിനും വടകരയ്ക്കുമിടയിൽ 38.3 കിലോമീറ്റർ ഭാഗം (ചെ. 411.78-450.08 കിലോമീറ്റർ) ഗതാഗതയോഗ്യമാണ്. ആഴം കുറവുള്ള ഭാഗങ്ങളായ ഇരഞ്ഞിക്കൽ-കോരപ്പുഴ കനാലിന്റെ വികസനത്തിനായി 6 കോടി രൂപയുടെയും പയ്യോളി കനാലിന്റെ വികസനത്തിനായി 6.50 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര-മാഹി കനാലിന്റെ ചെ. 450.08 കിലോമീറ്റർ-467.69 കിലോമീറ്റർ ഭാഗത്ത് ദേശീയ ജലപാതാ നിലവാരത്തിൽ നിർമ്മാണം 5 റീച്ചുകളായി തിരിച്ച് നടന്നുവരുന്നു. മാഹി- വളപട്ടണത്തിനിടയിലെ 3 അൺകട്ട് ഭാഗങ്ങളും നീലേശ്വരം മുതൽ കാസർഗോഡ് വരെയുള്ള അൺകട്ട് ഭാഗവും സ്ഥലമേറ്റെടുത്ത് പുതുതായി കനാൽ നിർമ്മാണത്തിനുള്ള പ്രവൃത്തികൾ KWIL മുഖേന സ്വീകരിച്ചു വരുന്നു.

മൂന്ന് ഘട്ടങ്ങളായാണ് ദേശീയ ജലപാത നിലവാരത്തിൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. 2020-ൽ തീരുന്ന ഒന്നാം ഘട്ടത്തിൽ ലഭ്യമായ വീതിയിൽ കോവളം-ഹോസ്ദുർഗ് ഭാഗം ഗതാഗത യോഗ്യമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിനുശേഷം രണ്ടാംഘട്ട പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(ബി) യോഗം ചേർന്നിരുന്നു. മൂന്ന് ഘട്ടങ്ങളിലായി ജലപാതാ നിർമ്മാണം പൂർത്തീകരിക്കാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ നിർമ്മാണ പുരോഗതി എല്ലാ മാസവും അവലോകനം ചെയ്യുന്നതിനും സമയബന്ധിതമായി പണികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനും തീരുമാന മായിട്ടുണ്ട്.

(സി) KIIFB-യുടെ ധനസഹായത്തോടെ 650 കോടി രൂപ ചെലവിൽ സ്ഥലമേറ്റെടുക്കുന്നതിന് KWIL (കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ്)-ന് തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. ഇതിനായുള്ള സർവ്വേ നടന്നുവരുന്നു. 650 ഏക്കർ സ്ഥലമാണ് ഏറ്റെടുക്കേണ്ടിവരുന്നത്.

(ഡി) ഉണ്ട്. ജലപാതാ വികസനത്തിന്റെ ഭാഗമായി പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങളെ ഒഴിപ്പിക്കേണ്ട സാഹചര്യമുണ്ടായാൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഇ) കോവളം മുതൽ ബേക്കൽ വരെയുള്ള 616 കിലോമീറ്റർ നീളമുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനത്തിൽ കൊല്ലം മുതൽ കോഴിക്കോട് വരെ 328 കിലോമീറ്റർ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് IWAI ആണ് നടത്തിവരുന്നത്. ഈ പദ്ധതിയുടെ അന്തിമ രൂപരേഖ NATPAC മുഖേന തയ്യാറാക്കിവരുന്നു. അത് ലഭ്യമായാൽ മാത്രമേ ആകെ ചെലവ് എത്രയെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

## വളപട്ടണം ഇൻഡോർ സ്റ്റേഡിയം

172(185) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അഴീക്കോട് നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് വളപട്ടണം ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി ലഭിക്കുന്നതിനായി 22-9-2017- ൽ എ 2/3654/17 നമ്പരായി വളപട്ടണം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ അപേക്ഷയിന്മേൽ 6610/17 നമ്പർ ഫയലിൽ ഈ അതോറിറ്റിയിൽ നിന്ന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) അനുമതി നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ എന്നത്തേയ്ക്ക് അന്തിമ തീരുമാനമുണ്ടാകുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) അനുമതി നൽകിയിട്ടില്ല.

(ബി & സി) കേരള തീരദേശ പരിപാലന അതോറിറ്റിയിൽ, അപേക്ഷകൾ ലഭിക്കുന്ന സീനിയോറിറ്റി ക്രമത്തിലാണ് പരിഗണിക്കുന്നത്. വളപട്ടണം ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ ക്ലിയറൻസിനായി സമർപ്പിച്ച അപേക്ഷയും ഇപ്രകാരം പരിഗണിക്കുന്നതാണ്.

## ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ

173(186) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 24-1-2017-ൽ ചേർന്ന യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ വിവിധ വകുപ്പുകൾ വരുത്തുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത യോഗത്തിലെ തീരുമാനങ്ങളിലൊന്നായ കൊല്ലം തങ്കശേരി പോർച്ചുഗീസ് സെമിത്തേരിയുടെ സംരക്ഷണത്തെ സംബന്ധിച്ച റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് ലഭ്യമാക്കാനും സെമിത്തേരിയുടെ സംരക്ഷണത്തിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) കൊല്ലം ജില്ലയിലെ തങ്കശ്ശേരി പോർച്ചുഗീസ് സെമിത്തേരിയുടെ സംരക്ഷണം സംബന്ധിച്ച് പുരാവസ്തു വകുപ്പ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

## പോഷകാഹാരക്കുറവ്

174 (187) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്;

(ബി) സംസ്ഥാനത്ത് പോഷകാഹാരക്കുറവ് കാരണമുള്ള പ്രശ്നങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എത്രപേർക്കെന്ന് ജില്ലതിരിച്ച് വിവരങ്ങൾ ലഭ്യമാണോ ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഗ്രാമപ്രദേശങ്ങളിൽ, ആവശ്യത്തിന് കലോറി വേണ്ട ഭക്ഷണങ്ങൾ കഴിക്കാതെയുള്ള രോഗങ്ങൾ പിടിപെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ Infrastructure Maintenance എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ 4 കമ്പോണന്റുകളിലായി കുടുംബക്ഷേമം എന്ന 19-ാം ധനാഭ്യർത്ഥനയിൽപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികളാണ് സംസ്ഥാന സർക്കാർ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ടി പദ്ധതികളിൽ 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവുമാണ്. പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

നാഷണൽ ഹെൽത്ത് മിഷനുമായി ബന്ധപ്പെട്ട പദ്ധതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

ആരോഗ്യ വകുപ്പിൽ നടപ്പാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു.*

(ബി) 2012-16 കാലയളവിൽ സംസ്ഥാനതലത്തിൽ നടത്തിയ പഠനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു:

5 വയസ്സിന് താഴെയുള്ള കുട്ടികൾ:- ഭാരക്കുറവുള്ളവർ - 17%

അനീമിയ (കൗമാരക്കാരായ പെൺകുട്ടികൾ) - 31.73%

അനീമിയ (15-49 വയസ്സ്) സ്ത്രീകൾ - 37 %

ഗ്രാമപ്രദേശത്ത് താമസിക്കുന്ന സ്ത്രീകൾ

(ബോഡി മാസ് ഇൻഡക്സ്<18.5) - 5.8%

അമിതഭാരമുള്ളവർ (ബോഡി മാസ് ഇൻഡക്സ് >23) - 47%

സ്കൂൾ കുട്ടികളിലെ പോഷണനിലവാര നിർണ്ണയപ്പട്ടിക ജില്ല തിരിച്ച് അനുബന്ധം 2 ആയി ചേർക്കുന്നു.*

(സി) അത്തരത്തിലുള്ള പഠങ്ങളൊന്നുംതന്നെ നടത്തിയിട്ടില്ല.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ**

175(188) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ., സ്നേഹസ്പർശം, കാരുണ്യ, ആരോഗ്യ ഇൻഷ്വറൻസ് മുതലായ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ജനങ്ങൾക്ക് സേവനം ലഭ്യമാക്കിയ വകയിൽ സ്വകാര്യ ആശുപത്രികൾക്ക് സർക്കാർ അനുവദിക്കേണ്ടിയിരുന്ന തുക കുടിശ്ശികയായിട്ടുണ്ടോ; വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2018 മാർച്ച് 31-ന ശേഷം ഇപ്രകാരമുള്ള സേവനങ്ങൾ സ്വകാര്യ ആശുപത്രികളിൽനിന്നും നൽകാൻ കഴിയില്ല എന്ന് സ്വകാര്യാശുപത്രികൾ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ സാഹചര്യം മറികടക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവിധ ആരോഗ്യ സുരക്ഷാ പദ്ധതികൾക്കായുള്ള സാമ്പത്തിക സഹായം അതത് ആശുപത്രികൾ കൃത്യമായി ക്ലെയിമുകൾ സമർപ്പിക്കുന്നമുറയ്ക്ക് നൽകിവരുന്നുണ്ട്. ഏതെങ്കിലും അപേക്ഷകളിന്മേൽ സാങ്കേതിക തടസ്സംമൂലം സാമ്പത്തിക സഹായം മുടങ്ങിയിട്ടുണ്ടെങ്കിൽ അത്തരം കേസ്സുകൾ പ്രത്യേകം പരിശോധിച്ച് തീർപ്പാക്കുന്നതിന് ഇതിനകംതന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇ.എസ്.ഐ. തൊഴിൽ വകുപ്പിൻകീഴിലാണ്.

**കാരുണ്യ സൗജന്യ ആരോഗ്യ ഇൻഷ്വറൻസ്**

176(189) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ സൗജന്യ ആരോഗ്യ ഇൻഷ്വറൻസ്, സൗജന്യ ചികിത്സാ പദ്ധതികളിൽ നിന്ന് സ്വകാര്യ ആശുപത്രികൾ പിൻമാറുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതികളിലായി കഴിഞ്ഞ ആറ് മാസത്തിനിടയ്ക്ക് സർക്കാർ സ്വകാര്യ ആശുപത്രികൾക്ക് കുടിശ്ശികയായി നൽകാനുള്ള തുകയുടെ വിശദാംശം നൽകുമോ;

(സി) എങ്കിൽ സാധാരണക്കാർക്ക് മിതമായ നിരക്കിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സ ലഭിക്കാൻ സർക്കാർ എന്തൊക്കെ ബദൽ സംവിധാനങ്ങൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കാരുണ്യ പദ്ധതിയിൽനിന്നും നിലവിൽ സ്വകാര്യ ആശുപത്രികൾക്ക് ചികിത്സാ ധനസഹായ ഇനത്തിൽ കുടിശ്ശിക വരുന്നത് കൃത്യമായ രേഖകൾ സഹിതം ക്ലെയിമുകൾ സമർപ്പിക്കുന്നതിലെ വീഴ്ചമൂലമാണ്. വിവിധ ആശുപത്രികളിൽനിന്നും ലഭിച്ച 8.37 കോടി രൂപയുടെ ക്ലെയിമുകൾ അനുവദിക്കുന്നതിനുള്ള സ്വാഭാവിക നടപടിക്രമങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

(സി) 'എ'-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## മലബാർ കാൻസർ സെന്റർ

177(190) ഡോ. എം. കെ. മുനീർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) ക്യാൻസർ രോഗികളുടെ ചികിത്സയ്ക്കായി എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മലബാർ ക്യാൻസർ സെന്ററിനെ ആർ.സി.സി.യുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) എം.സി.സി.-യിൽ ന്യൂക്ലിയർ മെഡിസിൻ വിഭാഗം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഇ) അവിടെ ക്യാൻസർ ചികിത്സയ്ക്ക് ആവശ്യമായ പുതിയ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001 മുതൽ 2018 ജനുവരി 31 വരെ ചികിത്സയ്ക്കെത്തിയ രോഗികളുടെയും തുടർ ചികിത്സയ്ക്കായി എത്തിയവരുടെയും കണക്കുകൾ പ്രകാരം കാൻസർ രോഗം വർദ്ധിച്ചുവരുന്നുവെന്ന് കാണുന്നു. മലബാർ കാൻസർ സെന്ററിൽ ചികിത്സയ്ക്കായി എത്തിയവരുടെ സ്ഥിതിവിവര കണക്കുകൾ ചുവടെ ചേർക്കുന്നു:

| വർഷം | രോഗികൾ | തുടർചികിത്സയ്ക്ക് എത്തിയവർ |
|---|---|---|
| (1) | (2) | (3) |
| 2001 | 830 | 2714 |
| 2002 | 728 | 4508 |
| 2003 | 725 | 575 |

| (1) | (2) | (3) |
|---|---|---|
| 2004 | 623 | 5715 |
| 2005 | 635 | 5920 |
| 2006 | 1044 | 12815 |
| 2007 | 1031 | 15469 |
| 2008 | 1071 | 14678 |
| 2009 | 1745 | 23622 |
| 2010 | 2273 | 30132 |
| 2011 | 2631 | 37323 |
| 2012 | 3192 | 49659 |
| 2013 | 3867 | 57758 |
| 2014 | 4433 | 51506 |
| 2015 | 3910 | 47869 |
| 2016 | 4392 | 52890 |
| 2017 | 4587 | 61404 |
| 2018 ജനുവരി 31 വരെ | 381 | 5999 |

(ബി) മലബാർ കാൻസർ സെന്ററിൽ താഴെപ്പറയുന്ന ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്.

1. ആധുനിക റേഡിയേഷൻ ചികിത്സ ലഭ്യമാക്കുന്ന ലീനിയർ ആക്സിലറേറ്റർ, എലൈറ്റ് 80 ടെലികൊബാൾട്ട് മെഷീൻ, റേഡിയോതെറാപ്പി സിമുലേറ്റർ, ബ്രാക്കിതെറാപ്പി മെഷീൻ എന്നിവ ഉൾപ്പെടുന്ന റേഡിയേഷൻ ചികിത്സാ സൗകര്യം.

2. ആധുനിക സൗകര്യങ്ങളോടുകൂടിയ ബയോകെമിക്കൽ ക്ലിനിക്കൽ ലബോറട്ടറി, സൈറ്റോളജി, ഹിസ്റ്റോപാത്തോളജി, മൈക്രോബയോളജി വിഭാഗം.

3. 4D സ്കാനർ, സി.ടി. സിമുലേറ്റർ, അത്യാധുനിക എം.ആർ.ഐ. സ്കാനർ, സി.ടി. സ്കാനർ, 500 എം.എ.എക്സ്-റേ മെഷീനും അൾട്രാ സൗണ്ട് സ്കാനറും, ഡിജിറ്റൽ എക്സ്-റേ, ഡിജിറ്റൽ മാമോഗ്രാഫിയും അടങ്ങിയ ഇമേജിയോളജി വിഭാഗം.

4. ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കുന്ന ഔട്ട് പേഷ്യന്റ് വിഭാഗം

5. ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ സംവിധാനമുള്ള ഹെമറ്റോളജി & മെഡിക്കൽ ഓങ്കോളജി വിഭാഗം

6. എൻഡോസ്കോപ്പി, കൊളോണോസ്കോപ്പി, ബ്രോങ്കോസ്കോപ്പി എന്നിവ ചെയ്യാനുള്ള സജ്ജീകരണങ്ങൾ

7. രക്തത്തിലെ കോശങ്ങളെ വേർതിരിക്കുന്ന കമ്പോണന്റ് സെപ്പറേഷൻ സൗകര്യങ്ങളുള്ള ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബ്ലഡ് ബാങ്ക്

8. ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ്

9. ഡേ കീമോതെറാപ്പി വിഭാഗം ഉൾപ്പെടെയുള്ള കീമോതെറാപ്പി ചികിത്സ

10. കാൻസർ രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുന്ന പാലിയേറ്റീവ് കെയർ വിഭാഗം, കൂടാതെ പാലിയേറ്റീവ് ചികിത്സ തുടരുന്ന രോഗികൾക്ക് ഹോം കെയർ സർവ്വീസ് ലഭ്യമാക്കുന്നുണ്ട്.

11. മറ്റ് ആശുപത്രികളിലെ കാൻസർ രോഗികൾക്കും ഡോക്ടർമാർക്കും എം.സി.സി.-യിലെ ഡോക്ടർമാരുമായി അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ടെലിമെഡിസിൻ സംവിധാനവും പ്രവർത്തിച്ചുവരുന്നുണ്ട്.

12. 200 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള ഇൻപേഷ്യന്റ് ബ്ലോക്ക്

13. ന്യൂക്ലിയർ മെഡിസിൻ സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

നഴ്സിംഗ് കോളേജ്, ന്യൂക്ലിയർ മെഡിസിൻ ബ്ലോക്ക്, ലബോറട്ടറി ബ്ലോക്ക്, പീഡിയാട്രിക് ഓങ്കോളജി ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. സ്റ്റെംസെൽ യൂണിറ്റിന്റെ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ഇതിനായുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്.

(സി) മലബാർ കാൻസർ സെന്ററിനെ ഒരു പോസ്റ്റ് ഗ്രാജ്വേറ്റ് ഓങ്കോളജി ഇൻസ്റ്റിറ്റ്യൂട്ടാക്കി ഉയർത്താൻ മുഖ്യമന്ത്രി ചെയർമാനായുള്ള മലബാർ കാൻസർ സെന്ററിന്റെ ഒമ്പതാമത് ഗവേണിംഗ് ബോഡി മീറ്റിംഗിൽ തീരുമാനിക്കുകയും അതുപ്രകാരം 183 കോടി രൂപയുടെ ആദ്യഘട്ട പ്രൊപ്പോസൽ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ (KIIFB) സമർപ്പിക്കുകയും ചെയ്തു. തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭാരത് സഞ്ചാർ നിഗം ലിമിറ്റഡിനെ (BSNL) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആക്കിക്കൊണ്ട് ഗവൺമെന്റ് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ നടന്നുവരുന്നു.

(ഡി) ന്യൂക്ലിയർ മെഡിസിൻ സംവിധാനം ഒരുക്കുന്നതിനായി ഉപകരണങ്ങൾക്കുള്ള പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ഇ) ടിഷ്യൂ ബാങ്കിംഗ്, റീജനറേറ്റീവ് മെഡിസിൻ വിഭാഗത്തിന്റെ രൂപീകരണം, PET CT സ്കാനിംഗ് സംവിധാനം എന്നീ സംവിധാനങ്ങൾ വരും വർഷങ്ങളിൽ ഏർപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്നു.

**ആർദ്രം പദ്ധതി**

178(191) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രമാക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) ടി പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പുതിയ തസ്തികകൾ ആരോഗ്യ വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 1. ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുകയും മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി ടി സ്ഥാപനങ്ങളിൽ സ്റ്റാഫ് നഴ്സ്, ഡോക്ടർ, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവയിൽ ആകെ 830 തസ്തികകൾ സൃഷ്ടിച്ച് നൽകിയിട്ടുണ്ട്.

2. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും മാതൃ-ശിശു ആരോഗ്യ കാര്യങ്ങൾക്കും പകർച്ചവ്യാധി പ്രതിരോധത്തിനുമൊപ്പം രക്തസമ്മർദ്ദം, പ്രമേഹം ഉൾപ്പടെയുള്ള ജീവിതശൈലീ രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നവയായി ഇവ മാറ്റുന്നതിനും രോഗികൾക്ക് പ്രോട്ടോകോൾ/ ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക എന്നതും വാർഡുതല ആരോഗ്യ ശുചിത്വ സമിതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉയർന്ന തലത്തിലുള്ള പങ്കാളിത്തത്തോടെ നടപ്പിലാക്കുക എന്നിവയാണ് ആർദ്രം പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 വിവിധ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**കാൻസർ രോഗം**

179(192) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിലുണ്ടോ;

(ബി) കാൻസർ രോഗം നേരത്തെ കണ്ടെത്തുന്നതിനും മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം ലഭ്യമാക്കാമോ;

(സി) കാൻസർ രോഗം ആരംഭദശയിൽത്തന്നെ കണ്ടെത്തുന്നതിനും വ്യാപനം തടയുന്നതിനുമായി പ്രാഥമിക, സാമൂഹിക ആരോഗ്യകേന്ദ്രങ്ങളുടെ സേവനം ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) കാൻസർ രോഗവ്യാപനം തടയുന്നതിനായി സാമൂഹ്യ അടിസ്ഥാനത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ആർ.സി.സി., മലബാർ കാൻസർ സെന്റർ, തലശ്ശേരി, കൊച്ചിൻ കാൻസർ സെന്റർ, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി തുടങ്ങിയ സ്ഥാപനങ്ങളിലാണ് സർക്കാർ മേഖലയിൽ

അർബുദ ചികിത്സ ലഭ്യമായിട്ടുള്ളത്. മറ്റ് ജില്ലകളിൽ വസിക്കുന്ന അർബുദ രോഗികൾക്ക് ഈ സ്ഥാപനങ്ങളെ ചികിത്സയ്ക്കായി ആശ്രയിക്കേണ്ടവരുന്നത് ശാരീരികവും മാനസികവും സാമ്പത്തികവുമായ വൈഷമ്യങ്ങൾ അനുഭവിക്കുന്നുവെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് എല്ലാ ജില്ലകളിലും ഒരു കാൻസർ ചികിത്സാകേന്ദ്രമെന്ന ആശയവുമായി ജില്ലാ കാൻസർ കെയർ സെന്ററുകൾ ആരംഭിച്ചത്. ഇപ്പോൾ 18 ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിലൂടെ 40000-ത്തിലധികം കീമോതെറാപ്പികളും മറ്റ് അനുബന്ധ കാൻസർ ചികിത്സാ രീതികളും നടത്തപ്പെട്ടിട്ടുണ്ട്. ഇത് കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലാ ആശുപത്രികളിൽ മൂർദ്ധന്യാവസ്ഥയിലുള്ള കാൻസർ രോഗികൾക്ക് പരിചരണം നൽകുന്നതിനായി അഭയം എന്ന പേരിൽ പാലിയേറ്റീവ് കീമോതെറാപ്പി യൂണിറ്റുകൾ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്. ആർ.സി.സി.-യിൽ കാൻസർ ചികിത്സയ്ക്കായി എല്ലാ ആധുനിക സാങ്കേതിക സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അത്യാധുനിക പീഡിയാട്രിക് ഒ. പി. വിഭാഗം, പുതിയ ഔട്ട് പേഷ്യന്റ് ബ്ലോക്ക്, പെറ്റ് സി.റ്റി. സ്കാനർ, SPECT സ്കാനർ, തുടങ്ങിയവ അടുത്തകാലത്ത് ആർ.സി.സി.-യിൽ കമ്മീഷൻ ചെയ്യുകയുണ്ടായി.

ആർ.സി.സി.-യിൽ നിലവിൽ 6 ഓപ്പറേഷൻ തീയറ്ററുകളുണ്ട്. ഇതിൽ രണ്ടെണ്ണം പൂർണ്ണമായും നവീകരിച്ചതാണ്. മറ്റുള്ളവയുടെ നവീകരണത്തിനായുള്ള പ്രവർത്തനം നടന്നുവരുന്നു. കൂടുതലായി കണ്ടുവരുന്ന വായ, സ്തനം, ഗർഭാശയഗളം എന്നീ ഭാഗങ്ങളിലെ കാൻസർ നേരത്തെ കണ്ടുപിടിക്കുന്നതിനുള്ള ക്യാമ്പുകളും പരിശീലന പദ്ധതികളും ആർ.സി.സി.-യുടെ നേതൃത്വത്തിൽ നടത്തിവരുന്നു. ഇത്തരം ക്യാമ്പുകളിൽ ഗർഭാശയഗള കാൻസർ മുൻകൂട്ടി കണ്ടുപിടിക്കുന്നതിനുള്ള Visual Inspection using Lugols Iodin (VILI), Visual Inspection with Acetic Acid (VIA), പാപ്സ്മിയർ ടെസ്റ്റ് എന്നിവ ചെയ്യുന്നുണ്ട്. സ്തനാർബുദം നേരത്തെ കണ്ടുപിടിക്കുന്നതിനായി സ്തന പരിശോധനയ്ക്ക് പുറമേ ആവശ്യമുള്ളപക്ഷം മാമോഗ്രാഫി Fine Needle Aspiration Cytology (FNAC) ടെസ്റ്റിനും ആർ.സി.സി.-യിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. വദനാർബുദം കണ്ടുപിടിക്കുന്നതിന് വിദഗ്ദ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായ പരിശോധനയും നടത്തുന്നുണ്ട്.

- ആർ.സി.സി.-യുടെ ഉപകേന്ദ്രങ്ങളായ എറണാകുളം ജില്ലയിലെ കലൂരും പാലക്കാട് ജില്ലയിലെ കഞ്ചിക്കോടും കൊല്ലം ജില്ലയിലെ നീണ്ടകരയിലും മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കണ്ണൂർ, കോഴഞ്ചേരി എന്നിവിടങ്ങളിലെ മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങൾക്കും ഇക്കാര്യത്തിൽ ആവശ്യമായ സാങ്കേതിക സഹായവും ആർ.സി.സി. നൽകിവരുന്നുണ്ട്.

- ആർ.സി.സി. മുൻകയ്യെടുത്ത് ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്ക് കാൻസർ രോഗനിർണ്ണയ പരിശീലനം സംയോജിതമായി നൽകിവരുന്നു. ഇവ കൂടാതെ വിവിധ സംഘടനകളുമായി ചേർന്ന് മുൻകൂർ കാൻസർ രോഗ നിർണ്ണയ ക്യാമ്പുകളും ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു. ആർ.സി.സി.-യിൽ പുകയില വർജ്ജന ക്ലിനിക് (Tobacco Cessation Clinic) നടത്തുന്നുണ്ട്.

മലബാർ കാൻസർ സെന്ററിൽ താഴെപ്പറയുന്ന ചികിത്സാ സൗകര്യങ്ങളുണ്ട്:

- ആധുനിക റേഡിയേഷൻ ചികിത്സ ലഭ്യമാക്കുന്ന ലീനിയർ ആക്സിലറേറ്റർ, എലൈറ്റ് 80 ടെലികൊബാൾട്ട് മെഷീൻ, റേഡിയോ തെറാപ്പി സിമുലേറ്റർ, ബ്രാക്കിതെറാപ്പി മെഷീൻ എന്നിവ ഉൾപ്പെടുന്ന റേഡിയേഷൻ ചികിത്സാ സൗകര്യം.
- ആധുനിക സൗകര്യങ്ങളോടുകൂടിയ ബയോ മെഡിക്കൽ ക്ലിനിക്കൽ ലബോറട്ടറി, സൈറ്റോളജി, ഹിസ്റ്റോപാത്തോളജി, മൈക്രോ ബയോളജി വിഭാഗം.
- 4 ഡി സ്കാനർ, സി.ടി. സിമുലേറ്റർ, അത്യാധുനിക എം.ആർ.ഐ. സ്കാനർ, സി.ടി. സ്കാനർ, 500 എം.എ. എക്സ്റേ മെഷീനും അൾട്രാ സൗണ്ട് സ്കാനറും, ഡിജിറ്റൽ എക്സ്റേ, ഡിജിറ്റൽ മാമോഗ്രാഫിയും അടങ്ങിയ ഇമേജിയോളജി വിഭാഗം.
- ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കുന്ന ഔട്ട് പേഷ്യന്റ് വിഭാഗം
- ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ സംവിധാനമുള്ള ഹെമറ്റോളജി & മെഡിക്കൽ ഓങ്കോളജി വിഭാഗം
- എൻഡോസ്കോപ്പി, കൊളോണോസ്കോപ്പി, ബ്രോങ്കോസ്കോപ്പി എന്നിവ ചെയ്യുന്നതിനുള്ള സജ്ജീകരണങ്ങൾ
- രക്തത്തിലെ കോശങ്ങളെ വേർതിരിക്കുന്ന കമ്പോണന്റ് സെപ്പറേഷൻ സൗകര്യമുള്ള ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബ്ലഡ് ബാങ്ക്.
- ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഓപ്പറേഷൻ തീയറ്റർ കോംപ്ലക്സ്.
- ഡേ കീമോതെറാപ്പി വിഭാഗം ഉൾപ്പടെയുള്ള കീമോതെറാപ്പി ചികിത്സ
- കാൻസർ രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുന്ന പാലിയേറ്റീവ് കെയർ വിഭാഗം, കൂടാതെ പാലിയേറ്റീവ് ചികിത്സ തുടരുന്ന രോഗികൾക്ക് ഹോം കെയർ സർവ്വീസ് ലഭ്യമാക്കുന്നുണ്ട്.

- മറ്റ് ആശുപത്രികളിലെ കാൻസർ രോഗികൾക്കും ഡോക്ടർമാർക്കും എം.സി.സി.-യിലെ ഡോക്ടർമാരുമായി അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ടെലിമെഡിസിൻ സംവിധാനവും പ്രവർത്തിച്ചുവരുന്നുണ്ട്.
- 200 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള ഇൻപേഷ്യന്റ് ബ്ലോക്ക്.
- ന്യൂക്ലിയർ മെഡിസിൻ സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) കാൻസർ രോഗം ആരംഭദശയിൽത്തന്നെ കണ്ടെത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും സാമൂഹികാരോഗ്യ കേന്ദ്രങ്ങളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരുന്നു. പോപ്പുലേഷൻ ബേസ്ഡ് സ്ക്രീനിംഗ് പ്രോഗ്രാമിലൂടെയും കാൻസർ കെയർ പ്രോഗ്രാമിലൂടെയും രോഗനിർണ്ണയം നടത്തുന്നതിന് ക്ലിനിക്കുകളും ക്യാമ്പുകളും സജ്ജീകരിച്ചുവരുന്നു.

(ഡി) ഇന്ത്യയിൽ സാധാരണയായി കണ്ടുവരുന്ന വദനാർബുദം, സ്തനാർബുദം, ഗർഭാശയഗള കാൻസർ എന്നിവ നേരത്തേ കണ്ടുപിടിച്ച് ചികിത്സിക്കുന്നതിനും നമ്മുടെ രാജ്യത്ത് അനുയോജ്യമായ ചെലവുകുറഞ്ഞ രീതികൾ മുൻകൂർ കാൻസർ നിർണ്ണയത്തിൽ ഫലപ്രദമാണോ എന്ന് കണ്ടുപിടിക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾ ആർ.സി.സി.-യിൽ നടന്നുവരുന്നു. കാൻസർ സ്റ്റ്രാറ്റജി എന്ന ഉത്തരവ് നൽകിയിട്ടുണ്ട്.

**ജനനനിരക്കും ശിശുമരണനിരക്കും**

180(193) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനനനിരക്കും ശിശുമരണനിരക്കും ദേശീയ ശരാശരി യുമായി താരതമ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ദേശീയ ശരാശരിയെക്കാളും സംസ്ഥാനത്ത് നിലവാരം ഉയർന്നതിന്റെ കാരണങ്ങളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് നിലനിർത്തിപ്പോരാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും നവജാത ശിശുക്കളുടെ പരിപാലന ത്തിനുമായി കേന്ദ്ര പദ്ധതികൾ ഉൾപ്പെടെ എന്തെല്ലാം പരിശീലന പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) താരതമ്യം ചെയ്തിട്ടുണ്ട്. അതിന്റെ വിവരം ചുവടെ ചേർക്കുന്നു:

As per SRS data (MR details are given below)

| Year | 2013 | 2014 | 2015 | 2016 |
|---|---|---|---|---|
| Kerala | 12 | 12 | 12 | 10 |
| India | 40 | 39 | 37 | 34 |

As per SRS data crude Birth Rate

| Year | 2013 | 2014 | 2015 | 2016 |
|---|---|---|---|---|
| Kerala | 14.7 | 14.8 | 14.8 | 14.3 |
| India | 21.4 | 21.0 | 20.8 | 20.4 |

(ബി) പരിശോധിച്ചിട്ടുണ്ട്.

1. കേരളത്തിലെ വിവിധ ആശുപത്രികളിൽ SNCU (സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റ്) NBCU (ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ്) NBCC (ന്യൂബോൺ കെയർ കോർണർ) എന്നിവ തുടങ്ങി

2. ഒരു വയസ്സിൽ താഴെയുള്ള എല്ലാ കുട്ടികൾക്കും RBSK, ആരോഗ്യ കിരണം എന്നീ പദ്ധതികൾ ഉൾപ്പെടുത്തി സൗജന്യ ചികിത്സാ സർക്കാർ ആശുപത്രികളിൽ നൽകിവരുന്നു.

3. രോഗ പ്രതിരോധ കുത്തിവയ്പ്പ് പദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പാക്കി വരുന്നു.

(സി) നവജാത ശിശുക്കളുടെ മരണ നിരക്ക് കുറയ്ക്കുന്നതിനായി ഒരു ക്വാളിറ്റി സ്റ്റാൻഡേർഡ് തയ്യാറാക്കി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ നടപ്പാക്കിവരുന്നു. വിവിധ ആശുപത്രികളിൽ ശിശുക്കളുടെ ചികിത്സാ വിഭാഗത്തിനും മാതൃചികിത്സാ വിഭാഗത്തിനും ആവശ്യമായ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽനിന്നും വാങ്ങി നൽകുന്നതിന് നടപടി സ്വീകരിച്ചു. നവജാത ശിശുക്കളിലെ മെറ്റബോളിക് രോഗങ്ങൾ നേരത്തെ കണ്ടുപിടിക്കുന്നതിനും ആവശ്യമായ ചികിത്സ നൽകുന്നതിനും നടപടി സ്വീകരിച്ചു. രോഗപ്രതിരോധ കുത്തിവയ്പ്പ് പദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു.

സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റിൽ (എസ്.എൻ.സി.യു.) പ്രവർത്തിക്കുന്ന ഡോക്ടർ, നഴ്സ് എന്നിവർക്ക് പരിശീലനം നൽകി 17 എസ്.എൻ.സി.യു.-വിൽ പ്രവർത്തിക്കുന്നവർക്കാണ് എസ്.എ.ടി. ആശുപത്രിയിൽ പരിശീലനം നൽകിയത്. നവജാത ശിശുക്കളിലെ ഹൃദയവൈകല്യം ഗർഭാവസ്ഥയിൽ തന്നെ അൾട്രാസൗണ്ട് സ്കാൻ നടത്തി കണ്ടുപിടിക്കുന്നതിനുള്ള പരിശീലനം തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം, മലപ്പുറം എന്നീ ജില്ലകളിൽ നടത്തി. ഗൈനക്കോളജിസ്റ്റുകൾക്കാണ് പരിശീലനം നൽകിയത്. നവജാതശിശു കാര്യക്രം പദ്ധതിയിൽ എല്ലാ ജില്ലാതലത്തിലും പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്.

## പാലിയേറ്റീവ് രംഗത്തെ പദ്ധതികൾ

181(194) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലിയേറ്റീവ് രംഗത്ത് സർക്കാർതലത്തിൽ സ്വീകരിച്ച് വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) കാട്ടാക്കട മണ്ഡലത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കിടപ്പ് രോഗികളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടുകൂടി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ഭവന സന്ദർശനത്തിലൂടെ ശയ്യാവലംബരായ രോഗികൾക്ക് സാന്ത്വന പരിചരണം നൽകുന്ന പ്രൈമറി കെയർ, ജില്ലാ/താലൂക്കാശുപത്രികൾ കേന്ദ്രീകരിച്ച് വിദഗ്ദ്ധ പരിചരണം നൽകുന്ന സെക്കണ്ടറി കെയർ, സാന്ത്വന പരിചരണ പരിശീലനങ്ങൾ നൽകുന്ന ടെർഷ്യറി കെയർ എന്നിങ്ങനെ വിവിധ തലങ്ങളിൽ സാന്ത്വന പരിചരണം സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ആരോഗ്യ കേരളത്തിന്റെ സഹായത്തോടുകൂടി 232 സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും ഫിസിയോതെറാപ്പിസ്റ്റിനെ നിയമിച്ചുകൊണ്ട് സെക്കണ്ടറി കെയറും വിപുലീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കാട്ടാക്കട മണ്ഡലത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കിടപ്പുരോഗികളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത് | എണ്ണം |
|---|---|
| പള്ളിച്ചൽ | 110 |
| വിളപ്പിൽ | 111 |
| വിളവൂർക്കൽ | 82 |
| മലയിൻകീഴ് | 97 |
| ആമച്ചൽ | 182 |
| മാറനല്ലൂർ | 50 |

**കുഞ്ഞുങ്ങളുടെയിടയിൽ ടൈപ്പ് വൺ പ്രമേഹം**

182(195) ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഞ്ഞുങ്ങളുടെ ഇടയിൽ ടൈപ്പ് വൺ പ്രമേഹം വർദ്ധിക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെ യാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(ബി) ടൈപ്പ് വൺ പ്രമേഹബാധിതരായ കുട്ടികൾക്കായി മിഠായി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം സർക്കാരിന്റെ ആനുകൂല്യം ലഭിക്കുന്നതിന് വാർഷിക വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ടോ; ടി രോഗത്തിന്റെ ചികിത്സാചെലവ് കുടുംബ ബജറ്റിനെ താളംതെറ്റിക്കുന്ന ഒന്നാകയാൽ നിലവിലുള്ള വാർഷിക വരുമാന പരിധി അഞ്ചുലക്ഷമായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ടൈപ്പ് വൺ ഡയബറ്റിസ് ജനിതക കാരണങ്ങളാൽ ഉണ്ടാകുന്ന രോഗമാണ്. ഇതിന് ജീവിതശൈലിയുമായോ ബാഹ്യഹേതുക്കളുമായോ ബന്ധമില്ലാത്തതും ജന്മനാ കാണുന്നതുമായ രോഗമാണ്. സംസ്ഥാനത്ത് ടൈപ്പ് വൺ പ്രമേഹം

ബാധിച്ച കുട്ടികളുടെ പൂർണ്ണമായ കണക്കുകൾ ലഭ്യമല്ല. 2017-18 സാമ്പത്തിക വർഷം ആരോഗ്യ വകുപ്പ് ജീവിതശൈലീ രോഗ പദ്ധതിയിലൂടെ ടൈപ്പ് വൺ രോഗികളുടെ കണക്ക് ശേഖരിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നു.

(ബി) ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികൾക്കായി 'മിഠായി' എന്ന പേരിൽ ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ് 'മിഠായി'. ടി പദ്ധതി ജുവനൈൽ പ്രമേഹരോഗം (ടൈപ്പ് 1) ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകാനാണ് ലക്ഷ്യമിടുന്നത്. പ്രധാനമായും 5 മുതൽ 15 വയസ്സുവരെയുള്ള കുട്ടികളെയാണ് ടി രോഗം ബാധിക്കുന്നത്. ഈ രോഗത്തിന്റെ എല്ലാ സങ്കീർണ്ണതകളോടുംകൂടി രോഗ ബാധിതർക്ക് ജീവിക്കേണ്ട അവസ്ഥയോടൊപ്പം മുതിർന്നവരിൽ കാണുന്ന ടൈപ്പ് 2 ഡയബറ്റിസിന്റെ ചികിത്സയുമായി താരതമ്യം ചെയ്യുമ്പോൾ ഇത് കൂടുതൽ സങ്കീർണ്ണവും വ്യത്യസ്തവുമാണ്. ടി പദ്ധതിയിലൂടെ കുട്ടികൾക്ക് ഗ്ലൈക്കോ മീറ്ററും ഇൻസുലിൻ പമ്പും നൽകി ആധുനിക രീതിയുള്ള പ്രമേഹ ചികിത്സ സൗജന്യമായി നൽകാനാണ് ഉദ്ദേശിക്കുന്നത്.

(സി) 'മിഠായി' പദ്ധതി പ്രകാരം സർക്കാരിന്റെ ആനുകൂല്യം ലഭിക്കുന്നതിന് വാർഷിക വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ട്. അത് അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ താഴെയാണ്. രണ്ട് ലക്ഷം രൂപ വരുമാന പരിധിയിലുള്ള കുട്ടികളെയാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്താൻ ലക്ഷ്യമിടുന്നത്.

## പകർച്ചപ്പനി പ്രതിരോധിക്കാൻ കർമ്മപരിപാടികൾ

183(196) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വൈറൽ പനി, എച്ച്1 എൻ1, ഡെങ്കിപ്പനി എന്നിവമൂലം എത്രപേർ മരണപ്പെട്ടു എന്നും, എത്ര പേർ ചികിത്സ തേടിയെന്നും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ജില്ലതിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ അസുഖങ്ങളെ പ്രതിരോധിക്കാൻ സർക്കാർതലത്തിൽ എന്തെങ്കിലും കർമ്മപരിപാടികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) പല പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ഹെൽത്ത് ഇൻസ്പെക്ടർമാർ, പബ്ലിക് ഹെൽത്ത് നഴ്സുമാർ, സൂപ്പർവൈസർമാർ മുതലായവർ ഇല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) വിവിധ പകർച്ചവ്യാധികൾ എല്ലാ മാസങ്ങളിലും തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ 'ആരോഗ്യജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടിയാണ് 2018 ജനുവരി 1 മുതൽ ആരംഭിച്ചിരിക്കുന്നത്. ആർദ്രം മിഷന്റെയും ഹരിതം മിഷന്റെയും പ്രവർത്തനങ്ങളുമായി സഹകരിച്ചുകൊണ്ട് ജനങ്ങളും സന്നദ്ധ സംഘടനകളും ആരോഗ്യപ്രവർത്തകരും ആരോഗ്യജാഗ്രതയോടെ "പ്രതിദിനം പ്രതിരോധം" നടത്തുക വഴി പകർച്ചവ്യാധികൾ ഫലപ്രദമായി പ്രതിരോധിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതോടൊപ്പം ഐ.ഡി.എസ്.പി., എൻ.വി.ബി.ഡി.സി.പി. തുടങ്ങിയ ദേശീയ ആരോഗ്യപരിപാടികൾ വഴിയുള്ള രോഗനിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങളും ഊർജ്ജിതമായി നടപ്പിലാക്കിവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിൽനിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം നടത്തുന്നതിനുള്ള സീനിയോറിറ്റി ലിസ്റ്റിന്മേലുള്ള കേസ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ കോടതി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

പബ്ലിക് ഹെൽത്ത് നഴ്സുമാരുടെയും പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർമാരുടെയും ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ**

184(197) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> :

<u>ശ്രീ. എം. ഉമ്മർ</u> :

<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> :

<u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലപൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി ആരോഗ്യവകുപ്പ് ഇതിനോടകം ചെയ്ത പ്രവൃത്തികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മഴക്കാലപൂർവ്വശുചീകരണ പ്രവർത്തനങ്ങൾ മുൻവർഷത്തേക്കാൾ കൂടുതൽ ഫലപ്രദമാക്കാൻ ഈ വർഷം എന്തെങ്കിലും പുതിയ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുണ്ടോ;

(സി) മഴക്കാലജന്യരോഗങ്ങൾ, പകർച്ചപ്പനികൾ എന്നിവയെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനായി മഴക്കാലപൂർവ്വശുചീകരണ പ്രവൃത്തികൾക്ക് പ്രത്യേക പ്രാധാന്യം നൽകുമോ?

ഉത്തരം

(എ) " ആരോഗ്യ ജാഗ്രത" എന്ന പേരിൽ വർഷം മുഴവൻ നീണ്ടുനിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടിയാണ് ഇതര വകുപ്പുകളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ ആരോഗ്യവകുപ്പ് ഈ വർഷം നടപ്പിലാക്കിവരുന്നത്. ഇതിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പ്രവർത്തന കലണ്ടറും തദ്ദേശസ്വയം ഭരണ വകുപ്പും ആരോഗ്യവകുപ്പും ബന്ധപ്പെട്ട ഏജൻസികൾക്കും സ്ഥാപനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. അതിൻപ്രകാരം ജില്ലാ, നഗരസഭ, പഞ്ചായത്ത്, വാർഡ് തല യോഗങ്ങൾ, വാർഡ് തല കർമ്മസേനാ രൂപീകരണം, ശുചിത്വ മാപ്പിംഗ്, വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ചുള്ള ബോധവൽക്കരണം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് നടത്തിവരുന്നത്.

(ബി & സി) മഴക്കാലപൂർവ്വ ശുചീകരണം മുൻവർഷത്തെക്കാൾ കൂടുതൽ ഫലപ്രദമാക്കാൻവേണ്ടിയും മഴക്കാലജന്യരോഗങ്ങൾ, പകർച്ചപ്പനി എന്നിവയും ഫലപ്രദമായി പ്രതിരോധിക്കുന്നതിനായും ഈ വർഷം ജനുവരി മുതൽ തന്നെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ജില്ലകളുടെ ചാർജ്ജുള്ള മന്ത്രിമാർ അതാത് ജില്ലകളിൽ യോഗം നടത്തി പ്രവർത്തനം ഊർജ്ജിതമാക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ 'കില'-യുടെ സഹകരണത്തോടെ തദ്ദേശസ്ഥാപന മേധാവികൾക്കും മറ്റും വിർച്വൽ ക്ലാസിലൂടെ അവബോധം നൽകി. വാർഡുകളിൽ 'ജാഗ്രത' ഗ്രാമസഭ വിളിച്ചുകൂട്ടി വാർഡുതല സമിതികൾ ശാക്തീകരിച്ചു. കൂടുതൽ പേരെ ആരോഗ്യ കർമ്മസേനയിൽ ഉൾപ്പെടുത്തി, പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്തുവരുന്നു.

**ഇതരസംസ്ഥാനങ്ങളിൽനിന്നുള്ള ഭക്ഷ്യ വസ്തുക്കളുടെ പരിശോധന**

185(198) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന ഭക്ഷ്യ വസ്തുക്കൾ പരിശോധിക്കാൻ എത്ര ഉദ്യോഗസ്ഥരെയാണ് നിയമിച്ചിട്ടുള്ളത്;

(ബി) ഇവ പരിശോധിക്കാൻ എത്ര ആധുനിക ലാബുകൾ സംസ്ഥാനത്ത് നിലവിലുണ്ട്;

(സി) കഴിഞ്ഞ അഞ്ചു വർഷത്തിൽ ഭക്ഷ്യ വസ്തുക്കളിൽ മായം കലർത്തിയതിന് എത്ര പേരെ ശിക്ഷിച്ചിട്ടുണ്ട്; ആയതിന് പരമാവധി ശിക്ഷ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭക്ഷ്യവസ്തുക്കൾ പരിശോധിക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള ലാബുകളിൽ 104 ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള മൂന്ന് ലാബുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നിലവിലുണ്ട്.

(സി) കഴിഞ്ഞ അഞ്ച് വർഷത്തിൽ ഭക്ഷ്യ വസ്തുക്കളിൽ മായം കലർത്തിയതിന് 281 പേരെ ശിക്ഷിച്ചിട്ടുണ്ട്. മായം കലർത്തുന്നതിനുള്ള പരമാവധി ശിക്ഷ 7 വർഷം മുതൽ ജീവപര്യന്തം വരെയുള്ള തടവ് ശിക്ഷയും പത്ത് ലക്ഷം രൂപയിൽ കുറയാതെയുള്ള പിഴയുമാണ്.

**ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കൽ**

186(199) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് തടയുന്നതിനും പരിശോധിക്കുന്നതിനും നിലവിലുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;

(ബി) ഹോട്ടലുകളും റെസ്റ്റോറന്റുകളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത സംവിധാനം പര്യാപ്തമാണോ;

(സി) മായം ചേർക്കൽ തടയുന്നതിന് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും പോലീസ് സ്റ്റേഷൻ മാതൃകയിൽ പ്രത്യേക ഓഫീസുകൾ തുറക്കുന്നതിനും ജനങ്ങൾക്ക് നേരിട്ട് പരാതികൾ സമർപ്പിക്കുന്നതിനുമുള്ള സംവിധാനം ജില്ലകൾ തോറും ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് തടയുന്നതിനും പരിശോധിക്കുന്നതിനും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ എൻഫോഴ്സ്മെന്റ് വിഭാഗവും അനലിറ്റിക്കൽ വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. എൻഫോഴ്സമെന്റ് വിഭാഗത്തിൽ ഒരു ജോയിന്റ് ഫുഡ് സേഫ്റ്റി കമ്മീഷണറും 17 അസിസ്റ്റന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരും 160 ഭക്ഷ്യസുരക്ഷാ ഓഫീസർമാരും പ്രവർത്തിക്കുന്നു. അനലിറ്റിക്കൽ വിഭാഗത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ അനലിറ്റിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മൂന്ന് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളും പ്രവർത്തിക്കുന്നുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഓഫീസർമാർ നിശ്ചിത ഇടവേളകളിലും സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചും ഭക്ഷ്യ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്ക് അയയ്ക്കുന്നു. അവിടെനിന്നും ലഭിക്കുന്ന പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ മായം ചേർക്കുന്നതായി കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ഹോട്ടലുകളും റെസ്റ്റോറന്റുകളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നിലവിലുള്ള സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്.

(സി) മായം ചേർക്കൽ തടയുന്നതിന് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തെ 140 ഫുഡ് സേഫ്റ്റി സർക്കിൾ ഓഫീസുകളിലും 14 ജില്ലാ ഓഫീസുകളിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൊബൈൽ വിജിലൻസ് സ്ക്വാഡ് ഓഫീസുകളിലും ജനങ്ങൾക്ക് നേരിട്ട് പരാതികൾ സമർപ്പിക്കാവുന്നതാണ്. കൂടാതെ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ ഓഫീസിലെ ടോൾഫ്രീ നമ്പറായ 1800 425 1125 എന്ന നമ്പരിലൂടെയും foodsafetykerala@gmail.ocm എന്ന ഇ-മെയിലിലൂടെയും പരാതികൾ സമർപ്പിക്കാവുന്നതാണ്. പോലീസ് സ്റ്റേഷൻ മാതൃകയിൽ ഓഫീസുകൾ തുറക്കുന്നത് പരിഗണനയിലില്ല.

## ആരോഗ്യ ജാഗ്രത പദ്ധതി

187(200) ശ്രീ. ബി. സത്യൻ :

ശ്രീ. മുരളി പെരുനെല്ലി :

ശ്രീ. കാരാട്ട് റസാഖ് :

ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധത്തിനായി 'ആരോഗ്യ ജാഗ്രത' പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) പകർച്ച വ്യാധികളുടെ വ്യാപനം തടയാനും രോഗപ്രതിരോധ മാർഗ്ഗങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് വകുപ്പുകളുടെയും സഹകരണം തേടിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി, ഗാർഹിക സന്ദർശനങ്ങളും പൊതുജനങ്ങൾക്കും ആരോഗ്യ പ്രവർത്തകർക്കുമുള്ള രോഗപ്രതിരോധ ആരോഗ്യപരിപാലനം സംബന്ധിച്ച ക്ലാസുകളും നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

### ഉത്തരം

(എ) വിവിധ പകർച്ചവ്യാധികൾ വർഷത്തിൽ എല്ലാ മാസവും ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആരോഗ്യ ജാഗ്രത എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് ആരംഭിച്ചിരിക്കുന്നത്.

(ബി) ഇതര വകുപ്പുകളുടെയും ജനപങ്കാളിത്തത്തോടെയും മഴക്കാലത്തിന് മുമ്പ് ജനുവരി മാസം മുതൽതന്നെ നടത്തേണ്ട മുന്നൊരുക്ക യോഗങ്ങളും പരിശീലന പ്രവർത്തനങ്ങളും ശുചീകരണ-കൊതുകുറവിട നശീകരണം തുടങ്ങിയ പ്രതിരോധ പ്രവർത്തനങ്ങളും സമയബന്ധിതമായി ചെയ്യാൻ നടപടി സ്വീകരിച്ചതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. വാർഡുതലത്തിൽ ആരോഗ്യ ശുചിത്വ സമിതികളെ ശാക്തീകരിച്ച് ആരോഗ്യ കർമ്മ സേനാംഗങ്ങളുടെയും ആരോഗ്യ പ്രവർത്തകരുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെയുമാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലർ തദ്ദേശസ്വയംഭരണ

വകുപ്പും ആരോഗ്യ വകുപ്പും തയ്യാറാക്കി നൽകിയിട്ടുണ്ട്. അതോടൊപ്പം ഏതെങ്കിലും പ്രദേശത്ത് പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ അവരുടെ ഊർജ്ജിതമായ നിയന്ത്രണ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(സി) തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സ്ഥാപനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്താൻ സംസ്ഥാന-ജില്ലാതലങ്ങളിലും താഴെത്തട്ടിലും ഇന്റർസെക്ടറൽ യോഗങ്ങൾ നടത്തി. ജില്ലകളുടെ ചാർജ്ജുള്ള മന്ത്രിമാർ ജില്ലാതലത്തിൽ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. തദ്ദേശസ്ഥാപന മേധാവികൾക്കും സെക്രട്ടറിമാർക്കും വിർച്വൽ ക്ലാസ്സ് വഴി അവബോധം നൽകി. തദ്ദേശസ്ഥാപനതല യോഗങ്ങളും ആരോഗ്യ ജാഗ്രതയ്ക്കായി വാർഡുകളിൽ പ്രത്യേക ഗ്രാമസഭയും വിളിച്ചുകൂട്ടി. വാർഡുതല ആരോഗ്യ ശുചിത്വ പോഷണ സമിതികൾ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ശാക്തീകരിച്ച് ആരോഗ്യ കർമ്മ സേനാംഗങ്ങളെ നിയോഗിച്ചാണ് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നത്. തദ്ദേശസ്ഥാപനങ്ങൾ വഴി പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പദ്ധതികൾക്കും വാർഡുതല സാനിട്ടേഷൻ സമിതിക്കും ഫണ്ടും ലഭ്യമാക്കുന്നുണ്ട്.

(ഡി) ആരോഗ്യ ജാഗ്രതയുടെ ഭാഗമായി ഗാർഹിക സന്ദർശനങ്ങളും സ്ഥാപന സന്ദർശനങ്ങളും നടത്താനാവശ്യമായ കർമ്മസേന രൂപീകരണം പൂർത്തിയായി വരികയാണ്. വാർഡുതലത്തിൽ കർമ്മസേനാംഗങ്ങൾ സന്ദർശനം നടത്തി പൊതു ജനാരോഗ്യ പ്രശ്നങ്ങൾ കണ്ടുപിടിക്കുന്ന ശുചിത്വമാപ്പിംഗും പൂർത്തീകരിച്ചുവരുന്നു. ശുചിത്വമാപ്പിംഗിലൂടെ വാർഡിലെ പൊതുജനാരോഗ്യ പ്രശ്നങ്ങൾ മനസ്സിലാക്കി അത് പരിഹരിക്കാനുള്ള കർമ്മപദ്ധതി വാർഡുകളിലും തദ്ദേശസ്ഥാപനങ്ങളിലും തയ്യാറാക്കി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിൽ പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ബോധവൽക്കരണവും ലഘുലേഖ വിതരണവും നടത്തുന്നു. ജനുവരി 21-ന് സംസ്ഥാന വ്യാപകമായി ആരോഗ്യ പ്രവർത്തകരും മറ്റും ഗൃഹ, സ്ഥാപന സന്ദർശനങ്ങൾ നടത്തി ബോധവൽക്കരണം നടത്തിയിരുന്നു.

## അമൃതം ആരോഗ്യം പദ്ധതി

188(201) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവിതശൈലീ രോഗം ബാധിച്ചവർക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) 'അമൃതം ആരോഗ്യം' പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) 2017-18 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി എത്ര രൂപ ചെലവഴിച്ചു എന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും നേരത്തെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ആരോഗ്യ വകുപ്പ് " അമൃതം ആരോഗ്യം" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മുപ്പത് വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ജീവിതശൈലീ രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുക, അനാരോഗ്യകരമായ ഭക്ഷണം, വ്യായാമമില്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്ക് എതിരെയുള്ള ബോധവത്കരണം എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. ഇതിലൂടെ രോഗം വരാതിരിക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനും രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനും മുൻകൂറായി ചികിത്സിക്കുന്നതിനും ഗുരുതരാവസ്ഥ ഒഴിവാക്കുന്നതിനും സാധിക്കുന്നു.

(ബി) 2010-11 വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായിട്ടാണ് ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി കേരളത്തിൽ ആരംഭിച്ചത്. 5 ജില്ലകളിൽ മാത്രം നിലവിൽവന്ന പദ്ധതിയുടെ ചുവടുപിടിച്ചാണ് സംസ്ഥാന ആരോഗ്യ വകുപ്പ് 2012-ൽ " അമൃതം ആരോഗ്യം " എന്ന പേരിൽ സംസ്ഥാന വ്യാപകമായി ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി നടപ്പിലാക്കിയത്.

30 വയസ്സിനുമുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ജീവിതശൈലി രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുന്നതിനും, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സ ലഭ്യമാക്കുന്നതിനായി സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ " അമൃതം ആരോഗ്യം" ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. എ.പി.എൽ/ബി.പി.എൽ. തരം തിരിവോ മറ്റ് മാനദണ്ഡങ്ങളോ ഈ സേവനം ലഭിക്കുന്നതിന് ബാധകമല്ല. ഇതിനുപുറമെ ഓരോ പ്രത്യേക ജനവിഭാഗത്തിനും അവർക്ക് അനുയോജ്യമായ പദ്ധതികളും അമൃതം ആരോഗ്യത്തിന് കീഴിൽ നടന്നുവരുന്നു.

ഗുരുതര ശ്വാസകോശ രോഗങ്ങൾ ഉള്ളവർക്ക് ശ്വാസ് (SWAAS) എന്ന പേരിൽ COPD Prevention Programme ജില്ലാ ആശുപത്രികളിൽ പക്ഷാഘാത ക്ലിനിക്ക്, നേത്രപടലാന്ധത നിർണ്ണയിക്കുന്നതിനായി ഡയബറ്റിക് റെറ്റിനോപ്പതി ക്ലിനിക്ക് എന്നിവ അമൃതം ആരോഗ്യത്തിലൂടെ നടപ്പിലാക്കിയ പദ്ധതികളാണ്.

(സി) 2017-18-ൽ ഈ പദ്ധതിക്കായി 1000 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ 70 ശതമാനത്തിലേറെ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ചെലവഴിച്ചിട്ടുണ്ട്. 2018 മാർച്ചോടെ പൂർണ്ണമായും തുക ചെലവഴിക്കപ്പെടുമെന്ന് കണക്കാക്കുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആരോഗ്യ സുരക്ഷാ പദ്ധതി

189(202) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികൾ സർക്കാരിന്റെ ആരോഗ്യ സുരക്ഷാ പദ്ധതികളിൽ നിന്നും പിന്മാറുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

## നാഷണൽ ഹെൽത്ത് മിഷൻ പദ്ധതികൾ

190 (203) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹെൽത്ത് മിഷന് 2011 മുതൽ നാളിതുവരെ ഓരോ വർഷവും കേന്ദ്ര സർക്കാർ നൽകിവരുന്ന തുക എത്രയാണ്;

(ബി) നാഷണൽ ഹെൽത്ത് മിഷൻ വഴി നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമാണ്; അവയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

| വർഷം | തുക (കോടിയിൽ) |
|---|---|
| (1) | (2) |
| 2011-12 | 272.33 |
| 2012-13 | 227.65 |
| 2013-14 | 280.66 |

| (1) | (2) |
|---|---|
| 2014-15 | 224.94 |
| 2015-16 | 219.19 |
| 2016-17 | 191.94 |
| 2017-18(ജനുവരി 31 വരെ) | 215.04 |

(ബി) നാഷണൽ ഹെൽത്ത് മിഷൻ വഴി നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. മാതൃ ആരോഗ്യ പദ്ധതി
2. ജനനി സുരക്ഷാ യോജന
3. മാതൃമരണ ആഡിറ്റ് നടപ്പാക്കുക
4. ജനനി ശിശു സുരക്ഷാ കാര്യക്രം
5. നവജാതശിശുക്കളുടെ സ്ക്രീനിംഗ് പ്രോഗ്രാം
6. ശിശു ആരോഗ്യ പദ്ധതി
7. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം
8. ഇമ്മ്യൂണൈസേഷൻ
9. കുടുംബക്ഷേമ പദ്ധതി
10. കൗമാര ആരോഗ്യ പദ്ധതി
11. ആദിവാസി മേഖലയിലെ ആരോഗ്യ പദ്ധതി
12. ആരോഗ്യ പരിശീലനം
13. ആരോഗ്യ മേഖലയിലെ മാനവശേഷി വികസനം
14. അംഗീകൃത സാമൂഹിക ആരോഗ്യ പ്രവർത്തക പദ്ധതി (ASHA)
15. ആശുപത്രികൾ, സാമൂഹികാരോഗ്യ കേന്ദ്രം, പ്രാഥമികാരോഗ്യ കേന്ദ്രം, ഉപകേന്ദ്രം എന്നിവയ്ക്ക് ഉപാധിരഹിത ഫണ്ട്

16. ആശുപത്രികൾ, സാമൂഹികാരോഗ്യ കേന്ദ്രം, പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവയ്ക്ക് ആശുപത്രി നിർവ്വഹണ സമിതി ഗ്രാന്റ്

17. ആശുപത്രികൾ, സാമൂഹികാരോഗ്യ കേന്ദ്രം, പ്രാഥമികാരോഗ്യ കേന്ദ്രം, ഉപകേന്ദ്രം എന്നിവയ്ക്ക് അറ്റകുറ്റപ്പണികൾക്കുള്ള ഗ്രാന്റ്

18. ആശുപത്രികളുടെ നവീകരണവും കെട്ടിടനിർമ്മാണവും

19. ആശുപത്രി ഉപകരണങ്ങളുടെ ലഭ്യമാക്കൽ

20. ആശുപത്രികളിൽ ക്വാളിറ്റി അഷ്വറൻസ് പദ്ധതി നടപ്പാക്കുക

21. ആയുഷ് പദ്ധതികൾ

22. ആരോഗ്യ ബോധശീലവൽക്കരണ പ്രവർത്തനങ്ങൾ

23. പദ്ധതികളുടെ മേൽനോട്ടവും അവലോകനവും

24. ആരോഗ്യ വിവര ശേഖരണ പദ്ധതി (എച്ച്.എം.ഐ.എസ്)

25. റേഡിയോ ഹെൽത്ത്

26. ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതി

27. അയഡിൻ കുറവുമൂലമുണ്ടാകുന്ന രോഗ നിയന്ത്രണ പദ്ധതി

28. സംയോജിത രോഗ അവലോകന പദ്ധതി

29. ദേശീയ ജന്തുജന്യ രോഗ നിയന്ത്രണ പദ്ധതി

30. ദേശീയ ക്ഷയരോഗനിയന്ത്രണ പദ്ധതി

31. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി

**സ്വകാര്യ ആശുപത്രികൾക്ക് കൊടുക്കാനുള്ള തുക**

191 (204) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ്,കാരുണ്യ സ്നേഹസ്പർശം, ഇ.സി.എച്ച്.എസ്., ഇ.എസ്.ഐ., ആർ.എസ്.ബി.വൈ. തുടങ്ങിയ ആരോഗ്യ സുരക്ഷാ പദ്ധതികൾ നടപ്പിലാക്കിയ വകയിൽ സ്വകാര്യ ആശുപത്രികൾക്ക് കൊടുക്കാനുള്ള തുക എന്നത്തേക്ക് കൊടുത്തുതീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് പ്രൈവറ്റ് ഹോസ്പിറ്റൽ അസോസിയേഷന്റെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ സർക്കാർ പദ്ധതികളുടെ ആനുകൂല്യം ഉപയോഗിച്ച് സ്വകാര്യ ആശുപത്രികളിൽ ചികിത്സ നേടുന്നതിനുള്ള സൗകര്യം നിലനിർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവിധ ആരോഗ്യ സുരക്ഷാ പദ്ധതികൾക്കായുള്ള സാമ്പത്തിക സഹായം അതത് ആശുപത്രികൾ കൃത്യമായി ക്ലെയിമുകൾ സമർപ്പിക്കുന്ന മുറയ്ക്ക് നൽകിവരുന്നുണ്ട്. ഏതെങ്കിലും അപേക്ഷകളിന്മേൽ സാങ്കേതികതടസ്സംമൂലം സാമ്പത്തിക സഹായം മുടങ്ങിയിട്ടുണ്ടെങ്കിൽ അത്തരം കേസ്സുകൾ പ്രത്യേകം പരിശോധിച്ച് തീർപ്പാക്കുന്നതിന് ഇതിനകം തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ നടത്തുന്ന പദ്ധതികൾ

192(205) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ ഏതെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത് ;

(ബി) ഏതെല്ലാം ആശുപത്രികളിലാണ് ഇത് നടപ്പിലാക്കുന്നത്; ഇതിന്റെ പ്രവർത്തനങ്ങൾ സർക്കാർ എങ്ങനെയാണ് വിലയിരുത്തുന്നത്; കഴിഞ്ഞ അഞ്ചുവർഷത്തെ ഇതുമായി ബന്ധപ്പെട്ട കണക്കുകളും മറ്റ് പ്രവർത്തന വിവരങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

(എ) ലോകാരോഗ്യ സംഘടനയുടെ സാങ്കേതിക സഹായത്തോടുകൂടിയാണ് മീസൽസ് റൂബെല്ലാ വാക്സിനേഷൻ പദ്ധതി നടപ്പിലാക്കിയത്.

പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പദ്ധതിയും ലോകാരോഗ്യ സംഘടനയുടെ സാങ്കേതിക സഹായത്തോടുകൂടിയാണ് നടപ്പിലാക്കുന്നത്. ഇമ്മ്യൂണൈസേഷൻ പരിശീലന പരിപാടികളും ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ നടത്തിയിട്ടുണ്ട്.

(ബി) ഈ പദ്ധതികൾ രോഗപ്രതിരോധ കുത്തിവയ്പ്പ് പദ്ധതിയുടെ ഭാഗമായാണ് സംസ്ഥാനത്ത് നടപ്പാക്കിവരുന്നത്.

കേന്ദ്ര ആരോഗ്യ മന്ത്രാലയവും സംസ്ഥാന ആരോഗ്യവകുപ്പും ഇതിന്റെ പ്രവർത്തനങ്ങളെ മെച്ചപ്പെട്ട പ്രവർത്തനങ്ങളായി വിലയിരുത്തിയിട്ടുണ്ട്. ലോകാരോഗ്യ സംഘടനയിൽ നിന്ന് ഇതിനായി ഫണ്ട് ലഭിച്ചിട്ടില്ല. സാങ്കേതിക സഹായമാണ് ലഭ്യമാകുന്നത്.

**ആർദ്രം പദ്ധതി**

193(206) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിനായി രണ്ടാംഘട്ടത്തിൽ ബാലുശ്ശേരി മണ്ഡലത്തിൽനിന്നും ഏതൊക്കെ പ്രൈമറി ഹെൽത്ത് സെന്ററുകളെയാണ് പരിഗണിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) എല്ലാ പി.എച്ച്.സി.കളിലും ആർദ്രം പദ്ധതി നടപ്പിൽ വരുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി സർക്കാർ ഏതൊക്കെ പി.എച്ച്.സി.-കളെയാണ് ഉൾപ്പെടുത്തേണ്ടത് എന്ന കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) 2017-18 വർഷങ്ങളിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആദ്യഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ഉത്തരവായിട്ടുണ്ട്. ഇതിൽ 93 കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഇതിനോടകം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തിൽ (2018-19) ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കേണ്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പട്ടിക തയ്യാറാക്കിവരുന്നു.

നിലവിൽ തെരെഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 23 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തികൾ എൻ.എച്ച്.എം. വഴി അംഗീകൃത ഏജൻസികൾ മുഖാന്തരം നടന്നു വരുന്നു. ലാബ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 7 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്കായി 28.55 കോടി രൂപയും ലാബ് സൗകര്യങ്ങൾക്കായി 8 കോടി രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി തെരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചുനൽകിയിട്ടുണ്ട്. ഇത്തരത്തിൽ ആകെ 830 തസ്തികകൾ 2017-18-ൽ സൃഷ്ടിച്ചിട്ടുണ്ട്. അതോടൊപ്പം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ. പി. രജിസ്ട്രേഷൻ, സൈനേജുകൾ, സ്വകാര്യത യോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, ഇരിപ്പിടം, കുടിവെള്ളം, ടോയ്‌ലെറ്റ് എന്നീ സൗകര്യങ്ങളും ക്രമീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

**ആർദ്രം മിഷൻ**

194(207) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുഷ് വകുപ്പിന് കീഴിൽ ഏതെല്ലാം ചികിത്സാ സമ്പ്രദായങ്ങൾ ആണ് ഉൾപ്പെട്ടിട്ടുള്ളത്; ഇവയിൽ ഓരോന്നിന്റെയും പ്രോത്സാഹനത്തിനും ഉന്നമനത്തിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) സിദ്ധ വൈദ്യ ചികിത്സയുടെ പ്രോത്സാഹനത്തിനായി സിദ്ധ ഡിസ്പൻസറികൾ/ആശുപത്രികൾ നിലവിൽ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; പ്രസ്തുത സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന സിദ്ധ ഡോക്ടർമാർ എത്രയെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ സിദ്ധ ഡിസ്പൻസറികൾ/ആശുപത്രികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എവിടെയെല്ലാമാണ്;

(ഡി) പുതുതായി എത്ര സിദ്ധ ഡിസ്പൻസറികൾ/ആശുപത്രികൾ സ്ഥാപിക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; ആയതിലേക്ക് 2018-19 വർഷത്തെ ബജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ട്;

(ഇ) പുതിയ സിദ്ധ ഡിസ്പൻസറികൾ/ആശുപത്രികൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ആർദ്രം മിഷനിൽ ഉൾപ്പെടുത്തി പുതുതായി എത്ര തസ്തികകൾ സൃഷ്ടിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(എഫ്) ഇല്ലെങ്കിൽ പുതിയ സിദ്ധ ഡിസ്പൻസറികൾ/ആശുപത്രികൾ സ്ഥാപിക്കുന്നതിനോടൊപ്പം അവയ്ക്കാവശ്യമായ തസ്തിക ആർദ്രം മിഷനിൽ ഉൾപ്പെടുത്തി സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആയുഷ് വകുപ്പിനുകീഴിൽ ആയുർവേദം, സിദ്ധവൈദ്യം, യുനാനി, യോഗ & നാച്യുറോപതി, ഹോമിയോപ്പതി എന്നീ ചികിത്സാ സമ്പ്രദായങ്ങളാണ് നിലവിലുള്ളത്. ഇവയിൽ ഓരോന്നിന്റെയും പ്രോത്സാഹനത്തിനും ഉന്നമനത്തിനുമായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ ആറ് ജില്ലകളിലായി നിലവിൽ ഒരു സർക്കാർ സിദ്ധ ആശുപത്രിയും 8 സർക്കാർ സിദ്ധ ഡിസ്പെൻസറിയും പ്രവർത്തിച്ചുവരുന്നു. ആയത് അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.* ആറ് ജില്ലകളിലുള്ള സർക്കാർ സിദ്ധ സ്ഥാപനങ്ങളിലായി 11 സിദ്ധ മെഡിക്കൽ ഓഫീസർമാർ സേവനം അനുഷ്ഠിച്ചുവരുന്നു. സിദ്ധ സ്ഥാപനങ്ങൾ നിലവിലില്ലാത്ത എട്ട് ജില്ലകളിലും (പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കാസർഗോഡ്, കണ്ണൂർ) 2016-17 സാമ്പത്തിക വർഷം മുതൽ തെരഞ്ഞെടുത്ത ആയുർവേദ ആശുപത്രികളിൽ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി താൽക്കാലിക സിദ്ധ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. 2017-18 സാമ്പത്തിക വർഷത്തിലും ടി പദ്ധതി നടപ്പിലാക്കിവരുന്നു. ടി യൂണിറ്റുകളിൽ 8 താൽക്കാലിക സിദ്ധ മെഡിക്കൽ ഓഫീസർമാർ സേവനം അനുഷ്ഠിച്ചുവരുന്നു.

(സി) സിദ്ധ വിഭാഗത്തിൽ പുതിയ ഡിസ്പെൻസറികളും ആശുപത്രികളും അനുവദിച്ചിട്ടില്ല. എന്നാൽ 8 ജില്ലകളിൽ പുതിയ സിദ്ധ യൂണിറ്റുകൾ (താത്കാലികം) ആരംഭിച്ചിട്ടുണ്ട്.

(ഡി) എറണാകുളം ജില്ലയിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലും കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിലും പുതുതായി സർക്കാർ സിദ്ധ വൈദ്യ ഡിസ്പെൻസറി ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. ഭാരതീയ ചികിത്സാ വകുപ്പ് സ്ഥാപനങ്ങളുടെ നിലവാരമുയർത്തലും ആധുനികവത്കരണവും എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 2018-19 സാമ്പത്തിക വർഷം 2300 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഇ&എഫ്) ആർദ്രം പദ്ധതി മുഖേന ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഘട്ടംഘട്ടമായി എല്ലാ ജില്ലാ ആയുർവേദ ആശുപത്രികളിലും സ്ഥിരം സിദ്ധ വിഭാഗങ്ങൾ അനുവദിക്കുന്നതിനും തസ്തിക സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കരൾമാറ്റ ശസ്ത്രക്രിയ

195(208) ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയയ്ക്കായി പ്രത്യേക വിഭാഗം നിലവിലുണ്ടോ;

(ബി) കരൾമാറ്റ ശസ്ത്രക്രിയയ്ക്കായി പ്രത്യേക ഉപകരണങ്ങളും ലാബും തീവ്ര പരിചരണത്തിനായി പ്രത്യേക വിഭാഗവും പ്രസ്തുത മെഡിക്കൽ കോളേജിൽ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനായി എന്ത് തുക ഇതിനകം ചെലവഴിച്ചുവെന്ന് വിശദമാക്കാമോ;

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്ര കരൾമാറ്റ ശസ്ത്രക്രിയകൾ ഇതിനകം നടന്നു ;

(ഡി) എല്ലാ സജ്ജീകരണങ്ങളും നിലവിലുണ്ടെങ്കിലും കരൾമാറ്റ ശസ്ത്രക്രിയ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) സ്വകാര്യ ആശുപത്രികളിൽ ലക്ഷക്കണക്കിന് രൂപ ഈടാക്കുന്ന ഈ ശസ്ത്രക്രിയ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പുനരാരംഭിക്കുന്നതിന് അടിയന്തര നടപടികൾ കൈക്കൊള്ളുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) കരൾമാറ്റ ശസ്ത്രക്രിയയ്ക്കായി പ്രത്യേക ഉപകരണങ്ങളും പ്രത്യേക തീവ്ര പരിചരണ വിഭാഗവും സ്ഥാപിച്ചിട്ടുണ്ട്. പ്രത്യേക ലാബ് സ്ഥാപിച്ചിട്ടില്ല. കരൾമാറ്റ ശസ്ത്രക്രിയയ്ക്കുള്ള വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി 4,14,63,423 രൂപ (നാല് കോടി പതിനാല് ലക്ഷത്തി അറുപത്തി മൂവായിരത്തി നാനൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(സി) ഒന്ന്.

(ഡി&ഇ) മരണാനന്തര അവയവദാന പ്രക്രിയ പ്രകാരം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടന്ന ആദ്യത്തെ കരൾമാറ്റ ശസ്ത്രക്രിയയിൽ കരൾ സ്വീകരിച്ച രോഗി അവയവദാതാവിൽ നിന്നുണ്ടായ അണുബാധമൂലം മരണപ്പെടുക യുണ്ടായി. തുടർന്ന് ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഇന്റൻസീവ് കെയർ യൂണിറ്റിലെ അണുബാധ നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മ പരിഹരിക്കുന്ന

തിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിനെ ചുമതലപ്പെടുത്തുകയും ചെയ്തു. മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിന്റെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ച് ഇതിനായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്

196(209) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര നിയോജക മണ്ഡലത്തിൽ എ. ആർ നഗർ ഗ്രാമപഞ്ചായത്തിലെ കുന്നംപുറം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ നൽകിയിട്ടുള്ള കത്തുകളുടെയും റിപ്പോർട്ടുകളുടെയും പകർപ്പുകൾ നല്കാമോ;

(ബി) ഈ പദ്ധതിക്ക് ആരോഗ്യവകുപ്പ് അനുമതി നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കാമോ?

ഉത്തരം

(എ) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) 6-8-2016 തീയതിയിലെ കത്ത് പ്രകാരം സർക്കാർ അനുമതിയില്ലാത്ത വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം നിർത്തിവയ്ക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടതനുസരിച്ച് നിർമ്മാണ പ്രവർത്തനം നിർത്തിവയ്ക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് 27-10-2017 തീയതിയിലെ കത്ത് പ്രകാരം ടി പ്രവൃത്തിക്ക് ഉപാധികളോടെ അംഗീകരിക്കുന്നതിൽ ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ വിഷയം 271/ഇ 2/16/ആകുവ പ്രകാരം പരിശോധിച്ച് വരികയാണ്.

## സി.എച്ച്.സി.-കളിൽ ട്രോമാകെയർ സംവിധാനം

197(210) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സി എച്ച് സി-കളിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

സി.എച്ച്.സി.-കളിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല എന്നാലും കാഷ്വാലിറ്റി സംവിധാനം സുഗമമായി നടക്കുന്നതിന് എല്ലാ സി.എച്ച്.സി.-കളിലെയും ഡോക്ടർമാർക്ക് എമർജൻസി മെഡിക്കൽ കെയറിന് വേണ്ട പരിശീലനം നൽകിയിട്ടുണ്ട്.

**അത്യാഹിത വിഭാഗം ഡോക്ടർമാരുടെ സേവനം**

198(211) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെ അത്യാഹിത വിഭാഗം ഡോക്ടറുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) അതിർത്തി പ്രദേശമായ പാറശ്ശാലയിൽ റോഡപകടങ്ങളിൽ പരിക്കേറ്റ് എത്തുന്നവരെ മെഡിക്കൽ കോളേജുകളിലേയ്ക്ക് അയയ്ക്കുന്നതിലൂടെ അവരുടെ ജീവനുതന്നെ ഭീഷണിയാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പാറശ്ശാല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ആക്സിഡന്റ് ട്രോമാകെയർ വിഭാഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) പാറശ്ശാല താലൂക്ക് ആശുപത്രിയിൽ 24 മണിക്കൂറും അത്യാഹിത വിഭാഗം ഡോക്ടറുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പാറശ്ശാല താലൂക്കാശുപത്രിയിൽ റോഡപകടങ്ങളിൽ പരിക്കേറ്റ് വരുന്ന രോഗികൾക്ക് നിലവിലെ സൗകര്യങ്ങൾക്കകത്തുനിന്നും പരമാവധി ചികിത്സ ലഭ്യമാക്കുകയും കൂടുതൽ വിദഗ്ദ്ധ ചികിത്സ ആവശ്യമായി വരുന്ന രോഗികളെ മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് അയയ്ക്കുകയുമാണ് ചെയ്യുന്നത്.

(സി) പാറശ്ശാല താലൂക്കാശുപത്രിയിൽ ആക്സിഡന്റ് ട്രോമാകെയർ വിഭാഗം ആരംഭിക്കുന്നതിനുള്ള ശിപാർശ ലഭിക്കുന്നമുറയ്ക്ക് സർക്കാർതലത്തിൽ പരിശോധിക്കുന്നതാണ്.

## നിലമ്പൂർ ജില്ലാ ആശുപത്രിയിലേക്കും ചുങ്കത്തറ സി.എച്ച്.സി.-യിലേക്കുമുള്ള ഡയാലിസിസ് മെഷീൻ

199(212) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ലാ ആശുപത്രിയിലേക്കും, ചുങ്കത്തറ സി.എച്ച്.സി-യിലേക്കുമുള്ള ഡയാലിസിസ് മെഷീൻ അനുവദിക്കുന്നതിന് എം.എൽ.എ. എ.ഡി.എഫി.-ൽ നിന്നും എൺപത് ലക്ഷം രൂപ അനുവദിച്ച് ഒന്നര വർഷമായിട്ടും സാങ്കേതിക അനുമതി ലഭിക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) MSP3/22489-എന്ന ഈ ഫയൽ ഡി.എച്ച്.എസ് ഓഫീസിൽ വൈകിപ്പിച്ച ഉദ്യോഗസ്ഥന്റെ പേരും സ്ഥാനപ്പേരും ലഭ്യമാക്കാമോ; ഈ ഫയൽ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) ഇതിന് എന്നത്തേക്ക് സാങ്കേതിക അനുമതി നൽകാൻ കഴിയും എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ ജില്ലാ ആശുപത്രിയിലും ചുങ്കത്തറ സി.എച്ച്.സി.-യിലും ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനും ഇതിനായി ആകെ 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ സാങ്കേതികാനുമതി നൽകുകയും അനുമതിയുടെ പകർപ്പ് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർക്കും നിലമ്പൂർ ജില്ലാ ആശുപത്രി സൂപ്രണ്ടിനും ചുങ്കത്തറ സാമൂഹികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർക്കും തപാൽ മുഖേനയും ഇ-മെയിൽ സന്ദേശം മുഖേനയും അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) നടപടിക്രമങ്ങളിലുള്ള കാലതാമസം മാത്രമാണ് ഉണ്ടായിട്ടുള്ളത്. ബോധപൂർവ്വമായ വീഴ്ച ഉണ്ടായതായി കാണുന്നില്ല.

(സി) 21-2-2018-ലെ എം.എസ്.പി.3/22489/2017 പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

## കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തിയ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ

200(213) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(ബി) ഇപ്രകാരം കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തിയ ആശുപത്രികളിൽ നിന്നും കൂടുതലായി എന്തൊക്കെ സേവനങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ആദ്യഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുബാരോഗ്യ കേന്ദ്രങ്ങളായി തെരഞ്ഞെടുത്ത് ഉത്തരവായിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) മെച്ചപ്പെട്ട ചികിത്സ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതിനായി ടി സ്ഥാപനങ്ങളിൽ സ്റ്റാഫ് നഴ്സ്, ഡോക്ടർ, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവയിൽ ആകെ 830 തസ്തികകൾ സൃഷ്ടിച്ചുനൽകിയിട്ടുണ്ട്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും മാതൃ-ശിശു ആരോഗ്യ കാര്യങ്ങൾക്കും പകർച്ചവ്യാധി പ്രതിരോധത്തിനുമൊപ്പം രക്തസമ്മർദ്ദം, പ്രമേഹം ഉൾപ്പെടെയുള്ള ജീവിതശൈലീ രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നവയായി ഇവ മാറ്റുന്നതിനും രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക എന്നതും വാർഡുതല ആരോഗ്യ ശുചിത്വ സമിതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉയർന്ന തലത്തിലുള്ള പങ്കാളിത്തത്തോടെ നടപ്പിലാക്കുക എന്നിവയാണ് ആർദ്രം പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

നിലവിൽ എഫ്.എച്ച്.സി.കളിൽ ഉച്ചവരെ മാത്രമായിരുന്നു ചികിത്സ ലഭിച്ചിരുന്നത്. ഇപ്പോൾ രാവിലെ 9 മണി മുതൽ വൈകിട്ട് ആറ് മണിവരെ രണ്ട് ഷിഫ്റ്റിലായി കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതാണ്.

## സി.എച്ച്.സി. -കളിലെ സ്റ്റാഫ് പാറ്റേൺ

201(214) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എച്ച്.സി.-കളിലെ സ്റ്റാഫ് പാറ്റേൺ ഏകീകരിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് സഹിതം വിശദവിവരം നൽകുമോ;

(ബി) കോങ്ങാട് സി.എച്ച്.സി.-യിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനാവശ്യമായ തസ്തികകൾ അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 25-1-2018-ലെ KV/4051/2018-ാം നമ്പർ കത്തുപ്രകാരം നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2-8-1961-ലെ ജി.ഒ.(ആർ.ടി.)നമ്പർ3150/61/ആ.കു.വ. പ്രകാരമാണ് സ്റ്റാഫ് പാറ്റേൺ ആരോഗ്യവകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ നിലവിൽവന്നത്. ഈ സ്റ്റാഫ് പാറ്റേൺ ഐ.പി. വിഭാഗം കിടക്കകളുടെ എണ്ണം മാത്രം ആസ്പദമാക്കിയിട്ടുള്ളതാണ്. 1961-ൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതിനുശേഷം ആരോഗ്യരംഗത്ത് ആധുനികവും നൂതനവുമായ ധാരാളം ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കുകയുണ്ടായി. അതിനുശേഷം 2008-ൽ സ്റ്റാൻഡൈസേഷന്റെ ഭാഗമായി 6-11-2008-ലെ ജി.ഒ.(എംഎസ്.) നമ്പർ568/08/ആ.കു.വ. എന്ന ഉത്തരവ് പ്രകാരം സ്റ്റാഫ് പാറ്റേൺ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് അധിക തസ്തികകൾ സൃഷ്ടിച്ചിരുന്നില്ലെങ്കിലും മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി ആർദ്രം പദ്ധതിയിലൂടെ ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചുനൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെകീഴിൽ ആകെ 4271 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.)*

(ബി) പ്രസ്തുത നിവേദനം ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ ലഭ്യമായിട്ടില്ല.

## കൂടൽ ആശുപത്രി കെട്ടിട നിർമ്മാണം

202(215) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലുള്ള കൂടൽ വനിതകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിട നിർമ്മാണത്തിന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിരുന്നുവോ; എങ്കിൽ എന്നാണ് പൂർത്തീകരിച്ചത്;

(ബി) ആയതിനുശേഷം നാളിതുവരെയായി എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് ഇനംതിരിച്ച് വെളിപ്പെടുത്തുമോ;

(സി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ചശേഷം നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ആയത് പരിഹരിച്ച് കെട്ടിട നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ടെണ്ടർ നടപടികൾ സ്വീകരിച്ച് തുടങ്ങിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ജില്ലാ മെഡിക്കൽ ഓഫീസർ ടി ആശുപത്രിയുടെ നിർമ്മാണം സംബന്ധിച്ച് താലൂക്ക് ആശുപത്രി മല്ലപ്പള്ളി, പി.എച്ച്.സി. കുടൽ, പി.എച്ച്.സി. റാന്നി എന്നീ സ്ഥലങ്ങൾ നിർദ്ദേശിക്കുകയും തുടർന്ന് കൂടുതൽ സൗകര്യപ്രദവും ആവശ്യമായ സ്ഥലവുമുള്ള വള്ളിക്കോട് പി.എച്ച്.സി. പരിഗണിക്കാമെന്ന് അറിയിക്കുകയും ചെയ്തു. ആയത് ഫയൽ നമ്പർ 31/എഫ്ഡബ്ല്യു1/ഹെൽത്ത് പ്രകാരം പരിശോധിച്ചുവരികയാണ്.

(സി&ഡി) ആശുപത്രിക്കാവശ്യമായ സ്ഥലം ഏതാണെന്ന് സർക്കാർ തലത്തിൽ തീരുമാനമെടുക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

203(216) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന കൊട്ടാരക്കര ഗവൺമെന്റ് താലൂക്ക് ആശുപത്രി, കുളക്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, നെടുമൺകാവ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നീ ആരോഗ്യ കേന്ദ്രങ്ങൾക്ക് 2016-17, 2017-18 വർഷങ്ങളിൽ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ, കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്നിവവഴി അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

കൊട്ടാരക്കര താലൂക്ക് ആശുപത്രിക്ക് 2016-17 വർഷത്തിൽ എൻ.എച്ച്.എം. (ഫണ്ട് ഹെഡ് ക്വാളിറ്റി) മുഖേന അനുവദിച്ച 2,80,000 രൂപ (രണ്ട് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) ഉപയോഗിച്ച് ലേബർ റൂമിന്റെ ഒന്നാംഘട്ട നിർമ്മാണം നടത്തി. കായകൽപ്പ് ഫണ്ട് ഹെഡിൽ അനുവദിച്ച 59,000 രൂപ (അമ്പത്തിയൊമ്പതിനായിരം രൂപ മാത്രം) ആശുപത്രി സൈനേജ് ബോർഡുകൾക്കും ഇൻഫെക്ഷൻ കൺട്രോൾ ഉപകരണങ്ങൾ, ഇമേജ് ബക്കറ്റ്, നീഡിൽ ഡിസ്ട്രോയർ, സ്റ്റീൽഡ്രം, ട്രേ മുതലായവ വാങ്ങുന്നതിനും ഇമേജ് വേസ്റ്റ് സൂക്ഷിക്കുന്നതിനായി ഷെഡ് നിർമ്മിക്കുന്നതിനും വിനിയോഗിച്ചു.

2017-18 വർഷത്തിൽ കായകൽപ്പ് ഹെഡിൽ എൻ.എച്ച്.എം. അനുവദിച്ച 4,09,000 രൂപ (നാല് ലക്ഷത്തി ഒൻപതിനായിരം രൂപ മാത്രം) ഫാർമസിയിലും ഒഫ്ത്താൽമോളജി ഒ.പി.യിലും എ.സി. ഫാർമസി ഇലക്ട്രിഫിക്കേഷൻ, ലേബർ മുറിയിൽ പ്ലാസ്റ്റിക് കർട്ടൻ, ഒ.പി. ഫാർമസി പെയിന്റിംഗ്, കാറ്ററാക്ട് സർജറി മുറി മെയിൽ/ഫീമെയിൽ സെപ്പറേഷൻ, പീഡിയാട്രിക് വാർഡ് ഐസൊലേഷൻ/ബോർഡ് സെപ്പറേഷൻ, ഇൻഫക്ഷൻ കൺട്രോൾ ഉപകരണങ്ങൾ എന്നിവയ്ക്കായി വിനിയോഗിച്ചു.

2017-18 അഡിഷനാലിറ്റി ഹെഡിൽ എൻ.എച്ച്.എം. അനുവദിച്ച 2,50,000 രൂപ (രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) വിനിയോഗിച്ച് ആശുപത്രിയിൽ ആവശ്യമായി വന്ന എല്ലാ റിപ്പയർ ജോലികളും ചെയ്യുകയും ചെയ്തു.

2017-18 ൽ കെ.എം.എസ്.സി.എൽ., ഡി.എച്ച്.എസ്. മുഖേന അനുവദിച്ച 90 ലക്ഷം രൂപ ട്രോമാകെയർ യൂണിറ്റിന് ഉപകരണങ്ങൾ വാങ്ങുന്നതിനായി വിനിയോഗിച്ചു.

കുളക്കട സി.എച്ച്.സി.യിൽ 2017-18 വർഷത്തിൽ എൻ.എച്ച്.എം. അനുവദിച്ച 60,000 രൂപ (അറുപതിനായിരം രൂപ മാത്രം) വിനിയോഗിച്ച് രോഗികൾക്ക് ഇരിക്കുന്നതിനുള്ള എയർപോർട്ട് ചെയർ 12 എണ്ണം വാങ്ങിച്ചു.

നെടുമൺകാവ് സി.എച്ച്.സി.യിൽ പുതിയ ഒ.പി. കെട്ടിടം നിർമ്മിക്കുന്നതിനായി 2017-18 വർഷത്തിൽ എൻ.എച്ച്.എം. 1,40,00,000 രൂപ (ഒരു കോടി നാല്പത് ലക്ഷം രൂപ മാത്രം) അനുവദിച്ചു. കൺസൾട്ടൻസിയായ ബി.എസ്.എൻ.എൽ. കൊല്ലം ഏഷ്യൻ കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് ടെണ്ടർ നൽകുകയും 2018 ഫെബ്രുവരി മാസം മുതൽ കെട്ടിടം പണി തുടങ്ങുകയും ചെയ്തു. ടി സ്ഥാപനത്തിന് പണി പൂർത്തിയാക്കാൻ പത്ത് മാസത്തെ സമയം നൽകിയിട്ടുണ്ട്.

## പി.എച്ച്.സി.-കളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നടപടി

204(217) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഏതൊക്കെ പി.എച്ച്.സി.കളെയാണ് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കിയതെന്ന് നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി ജില്ലയിൽ എത്രപേരെ പുതുതായി നിയമിച്ചിട്ടുണ്ടെന്നും എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) കുടുംബാരോഗ്യകേന്ദ്രമാക്കുന്നതിനായി നിർദ്ദേശിച്ച അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യംമ്പുഴ ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി.യെ പ്രസ്തുത പദ്ധതിയിലേക്ക് പരിഗണിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത പി.എച്ച്.സി.-യെ എന്നത്തേക്ക് കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) എറണാകുളം ജില്ലയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ പി.എച്ച്.സി.കൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

| നിയോജകമണ്ഡലം | സ്ഥാപനം |
|---|---|
| തൃപ്പൂണിത്തുറ | എഫ്.എച്ച്.സി., ഏരൂർ |
| മൂവാറ്റുപുഴ | എഫ്.എച്ച്.സി., പായിപ്ര |
| പെരുമ്പാവൂർ | എഫ്.എച്ച്.സി., കോടനാട് |
| ആലുവ | എഫ്.എച്ച്.സി., ചൊവ്വര |
| വൈപ്പിൻ | എഫ്.എച്ച്.സി., നായരമ്പലം |
| പിറവം | എഫ്.എച്ച്.സി., തിരുമാറാടി |
| കൊച്ചി | എഫ്.എച്ച്.സി., ചെല്ലാനം |
| കോതമംഗലം | എഫ്.എച്ച്.സി., കുട്ടമ്പുഴ |
| അങ്കമാലി | എഫ്.എച്ച്.സി., മഞ്ഞപ്ര |
| കുന്നത്തുനാട് | എഫ്.എച്ച്.സി., , മഴുവന്നൂർ |
| | എഫ്.എച്ച്.സി.,വാഴക്കുളം |
| കളമശ്ശേരി | എഫ്.എച്ച്.സി., കരുമാല്ലൂർ |
| എറണാകുളം | എഫ്.എച്ച്.സി, ചേരാനല്ലൂർ |
| തൃക്കാക്കര | എഫ്.എച്ച്.സി., തൃക്കാക്കര |
| നോർത്ത് പറവൂർ | എഫ്.എച്ച്.സി., ഗോതുരുത്ത് |

(ബി) 15 അസിസ്റ്റന്റ് സർജൻ, 15 ലാബ് ടെക്നീഷ്യൻ ഗ്രേഡ് II എന്നീ തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റാഫ് നഴ്സിന്റെ 30 തസ്തികകൾ നിയമനം നടത്തുന്നതിന് പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ നാല് ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും 16 ഒഴിവിലേക്ക് മറ്റ് സ്ഥാപന

ങ്ങളിൽനിന്ന് സ്ഥലംമാറ്റം മുഖേനയും നിയമനം നടത്തിയിട്ടുണ്ട്. അവശേഷിക്കുന്ന 10 ഒഴിവിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. (വിശദ വിവരം അനുബന്ധമായി ചേർക്കുന്നു)*

(സി&ഡി) 2018-19 വർഷങ്ങളിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുക്കേണ്ട ആശുപത്രികളുടെ കരട് പട്ടികയിൽ അയ്യമ്പുഴ പി.എച്ച്.സി.യും ഉൾപ്പെട്ടിട്ടുണ്ട്. കരട് സർക്കാർ പരിശോധിച്ചു വരുന്നു.

**കോന്നി താലൂക്ക് ആശുപത്രി**

205(218) ശ്രീ.അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്നും എന്നാണ് അനുവദിച്ചതെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയുടെ പണി നാളിതുവരെയായി ആരംഭിക്കാത്തത് എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) നിലവിൽ പണികൾ പൂർത്തീകരിക്കാത്തതിന് എന്തെല്ലാം തടസ്സങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ആയവ പരിഹരിക്കുന്നതിന് സർക്കാർതലത്തിൽ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) അടിയന്തരമായി പണി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ;

(എഫ്) പുതിയ കെട്ടിടത്തിന്റെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

(എ) നിലവിൽ തുക അനുവദിച്ചിട്ടില്ല. എന്നാൽ 318 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. വിഭാഗം മുഖേന ലഭ്യമാക്കിയിരുന്നു. ആയത് Major Construction under DHS എന്ന ശീർഷകത്തിൽ 2017-18 വർഷത്തെ പദ്ധതിയിൽ 4210-1-110-74 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ വകയിരുത്തിയിട്ടുള്ള 41.26 കോടിയിൽ ഉൾപ്പെടുത്തുന്നതിനാണ് ടി എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുള്ളത്. പി.ഡബ്ല്യു.ഡി. സമർപ്പിച്ച പ്രൊപ്പോസലിൽ പി.എച്ച്.സി. എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ടി സ്ഥാപനം താലൂക്ക് ആശുപത്രിയായി സർക്കാർ ഉയർത്തുകയുണ്ടായി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഈ സാഹചര്യത്തിൽ പി.എച്ച്.സി. എന്ന നിലയ്ക്ക് തയ്യാറാക്കിയ പ്രൊപ്പോസൽ താലൂക്കാശുപത്രിയെന്ന് പി.ഡബ്ല്യു.ഡി.-യിൽ നിന്ന് മാറ്റിക്കിട്ടിയാൽ മാത്രമെ അനുമതിക്കായി സമർപ്പിക്കാൻ കഴിയുകയുള്ളൂ. ആയതിന്റെ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഫണ്ട് ലഭ്യമല്ലാത്തതുകൊണ്ടാണ് പണികൾ തുടങ്ങാൻ സാധിക്കാത്തത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പണി തുടങ്ങുന്നതാണ്.

(സി) പി.ഡബ്ല്യു.ഡി. സമർപ്പിച്ച പ്രൊപ്പോസൽ മാറ്റി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ഡി-എഫ്) ടി പ്രൊപ്പോസലിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**സാമൂഹികാരോഗ്യ കേന്ദ്രം**

206(219) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഒരു സാമൂഹിക ആരോഗ്യ കേന്ദ്രം ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ ;വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് ഏതെങ്കിലും ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ (കൊണ്ടോട്ടി ഒഴികെ) സി.എച്ച്.സി-കൾ ഇല്ലാത്തതായിട്ടുണ്ടോ; എങ്കിൽ അത്തരം ബ്ലോക്ക് പഞ്ചായത്തുകളുടെ പട്ടിക ലഭ്യമാക്കാമോ;

(ഡി) കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ സി.എച്ച്.സി തുടങ്ങുന്നതിനുള്ള ഏതെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്ന കൊണ്ടോട്ടി സി.എച്ച്.സി.-യെ 23-1-2018-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 258/18/ആ.കു.വ. തീയതി 23-1-2018 പ്രകാരം താലൂക്കാശുപത്രിയായി ഉയർത്തിയിട്ടുണ്ട്. നിലവിൽ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിനുകീഴിൽ സാമൂഹികാരോഗ്യ കേന്ദ്രം ഇല്ല.

(ബി) സ്ഥാപനങ്ങളുടെ പദവി ഉയർത്തുക, പുതിയ സ്ഥാപനങ്ങൾ അനുവദിക്കുക എന്നതിനല്ല വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സ്റ്റാഫ് പാറ്റേണിലുള്ള മാറ്റങ്ങളടക്കം സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നൽകുന്നത്. ആയതിന്റെ ഭാഗമായി നടപ്പിലാക്കിയ ആർദ്രം പദ്ധതി മികച്ച രീതിയിൽ പുരോഗമിച്ചുവരികയാണ്.

(സി) മലപ്പുറം ജില്ലയിൽ വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലും മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലും നിലവിൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ഇല്ല.

(ഡി) ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ പട്ടിക പരിശോധിച്ചുവരുന്നു.

പുതിയ താലൂക്ക് രൂപീകരിച്ചതിന്റെ ഭാഗമായാണ് സി.എച്ച്.സി.-യെ താലൂക്കാശുപത്രിയാക്കിയത്. ഇത്തരം സാഹചര്യംമൂലം സി.എച്ച്.സി. ബ്ലോക്കില്ലാത്തയിടങ്ങളിൽ അക്കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

## കൊരട്ടി ഗാന്ധിഗ്രാമ ത്വക്ക് രോഗാശുപത്രി

207(220) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഗാന്ധിഗ്രാമ ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്ക് എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് വെൽഫെയർ വിഭാഗത്തിൽ ഉൾപ്പെടുത്തി റേഷൻ അരി നൽകി വന്നിരുന്നത്, പെർമിറ്റ് പുതുക്കിയപ്പോൾ പ്രതിമാസം 17.55 ക്വിന്റൽ അരി എന്നത് 8.5 ക്വിന്റലായി വെട്ടിക്കുറച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം അന്തേവാസികൾക്ക് ആവശ്യത്തിന് അരി ലഭിക്കാത്തതും അനുവദിച്ച അരിതന്നെ യഥാസമയം ലഭിക്കാത്തതും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) റേഷൻ പെർമിറ്റ് പുതുക്കി ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തി കൂടുതൽ അരി അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഈ വിഷയം സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഇക്കാര്യം ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരമാർഗ്ഗമുണ്ടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## തലശ്ശേരി ജനറൽ ഹോസ്പിറ്റൽ

208(221) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തെ ബജറ്റിൽ ആരോഗ്യമേഖലയുടെ സമഗ്ര വികസനത്തിനായി തലശ്ശേരി നിയോജകമണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തലശ്ശേരി ജനറൽ ഹോസ്പിറ്റലിന്റെ സമഗ്ര വികസനത്തിന് 2018-19 വർഷത്തെ ബഡ്ജറ്റിൽ എന്തെങ്കിലും തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 2018-19-ൽ അവതരിപ്പിച്ച ബജറ്റിൽ തലശ്ശേരി മണ്ഡലത്തിലെ ജനറൽ ആശുപത്രിക്ക് സ്ഥാപനത്തിന്റെ പേര് പറഞ്ഞ് പ്രത്യേക പദ്ധതികൾ അനുവദിച്ചിട്ടില്ല. എന്നാൽ ആരോഗ്യ വകുപ്പ് വലിയ പ്രാധാന്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയായ 'ആർദ്രം മിഷന്റെ ' ശക്തിപ്പെടുത്തലിന്റെ ഭാഗമായി തെരഞ്ഞെടുത്ത ആശുപത്രികളിൽ ഒന്ന് തലശ്ശേരി ആശുപത്രിയാണ്. ആർദ്രം മിഷന്റെ ഭാഗമായി തലശ്ശേരി ജനറൽ ആശുപത്രിക്ക് ഒ.പി.ഡി. ട്രാൻസ്ഫോർമേഷനുവേണ്ടി 1,10,00,000 രൂപ അനുവദിച്ചിട്ടുണ്ട്. കാരുണ്യ ഫാർമസി അനുവദിച്ചു. യൂറോളജി ഉപകരണങ്ങൾക്ക് 81.86 ലക്ഷം രൂപ 2017-18- ൽ അനുവദിച്ചു. ഡബ്ല്യു & സി അനുവദിച്ചു. നടപടി ക്രമങ്ങൾ നടന്നുവരുന്നു.

## മലപ്പുറം ജില്ലയിലെ ഡയാലിസിസ് കേന്ദ്രങ്ങൾ

209(222) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി - മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിലെ ഏതെല്ലാം സർക്കാർ ആശുപത്രികളിലാണ് ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പാക്കേജിൽ മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ ഉൾപ്പെടുത്താതിരുന്നതിനുള്ള സാഹചര്യം വ്യക്തമാക്കാമോ;

(സി) ജില്ലാ ആസ്ഥാനത്തെ ഏക സർക്കാർ ആശുപത്രിയായ മലപ്പുറം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) താലൂക്ക് ആസ്ഥാന ആശുപത്രി, തിരൂരങ്ങാടി

താലൂക്ക് ആസ്ഥാന ആശുപത്രി, പെരിന്തൽമണ്ണ

(ബി&സി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ആലത്തൂർ താലൂക്ക് ആശുപത്രിക്ക് അനുവദിച്ച തുക

210(223) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിക്ക് ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെയായി എത്ര തുകയാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ പ്രവർത്തനങ്ങൾക്കാണ് തുക അനുവദിക്കപ്പെട്ടതെന്ന് വിശദാംശം നൽകാമോ?

ഉത്തരം

(എ) ആലത്തൂർ താലൂക്കാശുപത്രിയിലേയ്ക്ക് ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ 2,30,30,910(രണ്ട് കോടി മുപ്പത് ലക്ഷത്തി മുപ്പതിനായിരത്തി തൊള്ളായിരത്തി പത്ത് രൂപ) അനുവദിച്ചിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

## പട്ടാമ്പി താലൂക്ക് ആശുപത്രിയുടെ വികസനം

211(224) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി താലൂക്ക് ആശുപത്രി വികസനവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ആശുപത്രിയോടുചേർന്ന് നിൽക്കുന്ന ശാരദ മെമ്മോറിയൽ ക്ലബ്ബ് പ്രവർത്തിച്ചിരുന്ന സ്ഥലം ആശുപത്രി വികസനത്തിനായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എവിടെ വരെയായി എന്ന് വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ സ്ഥലം കുറവായതുകാരണം ആശുപത്രി വികസനത്തിനുവേണ്ടി ആശുപത്രിയോട് ചേർന്നുനിൽക്കുന്ന ശാരദ മെമ്മോറിയൽ ക്ലബ്ബ് പ്രവർത്തിച്ചിരുന്ന സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടങ്ങി. നിലവിലുള്ള ഓപ്പറേഷൻ തിയേറ്ററിൽ സ്ഥലപരിമിതി കാരണം ഒഴിഞ്ഞു കിടക്കുന്ന ഒരു കെട്ടിടം മുനിസിപ്പാലിറ്റി ഫണ്ടുപയോഗിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

(ബി) സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. ആയത് പൂർത്തീകരിച്ചതിനുശേഷമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**വെൺപകൽ ആശുപത്രി**

212(225) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ വെൺപകൽ ആശുപത്രിയുടെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.ഡബ്ല്യൂ.ഡി. നൽകിയ ഡി.പി.ആർ. അനുസരിച്ച് എത്ര തുക ആണ് കെട്ടിടം പണി പൂർത്തീകരിക്കുന്നതിന് ചെലവാക്കുന്നതെന്ന് വിശദീകരിക്കാമോ;

(സി) വെൺപകൽ ആശുപത്രിയുടെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് പി.ഡബ്ല്യൂ.ഡി. നൽകിയ ഡി.പി.ആർ. അനുസരിച്ച് തുക അനുവദിക്കുന്നതിന് തടസ്സം ഉണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദീകരിക്കുമോ ;

(ഡി) ഈ ആശുപത്രിയുടെ കെട്ടിട നിർമ്മാണം ഏതുവർഷത്തിൽ ആണ് ആരംഭിച്ചത് ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പ്രസ്തുത ആശുപത്രിക്ക് എം.എൽ.എ. ഫണ്ടിൽനിന്നും അനുവദിച്ച 1.60 കോടി രൂപകൊണ്ട് 2 നിലകളുടെ അടിസ്ഥാന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ആരോഗ്യവകുപ്പിന് കീഴിലുള്ള "പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വെൺപകൽ (സി.എച്ച്.സി.) ആശുപത്രിയുടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള 2.35 കോടി രൂപയുടെ ശിപാർശ ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത പദ്ധതിയിൽ ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തങ്ങൾക്ക് മുൻഗണന നൽകിയിട്ടുള്ളതിനാൽ വെൺപകൽ പ്രൈമറി ഹെൽത്ത് സെന്ററിന്റെ നിർമ്മാണ പ്രവൃത്തി ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

(ഡി) പ്രസ്തുത ആശുപത്രിയുടെ കെട്ടിട നിർമ്മാണം 22-6-2014-ൽ ആരംഭിച്ചു.

## കാട്ടാക്കട താലൂക്ക് ആശുപത്രി

213(226) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ട മലയിൻകീഴ് സി.എച്ച്.സി.-യുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി അടിയന്തര പ്രാധാന്യത്തോടെ സ്വീകരിക്കാമോ;

(ബി) താലൂക്കാശുപത്രിക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി എന്തായെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തിയ മലയിൻകീഴ് സി.എച്ച്.സി.-യുടെ സമഗ്രവികസനം നടപ്പിലാക്കുന്നതിലേയ്ക്കായി എൻ.എച്ച്.എം. മുഖേന ഡിജിറ്റൽ സർവ്വേ നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) 29-9-2017-ലെ സ.ഉ.നമ്പർ (എംഎസ്.)136/2017/ആ.കു.വ. പ്രകാരം താഴെപ്പറയുന്ന തസ്തികകൾ ഇതിനകം സൃഷ്ടിച്ച് നൽകിയിട്ടുണ്ട്.

1. അസിസ്റ്റന്റ് ഡയറക്ടർ -01
2. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ -04
3. ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)-01
4. ഫാർമസിസ്റ്റ് ഗ്രേഡ് 2 - 1

## ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ സെന്റർ

214(227) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ സെന്റർ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ട്രോമാ കെയർ സെന്റർ സ്ഥാപിക്കുവാൻ എന്തെല്ലാം പ്രത്യേക സംവിധാനങ്ങൾ ഒരുക്കുന്നതിനായിട്ടാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഇതിനായി 10 ലക്ഷം രൂപ എൻ.എച്ച്.എം. വഴി ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. അതോടൊപ്പം ഇവിടെ സെൻട്രലൈസ്ഡ് ഓക്സിജൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ലെവൽ 2 ട്രോമാകെയർ സെന്റർ വരുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. അതിനുവേണ്ട ഭൗതിക സാഹചര്യം, പ്രാപ്തമായ സ്റ്റാഫ്, മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള എൻ.എച്ച്.എം. നൽകിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രി

215(228) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ അനുവദിക്കപ്പെട്ട ഗൈനക്കോളജിസ്റ്റ് തസ്തികകൾ എത്രയാണ്;

(ബി) നിലവിൽ ഏതെങ്കിലും തസ്തിക ഒഴിവുണ്ടോ;

(സി) ഒഴിവുനികത്താൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ) ഗൈനക്കോളജി വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റിന്റെ രണ്ട് തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്.

(ബി) ഇല്ല.

(സി) ബാധകമല്ല.

## കരുവേലിപ്പടി റ്റി.ബി. ഹോസ്പിറ്റൽ

216(229) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ കരുവേലിപ്പടിയിലുള്ള ജില്ലാ റ്റി.ബി. ഹോസ്പിറ്റൽ കെട്ടിടം ഇപ്പോൾ വളരെ ശോചനീയമായ അവസ്ഥയിലാണ് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കിടത്തിചികിത്സയുണ്ടായിരുന്ന ഈ ആശുപത്രിയിൽ ഇപ്പോൾ രോഗികളെ കിടത്തി ചികിത്സിക്കാറില്ലായെന്നകാര്യം അറിയാമോ;

(സി) കെട്ടിടവും പരിസരവും നവീകരിച്ച് അനുബന്ധ സൗകര്യങ്ങൾ ഒരുക്കി ജില്ലാ റ്റി. ബി. ഓഫീസറുടെ ആസ്ഥാനമായ ഈ ആശുപത്രി പ്രവർത്തന സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഈ ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നില്ല.

(സി) കിടത്തിചികിത്സ നടത്തിയിരുന്ന കെട്ടിടങ്ങൾ പൊളിച്ചുമാറ്റി അവിടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

217(230) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഗവൺമെന്റ് താലൂക്ക് ആശുപത്രിക്ക് ഡയാലിസിസ് യൂണിറ്റ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏത് പദ്ധതി പ്രകാരമാണെന്ന് വിശദീകരിക്കുമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ; പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് തടസ്സമുണ്ടോ എന്ന് വിശദീകരിക്കുമോ;

(സി) എത്രയുംവേഗം ഡയാലിസിസ് യൂണിറ്റ് പ്രവർത്തനസജ്ജമാക്കി രോഗികൾക്ക് പ്രയോജനപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കിഫ്ബി മാന്ദ്യവിരുദ്ധ പദ്ധതിയിൽ ഉൾപ്പെടുത്തി കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി&സി) നിലവിൽ തടസ്സങ്ങളില്ല. ഡയാലിസിസ് കേന്ദ്രത്തിനായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റി പൂർത്തിയാക്കുന്നുണ്ട്. ഏകദേശം 80 ശതമാനം ജോലികൾ കഴിഞ്ഞിട്ടുണ്ട്. മരാമത്ത് പണികൾ പൂർത്തിയായാൽ ഡയാലിസിസ് കേന്ദ്രത്തിന് ആവശ്യമായ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി സ്ഥാപിച്ച് പ്രവർത്തനസജ്ജമാക്കുവാൻ കഴിയുന്നതാണ്.

## അടിമാലി താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ

218(231) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ അടിമാലി താലൂക്ക് ആശുപത്രിയിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ താലൂക്ക് ആശുപത്രികൾക്ക് ആവശ്യമായതിനേക്കാൾ കുറവാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതിനെ സംബന്ധിച്ച് നിവേദനങ്ങളും മറ്റും ലഭ്യമായിട്ടുണ്ടോ;

(സി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്

(സി&ഡി) അടിമാലി താലൂക്ക് ആശുപത്രിയിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ജി.ഒ.(എംഎസ്.) നമ്പർ 136/17/ആ.കു.വ. തീയതി 23-9-2017 പ്രകാരം കൺസൾട്ടന്റ് ഒ & ജി - 1, ഇ.സി.ജി. ടെക്നീഷ്യൻ - 1, ദന്തൽ മെക്കാനിക് ഗ്രേഡ്2 -1, ഫാർമസിസ്റ്റ് ഗ്രേഡ് 2 -1 ജി.ഒ.(എംഎസ്.)നമ്പർ 101/17/ആ.കു.വ. തീയതി 28-3-2017 പ്രകാരം സ്റ്റാഫ് നഴ്സ് - 4, ലാബ് ടെക്നീഷ്യൻ-2 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ അടിമാലി താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും കിടക്കകളുടെ എണ്ണം 100 ആയി ഉയർത്തിക്കൊണ്ടും 11 ഡോക്ടർമാരുടെയും 24 പാരാമെഡിക്കൽ സ്റ്റാഫിന്റെയും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഇതിന്റെ നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

## സ്റ്റാഫ് പാറ്റേൺ

219(232) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു താലൂക്ക് ആശുപത്രിക്കുവേണ്ട സ്റ്റാഫ് പാറ്റേൺ (കാറ്റഗറി, എണ്ണം) എത്രയെന്ന് വിശദമാക്കാമോ;

(ബി) പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ, പെരിങ്ങോം എന്നീ താലൂക്ക് ആശുപത്രികളിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ;

(സി) പ്രസ്തുത താലൂക്ക് ആശുപത്രികളിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം, അവരുടെ തസ്തിക എന്നിവ വിശദമാക്കാമോ?

ഉത്തരം

(എ) അനുബന്ധം-1 ആയി ഉള്ളടക്കം ചെയ്യുന്നു.*

(ബി&സി) പയ്യന്നൂർ/പെരിങ്ങോം എന്നീ താലൂക്ക് ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ യഥാക്രമം അനുബന്ധം 2, 3 ആയി ഉള്ളടക്കം ചെയ്യുന്നു.*

## പട്ടാമ്പി മണ്ഡലത്തിലെ ആരോഗ്യരംഗത്തുള്ള ഉദ്യോഗസ്ഥരുടെ ഒഴിവുകൾ

220(233) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ ആശുപത്രികളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലുമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) പകർച്ചപ്പനികൾ കുറച്ചധികം പേരുടെ ജീവനെടുത്ത പ്രദേശമായതിനാലും മഴക്കാലത്തിനുമുമ്പ് തന്നെ ഡെങ്കിപ്പനി റിപ്പോർട്ടുചെയ്ത സാഹചര്യമുള്ളതിനാലും ഇവരുടെ ഒഴിവുകൾ എത്രയും പെട്ടെന്ന് നികത്താനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | പ്രാഥമികാരോഗ്യകേന്ദ്രം, കലക്കല്ലൂർ | ക്ലാർക്ക് | 1 |
| | | നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| | | പാർട്ട്-ടൈം സ്വീപ്പർ | 1 |
| | | സ്റ്റാഫ് നഴ്സ് ഗ്രേഡ്-1 | 1 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| (1) | (2) | (3) | (4) |
|---|---|---|---|
| 2 | സാമൂഹികാരോഗ്യ കേന്ദ്രം, കൊപ്പം | നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| | | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 | 1 |
| | | ജെ.പി.എച്ച്.എൻ. | 3 |
| | | ജെ.എച്ച്.ഐ. ഗ്രേഡ്-1 | 1 |
| 3 | താലൂക്ക് ആശുപത്രി, പട്ടാമ്പി | നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| | | ഹെഡ് നഴ്സ് | 1 |
| | | സ്റ്റാഫ് നഴ്സ് ഗ്രേഡ്-1 | 3 |
| | | സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 | 2 |
| 4 | പ്രാഥമികാരോഗ്യകേന്ദ്രം, വല്ലപ്പുഴ | ഫാർമസിസ്റ്റ് | 1 |
| 5 | പ്രാഥമികാരോഗ്യ കേന്ദ്രം, ഓങ്ങല്ലൂർ | സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 | 2 |

(ബി) പി.എസ്.സി. മുഖേനയും പ്രൊമോഷൻ നൽകിയും ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഒറ്റപ്പാലം കണ്ണിയംപുറം സർക്കാർ ആയുർവേദ ആശുപത്രി**

221(234) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം കണ്ണിയംപുറം സർക്കാർ ആയുർവേദ ആശുപത്രിയിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ആശുപത്രിയിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും എത്ര ഒഴിവുകൾ നിലവിലുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) ഒറ്റപ്പാലം ആയൂർവേദ ആശുപത്രിയുടെ സബ് സെന്ററിൽ നിലവിൽ ഒ. പി. വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഒറ്റപ്പാലം സർക്കാർ ആയൂർവേദ ആശുപത്രിയിൽ ഒരു ദിവസം ശരാശരി എത്ര രോഗികൾ ഒ.പി. വിഭാഗത്തിൽ ചികിത്സ തേടുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ഇ) ശരാശരി എത്ര രോഗികൾ ഇൻപേഷ്യന്റ് ആയി ചികിത്സ തേടുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(എഫ്) നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള സ്റ്റാഫ് പാറ്റേൺ താഴെപ്പറയും പ്രകാരമാണ് :

| | |
|---|---|
| ചീഫ് മെഡിക്കൽ ഓഫീസർ | - 1 |
| സീനിയർ മെഡിക്കൽ ഓഫീസർ | - 1 |
| മെഡിക്കൽ ഓഫീസർ (വിഷ) | - 1 |
| മെഡിക്കൽ ഓഫീസർ(നേച്ചർ ക്യൂർ) | - 1 |
| നഴ്സ് | - 3 |
| ഫാർമസിസ്റ്റ് | - 1 |
| നഴ്സിംഗ് അസിസ്റ്റന്റ് | - 2 |
| കുക്ക് | - 1 |
| ഗാർഡനർ | - 1 |
| ഫാർമസി അറ്റൻഡർ | - 1 |
| സാനിട്ടേഷൻ വർക്കർ | - 1 |

(ബി) മെഡിക്കൽ ഓഫീസർ (വിഷ) തസ്തികയിൽ ഒരു ഒഴിവും നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ 2 ഒഴിവുമുണ്ട്.

(സി) പുതുക്കിപ്പണിഞ്ഞ ഒറ്റപ്പാലം ആയൂർവേദ ആശുപത്രിയുടെ സബ് സെന്ററിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഒ. പി. വിഭാഗത്തിൽ ഒരു ദിവസം ശരാശരി 120 രോഗികൾ ചികിത്സക്കെത്താറുണ്ട്.

(ഇ) ഐ.പി. വിഭാഗത്തിൽ ഒരു ദിവസം ശരാശരി 20 രോഗികൾ ചികിത്സക്കെത്താറുണ്ട്.

(എഫ്) മെഡിക്കൽ ഓഫീസർ (വിഷ) തസ്തികയിലെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നഴ്സിംഗ് അസിസ്റ്റന്റ് തസ്തിക അറ്റൻഡർ പ്രൊമോഷൻ തസ്തികയാണ്. നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഡോക്ടർമാരുടെ ഒഴിവുകൾ

222(235) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും നിലവിലുള്ള ഡോക്ടർമാരുടെ എണ്ണം വകുപ്പ്, കേഡർ തിരിച്ച് വ്യക്തമാക്കുമോ;

(ബി) നിലവിൽ എത്രപേർ ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) നിലവിൽ ഈ വകുപ്പുകളിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കുമോ;

(ഡി) ഒഴിവുകളുണ്ടെങ്കിൽ അത് നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ വിവരം ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് കേഡർ | 1 | അനുവദിച്ച തസ്തിക | 260 |
| | 2 | ഒഴിവ് | 52 |
| | 3 | നിലവിലുള്ളവർ | 208 |

| | | | |
|---|---|---|---|
| ജനറൽ കേഡർ | 1 | അനുവദിക്കപ്പെട്ട അസിസ്റ്റന്റ് സർജൻ തസ്തികകൾ | 2683 |
| | 2 | നിലവിലുള്ളവർ | 2478 |
| | 3 | ഒഴിവ് | 205 |
| | 4 | അനുവദിക്കപ്പെട്ട സിവിൽ സർജൻ തസ്തികകൾ | 245 |
| | 5 | നിലവിലുള്ളവർ | 206 |
| | 6 | ഒഴിവ് | 39 |
| സ്പെഷ്യാലിറ്റി കേഡർ | 1 | അനുവദിക്കപ്പെട്ട തസ്തികകൾ | 2146 |
| | 2 | നിലവിലുള്ളവർ | 1901 |
| | 3 | ഒഴിവ് | 245 |

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരെ സംബന്ധിച്ച വിവരം അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.*

(ബി) ആരോഗ്യ വകുപ്പിൽ 147 പേരും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 18 ഡോക്ടർമാരും ദീർഘകാലാവധിയിൽ പ്രവേശിച്ചിട്ടുണ്ട്.

(സി) ജനറൽ കേഡർ - 244

സ്പെഷ്യാലിറ്റി കേഡർ - 245

അഡ്മിനിസ്ട്രേറ്റീവ് കേഡർ - 52

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ച വിവരം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

(ഡി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രൊമോഷൻ നൽകി നികത്തേണ്ട ഒഴിവുകൾ ഡി.പി.സി. കൂടി പ്രൊമോഷൻ നടപടികൾ ത്വരിതപ്പെടുത്തിവരുന്നു. കോളേജുകളിലെ സുഗമമായ നടത്തിപ്പിനായി മെഡിക്കൽ കോളേജുകളിലെ എൻട്രി കേഡർ തസ്തികകളിലെ ഒഴിവുകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നൽകി ഒഴിവുകൾ നികത്തിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സർക്കാർ സർവ്വീസിലുള്ള സ്ഥിരം ഡോക്ടർമാർ

223(236) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലും ആരോഗ്യവിദ്യാഭ്യാസ വകുപ്പിലുമായി സർക്കാർ സർവ്വീസിലുള്ള സ്ഥിരം ഡോക്ടർമാർ എത്ര, അവരിൽ നിയമാനുസൃത അവധിയിലുള്ളവർ എത്ര, അല്ലാതെ അനധികൃതമായി മറ്റ് സ്വകാര്യ/ഗൾഫ് മേഖലയിൽ പ്രവർത്തിക്കുന്നവർ എത്ര എന്നതുസംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഡോക്ടർമാർ സർക്കാർ നടപടികൾക്കുവിരുദ്ധമായി പ്രവർത്തിക്കുന്നതും സർക്കാർ സേവനത്തിൽനിന്നും വിട്ടുനിൽക്കുന്നതും കണ്ടെത്തി നടപടികൾ സ്വീകരിക്കാനും ഇവർക്ക് നൽകേണ്ട സർക്കാർ ആനുകൂല്യം റദ്ദാക്കാനുംവേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) സർവ്വീസിലുള്ള ഇത്തരം ഡോക്ടർമാരെ ഒഴിവാക്കി നിയമനം വേണ്ടുന്ന ഡോക്ടർമാർക്ക് നിയമനം നല്കി ആരോഗ്യരംഗം ഫലവത്താക്കാൻ എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) ആരോഗ്യ വകുപ്പ് (സർവ്വീസിലുള്ള ഡോക്ടർമാർ)

അഡ്മിനിസ്ട്രേറ്റീവ് കേഡർ - 208

ജനറൽ കേഡർ - 2684

സ്പെഷ്യാലിറ്റി കേഡർ - 1901

ആകെ - 4793

അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്നവർ - 199

നിയമാനുസൃത അവധിയിൽ തുടരുന്നവർ - 147

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് സർവ്വീസിലുള്ള ഡോക്ടർമാർ - 2090

അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്നവർ - 61

നിയമാനുസൃതമായി അവധിയിൽ തുടരുന്നവർ - 57

(ബി&സി) അനധികൃതമായി സർവ്വീസിൽനിന്നും വിട്ടുനിൽക്കുന്ന ഡോക്ടർമാർക്കെതിരായി ടെർമിനേഷൻ, പിരിച്ചുവിടൽ, നീക്കം ചെയ്യൽ ഇവ ഉൾപ്പെടെയുള്ള അച്ചടക്കനടപടികൾ സ്വീകരിച്ചുവരുന്നു.

### ഡോക്ടർമാരുടെ നിയമനം

224(237) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവിടങ്ങളിൽ 2019 ഡിസംബർ 31-നകം എത്ര ഡോക്ടർമാർ വിരമിക്കുമെന്ന് വകുപ്പ് തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത ഡോക്ടർമാർ വിരമിക്കുന്ന മുറയ്ക്ക് ടി തസ്തികകളിൽ പി.എസ്.സി മുഖേന നിയമനം സമയബന്ധിതമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 28-11-2017-ലെ സ.ഉ.(കൈ)169/2017/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം 56-ൽ നിന്നും 60 വയസ്സാക്കിയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം 60-ൽ നിന്നും 62 വയസ്സാക്കിയും വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2019 ഡിസംബർ 31-നകം ആരോഗ്യ വകുപ്പിലെ ഡോക്ടർമാരിൽ ആരുംതന്നെ വിരമിക്കുന്നില്ല. നിലവിലുള്ള കെ.എസ്.ആർ. ഭാഗം-I ചട്ടം 60(ae) പ്രകാരം അധിവർഷ വിരമിക്കൽ തീയതിക്കുശേഷം അദ്ധ്യയന വർഷാവസാനംവരെ തുടരുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകർക്ക് അനുവാദമുണ്ട്. ഈ സാഹചര്യത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരുടെ വിരമിക്കലുമായി ബന്ധപ്പെട്ട 28-11-2017-ലെ ഉത്തരവിന് ഏത് തീയതി മുതൽ പ്രാബല്യം നൽകണമെന്നത് പരിശോധനയിലാണ്.

(ബി) ഒഴിവുകൾ ഉണ്ടാകുകയാണെങ്കിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

### ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

225(238) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിലെ ആരോഗ്യ വകുപ്പിൻ കീഴിൽ വരുന്ന സ്ഥാപനങ്ങളിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്നും, നിലവിലുള്ള ജീവനക്കാരുടെ എണ്ണം എത്രയാണെന്നും കാറ്റഗറി തിരിച്ച് വിശദമാക്കാമോ ;

(ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനായുള്ള അടിയന്തര നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| താലൂക്ക് ആശുപത്രി പാറശ്ശാല | 1 | ജൂനിയർ കൺസൾട്ടന്റ് | 1 |
| | 2 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-1 | 7 |
| | 3 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-2 | 5 |
| | 4 | പാർട്ട്ടൈം സ്വീപ്പർ | 1 |
| | 5 | പ്ലംബർ | 1 |
| സി.എച്ച്.സി., പെരുങ്കടവിള | 1 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-2 | 1 |
| സി.എച്ച്.സി., വെള്ളറട | 1 | ഹെൽത്ത് ഇൻസ്പെക്ടർ | 2 |
| | 2 | ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് | 1 |
| പി.എച്ച്.സി., കുന്നത്തുകാൽ | 1 | പാർട്ട്ടൈം സ്വീപ്പർ | 1 |
| പി.എച്ച്.സി., പൂഴനാട് | 1 | ഹെൽത്ത് ഇൻസ്പെക്ടർ | 2 |
| | 2 | ലേഡി ഹെൽത്ത് സൂപ്പർവൈസർ | 1 |
| | 3 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-2 | 1 |
| പി.എച്ച്.സി., അമ്പൂരി | 1 | പാർട്ട്ടൈം സ്വീപ്പർ | 1 |
| പി.എച്ച്.സി., പരശുവയ്ക്കൽ | 1 | ഓഫീസ് അറ്റൻഡന്റ് | 1 |

നിലവിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(ബി) ജൂനിയർ കൺസൾട്ടന്റ്, ഹെൽത്ത് ഇൻസ്പെക്ടർ, ലേഡി ഹെൽത്ത് സൂപ്പർവൈസർ എന്നീ തസ്തികകൾ പ്രൊമോഷൻ വഴിയും മറ്റ് തസ്തികകൾ പി.എസ്.സി. മുഖേനയും നിയമനം നടത്താൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തസ്തിക നിർണ്ണയം

226(239) <u>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ നിലവിൽ പി.എച്ച്.സി, സി.എച്ച്.സി, താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ തസ്തിക നിർണ്ണയിച്ച രീതി വിശദമാക്കുമോ; തസ്തിക നിർണ്ണയിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ പ്രസ്തുത ആശുപത്രികളിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ ഓരോ ആശുപത്രിയിലും നിത്യേന നിരവധി രോഗികൾ ചികിത്സയ്ക്കായി എത്തുന്നുണ്ടെങ്കിലും അശാസ്ത്രീയ തസ്തിക നിർണ്ണയം കാരണം ആവശ്യത്തിന് ഡോക്ടർമാരും അനുബന്ധ ജീവനക്കാരും ഇല്ലാത്തതിന്റെ കാരണം പരിശോധിക്കുമോ;

(ഡി) അശാസ്ത്രീയമായ സ്റ്റാഫ് പാറ്റേൺ പുന:പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) കേന്ദ്ര സർക്കാർതന്നെ തത്വത്തിൽ അംഗീകരിച്ച ബ്രിഡ്ജ് കോഴ്സ് എന്ന ആശയം ഡോക്ടർമാരുടെ അഭാവത്തെയാണ് കാണിക്കുന്നതെന്ന കാര്യം പരിശോധിക്കുമോ; ആരോഗ്യ വകുപ്പിന്റെ കീഴിലെ വിവിധ സ്ഥാപനങ്ങളിലെ രോഗികളുടെ വിശദമായ വിവരം പരിശോധിച്ച് തസ്തിക ക്രമീകരണവും തസ്തിക നിർണ്ണയവും നടത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിൽ 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുണ്ടായിരുന്നത്. ഇതിന് 2008-ൽ ചില ഭേദഗതി വരുത്തിയെങ്കിലും ജനസംഖ്യാനുപാതികമായി ജീവനക്കാരുടെ എണ്ണം പുതുക്കി നിശ്ചയിച്ചിട്ടില്ല. സംസ്ഥാന സർക്കാരിന്റെ സമഗ്ര ആരോഗ്യ പദ്ധതിയായ ആർദ്രം മിഷനിലൂടെ ശാസ്ത്രീയമായ മാറ്റം ഈ രംഗത്ത് കൊണ്ടുവരുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ 170 സ്ഥാപനങ്ങളിലേയ്ക്ക് ഓരോ ഡോക്ടറുടെ തസ്തികയും ജില്ലാ/ജനറൽ/ താലൂക്കാശുപത്രികളിലേയ്ക്കായി 266 ഡോക്ടർമാരുടെ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമായി തെരഞ്ഞെടുക്കപ്പെട്ട ഇവിടെ ഡോക്ടർ, നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നീ തസ്തികകൾ ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിൽ ഡോക്ടർമാരുടെയും മറ്റ് അനുബന്ധ സ്റ്റാഫുകളുടെ തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. ഇപ്രകാരം ആർദ്രം പദ്ധതിയുടെ ഭാഗമായി ഓരോ ആശുപത്രിയിലും നിത്യേന വരുന്ന രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി മൊത്തം 1721 അടക്കം ആരോഗ്യ വകുപ്പിൽ ആകെ 4271 തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്.

(ഡി) 2-8-1961 ലെ ജി.ഒ.(ആർടി.)നമ്പർ 3150/61/ആ.കു.വ. പ്രകാരമാണ് സ്റ്റാഫ് പാറ്റേൺ ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ നിലവിൽ വന്നത്. ഈ സ്റ്റാഫ് പാറ്റേൺ ഐ.പി. വിഭാഗം കിടക്കകളുടെ എണ്ണം മാത്രം ആസ്പദമാക്കിയുള്ളതാണ്. 1961-ൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതിനുശേഷം ആരോഗ്യ രംഗത്ത് ആധുനികവും നൂതനവുമായ ധാരാളം ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കുകയുണ്ടായി. അതിനുശേഷം 2008-ൽ സ്റ്റാന്റേഡൈസേഷന്റെ ഭാഗമായി 6-11-2008-ലെ ജി.ഒ.(എംഎസ്.)നമ്പർ 568/08/ആ.കു.വ. എന്ന ഉത്തരവ് പ്രകാരം സ്റ്റാഫ് പാറ്റേൺ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് അധിക തസ്തികകൾ സൃഷ്ടിച്ചിരുന്നില്ല. മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി ആർദ്രം പദ്ധതിയിലൂടെ ഈ ഗവൺമെന്റ് വന്നതിനുശേഷം 1721 തസ്തികകളടക്കം ആകെ 4271 തസ്തികകൾ സൃഷ്ടിച്ചുനൽകിയിട്ടുണ്ട്.

(ഇ) കേരളത്തിൽ എല്ലാ ജില്ലകളിലും പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ ജില്ലാ ആശുപത്രിതലം വരെ ചികിത്സാ സൗകര്യം ലഭ്യമാണ്. ഇവയുടെ നിലവാരം ഉയർത്തി എല്ലാ ചികിത്സാ സൗകര്യങ്ങളും ജില്ലാ ആശുപത്രിയിൽത്തന്നെ ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്നത്. രോഗികളുടെ എണ്ണമനുസരിച്ച് ഡോക്ടർമാരുടെ എണ്ണവും ക്രമീകരിക്കാൻ പുതിയ പദ്ധതിയായ ആർദ്രം പര്യാപ്തമാണ്. ഡോക്ടർമാർക്ക് ബ്രിഡ്ജ് കോഴ്സ് എന്ന ആശയത്തോട് ചികിത്സാ രംഗത്ത് ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിയമനിർമ്മാണം നടത്തിയിട്ടുള്ള ഈ സർക്കാരിന് യോജിപ്പില്ല.

**പുതുതായി സൃഷ്ടിച്ച തസ്തികകൾ**

227(240) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറശ്ശാല നിയോജകമണ്ഡലത്തിൽ ആരോഗ്യമേഖലയിലെ വിവിധ വകുപ്പുകളിലായി പുതുതായി എത്ര തസ്തികകളാണ് സൃഷ്ടിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) പുതുതായി സൃഷ്ടിച്ച തസ്തികകൾ ഏതൊക്കെ വകുപ്പുകളിലാണെന്നും ടി തസ്തികകളിൽ നിലവിൽ നിയമനം നടത്തിയിട്ടുണ്ടോയെന്നും തരംതിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറശ്ശാല നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പൂഴനാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഡോക്ടറുടെ ഒരു തസ്തികയും സ്റ്റാഫ് നഴ്സിന്റെ 2 തസ്തികകളും ലാബ് ടെക്നീഷ്യന്റെ ഒരു തസ്തികയും സൃഷ്ടിക്കുകയും നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്.

കൂടാതെ പാറശ്ശാല താലൂക്ക് ആശുപത്രിയിൽ 2 ലാബ് ടെക്നീഷ്യൻ തസ്തികയും തെരഞ്ഞെടുക്കപ്പെട്ട 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 830 തസ്തികകളും ആരോഗ്യ വകുപ്പിന്റെകീഴിൽ ആകെ 4271 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

## പുതുതായി സൃഷ്ടിച്ച തസ്തികകൾ

228(241) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 1 മുതൽ 2017 ഡിസംബർ 31 വരെ ആരോഗ്യ വകുപ്പിൽ എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചു എന്ന് അറിയിക്കുമോ;

(ബി) ഇവയുടെ വിശദാംശം തസ്തിക, എണ്ണം തിരിച്ച് അറിയിക്കുമോ;

(സി) ഇവയിൽ എത്ര തസ്തികകളിൽ നാളിതുവരെ നിയമനം നടത്തി എന്ന് അറിയിക്കുമോ;

(ഡി) ഇവയുടെ വിശദാംശം തസ്തിക, എണ്ണം തിരിച്ച് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിൽ 2130 വിവിധ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിവരുന്നു.

(ബി) വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു.*

(സി) 1363 തസ്തികകളിൽ ഇതുവരെ നിയമനം നടത്തിയിട്ടുണ്ട്.

(ഡി) വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു.*

## ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവ്

229(242) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവ് എവിടെയെല്ലാമാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഒഴിവുകളുണ്ടെങ്കിൽ അവ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിനുകീഴിൽ പാലക്കാട് ജില്ലയിൽ കൊല്ലംകോട്, കിഴക്കഞ്ചേരി, അയലൂർ, നെല്ലിയാമ്പതി, കണ്ണമ്പ്ര എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ ഒഴിവുകൾ നിലവിലുണ്ട്.

(ബി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം നടത്തുന്നതിനുള്ള സീനിയോറിറ്റി ലിസ്റ്റിന്മേലുള്ള കേസ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ കോടതി ഉത്തരവ് ലഭിക്കുന്ന മുറയ്ക്കുമാത്രമേ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II തസ്തികയിലെ ഒഴിവുകൾ നികത്താനാകുകയുള്ളൂ.

**മാവേലിക്കര ജില്ലാ ആശുപത്രി**

230(243) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര ജില്ലാ ആശുപത്രിയിൽ നിലവാരത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിരുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിനും നിയമനത്തിനുമുള്ള നടപടികൾ സ്വീകരിക്കാമോ; വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

മാവേലിക്കര താലൂക്കാശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തിയത് 24-1-2011-ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ)നമ്പർ 43/11/ആ.കു.വ. പ്രകാരമാണ്. പ്രസ്തുത ഉത്തരവുപ്രകാരം ഡെന്റൽ മെക്കാനിക്-1 , അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ്- 10, ഫാർമസിസ്റ്റ്-1, ഹെഡ് നഴ്സ്- 2, ലാബ് ടെക്നീഷ്യൻ- 1 എന്നിവ ഉൾപ്പെടെ ആകെ 16 തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി.

ഒരു ജില്ലയിൽ ഒരു ജില്ലാതല ആശുപത്രിയെയും ഒരു താലൂക്കിൽ ഒരു താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയെയും ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് പുറത്തിറങ്ങിയ ഉത്തരവ് സ.ഉ.(കൈ)നമ്പർ 58/2017/ആ.കു.വ. പ്രകാരം മാവേലിക്കര താലൂക്ക് ആശുപത്രിയെയും ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ആർദ്രം മാനദണ്ഡപ്രകാരമുള്ള തസ്തികകൾ മാവേലിക്കര താലൂക്ക് ആശുപത്രിയിലും ഉണ്ടാകുന്നതാണ്.

## ഡോക്ടർമാരുടെ നിയമനം

231(244) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ 1 മുതൽ 2016 മേയ് 30 വരെ എത്ര ഡോക്ടർമാരെ പി.എസ്.സി മുഖേന നിയമിച്ചു എന്ന് അറിയിക്കുമോ;

(ബി) 2016 ജൂൺ 1 മുതൽ 2017 ഡിസംബർ 31 വരെ എത്ര ഡോക്ടർമാരെ പി.എസ്.സി മുഖേന നിയമിച്ചു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ കാലയളവിൽ 2810 അസിസ്റ്റന്റ് സർജന്മാരെ നിയമിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ 1554 അസിസ്റ്റന്റ് സർജന്മാരെ നിയമിച്ചിട്ടുണ്ട്.

## ആരോഗ്യ വകുപ്പിലെ പി.എസ്.സി. നിയമനം

232(245) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 1 മുതൽ 2017 ഡിസംബർ 31 വരെ ആരോഗ്യവകുപ്പിൽ പി.എസ്.സി മുഖേന എത്ര നിയമനം നടന്നിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇവയുടെ വിശദാംശം തസ്തിക, എണ്ണം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016 ജൂൺ 1 മുതൽ 2017 ഡിസംബർ 31 വരെ ആരോഗ്യ വകുപ്പിൽ ആകെ 4245 നിയമനം നടത്തിയിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു.*

## ഓപ്റ്റോമെട്രിസ്റ്റ് തസ്തികകൾ

233 (246) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിൽ എത്ര ഓപ്റ്റോമെട്രിസ്റ്റ് തസ്തികകൾ ഒഴിഞ്ഞ് കിടപ്പുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) നേത്ര പരിശോധകരുടെ കുറവ് സംബന്ധിച്ച് പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ട് സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ കേസെടുത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ദീർഘകാലമായി ഓപ്പോമെട്രിസ്റ്റ് തസ്തിക ഒഴിഞ്ഞു കിടന്നിട്ടും മനുഷ്യാവകാശ കമ്മീഷൻ ഇതുസംബന്ധിച്ച് റിപ്പോർട്ട് തേടിയിട്ടും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടികൾ സ്വീകരിച്ചുവോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിൽ 18 ഓപ്പോമെട്രിസ്റ്റ് തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്.

(ബി) ഉണ്ട്.

(സി) എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സ്വകാര്യ ഹെൽത്ത് ലാബുകൾ**

234(247) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ഹെൽത്ത് ലാബുകൾ ടെസ്റ്റുകൾ നടത്തുന്നതിനായി ഭാരിച്ച തുക പൊതുജനങ്ങളിൽനിന്നും ഈടാക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ സ്വകാര്യ ലാബുകളിൽ ഒരോ ടെസ്റ്റുകൾക്കും ഒരേ നിരക്കിൽ തുക ഈടാക്കുന്നതിന് നിർദ്ദേശം നൽകുമോ;

(സി) ജില്ലാ, താലൂക്ക് ആശുപത്രികൾ കേന്ദ്രീകരിച്ച് സർക്കാർ വക ആധുനിക പരിശോധന ലാബുകൾ (സി.ടി. സ്കാൻ, എം.ആർ.ഐ. സ്കാൻ) ഉൾപ്പെടെ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ സംസ്ഥാനത്തെ സ്വകാര്യ ലാബുകളുടെ നിയന്ത്രണം സർക്കാരിൽ നിക്ഷിപ്തമല്ലാത്തതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയില്ല. എന്നാൽ 2017-ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ നിയമസഭ പാസ്സാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു പരിധിവരെ നിയന്ത്രണം ബാധകമാക്കാൻ കഴിയുന്നതാണ്.

(സി) ആർദ്രം പദ്ധതിയുടെ ഭാഗമായുള്ള വികസന പ്രവർത്തനങ്ങൾ ജില്ലാ, താലൂക്ക് ആശുപത്രികളിൽ നടപ്പാക്കുന്നതോടെ കുറെ മാറ്റങ്ങൾ ഈ രംഗത്ത് ഉണ്ടാകുന്നതാണ്. സി.റ്റി. സ്കാൻ തുടങ്ങിയവയടക്കം സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുനടപ്പാക്കുന്നതാണ്.

## പത്തോളജി ലാബ്

235(248) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ പത്തോളജി ലാബ് ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) അതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ പത്തോളജി ലാബ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(ബി) ഫണ്ട് അനുവദിച്ചിട്ടില്ല.

## കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

236(249) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആവശ്യമായ തസ്തികകളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ;

(ബി) ഇവിടെ ആധുനിക സംവിധാനത്തോടുകൂടിയ ലാബും, എക്സ്റേ യൂണിറ്റും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ നവകേരള മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പിൽ ആർദ്രം പദ്ധതിയിലൂടെ മെച്ചപ്പെട്ട സൗകര്യങ്ങളും സേവനങ്ങളും ചികിത്സയും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവശ്യമായ തസ്തികയും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിലേയ്ക്കായി ആരോഗ്യ സ്ഥാപനങ്ങളെ ഘട്ടംഘട്ടമായി തെരഞ്ഞെടുത്ത് ടി സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന നടപടി പുരോഗമിച്ചുവരികയാണ്. ഈ സാഹചര്യത്തിൽ പൂർണ്ണമായും ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിലൂടെ വിളപ്പിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആവശ്യമായ തസ്തികകളുടെ കുറവ് പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ഭക്ഷണ പദാർത്ഥങ്ങളിൽ മായം ചേർക്കുന്നത് തടയുന്നതിന് നടപടി

237(250) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷണ പദാർത്ഥങ്ങളിൽ മായം ചേർക്കുന്നതായുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഇത്തരത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) മായം ചേർക്കൽ തടയുന്നതിനും വ്യാപകമായ പരിശോധന നടത്തുന്നതിനും മതിയായ സംവിധാനങ്ങൾ നിലവിലുണ്ടോ; സംവിധാനങ്ങളിൽ വർദ്ധനവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തൊട്ടാകെ 649 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) മായം ചേർക്കൽ തടയുന്നതിനും വ്യാപകമായ പരിശോധന നടത്തുന്നതിനും മതിയായ സംവിധാനങ്ങൾ നിലവിലുണ്ട്. ഇക്കാര്യത്തിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തുന്ന കാര്യം പരിശോധനയിലാണ്.

## ഭക്ഷ്യജന്യ രോഗങ്ങൾ

238(251) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യജന്യ രോഗങ്ങൾ വ്യാപകമാകുന്നതും ആയത് വിശിഷ്യാ കുട്ടികളെ കൂടുതലായി ബാധിക്കുന്നതുമായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആരോഗ്യപരമായ ഭക്ഷണരീതി സംബന്ധിച്ച വിവരങ്ങൾ കുട്ടികൾക്ക് പ്രാപ്യമാക്കുന്നതിനും ആയത് പ്രവർത്തിപഥത്തിൽ എത്തിക്കാൻ വിദ്യാർത്ഥികളെ പര്യാപ്തമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭക്ഷ്യജന്യ രോഗങ്ങൾ കുട്ടികളുടെയിടയിൽ രണ്ട് തരത്തിലാണ് കണ്ടു വരുന്നത്. വൃത്തിഹീനവും അമിത കീടനാശിനി പ്രയോഗവുംകൊണ്ട് ഭക്ഷ്യയോഗ്യമല്ലാത്ത ഭക്ഷണത്തിലൂടെ വരുന്ന രോഗങ്ങളും അനാരോഗ്യകരമായ ഭക്ഷണങ്ങൾ ക്രമാതീതമായി കഴിച്ചുണ്ടാകുന്ന രോഗങ്ങളും ഇതിൽ ഉൾപ്പെടും. ഭക്ഷ്യയോഗ്യമല്ലാത്ത ഭക്ഷണ പദാർത്ഥങ്ങൾ, വിഷാംശം കലർന്ന ഭക്ഷ്യ ഉത്പന്നങ്ങൾ, കൃത്രിമ രുചിക്കൂട്ടുകൾ, മായം കലർന്ന ഭക്ഷണം എന്നിവയിലൂടെയുണ്ടാകുന്ന രോഗങ്ങൾ തടയുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും ഭക്ഷ്യ സുരക്ഷാ വകുപ്പിലാണ് ഉത്തരവാദിത്വം അർപ്പിതമായിരിക്കുന്നത്. അനാരോഗ്യകരമായ ഭക്ഷണ രീതിയിലൂടെയുണ്ടാകുന്ന രോഗങ്ങൾ ആരോഗ്യ ബോധവൽക്കരണത്തിലൂടെയും സ്വന്തം ഉത്തരവാദിത്വത്തി ലൂടെയുമാണ് നിയന്ത്രിക്കേണ്ടത്.

സ്കൂളുകളിൽ ജീവിതശൈലീരോഗ നിയന്ത്രണത്തിനായി LEAP (Lifestyle Education and Awareness Programme) എന്ന പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ചിരുന്നു. അതിപ്പോൾ RBSK-യുടെ കീഴിലുള്ള സ്കൂൾ ആരോഗ്യ പദ്ധതിയുമായി ലയിപ്പിച്ചിരിക്കുകയാണ്. ഇതിനുപുറമെ Junk food, വ്യായാമമില്ലായ്മ തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകളും വിദ്യാർത്ഥി കൾക്കായി നടപ്പിലാക്കിവരുന്നു.

**അപ്പീൽ പെറ്റീഷൻ**

239(252) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ അഡീഷണൽ പ്രൊഫസർ ഡോ. ശ്രീനാഥ് സർക്കാരിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ (ഫയൽ നമ്പർ 630746/S2/16/H&FWD) എന്നാണ് ഡി.എം.ഇ.-ക്ക് റിപ്പോർട്ടിനായി നൽകിയത്; വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധമായി ഡി.എം.ഇ.-ൽ ഉള്ള (ഫയൽ നമ്പർ 30574/F3/16/DME) നമ്പർ ഫയലിൽ നാളിതുവരെയായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത അപ്പീലിന്മേൽ വിശദമായ റിപ്പോർട്ട് സർക്കാരിലേക്ക് ലഭ്യമാക്കിയിട്ടുണ്ടോ: എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ എന്താണ് കാലതാമസത്തിന് കാരണമെന്നും, ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവർ ആരെല്ലാമാണെന്നും അവർക്കെതിരെ എന്ത് മേൽനടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഇ) രണ്ട് വർഷത്തിൽ അധികമായി നടപടി സ്വീകരിക്കാത്ത ടി ഫയലിൽ റിപ്പോർട്ട് ലഭിച്ചിട്ടില്ലെങ്കിൽ വേഗത്തിൽ ലഭ്യമാക്കി ഇനിയും കാലതാമസം കൂടാതെ അന്തിമ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 30-9-2016 തീയതിയായി 6-10-2016-ലാണ് ഡോ. ശ്രീനാഥ് സർക്കാരിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷനാണ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിനായി അയച്ചത്. 15-10-2016-ലാണ് പ്രസ്തുത കത്ത് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ലഭിച്ചത്.

(ബി) ഡോ. ശ്രീനാഥിനെതിരെയുള്ള അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് ഉചിതമായ തീരുമാനമുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ 6-2-2018 തീയതിയായി സർക്കാരിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത കത്ത് 12-2-2018-ൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് വിശദമായതല്ല. ആയതിന്റെ പകർപ്പ് ഉൾക്കൊള്ളിക്കുന്നു.*

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഇ) ഡോ. ശ്രീനാഥ് സർക്കാരിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ ഇനിയും കാലതാമസം കൂടാതെ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

## കൂട്ടിരിപ്പുകാർക്ക് വിശ്രമത്തിനും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനും സൗകര്യങ്ങൾ

240(253) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും ജനറൽ ആശുപത്രികളിലും കൂട്ടിരിപ്പുകാർക്ക് വിശ്രമത്തിനും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും മിനിമം സൗകര്യങ്ങൾ പോലും ലഭ്യമല്ലാതെയും രാത്രി കാലങ്ങളിൽ കൊതുകുകടിയും മറ്റും സഹിച്ച് ഉറക്കമിളച്ചിരിക്കേണ്ടി വരുന്നതുമായ സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ ആശുപത്രികളിലും കൂട്ടിരിപ്പുകാർക്ക് ചെറിയ തുക ഈടാക്കി അടിസ്ഥാന ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) മെഡിക്കൽ കോളേജ്/ജനറൽ ആശുപത്രികളിൽ വിശ്രമത്തിനും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനും മിനിമം സൗകര്യങ്ങൾ ലഭ്യമാണ്. കൊതുകുശല്യമുണ്ടെങ്കിലും അത് പരിഹരിക്കുന്നതിനുള്ള സാധ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ചെറിയ തുക ഈടാക്കിക്കൊണ്ട് അടിസ്ഥാന ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങളൊരുക്കുന്നതിന് ആശുപത്രി വികസന സമിതിയുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**കോളറ പോലുള്ള മഹാമാരികൾ**

241(254) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്നും തുടച്ചുനീക്കിയ കോളറ പോലുള്ള മഹാമാരികൾ വീണ്ടും തിരിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര കേസുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര പേർ മരണമടഞ്ഞിട്ടുണ്ട്;

(ബി) പരിസരശുചിത്വത്തിലും ആരോഗ്യപരിപാലനത്തിലും ഉള്ള എന്തെങ്കിലും മാറ്റങ്ങളാണോ ഇത്തരം രോഗങ്ങൾ മടങ്ങിയെത്താൻ കാരണമായിട്ടുള്ളത്; ഇല്ലെങ്കിൽ എന്താണ് ഈ സ്ഥിതിവിശേഷത്തിന് കാരണം;

(സി) കോളറ പടർന്നുപിടിക്കുന്നത് തടയുന്നതിനും അന്യസംസ്ഥാന തൊഴിലാളികൾക്കിടയിൽ ഉൾപ്പെടെ ആരോഗ്യ ബോധവത്ക്കരണം വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ വർഷം ജനുവരി മുതൽ കോളറ സ്ഥിരീകരിച്ച 3 കേസ്സുകളും സ്ഥിരീകരിക്കാത്ത 6 കേസ്സുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോളറമൂലം ഈ വർഷം ഇതുവരെ ആർക്കും മരണം സംഭവിച്ചിട്ടില്ല.

(ബി) പരിസര ശുചീകരണത്തിന്റെ കുറവ്, ആരോഗ്യ ശുചിത്വ പരിപാലനത്തിന്റെ കുറവ്, ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യതക്കുറവ് എന്നിവയും ഇതരസംസ്ഥാന തൊഴിലാളികൾ (Migrant) തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ അവർക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ഇതിനുള്ള കാരണങ്ങളാണ്.

(സി) കോളറ പടർന്നുപിടിക്കുന്നത് തടയുന്നതിന് ഇതരസംസ്ഥാന തൊഴിലാളികൾക്കിടയിൽ ആരോഗ്യബോധവൽക്കരണവും മെഡിക്കൽ ക്യാമ്പും നടത്തിവരുന്നു.

## ഡെങ്കിപ്പനി നിയന്ത്രിക്കുന്നതിനുള്ള നടപടികൾ

242(255) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഡെങ്കിപ്പനി നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) പട്ടാമ്പി മണ്ഡലത്തിൽ കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ ഡെങ്കിപ്പനി ബാധിതരായവരുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഡെങ്കിപ്പനി നിയന്ത്രണത്തിന് രോഗനിരീക്ഷണവും ഈഡിസ് കൊതുക് നിരീക്ഷണവും ഊർജ്ജിതപ്പെടുത്തിയതുകൂടാതെ ജനപങ്കാളിത്തത്തോടു കൂടിയുള്ള പ്രതിരോധ-നിയന്ത്രണ-ബോധവൽക്കരണ കാമ്പയിനുകൾ നടത്തുകയുണ്ടായി. കൊതുകുകളുടെ ഉണങ്ങിയ ഉറവിടങ്ങളും പ്രധാന ഉറവിടങ്ങളും നീക്കുന്ന കാമ്പയിൻ, റബ്ബർ/അടയ്ക്ക മരത്തോട്ടങ്ങളിലെ കൊതുകുറവിടങ്ങൾ നീക്കുന്ന കാമ്പയിൻ, ജലസുരക്ഷാ കാമ്പയിൻ, ക്ലീൻ ഓഫീസ്, ക്ലീൻ പബ്ലിക് പ്ലേസ് കാമ്പയിൻ തുടങ്ങിയവ കൂടാതെ ഹെൽത്തി കേരള കാമ്പയിൻ വഴി വീടുകളും സ്ഥാപനങ്ങളും ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളും നിർമ്മാണ സ്ഥലങ്ങളും തോട്ടങ്ങളും പരിശോധിച്ച് പൊതുജനാരോഗ്യ നിയമപ്രകാരം നോട്ടീസ് നൽകുന്ന നടപടികൾ നടത്തുകയുണ്ടായി.

ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിൽ ദ്രുതകർമ്മ സേന സന്ദർശിച്ച് കാര്യകാരണ വിശകലനം നടത്തി ഊർജ്ജിത കൊതുകുറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കൽ (ഐ.എസ്.എസ്.), വീടിന് പുറത്ത് ഫോഗിംഗ്, വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങൾ തുടങ്ങിയവ നടത്തിയും രോഗം നിയന്ത്രണ വിധേയമാക്കി.

## ബ്ലഡ് ബാങ്ക് സൗകര്യം

243(256) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര താലൂക്ക് ആശുപത്രികളിൽ ബ്ലഡ് ബാങ്ക് സൗകര്യം ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിരവധി ആയ ആദിവാസി സമൂഹമുൾപ്പെടെ ആയിരക്കണക്കിന് ആളുകൾ ദിവസേന ആശ്രയിക്കുന്ന കോതമംഗലം താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്ക് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 5 താലൂക്ക് ആശുപത്രികളിൽ രക്ത ബാങ്ക് സൗകര്യമുണ്ട്.

(ബി) കോതമംഗലം താലൂക്ക് ആശുപത്രിയിൽ നിലവിൽ ഒരു രക്തസംഭരണ യൂണിറ്റാണ് പ്രവർത്തിക്കുന്നത്. നിലവിൽ പ്രതിമാസം ശരാശരി 15 യൂണിറ്റ് രക്തമാണ് ഇവിടെ ആവശ്യമായി വരുന്നത്. നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ/നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരം പ്രതിവർഷം 2000 യൂണിറ്റിൽ കൂടുതൽ രക്തം ആവശ്യമായി വരുന്ന ആശുപത്രികളിലാണ് രക്ത ബാങ്ക് അനുവദിക്കുന്നത്.

**കാത്ത് ലാബുകൾ**

244(257) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കാത്ത് ലാബുകൾ' എല്ലാ ജില്ലാ ആശുപത്രികളിലും ക്രമീകരിക്കുന്ന നടപടികളുടെ വിശദവിവരം നൽകുമോ;

(ബി) എത്ര കാലയളവിനുള്ളിൽ സംസ്ഥാനത്തെ മുഴുവൻ ജില്ലാ ആശുപത്രി കളിലും ഈ സംവിധാനം ഏർപ്പെടുത്തുവാൻ കഴിയും; വിശദവിവരം നൽകുമോ;

(സി) ആദ്യഘട്ടത്തിൽ ഇതിനായി തെരഞ്ഞെടുത്തിട്ടുള്ള ആശുപത്രികളുടെ വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) സ്ഥലസൗകര്യം ലഭ്യമായ തെരഞ്ഞെടുക്കപ്പെട്ട ജില്ലാ ആശുപത്രികളിൽ കിഫ്ബി മാന്ദ്യവിരുദ്ധ പദ്ധതിയിൽ ഉൾപ്പെടുത്തി കാത്ത് ലാബ് ആരംഭിക്കുന്ന പ്രവർത്തനങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു.

(സി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കാത്ത് ലാബ് ആരംഭിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

1. ജില്ലാ ആശുപത്രി, കൊല്ലം
2. ജനറൽ ആശുപത്രി, ആലപ്പുഴ
3. ജനറൽ ആശുപത്രി, പത്തനംതിട്ട

4. ജനറൽ ആശുപത്രി, കാഞ്ഞിരപ്പള്ളി

5. ജനറൽ ആശുപത്രി, തൃശ്ശൂർ

6. ജില്ലാ ആശുപത്രി, കണ്ണൂർ

7. ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്

8. ജില്ലാ ആശുപത്രി, തിരൂർ

9. സർക്കാർ മെഡിക്കൽ കോളേജ്, കളമശ്ശേരി

10. സർക്കാർ മെഡിക്കൽ കോളേജ്, പാരിപ്പള്ളി

ഇതുകൂടാതെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം ജനറൽ ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി, മാനന്തവാടി ജില്ലാ ആശുപത്രി എന്നിവിടങ്ങളിലും കാത്ത് ലാബ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരികയാണ്.

### ആരോഗ്യ വകുപ്പിന്റെ അച്ചടിജോലികൾ

245(258) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിനാവശ്യമായ ലഘുലേഖകൾ, വിവിധ ഫാറങ്ങൾ എന്നിവ അച്ചടിക്കുന്നത് പുറംകരാർ നൽകിയാണോ;

(ബി) ആരോഗ്യ വകുപ്പിന്റെ അച്ചടിശാലയുടെ പ്രവർത്തനം നിലച്ചിട്ട് എത്ര കാലമായി;

(സി) ടി വകുപ്പിനാവശ്യമായ ഫോറങ്ങൾ, മറ്റ് ലഘുലേഖകൾ എന്നിവ ഗവൺമെന്റ് പ്രസ്സിൽ മാത്രം അച്ചടിക്കുന്നതിന് തീരുമാനിക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവിധ ഫോറങ്ങൾ, രജിസ്റ്ററുകൾ എന്നിവ ആരോഗ്യ വകുപ്പിന്റെ ഫാമിലി വെൽഫെയർ ഓഫ്സെറ്റ് പ്രസ്സിൽ നിന്നുമാണ് അച്ചടിക്കുന്നത്. അവിടെ കളർ പ്രിന്റർ ഇല്ലാത്തതുകൊണ്ട് ലഘുലേഖകൾ സർക്കാർ സ്ഥാപനമായ ശ്രീചിത്രഹോം/കേരള ബുക്ക്സ് പബ്ലിക്കേഷൻ/സി-ആപ്റ്റിൽനിന്നും ക്വട്ടേഷൻ വിളിച്ചാണ് അച്ചടിപ്പിക്കുന്നത്.

## മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം

246(259) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകളിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ബില്ലുകൾ പരിശോധിച്ച് അനുവദനീയമായ തുക തിട്ടപ്പെടുത്തുന്നതിന് അപേക്ഷകളുടെ ബാഹുല്യംമൂലമുണ്ടാകുന്ന കാലതാമസമാണ് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം നേരിടുന്നതിന് കാരണം. പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിനായി 6-10-2017-ലെ ജി.ഒ. (എംഎസ്.) നമ്പർ 145/2017/ആകുവ നമ്പർ ഉത്തരവ് പ്രകാരം ഗവൺമെന്റ് ആശുപത്രികളിലെ ചികിത്സയുമായി ബന്ധപ്പെട്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷകളിൽ 50,000 രൂപവരെയുള്ളവ ജില്ലാതല മേധാവികൾക്കും 50,000 രൂപ മുതൽ 2,00,000 രൂപ വരെയുള്ളവ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ പരിശോധനയ്ക്കുശേഷം ജില്ലാതല മേധാവികൾക്കും 2,00,000-ന് മുകളിലുള്ളവ ആരോഗ്യ വകുപ്പ് ഡയറക്ടർ/ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്കുശേഷം വകുപ്പ് തലവന്മാർക്കും തീരുമാനം കൈക്കൊള്ളാൻ അനുവാദം നൽകിയിട്ടുണ്ട്.

കൂടാതെ Authorised Medical Attendant-ന്റെ ശിപാർശ ഇല്ലാതെതന്നെ സ്വകാര്യ ആശുപത്രികളിൽ നടത്തിയ, അടിയന്തര ചികിത്സ ആവശ്യമായ ചില രോഗങ്ങളുടെ, ചികിത്സയുമായി ബന്ധപ്പെട്ട റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ ആരോഗ്യ വകുപ്പിന്റെ പ്രത്യേകാനുമതിയില്ലാതെതന്നെ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ തീർപ്പാക്കാൻ 15-12-2017-ലെ സ.ഉ. (കൈ) 184/17/ആകുവ ഉത്തരവ് പ്രകാരം ഭരണ വകുപ്പുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

## കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

247(260) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഏതൊക്കെ വിഭാവനംചെയ്ത രൂപത്തിൽ പ്രവർത്തനമാരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയ പുതുപ്പാടി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പുതിയതായി എന്തൊക്കെ സേവനങ്ങളും സൗകര്യങ്ങളും ആണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും ഇനി എന്തൊക്കെയാണ് ചെയ്യാൻ അവശേഷിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഇത് പൂർണതോതിൽ എന്നാണ് പ്രവർത്തനമാരംഭിക്കാൻ കഴിയുകയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ പി.എച്ച്.സി.-കളിൽ രാമനാട്ടുകര, ഓമശ്ശേരി, എടച്ചേരി, നൊച്ചാട് എന്നിവിടങ്ങളിൽ വിഭാവനംചെയ്ത രൂപത്തിൽ പ്രവർത്തനമാരംഭിച്ചു.

(ബി) പുതുപ്പാടി പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. രാവിലെ 9 മണി മുതൽ വൈകിട്ട് 6 മണി വരെ ഒ.പി. സൗകര്യം ലഭ്യമാക്കും. രാവിലെ 9 മണി മുതൽ 4 മണി വരെ ലാബ് പ്രവർത്തിക്കും. വിഷാദരോഗ ക്ലിനിക്, ശ്വാസ് ക്ലിനിക്, ഇ-ഹെൽത്ത് പദ്ധതി എന്നിവ നടപ്പിലാക്കും. ഒരു ഡോക്ടർ, 2 സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(സി) പുതുപ്പാടി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ആയത് പൂർത്തിയായാൽ ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## ആരോഗ്യമേഖലയിൽ പുതുതായി സൃഷ്ടിച്ച തസ്തികകൾ

248(261) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ മേഖലയിൽ എത്ര തസ്തികകളാണ് പുതുതായി സൃഷ്ടിച്ചത്; ഓരോ കാറ്റഗറി തിരിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിൽ ആകെ 4271 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അതിൽ ആർദ്രം പദ്ധതി പ്രകാരം സൃഷ്ടിച്ച 1721 തസ്തികകൾ ഉൾപ്പെടെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനുകീഴിൽ സൃഷ്ടിച്ച 2130 തസ്തികകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

## 108 ആംബുലൻസുകൾ

249(262) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കേരള എമർജൻസി മെഡിക്കൽ സർവ്വീസസ് 108 ആംബുലൻസുകൾ എത്രയെണ്ണമാണ് ഇപ്പോൾ നിർത്തിവച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ആയവയിൽ വർക്കല മണ്ഡലം കേന്ദ്രീകരിച്ച് ഓടിയിരുന്ന എത്രയെണ്ണം നിർത്തി വച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) വർക്കല മണ്ഡലത്തിലെ നിർത്തി വച്ചിട്ടുള്ള 108 ആംബുലൻസ് സർവ്വീസ് അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) തിരുവനന്തപുരം ജില്ലയിൽ അനുവദിച്ചിട്ടുള്ള 25 ആംബുലൻസുകളിൽ വർക്കല മണ്ഡലത്തിലെ നാവായിക്കുളം കേന്ദ്രീകരിച്ച് ഓടിക്കൊണ്ടിരുന്ന ഒരു ആംബുലൻസ് മാത്രമാണ് അപകടത്തിൽ പൂർണ്ണമായും നശിച്ചതുകാരണം പ്രവർത്തനം നിർത്തിവച്ചിട്ടുള്ളത്. ഇതിന്റെ സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ആശാവർക്കർമാർക്ക് പ്രതിഫലം

250(263) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന ആശാവർക്കർമാർക്ക് പ്രതിഫലമായി ഇപ്പോൾ നൽകിവരുന്നത് എത്ര രൂപയാണ്; മറ്റെന്തൊക്കെ ആനുകൂല്യങ്ങളാണ് ഇവർക്ക് ലഭിക്കുന്നത്; ഇപ്പോൾ നൽകിവരുന്ന പ്രതിഫലം എന്നുമുതൽ ആണ് ഇവർക്ക് നൽകി തുടങ്ങിയത്; അതിന് മുൻപ് എത്രയായിരുന്നു പ്രതിഫലമായി നൽകിയിരുനത്; ഇവരുടെ ചുമതലകൾ എന്തൊക്കെയാണ്;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) അടിക്കടി ഉണ്ടാകുന്ന വിലക്കയറ്റംമൂലം ബുദ്ധിമുട്ടുന്നവർക്ക്, കാലാനുസൃതമായി പ്രതിഫലത്തിൽ വർദ്ധന വരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിൽ പൊതുജനാരോഗ്യ മേഖലയിൽ 25727 ആശമാർ പ്രവർത്തിച്ചുവരുന്നു. ചെയ്യുന്ന ജോലിക്കനുസരിച്ച് വിവിധ പദ്ധതികളിൽനിന്നുള്ള ഇൻസെന്റീവുകളും സംസ്ഥാന സർക്കാർ നൽകുന്ന പ്രതിമാസ ഓണറേറിയവുമാണ് ആശമാർക്ക് നൽകുന്നത്. 2017-18-ൽ ഇത് 2000 രൂപയായി ഉയർത്തി ഏപ്രിൽ 2017 പ്രാബല്യത്തോടെ നൽകിവരുന്നു. 2016-17-ൽ ഇത് 1500 രൂപയായിരുന്നു. ആശമാരുടെ പ്രധാന ചുമതലകൾ അവരുടെ പ്രദേശത്തുനിന്നുള്ള കുഞ്ഞുങ്ങളെ കുത്തിവയ്പ്പിനായി കൊണ്ടുവരിക, ജെ.എസ്.വൈ. ആനുകൂല്യം നൽകുന്നതിനുള്ള സഹായം നൽകുക, വന്ധീകരണ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ പ്രോത്സാഹിപ്പിക്കുക, മാസംതോറുമുള്ള WHND സംഘടിപ്പിക്കുന്നതിലേയ്ക്ക് അമ്മമാരെ കൊണ്ടുവരിക, പാലിയേറ്റീവ് ഹോം കെയറിൽ പങ്കെടുക്കുക, ജീവിതശൈലീരോഗങ്ങളുടെ പരിശോധനയ്ക്കായി 30 വയസ്സിന് മുകളിലുള്ളവരെ പി.എച്ച്.സി.-ലേയ്ക്ക് കൊണ്ടുവരിക തുടങ്ങിയവയാണ്.

(ബി) നിലവിലുണ്ടായിരുന്ന ഓണറേറിയവും 2017 ഏപ്രിൽ മുതൽ 2000 രൂപയായി വർദ്ധിപ്പിച്ചുനൽകിയിട്ടുണ്ട്. 2018-19 ബജറ്റിൽ 2000 രൂപ കൂടി ഉയർത്തി നൽകിയിട്ടുണ്ട്. ഇതടക്കം 2 വർഷംകൊണ്ട് 2500 വർദ്ധനയാകും. ഇതുകൂടാതെ ഇൻസെന്റീവ് അടിസ്ഥാനത്തിൽ വേതനം വർദ്ധിപ്പിക്കുന്ന പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**ഫാം. ഡി. കോഴ്സ്**

251(264) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോവർഷവും എത്ര വിദ്യാർത്ഥികൾ ഡോക്ടർ ഓഫ് ഫാർമസി (ഫാം. ഡി.) കോഴ്സ് പൂർത്തിയാക്കുന്നുണ്ട്;

(ബി) സംസ്ഥാനത്ത് എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഫാം. ഡി കോഴ്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ബി.ഫാം./എം.ഫാം. യോഗ്യതയുള്ളവരെ പരിഗണിക്കുന്ന തസ്തികകളിലേക്ക് ഫാം.ഡി കോഴ്സ് കഴിഞ്ഞവരെയും പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 16 സ്വാശ്രയ കോളേജുകളിലാണ് ഫാം. ഡി കോഴ്സ് നടത്തുന്നത്. പ്രസ്തുത കോളേജുകളിൽ ഓരോന്നിലും 30 സീറ്റുകൾ വീതം ആകെ 480 സീറ്റുകളാണുള്ളത്. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയ്ക്ക് കീഴിൽ 2010, 2011 വർഷങ്ങളിൽ ഫാം.ഡി. കോഴ്സിന് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ കോഴ്സാണ് പൂർത്തിയായിട്ടുള്ളത്. 2010-ൽ പ്രവേശനം നേടിയ 85 (എൺപത്തിയഞ്ച്) വിദ്യാർത്ഥികളിൽ 82 (എൺപത്തിരണ്ട്) പേർ കോഴ്സ് വിജയിച്ചിട്ടുണ്ട്. 2011-ൽ പ്രവേശനം നേടിയ 165 (നൂറ്റി അറുപത്തിയഞ്ച്) വിദ്യാർത്ഥികളിൽ 142 (നൂറ്റിനാൽപത്തിരണ്ട്) പേർ കോഴ്സ് വിജയിച്ചിട്ടുണ്ട്.

(ബി & സി) പരിഗണനയിലില്ല.

**കോട്ടയം മെഡിക്കൽ കോളേജിൽ ഹൃദയമാറ്റ ശസ്ത്രക്രിയ**

252(265) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൃദയമാറ്റ ശസ്ത്രക്രിയക്ക് ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും വിദഗ്ദ്ധ ഡോക്ടർമാരും കോട്ടയം മെഡിക്കൽ കോളേജിൽ നിലവിലുണ്ടോ;

(ബി) ഇതിനകം കോട്ടയം മെഡിക്കൽ കോളേജിൽ വിജയകരമായി നടന്ന ഹൃദയമാറ്റ ശസ്ത്രക്രിയകളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) എല്ലാ സജ്ജീകരണങ്ങളും മെഡിക്കൽ കോളേജിൽ ഉണ്ടായിട്ടും ലക്ഷക്കണക്കിന് രൂപ മുടക്കി സാധാരണ ജനങ്ങൾ സ്വകാര്യ ആശുപത്രികളെ ശരണം പ്രാപിക്കേണ്ട സാഹചര്യം എന്തുകൊണ്ടാണ് നിലനിൽക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) അവയവ മാറ്റ ശസ്ത്രക്രിയകൾക്ക് പ്രാപ്തമാകുന്ന രീതിയിൽ സർക്കാർ മെഡിക്കൽ കോളേജുകളെ കാര്യക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോട്ടയം മെഡിക്കൽ കോളേജിൽ താഴെപ്പറയുന്ന നാല് പേരുടെ ഹൃദയമാറ്റ ശസ്ത്രക്രിയകൾ വിജയകരമായി നടന്നിട്ടുണ്ട് :

| ക്രമ നമ്പർ | പേരും വയസ്സും വിലാസവും |
|---|---|
| 1 | ശ്രീ. പൊടിമോൻ, 50 വയസ്സ്, വാലുപറമ്പിൽ, ചിറ്റാർ, പത്തനംതിട്ട |
| 2 | ശ്രീ. ബഷീർ, 45 വയസ്സ്, തായമരക്കാർ (ഹൗസ്), കടങ്ങൽചിറ, എടറക്കാട് പി.ഒ., എറണാകുളം |
| 3 | ശ്രീ. ബാലൻ, 50 വയസ്സ്, പെരിക്കല്ലൂർ പി.ഒ., പുൽപ്പള്ളി, വയനാട് |
| 4 | ശ്രീ. സുബ്രഹ്മണ്യ ഭട്ട്, 51 വയസ്സ്, ശ്രീലക്ഷ്മി ഹൗസ്, ഉമയംപേരൂർ പി.ഒ., കണയന്നൂർ |

(സി) സാധാരണ ജനങ്ങൾ ചികിത്സയ്ക്കായി മെഡിക്കൽ കോളേജുകൾ ഒഴിവാക്കി സ്വകാര്യ ആശുപത്രികളിൽ പോകുന്ന എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അവയവമാറ്റ ശസ്ത്രക്രിയകൾ കാര്യക്ഷമമായി നടത്തുന്നതിനായി സർക്കാർ മെഡിക്കൽ കോളേജുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിവരുന്നു.

**പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജ്**

253(266) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജത ജൂബിലി ആഘോഷിക്കുന്ന കണ്ണൂർ ജില്ലയിലെ പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ സർക്കാർ ഉത്തരവായ പുതിയ പി.ജി. കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; എപ്പോൾ തുടങ്ങാൻ കഴിയും; വിശദമാക്കാമോ;

(ബി) പരിയാരം ആയൂർവേദ കോളേജിന്റെ സമഗ്രവികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പുതിയ പി.ജി. കോഴ്സുകൾ ആരംഭിച്ചിട്ടില്ല. 3 പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ സർവ്വകലാശാലയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആരോഗ്യ സർവ്വകലാശാലയിൽനിന്ന് നിരാക്ഷേപ സാക്ഷ്യപത്രം ലഭിച്ചതിനുശേഷം മാത്രമേ സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിന് പ്രസ്തുത കോഴ്സുകൾക്ക് അപേക്ഷ

സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. സർക്കാരിൽനിന്ന് നിരാക്ഷേപ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. 2018 ഏപ്രിൽ 1 മുതൽ 30 വരെയുള്ള ദിവസങ്ങളിലാണ് സി.സി.ഐ.എം.-ന് പുതിയ കോഴ്സുകൾ തുടങ്ങുന്നതിനും നിലവിലുള്ള കോഴ്സുകളിലെ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സമർപ്പിച്ചതിനുശേഷം സി.സി.ഐ.എം. പ്രതിനിധികൾ കോളേജ് സന്ദർശിച്ച് അടിസ്ഥാന സൗകര്യങ്ങളും അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ലഭ്യതയും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ആയുഷ് മന്ത്രാലയമാണ് പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള കോഴ്സുകളുടെ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുമുള്ള അനുമതി ഉത്തരവ് നൽകേണ്ടത്. മുകളിൽ കൊടുത്ത നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നമുറയ്ക്ക് പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതാണ്.

(ബി) 1992-ൽ പ്രവർത്തനമാരംഭിച്ച കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജ് 25 വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന രജത ജൂബിലി ആഘോഷങ്ങൾ നടന്നുവരികയാണ്. കോളേജിന്റെ സമഗ്ര വികസനത്തിന് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

## നോൺ-ബീറ്റാലാക്ടം പ്ലാന്റ്

254(267) ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീമതി യു. പ്രതിഭ ഹരി :

ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും കായികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിൽ (കെ.എസ്.ഡി.പി) പുതുതായി നോൺ-ബീറ്റാലാക്ടം പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2017-18-ലെ സംസ്ഥാന ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) അവയവമാറ്റ ശസ്ത്രക്രിയക്ക് വിധേയമായവർ ജീവിതകാലം മുഴുവനും കഴിക്കുന്നതിനുള്ള ഔഷധങ്ങൾ ഉത്പാദിപ്പിക്കുന്നതിനായുള്ള പ്ലാന്റിന്റെ പ്രവർത്തനങ്ങൾ ഏതുഘട്ടം വരെയായെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്ലാന്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഉത്പാദനം ആരംഭിക്കുന്നതിന് എപ്പോൾ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസിൽ (കെ.എസ്.ഡി.പി.) പുതുതായി നോൺ ബീറ്റാലാക്ടം പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2017-18-ലെ സംസ്ഥാന ബജറ്റിൽ 28.52 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

(ബി) നോൺ ബീറ്റാലാക്ടം പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്കുവേണ്ട മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്നത്. ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. സിവിൽ വർക്കുകൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. മെഷിനറികൾക്കെല്ലാം ഓർഡർ നൽകിക്കഴിഞ്ഞു. ഉദ്ദേശം ഒരു മാസത്തിനുള്ളിൽ ഇവ ഇൻസ്റ്റാൾ ചെയ്യുന്നതുമാണ്. മറ്റ് അനുബന്ധ ഉപകരണങ്ങൾക്കെല്ലാംതന്നെ ഓർഡർ നൽകുകയും പണികൾ നടന്നുവരികയും ചെയ്യുന്നുണ്ട്.

(സി) നാല് മാസത്തിനുള്ളിൽ ഉൽപ്പാദനം നടത്തുവാൻ കഴിയുന്നതാണ്.

**ഹോമിയോ ഡിസ്പെൻസറികൾ**

255(268) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്ഥലവും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുന്നപക്ഷം കായണ്ണ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ/എൻ.എച്ച്.എം. മേഖലയിൽ ഹോമിയോ ഡിസ്പെൻസറികളില്ലാത്ത പഞ്ചായത്തുകളിൽ ഘട്ടംഘട്ടമായി ഡിസ്പെൻസറികൾ ആരംഭിക്കുന്നതാണ്. ആദ്യഘട്ടമായി 10 ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ധന വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

**പുതിയ ഹോമിയോ ഡിസ്പെൻസറികൾ**

256(269) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ അടുത്തിടെ ഇറക്കിയ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ആകെ 30 പുതിയ ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവ് ധനകാര്യ വകുപ്പ് റദ്ദാക്കിയെന്ന പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ ധനകാര്യ വകുപ്പ് പ്രസ്തുത പ്രൊപ്പോസൽ നിരാകരിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഉത്തരവ് പ്രകാരമുള്ള 30 ഹോമിയോ ആശുപത്രികളുടെയും പ്രവർത്തനം എന്ന് തുടങ്ങാൻ പറ്റും; വിശദീകരിക്കാമോ?

ഉത്തരം

(എ) 13-7-2017-ലെ സ.ഉ.(കൈ) നമ്പർ 21/2017/ആയുഷ് പ്രകാരം ഹോമിയോ ഡിസ്പെൻസറികളില്ലാത്ത 30 പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും പ്രസ്തുത ഉത്തരവിൽ തസ്തികകളൊന്നും അനുവദിക്കപ്പെട്ടിരുന്നില്ലാത്തതിനാൽ മതിയായ തസ്തികകൾ സൃഷ്ടിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ധനവകുപ്പിന്റെ വിശദമായ പരിശോധനയ്ക്കുകൂടി വിധേയമാക്കിക്കൊണ്ട് പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് 27-7-2017-ലെ സ.ഉ. (കൈ) നമ്പർ 24/2017/ആയുഷ് നമ്പർ ഉത്തരവ് പ്രകാരം 13-7-2017-ലെ സ.ഉ. (കൈ) നമ്പർ 21/2017/ആയുഷ് എന്ന ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്.

(ബി&സി) ഇല്ല.

(ഡി) സർക്കാർ/എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറികളില്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഘട്ടംഘട്ടമായി ഡിസ്പെൻസറികൾ ആരംഭിക്കുന്നതാണ്. ആദ്യഘട്ടമായി 10 ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ധനവകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**ഹോമിയോ ഫാർമസിസ്റ്റ്**

257(270) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, എറണാകുളം ഒഴികെ മറ്റുള്ള ജില്ലകളിലെ ഹോമിയോ ഫാർമസിസ്റ്റ് സ്ഥിരം ജീവനക്കാരുടെയും താത്കാലിക ജീവനക്കാരുടെയും എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) തിരുവനന്തപുരം, എറണാകുളം, ഇടുക്കി ഒഴികെ മറ്റുള്ള ജില്ലകളിലെ ഹോമിയോ ഫാർമസിസ്റ്റിന്റെ 2016, 2017 വർഷങ്ങളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതിന്റെ തീയതി, ഫയൽ നമ്പർ സഹിതമുള്ള വിശദാംശം ജില്ലതിരിച്ച് അറിയിക്കുമോ;

(സി) നിലവിൽ ഹോമിയോ ഡിസ്പെൻസറികളിൽ ആകെ എത്ര ഡിസ്പെൻസർമാർ ഫാർമസിസ്റ്റ് ആയി ജോലി ചെയ്തുവരുന്നുവെന്നും ഇവർക്ക് ഫാർമസിസ്റ്റിന്റെ യോഗ്യതയായ സി.സി.പി/എൻ.സി.പി കോഴ്സ് പാസ്സായിരിക്കണമെന്ന നിബന്ധന ബാധകമാണോയെന്നും അറിയിക്കുമോ;

(ഡി) ജോലിയിൽനിന്നും വിരമിച്ച ഹോമിയോ ഫാർമസിസ്റ്റുകളെ താത്കാലികാടിസ്ഥാനത്തിൽ ഹോമിയോ ഡിസ്പെൻസറികളിൽ നിയമിച്ചിട്ടുണ്ടോ;

(ഇ) ഹോമിയോ ഫാർമസി കോഴ്സ് നടത്തുന്നതിന് സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ എത്ര സ്ഥാപനങ്ങൾ അപേക്ഷ നല്കിയിട്ടുണ്ടെന്നും എത്ര സ്ഥാപനങ്ങൾക്ക് അനുമതി നല്കിയിട്ടുണ്ടെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ)

| ക്രമ നമ്പർ | ജില്ല | സ്ഥിരം ജീവനക്കാർ | താൽക്കാലിക ജീവനക്കാർ |
|---|---|---|---|
| 1 | കൊല്ലം | 37 | 9 |
| 2 | പത്തനംതിട്ട | 18 | 15 |
| 3 | ആലപ്പുഴ | 26 | 17 |
| 4 | കോട്ടയം | 34 | 13 |
| 5 | ഇടുക്കി | 18 | 16 |
| 6 | തൃശ്ശൂർ | 29 | 16 |
| 7 | മലപ്പുറം | 46 | 5 |
| 8 | പാലക്കാട് | 32 | 9 |
| 9 | കോഴിക്കോട് | 49 | 2 |
| 10 | വയനാട് | 19 | 2 |
| 11 | കണ്ണൂർ | 34 | 6 |
| 12 | കാസർഗോഡ് | 25 | 2 |

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 90 അറ്റൻഡർ/ഡിസ്പെൻസർമാർ, ഫാർമസിസ്റ്റ് തസ്തിക ഇല്ലാത്ത സ്ഥാപനത്തിൽ ഡിസ്പെൻസർ എന്ന തസ്തികയിൽ ജോലി ചെയ്തുവരുന്നു. ഇവർക്ക് എൻ.സി.പി./സി.സി.പി. കോഴ്സ് ബാധകമല്ല, ഡിപ്പാർട്ട്മെന്റ് നടത്തിവരുന്ന മൂന്ന് മാസത്തെ ഇൻസർവ്വീസ് ട്രെയിനിംഗും അതിനോടനുബന്ധിച്ചുള്ള പരീക്ഷയും നടത്തി പാസ്സാകുന്ന ക്ലാസ് ഫോർ ജീവനക്കാർക്ക് മരുന്ന് കൈകാര്യം ചെയ്യുന്നതിനുള്ള യോഗ്യത നിശ്ചയിച്ചാണ് അറ്റൻഡർ/ഡിസ്പെൻസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നത്.

(ഡി) വിരമിച്ച ഹോമിയോ ഫാർമസിസ്റ്റുകളെ താത്കാലികാടിസ്ഥാനത്തിൽ അത്യാവശ്യഘട്ടങ്ങളിൽ നിയമിക്കാറുണ്ട്.

(ഇ) പുതുതായി സി.സി.പി. കോഴ്സ് ആരംഭിക്കുന്നതിന് രണ്ട് സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും അനുമതി നൽകിയിട്ടില്ല. എന്നാൽ കോടതിവിധിയുടെ അടിസ്ഥാനത്തിൽ എൻ.സി.പി. കോഴ്സ് നടത്തിവന്നിരുന്ന ഡോ. എ. കെ. ബി. സദ്ഭാവന മിഷൻ ട്രസ്റ്റിന് എൻ.സി.പി. കോഴ്സ് നിർത്തലാക്കിയ സാഹചര്യത്തിൽ സി.സി.പി. കോഴ്സ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**പുതിയതായി അനുവദിച്ച ഹോമിയോ ഡിസ്പെൻസറികൾ/ആശുപത്രികൾ**

258(271) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറികൾ / ആശുപത്രികൾ പുതിയതായി അനുവദിച്ചുവെന്ന് അറിയിക്കാമോ; അവയിൽ എത്രയെണ്ണം പ്രവർത്തനക്ഷമമായി;

(ബി) പുതിയതായി അനുവദിച്ച ഹോമിയോ ഡിസ്പെൻസറികൾ/ ആശുപത്രികൾ എന്നിവയുടെ പട്ടിക നൽകാമോ?

<u>ഉത്തരം</u>

(എ&ബി) പത്ത് ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹോമിയോ ആശുപത്രി

259(272) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയിൽ ആയുഷ് (ഹോമിയോപ്പതി) വകുപ്പിനു കീഴിൽ ഹോമിയോ ആശുപത്രി ആരംഭിക്കുന്നതു സംബന്ധിച്ച നഗരസഭയുടെ അപേക്ഷയിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ആശുപത്രികൾ തുടങ്ങുന്ന പ്രൊപ്പോസൽ പരിഗണിക്കുന്ന അവസരത്തിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

## വർക്കല പ്രകൃതി ചികിത്സാ ആശുപത്രിയുടെ വികസനം

260(273) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല പ്രകൃതി ചികിത്സാ ആശുപത്രിക്ക് നടപ്പ് സാമ്പത്തിക വർഷത്തിൽ മരാമത്ത് ജോലികൾക്കായി എത്ര രൂപ ഫണ്ട് അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) വർക്കല പ്രകൃതി ചികിത്സാ ആശുപത്രി നൂറ് കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വർക്കല പ്രകൃതി ചികിത്സാ ആശുപത്രിയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 55 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ നാഷണൽ ആയുഷ് മിഷൻ മുഖേന 78,05,590 രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) വർക്കല പ്രകൃതി ചികിത്സാ ആശുപത്രിയിൽ കിടക്കകളുടെ എണ്ണം 50-ൽനിന്നും 100 ആയി വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല.

## പഞ്ചകർമ്മ ഡിപ്പാർട്ട്മെന്റ്

261(274) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, തൃപ്പൂണിത്തുറ, കണ്ണൂർ ആയുർവേദ കോളേജുകളിലെ പഞ്ചകർമ്മ ഡിപ്പാർട്ട്മെന്റിൽ എത്ര തസ്തികകൾ ആവശ്യമെന്നാണ് സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ നിർദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പഞ്ചകർമ്മ ഡിപ്പാർട്ട്മെന്റിൽ മൂന്ന് കോളേജുകളിലുമായി നിലവിൽ എത്ര തസ്തികകളാണുള്ളതെന്ന് വിശദമാക്കാമോ;

(സി) ഈ തസ്തികകളിൽ എത്ര സ്ഥിരം നിയമനങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള പ്.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് പഞ്ചകർമ്മ ലക്ചറർ തസ്തികയിലേക്ക് എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന വിശദാംശം അറിയിക്കുമോ;

(ഇ) ആയുർവേദ പഞ്ചകർമ്മ ഡിപ്പാർട്ട്മെന്റിലെ അദ്ധ്യാപകരുടെ കുറവ് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(എഫ്) പഞ്ചകർമ്മ വിഭാഗത്തിൽ തസ്തികകൾ ആവശ്യപ്പെട്ട് വകുപ്പ് മേധാവികൾ സമർപ്പിച്ച നിവേദനത്തിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) മൂന്ന് സർക്കാർ ആയുർവേദ കോളേജുകളിലെ പഞ്ചകർമ്മ ഡിപ്പാർട്ട്മെന്റുകളിൽ സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ നിർദ്ദേശ പ്രകാരം 60 സീറ്റുകൾ വരെയുള്ള ബി.എ.എം.എസ്. കോഴ്സ് നടത്തുന്നതിന് പ്രൊഫസർ/ അസോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ ഏതെങ്കിലും ഒന്നിൽ ഒരു അദ്ധ്യാപകനും അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഒരു അദ്ധ്യാപകനും ചുരുങ്ങിയത് ആവശ്യമാണ്. 61 മുതൽ 100 സീറ്റുകൾ വരെയുള്ള ബി.എ.എം.എസ്. കോഴ്സ് നടത്തുന്നതിന് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ ഓരോ അദ്ധ്യാപകനും അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഒരു അദ്ധ്യാപകനും ചുരുങ്ങിയത് ആവശ്യമാണ്. കൂടാതെ ഒരു അറ്റൻഡർ തസ്തികയും പഞ്ചകർമ്മ ഡിപ്പാർട്ട്മെന്റിൽ ആവശ്യമാണ്. പി.ജി. ആയുർവേദ (പഞ്ചകർമ്മ) കോഴ്സിന് സി.സി.ഐ.എം.-ന്റെ എം.എസ്.ആർ. പ്രകാരം പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകളിൽ ഓരോ അദ്ധ്യാപകൻവീതം ആവശ്യമാണ്.

(ബി) കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിലെ പഞ്ചകർമ്മ ഡിപ്പാർട്ട്മെന്റിൽ അദ്ധ്യാപകരുടെ രണ്ട് തസ്തികകൾ (അസോസിയേറ്റ് പ്രൊഫസർ-1, അസിസ്റ്റന്റ് പ്രൊഫസർ-1) നിലവിലുണ്ട്. തിരുവനന്തപുരം ഗവൺമെന്റ് ആയൂർവേദ കോളേജിലെ പഞ്ചകർമ്മ ഡിപ്പാർട്ട്മെന്റിൽ അസോസിയേറ്റ് പ്രൊഫസർ-1, പ്രൊഫസർ-1, അസിസ്റ്റന്റ് പ്രൊഫസർ-1 എന്നിങ്ങനെയാണ് അനുവദിച്ചിട്ടുള്ള അദ്ധ്യാപകരുടെ തസ്തികകൾ. തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജിലെ പഞ്ചകർമ്മ ഡിപ്പാർട്ട്മെന്റിൽ അദ്ധ്യാപകരുടെ രണ്ട് തസ്തികകൾ (അസോസിയേറ്റ് പ്രൊഫസർ-1, അസിസ്റ്റന്റ് പ്രൊഫസർ-1) നിലവിലുണ്ട്.

(സി) പഞ്ചകർമ്മ വകുപ്പിൽ അനുവദിക്കപ്പെട്ട 7 സ്ഥിരം അദ്ധ്യാപക തസ്തികകളിൽ 4 സ്ഥിരം അദ്ധ്യാപകരാണ് മൂന്ന് ആയൂർവേദ കോളേജുകളിലേയും പഞ്ചകർമ്മ ഡിപ്പാർട്ട്മെന്റിലുള്ളത്.

ഒഴിവുകൾ - അസോസിയേറ്റ് പ്രൊഫസർ-2 (തിരുവനന്തപുരം, കണ്ണൂർ സർക്കാർ ആയുർവേദ കോളേജുകളിൽ)

അസിസ്റ്റന്റ് പ്രൊഫസർ-1 (തിരുവനന്തപുരം സർക്കാർ ആയൂർവേദ കോളേജിൽ)

യോഗ്യത നേടിയ [പി.ജി. (പഞ്ചകർമ്മ), 5 വർഷത്തെ അദ്ധ്യാപന പരിചയം] അസിസ്റ്റന്റ് പ്രൊഫസർമാരില്ലാത്തതിനാൽ പ്രസ്തുത കേഡറിൽനിന്നും സ്ഥാനക്കയറ്റംമൂലം നികത്തപ്പെടേണ്ട 2 അസോസിയേറ്റ് പ്രൊഫസർ (പഞ്ചകർമ്മ) തസ്തികകളും, നിലവിലെ റാങ്ക് ലിസ്റ്റിൽ DA-Ortho വിഭാഗത്തിൽ ഉദ്യോഗാർത്ഥികളില്ലാത്തതിനാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, എൻ.സി.എ. (No Candidate Available) ആയി പ്രഖ്യാപിച്ചിട്ടുള്ള ഒരു അസിസ്റ്റന്റ് പ്രൊഫസർ തസ്തികയും ഒഴിഞ്ഞു കിടക്കുകയാണ്.

(ഡി) നിലവിലുള്ള പി.എസ്.സി. പഞ്ചകർമ്മ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ റാങ്ക് ലിസ്റ്റിൽനിന്നും 2 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ഇ) അസോസിയേറ്റ് പ്രൊഫസർ തസ്തിക down grade ചെയ്ത് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയാക്കി പി.എസ്.സി. വഴി നിയമനം നടത്തുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(എഫ്) തൃപ്പൂണിത്തുറ കോളേജിലെ പഞ്ചകർമ്മ വകുപ്പിൽ പുതിയ തസ്തിക സൃഷ്ടിക്കണമെന്ന നിവേദനത്തിന്മേൽ വ്യക്തമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മെഡിക്കൽ ഓഫീസർമാരുടെ വിവിധ കേഡറുകൾ

262(275) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതീയ ചികിത്സാ വകുപ്പിൽ എസ് ആർ ഒ നം.350/2005 നമ്പരായി പുറപ്പെടുവിച്ച, ഇപ്പോൾ നിലനിൽക്കുന്ന സ്പെഷ്യൽറൂൾ ജി ഒ(പി)നമ്പർ 93/2005/ എച്ച്&എഫ് ഡബ്ലിയു ഡി തീയതി 5-4-2005 ആസ്പദമാക്കി, 2017-ൽ മെഡിക്കൽ ഓഫീസർമാരുടെ വിവിധ കേഡറുകളിലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കി ജി ഒ (പി)നമ്പർ 5/2017/ആയുഷ് തീയതി 16-5-2017 എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ;

(ബി) മേൽ ഉത്തരവുകളെ തുടർന്ന് 20-06-2017 തീയതിയിലെ സ.ഉ (സാധാ) നമ്പർ 309/2017/ആയുഷ് ഉത്തരവ് പ്രകാരം 115 മെഡിക്കൽ ഓഫീസർമാർക്കും 11-10-2017-ലെ സ.ഉ (സാധാ) നമ്പർ 459/2017/ആയുഷ് ഉത്തരവ് പ്രകാരം 16 മെഡിക്കൽ ഓഫീസർമാർക്കും സ്പെഷ്യൽ റൂളിലെ യൂണിറ്റ്-1 ലെ കാറ്റഗറി - 8-ൽ നിന്നും ഉദ്യോഗക്കയറ്റം കൊടുത്ത് സീനിയർ മെഡിക്കൽ ഓഫീസർ (ആയുർവേദ) തസ്തികയിൽ നിയമിച്ചപ്പോൾ, എൻട്രി കേഡറായ മെഡിക്കൽ ഓഫീസർ (ആയുർവേദ) തസ്തികയിൽ, ചട്ടപ്രകാരം ഉണ്ടായ ഒഴിവുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) സീനിയർ മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ മേൽ സർക്കാർ ഉത്തരവ് തീയതിയായ 20-06-2017-ലും 11-10-2017-ലും ഉണ്ടായ മെഡിക്കൽ ഓഫീസർ (ആയുർവേദ) എന്ന എൻട്രികേഡർ തസ്തികയിലെ പ്രസ്തുത ഒഴിവുകൾ കാറ്റഗറി നമ്പർ 268/11 പ്രകാരം നിലവിലിരുന്ന മെഡിക്കൽ ഓഫീസർ (ആയുർവേദ) റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിലേക്കായി പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിരുന്നോ; ആയത് എന്നാണ് റിപ്പോർട്ട് ചെയ്തത്; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ;

(ഡി) 20-6-2017 മുതൽ, മെഡിക്കൽ ഓഫീസർ (ആയുർവേദ) റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞ 18-11-2017 വരെയുള്ള കാലയളവിൽ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് ഭാരതീയചികിത്സാവകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ നൽകിയതു മുഖേനയുണ്ടായ ഒഴിവുകൾ ഉൾപ്പെടെ മെഡിക്കൽ ഓഫീസർ (ആയുർവേദ) തസ്തികയുടെ എത്ര ഒഴിവുകൾ, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അത് ഏതെല്ലാം തീയതികളിൽ ആണെന്നും കത്തിന്റെ പകർപ്പടക്കം വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധം -1 ആയി ചേർക്കുന്നു.*

(ബി) 20-6-2017-ലെ സ.ഉ.(സാധാ) നമ്പർ 309/17/ആയുഷ് ഉത്തരവ് പ്രകാരം 115 മെഡിക്കൽ ഓഫീസർമാർക്ക് സ്ഥാനക്കയറ്റം നൽകിയ സീനിയർ മെഡിക്കൽ ഓഫീസർ തസ്തികയിൽ ഒഴിവുകളൊന്നും ഉണ്ടായിട്ടില്ല. നിലവിൽ 8/15 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡ് വാങ്ങിയ മെഡിക്കൽ ഓഫീസർമാരെ 1: 3 അനുപാതക്രമം പാലിച്ച് നിലനിന്നിരുന്ന സ്ഥാപനങ്ങളിൽത്തന്നെ സീനിയർ മെഡിക്കൽ ഓഫീസർമാരായി പ്രൊമോഷൻ നൽകി നിയമിക്കുകയാണുണ്ടായത്. ആയത് മുഖേന എൻട്രി കേഡറിൽ ഒഴിവുകളുണ്ടാകുന്നില്ല. 11-10-2017-ലെ സ.ഉ.(സാധാ)നമ്പർ 459/17/ആയുഷ് ഉത്തരവ് പ്രകാരം എൻട്രി കേഡറായ മെഡിക്കൽ ഓഫീസർ തസ്തികയിൽ ചട്ടപ്രകാരം 16 ഒഴിവുകളുണ്ടായിട്ടുണ്ട്.

(സി) ടി 16 ഒഴിവുകളിൽ ഒരു ഒഴിവ് ലീവിൽ പ്രവേശിച്ചിരുന്ന ഒരു മെഡിക്കൽ ഓഫീസർ റീ-ജോയിൻ ചെയ്തതുമൂലം നികത്തപ്പെടുകയുണ്ടായി. ശേഷിക്കുന്ന 15 ഒഴിവുകൾ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 19-10-2017-ലെ ഡി3-25517/17 നമ്പർ കത്ത് പ്രകാരം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും പി.എസ്.സി.-യിൽനിന്നും ലഭിച്ച അഡ്വൈസ് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുള്ളതുമാണ്.

(ഡി) ആകെ 54 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.ക്ക് അയച്ച കത്തുകളുടെ പകർപ്പുകൾ അനുബന്ധം-2 ആയി ചേർക്കുന്നു.* ആയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഒഴിവുകളുടെ എണ്ണം | റിപ്പോർട്ട് ചെയ്ത തീയതി | റിമാർക്സ് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 13 | 28-6-2017 | റിട്ടയർമെന്റ്/പ്രൊമോഷൻ |
| 2 | 4 | 13-7-2017 | പുതിയ തസ്തിക |
| 3 | 1 | 2-9-2017 | പുതിയ തസ്തിക |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | 17 | 19-10-2017 | റിട്ടയർമെന്റ്/പ്രൊമോഷൻ/ ലീവ് |
| 5 | 4 | 4-11-2017 | ലീവ് വേക്കൻസി |
| 6 | 13 | 16-11-2017 | ഡെപ്യൂട്ടേഷൻ മുഖേന (10) ലീവ് വേക്കൻസി (3) |
| 7 | 2 | 17-11-2017 | ഡെപ്യൂട്ടേഷൻ മുഖേന (1) ലീവ് വേക്കൻസി (1) |
| ആകെ | 54 | | |

**ഇരിമ്പിച്ചിയം ആയുർവേദ ആശുപത്രി**

263(276) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഇരിമ്പിച്ചിയം ആയുർവേദ ആശുപത്രി പ്രവർത്തനം താത്കാലികമായി മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുന്ന പ്രൊപ്പോസലിൽ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സെക്രട്ടേറിയറ്റിലെ ആരോഗ്യ വകുപ്പിലുള്ള പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചും നടപടികളെക്കുറിച്ചും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആയൂർവേദ ആശുപത്രിക്ക് അടിയന്തരമായി അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രൊപ്പോസൽ പ്രകാരം ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടം ശോച്യാവസ്ഥയിലായതിനാൽ പുതിയ കെട്ടിടം പണിത് ആയതിന്റെ പ്രവർത്തനം തുടങ്ങുന്നതുവരെ ടി സ്ഥാപനത്തിനോടനുബന്ധിച്ച് പഞ്ചായത്ത് നിർമ്മിച്ചുവരുന്ന 'വയോജന' കേന്ദ്രത്തിലേയ്ക്ക് തൽക്കാലം സ്ഥാപനത്തിന്റെ പ്രവർത്തനം മാറ്റുന്നത് പരിശോധിച്ചു വരുന്നു. ആശുപത്രി ഇപ്പോഴും പഴയ കെട്ടിടത്തിൽത്തന്നെ പ്രവർത്തിച്ചു വരികയാണ്. വയോജന കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് കഴിഞ്ഞാൽ പ്രസ്തുത കേന്ദ്രത്തിലേയ്ക്ക് ആശുപത്രി മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

(സി) കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവർത്തനാനുമതി നൽകുന്നതാണ്.

## വനിതാ കമ്മീഷന്റെ വിവാഹപൂർവ്വ കൗൺസിലിംഗ്

264(277 ) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവാഹമോചനങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി കൈക്കൊള്ളുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) വനിതാ കമ്മീഷന്റെ വിവാഹപൂർവ്വ കൗൺസിലിംഗ് സംവിധാനം ഫലപ്രദമാണോ;

(ഡി) കൗൺസിലിംഗ് നിർബന്ധമാക്കുന്നതിന് നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. കുടുംബപ്രശ്നങ്ങളാണ് മിക്കപ്പോഴും വിവാഹ മോചനത്തിലെത്തുന്നത് എന്നതിനാൽ ഇതൊഴിവാക്കാൻ കേരള വനിതാ കമ്മീഷൻ ദമ്പതികൾക്ക് ഫാമിലി കൗൺസിലിംഗ് നൽകുന്നുണ്ട്. കൗൺസിലിംഗ് കൂടുതൽ ഫലപ്രദമാകുന്നതിന് രണ്ട് പാർട്ട് ടൈം കൗൺസിലർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്.

(സി) അതെ.

(ഡി) കൗൺസിലിംഗ് കൂടുതൽ ഫലപ്രദമാക്കുന്നതിന് Module പരിഷ്കരിക്കുന്നതിനും കൗൺസിലിംഗിൽ പങ്കെടുത്തവരുടെ വിശദാംശങ്ങൾ ശേഖരിക്കാനും തുടർനടപടി സംവിധാനം ശക്തിപ്പെടുത്താനുമുള്ള നടപടികൾ ആലോചിച്ചുവരുന്നുണ്ട്.

## വിദ്യാലയങ്ങളിലെ കൗൺസിലർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് നടപടി

265(278) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിനുകീഴിൽ വിവിധ വിദ്യാലയങ്ങളിൽ സേവനം അനുഷ്ഠിച്ചുവരുന്ന കൗൺസിലർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വർഷങ്ങളായി സേവനം അനുഷ്ഠിച്ചുവരുന്ന കൗൺസിലർമാർക്ക് സ്ഥിര നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 30-5-2017-ലെ G.O. (Rt) No. 315/17/SJD പ്രകാരം സ്കൂൾ കൗൺസിലർമാരുടെ ഓണറേറിയം 12,500/-ൽനിന്നും 50% വർദ്ധിപ്പിച്ചുകൊണ്ട് 18,750 (പതിനെണ്ണായിരത്തി എഴുന്നൂറ്റി അമ്പത് രൂപ മാത്രം) ആയി ഉയർത്തിയിട്ടുണ്ട്. കൂടാതെ 5 വർഷം സേവനം പൂർത്തിയാക്കിയ കൗൺസിലർമാർക്ക് അധികമായി 1,000 (ആയിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ബി) നിലവിൽ സ്കൂൾ കൗൺസിലർമാരെ കരാറടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. പ്രസ്തുത കരാർ വാർഷികാടിസ്ഥാനത്തിൽ പുതുക്കി നൽകുകയാണ്. സ്കൂൾ കൗൺസിലർമാർക്ക് സ്ഥിരനിയമനം നൽകുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## സ്നേഹപൂർവ്വം പദ്ധതി

266(279) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാ മിഷൻ വഴി നടപ്പാക്കുന്ന സ്നേഹപൂർവ്വം പദ്ധതി പ്രകാരം കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി അരൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലെ എത്ര കുട്ടികൾക്ക് ആനുകൂല്യം നൽകിയെന്ന വിവരം ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ എന്തെല്ലാം ക്രമീകരണങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അരൂർ മണ്ഡലത്തിൽ സ്ഥിരതാമസമാക്കിയ 630 വിദ്യാർത്ഥികൾക്ക് 2014-15 അധ്യയന വർഷത്തിലും 464 വിദ്യാർത്ഥികൾക്ക് 2015-16 അധ്യയന വർഷത്തിലും 466 വിദ്യാർത്ഥികൾക്ക് 2016-17 അധ്യയന വർഷത്തിലും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) നിലവിൽ ഡി.ബി.റ്റി. സംവിധാനം മുഖേന വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നുണ്ടോ എന്നറിയുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതാണ്. അപേക്ഷയുടെ സ്റ്റാറ്റസ് യു.എസ്.ഡി. വഴി അറിയാനുള്ള സംവിധാനവും പ്രിന്റൗട്ട് യഥാസമയം ലഭ്യമാക്കാത്ത സ്കൂളുകൾക്ക് നോട്ടിഫിക്കേഷൻ നൽകാനുള്ള സംവിധാനവും ഏർപ്പെടുത്തുന്നതാണ്. പദ്ധതിയുമായി ബന്ധപ്പെട്ട സംശയനിവാരണത്തിനായി 1800-120-1001 എന്നീ പേരിൽ ഒരു കോൾസെന്റർ ഏർപ്പെടുത്തിയിട്ടുണ്ട്.

**സ്നേഹപൂർവ്വം പദ്ധതിയുടെ വിശദാംശങ്ങൾ**

267(280) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന 'സ്നേഹപൂർവ്വം പദ്ധതി'യുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്;

(ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ നിന്നും എത്ര വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17, 2017-18 വർഷങ്ങളിൽ സഹായം നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ) സ്നേഹപൂർവ്വം പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 2016-17 അധ്യയന വർഷത്തിൽ 263 വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചുനൽകി. 2017-18 അധ്യയന വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**വയോജനങ്ങൾക്കായുള്ള ക്ഷേമ പദ്ധതികൾ**

268(281) ശ്രീ. കെ. കുഞ്ഞിരാമൻ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജനങ്ങൾക്കായി ആവിഷ്കരിച്ചിട്ടുള്ള ക്ഷേമ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വയോജനങ്ങളുടെ സംരക്ഷണത്തിനായി പകൽപരിചരണ കേന്ദ്രങ്ങളും വൃദ്ധസദനങ്ങളും ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സർക്കാർ ഓഫീസുകൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവ വയോജന സൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) വയോജനങ്ങൾക്ക് സൗജന്യവും സമഗ്രവുമായ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) വയോജന നയത്തിന്റെ ഭാഗമായി നടപ്പാക്കുന്ന ക്ഷേമപദ്ധതികൾ- വയോജനങ്ങൾക്കായി ഗവൺമെന്റ് വൃദ്ധസദനങ്ങളും വൃദ്ധസദനങ്ങളിലൂടെ സൗജന്യ താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ നൽകുന്നു. കൂടാതെ 'വയോ അമൃതം', 'വയോമിത്രം' ആരോഗ്യ പദ്ധതികളുടെ സേവനവും നൽകുന്നുണ്ട്.

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച നിയമം, 2007 സംസ്ഥാനത്ത് നടപ്പാക്കുകയും തുടർന്ന് എല്ലാ ജില്ലകളിലുമുള്ള 21 സബ് ഡിവിഷൻ ആഫീസുകളിലും മെയിന്റനൻസ് ട്രിബ്യൂണലുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

വയോജനങ്ങളുടെ ക്ഷേമത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ചിട്ടുള്ള പകൽ പരിപാലന കേന്ദ്രങ്ങൾ 'സായംപ്രഭ' ഹോമുകളാക്കിമാറ്റുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ വികലാംഗർക്കും വയോജനങ്ങൾക്കും സൗഹൃദമാക്കുന്നതിന് വയനാട്, മലപ്പുറം ജില്ലകളിൽ 15 കോടി രൂപ 2017-18 വർഷത്തിൽ അനുവദിച്ചുനൽകിയിട്ടുണ്ട്.

വയോജന ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വയോജന കൗൺസിൽ, ജില്ലാ വയോജന കമ്മിറ്റികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ബി.പി.എൽ. വിഭാഗത്തിലുള്ള മുതിർന്ന പൗരന്മാർക്ക് ആവശ്യമായ സഹായ ഉപകരണങ്ങളായ ശ്രവണസഹായി, വീൽചെയർ, വാക്കിംഗ് സ്റ്റിക്, കണ്ണടകൾ എന്നിവ പൂർണ്ണമായും സൗജന്യമായി നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ 'വയോശ്രീ യോജന' നടപ്പാക്കിവരുന്നു. കൂടാതെ വയോജനങ്ങൾക്ക് ദന്തനിര വയ്ക്കുന്ന പ്രോജക്ടായ 'മന്ദഹാസം' പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) നിലവിൽ സാമൂഹ്യനീതി വകുപ്പിനുകീഴിൽ 16 സർക്കാർ വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ രണ്ട് വീതവും മറ്റ് ജില്ലകളിൽ ഓരോന്നും പ്രവർത്തിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ നടന്നുവരുന്ന പകൽ പരിപാലന കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് അപ്ഗ്രേഡ് ചെയ്ത് സായംപ്രഭ ഹോമുകളാക്കി പരിവർത്തനം നടത്തുന്നതിന് 'സായംപ്രഭ' എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) വയോജനങ്ങൾക്കും അംഗപരിമിതർക്കും സൗഹൃദമായി സർക്കാർ ഓഫീസുകൾ മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം വയനാട്, മലപ്പുറം ജില്ലകളിലെ സർക്കാർ ഓഫീസുകൾ ബാരിയർ ഫ്രീ ആക്കുന്നതിന് സാമ്പത്തിക വർഷം നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന വയോജന കൗൺസിലിന്റെ യോഗ തീരുമാനപ്രകാരം RSBY മാതൃകയിൽ വയോജനങ്ങൾക്കായി ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയത് പ്രകാരം CHIS-മായി ബന്ധപ്പെട്ട് പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## വികലാംഗ പെൻഷൻ വർദ്ധിപ്പിക്കാനുള്ള നടപടികൾ

269(282) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വികലാംഗ പെൻഷൻ വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയായാണ് വർദ്ധിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) 1995 മുതൽ അംഗ പരിമിതർക്ക് നീക്കി വച്ച ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 21-2-2018-ലെ ജി.ഒ.(എംഎസ്) നമ്പർ 61/2018/ഫിൻ. പ്രകാരം വികലാംഗ പെൻഷൻ കൈപ്പറ്റുന്ന ഉപഭോക്താക്കളിൽ എൺപത് ശതമാനവും അതിന് മുകളിലും വൈകല്യമുള്ളവർക്കുള്ള പ്രതിമാസ പെൻഷൻ 1100 രൂപയിൽ നിന്ന് 1300 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് അംഗപരിമിതർക്ക് പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾക്ക് 3% സംവരണം The Persons with Disabilities (Equal Opportunities, Protection of Rights and Full Participation) Act, 1995 നിലവിൽ വന്ന തീയതിയായ 7-2-1996 മുതൽ നൽകിയും 100 പോയിന്റ് റിസർവേഷൻ റോസ്റ്ററിൽ 33, 66, 99 എന്നീ ഔട്ട് ഓഫ് ടേണുകൾക്ക് പകരമായി 1, 34, 67 ഔട്ട് ഓഫ് ടേണുകൾ നിശ്ചയിച്ചുകൊണ്ട് 6-5-2017-ലെ സ.ഉ.(പി) നമ്പർ 8/17/സാ.നീ.വ. പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിന്റെ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിലേയ്ക്കായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 4-8-2017-ന് ചേർന്ന യോഗ തീരുമാന പ്രകാരം പൊതുഭരണ വകുപ്പ്, ധനകാര്യ വകുപ്പ്, നിയമ വകുപ്പ്, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്, സാമൂഹ്യനീതി വകുപ്പ് എന്നീ വകുപ്പുകളുടെ

സെക്രട്ടറിതല കമ്മിറ്റി G.O.(Rt)638/2017/SJD പ്രകാരം രൂപീകരിക്കുകയും ആയതിന്റെ ആദ്യയോഗം 5-10-2017-ന് കൂടുകയുമുണ്ടായി. നിലവിലെ എല്ലാ വകുപ്പുകളിലേയും തസ്തികകളെ യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷനിലേതുപോലെ ഗ്രൂപ്പുകളായി തിരിച്ച് ഡാറ്റാബേസ് തയ്യാറാക്കി നിലവിൽ ഓരോ വകുപ്പിലും എത്ര അംഗപരിമിതർ ജോലി ചെയ്യുന്നുവെന്ന വിവരം ഉൾക്കൊള്ളിക്കുന്നതിനും 1996 മുതൽ അംഗപരിമിതർക്ക് ബാക്ക്‌ലോഗ് നൽകുന്നതിനുള്ള പ്രായോഗികത സംബന്ധിച്ചും Rights of Persons with Disabilities Act, 2016 പ്രകാരം അംഗപരിമിത സംവരണം 4% ആയി ഉയർത്തുമ്പോൾ നാലാമത്തെ വിഭാഗത്തിനായുള്ള തസ്തികകൾ കണ്ടെത്തുന്നതിനും ധനകാര്യ വകുപ്പ്, നിയമ വകുപ്പ്, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് എന്നീ വകുപ്പുകളിലെ പ്രഗത്ഭരും അനുഭവജ്ഞരുമായ വിരമിച്ച ഉദ്യോഗസ്ഥരുടെ ഒരു ടീം രൂപീകരിച്ചിട്ടുണ്ട്.

## ബാരിയർ ഫ്രീ പദ്ധതി

270(283) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബജറ്റിൽ പ്രഖ്യാപിച്ച ബാരിയർ ഫ്രീ പദ്ധതി പ്രകാരം ഭിന്നശേഷിക്കാർക്ക് തടസ്സമില്ലാതെ ഓഫീസുകളിൽ കടന്നുചെല്ലാൻ പാകത്തിനുള്ള സൗകര്യങ്ങൾ കേരളത്തിലെ ഏതെല്ലാം സർക്കാർ ഓഫീസുകളിലും ആശുപത്രികളിലും ഏർപ്പെടുത്തിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് 2017-18-ലെ ബജറ്റിൽ വകയിരുത്തിയ 15 കോടി രൂപയിൽനിന്നും എത്ര രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 2017-18 ബജറ്റിൽ പ്രഖ്യാപിച്ച ബാരിയർ ഫ്രീ പദ്ധതി പ്രകാരം വയനാട്, മലപ്പുറം ജില്ലകളിലെ സർക്കാർ/അർദ്ധസർക്കാർ കെട്ടിടങ്ങളും സർക്കാർ ആശുപത്രികൾ ഉൾപ്പെടെയുള്ള മറ്റ് പൊതുകെട്ടിടങ്ങളും ഭിന്നശേഷിയുള്ളവർക്ക് തടസ്സമില്ലാതെ കടന്നുചെല്ലാൻ പാകത്തിലുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ അതത് ജില്ലാ കളക്ടറേറ്റ് മുഖേന സ്വീകരിച്ചുവരുന്നു.

അംഗപരിമിതരായ ആളുകളുടെ സൗകര്യം കണക്കിലെടുത്ത് നിലവിൽ അംഗപരിമിത സൗഹൃദമല്ലാത്തതും വയനാട് ജില്ലയിലെ പൊതുജന സേവനം നൽകിവരുന്നതുമായ മുഴുവൻ സർക്കാർ പൊതുകെട്ടിടങ്ങളും അംഗപരിമിത സൗഹൃദമാക്കുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രവുമായി സഹകരിച്ച് 6,11,20,000 രൂപയുടെ പദ്ധതി തയ്യാറാക്കി നടപടി സ്വീകരിച്ചുവരുന്നുണ്ട്.

മലപ്പുറം ജില്ലയിൽ ഭിന്നശേഷിക്കാർക്ക് തടസ്സമില്ലാതെ ഓഫീസുകളിലും ആശുപത്രികളിലും കടന്ന് ചെല്ലുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിവരുന്നു. പ്രാഥമിക ഘട്ടത്തിൽ മലപ്പുറം സിവിൽ സ്റ്റേഷനിലെ എല്ലാ കെട്ടിടങ്ങളും ബാരിയർ ഫ്രീ ആക്കുന്ന പ്രവർത്തനങ്ങൾ നിർമ്മിതി കേന്ദ്രം ആരംഭിച്ചിട്ടുണ്ട്.

(ബി) ബാരിയർ ഫ്രീ പദ്ധതിക്കായി 2017-18 ബജറ്റിൽ വകയിരുത്തിയ 15 കോടി രൂപ (മലപ്പുറം ജില്ലയ്ക്ക് 8,88,80,000 രൂപയും വയനാട് ജില്ലയ്ക്ക് 6,11,20,000 രൂപയും) മലപ്പുറം, വയനാട് ജില്ലാ കളക്ടർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ചെലവഴിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

## എരഞ്ഞോളി ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ

271(284) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എന്തെല്ലാം കാര്യങ്ങൾ ആണ് നടപ്പാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; ആയതിന്റെ പുരോഗതിക്കായി പുതിയ എന്തെങ്കിലും പദ്ധതി പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) 2018-19-ലെ ബജറ്റിൽ പ്രസ്തുത സെന്ററിന്റെ വികസനത്തിന് എന്തെങ്കിലും തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തലശ്ശേരി നിയോജക മണ്ഡലത്തിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ നവീകരിച്ച് ഒരു മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ (MCRC) ആക്കി ഉയർത്തുന്നതിനായി 56,00,000 (അമ്പത്തിയാറ് ലക്ഷം) രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. വിർച്വൽ റീഹാബിലിറ്റേഷൻ യൂണിറ്റ് ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങൾ, ഫിസിയോ തെറാപ്പി സംവിധാനം, സെൻസറി റൂം, കുട്ടികളെ കൊണ്ടുവരുന്നതിനുള്ള വാഹനസൗകര്യം എന്നിവയ്ക്കായാണ് 56,00,000 (അമ്പത്തിയാറ് ലക്ഷം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളത്. സർക്കാരിന്റെ സ്റ്റോർസ് പർച്ചേസ് റൂൾസ് അനുസരിച്ച് ഉപകരണങ്ങൾ വാങ്ങി

എരഞ്ഞോളി MCRC-ക്ക് ലഭ്യമാക്കാൻ 11-12-2017-ൽ കൂടിയ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ ഇംപ്ലിമെന്റേഷൻ ആന്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

(ബി) തുക വകയിരുത്തിയിട്ടില്ല.

**എൻഡോസൾഫാൻ പുനരധിവാസ വില്ലേജ് പ്രോജക്ട്**

272(285) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ പുനരധിവാസ വില്ലേജ് പ്രോജക്ടിന് എത്ര രൂപയാണ് നിർമ്മാണ ചെലവ് കണക്കാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) നിലവിൽ ഈ പ്രോജക്ട് നടപ്പിലാക്കുന്നതിന് എത്ര രൂപ അനുവദിച്ച് കിട്ടിയിട്ടുണ്ട്;വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടി ഏത് വരെയായെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റീഹാബിലിറ്റേഷൻ വില്ലേജ് കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. പ്രസ്തുത സംവിധാനത്തിൽ വിദഗ്ദ്ധ ആരോഗ്യ പരിപാലനം, ഫിസിക്കൽ റീഹാബിലിറ്റേഷൻ, തൊഴിൽ പരിശീലനം, വ്യക്ത്യാധിഷ്ഠിതമായ ശാരീരിക മാനസിക വികസനത്തിനുള്ള കോഴ്സുകൾ, ഷോർട്ട് സ്റ്റേ തുടങ്ങിയ കാര്യങ്ങളാണ് പരിഗണനയിലുള്ളത്. ആയതിലേയ്ക്ക് മൂളിയാർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽനിന്ന് റീഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ 25 ഏക്കർ ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി സാമൂഹ്യനീതി വകുപ്പിന് ഉപയോഗാനുമതിയും കൈവശാവകാശവും നൽകി ഉത്തരവായിട്ടുണ്ട്. സമഗ്ര പുനരധിവാസ ഗ്രാമത്തിന്റെ കരട് രൂപരേഖ തയ്യാറാക്കുകയും ആയതിന്മേൽ ആരോഗ്യം, സാമൂഹ്യനീതി, റവന്യൂ എന്നീ മേഖലയിൽ പ്രവർത്തിച്ചുവരുന്ന വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് വിവിധ ശിൽപ്പശാലകൾ നടത്തിയിട്ടുണ്ട്. ഇപ്രകാരം കാസർഗോഡ് ജില്ലാ കളക്ടർ മുഖാന്തരം 25 കോടി രൂപയുടെ സമഗ്രമായ പ്രോജക്ട് പ്രൊപ്പോസൽ വിശദമായ എസ്റ്റിമേറ്റും പ്ലാനും (ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് മുഖാന്തരം തയ്യാറാക്കിയത്) സർക്കാർ പരിശോധിച്ചുവരുന്നു.

| ക്രമ നമ്പർ | ഘട്ടം | എസ്റ്റിമേറ്റ് തുക | പദ്ധതി കാലാവധി |
|---|---|---|---|
| 1 | ആദ്യഘട്ടം | 5 കോടി | 12 മാസം |
| 2 | രണ്ടാംഘട്ടം | 20 കോടി | 36 മാസം |

നാലുവർഷം കൊണ്ട് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന മേൽ പദ്ധതിയുടെ ആദ്യവർഷ ചെലവുകൾക്കായി 5 കോടി രൂപയും തുടർന്നുള്ള മൂന്ന് വർഷങ്ങളിലേയ്ക്ക് 20 കോടി രൂപയുമാണ് ബജറ്റ് മതിപ്പ്.

(ബി&സി) ടി പ്രോജക്ടിനായി നടപ്പുവർഷം ബജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ കാസർഗോഡ് ജില്ലാ കളക്ടറുടെ കൈവശം ഇതേ ആവശ്യത്തിലേയ്ക്ക് നീക്കിയിരിപ്പുള്ള തുകയായ 5 കോടി രൂപ ചെലവഴിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കാസർഗോഡ് എൻഡോസൾഫാൻ പുനരധിവാസ വില്ലേജ് രൂപീകരണത്തിനുള്ള 25 കോടി രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകുന്ന വിഷയം പരിഗണനയിലാണ്.

**എൻഡോസൾഫാൻ ദുരിതബാധിതർ**

273(286) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരിൽ ഇനിയും ലിസ്റ്റിൽ ഉൾപ്പെടാതെ ഒരു സഹായവും ലഭിക്കാത്ത എത്ര കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ദുരിതബാധിതരുടെ ലിസ്റ്റിൽ അനർഹമായി കടന്നു വന്നവരെ ഒഴിവാക്കി അർഹതയുള്ളവരെ ഉൾപ്പെടുത്താൻ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എൻഡോസൾഫാൻ ദുരിതബാധിതരിൽ ഇനിയും ലിസ്റ്റിൽ ഉൾപ്പെടാത്തവരുണ്ടോ എന്നുള്ള വിഷയം പരിശോധിക്കുന്നതിനും ദുരിതബാധിതരെ കണ്ടെത്തുന്നതിനും സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ മുഖേന മാത്രമേ കഴിയുകയുള്ളൂ. ടി ക്യാമ്പുകളിൽ പങ്കെടുത്തിട്ടുള്ള അർഹരായ എല്ലാവരെയും ദുരിതബാധിത പട്ടികയിൽ ഉൾപ്പെടുത്തുകയും ആനുകൂല്യങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(ബി) ദുരിതബാധിതരുടെ പട്ടിക പുനഃപരിശോധിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി 2017-ൽ മെഡിക്കൽ ക്യാമ്പിന് നിയോഗിച്ചിരുന്ന സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## ട്രാൻസ്ജെൻഡർ

274(287) ശ്രീ. രാജു എബ്രഹാം :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി ട്രാൻസ്ജെൻഡേഴ്സ് സെൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ട്രാൻസ്ജെൻഡേഴ്സിനെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും അവർക്കായുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിനും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത സെല്ലിൽ ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് :

1. ട്രാൻസ്ജെൻഡറുകൾക്ക് തിരിച്ചറിയൽ കാർഡ് വിതരണം
2. അദ്ധ്യാപകർ, പോലീസ്, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർക്ക് ട്രാൻസ്ജെൻഡർ ബോധവൽക്കരണ പരിപാടി
3. ട്രാൻസ്ജെൻഡറുകൾക്ക് ഡ്രൈവിംഗ് പരിശീലനം
4. ട്രാൻസ്ജെൻഡറുകൾക്ക് നൈപുണ്യ തൊഴിൽ പരിശീലനം
5. ഏഴാം ക്ലാസ് മുതൽ പോസ്റ്റ്ഗ്രാഡ്യുവേഷൻ വരെയുള്ള ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

6. ട്രാൻസ്ജെൻഡറുകളുടെ സർഗ്ഗവാസന പ്രോത്സാഹിപ്പിക്കുന്നതിനായി കലോത്സവം

7. 6 ജില്ലകളിൽ സേഫ്റ്റി ഹോം (കൊല്ലം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കാസർഗോഡ്)

8. സാക്ഷരതാ മിഷൻ വഴി തുടർവിദ്യാഭ്യാസ പദ്ധതി

9. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ ട്രാൻസ്ജെൻഡറുകൾക്ക് കെയർ ഹോം (തിരുവനന്തപുരം ജില്ല)

10. ട്രാൻസ്ജെൻഡർ ക്രൈസിസ് മാനേജ്മെന്റ് സെൽ (ട്രാൻസ്ജെൻഡർ സെൽ)

(ബി) ഉണ്ട്. 20-2-2018-ലെ സ.ഉ. (സാധാ) നമ്പർ 86/2018/സാ.നീ.വ പ്രകാരം ട്രാൻസ്ജെൻഡേഴ്സ് സെൽ രൂപീകരണത്തിനും അനുബന്ധ പ്രവർത്തനത്തിനുമായി ഭരണാനുമതി നൽകിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തനം ആരംഭിക്കുന്ന ട്രാൻസ്ജെൻഡർ സെല്ലിന്റെ പ്രവർത്തനം ഫെബ്രുവരി അവസാനവാരത്തോടെ വികാസ് ഭവനിലെ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ആരംഭിക്കുന്നതാണ്.

(സി) ട്രാൻസ്ജെൻഡർ സെല്ലിൽ ചുവടെപ്പറയുന്ന സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് :

1. ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ അവകാശ സംരക്ഷണത്തിനായി ട്രാൻസ്ജെൻഡർ പോളിസി വിഭാവനം ചെയ്യുന്ന എല്ലാ തലങ്ങളിലുമുള്ള പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുക.

2. സംസ്ഥാന ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ്, ജില്ലാതല ട്രാൻസ്ജെൻഡർ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും തീരുമാനങ്ങളിൽ തുടർനടപടികൾ നടത്തുകയും ചെയ്യുക.

3. ആവശ്യമായ ബോധവൽക്കരണ പരിപാടികൾക്ക് രൂപംനൽകി നടപ്പാക്കുക.

4. ട്രാൻസ്ജെൻഡർ ക്ഷേമത്തിനായി വകയിരുത്തുന്ന പദ്ധതി തുകയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പ് വരുത്തിക്കൊണ്ടുള്ള പ്രോഗ്രാമുകൾ, പദ്ധതികൾ, പരിപാടികൾ ഇവ ആവിഷ്കരിച്ച് നടപ്പാക്കുക.

5. വിവിധ വകുപ്പുകളുടെ പദ്ധതികൾ ഈ വിഭാഗത്തിന്റെ ക്ഷേമത്തിനായി ഏകീകരിച്ച് നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

6. ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ഡാറ്റാബേസ് തയ്യാറാക്കി ഡിജിറ്റൈസ് ചെയ്യുകയും കൃത്യമായ ഇടവേളകളിൽ അപ്ഡേഷൻ വരുത്തി സൂക്ഷിക്കുകയും ചെയ്യുക .

7. സംസ്ഥാന ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ്, ജില്ലാ ട്രാൻസ്ജെൻഡർ കമ്മിറ്റികളുടെ പ്രവർത്തന റിപ്പോർട്ടുകൾ ശേഖരിക്കുകയും വാർഷിക/ അർദ്ധവാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യുക.

8. ആവശ്യമുള്ള മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ.

## ഹോട്ടലുകളിൽ അമിതവില ഈടാക്കുന്നത് തടയുന്നതിന് നടപടി

275(288) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷണത്തിന് അമിതവില ഈടാക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഭക്ഷണശാലകൾക്ക് വൃത്തിയുടെ അടിസ്ഥാനത്തിൽ റേറ്റിംഗ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) സംസ്ഥാനത്ത് ഇതര സംസ്ഥാനക്കാർ വെജിറ്റേറിയൻ ഹോട്ടൽ എന്ന പേരിൽ ഭക്ഷണത്തിന് അമിതവില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കാമോ?

### ഉത്തരം

(എ-സി) ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങളുടെ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്ന് നിയമംമൂലം നിർബന്ധമാക്കിയിട്ടുണ്ട്. നിലവിലെ നിയമമനുസരിച്ച് ഭക്ഷണസാധനങ്ങളുടെ വില ഉപഭോക്താക്കൾ കാണത്തക്കവിധം ഹോട്ടലുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ടോയെന്നും വിലവിവരപ്പട്ടികയിൽ പ്രദർശിപ്പിച്ചിരിക്കുന്നതിലും കൂടുതൽ വില ഭക്ഷണസാധനങ്ങൾക്ക് ഈടാക്കുന്നുണ്ടോയെന്നും പരിശോധിക്കുന്നതിനുള്ള അധികാരം മാത്രമാണ് സിവിൽ സപ്ലൈസ് വകുപ്പിനുള്ളത്. ഇത് ഉറപ്പുവരുത്തുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും റവന്യൂ, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചേർന്നും നിരന്തരം പരിശോധനകൾ നടത്തുകയും നിയമലംഘനം

നടത്തുന്നവർക്കെതിരെ 1977-ലെ ഫുഡ് സ്റ്റഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ, 1977-ലെയും 1980-ലെയും കേരള എസൻഷ്യൽ കമ്മോഡിറ്റീസ് (മെയിന്റനൻസ് ഓഫ് അക്കൗണ്ട്സ് ആന്റ് ഡിസ്പ്ലേ ഓഫ് പ്രൈസസ് ആന്റ് സ്റ്റോക്സ്) ഓർഡർ എന്നിവ പ്രകാരവും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**പെട്രോളിലും ഡീസലിലും മായം**

276(289) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ നടന്ന റെയ്ഡിൽ പെട്രോളിലും ഡീസലിലും വ്യാപകമായി മായം കലർത്തുന്നതും പെട്രോൾ അടിക്കുമ്പോൾ കാണിക്കുന്ന റീഡിംഗ് അമിത വേഗത്തിലാക്കി മാറ്റി കൃത്രിമത്വം കാണിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഉപഭോക്താവിന് അയാൾ നൽകുന്ന തുകയ്ക്ക് അർഹമായ അളവിൽ ഇന്ധനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിക്കുമോ;

(സി) ഇത്തരം ചൂഷണങ്ങൾ ഒഴിവാക്കുന്നതിനും ഉപഭോക്താവിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ഉപഭോക്താവിന് നൽകുന്ന തുകയ്ക്ക് അർഹമായ അളവിൽ ഇന്ധനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി എല്ലാ വർഷവും പെട്രോൾ/ഡീസൽ ഡിസ്പെൻസിംഗ് യൂണിറ്റുകൾ ലീഗൽ മെട്രോളജി വകുപ്പ് പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തുകയും ഇടവിട്ട് മിന്നൽ പരിശോധന നടത്തുകയും ചെയ്യുന്നു. ലീഗൽ മെട്രോളജി വകുപ്പ് ഉദ്യോഗസ്ഥർ മുദ്രണംചെയ്ത മെഷറിംഗ് ജാർ അളവ് പരിശോധിക്കുന്നതിനായി പെട്രോളിയം ഔട്ട്ലെറ്റുകളിൽ ലഭ്യമാണ്. എണ്ണ കമ്പനികളുടെ ഉദ്യോഗസ്ഥരും സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥരും ചേർന്ന് പെട്രോളിയം ഔട്ട്ലെറ്റുകളിൽ പരിശോധന നടത്തി അളവിന്റെയും ഗുണനിലവാരത്തിന്റെയും കൃത്യത ഉറപ്പുവരുത്തുകയും ക്രമക്കേടുകൾ കണ്ടാൽ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ എണ്ണക്കമ്പനികളുടെ ആന്റി അഡൾട്ടറേഷൻ സെൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി മിന്നൽ പരിശോധനകൾ നടത്താറുണ്ട്. ഭാവിയിലും ഇത്തരം പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

## വിശപ്പുരഹിത കേരളം പദ്ധതി

277(290) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'വിശപ്പുരഹിത കേരളം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഏതൊക്കെ ജില്ലകളിൽ നടപ്പിലാക്കി; എല്ലാ ജില്ലകളിലും നടപ്പിലാക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) വിശപ്പുരഹിത കേരളം പദ്ധതി പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം, ആലപ്പുഴ എന്നീ ജില്ലകളിൽ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ആലപ്പുഴ ജില്ലയിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി ഏറെക്കുറെ പൂർത്തിയായിക്കഴിഞ്ഞു. തിരുവനന്തപുരം ജില്ലയിൽ ഈ പദ്ധതിയിൽ പങ്കാളിയാകാൻ ആഗ്രഹമുള്ള സന്നദ്ധ സംഘടനകളിൽനിന്നും ലഭിച്ച പ്രൊപ്പോസലുകളിൽ ഏറ്റവും കുറവ് അടങ്കൽ തുക രേഖപ്പെടുത്തിയ ഗാന്ധി സ്മാരക നിധിയുടെ പ്രൊപ്പോസൽ അംഗീകരിച്ച് ടി സംഘടനയെ തിരുവനന്തപുരം ജില്ലയിലെ പദ്ധതി നടത്തിപ്പിനുള്ള ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ തിരുവനന്തപുരം ജില്ലയിലും പദ്ധതി നടപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അടുത്ത സാമ്പത്തിക വർഷം എല്ലാ ജില്ലകളിലും ടി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

## ഭക്ഷ്യ ഗുണനിലവാര പരിശോധനാ ലാബുകൾ

278(291) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഗുണനിലവാര പരിശോധനാ ലാബുകൾ കേരളത്തിൽ എത്രയെണ്ണമുണ്ട് ; എവിടെയൊക്കെ പ്രവർത്തിക്കുന്നു; വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിനുകീഴിൽ എത്ര; സംസ്ഥാന സർക്കാരിനുകീഴിൽ എത്ര; വ്യക്തമാക്കാമോ;

(സി) ഓരോ ലാബിലും ഈടാക്കുന്ന പരിശോധനാഫീസ് ഓരോ ഇനത്തിലും എത്രയൊക്കെയെന്ന് വിശദമാക്കാമോ;

(ഡി) നിലവിലുള്ള നിരക്ക് അമിതമാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; നിരക്ക് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ NABL അക്രഡിറ്റേഷനുള്ള മൂന്ന് അനലിറ്റിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മൂന്ന് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബും പത്തനംതിട്ടയിൽ ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിക്കുന്നുണ്ട്.

(ബി) കേന്ദ്ര സർക്കാരിനുകീഴിൽ എത്ര ലാബുകളുണ്ടെന്ന കണക്ക് ലഭ്യമല്ല. സംസ്ഥാന സർക്കാരിനുകീഴിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മൂന്ന് അനലിറ്റിക്കൽ ലാബുകളും ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും മൂന്ന് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളും പ്രവർത്തിക്കുന്നു.

(സി) ഭക്ഷ്യസുരക്ഷാ ലാബുകളിൽനിന്നും ഈടാക്കുന്ന പരിശോധനാ ഫീസ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കുകളാണ് പ്രാബല്യത്തിലുള്ളത്.

## പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താൻ നടപടി

279(292) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കി കേന്ദ്രവിഹിതം പൂർണ്ണമായി നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) പൊതുവിതരണം ശക്തിപ്പെടുത്തി വിലക്കയറ്റം നിയന്ത്രിക്കാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) പൊതുവിതരണ ശൃംഖലവഴി മുൻഗണനാ വിഭാഗത്തിൽപ്പെട്ട ഓരോ ഗുണഭോക്താവിനും പ്രതിമാസം 5 കിലോ ഭക്ഷ്യധാന്യങ്ങൾ, എ.എ.വൈ. വിഭാഗത്തിൽപ്പെട്ട കാർഡൊന്നിന് 35 കിലോഗ്രാം ഭക്ഷ്യധാന്യങ്ങൾ എന്നിവ സൗജന്യമായി നൽകിവരുന്നു. കൂടാതെ ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന ഭക്ഷ്യധാന്യം മുൻഗണനേതര വിഭാഗത്തിന് വിതരണം നടത്തിവരുന്നു. സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലും ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം നടത്തുന്നതിനായി ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ റേഷൻ വിതരണം സംബന്ധിച്ച എല്ലാ വിഷയങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് വിവിധ ആപ്ലിക്കേഷനുകൾ എൻ.ഐ.സി. മുഖാന്തരം തയ്യാറാക്കിവരുന്നു.

(ബി) വില വർദ്ധനവുണ്ടാകുന്നത് എങ്ങനെയെന്ന് പരിശോധിക്കുന്നതിന് മറ്റ് വകുപ്പുകളെക്കൂടി ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിച്ചിരുന്നു. 22 അവശ്യസാധനങ്ങളുടെ വില സംസ്ഥാനത്തെ പൊതുവിപണിയിൽ നിന്നും ജില്ലാ സപ്ലൈ ഓഫീസർമാർ ശേഖരിച്ച് സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന് നൽകുകയും വില ശരാശരിയിൽ കൂടിയതായി കാണുന്ന കേന്ദ്രങ്ങളിൽ ശക്തമായ പരിശോധന നടത്താറുമുണ്ട്. 2017-18 സാമ്പത്തിക വർഷം വിപണി ഇടപെടൽ നടത്തുന്നതിനായി 200 കോടി രൂപ സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. ആയത് ഉപയോഗിച്ച് സപ്ലൈകോ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന 13 ഇനങ്ങൾ ഉൾപ്പെടെ ആകെ ഇരുപത്തിയെട്ടോളം അവശ്യ ഭക്ഷ്യധാന്യങ്ങൾ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. പൊതുവിതരണ ശൃംഖലയിലെ മറിച്ചുവിൽപ്പന, തിരിമറി, പൊതുവിപണിയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ ഫലപ്രദമായി തടയുന്നതിന് വകുപ്പിലെ പരിശോധന സംവിധാനം ക്രിയാത്മകമായി പ്രവർത്തിച്ച് ഭക്ഷ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1-11-2016 മുതൽ ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് റേഷൻ വിതരണം നടത്തിവരുന്നു. 06/2017-ഓടുകൂടി സംസ്ഥാനത്ത് പൂർണ്ണമായും വാതിൽപ്പടി വിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ റേഷൻകടകളിലും ബയോമെട്രിക് സൗകര്യമുള്ള ഇ-പോസ് മെഷീൻ ഘടിപ്പിക്കുന്ന പ്രക്രിയ അന്തിമ ഘട്ടത്തിലാണ്. ഗ്രീവൻസ് റിഡ്രസൽ പോർട്ടലിന്റെ മോഡ്യൂൾ എൻ.ഐ.സി. തയ്യാറാക്കിയത് ആഡിറ്റിംഗിനായി നൽകിയിട്ടുണ്ട്. വകുപ്പിന് പ്രത്യേകമായി കാൾ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽ വരുന്നതിന് മുമ്പുള്ള സാമ്പത്തിക വർഷങ്ങളിൽ അഡ്ഹോക് വിഹിതം ഉൾപ്പെടെ സംസ്ഥാനത്തിന് ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളെക്കാൾ കുറവാണ് ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തിന് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഇപ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ പ്രതിവർഷം സംസ്ഥാനത്ത് ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്.

(ഇ) ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് 2016 നവംബർ 1 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ, ഇ-പോസ് മെഷീനുകളുടെ ഉപയോഗം എന്നിവ മുഖമുദ്രയായുള്ള ഭക്ഷ്യ ഭദ്രതാ നിയമം സമ്പൂർണ്ണമായും നടപ്പിൽ വരുന്നതോടുകൂടി പൊതുവിതരണ ശൃംഖല കൂടുതൽ സുതാര്യവും കാര്യക്ഷമവും ഫലപ്രദവുമാകുന്നതാണ്. ശക്തമായ വിപണി ഇടപെടലിലൂടെയും സപ്ലൈകോ പോലുള്ള സ്ഥാപനങ്ങൾ വഴിയും വിലക്കയറ്റം നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**ഭക്ഷ്യസുരക്ഷാ നിയമം**

280(293) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം പ്രാബല്യത്തിൽ വന്നതെന്നാണ്; ഈ നിയമംമൂലം നടത്താൻ സാധിക്കുന്ന ഇടപെടലുകൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഈ നിയമം പ്രാബല്യത്തിലായിട്ടും അരി, മറ്റ് നിത്യോപയോഗ ഭക്ഷ്യ, പച്ചക്കറികളുടെ വിലയിൽ യാതൊരു മാറ്റവും ഇല്ലാത്ത കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഈ നിയമം വന്നശേഷം ഈ വിഷയത്തിൽ എന്തൊക്കെ പൊതു നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ നിയമപ്രകാരം കേരളത്തിൽ ഏതെങ്കിലും സ്ഥാപനത്തിന്റെയോ, വ്യക്തിയുടെയോ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് നിത്യോപയോഗ ഭക്ഷ്യസാധനങ്ങളിൽ മായം കലർത്തി വിൽപന നടത്തി കേരളീയരെ കടുത്ത അസുഖങ്ങളിലേക്ക് തള്ളിവിടുന്ന കച്ചവട ക്കാർക്കെതിരെ നിലവിലുള്ള നിയമം പര്യാപ്തമല്ല എന്ന സംഗതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) കാലഹരണപ്പെട്ട നിയമത്തിനുപകരം പുതുക്കിയ നിയമത്തിലൂടെ ഇത്തരം വ്യാപാരികൾക്ക് പരമാവധി ശിക്ഷ നൽകാൻ നടപടി സ്വീകരിക്കുമോ;

(എഫ്) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പരിശോധനയ്ക്കായി നിയമിക്കപ്പെട്ട വിവിധ സ്ക്വാഡുകൾ, ഉദ്യോഗസ്ഥർ എന്നിവരുടെ എണ്ണവും , വിശദാംശങ്ങളും ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ജി) ഈ സർക്കാർ കാലയളവിൽ ഭക്ഷ്യസാധനങ്ങളിൽ മായം കലർത്തിയതുമായി ബന്ധപ്പെട്ട് ചാർജ് ചെയ്ത കേസുകൾ എത്രയുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2011 മുതലാണ് സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം നിലവിൽ വന്നത്. ഈ നിയമം ഭക്ഷ്യ വസ്തുക്കളുടെ നിർമ്മാണം, സംഭരണം, ട്രാൻസ്പോർട്ടിംഗ്, പ്രോസസിംഗ്, ക്രയവിക്രയം തുടങ്ങിയ മേഖലകളിലും സൗജന്യ ഭക്ഷണ വിതരണ മേഖലകളിലും ഇടപെടുന്നതിന് സാധിക്കും. ഈ മേഖലകളിൽ ഉൽപ്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഹൈജീൻ ആന്റ് സാനിട്ടേഷൻ മെച്ചപ്പെടുത്തുന്നതിനും സാധിക്കും.

(ബി) ഭക്ഷ്യവസ്തുക്കളുടെ വിലനിർണ്ണയം ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല.

(സി) ഉണ്ട്. ഭക്ഷ്യസുരക്ഷാ നിയമപ്രകാരം നടപടികൾ സ്വീകരിച്ച സ്ഥാപനത്തിനെയും വ്യക്തികളെയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ഡി) ഇല്ല. മായംകലർത്തുന്ന കച്ചവടക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ഈ നിയമം പര്യാപ്തമാണ്.

(ഇ) മായം ചേർക്കുന്നത് കണ്ടെത്തുന്ന കേസ്സുകളിൽ 2011-ൽ പ്രാബല്യത്തിൽ വന്ന ഈ നിയമപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) സംസ്ഥാനത്ത് നിരന്തരം ഭക്ഷ്യസുരക്ഷാ പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഓണം/ബക്രീദ്/ക്രിസ്തുമസ്/ന്യൂ ഇയർ, ശബരിമല ഉത്സവവേളകളിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് ഭക്ഷ്യസുരക്ഷാ പരിശോധന നടത്തുന്നുണ്ട്.

2017-ലെ സ്പെഷ്യൽ സ്ക്വാഡ് വിവരങ്ങൾ താഴെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഓണം/ബക്രീദ് സ്ക്വാഡ്

| ജില്ല | സ്ക്വാഡുകളുടെ എണ്ണം | ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 3 | 9 |
| കൊല്ലം | 3 | 9 |
| പത്തനംതിട്ട | 2 | 6 |
| ആലപ്പുഴ | 2 | 6 |
| കോട്ടയം | 3 | 9 |
| ഇടുക്കി | 2 | 6 |
| എറണാകുളം | 4 | 12 |
| തൃശ്ശൂർ | 3 | 9 |
| പാലക്കാട് | 3 | 9 |
| മലപ്പുറം | 3 | 9 |
| കോഴിക്കോട് | 4 | 12 |
| വയനാട് | 2 | 6 |
| കണ്ണൂർ | 4 | 12 |
| കാസർഗോഡ് | 2 | 6 |

ക്രിസ്തുമസ്/ന്യൂ ഇയർ സ്ക്വാഡ്

| ജില്ല | സ്ക്വാഡുകളുടെ എണ്ണം | ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 3 | 9 |
| കൊല്ലം | 3 | 9 |
| പത്തനംതിട്ട | 2 | 6 |
| ആലപ്പുഴ | 2 | 6 |
| കോട്ടയം | 3 | 9 |
| ഇടുക്കി | 2 | 6 |
| എറണാകുളം | 4 | 12 |
| തൃശ്ശൂർ | 3 | 9 |
| പാലക്കാട് | 3 | 9 |
| മലപ്പുറം | 3 | 9 |
| കോഴിക്കോട് | 4 | 12 |
| വയനാട് | 2 | 6 |
| കണ്ണൂർ | 4 | 12 |
| കാസർഗോഡ് | 2 | 6 |

ശബരിമല ഉത്സവത്തോടനുബന്ധിച്ച് സന്നിധാനത്തും നിലയ്ക്കൽ, ളാഹ, എരുമേലി എന്നിവിടങ്ങളിലുമായി 40 ഉദ്യോഗസ്ഥരെ ഭക്ഷ്യസുരക്ഷാ പരിശോധനയ്ക്കായി നിയമിച്ചിട്ടുണ്ട്.

(ജി) ഈ സർക്കാർ കാലയളവിൽ ഭക്ഷ്യ സാധനങ്ങളിൽ മായം കലർത്തിയതുമായി ബന്ധപ്പെട്ട് ചാർജ്ജ് ചെയ്ത കേസ്സുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | ചാർജ്ജ് ചെയ്ത കേസ്സുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 53 |
| കൊല്ലം | 35 |
| പത്തനംതിട്ട | 25 |
| ആലപ്പുഴ | 53 |
| കോട്ടയം | 26 |
| ഇടുക്കി | 21 |
| എറണാകുളം | 79 |
| തൃശ്ശൂർ | 82 |
| പാലക്കാട് | 38 |
| മലപ്പുറം | 43 |
| കോഴിക്കോട് | 77 |
| വയനാട് | 21 |
| കണ്ണൂർ | 92 |
| കാസർഗോഡ് | 5 |

## വർക്കല താലൂക്കിലെ റേഷൻ കാർഡ് അപേക്ഷകൾ

281(294) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല താലൂക്കിൽ റേഷൻ കാർഡ് അനുവദിക്കുന്നതിനും അനുവദിച്ചവയിൽ തിരുത്തൽ വരുത്തുന്നതിനുമായി എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പുതിയ റേഷൻകാർഡ് അനുവദിക്കുന്നതിലേയ്ക്കായി 15-2-2018 മുതൽ 50 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. തിരുത്തൽ വരുത്തുന്നതിനുള്ള അപേക്ഷ രണ്ടാം ഘട്ടമായി സ്വീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ദേവികുളം മണ്ഡലത്തിൽ പുതിയ റേഷൻ കാർഡ് വിതരണം

282(295) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ പുതിയ റേഷൻ കാർഡ് വിതരണം പൂർത്തീകരിച്ചോയെന്ന് വ്യക്തമാക്കുമോ;

(ബി) പൂർത്തീകരിച്ചെങ്കിൽ എത്ര റേഷൻ കാർഡുകളാണ് വിതരണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ നിലവിൽ എത്ര റേഷൻ കാർഡുകൾ വിതരണം ചെയ്തെന്നും ഇനിയെത്ര റേഷൻ കാർഡുകൾ വിതരണം ചെയ്യാനുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പൂർത്തിയായിവരുന്നു.

(ബി&സി) നിലവിൽ വിതരണം ചെയ്ത റേഷൻ കാർഡുകളുടെ എണ്ണം -44,369

വിതണം ചെയ്യാനുള്ള ബാക്കി റേഷൻ കാർഡുകളുടെ എണ്ണം - 520

## ആലത്തൂർ താലൂക്ക് സപ്ലൈ ഓഫീസിലെ റേഷൻ കാർഡ് വിതരണം

283(296) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് സപ്ലൈ ഓഫീസിൽനിന്നും എത്ര പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്;

(ബി) പുതിയ റേഷൻ കാർഡുകളിലെ ബി.പി.എൽ, എ.പി.എൽ സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ആലത്തൂർ താലൂക്ക് സപ്ലൈ ഓഫീസിൽ ലഭിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(സി) ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ആലത്തൂർ താലൂക്ക് സപ്ലൈ ഓഫീസിൽനിന്നും 107962 പുതുക്കിയ റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) പുതിയ റേഷൻ കാർഡുകളിലെ അപാകതകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് 10397 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) 9115 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

## പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ

284(297) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ സ്വീകരിക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ; പുതിയ റേഷൻ കാർഡിന് അപേക്ഷിക്കുന്നവർ എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(ബി) അർഹരായവർക്ക് റേഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

1. റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ്
2. റിഡക്ഷൻ സർട്ടിഫിക്കറ്റ്/സറണ്ടർ സർട്ടിഫിക്കറ്റ്/നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റ്
3. വരുമാന സർട്ടിഫിക്കറ്റ്
4. അംഗങ്ങളുടെ ആധാറിന്റെ പകർപ്പ്
5. കുടുംബനാഥയുടെ 2 പാസ്പോർട്ട് സൈസ് കളർ ഫോട്ടോ

(ബി) അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ ഒഴിവാക്കുന്നതിനും അർഹരെ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഓരോ റേഷൻ കാർഡിനും ഓരോ മാസവും ലഭ്യമാകുന്ന അർഹതപ്പെട്ട ഭക്ഷ്യധാന്യ വിഹിതത്തിന്റെ വിതരണത്തോത് കാർഡുടമകളെ എസ്.എം.എസ്. മുഖേന അറിയിക്കുന്നുണ്ട്. കൂടാതെ 31-3-2018-ന് മുമ്പ് എല്ലാ റേഷൻകടകളിലും ഇ-പോസ് സംവിധാനം സ്ഥാപിക്കുന്നതിനുമുള്ള നടപടി പുരോഗമിച്ചുവരുന്നു. ഇ-പോസ് സംവിധാനം പ്രാവർത്തികമാകുന്നതോടെ ബയോമെട്രിക് ഐഡന്റിറ്റി മുഖേന റേഷൻ വിതരണം നടത്തുന്നതിനാൽ ഭക്ഷ്യധാന്യ വിഹിതം യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കാവുന്നതാണ്.

## പുതിയ റേഷൻ കാർഡുകളിൽ വന്നിട്ടുള്ള അപാകതകൾ

285(298) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുകളിൽ വന്നിട്ടുള്ള അപാകതകൾമൂലം ചികിത്സാനുകൂല്യങ്ങൾ, ഭവന പദ്ധതി തുടങ്ങി നിരവധി ആനുകൂല്യങ്ങൾ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) അപാകതകൾ പരിഹരിച്ച് മുഴുവൻ കാർഡുകളും എന്നത്തേക്ക് വിതരണം ചെയ്യുവാൻ കഴിയും എന്ന് വിശദമാക്കാമോ;

(ഡി) പുതിയ റേഷൻകാർഡുകൾക്കായുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് പുനരാരംഭിച്ചിട്ടുണ്ടോ;

(ഇ) പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിനുവേണ്ട നടപടിക്രമങ്ങൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല. ബാധകമല്ല.

(സി) 98.96% റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) നിലവിൽ ഒരിടത്തും റേഷൻ കാർഡിൽ പേരില്ലാത്തവർക്ക് 15-2-2018 മുതൽ റേഷൻ കാർഡുകൾക്കുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിലവിലുള്ള റേഷൻ കാർഡുകളിൽ തിരുത്തൽ വരുത്തുക, പുതുതായി ആളുകളെ ചേർക്കുക, നിലവിലുള്ള ആളുകളെ ഒഴിവാക്കുക തുടങ്ങിയ സംഗതികൾ നിലവിൽ ഒരു റേഷൻ കാർഡിലും പേരില്ലാത്തവരുടെ അപേക്ഷയ്ക്കുശേഷം പരിഗണിക്കുന്നതാണ്.

(ഇ) സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റ്, റേഷൻ കടകൾ, താലൂക്ക് സപ്ലൈ ഓഫീസുകൾ, പഞ്ചായത്ത്, വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽനിന്ന് ലഭ്യമാകുന്ന അപേക്ഷയോടൊപ്പം താഴെപ്പറയുന്നവ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ് :

1. റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ്
2. റിഡക്ഷൻ സർട്ടിഫിക്കറ്റ്/സറണ്ടർ സർട്ടിഫിക്കറ്റ്/നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റ്
3. വരുമാന സർട്ടിഫിക്കറ്റ്
4. ആധാറിന്റെ പകർപ്പുകൾ
5. ഗൃഹനാഥയുടെ പാസ്പോർട്ട് സൈസ് വലിപ്പത്തിലുള്ള രണ്ട് കളർ ഫോട്ടോ

**പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിന് ശിപാർശ കത്ത്**

286(299) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻകാർഡ് ലഭിക്കുന്നതിന് എം.എൽ.എ.-മാരുടെ ശിപാർശ കത്ത് ഹാജരാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) റേഷൻ കാർഡ് ലഭിക്കുന്നതിന് ആരുടെയൊക്കെ സാക്ഷ്യപത്രങ്ങളാണ് സ്വീകാര്യമായിട്ടുള്ളത്; വിശദമാക്കാമോ;

(സി) മറ്റൊരു റേഷൻ കാർഡിലും പേര് ഉൾപ്പെട്ടിട്ടില്ല എന്ന സാക്ഷ്യപത്രം ഏതെല്ലാം രേഖകൾ പരിശോധിച്ചാണ് നൽകാൻ കഴിയുക; ആയത് സാക്ഷ്യപ്പെടുത്താൻ എം.എൽ.എ.-യെ നിർദ്ദേശിച്ച് ഉത്തരവുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) നിർദ്ദിഷ്ട അപേക്ഷയോടൊപ്പം ഗൃഹനാഥയുടെ രണ്ട് കളർ പാസ്പോർട്ട് സൈസ് ഫോട്ടോ, റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, സറണ്ടർ സർട്ടിഫിക്കറ്റ്/റിഡക്ഷൻ സർട്ടിഫിക്കറ്റ്/നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റ് എന്നിവയ്ക്കു പുറമെ 20-7-1996-ലെ സർക്കുലർ നമ്പർ 7/96 പ്രകാരം സ്വന്തമായി കാർഡില്ലെന്നോ അപേക്ഷകൻ ഏതെങ്കിലും കാർഡിൽപ്പെട്ടിട്ടില്ലെന്നോ സൂചിപ്പിക്കുന്ന സ്ഥലം എം.പി., എം.എൽ.എ., ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പുതിയ കാർഡുകൾ നൽകുന്നതിന് ഉത്തരവായിട്ടുണ്ട്.

**പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ**

287(300) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ഷേമ പെൻഷനുകൾ, ചികിത്സാ സഹായങ്ങൾ എന്നിവയ്ക്ക് അപേക്ഷിക്കുന്നതിന് റേഷൻ കാർഡ് ആവശ്യമാകയാൽ പുതിയ റേഷൻകാർഡിനായി അപേക്ഷകൾ സ്വീകരിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പുതിയ റേഷൻകാർഡിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ വിവിധ വിഭാഗങ്ങൾക്ക് പല നിറങ്ങളിൽ നൽകിയിട്ടുള്ള റേഷൻകാർഡുകളുടെ നിറം ഏകീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) റേഷൻ മുൻഗണനാ പട്ടികയിൽ കടന്നുകൂടിയിട്ടുള്ള അപാകതകൾ എത്രത്തോളം പരിഹരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുടുംബനാഥയുടെ രണ്ട് പാസ്പോർട്ട് സൈസ് കളർ ഫോട്ടോ, റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, റിഡക്ഷൻ സർട്ടിഫിക്കറ്റ്/സറണ്ടർ സർട്ടിഫിക്കറ്റ്/നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, അംഗങ്ങളുടെ ആധാറിന്റെ പകർപ്പ് എന്നിവ.

(സി) പരിഗണനയിലാണ്.

(ഡി) അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. മുൻഗണനാ പട്ടികയിൽ ഉൾപ്പെടേണ്ട അപേക്ഷകൾ പരിശോധിച്ച് റേഷൻ കടകൾവഴി അദാലത്ത് നടത്തി പട്ടിക തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ള അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ തുടർന്നുവരുന്നു. പൊതുവായ പരാതികളുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളിൽ ഉചിതമായ മാറ്റം വരുത്തി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ മോട്ടോർ വാഹന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവർ നൽകിയ പട്ടിക പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്.

## പുതിയ റേഷൻകാർഡുകളിലെ തെറ്റുതിരുത്തൽ

288(301) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻകാർഡുകളിലെ തെറ്റുതിരുത്തുന്നതിനും ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റേഷൻകാർഡുകൾ ആക്ഷേപങ്ങൾ പരിഹരിച്ച് അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്തിമ മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹരെ ഒഴിവാക്കി അർഹരെ പട്ടികയിൽ ഉൾപ്പെടുത്തി റേഷൻകാർഡിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. നിലവിൽ ഒരിടത്തും റേഷൻ കാർഡിൽ പേരില്ലാത്തവർക്ക് റേഷൻ കാർഡുകൾ അനുവദിച്ചതിനുശേഷം മറ്റ് അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## റേഷൻ കടകൾവഴി നൽകിവരുന്ന ഭക്ഷ്യവസ്തുക്കൾ

289(302) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ലക്ഷം റേഷൻ കാർഡ് ഉടമകളാണ് സംസ്ഥാനത്തുള്ളതെന്ന് ഇനംതിരിച്ച് വ്യക്തമാക്കാമോ; ഓരോ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും റേഷൻ കടകൾവഴി എന്തൊക്കെ ഭക്ഷ്യവസ്തുക്കളാണ് നിലവിൽ നൽകി വരുന്നതെന്നും ഇവയ്ക്ക് ഓരോന്നിനും എത്ര തുക വീതമാണ് ഉപഭോക്താക്കൾ നൽകേണ്ടതെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പൊതു വിപണിയിൽ അരി അടക്കമുള്ള നിത്യോപയോഗ സാധനങ്ങളുടെ വില ഉയരാതെ നിയന്ത്രിച്ചുനിർത്തുന്നതിന് ഈ മേഖലയിലെ കരിഞ്ചന്തക്കാരെയും പൂഴ്ത്തിവയ്പുകാരെയും കൃത്രിമക്ഷാമം സൃഷ്ടിച്ച് കൊള്ളലാഭം നേടുന്നവരെയും കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് നടത്തിയ റെയ്ഡുകളുടെയും എടുത്ത കേസുകളുടെയും ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) പൂർണ്ണമായും മറ്റ് സംസ്ഥാനങ്ങളിൽനിന്നും നിത്യോപയോഗ സാധനങ്ങൾ അടക്കം എത്തിക്കേണ്ട സംസ്ഥാനം എന്നനിലയിൽ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സർക്കാർ നടത്തുന്ന ശ്രമങ്ങൾ എന്തൊക്കെ എന്നും സബ്സിഡി നിരക്കിൽ കൂടുതൽ ഭക്ഷ്യ വസ്തുക്കൾ റേഷൻ ഷോപ്പുകൾവഴി വിതരണം നടത്തുന്നതിനും വിലക്കയറ്റം ഉണ്ടാകാതിരിക്കാനും ദീർഘകാല പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ യെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിലുള്ള റേഷൻ കാർഡുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങളും ഓരോ വിഭാഗം റേഷൻകാർഡ് ഉടമകൾക്കും റേഷൻ കടകൾ വഴി നൽകിവരുന്ന ഭക്ഷ്യധാന്യങ്ങളുടെ വിവരങ്ങളും വിലവിവരവും അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) കരിഞ്ചന്ത, പൂഴ്ത്തിവയ്പ് എന്നിവ തടയുന്നതിന് വകുപ്പുതലത്തിൽ ശക്തമായ പരിശോധനാ സംവിധാനം ഉണ്ട്. വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും ലീഗൽ മെട്രോളജി, പോലീസ്, റവന്യൂ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ കൂടി ഏകോപിപ്പിച്ചുകൊണ്ട് നിരന്തര പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1955-ലെ അവശ്യ സാധന നിയമപ്രകാരവും 1980-ലെ PBMMSEC (Prevention of Black Marketing and Maintenance of Supply of Essential Commodities) ആക്ട് പ്രകാരവും ശക്തമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ (2017 ഏപ്രിൽ മുതൽ 2018 ജനവരി വരെ) സംസ്ഥാനത്ത് വിവിധ ജില്ലകളിൽ അവശ്യ സാധന നിയമം, 1955 പ്രകാരം നടത്തിയിട്ടുള്ള പരിശോധന/റെയ്ഡുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.*

(സി) വിലവർദ്ധനവ് പരിശോധിക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രൈസ് മോണിറ്ററിംഗ് സെൽ നിലവിലുണ്ട്. അവശ്യ സാധനങ്ങളുടെ വില കൂടിയതായി കാണുന്ന കേന്ദ്രങ്ങളിൽ ശക്തമായ പരിശോധന നടത്താറുണ്ട്. 2017 ഏപ്രിൽ മുതൽ നവംബർ വരെ 44455 റേഷൻ കടകൾ പരിശോധിക്കുകയും 10.7 ലക്ഷം രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ടി കാലയളവിൽ 7291 പൊതുവിപണി പരിശോധനകൾ നടത്തിയിട്ടുണ്ട്. 2017 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ 130 റേഷൻ കടകൾ സസ്പെൻഡ് ചെയ്യുകയും 7 റേഷൻ കടകളുടെ ലൈസൻസ് റദ്ദ് ചെയ്യുകയും ടി ക്രമക്കേടുകൾക്ക് 69.23 ലക്ഷം രൂപ വില വരുന്ന സാധനങ്ങൾ കണ്ടുകെട്ടുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2017-18 സാമ്പത്തിക വർഷം വിപണിയിടപെടൽ നടത്തുന്നതിനായി 200 കോടി രൂപ സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. ആയത് ഉപയോഗിച്ച് സപ്ലൈകോ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന 13 ഇനങ്ങൾ ഉൾപ്പെടെ ആകെ 28-ഓളം അവശ്യ ഭക്ഷ്യധാന്യങ്ങൾ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ നൽകിവരുന്നു.

## റേഷൻ കടകളിൽ ഇ-പോസ് മെഷീൻ

290(303) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പരീക്ഷണാർത്ഥം സ്ഥാപിക്കപ്പെട്ട മെഷീനുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ;

(ഡി) ഇ-പോസ് മെഷീനുകൾ പ്രവർത്തനസജ്ജമാകുമ്പോൾ ആധാർ കാർഡില്ലാത്തവർക്ക് റേഷൻ ലഭിക്കാത്ത അവസ്ഥയുണ്ടാകുമോ; വിശദീകരിക്കുമോ?

### ഉത്തരം

(എ) റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം 2018 ജനുവരി 6-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. മെഷീനുകൾ സ്ഥാപിക്കുന്നതിനായി ലിങ്ക്‌വെൽ ടെലി സിസ്റ്റം പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമായി കരാർ ഒപ്പുവയ്ക്കുകയും പർച്ചേസ് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് ആയതിലൂടെ റേഷൻ വിതരണം നടത്തിവരുന്നു. മറ്റ് ജില്ലകളിൽ മെഷീൻ സ്ഥാപിക്കുന്നതിന് മുന്നോടിയായുള്ള പരിശീലനം ഫെബ്രുവരി മാസത്തിൽത്തന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2018 മാർച്ച് മാസത്തോടുകൂടി സംസ്ഥാനത്ത് മുഴുവൻ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) ഉണ്ട്. കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻകടകളിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ട മെഷീനുകൾവഴി തന്നെയാണ് റേഷൻ വിതരണം നടത്തിവരുന്നത്. റേഷൻ സംബന്ധിച്ച ട്രാൻസാക്ഷനുകൾ, സ്റ്റോക്ക് വിവരങ്ങൾ മുതലായവ epos.kerala.gov.in എന്ന പോർട്ടലിലൂടെ പൊതുജനങ്ങൾക്കുൾപ്പെടെ നിരീക്ഷിക്കാൻ സാധിക്കും.

(സി) 2018 മാർച്ച് 31-നകം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടുകൂടി നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) ഇല്ല. ആധാർ കാർഡ് ഇല്ലെങ്കിലും തൽക്കാലം റേഷൻ ലഭിക്കുന്നതാണ്.

**റേഷൻ കാർഡിലെ ആനുകൂല്യം കൈപ്പറ്റുന്നവർ**

291(304) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ ഇപ്പോഴും റേഷൻ കാർഡിലെ ആനുകൂല്യം കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം ആനുകൂല്യം കൈപ്പറ്റുന്നവർക്കെതിരെ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് മുൻഗണനേതര വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള റേഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിന് നിയമതടസ്സമില്ല. എന്നാൽ മുൻഗണനാ ആനുകൂല്യങ്ങൾ കൈപ്പറ്റിയവരായ 91169 പേർ തങ്ങളുടെ റേഷൻകാർഡ് സറണ്ടർ ചെയ്തിട്ടുണ്ട്. പരിശോധനകൾ തുടർന്നുവരുന്നു.

**റേഷൻ കാർഡിൽ പേരുചേർക്കാൻ സമയപരിധി**

292(305) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി റേഷൻകാർഡ് എടുക്കുന്നതിനും റേഷൻകാർഡിൽ പേരു ചേർക്കുന്നതിനുമുള്ള സമയപരിധി പുതുക്കി നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പുതിയ അപേക്ഷകൾ സ്വീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ ഒരിടത്തും റേഷൻ കാർഡിൽ പേരില്ലാത്തവർക്ക് 15-2-2018 മുതൽ റേഷൻ കാർഡുകൾക്കുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റ്, റേഷൻ കടകൾ, താലൂക്ക് സപ്ലൈ ഓഫീസുകൾ, പഞ്ചായത്ത്, വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്ന് ലഭ്യമാകുന്ന അപേക്ഷയോടൊപ്പം താഴെ പറയുന്നവ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ് :

1. റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ്
2. റിഡക്ഷൻ സർട്ടിഫിക്കറ്റ്/സറണ്ടർ സർട്ടിഫിക്കറ്റ്/നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റ്
3. വരുമാന സർട്ടിഫിക്കറ്റ്
4. ആധാറിന്റെ പകർപ്പുകൾ
5. ഗൃഹനാഥയുടെ പാസ്പോർട്ട് സൈസ് വലിപ്പത്തിലുള്ള രണ്ട് കളർ ഫോട്ടോ.

നിലവിലുള്ള റേഷൻകാർഡുകളിൽ തിരുത്തൽ വരുത്തുക, പുതുതായി ആളുകളെ ചേർക്കുക, നിലവിലുള്ള ആളുകളെ ഒഴിവാക്കുക തുടങ്ങിയവ നിലവിൽ ഒരു റേഷൻ കാർഡിലും പേരില്ലാത്തവരുടെ അപേക്ഷയ്ക്കുശേഷം പരിഗണിക്കുന്നതാണ്.

**റേഷൻകാർഡുകൾ**

293(306) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ.എ.വൈ., മുൻഗണന, മുൻഗണനേതരം (സബ്സിഡി), മുൻഗണനേതരം (നോൺ സബ്സിഡി) റേഷൻ കാർഡുകൾ വിതരണം ചെയ്യുവാനായി സർക്കാർ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും സ്വന്തമായി വീടില്ലാത്തവർക്ക് റേഷൻ കാർഡ് ലഭിക്കാനുള്ള മാനദണ്ഡം എന്തെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാർഡ് വിതരണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് നാളിതുവരെ റേഷൻ കാർഡ് നല്കി എന്നും നൽകിയതിൽ അനർഹരായി എത്ര പേർ കാർഡുകൾ കൈപ്പറ്റി എന്നും അതിലെ സർക്കാർ/അർദ്ധ സർക്കാർ/മറ്റു ജീവനക്കാർ (സ്വകാര്യം)/ഗൾഫ് മലയാളികൾ എത്രയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത റേഷൻ കാർഡ് വിതരണം കുറ്റമറ്റതാക്കാനും അനർഹരെ കണ്ടെത്തി ഒഴിവാക്കാനും സർക്കാർ നിർദ്ദേശങ്ങൾ ധിക്കരിക്കുന്നവർക്കെതിരെ കർശന ശിക്ഷാനടപടികൾ കൈക്കൊള്ളാനും നാളിതുവരെ റേഷൻ കാർഡില്ലാത്ത അപേക്ഷകർക്ക് കാർഡ് ലഭ്യമാക്കൽ ഉറപ്പുവരുത്താനും എന്തു നടപടി സ്വീകരിച്ചു വരുന്നുവെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ.ഉ.(കൈ) നമ്പർ 16/2011/ത.സ്വ.ഭ.വ. തീയതി 14-1-2011, സ.ഉ.(കൈ) നമ്പർ 112/2012/ത.സ്വ.ഭ.വ. തീയതി 27-4-2012, സ.ഉ.(സാധാ) നമ്പർ 320/2017/ഭ.പൊ.വി.വ. തീയതി 18-9-2017 എന്നീ ഉത്തരവുകൾ പ്രകാരമുള്ള

മാനദണ്ഡങ്ങൾ അനുസരിച്ചാണ് സംസ്ഥാനത്ത് എ.എ.വൈ., മുൻഗണന, മുൻഗണനേതരം (സബ്സിഡി), മുൻഗണനേതരം (നോൺ സബ്സിഡി) റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നത്.* സ്വന്തമായി വീടില്ലാത്തവർക്ക് അടിയന്തരഘട്ടങ്ങളിൽ റേഷൻകാർഡുകൾ അനുവദിക്കുന്നതാണ്.

(ബി) 7934869 പേർക്ക് റേഷൻകാർഡ് ലഭിച്ചിട്ടുണ്ട്. അതായത് 98.96% റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയായിട്ടുണ്ട്. 91169 സർക്കാർ ഉദ്യോഗസ്ഥർ ഒഴിവായിട്ടുണ്ട്. സർക്കാർ ജീവനക്കാർ ഒഴികെ നിലവിൽ കണ്ടെത്തിയ അനർഹർ 171506 ആണ്. ഇപ്രകാരം ആകെ കണ്ടെത്തിയ അനർഹർ 262675 പേർ ആണ്.

(സി) അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ള അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി ക്രമങ്ങൾ തുടർന്നുവരുന്നു. പൊതുവായ പരാതികളുടെ അടിസ്ഥാനത്തിൽ മാനദണ്ഡ ങ്ങളിൽ ഉചിതമായ മാറ്റം വരുത്തി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ മോട്ടോർ വാഹന വകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ് എന്നിവർ നൽകിയ പട്ടിക പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്ന നടപടി അന്തിമ ഘട്ടത്തിലാണ്. അനർഹർക്കെതിരെ ഇന്ത്യൻ ക്രിമിനൽ ശിക്ഷാനിയമ പ്രകാരവും അവശ്യ സാധന നിയമം, 1955 പ്രകാരവും നടപടിയെടുക്കാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ ഒരിടത്തും റേഷൻ കാർഡിൽ പേരില്ലാത്തവർക്ക് 15-2-2018 മുതൽ റേഷൻ കാർഡുകൾക്കുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റ്, റേഷൻ കടകൾ, താലൂക്ക് സപ്ലൈ ഓഫീസുകൾ, പഞ്ചായത്ത്, വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്ന് ലഭ്യമാകുന്ന അപേക്ഷയോടൊപ്പം താഴെപ്പറയുന്നവ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

1. റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ്
2. റിഡക്ഷൻ സർട്ടിഫിക്കറ്റ്/സറണ്ടർ സർട്ടിഫിക്കറ്റ്/നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റ്
3. വരുമാന സർട്ടിഫിക്കറ്റ്
4. ആധാറിന്റെ പകർപ്പുകൾ
5. ഗൃഹനാഥയുടെ രണ്ട് പാസ്പോർട്ട് സൈസിലുള്ള കളർ ഫോട്ടോ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## റേഷൻ ലഭ്യമാക്കാൻ ആധാർ കാർഡ്

294(307) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-പോസ് യന്ത്രങ്ങൾ വഴി റേഷൻ ലഭ്യമാക്കാൻ ആധാർ കാർഡ് നിർബന്ധമാക്കിയിട്ടുണ്ടോ;

(ബി) ആധാർ കാർഡ് ലഭ്യമാക്കാത്തവർക്ക് റേഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) രാജ്യത്ത് ആധാർ കാർഡ് ഇതുവരെ നിർബന്ധമാക്കാത്ത സാഹചര്യത്തിൽ ആധാർ കാർഡ് ഇല്ലാത്തവർക്ക് റേഷൻ നിഷേധിക്കുന്നത് നിയമവിരുദ്ധമല്ലേയെന്ന് പരിശോധിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) റേഷൻ ലഭിക്കുന്നതിന് ആധാർ നിർബന്ധമാക്കിയിട്ടില്ല.

(സി) ബാധകമല്ല.

## മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയവർ

295(308) ശ്രീ.കെ. എസ്. ശബരീനാഥൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിൽ കടന്ന് കൂടിയിട്ടുള്ള വ്യാപക തെറ്റുകൾ തിരുത്തുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ബി) മുൻഗണനാ ലിസ്റ്റിൽ അനധികൃതമായി ഉൾപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർ, വാഹന ഉടമകൾ, 1200 ചതുരശ്ര അടിയിലധികമുള്ള വീട്ടിൽ താമസിക്കുന്നവർ എന്നിവരെ ഒഴിവാക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ;

(സി) ഓരോ വിഭാഗത്തിലും അനധികൃതമായി മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അംഗപരിമിതരെ 1200 ചതു. അടി വീടുള്ള കാരണത്താൽ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഇ) വീൽചെയറിൽ ജീവിതം തള്ളി നീക്കുവാൻ വിധിക്കപ്പെട്ടവരെ മേല്പറഞ്ഞ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പട്ടികയിൽ നിന്നും ഒഴിവാക്കാതെ അവരെ മുൻഗണനാ പട്ടികയിൽ തന്നെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹരായവരെ ഒഴിവാക്കി അർഹരായവരെ ഉൾക്കൊള്ളിച്ച് തെറ്റുകൾ തിരുത്തുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

(ബി&സി) അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ള അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ തുടർന്നുവരുന്നു. പൊതുവായ പരാതികളുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളിൽ ഉചിതമായ മാറ്റംവരുത്തി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ മോട്ടോർ വാഹന വകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ് എന്നിവർ നൽകിയ പട്ടിക പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്ന നടപടി അന്തിമ ഘട്ടത്തിലാണ്. 91169 സർക്കാർ ഉദ്യോഗസ്ഥർ ഒഴിവായിട്ടുണ്ട്. സർക്കാർ ജീവനക്കാർ ഒഴികെ നിലവിൽ കണ്ടെത്തിയ അനർഹർ 171506 ആണ്.

(ഡി&ഇ) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കി യതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ അർഹരായവരെ ഉൾപ്പെടുത്തുന്നതിനായി പരിഷ്കരിച്ച മാനദണ്ഡം സംബന്ധിച്ച് സ.ഉ.(സാധാ) നമ്പർ 320/17/ഭ.പൊ.വി.വ. പ്രകാരം മാരക രോഗങ്ങൾ ബാധിച്ചവർ, ഗുരുതര ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവരെ പരിശോധിച്ച് യോഗ്യതയുണ്ടെങ്കിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.*

**പുതിയ റേഷൻ കടകൾ**

296(309) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പുതിയ റേഷൻ കടകൾ അനുവദിച്ചിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഉണ്ടെങ്കിൽ അതിന്റെ പട്ടിക ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ ഏതെങ്കിലും റേഷൻ കടകൾ അടച്ചുപൂട്ടിയിട്ടുണ്ടോ;

(ഡി) ഈ സർക്കാർ മലപ്പുറം ജില്ലയിൽ ഏതെങ്കിലും റേഷൻ കടകൾ അടച്ചു പൂട്ടിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| പാലക്കാട് | - 6 |
| മലപ്പുറം | - 1 (നടപ്പിൽ വരുത്തിയിട്ടില്ല) |
| വയനാട് | - 1 |
| കാസർഗോഡ് | - 2 |
| ആകെ | -10 |

(സി) ഉണ്ട്. കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിലെ എ.ആർ.ഡി. 69 അടച്ചുപൂട്ടിയിട്ടുണ്ട്.

(ഡി) ഇല്ല.

## പാറശ്ശാല മണ്ഡലത്തിൽ അനുവദിച്ച റേഷൻ കാർഡുകളുടെ എണ്ണം

297(310) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സംവിധാനം കുറ്റമറ്റതാക്കാൻ ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിൽ പുതുതായി അനുവദിച്ചിട്ടുള്ള റേഷൻ കാർഡുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

(സി) അപേക്ഷ നൽകിയിട്ടും ഇനിയും റേഷൻകാർഡ് ലഭിക്കാനുള്ളവർ എത്രയാണെന്നുള്ള വിവരം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം നടത്തുന്നതിനായി 31-3-2018-നകം ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ റേഷൻ

കടകളിലും 'വാതിൽപ്പടി വിതരണം' മുഖേന റേഷൻ സാധനങ്ങൾ എത്തിച്ചുവരുന്നുണ്ട്. റേഷൻ വിതരണം സംബന്ധിച്ച എല്ലാ വിഷയങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് വിവിധ ആപ്ലിക്കേഷനുകൾ എൻ.ഐ.സി. മുഖാന്തരം തയ്യാറാക്കിവരുന്നു. ഗുണഭോക്തൃ വിഹിതം സംബന്ധിച്ച് റേഷൻ കാർഡുടമകളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിലേയ്ക്ക് എസ്.എം.എസ്. സന്ദേശം നൽകിവരുന്നുണ്ട്. കൂടാതെ പത്രപരസ്യവും നൽകിവരുന്നു. പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിൽ കാൾ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്താൻ നടപടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ സോഷ്യൽ ആഡിറ്റിംഗ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി)

| പഞ്ചായത്ത് | കാർഡിന്റെ എണ്ണം |
|---|---|
| കള്ളിക്കാട് | 3940 |
| ആര്യങ്കോട് | 7974 |
| അമ്പൂരി | 4532 |
| ഒറ്റശേഖരമംഗലം | 5225 |
| പാറശ്ശാല | 14262 |
| കൊല്ലയിൽ | 5806 |
| കുന്നത്തുകാൽ | 10522 |
| പെരുങ്കടവിള | 6860 |
| വെള്ളറട | 10534 |
| ആകെ | 69655 |

(സി)

| | | |
|---|---|---|
| കള്ളിക്കാട് | - | 3 |
| ആര്യങ്കോട് | - | 11 |
| അമ്പൂരി | - | 11 |
| ഒറ്റശേഖരമംഗലം | - | 9 |
| പാറശ്ശാല | - | 16 |
| കൊല്ലയിൽ | - | 14 |

| | | |
|---|---|---|
| കുന്നത്തുകാൽ | - | 13 |
| പെരുങ്കടവിള | - | 10 |
| വെള്ളറട | - | 11 |
| ആകെ | - | 98 |

**റേഷൻ മൊത്ത വിതരണം**

298(311) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ മൊത്ത വിതരണം സ്വകാര്യവ്യക്തികളെ ഒഴിവാക്കി നടപ്പിലാക്കാൻ പദ്ധതികളുണ്ടോ;

(ബി) വ്യാപകമായ തോതിൽ ആക്ഷേപമുണ്ടാക്കുന്ന പഴയരീതി ഒഴിവാക്കി പൊതുമേഖലയിലോ, സഹകരണ മേഖലയിലോ ഭക്ഷ്യമൊത്തവിതരണം നടപ്പിലാക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) 3-10-2016-ലെ സ.ഉ(കൈ) നമ്പർ 15/16/ഭ.സി.സ.വ. പ്രകാരം സ്വകാര്യ വ്യക്തികളെ ഒഴിവാക്കി റേഷൻ മൊത്ത വിതരണത്തിന്റെ ചുമതല പൂർണ്ണമായും സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്.

**നിർധന വിഭാഗങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ**

299(312) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർധന വിഭാഗങ്ങൾക്ക് സൗജന്യമായും കുറഞ്ഞ വിലയ്ക്കും വിതരണം ചെയ്യാനുള്ള ഭക്ഷ്യ ധാന്യങ്ങൾ പൊതുവിപണിയിൽ മറിച്ചുവിൽക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പ്രവർത്തനങ്ങൾ യഥാർത്ഥ ഉണഭോക്താക്കൾക്ക് ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതിന് തടസ്സമുണ്ടാക്കുന്നുണ്ടോയെന്ന് പരിശോധിക്കുമോ;

(സി) നിർധനർക്കും മുൻഗണനാ വിഭാഗങ്ങൾക്കും ലഭിക്കേണ്ട ഭക്ഷ്യധാന്യങ്ങൾ തടസ്സമില്ലാതെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതിന് തടസ്സമുണ്ടാകാതിരിക്കുന്നതിനായി വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ നിരന്തരം പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1966-ലെ കേരള റേഷനിംഗ് ഓർഡർ പ്രകാരവും 1955-ലെ അവശ്യ സാധന നിയമപ്രകാരവും നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) നിലവിൽ നിർധനർക്കും മുൻഗണനാ വിഭാഗങ്ങൾക്കും യാതൊരു തടസ്സവുമില്ലാതെ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നുണ്ട്.

## സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന സാധനങ്ങൾ

300(313) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പോളത്തിൽ ഫലപ്രദമായി ഇടപെടുന്നതിനും സാധനങ്ങളുടെ വില നിലവാരം പിടിച്ചുനിർത്തുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഔട്ട്‌ലെറ്റുകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾ അനർഹർ തട്ടിയെടുക്കുന്നത് ഒഴിവാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് പൊതുവിപണിയിൽ എത്തിക്കുന്നതിനായി സബ്സിഡി നിരക്കിൽ 14 ഇനം അവശ്യ സാധനങ്ങൾ ശരാശരി 20 മുതൽ 50% വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യവസ്തുക്കൾ പൊതുവിപണിയെക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നീ 'ശബരി' ബ്രാൻഡ് ഉൽപ്പന്നങ്ങൾ പൊതുവിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിലും, 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ FMCG (Fast Moving Consumer Goods) സാധനങ്ങളും സപ്ലൈകോ വിൽപ്പനശാലകളിലൂടെ ലഭ്യമാക്കിവരുന്നു. അരിയുടെ വില വർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി

ഇ-ടെണ്ടർ പർച്ചേസിന് പുറമെ, ആന്ധ്രയിൽ നിന്നും നേരിട്ട് ജയ അരി സംഭരിച്ച് കിലോഗ്രാമിന് 25 രൂപ എന്ന നിരക്കിൽ വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം വിപണിയിടപെടലിനായി 200 കോടി രൂപ അനുവദിക്കുകയും 2017-18 സാമ്പത്തിക വർഷത്തിൽ 200 കോടി രൂപ ബജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ക്രിയാത്മകമായ രീതിയിൽ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സീസണുകളിൽ വിപണി ഇടപെടൽ നടത്തി വിലക്കയറ്റം പിടിച്ച് നിർത്തുന്നതിന് സാധിക്കുകയും കൂടുതൽ വിൽപ്പനശാലകൾ ആരംഭിച്ചും നിലവിലുള്ള വിൽപ്പനശാലകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും സപ്ലൈകോയുടെ സേവനം കൂടുതൽ ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) സബ്സിഡി സാധനങ്ങൾ യഥാർത്ഥ ഉപഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് നിലവാരം നിരീക്ഷിക്കുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും വിജിലൻസ് സ്ക്വാഡുകളും ഇന്റേണൽ ഓഡിറ്റ് വിഭാഗവും ജൂനിയർ മാനേജർമാരും (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ)വിൽപ്പനശാലകളിൽ പരിശോധന നടത്തുകയും ചെയ്യുന്നു.

## സിവിൽ സപ്ലൈസിന്റെ കീഴിൽ പ്രൈസ് മോണിറ്ററിംഗ് സെൽ

301(314) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസിന്റെ കീഴിൽ പ്രൈസ് മോണിറ്ററിംഗ് സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് അവശ്യസാധനങ്ങൾക്ക് അടിക്കടി ഉണ്ടാകുന്ന വിലക്കയറ്റം തടയുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സെല്ലിന്റെ ഘടന, പ്രവർത്തനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറി ചെയർമാനായും സിവിൽ സപ്ലൈസ് ഡയറക്ടർ കൺവീനറായും പ്രൈസ് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു.

(ബി&സി) പൊതുവിപണിയിലെ വിലനിലവാരം നിരീക്ഷിക്കുകയും വിലക്കയറ്റം നിയന്ത്രിക്കുന്നതിന് കേരഫെഡ്, ഹോർട്ടികോർപ്പ് മുതലായവയ്ക്ക് നിർദ്ദേശം നൽകുകയും വിലക്കയറ്റം തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാരിന് ഉപദേശം നൽകുകയുമാണ് പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറി ചെയർമാനായും സിവിൽ സപ്ലൈസ് ഡയറക്ടർ കൺവീനറായും പ്രവർത്തിച്ചുവരുന്ന പ്രൈസ് മോണിറ്ററിംഗ് സെല്ലിൽ താഴെപ്പറയുന്നവർ അംഗങ്ങളാണ്:

ജോയിന്റ് കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്

ജോയിന്റ് കൺട്രോളർ, ലീഗൽ മെട്രോളജി

കൺട്രോളർ ഓഫ് റേഷനിംഗ്, സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ്

സ്റ്റേറ്റ് സെക്രട്ടറി, അഗ്രികൾച്ചർ സ്പൈസസ് ബോർഡ്

ഡയറക്ടർ (വി.എഫ്.പി.സി.കെ.)

ടെക്നിക്കൽ ഡയറക്ടർ (എൻ.ഐ.സി.)

സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ്

അഡീഷണൽ ഡയറക്ടർ, പ്രൈസസ്, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്

റിസർച്ച് ഓഫീസർ, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്

അഡീഷണൽ ഡയറക്ടർ, മാർക്കറ്റിംഗ്, കൃഷി വകുപ്പ്

ജനറൽ മാനേജർ, ഹോർട്ടികോർപ്പ്

മാനേജർ, പർച്ചേസ്, സപ്ലൈകോ

മാനേജർ, ഇ-ഗവേണൻസ്, ഐ.ടി. മിഷൻ

അസിസ്റ്റന്റ് ഡയറക്ടർ, WTO Cell.

## വിലക്കയറ്റം തടയാൻ നടപടി

302(315) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾക്ക് ഉണ്ടാകുന്ന വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അരിയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും പയർ വർഗ്ഗങ്ങൾക്കും സുഗന്ധവ്യഞ്ജനങ്ങൾക്കും ഗണ്യമായ വിലക്കുറവ് ഉണ്ടായിട്ടുണ്ട്.

(ബി) വിലക്കയറ്റം തടയുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയമെന്ന നിലയിൽ പൊതുവിപണിയിൽ 14 ഇനം അവശ്യ സാധനങ്ങൾ ശരാശരി 20 മുതൽ 50% വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യവസ്തുക്കൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഉത്സവ സീസണുകളിൽ വിപണി ഇടപെടൽ നടത്തി വിലക്കയറ്റം പിടിച്ചുനിർത്താൻ കൂടുതൽ വിൽപ്പനശാലകൾ ആരംഭിച്ചും നിലവിലുള്ള വിൽപ്പനശാലകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും സപ്ലൈകോയുടെ സേവനം കൂടുതൽ ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

**അവശ്യവസ്തുക്കളുടെ വില**

303(316) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സപ്ലൈകോ വഴി വിതരണം നടത്തിക്കൊണ്ടിരിക്കുന്ന അവശ്യവസ്തുക്കളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന അവശ്യവസ്തുക്കളുടെ വില വർദ്ധിപ്പിക്കുന്നുവെന്ന മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സപ്ലൈകോ വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന അവശ്യസാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല.

**ഭക്ഷ്യധാന്യങ്ങളുടെ വിലവർദ്ധനവ്**

304(317) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന സബ്സിഡിയുള്ള ഭക്ഷ്യധാന്യങ്ങൾക്ക് വിലവർദ്ധനയുണ്ടാവില്ലെന്ന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള ഉത്തരവോ പ്രഖ്യാപനമോ നടത്തിയിട്ടുണ്ടോ;

(ബി) സർക്കാർ ആശുപത്രികളിലേക്കും ജയിലുകളിലേക്കും അങ്കണവാടികളിലേക്കും ഭക്ഷ്യവകുപ്പ് മുഖേന വിതരണംചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ കാലയളവിൽ എത്ര പ്രാവശ്യം വിലവർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ സ്ഥാപനങ്ങളിലേക്കുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തെപ്പോലും പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ വിലക്കയറ്റമുണ്ടായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രഖ്യാപനം നടത്തിയിട്ടുണ്ട്.

(ബി) പ്രതിമാസ വാങ്ങൽ വില, പൊതുവിപണി വില എന്നിവ അടിസ്ഥാനമാക്കി പൊതുവിപണിയിലേതിനേക്കാൾ താഴെയാണെന്ന് ഉറപ്പുവരുത്തി നിശ്ചയിക്കുന്ന ബൾക്ക് സെയിൽ നിരക്കിലാണ് സർക്കാർ ആശുപത്രികളിലേയ്ക്കും ജയിലുകളിലേയ്ക്കും അങ്കണവാടികളിലേയ്ക്കും 26 ഇനം മാവേലി സാധനങ്ങൾ വിതരണം ചെയ്യുന്നത്. അരി, പഞ്ചസാര, കടല, വൻപയർ, റാഗി എന്നിവയുടെ വിലയിൽ നേരിയ തോതിലുള്ള വർദ്ധന (8 മാസങ്ങളിലായി) ഉണ്ടായിട്ടുണ്ടെങ്കിലും മറ്റ് സാധനങ്ങൾക്കെല്ലാം ഗണ്യമായ തോതിൽ വില കുറയുകയാണുണ്ടായിട്ടുള്ളത്.

(സി) അന്യസംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടാകുന്നു. എന്നാൽ സപ്ലൈകോ വഴി സർക്കാർ വിപണിയിൽ ഇടപെടുന്നതുമൂലം വിലവർദ്ധനവ് ഒരു പരിധിവരെ പിടിച്ചുനിർത്താൻ സാധിക്കുന്നുണ്ട്.

## ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് ചെലവഴിച്ച തുക

305(318) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് ബജറ്റിൽ വകയിരുത്തിയ ആകെ തുകയിൽ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുകളിൽ വിവിധ സംസ്ഥാന പദ്ധതികൾക്കായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും പദ്ധതിതിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയ ആകെ തുകയിൽ പദ്ധതിയിനത്തിൽ 9285.95 ലക്ഷം (കേന്ദ്ര വിഹിതം 82.6 ലക്ഷം + സംസ്ഥാന വിഹിതം 9203.35 ലക്ഷം) രൂപയും പദ്ധതിയേതര ഇനത്തിൽ 1461.84 കോടി രൂപയും നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന പദ്ധതികൾക്കായി ചെലവഴിച്ച തുക

| ക്രമനമ്പർ | പദ്ധതി | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| (1) | (2) | (3) | (4) |
| i | 2408-01-004-99(കൗൺസിൽ ഫോർ ഫുഡ് റിസർച്ച് & ഡെവലപ്മെന്റ്) | 6.50 കോടി | 591.2 ലക്ഷം |
| ii | 2408-01-102-97 വൃദ്ധ അഗതികൾക്കുള്ള അന്നപൂർണ്ണ ഭക്ഷണ സുരക്ഷ പദ്ധതി (20% സംസ്ഥാന വിഹിതം) | 254 ലക്ഷം | 4.74 ലക്ഷം |
| iii | 2408-01-102-96 വിശപ്പ് രഹിത കേരളം | 70 ലക്ഷം | 69.99 ലക്ഷം |
| iv | 2408-01-800-99-34-3 ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിക്കൽ | 50 ലക്ഷം | 43.5 ലക്ഷം |
| v | 3456-00-001-91 ഉപഭോക്തൃ ബോധവത്കരണ ക്ഷേമ പരിപാടികൾ | 50 ലക്ഷം | 10.3 ലക്ഷം |
| vi | 3456-00-001-82 പൊതുവിതരണ സമ്പ്രദായം പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്കുന്നതിന് (50%സംസ്ഥാന വിഹിതം) | 444.2 ലക്ഷം | 440.19 ലക്ഷം |

| (1) | (2) | (3) | (4) |
|---|---|---|---|
| vii | 3456-00-001-80 ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിന് കീഴിൽ വരുന്ന സംസ്ഥാന ഭക്ഷ്യ കമ്മീഷൻ, ജില്ലാ പരാതി പരിഹാര ഓഫീസുകൾ | 250 കോടി | ... |
| viii | 3456-00-001-78 ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള സഹായം | 9205.8 ലക്ഷം | 7928.43 ലക്ഷം |
| ix | 4408-02-101-99 ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള സഹായം | 20 കോടി | 115 ലക്ഷം |
| | ആകെ | 129.74 കോടി | 9203.35 ലക്ഷം |

**സപ്ലൈകോയ്ക്ക് നൽകേണ്ടതും ബാങ്കിൽ അടയ്ക്കേണ്ടതുമായ തുക**

306(319) ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷം നെല്ല് സംഭരണം നടത്തിയ വകയിൽ എത്ര കോടി രൂപ സംസ്ഥാന സർക്കാർ സപ്ലൈകോയ്ക്ക് നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കർഷകരിൽനിന്നും നെല്ല് സംഭരണം നടത്തിയ വകയിൽ സപ്ലൈകോ ഇനി ബാങ്കിൽ അടയ്ക്കാനുള്ള തുക എത്രയാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഈ തുക ഉടൻ ബാങ്കിൽ അടച്ചില്ലെങ്കിൽ കർഷകർ നിയമനടപടികൾ നേരിടേണ്ടി വരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) വാതിൽപ്പടി വിതരണം, സബ്സിഡി സാധനങ്ങളുടെ വിൽപ്പന, ഇ-പോസ് യന്ത്രങ്ങൾ സ്ഥാപിക്കൽ എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾ ചെയ്ത വകയിൽ സംസ്ഥാന ഗവൺമെന്റ് സപ്ലൈകോയ്ക്ക് ഇനി എത്ര തുക വീതം നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ വർഷം നെല്ല് സംഭരണം നടത്തിയവകയിൽ സംസ്ഥാന സർക്കാർ സപ്ലൈകോയ്ക്ക് തുകയൊന്നും നൽകാനില്ല.

(ബി) 19-2-2018-ാം തീയതി വരെയുള്ള കണക്കുകൾ പ്രകാരം 230 കോടി രൂപയും ആയതിന്റെ പലിശയും ബാങ്കിൽ തിരിച്ചടയ്ക്കുവാനുണ്ട്.

(സി) ബാങ്കിൽനിന്നും കർഷകർക്ക് ലഭ്യമാക്കിയ തുകയുടെ തിരിച്ചടവിനുള്ള കാലാവധിക്കുള്ളിൽത്തന്നെ ടി തുക ബാങ്കിൽ തിരിച്ചടയ്ക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) NFSA നിയമപ്രകാരമുള്ള റേഷൻ ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണത്തിനായുള്ള സൗകര്യങ്ങൾ ഒരുക്കുക, ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുക തുടങ്ങിയവയ്ക്കായി 84.25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും തുക വിതരണം ചെയ്തിട്ടില്ല. വാതിൽപ്പടി വിതരണം നടത്തിയ വകയിൽ 2017 ഡിസംബർ മാസം വരെ സപ്ലൈകോ ചെലവഴിച്ച 142.31 കോടി രൂപയിൽ 63.61 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സാമ്പത്തിക വർഷത്തിൽ (2017-18) സബ്സിഡി സാധനങ്ങളുടെ വിൽപ്പനയ്ക്കായി വകകൊള്ളിച്ചിട്ടുള്ളത് 200 കോടി രൂപയാണ്. ഇതിൽ 150 കോടി രൂപ സർക്കാർ അനുവദിച്ചുനൽകിയിട്ടുണ്ട്.

## കൊട്ടാരക്കരയിലെ സപ്ലൈകോ സൂപ്പർ മാർക്കറ്റ്

307(320) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിൽ സപ്ലൈകോയ്ക്ക് വേണ്ടി ഗോഡൗൺ നിർമ്മിക്കുന്നതിനായി പണം അനുവദിച്ചതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) കൊട്ടാരക്കരയിലെ സപ്ലൈകോ സൂപ്പർ മാർക്കറ്റ് പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാംവിധം വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പണം അനുവദിച്ചിട്ടില്ല.

(ബി) ഗോഡൗൺ നിർമ്മാണത്തിനുവേണ്ടി ഇ-ടെണ്ടർ വിളിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കോൺട്രാക്ടർക്ക് 23,08,680 രൂപയ്ക്ക് (ഇരുപത്തിമൂന്ന് ലക്ഷത്തി എണ്ണായിരത്തി അറുന്നൂറ്റി എൺപത് രൂപ മാത്രം) (ടാക്സ് ഒഴികെ) വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

(സി) 560 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അധിക സ്ഥലംകൂടി വാടകയ്ക്ക് എടുത്ത് കൊട്ടാരക്കര സപ്ലൈകോ സൂപ്പർ മാർക്കറ്റ് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നിത്യോപയോഗസാധനങ്ങളുടെ വില

308(321) ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗസാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ച് ജനജീവിതം ദുസ്സഹമായിട്ടും വിപണിയിൽ ക്രിയാത്മകമായി ഇടപെടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാറി നിൽക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണമെന്താണ്;

(ബി) സപ്ലൈകോയിൽ അവശ്യസാധനങ്ങൾ സ്റ്റോക്ക് ഇല്ലാത്തതും ഉള്ള സാധനങ്ങൾ നിലവാരം കുറഞ്ഞതുമാകയാൽ ജനങ്ങൾ സപ്ലൈകോയെ ആശ്രയിക്കാത്ത അവസ്ഥ സംജാതമായിട്ടുണ്ടോ;

(സി) പൊതു വിപണിയിൽ വെളിച്ചെണ്ണ റെക്കോർഡ് വിലയിൽ എത്തി നിൽക്കുമ്പോൾ സപ്ലൈകോ വഴി വിതരണം ചെയ്യുന്ന സബ്സിഡിയോടു കൂടിയ വെളിച്ചെണ്ണ ജീവനക്കാരുടെ ഒത്താശയോടെ കരിഞ്ചന്തയിൽ വിൽക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണാടിസ്ഥാനത്തിൽ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പുത്തൻകുളത്ത് മാവേലിസ്റ്റോർ

309(322) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പൂതക്കുളം ഗ്രാമപഞ്ചായത്തിലെ പുത്തൻകുളം എന്ന സ്ഥലത്ത് ഒരു മാവേലിസ്റ്റോർ ആരംഭിക്കുന്നതിനായുള്ള ജനപ്രതിനിധിയുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മാവേലിസ്റ്റോർ ആരംഭിക്കുന്നതിന് ഇതുവരെ എന്തെല്ലാം തടസ്സങ്ങൾ ഉണ്ടെങ്കിൽ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ മാവേലിസ്റ്റോർ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) ജനങ്ങളുടെ നിരന്തര ആവശ്യം പരിഗണിച്ച് പുത്തൻകുളത്ത് മാവേലിസ്റ്റോർ അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഡി) പൂതക്കുളം പഞ്ചായത്തിലെ രണ്ടാമത്തെ മാവേലിസ്റ്റോർ ആയതിനാൽ ആജീവനാന്ത വാടകരഹിത കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കും കമ്പ്യൂട്ടർ അനുബന്ധഘടകങ്ങൾക്കുമായി ഒരു ലക്ഷം രൂപയും പ്രസ്തുത പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്കും സാധ്യതാപഠനത്തിന്റെ അടിസ്ഥാനത്തിലും തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കൺസ്യൂമർഫെഡ് മദ്യശാലകളിൽ വനിതാ ജീവനക്കാർ

310(323) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെകീഴിൽ എത്ര മദ്യശാലകൾ ഉണ്ടെന്നും ഈ മദ്യശാലകളിൽ എത്ര ജീവനക്കാരെയാണ് ആവശ്യമുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) കൺസ്യൂമർഫെഡിന്റെ മുഴുവൻ മദ്യശാലകളിലും വനിതാജീവനക്കാരെ നിയമിക്കാൻ ഭരണസമിതി തീരുമാനിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത മദ്യശാലകളിൽ മുഴുവൻ ജീവനക്കാരും ഇനി സ്ത്രീകളായിരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ഡി) സ്ത്രീകളെ നിയമിക്കുന്നതോടെ മദ്യശാലകളിൽ ഇടപെടുന്ന രീതികളിലും മാറ്റമുണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഇ) വിദേശമദ്യശാലകളിൽ സ്ത്രീകളെ നിയമിക്കരുതെന്ന് അബ്കാരി നിയമത്തിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ സ്ത്രീ ജീവനക്കാരെ നിയമിക്കാനുള്ള തടസ്സം നീക്കാൻ അബ്കാരി ചട്ടം ഭേദഗതി ചെയ്തിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ പ്രസ്തുത ഭേദഗതിയുടെ പകർപ്പ് ലഭ്യമാക്കാമോ; ചട്ടം ഭേദഗതി ചെയ്യാനുള്ള കാരണവും സാഹചര്യവും എന്താണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) കൺസ്യൂമർഫെഡിന്റെ കീഴിൽ 36 വിദേശ മദ്യഷോപ്പുകളും 3 ബിയർ ഷോപ്പുകളുമുണ്ട്. ഈ ഷോപ്പുകളിൽ 138 അബ്കാരി ജീവനക്കാരുൾപ്പെടെ 408 ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നുണ്ട്. വിൽപ്പനയുടെ അടിസ്ഥാനത്തിലാണ് ഷോപ്പുകളിൽ ജീവനക്കാരെ ക്രമീകരിച്ചിട്ടുള്ളത്. യൂണിറ്റുകളിൽ ശരാശരി 4 മുതൽ 20 വരെ ജീവനക്കാരെയാണ് ആവശ്യമുള്ളത്.

(ബി) വിദേശ മദ്യഷോപ്പുകളിൽ വനിതാ ജീവനക്കാരെ നിയമിക്കാനുള്ള തടസ്സംനീങ്ങിയ സാഹചര്യത്തിൽ കൺസ്യൂമർഫെഡിന്റെ 39 ഷോപ്പുകളിലും വനിതാ ജീവനക്കാർ സന്നദ്ധരാകുകയാണെങ്കിൽ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) കൺസ്യൂമർഫെഡിന്റെ വിദേശ മദ്യഷോപ്പുകളിൽ ജോലി ചെയ്യുന്നതിന് സന്നദ്ധരായി സമ്മതം അറിയിച്ചുകൊണ്ടുള്ള ഓപ്ഷൻ ഫോം നിശ്ചിത തീയതിക്കുള്ളിൽ നൽകുന്നതിന് മാനേജ്മെന്റ് അവസരം നൽകിയിരുന്നു. സന്നദ്ധത അറിയിച്ചിട്ടുള്ള 33 സ്ത്രീ ജീവനക്കാരെ വിദേശ മദ്യഷോപ്പുകളിൽ നിയമിച്ചിട്ടുണ്ട്.

(ഡി) സെൽഫ് സർവ്വീസ് യൂണിറ്റുകൾ പ്രവർത്തിക്കുന്ന വിദേശമദ്യ ഷോപ്പുകളിൽ മാത്രമാണ് ഇപ്പോൾ സ്ത്രീ ജീവനക്കാരെ നിയമിച്ചിട്ടുള്ളത്.

(ഇ) വിദേശ മദ്യശാലകളിൽ സ്ത്രീകളെ നിയമിക്കുന്നതിന് അബ്കാരി നിയമത്തിലെ 36 നമ്പർ വ്യവസ്ഥ പ്രകാരം തടസ്സമുണ്ടായിരുന്നു. എന്നാൽ 27-10-2017-ലെ സ.ഉ. (അ) 127/2017/നി.വ. (എസ്.ആർ.ഒ. നമ്പർ 657/2017), 27-10-2017-ലെ സ.ഉ. (അ) 128/2017/നി.വ. (എസ്.ആർ.ഒ. നമ്പർ 658/17) എന്നീ ഗസറ്റ് വിജ്ഞാപനങ്ങൾ പ്രകാരം ഈ നിയമത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്.

(എഫ്) 27-10-2017-ലെ സ.ഉ. (അ) 127/2017/നി.വ. (എസ്.ആർ.ഒ. നമ്പർ 657/2017), 27-10-2017-ലെ സ.ഉ. (അ) 128/2017/നി.വ. (എസ്.ആർ.ഒ. നമ്പർ 658/17) എന്നീ ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം സമർപ്പിക്കുന്നു.* കേരള അബ്കാരി ഷോപ്പ്സ് ആന്റ് ഡിസ്പോസൽസ് റൂളിലെ 6-ാം അദ്ധ്യായത്തിലെ 7-ാം ചട്ടത്തിലെ 37-ാം ഖണ്ഡം, വിദേശമദ്യ ചട്ടങ്ങളിലെ ലൈസൻസ് വ്യവസ്ഥ നമ്പർ 36 എന്നിവയിലെ സ്ത്രീകളെ വിദേശ മദ്യഷോപ്പുകളിൽ ജോലിക്ക് നിറുത്തരുതെന്ന വ്യവസ്ഥ, ഇന്ത്യൻ ഭരണഘടനയുടെ 14, 15 അനുച്ഛേദങ്ങളുടെ ലംഘനമാണെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 13-12-2016-ൽ WP(C)12956/14, WP© 8958/15 നമ്പർ കേസ്സുകളിൽ വിധിന്യായം പുറപ്പെടുവിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിക്കുകയും വിദേശ മദ്യചട്ടം, കേരള അബ്കാരി ഷോപ്പ്സ് ഡിസ്പോസൽസ് റൂൾ എന്നിവയുടെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തി നികുതി വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ദേവികുളം മണ്ഡലത്തിൽ പെട്രോൾപമ്പ് ആരംഭിക്കാൻ നടപടി**

311(324) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ പെട്രോൾപമ്പ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ദേവികുളം നിയോജകമണ്ഡലത്തിൽ അനുയോജ്യമായ സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പെട്രോൾ പമ്പ് ആരംഭിക്കാൻ നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(സി) ദേശീയപാതയ്ക്കോ സംസ്ഥാന പാതയ്ക്കോ അഭിമുഖമായി 20 സെന്റിൽ കുറയാത്ത നിരപ്പുള്ള സ്ഥലം ലഭ്യമായാൽ ടി സ്ഥലത്ത് പമ്പ് തുടങ്ങുന്നതിനെ കുറിച്ച് ഓയിൽ കമ്പനി അധികൃതരുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**അവശ്യസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി**

312(325) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 28 ഇനം അവശ്യ വസ്തുക്കൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് സപ്ലൈകോയിൽ വിൽക്കുന്നുണ്ടെങ്കിലും സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വില കുത്തനെ വർദ്ധിച്ച് സാധാരണക്കാരുടെ ജീവിതം ദുരിതപൂർണ്ണമായി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അവശ്യസാധനവില നിയന്ത്രണമില്ലാതെ വർദ്ധിക്കുന്നത് സപ്ലൈകോയുടെ വിപണി ഇടപെടൽ ഫലപ്രദമല്ലാത്തതിനാലാണെന്ന ആക്ഷേപമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അരി പൂഴ്ത്തി വച്ച് കരിഞ്ചന്തയിൽ വിൽക്കുന്നവർക്കെതിരെ 1955 -ലെ അവശ്യസാധന നിയമപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ ക്രിസ്തുമസ് കാലത്ത് എത്ര വ്യാപാരികൾക്കെതിരെ നടപടി സ്വീകരിച്ചു;

(ഡി) ഇടനിലക്കാരെ ഒഴിവാക്കി ആന്ധ്രാപ്രദേശ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി മില്ലുകളിൽ നിന്നും നേരിട്ട് അരി വാങ്ങി വിപണിയിൽ ലഭ്യമാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) സപ്ലൈകോയ്ക്ക് 2017-18-ൽ വിപണി ഇടപെടലിന് എത്ര കോടി രൂപയാണ് അനുവദിച്ചത്; പ്രസ്തുത തുകയേക്കാൾ 100 കോടി രൂപ 2018-19 കാലയളവിലേക്ക് അനുവദിക്കുവാനുണ്ടായ സാഹചര്യമെന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അരിയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും മറ്റ് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുവാൻ വിപണിയിടപെടൽ പദ്ധതി വഴി സർക്കാരിന് സാധിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കോട്ടയം ജില്ലയിലെ ഒരു വ്യാപാരിക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. കഴിഞ്ഞ ഓണക്കാലത്ത് 5165 മെട്രിക് ടൺ അരി ആന്ധ്രാപ്രദേശ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി മില്ലുകളിൽനിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്.

(ഇ) 2017-18 സാമ്പത്തിക വർഷം വിപണി ഇടപെടലിനായി 200 കോടി രൂപ അനുവദിക്കുകയും 2018-19 കാലയളവിൽ 150 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഈ തുക ഉയർത്തി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**കാട്ടാക്കട കേന്ദ്രമായി ലീഗൽ മെട്രോളജി ഇൻസ്പെക്ടർ ഓഫീസ്**

313(326) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട കേന്ദ്രമായി ലീഗൽ മെട്രോളജി ഇൻസ്പെക്ടർ ഓഫീസ് ആരംഭിക്കുന്നതിനായുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. കാട്ടാക്കട ഉൾപ്പെടെ പുതുതായി രൂപീകരിച്ച 14 താലൂക്കുകളിൽ ലീഗൽ മെട്രോളജി ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം

314(327) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമവും ഉപഭോക്താക്കൾക്ക് ഉപകാരപ്രദവുമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) അളവുതൂക്കങ്ങളിൽ ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടുന്ന പെട്രോൾ പമ്പുകൾ ഉൾപ്പെടെയുള്ള ഏതെല്ലാം മേഖലകളിലാണ് മിന്നൽ പരിശോധന നടത്തിയിട്ടുള്ളത്; അല്ലെങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ ;

(സി) കണ്ടെത്തുന്ന ക്രമക്കേടുകളിൽ എന്ത് തുടർ നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ഉപയോഗത്തിലിരിക്കുന്ന എല്ലാ അളവുതൂക്ക ഉപകരണങ്ങളും നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി മുദ്ര ചെയ്യുന്നു. അളവുതൂക്ക നിയമ സംബന്ധമായതും പാക്കേജ്ഡ് കമ്മോഡിറ്റീസ് റൂൾസ് സംബന്ധമായതുമായ നിയമലംഘനങ്ങൾ കണ്ടെത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി തുടർച്ചയായി മിന്നൽ പരിശോധനകൾ നടത്തി വരുന്നു. അളവുതൂക്ക സംബന്ധമായും പാക്കേജ്ഡ് കമ്മോഡിറ്റീസ് റൂൾസ് സംബന്ധമായും ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനായി വാർത്താമാധ്യമങ്ങളിൽ പരസ്യ പ്രചാരണങ്ങൾ നടത്തുന്നു.

(ബി) പെട്രോൾ പമ്പ്, ജ്വല്ലറികൾ, പൊതുവിതരണ കേന്ദ്രങ്ങൾ, എല്ലാവിധ ചില്ലറ/മൊത്ത വ്യാപാര കേന്ദ്രങ്ങൾ, ഹോട്ടലുകൾ/ബാറുകൾ/ചന്തകൾ/പച്ചക്കറി ചന്തകൾ/ബേക്കറികൾ തുടങ്ങി എല്ലാ മേഖലകളിലും മിന്നൽ പരിശോധനകൾ നടത്തിവരുന്നു. സാധാരണ നടത്തുന്ന പരിശോധനകൾക്ക് പുറമെ ക്രിസ്തുമസ്, ഓണം തുടങ്ങിയ ഉത്സവകാലങ്ങളിലും അദ്ധ്യയന വർഷാരംഭ സമയത്തും ചില പ്രത്യേക മേഖലകൾ കേന്ദ്രീകരിച്ചുള്ള പരിശോധനകളും നടത്തുന്നു. ഇവ ഇനിയും തുടരുന്നതാണ്.

(സി) കുറ്റക്കാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുന്നു. കുറ്റം ചെയ്യുന്നവർ അപരാധം അംഗീകരിച്ച് ഡിപ്പാർട്ട്മെന്റ് മുഖേന പിഴ ഒടുക്കി കേസ് തീർപ്പാക്കാൻ തയ്യാറായാൽ നിയമത്തിലെ വ്യവസ്ഥ പ്രകാരം പിഴ ഈടാക്കി നടപടികൾ അവസാനിപ്പിക്കുന്നു. അല്ലാത്തവയെല്ലാം ബന്ധപ്പെട്ട കോടതികളിൽ സമർപ്പിച്ച് കോടതിയുടെ തീർപ്പിനായി വിടുന്നു.

## ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം

315(328) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ലീഗൽ മെട്രോളജി വകുപ്പിൽ എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) വകുപ്പിൽ 21 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | | |
|---|---|---|
| സീനിയർ സൂപ്രണ്ട് (കൺട്രോളർ ഓഫീസ്) | - | 1 |
| ജൂനിയർ സൂപ്രണ്ട് (ഡെപ്യൂട്ടി കൺട്രോളർ ഓഫീസുകൾ) | - | 3 |
| ഹെഡ് ക്ലാർക്ക് (കൺട്രോളർ ഓഫീസ്) | - | 1 |
| ക്ലാർക്ക് (ഫ്ലൈയിംഗ് സ്ക്വാഡ്) | - | 10 |
| ക്ലാർക്ക് (ഇന്റേണൽ ഓഡിറ്റ് വിംഗ്) | - | 3 |
| ക്ലാർക്ക് (ഡെപ്യൂട്ടി കൺട്രോളർ ഓഫീസുകൾ) | - | 3 |

(ബി)

- ലീഗൽ മെട്രോളജി വകുപ്പിൽ പുതുതായി 14 ടാറ്റാ സുമോ ഗോൾഡ് വാഹനങ്ങൾ അനുവദിച്ചു.
- വകുപ്പിൽ പുതുതായി 21 തസ്തികകൾ സൃഷ്ടിച്ചു.
- വകുപ്പിന്റെ സേവനങ്ങളായ ലൈസൻസ്, പായ്ക്കർ രജിസ്ട്രേഷൻ തുടങ്ങിയവ ലീഗൽ മെട്രോളജി ഓപ്പറേഷൻസ് മാനേജ്മെന്റ് സിസ്റ്റം (LMOMS) പദ്ധതിയിലൂടെ നടപ്പ് സാമ്പത്തിക വർഷത്തിൽത്തന്നെ പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു.
- പൊതുജനങ്ങൾക്ക് വകുപ്പിനെ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനും പരാതികൾ നൽകുന്നതിനും ടോൾ ഫ്രീ നമ്പരോടുകൂടി കാൾ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.
- വകുപ്പിന്റെ വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

- ലീഗൽ മെട്രോളജി വകുപ്പിൽ ഐ.ടി. സെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.
- വകുപ്പിന്റെ ഓഫീസ് നിർമ്മാണത്തിനായി കോട്ടയം ജില്ലയിൽ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്.
- കാസർഗോഡ്, പാലക്കാട് ജില്ലകളിൽ ഓഫീസ് കെട്ടിടം നിർമ്മിക്കുന്ന തിനുവേണ്ട സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- തിരുവനന്തപുരം പട്ടത്തെ വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സ് ആന്റ് ലബോറട്ടറി കോംപ്ലക്സ് ഏഴ് നില കെട്ടിടത്തിന്റെ സിവിൽ വർക്കുകൾ പൂർത്തിയായി. ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഇന്റീരിയർ വർക്സ് തുടങ്ങിയവ കൂടി പൂർത്തിയാക്കി 2018 മേയ് മാസത്തിൽ ടി കെട്ടിടം വകുപ്പിന് ഉപയോഗ യോഗ്യമാക്കുന്നതാണ്.
- കൊല്ലത്ത് ജില്ലാ ഓഫീസ് കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിച്ചു.
- ആരോഗ്യ മേഖലകളിൽ ഉപയോഗിച്ചുവരുന്ന അളവ്-തൂക്ക ഉപകരണങ്ങളുടെ കൃത്യത പരിശോധനയ്ക്കുള്ള സംവിധാനം സജ്ജമാക്കി.
- പെട്രോൾ പമ്പുകളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് രാത്രികാല പരിശോധനകൾ ആരംഭിച്ചു.
- ഉപഭോക്തൃ ചൂഷണം തടയുന്നതിനായി ഓരോ മേഖലയും കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവുകൾ നടത്തിവരുന്നു.
- നിർവ്വഹണ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിരന്തരമായ പരിശീലനം നൽകുന്നു. ലീഗൽ മെട്രോളജി നിയമങ്ങളെ ക്കുറിച്ചും വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഉപഭോക്താക്കളെ ബോധ വാന്മാരാക്കുന്നതിനായി എഫ്.എം. റേഡിയോയിൽ ഉൾപ്പെടെ പരസ്യ ങ്ങൾ നൽകിവരുന്നു.

**കോന്നിയിലെ ലീഗൽ മെട്രോളജി ഓഫീസിന്റെ പ്രവർത്തനം**

316(329) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നിയിലെ ലീഗൽ മെട്രോളജി ഓഫീസിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പെട്രോൾ, ഡീസൽ ടാങ്കുകളുടെ കാലിബ്രേഷൻ പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് വിശദീകരിക്കുമോ;

(സി) നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് അവിടെ നടക്കുന്നതെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ;

(ഡി) കാലിബ്രേഷൻ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായി നടപ്പിലാക്കുമ്പോൾ എന്തെല്ലാം പ്രവൃത്തികൾ ചെയ്യാനാവുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ആയവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കോന്നിയിലെ ലീഗൽ മെട്രോളജി ഓഫീസിന്റെ നിർമ്മാണം പൂർത്തിയായി, പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റിന്റെ ബേ നിർമ്മാണം, അപ്രോച്ച് റോഡ് എന്നിവ പൂർത്തിയാക്കാനുണ്ട്. ആയവ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(സി) പത്തനംതിട്ട ഫ്ലൈയിംഗ് സ്ക്വാഡ് അസിസ്റ്റന്റ് കൺട്രോളറുടെ കാര്യാലയം, ട്രെയിനിംഗ് സെന്റർ, ആട്ടോറിക്ഷ സ്റ്റാമ്പിംഗ്, കോന്നി താലൂക്കിലെ കച്ചവടക്കാരുടെ അളവു-തൂക്ക ഉപകരണങ്ങൾ പുന:പരിശോധന ചെയ്യുന്നതിനുള്ള വെരിഫിക്കേഷൻ ക്യാമ്പ് എന്നിവ കോന്നി ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു.

(ഡി) ടാങ്കർ ലോറികളുടെ കാലിബ്രേഷൻ നടത്തി ആയതിനുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ കഴിയുന്നതാണ്.

(ഇ) ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റിന്റെ ബേ നിർമ്മാണം, അപ്രോച്ച് റോഡ് തുടങ്ങിയവ പൂർത്തിയാക്കുന്നതിനുവേണ്ട എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത 10, 12, 18, 19, 44, 45, 47, 52, 75, 106,129, 130, 181 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 A.M]

(താൽക്കാലികമായി നിർത്തിവച്ച സഭ രാവിലെ 9.30-ന് പുനരാരംഭിച്ചു.)

## II താക്കീത്

ചെയറിന്റെ മുഖം മറച്ചുകൊണ്ടുള്ള പ്രതിഷേധം

മി. സ്പീക്കർ: സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിലാണ് ചോദ്യോത്തരവേള സസ്പെന്റ് ചെയ്യാൻ ചെയർ നിർബന്ധിതമായത്. നിയമസഭയിൽ ഭരണപക്ഷമായാലും പ്രതിപക്ഷമായാലും ശക്തമായ പ്രതിഷേധ പ്രകടനങ്ങൾക്കും ജനങ്ങളുടെ വികാരങ്ങൾ അറിയിക്കുന്നതിനും എല്ലാതരത്തിലുമുള്ള അവകാശവും അധികാരവുമുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം. പക്ഷെ അത് സഭയുടെ പ്രാഥമികമായ അന്തസ്സ് പാലിച്ചുകൊണ്ടായിരിക്കണം. നിയമസഭാ വേദിയിൽ പ്രതിഷേധം പ്രകടിപ്പിക്കേണ്ട എല്ലാ സന്ദർഭങ്ങളിലും ചെയറിന്റെ മുഖം മറയ്ക്കുന്ന ഒരു രീതി ഈ സഭാസമ്മേളനകാലം മുതൽ ... (ബഹളം)...ദയവായി മിണ്ടാതിരിക്കണം. ഇത് നിയമസഭയാണ്. ഇത് എവിടത്തെ മര്യാദയാണ്? ഞാൻ പറയുന്നത് കേൾക്കൂ, പ്ലീസ്... ചെയറിന്റെ മുഖം മറച്ചു കൊണ്ടുള്ള ഒരു സമീപനം മുൻകാലങ്ങളിൽ ഒരിക്കലും ഉണ്ടായിട്ടില്ല. അത് ഈ സഭയോടും ചെയറിനോടുമുള്ള അവഹേളനമായി മാത്രമേ പരിഗണിക്കാൻ സാധിക്കുകയുള്ളൂ. ഏത് തരത്തിലുള്ള പ്രതിഷേധത്തിനും അവകാശമുണ്ട്. അതിൽ ചെയർ പ്രതിഷേധി ക്കുന്നില്ല, നിഷേധാത്മക സമീപനവുമില്ല. ഏത് തരത്തിലും പ്രതിഷേധിക്കാവു ന്നതാണ്. പക്ഷെ ചെയറിനെയും സഭാംഗങ്ങളെയും പരസ്പരം മറയ്ക്കുന്ന രീതിയിലുള്ള മുഖം മറയ്ക്കൽ പരിപാടി ശരിയല്ലെന്ന് നിരവധി തവണ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും അത് തുടരുന്നത് ചെയറിനോടും സഭയോടുമുള്ള അവഹേളനമായി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. ഒരു കാരണവശാലും അത് ആവർത്തിക്കാൻ പാടില്ലെന്ന് ചെയർ വീണ്ടും കർശനമായി താക്കീത് ചെയ്യുകയാണ്. ഇത് ചെയറിന്റെ വ്യക്തിപരമായ പ്രശ്നമല്ല, ഈ സഭയുടെ അന്തസ്സിന്റെ പ്രശ്നമാണ്. ...(ബഹളം)... വീണ്ടും ശക്തമായി താക്കീത് ചെയ്യുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട സ്പീക്കറോട് ഒരു അവഹേളനവും ഞങ്ങൾ കാണിക്കാറില്ല. ബഹുമാനപ്പെട്ട സ്പീക്കർ നിഷ്പക്ഷനും ഈ സഭയിലെ എല്ലാ അംഗങ്ങളുടെയും താൽപ്പര്യം സംരക്ഷിക്കാൻ ബാദ്ധ്യസ്ഥനുമാണ്. പക്ഷെ, പൊതുസമൂഹത്തിലുണ്ടാകുന്ന അതിശക്തമായ പ്രതിഷേധങ്ങൾ സ്വാഭാവികമായും ഈ സഭയിൽ പ്രതിഫലിക്കും. അതാണല്ലോ ജനാധിപത്യത്തിന്റെ പ്രത്യേകത. അല്ലാതെ അങ്ങയോട് ഒരിക്കലും അനാദരവ് കാണിച്ചിട്ടില്ല. സഭയിൽ ഇതുപോലുള്ള സന്ദർഭങ്ങളിൽപ്പോലും ഞങ്ങൾ ചോദ്യോത്തര

വേളയിൽ സഹകരിക്കാറാണുള്ളത്. പക്ഷെ, കൊലപാതകം ഉൾപ്പെടെയുള്ള ഹീനമായ കൃത്യങ്ങളുണ്ടാകുകയും ജനപ്രതിനിധികളും പൊതുപ്രവർത്തകരും നിരാഹാരം അനുഷ്ഠിക്കുകയും ചെയ്യുന്ന അതീവ ഗുരുതരമായ സാഹചര്യത്തിൽ ചോദ്യോത്തരവേള സസ്പെന്റ് ചെയ്തുകൊണ്ട് അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കണമെന്ന് ഞങ്ങൾ പറയുന്നത് പൊതുജനങ്ങളുടെ വികാരംകൂടിയാണ്. ചോദ്യോത്തരവേള സസ്പെന്റ് ചെയ്തുകൊണ്ട് അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കണമെന്നതാണ് ഞങ്ങളുടെ ആവശ്യം. അങ്ങ് എനിക്ക് മൈക്ക് തന്നിരുന്നുവെങ്കിൽ ഈ പ്രശ്നമുണ്ടാകില്ലായിരുന്നു. മാത്രമല്ല, ആദ്യം ചോദ്യകർത്താവിനെയാണ് വിളിക്കേണ്ടത്. ചോദ്യകർത്താവുണ്ടെങ്കിൽ മാത്രമേ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയേണ്ടതായിട്ടുള്ളൂ. എനിക്ക് ഒരു മിനിട്ട് മൈക്ക് അനുവദിച്ചിരുന്നെങ്കിൽ ഈ സാഹചര്യം ഒഴിവാക്കാമായിരുന്നു. ദയവായി അങ്ങ് ഒരു കാര്യം മനസ്സിലാക്കണം, സഭാനടപടികൾ സുഗമമായി മുന്നോട്ടുകൊണ്ടുപോകാൻ പ്രതിപക്ഷം സഹകരിച്ചിട്ടേയുള്ളൂ. അങ്ങ് അങ്ങനെയൊരു പരാമർശം നടത്തിയത് ശരിയല്ല, അത് ഖേദകരമാണ്. ഞങ്ങൾ എന്നും സഭ നടത്തിക്കുന്നതിന് ബഹുമാനപ്പെട്ട സ്പീക്കറോട് സഹകരിച്ചിട്ടേയുള്ളൂ.

മി. സ്പീക്കർ: പ്രതിപക്ഷം സഹകരിച്ചിട്ടില്ലെന്നോ സഭാനടപടികളിൽ അന്തസ്സ് പാലിച്ചിട്ടില്ലെന്നോ ചെയർ ഇവിടെ പറഞ്ഞിട്ടില്ല. ഞാൻ പറയുന്നത് സഭയിൽ ഏത് തരത്തിലുള്ള പ്രതിഷേധവും പ്രകടിപ്പിക്കാനുള്ള അവകാശവും അവസരവും ഉണ്ടെന്നിരിക്കെ ചെയറിന്റെ മുഖം മറച്ചുകൊണ്ട് ചെയറിനെയും സഭാംഗങ്ങളെയും തമ്മിൽ കാണാത്ത രീതി സൃഷ്ടിക്കുന്നത് സഭയോടുള്ള അങ്ങേയറ്റത്തെ അവഹേളനമാണെന്ന് ഞാൻ വീണ്ടും ഓർമ്മപ്പെടുത്തുകയാണ്. അത് ശരിയല്ല, മുൻ കാലങ്ങളിൽ ഇങ്ങനെ ഉണ്ടായിട്ടില്ല, ദയവായി ഇത് ആവർത്തിക്കരുത്. ഇത് ഒരു വ്യക്തിയുടെ പ്രശ്നമല്ല, ഈ സഭയുടെ അന്തസ്സിന്റെ പ്രശ്നമാണ്. പുതിയ അംഗങ്ങളിൽ ചിലർ കാണിക്കുന്ന ഈ രീതി തിരുത്താൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നിർദ്ദേശം നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

## III അടിയന്തരപ്രമേയം

### ഷുഹൈബിന്റെ കൊലപാതകം

മി. സ്പീക്കർ: മട്ടന്നൂർ ബ്ലോക്ക് യൂത്ത് കോൺഗ്രസ് സെക്രട്ടറി ഷുഹൈബിന്റെ കൊലപാതകത്തിലുൾപ്പെട്ട എല്ലാ പ്രതികളെയും ഗൂഢാലോചനയ്ക്ക് നേതൃത്വം നൽകിയതായി പറയപ്പെടുന്നവരെയും അറസ്റ്റ് ചെയ്യാൻ കഴിയാത്തതിനാൽ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് ശ്രീ. കെ. സുധാകരൻ നടത്തുന്ന നിരാഹാര സമരം 8 ദിവസം പിന്നിട്ടിട്ടും തൃപ്തികരമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകാത്തതിനാൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ

സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, കെ. എം. ഷാജി, അനൂപ് ജേക്കബ്, കെ. സി. ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മട്ടന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ കീഴൂർ അംശം പെരുർ എന്ന സ്ഥലത്ത് 12-2-2018-ന് രാത്രി 10.50-നാണ് അടിയന്തരപ്രമേയ നോട്ടീസിൽ പരാമർശിച്ച ദാരുണ സംഭവമുണ്ടായത്. കോൺഗ്രസ് പ്രവർത്തകനായ ഷുഹൈബ് മറ്റ് മൂന്നുപേരുമായി സംസാരിച്ച് നിൽക്കവെ കണ്ണൂരിൽനിന്നു വന്ന 'ഫോർ രജിസ്ട്രേഷൻ' സ്റ്റിക്കർ പതിപ്പിച്ച കാർ റോഡരികിൽ നിർത്തി നാലുപേർ വാളുമായി ഇറങ്ങുകയും ഒരാൾ ബോംബെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും രണ്ടുപേർ ചേർന്ന് ഷുഹൈബിനെ വെട്ടിപ്പരിക്കേൽപ്പിക്കുകയുമാണുണ്ടായത്. അക്രമത്തിൽ മാരകമായി വെട്ടേറ്റ ഷുഹൈബിനെ കൊയിലി ആശുപത്രിയിലെത്തിക്കുകയും വിദഗ്ദ്ധ ചികിത്സയ്ക്കായി കോഴിക്കോട്ടേയ്ക്ക് കൊണ്ടുപോകുന്ന വഴി മരണപ്പെടുകയും ചെയ്തു. പരിക്കേറ്റ രണ്ടുപേർ തലശ്ശേരി ഇന്ദിരാഗാന്ധി കോ-ഓപ്പറേറ്റീവ് ആശുപത്രിയിൽ ചികിത്സ തേടിയിട്ടുണ്ട്. കൊലപാതകം സർക്കാരിന്റെ ശ്രദ്ധയിൽ വന്ന ഉടൻതന്നെ കുറ്റവാളികൾക്കെതിരെ മുഖം നോക്കാതെ അടിയന്തര നടപടി സ്വീകരിക്കണമെന്ന് പോലീസിന് നിർദ്ദേശം നൽകിയിരുന്നു. ഈ കേസിന്റെ പ്രാധാന്യവും കെ.പി.സി.സി. പ്രസിഡന്റിന്റെ നിവേദനത്തിലെ ആവശ്യവും പരിഗണിച്ച് അന്വേഷണത്തിനായി കണ്ണൂർ റെയ്ഞ്ച് ഐ.ജി.യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തി. സംഭവത്തിൽ നാലുപേരെ പ്രതികളാക്കി മട്ടന്നൂർ പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 341, 324, 307, 302, 34 ഇ.എസ്. ആക്ടിലെ 3, 5 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 202/18 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കുറ്റകൃത്യത്തിൽ നേരിട്ട് പങ്കെടുത്തതായി അന്വേഷണത്തിൽ വ്യക്തമായതിനെത്തുടർന്ന് ആകാശ് (23 വയസ്സ്), റിജിൻ രാജ് (24 വയസ്സ്) എന്നിവരെ 18-2-2018-നും കൂട്ടുപ്രതികളായ അൻവർ സാദത്ത്, അഖിൽ എന്നിവരെ 24-2-2018-നും അറസ്റ്റ് ചെയ്ത് കോടതി മുമ്പാകെ ഹാജരാക്കി റിമാൻഡ് ചെയ്തിട്ടുണ്ട്. ജിതിൻ രാജ് (23 വയസ്സ്) എന്ന പ്രതിയെ 25-2 -2018-ന് അറസ്റ്റ് ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു. കുറ്റകൃത്യത്തിന് ഉപയോഗിച്ച 'കെ.എൽ.13 എ.കെ. 5278' നമ്പറിലുള്ളകാർ തിരിച്ചറിഞ്ഞ് ബന്തവസ്സിലെടുത്തിട്ടുണ്ട്. മജിസ്ട്രേറ്റിന് മുമ്പാകെ തിരിച്ചറിയൽ പരേഡ് നടത്തിയപ്പോൾ പ്രതികളായ രണ്ടുപേരെയും പരിക്കേറ്റയാളും പ്രധാന സാക്ഷിയുമായ വ്യക്തി തിരിച്ചറിഞ്ഞിട്ടുമുണ്ട്. ഇതോടെ പ്രതികൾ ഡമ്മികളാണെന്ന പരാതിയും അടിസ്ഥാനരഹിതമാണെന്ന് വ്യക്തമായി. ഈ കേസിന്റെ അന്വേഷണം വളരെ ഊർജ്ജിതമായും കുറ്റമറ്റ രീതിയിലും നടന്നുവരികയാണ്. കുറ്റകൃത്യത്തിൽ പങ്കെടുത്ത പ്രധാന പ്രതികളെ

സംഭവം നടന്ന് ഒരാഴ്ചയ്ക്കുള്ളിൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞു. ഈ കേസിൽ ഐ.പി.സി. 109, 120 ബി എന്നീ വകുപ്പുകൾ കൂടുതലായി ചേർത്ത് അന്വേഷിച്ചു വരുന്നു. ഐ.ജി.യുടെ നേതൃത്വത്തിലുള്ളസംഘം നിഷ്പക്ഷവും നീതിപൂർവ്വകവു മായാണ് അന്വേഷണം നടത്തുന്നത്. 12-1-2018-ന് വൈകുന്നേരം 5 മണിയോടെ മട്ടന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ കീഴല്ലൂർ അംശം എടയന്നൂർ എന്ന സ്ഥലത്തുണ്ടായ അക്രമസംഭവത്തിൽ മട്ടന്നൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്തിരുന്നു. ഈ കേസിൽ പ്രതിയായ ഷുഹൈബ് അറസ്റ്റിലും റിമാൻഡിലുമായതിനുശേഷം ജാമ്യത്തിലിറങ്ങിയപ്പോഴാണ് കൊലചെയ്യപ്പെട്ടത്. അക്രമസംഭവങ്ങളിൽ പോലീസ് കർക്കശമായ നടപടി സ്വീകരിച്ചിട്ടുണ്ട്. മുഖം നോക്കാതെ നടപടിയെടുത്തിട്ടുണ്ട്. കുറ്റക്കാരെ കണ്ടെത്താൻ ഒരേസമയം നിരവധി വീടുകൾ പോലീസ് റെയ്ഡ് ചെയ്തു. ഒരെതിർപ്പും എവിടെനിന്നും ഉണ്ടായിട്ടില്ല. പ്രതിപക്ഷ ആവശ്യംകൂടി കണക്കിലെ ടുത്താണ് പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചത്. അന്വേഷണ സംഘം നടത്തിയ ശാസ്ത്രീയ അന്വേഷണത്തിലാണ് പ്രതികളെ പിടികൂടിയത്.

രാഷ്ട്രീയമായ അഭിപ്രായ ഭിന്നതകളുണ്ടാകുക സ്വാഭാവികമാണ്. രണ്ട് പ്രസ്ഥാനങ്ങൾക്കിടയിൽ മാത്രമല്ല, രണ്ട് വ്യക്തികൾക്കിടയിലും ഒരേ അഭിപ്രായം എല്ലാ കാര്യത്തിലും ഉണ്ടായിക്കൊള്ളണമെന്നില്ല. എന്നാൽ, ആ അഭിപ്രായ വ്യത്യാസങ്ങൾമൂലം പ്രതികാര മനോഭാവമുണ്ടാകുന്നതും അതേത്തുടർന്ന് കൊല പാതകങ്ങളുണ്ടാകുന്നതും നീതീകരിക്കാനാകില്ല, നമ്മുടെ നാടിന് ഇത് ചേരുന്നതുമല്ല. സംസ്ഥാനത്ത് അക്രമസംഭവങ്ങൾ ഉണ്ടാകരുതെന്നും ഒരാളും കൊല്ലപ്പെടരുതെന്നുമാണ് സർക്കാരിന്റെ നിലപാട്. രാഷ്ട്രീയ പ്രശ്നങ്ങൾ ഒരിക്കലും അക്രമങ്ങളിലേയ്ക്ക് തിരിയരുത്. ചെറിയ പ്രശ്നങ്ങളുണ്ടായാൽ രമ്യമായി പരിഹരിക്കാൻ കഴിയണം. അക്രമസംഭവങ്ങൾ ഏത് ഭാഗത്തുനിന്നുണ്ടായാലും സർക്കാർ വിട്ടുവീഴ്ചയില്ലാത്ത നടപടി സ്വീകരിക്കും. അതാണ് ഇക്കാര്യത്തിൽ കണ്ടത്.

ശ്രീ. സണ്ണി ജോസഫ്: സർ, ലോകത്തെമ്പാടുമുള്ള മലയാളികളുടെ മനസ്സിനെ ഞെട്ടിച്ച, മനുഷ്യസ്നേഹികളെ വേദനിപ്പിച്ച, കണ്ണീരിലാഴ്ത്തിയ ഷുഹൈബിന്റെ ദാരുണവും പൈശാചികവും അതിക്രൂരവും മൃഗീയവുമായ കൊലപാതകം സംബന്ധിച്ച കാര്യങ്ങൾ അത് അർഹിക്കുന്ന ശക്തിയിലും ശബ്ദത്തിലും സമഗ്രതയിലും സമ്പുഷ്ടതയിലും ജനാധിപത്യ കേരളത്തിന്റെ പരമോന്നത ശ്രീകോവിലിൽ അവതരിപ്പിക്കുന്നതിന് എന്റെ വാക്കുകൾ മതിയാകുന്നതല്ല. അത്രമാത്രം ഗൗരവത്തോടെ കേരളം കണ്ടതാണ്, കേട്ടതാണ്, വേദനയോടെ സഹിച്ചതാണ് ഷുഹൈബിന്റെ ദാരുണമായ കൊലപാതകമെന്ന് നമുക്കെല്ലാവർക്കുമറിയാം. എങ്കിലും ഇക്കാര്യങ്ങൾ വിശദീക രിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, അതിന് കൂടുതൽ സമയം അനുവദിക്കണമെന്ന് ആദ്യമേ അഭ്യർത്ഥിക്കുന്നു. ഇത്ര ക്രൂരമായ കൊലപാതകം, കൊലപാതകത്തിന്റെ

രീതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ കുറെയൊക്കെ വിശദീകരിച്ചു. വാഹനത്തിൽ ആളുകൾ വരുന്നു, ബോംബ് എറിഞ്ഞ് ഭീതിപരത്തുന്നു, പിടിച്ചുനിർത്തുന്നു, വെട്ടിപ്പരിക്കേൽപ്പിക്കുന്നു. ഒരു മരംവെട്ടുകാരൻ കോടാലികൊണ്ട് മരം മുറിക്കാൻ അല്ലെങ്കിൽ വിറക് കീറിയെടുക്കാൻ വെട്ടുന്നതിനെക്കാൾ ശക്തിയിൽ വെട്ടുകയാണ് ചെയ്തത്. കൊലപ്പെടുത്താൻ മാത്രമല്ല, വെട്ടിപ്പരിക്കേൽപ്പിക്കുന്നതിന്റെ ക്രൂരവിനോദം പ്രതികൾ ആസ്വദിക്കുകയുമായിരുന്നു. വിറക് കീറിയെടുക്കുന്നതുപോലെയാണ് ശരീരഭാഗങ്ങൾ മാംസവും എല്ലുമുൾപ്പെടെ കീറിയെടുത്തത്. അതിനുശേഷം കാറിൽ കയറിയ ഒരു പ്രതി 'ഒരിക്കൽക്കൂടി വെട്ടട്ടെ' എന്നുപറഞ്ഞ് പുറത്തിറങ്ങി ഒരിക്കൽക്കൂടി ഷുഹൈബിന്റെ ശരീരത്തിൽ ആഞ്ഞുവെട്ടി. ആശുപത്രിയിൽ പ്രവേശിപ്പിച്ചപ്പോഴും പോസ്റ്റ്മോർട്ടം നടത്തിയപ്പോഴും ഇൻക്വസ്റ്റ് തയ്യാറാക്കിയപ്പോഴും കണ്ടുനിൽക്കാൻ സാധിക്കാത്തത്ര പരിക്കുകളാണുണ്ടായിരുന്നത്. അതിന്റെ ഫോട്ടോകൾ നമുക്ക് ലഭ്യമാണ്. അതിനെ വിശേഷിപ്പിക്കാൻ വാക്കുകളില്ല. ഷേക്സ്പിയറിന്റെ ജൂലിയസ് സീസർ എന്ന നാടകത്തിൽ പറഞ്ഞിട്ടുണ്ട്, ഇംഗ്ലീഷ് വ്യാകരണംപോലും മറികടന്നുകൊണ്ട് ഡബിൾ സൂപ്പർലേറ്റീവാണ് ഉപയോഗിച്ചത്, "the most unkindest cut of all" എന്ന അദ്ദേഹത്തിന്റെ വാക്കുകൾ ഞാൻ കടമെടുക്കുകയാണ്. ഷുഹൈബിനെ കൊലപ്പെടുത്താൻവേണ്ടി വെട്ടിയ വെട്ടുകൾ "the most unkindest cut of all". ജനാധിപത്യ കേരളം അത് വേദനയോടെ കണ്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ മറുപടിയിൽ പറഞ്ഞു, ഷുഹൈബ് ഒരു കേസിൽ പ്രതിയായിരുന്നുവെന്ന്. That is an admitted fact. പക്ഷെ ഈ കേസിൽ അറസ്റ്റ് ചെയ്ത ഒന്നും രണ്ടും പ്രതികൾ കൊലക്കേസ്സുകളിൽ പ്രതികളായി ജാമ്യത്തിൽ കഴിയുന്നവരാണ് എന്ന മെറ്റീരിയലായ കാര്യം എന്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറച്ചുവയ്ക്കാൻ ശ്രമിക്കുന്നു? 12-1-2018-ൽ നടന്ന ഒരു സംഘട്ടനത്തിന്റെ ഭാഗമായ കേസിൽ ഷുഹൈബ് പ്രതിയായിരുന്നു, ജാമ്യത്തിലിറങ്ങിയിരുന്നു എന്നുപറയാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി താത്പര്യം കാണിക്കുമ്പോൾ അദ്ദേഹംതന്നെ പറയേണ്ടതല്ലേ ഈ കൊലക്കേസിൽ പ്രതികളാക്കപ്പെട്ടവർ, അറസ്റ്റ് ചെയ്യപ്പെട്ടവർ മറ്റൊരു കൊലപാതകക്കേസിലെ തന്നെ ഒന്നും രണ്ടും പ്രതികളാണെന്ന്. അതുപോലെ കൊലപാതക ശ്രമത്തിനുള്ള രണ്ട് കേസ്സുകളിൽ ആകാശ് പ്രതിയാണ്. ബോംബ് നിർമ്മിക്കുകയും ഉപയോഗിക്കുകയും ചെയ്ത രണ്ട് കേസുകളിൽ അദ്ദേഹം പ്രതിയാണ്. പതിനൊന്ന് കേസുകളിൽ അദ്ദേഹം പ്രതിയാണെന്ന് റിമാൻഡ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. അതിനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിസ്സാരവത്കരിക്കാനും കണ്ടില്ലെന്ന് നടിക്കാനും ശ്രമിക്കുന്നത് ജനാധിപത്യ കേരളം പൊറുക്കുന്ന കാര്യമല്ല. എന്തിനാണ് ഈ കൊലപാതകം? ആരാണ് ഈ കൊലപാതകം ചെയ്യിച്ചത്? സി.പി.ഐ. (എം) ആണ്, സി.പി.ഐ.(എം) മാത്രമാണ്, സി.പി.ഐ.(എം) പാർട്ടിയാണ് എന്നത് വളരെ വ്യക്തമാണ്. അത് റിമാൻഡ് റിപ്പോർട്ടിൽ പോലീസ്

പറഞ്ഞിട്ടുണ്ട്. എ.ഡി.ജി.പി. കണ്ണൂരിൽ നടത്തിയ പത്രസമ്മേളനത്തിൽ പറഞ്ഞത്, കൊന്നത് സി.പി.ഐ.(എം) തന്നെയാണെന്നാണ്. 'പാർട്ടിയെ തള്ളി പോലീസ്'. പോലീസിൽ ചാരന്മാരുണ്ടെന്ന പരാതിയുമായി കണ്ണൂർ എസ്.പി., ഈ കേസന്വേഷ ണത്തിൽ പോലീസിന് സ്വതന്ത്രമായി പ്രവർത്തിക്കാൻ സാധിക്കുന്നില്ല, പോലീസ് സേനയിൽത്തന്നെ ചാരന്മാരുണ്ടെന്ന് പറയുന്നത് കോൺഗ്രസ് നേതാക്കളല്ല, പ്രതിപക്ഷ നേതാക്കളല്ല, കണ്ണൂർ ജില്ലാ എസ്.പി. തന്നെയാണ്. പ്രതികളെ പിടിക്കാൻ ശ്രമിച്ച മുഴക്കുന്ന് എസ്.ഐ. രാജേഷ് നിർബന്ധിത അവധിയിലാണ്. എന്തിനാണ് അദ്ദേഹത്തെക്കൊണ്ട് നിർബന്ധിത അവധിയെടുപ്പിച്ചത്? അദ്ദേഹം പ്രതികളെ പിടിക്കാനുള്ളപരിശ്രമം നടത്തിയതിനാണ്. എന്തിനാണ് ഷുഹൈബിനെ വെട്ടിയത്? ഷുഹൈബ് യൂത്ത് കോൺഗ്രസിന്റെ മട്ടന്നൂർ നിയോജകമണ്ഡലം സെക്രട്ടറിയാ യിരുന്നു, സുന്നി ഫെഡറേഷൻപോലുള്ള സാമൂഹ്യ സംഘടനകളിൽ വളരെ സജീവമായി പ്രവർത്തിച്ചിരുന്നു. ഒരു രാഷ്ട്രീയ പ്രവർത്തകൻ മാത്രമായിരുന്നില്ല, ശക്തമായ സാമൂഹ്യ പ്രവർത്തകൻ കൂടിയായിരുന്നു. നിരവധിപേർക്ക് സഹായങ്ങൾ നൽകി. രോഗികൾക്ക് ചികിത്സാ സഹായവും കുട്ടികൾക്ക് പഠനസഹായവും വീടില്ലാത്തവർക്ക് വീട് വച്ചുകൊടുക്കാൻ സഹായവും നൽകിയിരുന്നു. ഇടയന്നൂരിലെ രോഗിയായ സുബൈദയുടെ മൂന്ന് മക്കൾ സ്കൂളിൽ ഹാജരാകുന്നില്ല. ടീച്ചർ ഷുഹൈബിനെ വിളിച്ചാണ് ആ കുട്ടികൾ ക്ലാസ്സിൽ വരുന്നില്ല നിങ്ങളൊന്ന് അന്വേഷിക്കണമെന്ന് പറഞ്ഞത്. ഷുഹൈബ് ആ വീട്ടിൽപോയി അന്വേഷിച്ചപ്പോൾ അവർ മുഴുപ്പട്ടിണി യിലാണെന്നാണ് കണ്ടത്. കുട്ടികൾക്ക് ഭക്ഷണം കൊടുത്ത് സ്കൂളിലയയ്ക്കാൻ രോഗിയായ ആ വീട്ടമ്മയ്ക്ക് കഴിയാത്ത സാഹചര്യം മനസ്സിലാക്കി സുഹൃത്തുക്കളെ കൂട്ടി ടൗണിൽപോയി ഒരു മാസത്തേയ്ക്കുള്ള ആഹാര സാധനങ്ങൾ സംഘടിപ്പിച്ച് ആ വീട്ടിൽ കൊണ്ടുകൊടുത്ത് കുട്ടികളെ സ്കൂളിൽ അയയ്ക്കണമെന്ന് പറഞ്ഞുപോയ ദിവസമാണിത് സംഭവിച്ചത്. അദ്ദേഹത്തിന്റെ രോഗിയായ ഒരു സുഹൃത്തിനുവേണ്ടി കിഡ്നി ദാനം ചെയ്യാൻ മെഡിക്കൽ ടെസ്റ്റുകൾ നടത്തി അതിനുവേണ്ടി തയ്യാറെടു ക്കുകയായിരുന്നു. അക്കാര്യം പുറംലോകം അറിയരുതെന്നാണ് ഷുഹൈബ് ആഗ്രഹിച്ചത്. അദ്ദേഹം ഒരു രാഷ്ട്രീയ പ്രവർത്തകനായിരുന്നു, യൂത്ത് കോൺഗ്രസ് പ്രവർത്തകനാ യിരുന്നു. കെ.എസ്.യു. പ്രവർത്തകരെ കോൺഗ്രസ് ഓഫീസിൽ വന്ന് തല്ലുകയും പരിക്കേൽപ്പിക്കുകയും ചെയ്ത സി.ഐ.റ്റി.യു. മാർക്സിസ്റ്റ് ക്രിമിനലുകളെ അദ്ദേഹം നേരിട്ടു. അതായിരുന്നു ഒരുമാസം മുമ്പ്, 12-1-2018-ന് നടന്ന കേസ്. അതിന്റെ തിരിച്ചടിയാണ്, പ്രതികാരമാണ് 12-2-2018-ന് രാത്രി 10.45-ന് അദ്ദേഹത്തെ ഇത്രയും നിഷ്ഠൂരമായി വെട്ടിക്കൊലപ്പെടുത്തിയത്. പ്രതികളാരെന്ന് സുവ്യക്തമല്ലേ? എഫ്.ഐ.ആർ.-ലും റിമാൻഡ് റിപ്പോർട്ടിലും എ.ഡി.ജി.പി.-യുടെ പ്രസ്താവനയിലും ഇക്കാര്യം വളരെ വ്യക്തമായുണ്ട്. അറസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്ന ആകാശ് ആരാണ്? ആകാശിന്റെ ഫെയ്സ്ബുക്ക് പോസ്റ്റ് നമ്മളെല്ലാവരും കണ്ടു. അതിൽ ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയും പാർട്ടിയുടെ കണ്ണൂർ ജില്ലാ സെക്രട്ടറി ശ്രീ. പി. ജയരാജനുമുണ്ട്. ശ്രീ. പി. ജയരാജന്റെ പേരിലിറക്കിയ 'നന്മയുടെ പൂമരം' നന്മയുടെ പൂമരമാണോ തിന്മയുടെ പാഴ്മരമാണോ എന്ന് കേരളത്തിലെ ജനങ്ങൾ തീരുമാനിക്കട്ടെ. പാർട്ടിക്കാർ തള്ളിപ്പറഞ്ഞിരിക്കുന്നു. ശ്രീ. പി. ജയരാജൻ 'നന്മയുടെ പൂമരം' എന്ന പേരിൽ ഒരു വീഡിയോ ക്ലബ് പ്രചരിപ്പിക്കുന്നതിന് മാർക്സിസ്റ്റ് പാർട്ടി സംസ്ഥാന കമ്മിറ്റിയിൽ ചർച്ചചെയ്തുവെന്നത് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. ആ നന്മയുടെ പൂമരമെന്ന വീഡിയോ ക്ലബ്ബിൽ പാടി അഭിനയിക്കുന്ന കുട്ടിയാണ് ഈ ആകാശ്. ശ്രീ. പി. ജയരാജനുമായുള്ള ബന്ധമെത്രയാണ്? എന്തിനേറെ, ശ്രീ. വി. എസ്. അച്ചുതാനന്ദൻ ആലപ്പുഴ സമ്മേളനത്തിൽ നിന്ന് ഇറങ്ങിപ്പോയപ്പോൾ 'ടി. പി. ചന്ദ്രശേഖരന്റെ ഗതി വി. എസ്. അച്ചുതാനന്ദന് വരും എന്ന' ഫെയ്സ്ബുക്ക് പോസ്റ്റിട്ട ആകാശ് കണ്ണൂർ ലോബിയുടെ കളിപ്പാവയാണ്, കണ്ണൂർ ലോബിയുടെ കയ്യിലെ കഠാരയാണ്, കേവലമൊരു ആയുധം മാത്രമാണ് എന്ന കാര്യം വളരെ വ്യക്തമല്ലേ? ആകാശിന്റെ പിതാവ് രവി തില്ലങ്കേരി പഞ്ചായത്തിലെ ലോക്കൽ കമ്മിറ്റി ഭാരവാഹിയായിരുന്നു. അദ്ദേഹത്തിന്റെ അമ്മ ദാക്ഷായണി ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ആയിരുന്നു, എൽ.സി. മെമ്പറായിരുന്നു. ഇപ്പോൾ പാർട്ടി അംഗമാണെന്ന് ശ്രീ. പി. ജയരാജൻ തന്നെ സമ്മതിക്കുന്നു. പാർട്ടി അംഗമായ ക്രിമിനൽ കേസ് പശ്ചാത്തലമുള്ള വ്യക്തി ഇക്കാര്യം ചെയ്യുമ്പോൾ ഞങ്ങൾ വളരെ ബലമായി പറയുന്ന ഇത് കേവലം ആകാശോ റിജിൻ രാജോ മാത്രം അറിഞ്ഞുകൊണ്ട് ചെയ്ത കുറ്റമല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരണാനുമതി നിഷേധിച്ചുകൊണ്ട് സംസാരിച്ചപ്പോൾ പറഞ്ഞു 120 (ബി) ചേർക്കുന്നുണ്ട് എന്ന്. ഇതുവരെ അതുമായി പോലീസ് മുന്നോട്ടുപോയിട്ടില്ല. സംഭവം നടന്നിട്ട് 14 ദിവസം കഴിഞ്ഞിരിക്കുന്നു. ഗൂഢാലോചനയുടെ ഭാഗം ചേർത്തിട്ടുണ്ട് അല്ലെങ്കിൽ ഗൂഢാലോചനയുടെ ഭാഗത്ത് ഇത്രകണ്ട് മുന്നോട്ടുപോയി എന്നുപറയാൻ പോലീസിനോ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കോ സാധിക്കുന്നില്ല. അതുപോലെ കൊലയ്ക്ക് ഉപയോഗിച്ച ആയുധങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. ആയുധങ്ങൾ പ്രത്യേകം നിർമ്മിച്ചതാണ്. ആ ബോംബുകൾ എവിടെ നിർമ്മിച്ചു; ആരാണ് അത് നൽകിയത്; ആരാണ് ഗൂഢാലോചന നടത്തിയത്; പ്രതികളാരാണ്? മട്ടന്നൂരിലെ ഇടയന്നൂരിലുണ്ടായ ഈ സംഭവത്തിലെ പ്രതികളുടെ സ്ഥലം തില്ലങ്കേരിയാണ്. അതിനിടയ്ക്ക് മട്ടന്നൂർ, ഇരിട്ടി എന്നീ മുനിസിപ്പാലിറ്റികളുണ്ട്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും കണ്ണൂർ ജില്ലക്കാർക്കുമൊക്കെയറിയാം. ദൂരപ്രദേശത്തുനിന്ന് പ്രതികൾ ഷുഹൈബിനെ കൊലപ്പെടുത്താൻ വരണമെങ്കിൽ അതിന് ഒരു ലിങ്ക് വേണ്ടേ? ആരെങ്കിലും അതിന് പ്രേരിപ്പിക്കണ്ടേ; ആരെങ്കിലും ഒത്താശ ചെയ്യണ്ടേ, ആരെങ്കിലും നിർദ്ദേശിക്കണ്ടേ? അത് ആരാണെന്ന് അറിയാനാണ് കോൺഗ്രസ് നേതാവ് ശ്രീ. കെ. സുധാകരൻ കണ്ണൂരിലും യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന പ്രസിഡന്റായ ശ്രീ. ഡീൻ

കുര്യാക്കോസും ശ്രീ. മഹേഷും സെക്രട്ടേറിയറ്റിന് മുന്നിലും സമരം നടത്തുന്നത്. കൊലയാളികളെ പിടിക്കണം. അക്കാര്യത്തിൽ ഈ സമരത്തിന്റെ ആവേശം, ജനപിന്തുണ ഇതൊക്കെ സർക്കാരിനെ സ്വാധീനിച്ചിട്ടുണ്ട്. കൊലയാളികളെ മാത്രം പിടിച്ചാൽ പോരാ, കൊല്ലിച്ചവരെക്കൂടി പിടിക്കണം. വിജയം കണ്ട് മാത്രമേ ഈ സമരം പര്യവസാനിക്കുവെന്ന കാര്യത്തിൽ സംശയമില്ല.

ഷുഹൈബിന്റെ ഇളയ സഹോദരി ഉമയ്യ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എഴുതിയ തുറന്ന കത്ത് കേരളം കണ്ണീരോടെ വായിച്ചതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് വായിച്ചിട്ടുണ്ടോ? "ഇക്ക ഇനി നമ്മുടെ കൂടെയില്ലെന്ന് വിശ്വസിക്കാൻ ഇന്നും ഞങ്ങൾക്കാർക്കും കഴിയുന്നില്ല. എന്തിന്റെ പേരിലായാലും ഇക്കയെ ഇങ്ങനെ ഇല്ലാതാക്കണമായിരുന്നോ? ഇനി ആരും മരിക്കരുത്. ഞങ്ങളുടെ ഇക്ക ആ കണക്ക പുസ്തകത്തിലെ അവസാനത്തെ ആളാകട്ടെ. ഇനി ആരും കൊല്ലപ്പെടാതിരിക്കട്ടെ. ഞങ്ങൾക്കുവേണ്ടി, ഞങ്ങളെപ്പോലെ ഒരുപാട് കുടുംബങ്ങൾക്കുവേണ്ടി ഈ ക്രൂരതകൾ ഇനിയും ആവർത്തിക്കില്ലെന്നൊരു ഉറപ്പ്, അതെങ്കിലും ഞങ്ങൾക്ക് നൽകാമോ?" ഇത് ഷുഹൈബിന്റെ മൂന്ന് സഹോദരിമാരിലൊരാൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എഴുതിയ തുറന്ന കത്തിലെ വരികളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് വായിക്കണം, ഇതുസംബന്ധിച്ച് പ്രതികരിക്കണം. ഇത് അവസാനത്തെ കൊലപാതകമാകട്ടെ; തങ്ങളുടേതുപോലെ മറ്റൊരു കുടുംബത്തിന്റെ കണ്ണീർ ഇനിയുണ്ടാകാതിരിക്കട്ടെ എന്ന് ഉമയ്യ ആഗ്രഹിച്ചുവെങ്കിൽ അത് തെറ്റിപ്പോയിരിക്കുന്നു. കാരണം ഇന്നലെ വീണ്ടും കൊലപാതകമുണ്ടായിരിക്കുന്നു. ഇന്നലെ മണ്ണാർക്കാട് മധുവിന്റെ കൊലപാതകമുണ്ടായി. ഇത്തരത്തിലുള്ള കൊലപാതകങ്ങൾ ആവർത്തിക്കരുത്. അതുസംബന്ധിച്ചാണ് ഞങ്ങളുടെ സമരം നടക്കുന്നത്. ഈ അന്വേഷണത്തിൽ പോലീസിനുമേൽ നിയന്ത്രണമുണ്ട്, അല്ലെങ്കിൽ രഹസ്യങ്ങൾ ചോർന്നുപോകുന്നുവെന്ന് എസ്.പി. തന്നെ സമ്മതിക്കുന്നു. അതുകൊണ്ട് ഇത് ഒരു കേന്ദ്ര ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കണം. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ബാലൻ കണ്ണൂരിൽ വന്ന് സമാധാനയോഗം വിളിച്ചു. സമാധാനയോഗമുണ്ട്, താങ്കൾക്ക് അറിയിപ്പ് കിട്ടുമെന്ന് രണ്ട് ദിവസം മുമ്പ് കളക്ടർ എന്നോട് പറഞ്ഞു. ഞാൻ അന്ന് രാവിലെയും എ.ഡി.എം.-നെ വിളിച്ചു ചോദിച്ചു. ഞാനും ശ്രീ. കെ. സി. ജോസഫും ശ്രീ. കെ. എം. ഷാജിയും ആ യോഗത്തിന് പോകാൻ തയ്യാറായിരുന്നു. ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ സമരപ്പന്തലിലുണ്ടായിരുന്നു. പക്ഷെ ഞങ്ങളെ അറിയിക്കാതെ മറ്റെല്ലാവരെയും പ്രത്യേകമായി വിളിച്ച് സ്റ്റേജിലിരുത്തി സമാധാനയോഗം ചേർന്നത് എന്ത് ആത്മാർത്ഥതയിലാണ്? ഒരുപക്ഷെ മന്ത്രിക്കറിയാമായിരിക്കും, സമാധാനയോഗത്തിൽ ഞങ്ങളുടെ ആവശ്യമില്ലെന്ന്. കാരണം കണ്ണൂരിൽ സമാധാനം ലംഘിക്കുന്ന പാർട്ടിയല്ല ഇന്ത്യൻ നാഷണൽ കോൺഗ്രസ്. 2017-ൽ ഐ.ജി. ഒരു വാർത്താ സമ്മേളനം നടത്തി കണ്ണൂരിലെ

ക്രൈമിന്റെ കണക്ക് പറയുകയുണ്ടായി. 2017-ൽ കണ്ണൂരിൽ സി.പി.ഐ.(എം) പ്രവർത്തകർക്കെതിരെ 208 ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്തപ്പോൾ കോൺഗ്രസ് പ്രവർത്തകർക്കെതിരെ രജിസ്റ്റർ ചെയ്തത് കേവലം 6 കേസ്സുകൾ മാത്രമാണ്. ക്രൈമിൽ ഞങ്ങൾ തുല്യപങ്കാളികളാണോ? കേരളം മനസ്സിലാക്കണം. ആ സമാധാനയോഗത്തിൽപ്പോലും ഞങ്ങളെ വിളിക്കാൻ തയ്യാറായില്ല. പ്രതികളെ പൂർണ്ണമായും പിടികൂടാൻ പോലീസിന് സാധിച്ചിട്ടില്ല. ഗൂഢാലോചന സംബന്ധിച്ച യാതൊരു അന്വേഷണവും പുരോഗമിച്ചിട്ടില്ല. ആയുധം കണ്ടെടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ബോംബ് എവിടെ നിർമ്മിച്ചുവെന്ന് മനസ്സിലാക്കാനോ ബന്ധപ്പെട്ട ആളുകളെ പിടികൂടാനോ പോലീസിന് സാധിച്ചിട്ടില്ല. അന്വേഷണോദ്യോഗസ്ഥരിൽ ഒരാളായ എസ്.ഐ.-യെ നിർബന്ധിപ്പിച്ച് ലീവ് എടുപ്പിക്കുന്നു, പോലീസിലെ രഹസ്യങ്ങൾ ചോർന്നുപോകുന്നുവെന്ന് എസ്.പി. തന്നെ പറയുന്നു. മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സമ്മേളനത്തിൽപ്പോലും ഇതിന്റെ അലയടികളുണ്ടായി. ഞങ്ങൾ ഉയർത്തുന്ന പ്രതിഷേധം കണ്ടില്ലെന്ന് നടിക്കാൻ ആർക്കും സാധിക്കില്ല. തൃശ്ശൂരിൽ വച്ച് നടന്ന മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സമ്മേളനത്തിൽ 'കൊല്ലിക്കലല്ലടോ നിനക്ക് രസമെന്ന് കണ്ണൂരിലെ ജയരാജന്മാരെ നോക്കി കൊല്ലത്തു നിന്നുള്ള പ്രതിനിധിയായ ശ്രീ. പി. കെ. ഗോപി ചോദിച്ചില്ലേ? അങ്ങനെ ഒരു ചോദ്യം ചോദിക്കണമെങ്കിൽ ഇത് ജനാധിപത്യ കേരളമാകെ പ്രതിഷേധിക്കുന്ന ഏറെ ഗൗരവമുള്ള ഒരു സംഭവമായതുകൊണ്ടാണ്. പാവപ്പെട്ട ഒരു യുവാവിന്റെ കൊലപാതകത്തെ സംബന്ധിച്ച് സി.ബി.ഐ. നിഷ്പക്ഷവും സ്വതന്ത്രവുമായ അന്വേഷണം നടത്തണം. കൊല്ലിച്ചവരെയും കൊന്നവരെയും മുഴുവൻ പിടികൂടണം, ആയുധങ്ങൾ കണ്ടെത്തണം, തെളിവുകൾ ശേഖരിക്കണം. ഇത് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ സണ്ണി ജോസഫ് വിവരിച്ച കാര്യങ്ങളിലെ ഒരു ഭാഗം സംബന്ധിച്ച് നേരത്തെ ഞാൻ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. അതിനിർഭാഗ്യകരവും അതിക്രൂരവുമായ കൊലപാതകം തന്നെയാണ് അവിടെ നടന്നത്. നമുക്കാർക്കും അതിനോട് യോജിക്കാൻ കഴിയില്ല. തീർത്തും അപലപനീയമായ ഒരു സംഭവമാണെന്ന് അത് നടന്ന ഉടൻതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഒരു കൊലപാതകത്തെയും നമുക്കാർക്കും ന്യായീകരിക്കാൻ കഴിയുകയില്ല. നമ്മുടെ സംസ്ഥാനത്ത് രാഷ്ട്രീയ സംഘട്ടനങ്ങൾ പല ഘട്ടങ്ങളിലായി ഉണ്ടായിട്ടുണ്ട്. ആ രാഷ്ട്രീയ സംഘട്ടനങ്ങളിൽനിന്നും രാഷ്ട്രീയ പാർട്ടികൾ ബോധപൂർവ്വം മാറിനിൽക്കുക തന്നെയാണ് വേണ്ടത്. ഇക്കാര്യത്തിൽ ചെറുതല്ല, വലിയ മാറ്റം വരുന്നുവെന്നുള്ളത് സ്വാഗതാർഹമായ കാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ മുമ്പുണ്ടായിരുന്ന തോതിൽ രാഷ്ട്രീയ സംഘട്ടനങ്ങളില്ലെന്നത് ശുഭസൂചകമായ

കാര്യമാണ്. എന്നാൽ പൂർണ്ണമായി അത് ഒഴിവാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കഴിഞ്ഞ വർഷത്തെക്കാൾ കുറഞ്ഞിട്ടുണ്ടെങ്കിലും രാഷ്ട്രീയ സംഘട്ടനങ്ങൾ പലപ്പോഴും നടക്കുന്നുണ്ട്. 2016-ൽ കേരളത്തിൽ 1786 രാഷ്ട്രീയ സംഘട്ടനങ്ങളാണ് നടന്നത്. എന്നാൽ ഇപ്പോഴത് 1522 ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷെ ഇതിൽ നമുക്കെല്ലാവർക്കും അഭിമാനിക്കാൻ കഴിയണമെങ്കിൽ രാഷ്ട്രീയസംഘട്ടനങ്ങൾ പൂർണ്ണമായും ഒഴിവാക്കേണ്ടതായിട്ടുണ്ട്. 2016-ൽ 15 രാഷ്ട്രീയ കൊലപാതകങ്ങളാണുണ്ടായതെങ്കിൽ 2017-ൽ അത് അഞ്ചാക്കി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ 30 ശതമാനത്തോളം കുറ്റകൃത്യങ്ങൾ കുറഞ്ഞിട്ടുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. 2016-ൽ ഏഴ് രാഷ്ട്രീയ കൊലപാതകങ്ങളാണ് അവിടെ നടന്നത്. എന്നാൽ 2017-ൽ അത് രണ്ടായി കുറഞ്ഞിട്ടുണ്ട്. രാഷ്ട്രീയ സംഘർഷങ്ങളും സംഘട്ടനങ്ങളും നമുക്ക് പൂർണ്ണമായും ഒഴിവാക്കേണ്ടതുണ്ട്. രാഷ്ട്രീയ സംഘട്ടനങ്ങളിൽ ചെറിയ കുറവെങ്കിലും ആ ജില്ലയിലുണ്ടായിട്ടുണ്ടെന്നാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഇത്തരം കാര്യങ്ങൾ കുറഞ്ഞുവെന്ന് പറയുമ്പോൾ അതിൽ പ്രധാന രാഷ്ട്രീയ പാർട്ടികൾ വഹിച്ച പങ്ക് പ്രത്യേകമായി കാണേണ്ടതുണ്ട്.

ഈ സംഭവവുമായി ബന്ധപ്പെട്ട വാർത്ത പുറത്തുവന്ന ഉടൻതന്നെ പോലീസ് ജാഗ്രത പുലർത്തുകയുണ്ടായി. കർക്കശമായ അന്വേഷണം നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പോലീസിന് നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായി അന്വേഷണദിശ കൃത്യമായി നിശ്ചയിക്കുന്നതിന് പോലീസിന് കഴിഞ്ഞിട്ടുണ്ട്. അക്രമം നടത്തുന്നവർ സ്വാഭാവികമായും രക്ഷപ്പെടാനുള്ള ശ്രമം നടത്തും, പോലീസ് പിടികൂടാതിരിക്കാനുള്ള കരുതലുകളെടുക്കും. പോലീസിന്റെ ഫലപ്രദമായ പ്രവർത്തനത്തിലൂടെയാണ് മുഴുവൻ പേരെയും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. കൃത്യമായിത്തന്നെയാണ് പോലീസ് നീങ്ങുന്നത്. ഈ സംഭവവുമായി ബന്ധപ്പെട്ട എല്ലാവരും പോലീസിന്റെ പിടിയിലാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പോലീസ് കണ്ടെത്തിയ ആളുകളെ തന്നെയാണ് ഇപ്പോൾ അറസ്റ്റ് ചെയ്തിട്ടുള്ളത്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഇവർക്കുപുറമെ മറ്റാർക്കെങ്കിലും ഇതുമായി ബന്ധമുണ്ടെങ്കിൽ അവരെയും പോലീസ് കണ്ടെത്തും. അക്കാര്യത്തിൽ യാതൊരു ആശങ്കയും ഉണ്ടാകേണ്ടതില്ല. നിഷ്പക്ഷമായി കാര്യങ്ങൾ നിർവ്വഹിക്കാനാണ് പോലീസ് തയ്യാറായിട്ടുള്ളത്. പോലീസിന് ഇക്കാര്യത്തിൽ ഒരുതരത്തിലുള്ള കൂച്ചുവിലങ്ങുമില്ല. ഇതടക്കം ഈ അടുത്തകാലത്തുണ്ടായ എല്ലാ സംഭവങ്ങളിലും പ്രതികളായവരെ വളരെവേഗം അറസ്റ്റ് ചെയ്യാൻ പോലീസിന് കഴിഞ്ഞതിലൂടെ സ്വതന്ത്രമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ സംസ്ഥാനത്തെ പോലീസിന് കഴിയുന്നു എന്നതാണ് വ്യക്തമാകുന്നത്. ഇവിടെ അദ്ദേഹം ചൂണ്ടിക്കാണിച്ച ഒട്ടേറെ മറ്റു കാര്യങ്ങളുണ്ട്. കൊലചെയ്യപ്പെട്ട ഷുഹൈബിന്റെ സഹോദരി എഴുതിയ കത്ത് ഹൃദയസ്പൃക്കാണ്.

ഏത് സഹോദരിക്കായാലും അച്ഛനമ്മമാർക്കായാലും സ്വാഭാവികമായുണ്ടാകുന്ന വേദന നമുക്കെല്ലാവർക്കും മനസ്സിലാക്കാൻ കഴിയുന്നതാണ്. സർക്കാരിനും അതേ വികാരം തന്നെയാണുള്ളത്. ആ വേർപാടിന്റെ വേദന ശരിയായ രീതിയിൽത്തന്നെ ഉൾക്കൊള്ളാൻ സർക്കാരിന് കഴിയും. ആ വേദനയിലൂടെ സഹോദരി എഴുതിയ കത്തിന് അതേ നിലയിൽത്തന്നെ വിലമതിക്കുകയാണ് സർക്കാർ.

ഇന്ത്യൻ നാഷണൽ കോൺഗ്രസ് കണ്ണൂർ ജില്ലയിലെ സമാധാനം ലംഘിക്കുന്നവരല്ലെന്ന് അദ്ദേഹം പറഞ്ഞപ്പോൾ ഞാൻ ചില കാര്യങ്ങൾ ഓർത്തുപോയി. നമ്മൾ രണ്ടുപേരും ആ ജില്ലക്കാരാണല്ലോ. ഇക്കാര്യത്തിൽ മനംനൊന്ത് നിരാഹാരം കിടക്കുന്ന രാഷ്ട്രീയ നേതാവിനെ അദ്ദേഹം പരാമർശിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ കാര്യം അവിടെ ഇരിക്കുന്നവർക്കെല്ലാം നന്നായി അറിയാവുന്നതാണ്. അത് സാധാരണ രീതിയിൽ ആയിരുന്നോ എന്നതും നമുക്ക് എല്ലാവർക്കും ഓർമ്മയുള്ളതാണ്. പണ്ട് എന്തായിരുന്നുവെന്നുള്ളത് സംബന്ധിച്ച് ഓർമ്മ പങ്കിടണമെങ്കിൽ പങ്കിടാം. ഇന്ത്യൻ നാഷണൽ കോൺഗ്രസിന് കണ്ണൂരിൽ സമാധാനം ലംഘിച്ചിട്ടില്ലെന്ന് അവകാശപ്പെടാൻ കഴിയാത്ത അവസ്ഥയാണ് കഴിഞ്ഞകാല പ്രവർത്തനത്തിലൂടെ അവിടെയുണ്ടായിട്ടുള്ളത്. അദ്ദേഹം ജില്ലാ കോൺഗ്രസ് പ്രസിഡന്റായി വന്നത് എങ്ങനെയാണെന്നുള്ളതെല്ലാം പരസ്യമായ കാര്യമാണ്. നിങ്ങളുടെയിടയിലുള്ള തർക്കത്തിന്റെ ഭാഗമായി സംഭവിച്ച കാര്യങ്ങളാണ്. അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അദ്ദേഹം ജില്ലാ കോൺഗ്രസ് പ്രസിഡന്റായതിനുശേഷം കണ്ണൂരിന്റെ സമാധാനാന്തരീക്ഷം തകർന്ന നിലയിലായിരുന്നു. അതിന്റെ ഭാഗമായാണ് ചൊവ്വ ബാങ്കിലെ ജീവനക്കാരനായ വിനോദ് രാവിലെ ചിട്ടിയുമായി ബന്ധപ്പെട്ട ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ ആ ബാങ്കിനുള്ളിൽ കയറി മാരകമായി വെട്ടി പരിക്കേൽപ്പിച്ചത്. രക്ഷപ്പെട്ടു എന്നുള്ളത് അത്ഭുതം എന്നുമാത്രമേ പറയാനുള്ളൂ. നമ്മുടെയെല്ലാം ഓർമ്മയിലുള്ളതാണ് സേവ്യറി ഹോട്ടൽ. അവിടെ അങ്ങും ഭക്ഷണം കഴിച്ചിട്ടുണ്ടാകും. ഞാനും അക്കാലത്ത് പലപ്പോഴും അവിടെ ഭക്ഷണം കഴിക്കാൻ പോയിട്ടുണ്ട്. ആ ഹോട്ടലിൽ ബോംബ് എറിഞ്ഞതിനെത്തുടർന്ന് അവിടെ ഭക്ഷണം വിളമ്പിക്കൊണ്ടിരുന്ന നാണുവിന്റെ ശരീരം ചിതറിപ്പോയി. അവിടെ ഭക്ഷണം കഴിച്ചുകൊണ്ടിരുന്നവർക്കെല്ലാം പരിക്കേറ്റു. ഇതൊക്കെ നമുക്കാർക്കും മറക്കാൻ കഴിയുന്ന കാര്യമല്ല. എത്രമാത്രം പ്രതിഷേധം ഉയർത്തിയ സംഭവം ആയിരുന്നു അത് എന്നുള്ളത് ഓർക്കേണ്ടതുണ്ട്. ഇന്നലെ ബഹുമാന്യനായ മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയെ ആക്രമിച്ച സംഭവം ഉണ്ടായി.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, മുൻമുഖ്യമന്ത്രിയെ പരിക്കേൽപ്പിച്ച സംഭവം......

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാന്യനായ കെ. സി. ജോസഫിന് അറിയാമല്ലോ; ആ സംഭവം നടന്ന സ്ഥലത്തിന് ഒരു പ്രത്യേകതയുണ്ട്. ഇദ്ദേഹം കോഫി ഹൗസിലേയ്ക്ക് കയറുന്ന സമയത്താണ് ഈ സംഭവം. ആ സ്ഥലത്തിന്റെ പ്രത്യേകത അവർക്കറിയാം. അങ്ങേയ്ക്ക് ചിലപ്പോൾ ആ സ്ഥലം പിടികിട്ടില്ല. അതിനുനേരെ പിന്നിലാണ് കോ-ഓപ്പറേറ്റീവ് പ്രസ്സ് സ്ഥിതി ചെയ്യുന്നത്. ആ പ്രസ്സിൽ കയറി നടത്തിയ ആക്രമണം ഓർമ്മയുണ്ടല്ലോ. അവിടെ നടത്തിയ ആക്രമണത്തിൽ ജീവനക്കാർക്ക് മാരകമായി പരിക്കേറ്റു. അന്ന് അവിടെയുണ്ടായിരുന്ന പ്രശാന്ത് എന്നയാൾ ഒരു കൈ പൂർണ്ണമായി തകർന്ന് വികലാംഗത്വം പേറി നടക്കുകയാണ്. ഇത്തരം ആക്രമണങ്ങൾ നടക്കുമ്പോൾ അവിടെ ശുഭ്രവസ്ത്രധാരിയും അതികായനുമായ ഒരു മനുഷ്യൻ ഒരു ഭാഗത്ത് ഒരു വെള്ള അംബാസിഡർ കാർ മാറ്റിയിട്ടുനിന്ന് ഇതൊക്കെ കണ്ട് ആസ്വദിച്ചിരുന്ന കാര്യം നമ്മൾ മറന്നു പോകരുത്. മട്ടന്നൂരിലെ പൊതുയോഗത്തിൽ ....(ബഹളം).....

<u>മി. സ്പീക്കർ</u>: പ്ലീസ്.....പ്ലീസ്.... ശ്രീ. സണ്ണി ജോസഫ് 15 മിനിട്ട് സംസാരിച്ചപ്പോൾ എല്ലാവരും നിശ്ശബ്ദരായിരുന്നല്ലോ.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇന്ത്യൻ നാഷണൽ കോൺഗ്രസ് കണ്ണൂരിലെ സമാധാനം ലംഘിക്കുന്നവരല്ലെന്ന് ബഹുമാന്യനായ സണ്ണി ജോസഫ് പറഞ്ഞതിനെയാണ് ഞാൻ പരാമർശിക്കുന്നത്. അദ്ദേഹത്തിന്റെ ഓർമ്മ പുതുക്കുകയാണ്. അദ്ദേഹത്തിന്റെ അടുത്തിരുന്നിട്ടും ഇവർക്ക് മനസ്സിലാകുന്നില്ല. അവിടെ ബഹളം വയ്ക്കുന്നവർക്ക് അറിയാത്ത കാര്യമാണെങ്കിൽ എന്താണെന്നുള്ളത് മനസ്സിലാകട്ടെ. മട്ടന്നൂരിൽ ഒരു പ്രചരണ ജാഥയുടെ യോഗത്തിൽ ജാഥയുടെ നായകനായ രാഷ്ട്രീയ നേതാവിന്റെ പ്രസംഗം കേട്ടപ്പോൾ ജനങ്ങളാകെ സ്തംഭിച്ചുപോയി. ഒരുത്തനെ വെടിവച്ചു കൊന്നിട്ട് വരുന്നതെന്നാണ് ആ യോഗത്തിൽ പ്രസംഗിച്ച രാഷ്ട്രീയ നേതാവ് പറഞ്ഞത്. അത് നാൽപ്പാടി വാസുവിനെ കൊലപ്പെടുത്തിയ സംഭവമാണ്. നാൽപ്പാടി വാസുവിനെ കൊലപ്പെടുത്താൻ ഉപയോഗിച്ചത് ശ്രീ. കെ. സുധാകരനോടൊപ്പമുണ്ടായിരുന്ന ഗൺമാന്റെ റിവോൾവറായിരുന്നു എന്നുള്ളത് എല്ലാവർക്കും അറിയാം. പോലീസുകാരന്റെ റിവോൾവറായിരുന്നു എങ്കിലും വെടിവച്ചത് പോലീസുകാരനല്ലെന്ന് അന്നേ നാട്ടുകാർ പറഞ്ഞിരുന്നു, അവിടെ കണ്ടവർ പറഞ്ഞിരുന്നു. അതിൽ ഓർക്കേണ്ട കാര്യം മട്ടന്നൂർ പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ സുധാകരൻ ഉൾപ്പെടെ 12 പ്രതികളാണ് ഉണ്ടായിരുന്നത് എന്നുള്ളതാണ്.

ഇവിടെ ഇടയ്ക്കിടയ്ക്ക് ജയരാജന്റെ പേര് വിളിച്ചുപറയുന്നത് കേൾക്കുന്നുണ്ട്. അത് സഖാവ് ഇ. പി. ജയരാജനെയാണെന്നാണ് തോന്നുന്നത്. ഇപ്പോൾ സഖാവ് ഇ. പി. ജയരാജൻ നമ്മോടൊപ്പം ജീവിച്ചിരിക്കുന്നുവെന്നത് ആശ്ചര്യകരമായ

കാര്യമാണല്ലോ. ചണ്ഡിഗഢിലെ പാർട്ടി കോൺഗ്രസ് കഴിഞ്ഞ് തിരിച്ചുവരുന്ന ശ്രീ. ഇ. പി. ജയരാജനെ കൊലപ്പെടുത്തുന്നതിന് തോക്കും കൊടുത്ത് ആളെ അയച്ചത് ആരായിരുന്നു? ഇതൊക്കെ ബഹുമാന്യരായ സണ്ണി ജോസഫിനും കെ. സി. ജോസഫിനുമൊക്കെ അറിയാത്ത കാര്യമല്ലല്ലോ. ആര് തോക്ക് വാങ്ങി കൊടുത്തയച്ചു; അതിനുവേണ്ടി ഉപയോഗിച്ചത് ആരെയായിരുന്നു? ബഹുമാന്യനായ ഒ. രാജഗോപാലിന്റെ സംഘടനയിൽപ്പെട്ട ആളുകളെയായിരുന്നു അതിനുവേണ്ടി ഉപയോഗിച്ചതെന്നുള്ളത് അറിയില്ലേ? അന്നത്തെ ആർ.എസ്.എസ്. പ്രവർത്തകരായ ചിലരെ വാടക കൊലയാളികളാക്കി തോക്ക് കൊടുത്ത് അയയ്ക്കുകയായിരുന്നില്ലേ? ട്രെയിനിനകത്തുവച്ച് വെടിവച്ച് കൊലപ്പെടുത്താൻ ശ്രമിച്ചിട്ടും അദ്ദേഹം ഭാഗ്യത്തിന് രക്ഷപ്പെട്ട് നമ്മോടൊപ്പം നിൽക്കുന്നുവെന്ന് മാത്രം. ആ സംഭവത്തിന്റെ നായകത്വം നിങ്ങൾ മറന്നുപോയോ?

നിങ്ങളോടൊപ്പമുണ്ടായിരുന്ന പുഷ്പരാജ് കണ്ണൂരിലെ അറിയപ്പെടുന്ന കോൺഗ്രസുകാരനായിരുന്നു. ആ പുഷ്പരാജിനെയാണ് വധിക്കാൻ കോൺഗ്രസിന്റെ നേതൃത്വത്തിൽ ശ്രമം നടന്നത്. ഇത്തരം കാര്യങ്ങൾ മറന്നുപോകാമോ? കണ്ണൂരിലെ സമാധാനം ലംഘിക്കുന്നവരല്ല കോൺഗ്രസുകാരെന്ന് പറയുമ്പോൾ, സമാധാനത്തിന്റെ അപ്പോസ്തലനായിട്ടാണല്ലോ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയെ എല്ലാവരും കാണുന്നത്. അദ്ദേഹത്തെ ആക്രമിക്കാൻ പുറപ്പെട്ടത് ഏത് രീതിയിലാണ്? ഇത്തരത്തിലുള്ള അക്രമസംഭവങ്ങൾ നടത്തിയിട്ടും അത്തരത്തിലുള്ളവരല്ല കോൺഗ്രസ് എന്ന് കണ്ണൂരിലെ കോൺഗ്രസിന്റെ പ്രധാനിയായ ശ്രീ. സണ്ണി ജോസഫ് പറഞ്ഞത് തീർത്തും വസ്തുതാവിരുദ്ധമായ കാര്യമാണെന്നാണ് എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്. ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം ഒരു കാര്യം വ്യക്തമാണ്, സംസ്ഥാനത്ത് ഏത് തരത്തിലുള്ള ദൗർഭാഗ്യകരമായ അക്രമസംഭവങ്ങളുണ്ടായാലും അത് നടത്തുന്നത് ആരാണെന്ന് നോക്കുന്ന പ്രശ്നമേയില്ല, അവർക്കെതിരെ കർക്കശമായ നടപടിയുണ്ടാകും. പോലീസ് നിഷ്പക്ഷമായും സ്വതന്ത്രമായും പ്രവർത്തിക്കും. അക്കാര്യത്തിൽ ആർക്കും ആശങ്കയുണ്ടാകേണ്ടതില്ല.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതനുസരിച്ചാണ് ശ്രീ. എ. കെ. ബാലൻ അവിടെ സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടിയത്. അവിടെ ചില നിർഭാഗ്യകരമായ സംഭവങ്ങളുണ്ടായതിനാൽ ഞങ്ങളുടെ ആളുകൾക്ക് അവിടെ വാക്കൗട്ട് നടത്തേണ്ടിവന്നു. സി.ബി.ഐ. അടക്കമുള്ള ഏത് ഏജൻസിയെക്കൊണ്ടും അന്വേഷിക്കാൻ തയ്യാറാണെന്ന് ശ്രീ. എ. കെ. ബാലൻ പരസ്യമായി പത്രസമ്മേളനത്തിൽ പറയുകയുണ്ടായി. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ പ്രതിനിധിയായി പോയ ശ്രീ. എ. കെ. ബാലൻ അവിടെ പ്രഖ്യാപിച്ച സി.ബി.ഐ. അന്വേഷണം നടത്താൻ സർക്കാർ തയ്യാറാണോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, അക്കാര്യം അങ്ങ് ഓർമ്മിപ്പിച്ചത് നന്നായി. സമാധാന സംഭാഷണത്തിന്റെ കാര്യമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചത്. ആ സംഭവമുണ്ടായപ്പോൾ അത് കൂടുതൽ പ്രശ്നങ്ങളിലേയ്ക്കും രാഷ്ട്രീയ സംഘർഷങ്ങളിലേയ്ക്കും പോകാതിരിക്കുന്നതിന് സമാധാന സംഭാഷണം നടത്തുന്നത് ഉചിതമല്ലേയെന്ന് ആലോചിച്ചതിന്റെ ഭാഗമായി ഞാൻ ആദ്യം വിളിച്ചത് ബഹുമാന്യനായ പ്രതിപക്ഷ നേതാവിനെയാണ്. ഞാൻ അദ്ദേഹത്തെ അതിരാവിലെ വിളിച്ചപ്പോൾ അദ്ദേഹത്തിന്റെ ഫോൺ ഓഫ് ആയിരുന്നു. തുടർന്ന് കെ.പി.സി.സി. പ്രസിഡന്റിനെ വിളിച്ചപ്പോൾ അദ്ദേഹത്തിന്റെ ഫോണും ഓഫ് ആയിരുന്നു. അതുകൊണ്ട് മറ്റേതെങ്കിലും മാർഗ്ഗത്തിൽ പ്രതിപക്ഷ നേതാവിനെ ഫോണിൽ കിട്ടാൻവേണ്ടി ചുമതലപ്പെടുത്തുകയും അല്പസമയം കഴിഞ്ഞപ്പോൾ പ്രതിപക്ഷ നേതാവിനെ കിട്ടുകയും ചെയ്തു. ഒരു സമാധാന സംഭാഷണം നടത്താൻ ആലോചിക്കുന്നുണ്ടെന്ന് അദ്ദേഹത്തോട് പറഞ്ഞപ്പോൾ മറ്റുള്ളവരുമായി ആലോചിച്ച് മറുപടി പറയാമെന്ന് പറയുകയും ചെയ്തു. സ്വാഭാവികമായും ഒരു രാഷ്ട്രീയ നേതാവിന് അങ്ങനെ പറയാനേ സാധിക്കുകയുള്ളൂ. എല്ലാവരുമായി ആലോചിക്കണം. എല്ലാവരുമായി ആലോചിച്ച് മറുപടി നൽകിയതാണല്ലോ എന്ന ധാരണയിൽ ഞാൻ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. എം. എം. ഹസ്സനെ വിളിച്ചില്ല. അങ്ങനെയൊരു സമാധാന സംഭാഷണം നടത്താൻ കഴിയാത്ത അവസ്ഥയുണ്ടായത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. യഥാർത്ഥത്തിൽ ജനപ്രതിനിധികൾ അവിടെയുണ്ടോ ഇല്ലയോ എന്നുള്ളതല്ല പ്രശ്നമെന്ന് നമുക്കെല്ലാവർക്കും അറിയാം. കോൺഗ്രസിനകത്തുള്ള എന്തോ തർക്കമാണ് അവിടെയുണ്ടായ പ്രശ്നം.

ശ്രീ. രമേശ് ചെന്നിത്തല: സർ, കോൺഗ്രസിനകത്ത് ഒരു പ്രശ്നവുമില്ല.

10.00 AM]

ശ്രീ. പിണറായി വിജയൻ: സർ, ഈ സംഭവം നടന്നപ്പോൾ അവിടത്തെ ഡി.സി.സി. പ്രസിഡന്റ് ഒരു ദിവസം നിരാഹാരം കിടന്നു. അദ്ദേഹം ഒരു ദിവസം നിരാഹാരം കിടന്നപ്പോൾ രണ്ട് ദിവസം ഞാൻ നിരാഹാരം കിടക്കാമെന്ന മട്ടിൽ ശ്രീ. കെ. സുധാകരൻ സമരം ആരംഭിച്ചു. രണ്ട് ദിവസമായപ്പോൾ പിന്നെ അത് ദീർഘിപ്പിക്കുന്ന നിലയിലായി. ഇതൊക്കെ എല്ലാവരും കാണുകയും മനസ്സിലാക്കുകയും ചെയ്യുന്ന കാര്യമാണ്. ആരാണെന്നില്ലാതെ എല്ലാ പ്രതികളെയും പിടികൂടാനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുമുള്ള നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിച്ചത്. അതിൽ എല്ലാ ഉത്തരവാദപ്പെട്ടവരും സഹകരിക്കുകയാണല്ലോ ആവശ്യം. പ്രതികളെ പിടിക്കുന്നില്ല, പ്രതികളായവരെയല്ല പിടിച്ചത്, യഥാർത്ഥ പ്രതികളെയല്ല പിടിച്ചത് എന്നുള്ള ചില പരാതികൾ ഉയർന്നുവന്നു. അങ്ങനെയുള്ള

പരാതിയുണ്ടെങ്കിൽ ഏത് അന്വേഷണവും നടത്താമെന്നാണ് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പറഞ്ഞതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെയൊരു പരാതിയുണ്ടെങ്കിൽ, നിങ്ങൾ ആ പരാതി ഉന്നയിച്ചാൽ ഏത് അന്വേഷണവുമാകാം. പോലീസ് പ്രതികളെ പിടികൂടിയപ്പോൾ ആ പ്രതികൾ യഥാർത്ഥ പ്രതികളല്ലെന്ന് ആദ്യം ഒരു പ്രതികരണമുണ്ടായിരുന്നു. പക്ഷേ, പിന്നീട് അത് യഥാർത്ഥ പ്രതികളാണെന്ന് പറഞ്ഞതായി കേൾക്കുന്നുണ്ട്. പ്രതികളല്ലെന്നുള്ള നിലപാടുണ്ടെങ്കിലാണല്ലോ മറ്റൊരു പ്രശ്നം വരുന്നത്. അന്വേഷണ ഏജൻസിയെ നിശ്ചയിക്കുന്ന കാര്യത്തിൽ സർക്കാരിന് ഒരു തരത്തിലുമുള്ള വൈമുഖ്യം ഉണ്ടായിട്ടില്ലെന്ന് പ്രതിപക്ഷ നേതാവിനും മറ്റെല്ലാവർക്കും അറിയാം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ മുഖ്യമന്ത്രിയെ വിളിച്ച് സംസാരിച്ചതിനുശേഷമാണ് ഷുഹൈബിന്റെ ബാപ്പയും ഉമ്മയും എഴുതിയ കത്ത് അങ്ങേയ്ക്ക് അയയ്ക്കുന്നത്. ബഹുമാന്യനായ സാംസ്കാരിക വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ പത്രസമ്മേളനത്തിൽ പറഞ്ഞതാണ് അങ്ങനെയൊരു കത്തയയ്ക്കാൻ കാരണം. സി.ബി.ഐ. അന്വേഷണം വേണമെന്നാണ് അദ്ദേഹത്തിന്റെ ഉപ്പയും ഉമ്മയും ആവശ്യപ്പെട്ടത്. അതിനകത്ത് ഗൂഢാലോചന ഉൾപ്പെടെയുള്ള കാര്യങ്ങളുണ്ട്. 120 (b) അനുസരിച്ചുള്ള നടപടികൾ മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. പര്യാപ്തമായ ഒരന്വേഷണമല്ല നടക്കുന്നതെന്ന വിശ്വാസം ആ കുടുംബത്തിനുണ്ട്. അന്വേഷണ ഏജൻസിയുടെ മറവിൽ അത് തകർക്കേണ്ട കാര്യമൊന്നുമില്ല. സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടപ്പോൾ പണ്ട് ഞങ്ങളും അത് കൊടുത്തിട്ടുണ്ട്. അതുകൊണ്ട് കേരള പോലീസിന് ഒരു ദോഷവുമുണ്ടാകില്ല. ശ്രീ. എ. കെ. ബാലൻ അവിടെ പരസ്യമായി പ്രഖ്യാപിച്ചതിനെ അങ്ങ് വളച്ചൊടിക്കരുത്. അങ്ങ് ചുമതലപ്പെടുത്തിയതനുസരിച്ച് അവിടെ വന്ന മന്ത്രി സി.ബി.ഐ. അടക്കമുള്ള ഏത് ഏജൻസി അന്വേഷിക്കുന്നതിനും ഞങ്ങൾക്ക് വിരോധമില്ലെന്ന് പറഞ്ഞതിനോട് അങ്ങും ഗവൺമെന്റും ഉറച്ച് നിൽക്കുന്നുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അന്വേഷണത്തെക്കുറിച്ച് പരാതിയുണ്ടോ എന്നുള്ളതാണ് പ്രശ്നം. അന്വേഷണം കൃത്യമായ രൂട്ടിലാണ് പോകുന്നത്. അതനുസരിച്ച് പ്രതികളെ കൃത്യമായി പിടികൂടിയിട്ടുണ്ട്. ഇനിയും ആരെങ്കിലുമുണ്ടെങ്കിൽ അവരെയും കണ്ടെത്തും. അക്കാര്യത്തിൽ ഒരാശങ്കയും ആവശ്യമില്ല. ഫലപ്രദമായ അന്വേഷണം നടത്തുന്ന ഒരു ഏജൻസിയായാണ് ഇപ്പോൾ കേരള പോലീസ് നിൽക്കുന്നത്. അക്കാര്യം പ്രതിപക്ഷ നേതാവിനും അറിയാവുന്നതാണ്. ഷുഹൈബിന്റെ കുടുംബത്തിന് ഇങ്ങനെയൊരു വികാരം വന്നിരിക്കുന്നു എന്നുള്ളതാണ് ഇവിടെയുണ്ടായ പ്രശ്നം. അത് സ്വാഭാവികമാണ്. ആദ്യഘട്ടത്തിൽ പ്രതികളെ പിടികൂടിയിരുന്നില്ല. ആ ഘട്ടത്തിൽ അവർക്ക് വികാരമുണ്ടാകും. ആ വികാരത്തെ സർക്കാർ മാനിക്കുന്നു. ഇപ്പോൾ പ്രതികളെയെല്ലാം പിടികൂടിക്കഴിഞ്ഞു. ഇക്കാര്യത്തിൽ ഇനിയും

എന്തൊക്കെ ചെയ്യേണ്ടതുണ്ടോ അതെല്ലാം ഫലപ്രദമായും കാര്യക്ഷമമായും കേരള പോലീസ് നിർവ്വഹിക്കുമെന്നാണ് എനിക്ക് അറിയിക്കാനുള്ളത്. സി.ബി.ഐ. അന്വേഷണം എന്നത് ഇപ്പോൾ ഉദിക്കുന്നില്ല. അതുകൊണ്ട് ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു പ്രശ്നവും ഇതിലടങ്ങിയിട്ടില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട സ്പീക്കർ, 'Here's the smell of the blood still. All the perfumes of Arabia will not sweeten this little hand' എന്ന് വില്യം ഷേക്സ്പിയറിന്റെ പ്രശസ്തമായ മാക്ബത്തിൽ ലേഡി മാക്ബത്തിന്റെ അതിപ്രശസ്തമായൊരു വാചകമുണ്ട്. അറേബ്യയിലെ എല്ലാ സുഗന്ധദ്രവ്യങ്ങളും ഉപയോഗിച്ച് കഴുകിയാലും മുഖ്യമന്ത്രീ, സി.പി.ഐ.(എം)-ന്റെ കയ്യിൽ പുരണ്ടിരിക്കുന്ന രക്തം മാറില്ലെന്നാണ് എനിക്ക് പറയാനുള്ളത്. സംസ്ഥാനം ഭരിക്കുന്ന സി.പി.ഐ.(എം)-ന്റെ കൈകളിൽ ചോര മണക്കുകയാണ്. മനുഷ്യന്റെ ചുടുചോര കണ്ടിട്ടും പാർട്ടിക്ക് തൃപ്തിയായില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗത്തിലുടനീളം നമുക്ക് കാണാൻ കഴിയുന്നത്. കടുവകൾ നരഭോജികളാകുമെന്ന് നമ്മൾ കേട്ടിട്ടുണ്ട്. മനുഷ്യ രക്തത്തിന്റെ രുചി പിടിച്ചാൽ കടുവകൾ മനുഷ്യരെ കൊന്നുതിന്നു കൊണ്ടേയിരിക്കും. സംസ്ഥാനം ഭരിക്കുന്ന സി.പി.ഐ.(എം)-ന് മനുഷ്യ രക്തത്തിന്റെ രുചി പിടിച്ചിരിക്കുന്നുവെന്നാണ് കാണാൻ കഴിയുന്നത്. ഈ സർക്കാർ അധികാരത്തിലേറിയശേഷം 23 രാഷ്ട്രീയ കൊലപാതകങ്ങളുണ്ടായി. സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുകയാണെന്ന് കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. കണ്ണൂർ ജില്ലയിൽ അക്രമങ്ങൾ കുറഞ്ഞു കൊണ്ടിരിക്കുകയാണെന്നും പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പി. ജയരാജനോട് നിർദ്ദേശിച്ചതുകൊണ്ടാകും അവിടെ സംഘട്ടനങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്നതെന്ന് എല്ലാവർക്കും അറിയാം. നമ്മുടെ സംസ്ഥാനത്ത് ആകെ 23 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. അതിൽ സി.പി.ഐ.(എം)- 4, ബി.ജെ.പി/ആർ.എസ്.എസ് -14, മുസ്ലീം ലീഗ്-3, കോൺഗ്രസ്-1. 2016-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഒരു പ്രസംഗം ഈ നിയമസഭയിൽ ഉണ്ടായിരുന്നു. ക്രൗര്യംകൊണ്ട് ഒന്നിനും പരിഹാരമാകുന്നില്ലെന്ന് പറഞ്ഞ് മുഖ്യമന്ത്രി നടത്തിയ പ്രസംഗത്തിനുശേഷം കേരളത്തിൽ നടന്നത് 13 രാഷ്ട്രീയ കൊലപാതകങ്ങളാണ്. അതിൽ 10 കേസിലെയും പ്രതികൾ സി.പി.ഐ.(എം) പ്രവർത്തകരാണ്. കൊലപാതകത്തെപ്പറ്റി അപലപിക്കുകയുണ്ടായെന്ന് ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. എന്നാണ് അപലപിച്ചത്? ഷുഹൈബിന്റെ

കൊലപാതകം നടന്ന് 6 ദിവസമായിട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രി മിണ്ടാതിരുന്നു. ഓഖി ദുരന്തമുണ്ടായി 6 ദിവസമായിട്ടും കടലോരങ്ങൾ സന്ദർശിക്കുകയുണ്ടായില്ല. മധു എന്ന ആദിവാസി യുവാവ് മരണപ്പെട്ടപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെ പോകാനുള്ളമനസ്സ് കാണിച്ചില്ല. തൃശ്ശൂർ മെഡിക്കൽ കോളേജിൽപോലും പോയില്ല. അത് അദ്ദേഹത്തിന്റെ കാര്യം, ഞാൻ അത് വിടുന്നു. പൊതുപ്രവർത്തകർക്കും സമൂഹത്തിനും വേണ്ടൊരു കാര്യമാണ് കംപാഷൻ. ഇവിടെ രാഷ്ട്രീയ കൊലപാതകങ്ങൾ കുറയുന്നുവെന്ന് പറഞ്ഞു, കുറയുകയാണോ? മുസ്ലീം ലീഗിന്റെ ഒരു പ്രവർത്തകനെ കൊലപ്പെടുത്തിയെന്ന വാർത്തയാണ് ഇന്നലെ രാവിലെ നമ്മളെ സ്വാഗതം ചെയ്തത്. സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങളും അക്രമങ്ങളും വർദ്ധിക്കുന്നു. ചോദിക്കാനും പറയാനും ആരുമില്ലാത്ത സ്ഥിതിയാണ്. ജനക്കൂട്ടം ആളുകളെ കൊല്ലുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ എത്തുകയാണ്, അത് വേറെ വിഷയമാണ്. അതിനെക്കുറിച്ച് ഞാൻ പിന്നീട് സംസാരിക്കാം. ഈ സർക്കാർ അധികാരമേറ്റശേഷം രാഷ്ട്രീയ കൊലപാതകങ്ങൾ വർദ്ധിക്കുകയാണ്. രാഷ്ട്രീയ കൊലപാതകങ്ങളുടെ വിളഭൂമിയായി കണ്ണൂർ മാറുകയാണ്. അതിമനോഹരമായ കണ്ണൂരിനെ കൊലപാതകത്തിലേയ്ക്കും അക്രമത്തിലേയ്ക്കും എത്തിക്കുന്നതാരാണ്? ബഹുമാന്യനായ അങ്ങ് കൊലപാതകങ്ങളെപ്പറ്റി പറഞ്ഞല്ലോ; അങ്ങ് മറന്നുപോകാതിരിക്കാൻ ചില കൊലപാതകങ്ങളുടെ കാര്യം ഓർമ്മിപ്പിക്കട്ടെ. ടി. പി. ചന്ദ്രശേഖരനെ 51 വെട്ടുകൾ വെട്ടി കൊലപ്പെടുത്തിയതും ഷുക്കൂറിനെ പരസ്യ വിചാരണ നടത്തി കൊന്നതും തലശ്ശേരിയിലെ ഫസലിനെ കാരായിമാർ വെട്ടിനുറുക്കി കൊന്നതും ശ്രീ. കെ. സുധാകരൻ ഡി.സി.സി. പ്രസിഡന്റായിരുന്നപ്പോഴാണോ? ഷുഹൈബിന് 41 വെട്ടുകളാണുണ്ടായിരുന്നത്. നാദാപുരത്തെ അസ്‌ലമിന്റെ ശരീരത്തിൽ 68 വെട്ടുകളാണുണ്ടായിരുന്നത്. ശ്രീ. കെ. സുധാകരൻ ഡി.സി.സി. പ്രസിഡന്റായിരുന്നപ്പോഴാണോ വാടിക്കൽ രാമകൃഷ്ണനെ കൊലപ്പെടുത്തിയത്? വാടിക്കൽ രാമകൃഷ്ണന്റെ കൊലപാതകം എങ്ങനെയുണ്ടായി? അക്രമങ്ങളെപ്പറ്റി ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. കല്യാണം ചന്ദ്രൻ, കാപ്പാട് വസുന്ധരൻ, മുഴപ്പിലങ്ങാട് ശ്രീകാന്ത്, ഇടയ്ക്കാട് ശ്രീനിവാസൻ, കൂടാളി അനീഷ്, നെട്ടൂർ ഗോവിന്ദൻ, വിളയ്ക്കൽ യോഹന്നാൻ, സജിത്ത് ലാൽ, ഓച്ചേരി ബാലകൃഷ്ണൻ, ആന്തൂർ ദാസൻ, ഇലക്കണ്ടി പ്രഭാകരൻ, ബെന്നി എബ്രഹാം, കാടാച്ചിറ ബാലൻ, കക്കറ പത്മനാഭൻ എന്നീ പാവപ്പെട്ട ആളുകളെ കൊന്നതാരാണ്? എങ്ങനെയാണ് കൊന്നത്? ഇനിയുമുണ്ട് ആൾക്കാർ. സമയമില്ലാത്തതുകൊണ്ട് എല്ലാവരുടെയും പേരുകൾ ഞാൻ വായിക്കുന്നില്ല. അവരെല്ലാം കോൺഗ്രസ്സുകാരായിരുന്നു. അവരെയെല്ലാം നിഷ്ഠൂരമായി വധിച്ചത് സി.പി.ഐ.(എം)-ന്റെ ആളുകൾ തന്നെയായിരുന്നു. ബഹുമാന്യനായ മുഖ്യമന്ത്രിക്ക് അറിയാവുന്ന പേരുകളാണ് ഇതെല്ലാം. എല്ലാവരും കോൺഗ്രസ്സുകാരാണ്. അങ്ങ് രണ്ടുമൂന്ന് കാര്യങ്ങൾ പറഞ്ഞല്ലോ, അവരെ കൊന്നതാരാണ്; അവരുടെ കുടുംബങ്ങളെ അനാഥമാക്കിയതാരാണ്?

ബഹുമാന്യനായ മുഖ്യമന്ത്രി നിരാഹാരത്തെ പുച്ഛിക്കും. കാരണം നിരാഹാരത്തോട് അദ്ദേഹത്തിനും അദ്ദേഹത്തിന്റെ പാർട്ടിക്കും എതിർപ്പുണ്ട്. അവരൊക്കെ നല്ല ആഹാരം കഴിച്ച് ജീവിക്കുന്നവരായതുകൊണ്ട് നിരാഹാരം കിടക്കുന്നവരോട് പുച്ഛമാണ്. ഒരു നിരാഹാര സത്യാഗ്രഹിയെക്കുറിച്ച് പുച്ഛത്തോടെ സംസാരിച്ചതിനെ ഞാൻ ശക്തമായി അപലപിക്കുകയാണ്. അത് ശരിയായില്ല. നിരാഹാരം കിടക്കുന്നയാളെ ആരും പുച്ഛത്തോടെ കാണുകയില്ല. ഒരു കാരണവുമില്ലാതെയാണ് കൊലപാതകം ഉണ്ടായിരിക്കുന്നത്. മട്ടന്നൂരിലെ യൂത്ത് കോൺഗ്രസ്സ് പ്രവർത്തകനായിരുന്ന ഷുഹൈബ് എന്ന ഓമനത്വമുള്ള ചെറുപ്പക്കാരനെ വെട്ടിക്കൊലപ്പെടുത്താൻ കാരണമെന്താണ്? എന്തെങ്കിലും സംഘട്ടനമോ വലിയ പ്രശ്നങ്ങളോ തമ്മിലടിയോ അക്രമങ്ങളോ ഉണ്ടായിട്ടുണ്ടെങ്കിൽ കാരണം മനസ്സിലാകും. Self defence-നുവേണ്ടിയാണെങ്കിൽ അംഗീകരിക്കാമെന്നാണ് ശ്രീ. സീതാറാം യെച്ചൂരി പറഞ്ഞത്. സ്വയരക്ഷാവാദം ഇവിടെ ഉണ്ടോ? ഷുഹൈബ് എന്ന ഓമനത്വമുള്ള ഒരു ചെറിയ കുട്ടിയെ എന്തിനാണ് കൊന്നത്? മൂന്ന് സഹോദരിമാരുടെ ഏക സഹോദരനായ, നാട്ടുകാരുടെ കണ്ണിലുണ്ണിയായ ഷുഹൈബിനെ കൊല്ലാനുള്ള കാരണമെന്താണ്? സെൽഫ് ഡിഫൻസാണെങ്കിൽ അതുണ്ടാകാനുള്ളസാഹചര്യം ഇവിടെ ഉണ്ടോ? ഇടയന്നൂർ ഹയർ സെക്കണ്ടറി സ്കൂളിൽ എസ്.എഫ്.ഐ./കെ.എസ്.യു. പ്രവർത്തകർ തമ്മിൽ കൊടിയുമായി ബന്ധപ്പെട്ട ചെറിയൊരു തർക്കമായിരുന്നു. ഈ ചെറുപ്പക്കാരനെ കൊല്ലേണ്ട എന്ത് സാഹചര്യമാണവിടെ ഉണ്ടായത്? മൃഗങ്ങൾക്കുപോലും ചെയ്യാൻ കഴിയുന്ന കാര്യമല്ല ഇത്. ആ കൊലപാതകത്തെപ്പറ്റി ശ്രീ. സണ്ണി ജോസഫ് പറഞ്ഞു, ഒരു മഴുകൊണ്ട് വൃക്ഷത്തിന്റെ ശിഖരങ്ങൾ വെട്ടി മാറ്റുന്നതുപോലെ ആ ചെറുപ്പക്കാരന്റെ കാലുകൾ വെട്ടിമാറ്റിയ അതിദാരുണമായ സംഭവമാണ് അവിടെ ഉണ്ടായത്. ആ കേസിൽ പോലീസ് കസ്റ്റഡിയിലുള്ള പ്രതി ആകാശ് തില്ലങ്കേരി ആരാണ്? അയാളുമായുള്ള ബന്ധം എന്താണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി എല്ലാവർക്കും സെൽഫിക്കുവേണ്ടി നിന്നുകൊടുക്കുന്ന ആളല്ല. അടുത്ത് നിൽക്കുന്ന കുട്ടികളെങ്ങാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കയ്യിൽ തട്ടിയാൽ അദ്ദേഹം ആ കുട്ടികളെ ശാസിക്കും. ആകാശ് തില്ലങ്കേരിയുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രീ. പി. ജയരാജന്റെയും സെൽഫിയുണ്ട്. നമുക്ക് ഭരണമുണ്ട് അതുകൊണ്ട് കൊല നടത്തിയാലും പാർട്ടി രക്ഷിക്കുമെന്നാണ് അദ്ദേഹം മൊഴിയിൽ പറഞ്ഞത്. ഡമ്മി പ്രതികളെയിറക്കി പാർട്ടി സംരക്ഷിക്കുമെന്നാണ് മൊഴി. ഇത് ഞാൻ പറഞ്ഞതല്ല, ആകാശ് തില്ലങ്കേരി പോലീസിന് കൊടുത്ത മൊഴിയാണ്. സംസ്ഥാന ഭരണം ഉപയോഗിച്ച് പാർട്ടി കൊലപാതകങ്ങൾ നടത്തി ആ കൊലപാതകികളെ രക്ഷിക്കുന്ന നടപടിയാണ് നടന്നുകൊണ്ടിരിക്കുന്നത്. തല്ലിയാൽ പോരാ വെട്ടുകതന്നെ ചെയ്യണമെന്ന് നേതാക്കൾ ആവശ്യപ്പെട്ടുവെന്നാണ് മൊഴി. കൊല്ലാൻ ആളിനെ വിടുന്നൊരു പാർട്ടി എങ്ങനെ ജനകീയ പാർട്ടിയാകും? ഞാൻ അവിടെ പോയിരുന്നു. താൽക്കാലികമായി

ഉണ്ടാക്കിയ ചായക്കടയാണ്. ആ ചായക്കടയിലെ ബഞ്ചിലാണ് ഷുഹൈബ് ഇരുന്നിരുന്നത്. ആദ്യം വന്ന് രണ്ട് ബോംബ് എറിഞ്ഞു. പിന്നീട് ആ ചെറുപ്പക്കാരനെ താഴെയിട്ട് വെട്ടുന്നു. ഒരാൾ ബോംബെറിഞ്ഞ് ഭീകരാന്തരീക്ഷമുണ്ടാക്കി ആളുകളെ കൊല്ലാൻ ശ്രമിക്കുകയാണെങ്കിൽ UAPA സെക്ഷൻ 15 അനുസരിച്ചാണ് കേസ് എടുക്കേണ്ടത്. എന്തുകൊണ്ടാണ് The Unlawful Activities (Prevention) Amendment Act-ന്റെ Section (15) അനുസരിച്ച് കേസ്സെടുക്കാത്തത്? ബഹുമാന്യനായ മുഖ്യമന്ത്രി അങ്ങ് അത് പറയുമെന്ന് കരുതി, പക്ഷേ പറഞ്ഞില്ല.

ടി. പി. ചന്ദ്രശേഖരൻ കേസ്സിലെ പ്രതികൾ ഇതേസമയത്താണ് പുറത്തിറങ്ങിയിരിക്കുന്നത്. അതുസംബന്ധിച്ച മുഴുവൻ രേഖകളും എന്റെ കൈവശമുണ്ട്. ടി. പി. ചന്ദ്രശേഖരനെ വധിച്ച അതേ പ്രൊഫഷണൽ രീതിയിലാണ് ഷുഹൈബിനെയും വധിച്ചത്. ഈ സമയത്ത് പുറത്തിറങ്ങിയ പ്രതികൾക്ക് ഈ കൊലപാതകവുമായി ബന്ധമുണ്ടെന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റപ്പെടുത്താൻ സാധിക്കുമോ? ടി. പി. ചന്ദ്രശേഖരനെ കൊന്ന അതേ രീതിയിലുള്ള കൊലപാതകമാണ് ഇവിടെ നടന്നത്. അതിനെപ്പറ്റി പോലീസ് അന്വേഷണം നടത്തുന്നില്ലെന്ന് മാത്രമല്ല, ഒരക്ഷരം പോലും സംസാരിച്ചിട്ടില്ല. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ പ്രസംഗം നിയമസഭ കേട്ടതാണ്. അനുയായികൾ നിരന്തരം കൊലപാതകം നടത്തുമ്പോൾ ബഹുമാന്യനായ മുഖ്യമന്ത്രിക്ക് ഇത്ര മനോഹരമായി എങ്ങനെ സംസാരിക്കാൻ സാധിക്കുന്നുവെന്ന് ഞാൻ അത്ഭുതപ്പെടുകയാണ്. ഇടതുമുന്നണിയുടെ കാലഘട്ടമായ ഇന്ന് കൊലയാളികൾക്ക് സുവർണ്ണകാലമാണ്. ഒരു കൊല നടത്തിയാൽ അവരെ പാർട്ടി സംരക്ഷിക്കും. ഇവിടെ ആ കൊലയാളി സംഘങ്ങൾക്കുവേണ്ടി കോടികൾ പിരിക്കുന്നു, സഹകരണ ബാങ്കിൽ ജോലി കൊടുക്കുന്നു. പാർട്ടി യോഗങ്ങളിൽപ്പോലും അവരെ പങ്കെടുപ്പിക്കാൻ യാതൊരു മടിയുമില്ല. ജയിലുകളിൽ പോയാലുള്ള സ്ഥിതിയെന്താണ്? ഇത്തരം കൊലയാളികൾക്ക് കണ്ണൂർ ജയിലിൽ ഫൈവ് സ്റ്റാർ സൗകര്യങ്ങളൊരുക്കി സുഖചികിത്സ നൽകുകയാണ്. അതിനെപ്പറ്റി പുറത്തുപറയുന്ന ജയിൽ ഉദ്യോഗസ്ഥന്മാരെ ട്രാൻസ്ഫർ ചെയ്യുന്നതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഉത്തരേന്ത്യയിൽ സംഘപരിവാറും ആർ.എസ്.എസ്.-ഉം ചെയ്യുന്നത് ഇതുതന്നെയാണ്. ജാദ്രിയിൽ പശു ഇറച്ചി ഫ്രിഡ്ജിൽ സൂക്ഷിച്ചെന്നുപറഞ്ഞ് തല്ലിക്കൊന്ന അഖ്ലാക്കിന്റെ കൊലയാളികൾക്ക് അവിടത്തെ ബി.ജെ.പി. സർക്കാർ എൻ.ടി.പി.സി.-യിൽ ജോലി നൽകി. ഇവിടെ അതിനുപകരം സഹകരണ സംഘങ്ങളിൽ ജോലി നൽകുകയാണ്. ചുവപ്പ് ഭീകരതയും കാവി ഭീകരതയും നമ്മുടെ സംസ്ഥാനത്തെ അപകടത്തിലാക്കുകയാണ്. ഇവർ പിടിക്കുന്ന കൊടിക്ക് മാത്രമേ വ്യത്യാസമുള്ളൂ. കൊലപാതകത്തിന്റെ കാര്യത്തിൽ ആർ.എസ്. എസ്.-നും സി.പി.ഐ.(എം)-നും ഒരേ മനോഭാവമാണ്, ഒരേ രീതിയിലാണ് കൊലപാതകങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഷുഹൈബിന്റെ കൊലപാതകത്തെക്കുറിച്ചുള്ള അന്വേഷണത്തിൽ ഞങ്ങൾക്ക് സംശയമുണ്ട്. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ്

മുഴക്കുന്നം പോലീസ് സ്റ്റേഷൻ ആരംഭിച്ചത്. അന്ന് എനിക്ക് അവിടെ പോകാൻ സാധിക്കാത്തതിനാൽ ശ്രീ. കെ. സി. ജോസഫാണ് അത് ഉദ്ഘാടനം ചെയ്തത്. പ്രതിയെ പിടിക്കാൻ മുന്നോട്ടുവന്ന ആ മുഴക്കുന്നം സ്റ്റേഷനിലെ എസ്.ഐ. എന്തിനാണ് അവധിയിൽ പോയത്? അന്വേഷണ സംഘത്തിൽനിന്നും വിവരങ്ങൾ ചോരുന്നുവെന്ന് കണ്ണൂർ എസ്.പി. ഡി.ജി.പി.-യോടും ഐ.ജി.-യോടും പരാതി പറയുന്നു. എസ്.പി.-ക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്നില്ല, എസ്.ഐ.-യ്ക്ക് പ്രവർത്തിക്കാൻ കഴിയുന്നില്ല. എന്നിട്ടും മുഖ്യമന്ത്രി പറയുന്നത് 'ഞങ്ങൾ മുഖം നോക്കാതെ നടപടി സ്വീകരിക്കും' എന്നാണ്. പോലീസിൽ കീഴടങ്ങിയ പ്രതികൾ യഥാർത്ഥ പ്രതികളല്ലെന്ന് പറഞ്ഞത് ആരാണ്? ഞാനല്ല, സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണനാണ് അത് പറഞ്ഞത്. യഥാർത്ഥ പ്രതികളാണെന്ന് ശ്രീ. രാജേഷ് ദിവാൻ, എ.ഡി.ജി.പി. (നോർത്ത്) പറയുന്നു. ഞങ്ങൾ ആര് പറയുന്നതാണ് വിശ്വസിക്കേണ്ടത്?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഷുഹൈബ് കൊലപാതകവുമായി ബന്ധപ്പെട്ട് അഞ്ച് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അതിൽ ആദ്യത്തെ പ്രതി ആകാശ് തില്ലങ്കേരിയാണ്. ദൃക്സാക്ഷി എന്നുപറയുന്ന നൗഷാദ് പറയുന്നത്, ....(ബഹളം).... ഇത് കേൾക്കാൻ ശ്രീ. സണ്ണി ജോസഫിന് ലേശം ബുദ്ധിമുട്ടുണ്ടാകുമെന്ന് എനിക്കറിയാം. 'അദ്ദേഹം പ്രതിയല്ല, അദ്ദേഹമല്ല കൊലപ്പെടുത്തിയത്. അദ്ദേഹത്തിന്റെ ശരീരഭാഷ ഞാൻ കണ്ട പ്രതിക്ക് സമാനമല്ല' എന്ന് ആരാണ് പറഞ്ഞത്? പ്രതികളെ രക്ഷപ്പെടുത്താൻ ആരാണ് ശ്രമം നടത്തിയത്? ആ പ്രതിയെ സംബന്ധിച്ച ഐഡന്റിഫിക്കേഷൻ നടന്നതിനുശേഷം ഇതാണ് പ്രതിയെന്ന് രണ്ടാമത് നിങ്ങൾ പറഞ്ഞു. പിടിക്കപ്പെട്ട അഞ്ച് പ്രതികളെ സംബന്ധിച്ച് അവർ പ്രതികളല്ല, ഈ കേസുമായി ബന്ധപ്പെട്ടവരല്ല എന്നുപറയാനുള്ള തന്റേടവും ആർജ്ജവവും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ സഭയിൽ കാണിക്കുമോ? പിടിച്ച പ്രതികൾ തന്നെയാണ് യഥാർത്ഥ പ്രതികൾ എന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് പറയാൻ സാധിക്കുമോ? നിങ്ങളിൽ ആര് പറയുന്നതാണ് ഞങ്ങൾ വിശ്വസിക്കേണ്ടത്? ......(ബഹളം)..... ഇപ്പോൾ നിരാഹാര സമരം നടത്തുന്ന ശ്രീ. കെ. സുധാകരനാണ് പറഞ്ഞത് അത് ഡമ്മിയാണ്, യഥാർത്ഥ പ്രതികളല്ല എന്ന്. ഇപ്പോൾ നിങ്ങൾ തിരിച്ചുപറഞ്ഞു. ആര് പറയുന്നതാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വിശ്വസിക്കുന്നത്? ഇവിടെ കുറെ കൊലപാതകങ്ങളുടെ കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞല്ലോ? ....(ബഹളം)............ഒറ്റ ചോദ്യമേയുള്ളൂ, ആ നിരയിൽ തൃശ്ശൂരിലെ മധുവിന്റെയും ലാലിന്റെയും പേര് വിട്ടുപോയത് എന്തുകൊണ്ടാണെന്ന് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് സൂചിപ്പിക്കുക. ആ പേരുകൾകൂടി പറയേണ്ടതല്ലേ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, പ്രതിയെ തീരുമാനിക്കേണ്ടത് ഏതായാലും ഞാനല്ല. നിയമം നിയമത്തിന്റെ വഴിക്ക് പോകട്ടെ. ഈ സംസ്ഥാനത്ത് പ്രതികളെ തീരുമാനിക്കുകയും ഡമ്മി പ്രതികളെ കൊടുക്കുകയും ചെയ്യുന്ന പാരമ്പര്യം ആ പാർട്ടിക്കുള്ളതുകൊണ്ടാണ് ശ്രീ. എ. കെ. ബാലൻ ആ ചോദ്യം തന്നെ ചോദിച്ചത്. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ഒരാളും കൂടിയാണ്. അതിനെക്കുറിച്ചൊക്കെ എനിക്ക് നല്ല ധാരണയുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രിയുൾപ്പെടെ നമ്മളാരും പ്രതികളെ തീരുമാനിക്കേണ്ട. അത് പോലീസ് തീരുമാനിക്കും. പക്ഷേ നിങ്ങൾ പോലീസിനെ നിഷ്പക്ഷമായി പ്രവർത്തിക്കാൻ അനുവദിക്കുന്നില്ലെന്നതാണ് ഇവിടത്തെ പ്രശ്നം. അവർ പ്രതികളാണോ അല്ലയോ എന്ന് തീരുമാനിക്കേണ്ടത് പോലീസാണ്. പോലീസിൽ കീഴടങ്ങിയത് യഥാർത്ഥ പ്രതികളല്ലെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണനാണ് പറഞ്ഞത്. അങ്ങ് അദ്ദേഹത്തോട് ചോദിക്കൂ. പ്രതികൾ ആരാണെന്ന് തീരുമാനിക്കുന്നത് പോലീസാണ്, അന്വേഷണ സംഘമാണ്. സംസ്ഥാനം ഭരിക്കുന്ന പാർട്ടിയുടെ സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറയുകയാണ് കീഴടങ്ങിയ പ്രതികൾ യഥാർത്ഥ പ്രതികളല്ല, സമ്മർദ്ദം കൊണ്ടാണ് അവർ കുറ്റം സമ്മതിച്ചത് എന്ന്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ അങ്ങനെ പറഞ്ഞിട്ടില്ല. നിങ്ങൾ തെറ്റായ കാര്യങ്ങൾ പറയരുത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: അദ്ദേഹം പറഞ്ഞു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, അദ്ദേഹം അങ്ങനെ പറഞ്ഞത് കേരളത്തിലെ ദൃശ്യമാധ്യമങ്ങളിൽ വന്നു. മനോരമ ചാനലിൽ ഞാനും ശ്രീ. കോടിയേരി ബാലകൃഷ്ണനും പങ്കെടുത്ത ഒരു ഡിബേറ്റിൽ എ.ഡി.ജി.പി.-യും കോടിയേരിയും പറഞ്ഞ രണ്ട് വ്യത്യസ്ത സ്റ്റേറ്റ്മെന്റുകൾ കേരളത്തിലെ ജനങ്ങൾക്ക് കാണിച്ചുകൊടുത്തു. അങ്ങനെ പറഞ്ഞിട്ടില്ലെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പിന്നീട് പറഞ്ഞിട്ടില്ല. കോടിയേരി പറഞ്ഞതാണ് ശരിയെന്നും ഞങ്ങൾക്ക് പാർട്ടി അന്വേഷണം സ്വീകാര്യമാണെന്നും പ്രതിയുടെ അച്ഛൻ പറയുകയാണ്. പോലീസ് പറയുന്ന അറസ്റ്റുചെയ്തു എന്ന്, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറയുന്ന അവർ കീഴടങ്ങിക്കൊടുത്തുവെന്ന്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാന്യനായ നിയമ വകുപ്പുമന്ത്രി അങ്ങനെയൊന്നും പറയാൻ പാടില്ല. കേസന്വേഷണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കേസന്വേഷണം പുരോഗമിക്കുമ്പോൾ നിയമ വകുപ്പുമന്ത്രി ഇത്തരത്തിൽ അഭിപ്രായം പറയരുത്, അത് തെറ്റാണ്. അങ്ങ് പരിചയമുള്ള ആളാണ്. ദയവായി ശ്രീ. എ. കെ. ബാലൻ അത് ആവർത്തിക്കരുത്. ശ്രീ. കെ. സുധാകരനല്ല, ശ്രീ. കോടിയേരി ബാലകൃഷ്ണനാണ് അത് പറഞ്ഞത്. സി.പി.ഐ.(എം) കണ്ണൂർ ജില്ലാ സെക്രട്ടറി

ശ്രീ. പി. ജയരാജൻ ഈ കൊലപാതകം നടന്ന സമയത്ത് പറഞ്ഞു, 'ഞങ്ങൾക്ക് ഈ കൊലപാതകവുമായി ഒരു ബന്ധവുമില്ല' എന്ന്. ആദ്യത്തെ സ്റ്റേറ്റ്മെന്റാണ്. ഷുഹൈബിനെ കൊന്നവർക്ക് സി.പി.ഐ.(എം)-ഉം ആയി ഒരു ബന്ധവുമില്ല. എന്നാൽ സി.പി.ഐ.(എം)-ന്റെ പ്രാദേശിക നേതാക്കളാണ് ഇതിലെ പ്രതികളെന്നുള്ളത് ഇപ്പോൾ പോലീസ് സമ്മതിക്കുന്നില്ലേ? നിങ്ങൾ ഓരോ കൊലപാതകങ്ങൾ ഉണ്ടാകുമ്പോഴും പറയും ഞങ്ങളല്ല, ഞങ്ങൾക്ക് ബന്ധമില്ല എന്ന്. എന്നിട്ട് പിടിയിലാകുമ്പോൾ പറയും ഞങ്ങളുടെ ആളുകളാണെന്ന്. അവരെ ജാമ്യത്തിലിറക്കാൻ നിങ്ങൾതന്നെ നടക്കും. കേരളത്തിൽ നടക്കുന്ന എല്ലാ കൊലപാതകങ്ങളുടെയും ഒരുവശത്ത് സി.പി.ഐ.(എം) ആണെന്ന കാര്യം ബഹുമാന്യനായ മുഖ്യമന്ത്രി മറക്കരുത്.

സംസ്ഥാനത്ത് നടക്കുന്ന ഇത്തരം സംഭവങ്ങളെ നിരുത്സാഹപ്പെടുത്തുന്നതിനു പകരം മുഖ്യമന്ത്രിയുടെ പ്രസംഗം ഇത്തരമാളുകൾക്കുള്ള പ്രോത്സാഹനമാകുന്നത് ദൗർഭാഗ്യകരമാണ്. അങ്ങയുടെ പ്രസംഗത്തിന്റെ ആദ്യഭാഗം നന്നായി, രണ്ടാമത്തെ ഭാഗം കാടുകയറിപ്പോയി. അങ്ങ് ഒരിക്കലും അങ്ങനെ സംസാരിക്കാൻ പാടില്ല. ഈ സംസ്ഥാനത്തെ മുഖ്യമന്ത്രിയാണ് അങ്ങ്. ആളുകളെ കൊല്ലുന്ന നടപടികളെ ഒരിക്കലും ന്യായീകരിക്കാൻ പാടില്ല. അതിനെ ശക്തമായി നിയന്ത്രിക്കേണ്ട ഉത്തരവാദിത്വമുള്ള ആളാണ് മുഖ്യമന്ത്രി. ഈ കേസിന്റെ സ്ഥിതിയെന്താണ്? ഇതുവരെ ആയുധങ്ങൾ കണ്ടെത്തിയോ? എവിഡൻസ് ആക്ടനുസരിച്ച് ആയുധങ്ങൾ കണ്ടെത്തിയെങ്കിൽ മാത്രമേ പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിയുകയുള്ളൂ. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. എത്ര ദിവസത്തിനുശേഷമാണ് കാർ കണ്ടെത്തിയത്; എത്ര ദിവസത്തിനുശേഷമാണ് പ്രതികളെ പിടികൂടിയത്; എന്തുകൊണ്ടാണ് അവിടെ വാഹന പരിശോധന നടത്താത്തത്? പോലീസിന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച ഉണ്ടായിരിക്കുന്നു. ആ സ്പോട്ടിൽ ചെയ്യേണ്ട കാര്യങ്ങൾ ചെയ്തിട്ടില്ല. ജില്ലാ പോലീസ് സൂപ്രണ്ട് പരാതി പറഞ്ഞതും ലീവിൽ പോയതും എന്തുകൊണ്ടാണ്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ജില്ലാ പോലീസ് സൂപ്രണ്ടിന്റെ പിതാവിനെ അസുഖം കാരണം കോയമ്പത്തൂരിൽനിന്നും ചെന്നൈയിലേക്ക് കൊണ്ടുപോയപ്പോൾ അദ്ദേഹവും അങ്ങോട്ട് പോയി. അത്യാസന്ന നിലയിലായാൽ ആരായാലും പോകുമല്ലോ; അതാണ് സംഭവിച്ചത്. വേറൊന്നും ഉണ്ടെന്ന് തെറ്റിദ്ധരിക്കേണ്ടതില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ അങ്ങയോട് ഒരു കാര്യം ചോദിച്ചോട്ടെ. ജില്ലാ പോലീസ് സൂപ്രണ്ട് ഒരു പരാതി ഡി.ജി.പി.-ക്ക് നൽകിയിരുന്നു. ഈ അന്വേഷണ സംഘത്തിന്റെ വിവരങ്ങൾ ചോരുന്നുവെന്നുള്ളപരാതി.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, മനസ്സിലാക്കിയിടത്തോളം അത് വസ്തുതയല്ല. അങ്ങനെയൊരു വാർത്തയുണ്ടായിരുന്നു. അങ്ങനെയൊരു പരാതി ലഭിച്ചിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കിയ വിവരങ്ങൾവച്ച് പറയുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, പ്രൊഫഷണൽ അല്ലാത്തതുകൊണ്ടാണ് വിവരങ്ങൾ ചോരുന്നത് എന്ന ഡി.ജി.പി.-യുടെ പ്രസ്താവനയുണ്ടായിരുന്നു. അങ്ങ് ശ്രീ. ലോക്നാഥ് ബെഹ്റയെ വിളിച്ചുചോദിച്ചാൽ മനസ്സിലാകും. ഞാൻ പറഞ്ഞു വന്നത്, ഈ സംസ്ഥാനത്ത് ഞെട്ടിപ്പിക്കുന്ന ഒരു കൊലപാതകമുണ്ടായിട്ട് അതിന് ഉത്തരവാദികളായവരെയും ഗൂഢാലോചന നടത്തിയവരെയും നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ മടിക്കുന്നത് എന്തിനാണ്? ഷുഹൈബിന്റെ മാതാവും പിതാവും പറയുന്നത് 'ഞങ്ങൾക്ക് ഈ കേസന്വേഷണത്തിൽ വിശ്വാസമില്ല, സി.ബി.ഐ. അന്വേഷിക്കണം' എന്നാണ്. സി.ബി.ഐ. അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടാണ് അവർ മുന്നോട്ടുവന്നത്. ഞങ്ങളും ആ ആവശ്യത്തിൽ ഉറച്ചുനിൽക്കുന്നു. ഈ കേസിൽ വെള്ളം ചേർക്കാനുള്ള നടപടികളുമായാണ് മാർക്സിസ്റ്റ് പാർട്ടി മുന്നോട്ടുപോകുന്നത്.

ശ്രീ. പിണറായി വിജയൻ: സർ, UAPA-യെക്കുറിച്ച് അങ്ങ് പറഞ്ഞല്ലോ; UAPA ചുമത്താത്തത് എന്തുകൊണ്ടാണ്? നേരത്തേ അങ്ങ് തന്നെ രണ്ട് കേസുകളിൽ അത് ചുമത്തിയിരുന്നു. അവസാനം ആ രണ്ട് കേസുകളിൽനിന്നും അത് പിൻവലിക്കേണ്ടി വന്നു. രണ്ടും സി.പി.ഐ.(എം) പ്രവർത്തകർ കൊലചെയ്യപ്പെട്ട കേസുകളായിരുന്നു. കേസ് ദുർബലപ്പെടാനിടയാകുമെന്ന് വന്നപ്പോഴാണ് അത് പിൻവലിക്കേണ്ടി വന്നത്. സാഹചര്യമുണ്ടെങ്കിൽ മാത്രമേ UAPA ചുമത്താൻ കഴിയുകയുള്ളൂവെന്നാണ് അത് വ്യക്തമാക്കുന്നത്. അല്ലെങ്കിൽ കേസ് ദുർബലമായിപ്പോകും. അതുകൊണ്ടാണ് ഈ ഘട്ടത്തിൽ അത്തരമൊരു കാര്യം ഉണ്ടാകാതിരുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, Every case is not similar. Every case has its own circumstances. ഓരോ കേസ്സിനും ഓരോ രീതിയാണ്. അങ്ങ് പറഞ്ഞത് ശരിയാകാം. പക്ഷേ ആർ.എസ്.എസ്.-കാരനായ മനോജ് കൊലചെയ്യപ്പെട്ടപ്പോഴും രണ്ട് പേർക്കെതിരെ ഞാൻ മന്ത്രിയായിരുന്ന കാലത്ത് UAPA ചുമത്തി. പക്ഷേ ഇവിടത്തെ സംഭവം അതല്ല.

ശ്രീ. പിണറായി വിജയൻ: സർ, 2015-ൽ ഓണിയൻ പ്രേമൻ കൊലചെയ്യപ്പെട്ടപ്പോഴും കൊളവല്ലൂരിലെ സി.പി.ഐ.(എം) പ്രവർത്തകനായ വിനോദ് കൊല്ലപ്പെട്ടപ്പോഴും UAPA ചുമത്തിയിരുന്നു. പിന്നീട് അത് ഒഴിവാക്കേണ്ടിവന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശരിയാണ്. ആർ.എസ്.എസ്.-കാരാണ് കൊലയാളികൾ. അവരുടെ പേരിൽ UAPA ചുമത്തിയിട്ടുണ്ട്. യു.എ.പി.എ. ആക്ടിന്റെ സെക്ഷൻ (15)-ൽ വളരെ വ്യക്തമായി പറയുന്നുണ്ട്; ഒരു സ്ഥലത്ത് ബോംബെറിഞ്ഞ് ഭീകരാവസ്ഥ സൃഷ്ടിച്ച് ജനങ്ങളെ ഭീതിജനകമായ ഒരു സാഹചര്യത്തിലെത്തിച്ച് കൊലപാതകം നടത്തുകയാണെങ്കിൽ it is a fit case for charging UAPA.

വളരെ വ്യക്തമായി പറയുന്നുണ്ട്. ഓരോ കേസും വ്യത്യസ്തമാണ്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഈ കേസിൽ UAPA ചുമത്തേണ്ടത് ഏറ്റവും ആവശ്യമാണ്. സെക്ഷൻ 15 പരിശോധിച്ച് അങ്ങ് തീരുമാനിക്കണം. ഞങ്ങൾ പറയുന്നത്, ഇവിടെ പോലീസ് സംവിധാനത്തെ നിർവീര്യമാക്കുന്നു; പോലീസ് നടപടികളിൽ ഇടപെടുന്നു. മുഴക്കുന്നം പോലീസ് സ്റ്റേഷൻ എസ്.ഐ. എന്തിനാണ് ലീവിൽ പോയത്? മുടക്കോഴിമല ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവിടെ പോലീസ് സ്റ്റേഷൻ സ്ഥാപിച്ചത്. ആ പോലീസ് സ്റ്റേഷനിലെ എസ്.ഐ. അഞ്ച് ദിവസമായി ലീവിലാണ്. നിർബന്ധിത ലീവിൽ പോയിരിക്കുകയാണ്. പ്രതികളെ പിടിക്കരുതെന്ന് കരുതിയാണ് ഇങ്ങനെ ചെയ്തത്. രണ്ട് പ്രതികളെ ഹാജരാക്കിയെന്ന് ബഹുമാന്യനായ എ. കെ. ബാലൻ പറഞ്ഞല്ലോ; ഈ രണ്ട് പ്രതികളെയും പാർട്ടിയുടെ ലോക്കൽ കമ്മിറ്റിയുടെ നേതാക്കന്മാർ സ്റ്റേഷനിൽ ഹാജരാക്കിയതാണ്. അല്ലാതെ അവരെ പോലീസ് പിടിച്ചതല്ല. അവരെ പ്രാദേശിക സി.പി.ഐ.(എം) നേതൃത്വം മാലൂർ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി ഹാജരാക്കിയതാണ്. വസ്തുത വസ്തുതയല്ലാതാകുമോ? അതുകൊണ്ട് ഈ കേസന്വേഷണത്തിന്റെ കാര്യത്തിൽ വലിയ ആശങ്കയുണ്ട്, ആശയക്കുഴപ്പമുണ്ട്, പോലീസിന്റെ ഭാഗത്തുനിന്നും നീതി കിട്ടുകയില്ലെന്ന അഭിപ്രായമുണ്ട്. അതോടൊപ്പംതന്നെ ആ കുടുംബത്തിന്റെ ഏറ്റവും വലിയ ആവശ്യമാണ് സി.ബി.ഐ. അന്വേഷണം വേണമെന്നുള്ളത്. 120(ബി) അനുസരിച്ച് ഗൂഢാലോചന കേസുകൾ ചാർജ് ചെയ്തോ? വളരെ ബോധപൂർവ്വമായി കേസന്വേഷണത്തെ വഴിതെറ്റിക്കാൻ ശ്രമിക്കുന്നുവെന്നുള്ള പരാതികൾ ഉയർന്നു വരികയാണ്. ആ സാഹചര്യത്തിലാണ് സി.ബി.ഐ. അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ടത്. ബഹുമാന്യനായ മന്ത്രി ശ്രീ. എ. കെ. ബാലൻ കണ്ണൂരിൽ പത്രസമ്മേളനം നടത്തിയപ്പോൾ കേരളം മുഴുവൻ അത് കേട്ടതാണ്. ശ്രീ. എ. കെ. ബാലൻ സ്വന്തമായി പറഞ്ഞതല്ല, മുഖ്യമന്ത്രിയുടെ പ്രതിനിധിയായി പറഞ്ഞതാണ്. ശ്രീ. എ. കെ. ബാലന്റെ പ്രസ്താവന എന്നാൽ അത് സർക്കാരിന്റെ പ്രസ്താവനയാണ്. ആ സർക്കാരിന്റെ പ്രസ്താവനയിൽ പറയുന്നതെന്താണ്? സി.ബി.ഐ. അടക്കമുള്ള ഏത് ഏജൻസിയുടെയും അന്വേഷണത്തിന് തയ്യാറാണ് എന്നാണ്. അങ്ങനെ പറഞ്ഞിട്ട് ഇപ്പോൾ അതിൽനിന്നും പുറകോട്ട് പോകുന്നതുതന്നെ സംശയാസ്പദമായ കാര്യമാണ്. അതുകൊണ്ട് ഞങ്ങൾ ഞങ്ങളുടെ നിലപാടിൽ ഉറച്ചുനിൽക്കുന്നു. ഈ കേസ് സി.ബി.ഐ. അന്വേഷിച്ചാൽ മാത്രമേ മുന്നോട്ടുപോകാൻ കഴിയുകയുള്ളൂവെന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. സർക്കാർ അതിന് തയ്യാറല്ലെങ്കിൽ മറ്റ് നിയമപരമായ മാർഗ്ഗങ്ങൾ ഞങ്ങൾ തേടും. നാട്ടിൽ കൊലപാതകങ്ങളുണ്ടാകുമ്പോൾ ആ കൊലപാതകികളെ സംരക്ഷിക്കുകയല്ല സർക്കാരിന്റെ ചുമതല. അതിനെ നിയന്ത്രിക്കുകയാണ്, പ്രതികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരികയാണ് ചെയ്യേണ്ടത്. അത്തരം നടപടികൾ സ്വീകരിക്കാത്ത സർക്കാരിന്റെ നടപടികളോട് ഞങ്ങൾക്ക് യോജിക്കാൻ കഴിയില്ല. ഞങ്ങൾ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ പ്ലക്കാർഡുകളും ബാനറും ഉയർത്തിപ്പിടിച്ചുകൊണ്ട് സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. കെ. എം. മാണി: സർ, ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട്പുറത്തുപോയി.)

## IV ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ: ബഹുമാന്യ അംഗങ്ങളായ ശ്രീ. ജെയിംസ് മാത്യു, ശ്രീ. വി. പി. സജീന്ദ്രൻ, ശ്രീ. ഇ. കെ. വിജയൻ എന്നിവരെ പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലേയ്ക്കുള്ള ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

## V ശ്രദ്ധ ക്ഷണിക്കൽ

### കൈത്തറി സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. റ്റി. വി. രാജേഷ്: സർ, സംസ്ഥാനത്തെ കൈത്തറി സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധിയെ സംബന്ധിച്ചാണ് ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. കേരളത്തിൽ 360 കൈത്തറി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ ഇരുപതിനായിരത്തിൽപ്പരം തൊഴിലാളികൾ ജോലി ചെയ്യുന്നു. അവരിൽ 12842 പേർ സ്ത്രീകളാണ്. കൈത്തറി സഹകരണ സംഘങ്ങൾക്ക് അവരുടെ വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിരവധി വർഷങ്ങളായി അനുവദിച്ചുകൊണ്ടിരിക്കുന്ന 10 ശതമാനം മാർക്കറ്റ് ഇൻസെന്റീവ് 2012-13 സാമ്പത്തിക വർഷം മുതൽ കുടിശ്ശികയാണ്. ഇതിൽ 5 ശതമാനം സംസ്ഥാന വിഹിതവും 5 ശതമാനം കേന്ദ്ര വിഹിതവുമാണ്. ഇത് എത്രയുംവേഗം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. 30 ലക്ഷത്തിൽ കൂടുതൽ വാർഷിക വിറ്റുവരവുള്ള സംഘങ്ങൾക്ക് മാർക്കറ്റ് ഇൻസെന്റീവിന് അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. നമ്മുടെ സഹകരണ സംഘങ്ങളിൽ ഒട്ടുമിക്ക സംഘങ്ങളും 30 ലക്ഷത്തിൽ കൂടുതൽ വാർഷിക വിറ്റുവരവുള്ളവയാണ്. അതുകൊണ്ട് അവർക്കുകൂടി ഈ ആനുകൂല്യം ലഭ്യമാക്കുന്ന തരത്തിലുള്ള ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റൊരു വിഷയം റിബേറ്റിന്റേതാണ്. കൈത്തറി-നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് 2012 മുതലുള്ള റിബേറ്റ് തുക പൂർണ്ണമായും അതിനുമുമ്പുള്ളത് ഭാഗികമായും ലഭിക്കാനുണ്ട്. റിബേറ്റ് കാലത്തെ

വിൽപ്പനത്തുക സംഘങ്ങളുടെ കാഷ് ക്രെഡിറ്റ് അക്കൗണ്ടിൽ അടയ്ക്കുന്നതിനുപകരം സംഘങ്ങൾ എസ്.ബി. അക്കൗണ്ടിൽ അടച്ചുവെന്ന കാരണവും അതുപോലെ യാൺ ഇഷ്യൂ റേഷ്യോ 6.5 മീറ്ററിൽ കൂടുതലാണെന്ന കാരണവും ചൂണ്ടിക്കാണിച്ചാണ് കൈത്തറി സംഘങ്ങളുടെ റിബേറ്റ് തടഞ്ഞുവച്ചിരിക്കുന്നത്. ഒട്ടുമിക്ക സഹകരണ സംഘങ്ങളും ഫാക്ടറി മാതൃകയിലാണ് പ്രവർത്തിക്കുന്നത്. ഈ സംഘങ്ങളിൽ തൊഴിലാളികൾക്ക് നൂൽ കൊടുത്ത് തുണി കൊണ്ടുവരുന്ന രീതിയല്ല നിലവിലുള്ളത്. പകരം സംഘങ്ങളിലെ ഡൈ ഹൗസിലേക്ക് നൂൽ ഗോഡൗണിൽ നിന്നും നൽകുമ്പോൾത്തന്നെ യാൺ ഇഷ്യൂ കാണിക്കുകയാണ് ചെയ്യുന്നത്. പിന്നീട് ഡൈ ഹൗസിലും വെൻഡിംഗ് സെക്ഷനിലും വാപ്പിംഗ് സെക്ഷനിലും പിന്നീട് നെയ്ത്തുകാരന് പാവ് രൂപത്തിലുമാണ് ലഭിക്കുന്നത്. ഇങ്ങനെ ചെയ്യുമ്പോൾ യാൺ ഇഷ്യൂ റേഷ്യോ 6.5 മീറ്റർ എന്നത് സാങ്കേതികം മാത്രമായി മാറുന്നു. സംഘങ്ങൾക്ക് ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുന്നതല്ല. റിബേറ്റ് യഥാസമയം ലഭിക്കാത്തതിനാൽ തൊഴിലാളികൾക്ക് ജോലിയും കൂലിയും ജീവനക്കാർക്ക് ശമ്പളവും കൊടുക്കാൻ കഴിയുന്നില്ല. അതുപോലെതന്നെ അവരുടെ പി.എഫ്./ ഇ.എസ്.ഐ.-കളിൽ പണമടക്കാനും സാധിക്കുന്നില്ല. റിബേറ്റ് വിൽപ്പനയ്ക്ക് നിലവിലുള്ള നിബന്ധനകൾ കാലോചിതമായി പരിഷ്കരിക്കണമെന്നു കൂടി അഭ്യർത്ഥിക്കുകയാണ്. കടക്കെണിയിലായ കൈത്തറി സഹകരണ സംഘങ്ങളുടെ കടം എഴുതിത്തള്ളുന്നതിന് വർഷങ്ങൾക്കുമുമ്പ് ആർ.ആർ.ആർ. പാക്കേജ് പ്രകാരം പണം ജില്ലാ ബാങ്കുകൾക്ക് നൽകിയിരുന്നു. പദ്ധതിയിലെ വ്യവസ്ഥ പ്രകാരം നബാർഡും ജില്ലാ ബാങ്കും എം.ഒ.യു. ഒപ്പിട്ടിരുന്നു. കടം എഴുതിത്തള്ളിയ സംഘങ്ങൾക്ക് 7 ശതമാനം പലിശയ്ക്ക് പുനർവായ്പ നൽകാൻ വ്യവസ്ഥയുണ്ട്. എന്നാൽ ജില്ലാ ബാങ്ക് ഇതുവരെ സംഘങ്ങൾക്ക് പുനർവായ്പ നൽകാൻ തയ്യാറാകുന്നില്ല. മറ്റൊരു വിഷയം പ്രൊഡക്ഷൻ ഇൻസെന്റീവാണ്. കൈത്തറി തൊഴിലാളികൾക്ക് ആശ്വാസ പദ്ധതിയായി പ്രഖ്യാപിച്ചതും ലഭിച്ചു കൊണ്ടിരുന്നതുമായ പ്രൊഡക്ഷൻ ഇൻസെന്റീവ് 2014-15 മുതൽ ലഭിക്കുന്നില്ല. കൈത്തറി യൂണിഫോം പദ്ധതി വളരെ അഭിനന്ദനാർഹമായ കാര്യമാണ്. കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനും തൊഴിലാളികളെ ആ മേഖലയിൽ ഉറപ്പിച്ചുനിർത്തുന്നതിനും വേണ്ടി ഈ സർക്കാർ കൊണ്ടുവന്ന ഏറ്റവും ശ്ലാഘനീയമായ പദ്ധതിയാണ് കൈത്തറി യൂണിഫോം. പ്രശംസനീയമായ ഈ പദ്ധതി മുന്നോട്ടു കൊണ്ടുപോകുമ്പോൾ നെയ്ത്തുകാരുടെ കൂലി വർദ്ധിപ്പിക്കുന്ന കാര്യത്തിൽക്കൂടി നടപടിയുണ്ടാകണം. .... (ബഹളം).....

മി. സ്പീക്കർ: പ്ലീസ്... കൺക്ലൂഡ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ......(ബഹളം)..... ഇതിന്റെ ഭാഗമായി രണ്ടാഴ്ച കൂടുമ്പോൾ അവരുടെ അക്കൗണ്ടിലേയ്ക്ക് കൂലി ലഭ്യമാക്കുന്നതിനുള്ള നടപടികൂടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. .....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്....

ശ്രീ. റ്റി. വി. രാജേഷ്: സർ, അതുപോലെ മറ്റൊരു വിഷയം നമ്മുടെ വാറ്റ് നികുതി കുടിശ്ശിക ഒഴിവാക്കുകയെന്നതാണ്. ഖാദി ഉൽപ്പന്നങ്ങൾക്ക് ഇത് ഒഴിവാക്കി
കൊടുത്തിട്ടുണ്ട്. .......(ബഹളം).....

മി. സ്പീക്കർ: ലോകം മുഴുവൻ ഇത് കാണുന്നുണ്ട്.

ശ്രീ. റ്റി. വി. രാജേഷ്: സർ, കൈത്തറി സഹകരണ സംഘങ്ങളെക്കൂടി അതിൽനിന്നും ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇത്തരത്തിൽ ഇന്ന് വളരെയേറെ പ്രശ്നങ്ങൾ കൈത്തറി മേഖല നേരിടുന്നുണ്ട്. .....(ബഹളം).......

മി. സ്പീക്കർ: ചെയറിന് പ്രതിപക്ഷത്തിന്റെ വികാരങ്ങളോടൊപ്പം സർക്കാരിന്റെ നടപടികൾ നടത്തിക്കൊണ്ടുപോകാനുള്ളബാധ്യതകൂടിയുണ്ട്.

ശ്രീ. റ്റി. വി. രാജേഷ്: സർ, കൈത്തറി മേഖലയുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ ശ്രദ്ധക്ഷ ണിക്കലിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കൈത്തറി മേഖലയിൽ കേന്ദ്ര സർക്കാർ സഹായത്തോടെ കൈത്തറി ആന്റ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ് വഴി കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള സംയോജിത കൈത്തറി വികസന പദ്ധതിയിൽ (Comprehensive Handloom Development Scheme) ഉൾപ്പെട്ടതാണ് മാർക്കറ്റിംഗ് ഇൻസെന്റീവ്. കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണന സഹായ പദ്ധതിയാണിത്. .....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്......പ്ലീസ്...

ശ്രീ. എ. സി. മൊയ്തീൻ: സർ, തുടർച്ചയായ 3 വർഷങ്ങളിലെ വിറ്റുവരവിന്റെ ശരാശരിയുടെ 10 ശതമാനമാണ് സാമ്പത്തിക സഹായമായി നൽകുന്നത്. ഇതിന്റെ 50 ശതമാനം കേന്ദ്ര വിഹിതവും ബാക്കി 50 ശതമാനം സംസ്ഥാന വിഹിതവുമാണ്. ...(ബഹളം)... ഇതിൽ സംസ്ഥാന വിഹിതമായി 2014-15 വരെയുള്ള അപേക്ഷകൾക്ക് 3,18,89,037 രൂപയും കേന്ദ്രവിഹിതമായി 2011-12 വരെയുള്ള അപേക്ഷകൾക്ക് 4,44,55,829 രൂപയും നൽകിയിട്ടുണ്ട്. ...(ബഹളം).....

മി. സ്പീക്കർ: ശാന്തമായി കേൾക്കു, പ്ലീസ്..... എന്താണിത്?

ശ്രീ. എ. സി. മൊയ്തീൻ: സർ, തുടർന്നുള്ള കേന്ദ്ര വിഹിതം ആവശ്യപ്പെട്ടെങ്കിലും ലഭിച്ചിട്ടില്ല. കൈത്തറി വികസന കമ്മീഷണറുടെ ഉത്തരവുകൾ പ്രകാരം ഈ പദ്ധതി നടപ്പിലാക്കുന്നത് പുതിയ നിർവ്വഹണ ഏജൻസികൾ വഴിയാകണമെന്ന് നിഷ്കർഷിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിനായി സർക്കാർ ഹാൻവീവിനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിക്കുകയും അപേക്ഷകൾ കൈത്തറി ഡയറക്ടറേറ്റ് പരിശോധിച്ച് ശിപാർശ ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരികയുമാണ്. കൂടാതെ 11-7-2017-ലെ കേന്ദ്ര കൈത്തറി വികസന കമ്മീഷണറുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശ പ്രകാരം പ്രതിവർഷം 30 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള കൈത്തറി നെയ്ത്ത് സംഘങ്ങൾക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയില്ലെന്ന് നിബന്ധന വച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ധനസഹായമുള്ള ഈ പദ്ധതിയിൽ മാറിമാറി വരുന്ന നിബന്ധനകളും വാർഷിക ടേൺ ഓവർ 30 ലക്ഷം രൂപയിൽ താഴെയുള്ള കൈത്തറി സഹകരണ സംഘങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയതും പദ്ധതിയുടെ ആനുകൂല്യം കൈത്തറി സംഘങ്ങൾക്ക് നിഷേധിക്കുന്നതിന് ഇടയാക്കുകയാണ്. ...(ബഹളം)...

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്..... ഇതെന്താണ് പ്രതിപക്ഷ നേതാവേ? ഇതെന്താണ്? ഇങ്ങനെയാണോ പ്രതിഷേധം?

ശ്രീ. എ. സി. മൊയ്തീൻ: സർ, എല്ലാ വർഷവും സർക്കാർ നിശ്ചയിക്കുന്ന ഉത്സവ കാലയളവുകളിൽ കൈത്തറി ഉൽപ്പന്നങ്ങൾക്ക് 20 ശതമാനവും സ്കൂൾ യൂണിഫോമിന് 30 ശതമാനവും റിബേറ്റ് അനുവദിച്ചുവരുന്നു. കഴിഞ്ഞ സർക്കാർ 5 വർഷംകൊണ്ട് കൈത്തറി സംഘങ്ങൾക്കും ഹാന്റക്സ്, ഹാൻവീവ് എന്നിവയ്ക്കുംകൂടി ആകെ 24.74 കോടി രൂപയാണ് റിബേറ്റ് ഇനത്തിൽ നൽകിയത്. ഈ സർക്കാർ രണ്ട് വർഷംകൊണ്ട് 14,95,67,000 രൂപ പ്രസ്തുത സ്ഥാപനങ്ങൾക്ക് വിതരണം നടത്തിയിട്ടുണ്ട്. ....(ബഹളം)....

മി. സ്പീക്കർ: നിങ്ങൾക്ക് പ്രതിഷേധത്തിനെല്ലാം അവസരമുണ്ട്. പ്രതിഷേധമെല്ലാം ഇവിടെ പരിഗണിക്കും. പക്ഷേ, മര്യാദവിട്ട ഈ രീതി ശരിയല്ല. എന്താണിത്?

ശ്രീ. എ. സി. മൊയ്തീൻ: സർ, ബാക്കി നിൽക്കുന്ന റിബേറ്റ് അപേക്ഷകൾ കുറ്റമറ്റതാണോയെന്ന് പരിശോധിച്ച് തീർപ്പുകൽപ്പിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ആ കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം സംസ്ഥാനത്തെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് 8.53 കോടി രൂപയും ഹാന്റക്സിന്

7.80 കോടി രൂപയും ഹാൻവീവിന് 4.15 കോടി രൂപയുംകൂടി ആകെ 20.48 കോടി രൂപ നൽകാനുള്ളതായി കണക്കാക്കിയിട്ടുണ്ട്. സർക്കാരിൽനിന്നും ആവശ്യമായ ഫണ്ട് ലഭിക്കുന്നമുറയ്ക്ക് മേൽകുടിശ്ശിക നൽകുന്നതാണ്. വരുന്ന സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിൽ റിബേറ്റ് നൽകുന്നതിനായി 8.90 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിന് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പുനരുദ്ധാരണ, നവീകരണ, പുനസംഘടന (ആർ.ആർ.ആർ.പാക്കേജ്) പദ്ധതിയുടെ ലക്ഷ്യം കൈത്തറി സഹകരണ സംഘങ്ങളെ കടബാധ്യതയിൽനിന്നും ഒഴിവാക്കുകയെന്നതാണ്. ആർ.ആർ.ആർ. പാക്കേജിന്റെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് 31-3-2010 വരെ കുടിശ്ശികയായ (എൻ.പി.എ. ആയ തീയതി വരെ) വായ്പത്തുകയുടെ 100 ശതമാനവും പലിശയുടെ 25 ശതമാനവുംവരെ തിരിച്ചടവിൽനിന്നും ഒഴിവാക്കി സംഘങ്ങളെ സംരക്ഷിക്കുന്നതാണ് പദ്ധതി. നബാർഡായിരുന്നു നോഡൽ ഏജൻസി. ജില്ലാ സഹകരണ ബാങ്ക് വഴിയാണ് നടപ്പിലാക്കിയത്. ഇതുപ്രകാരം കേന്ദ്ര സർക്കാരിന്റെ 165.34 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ 45.31 കോടി രൂപയും കേരളത്തിലെ 357 പ്രാഥമിക കൈത്തറി സംഘങ്ങൾക്കും ഹാന്റക്സ്, ഹാൻവീവ് നെയ്ത്തുകാർക്കും രണ്ട് തവണകളായി നൽകിയിട്ടുണ്ട്. തുടർന്ന് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ജില്ലാ സഹകരണ ബാങ്കുകൾ കുറഞ്ഞ പലിശ നിരക്കിൽ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിൽ കാണിച്ച അലംഭാവം കൈത്തറി സഹകരണ സംഘങ്ങളെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിനാവശ്യമായ പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിന് വിഘാതമായിട്ടുണ്ട്. അതുസംബന്ധിച്ച് സഹകരണ വകുപ്പുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. സർക്കാർ ഇക്കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ...(ബഹളം)...

മി. സ്പീക്കർ: മന്ത്രിയുടെ മറുപടി കഴിയട്ടെ. നിങ്ങൾ സീറ്റിൽ പോയിരിക്ക്.... എന്താണിത്? .........(ബഹളം)........

(ശ്രീ. വി. ടി. ബൽറാം സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: സബ്മിഷനുകളുടെ മറുപടികൾ മേശപ്പുറത്ത്വയ്ക്കേണ്ടതാണ്.*

* അനുബന്ധമായി ചേർത്തിട്ടുണ്ട്

## VI മേശപ്പുറത്തുവച്ച കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

i. ഓർഡിനൻസുകൾ

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1. | 2018 | 3 | ദി കേരള ഹൈക്കോർട്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 | അല്ല |

II. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

i. ഓർഡിനൻസുകൾ

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ഓർഡിനൻസിന്റെ ചട്ടം (75(2) പ്രകാരമുള്ള പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1. | 2018 | 13 | 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് | അല്ല |

III. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം (75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1. | 2018 | 19 | ദി കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 | അല്ല |

IV. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

i. ഓർഡിനൻസുകൾ

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം (75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1. | 2018 | 5 | 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ഓർഡിനൻസ് | അല്ല |

V. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

i. ഓർഡിനൻസുകൾ

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം (75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1. | 2018 | 1 | ദി കേരള പ്രൊഫഷണൽ കോളേജസ്(റഗുലറൈസേഷൻ ഓഫ് അഡ്മിഷൻ ഇൻ മെഡിക്കൽ കോളേജസ്) ഓർഡിനൻസ്, 2018 | അല്ല |

VI. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

i. ഓർഡിനൻസുകൾ

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം (75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1. | 2018 | 1 | ദി അബ്കാരി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 | അല്ല |

VII. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു :

i. ഓർഡിനൻസുകൾ

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം (75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1. | 2018 | 2 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 | അല്ല |
| 2. | 2018 | 10 | ദി ട്രാവൻകൂർ-കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 | അല്ല |
| 3. | 2018 | 12 | ദി മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ്(അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 | അല്ല |

VIII. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

i. ഓർഡിനൻസുകൾ

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം (75 (2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1. | 2018 | 8 | ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ്, 2018 | അതെ |
| 2. | 2018 | 9 | 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ഓർഡിനൻസ് | അതെ |

IX. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

i. ഓർഡിനൻസുകൾ

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം (75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1. | 2018 | 14 | ദി കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 | അല്ല |
| 2. | 2018 | 15 | 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റേയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ് | അല്ല |
| 3. | 2018 | 16 | ദി കേരള യൂണിവേഴ്സിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 | അല്ല |
| 4. | 2018 | 17 | ദി ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി ഓഫ് സാൻസ്ക്രിറ്റ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 | അല്ല |
| 5. | 2018 | 18 | 2018-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് | അല്ല |

X. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

i. ഓർഡിനൻസുകൾ

| ക്രമ നമ്പർ | ഓർഡിനൻസിന്റെ വർഷം | നമ്പർ | പേര് | ചട്ടം (75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1. | 2018 | 6 | 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് | അല്ല |
| 2. | 2018 | 7 | 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് | അല്ല |
| 3. | 2018 | 11 | ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫങ്ഷൻസ് ആസ് റെസ്പെക്ട്സ് ദി സർവ്വീസസ് അണ്ടർ ദി വഖഫ് ബോർഡ്) ഓർഡിനൻസ്, 2018 | അല്ല |

## VII റിപ്പോർട്ട് സമർപ്പണം

### (1) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ മൂന്നാമത് റിപ്പോർട്ട്

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമിതി അംഗമായ ഞാൻ സമർപ്പിക്കുന്നു.

### (2) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ മൂന്നാമത് റിപ്പോർട്ട്

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## (3) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ മൂന്നാമത് റിപ്പോർട്ട്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## (4) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ മൂന്നാമത് റിപ്പോർട്ട്

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## (5) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ മൂന്നാമത് റിപ്പോർട്ട്

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## (6) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ മൂന്നാമത് റിപ്പോർട്ട്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## (7) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ മൂന്നാമത് റിപ്പോർട്ട്

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, വൈദ്യുതിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

(8) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ മൂന്നാമത് റിപ്പോർട്ട്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ധനകാര്യം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

(9) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ മൂന്നാമത് റിപ്പോർട്ട്

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

(10) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ മൂന്നാമത് റിപ്പോർട്ട്

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

(11) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ മൂന്നാമത് റിപ്പോർട്ട്

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

(12) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ മൂന്നാമത് റിപ്പോർട്ട്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

(13) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ മൂന്നാമത് റിപ്പോർട്ട്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

(14) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ മൂന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

11.00 AM]

## VIII ധനകാര്യം

2017-18 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 50,01,000 രൂപയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,94,00,000 രൂപയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 13,48,17,000 രൂപയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 35,08,03,000 രൂപയുടെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

2. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,73,36,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

3. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,40,00,000 രൂപയുടെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 66,25,00,000 രൂപയുടെയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 139,15,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

4. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,00,000 രൂപയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1266,75,93,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

5. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 532,69,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

6. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 276,24,72,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

7. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 259,61,82,000 രൂപയുടെയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 546,50,63,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

8. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 149,84,75,000 രൂപയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 60,87,05,000 രൂപയുടെയും ഗ്രാമ വികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,31,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

9. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 150,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

10. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100,00,00,000 രൂപയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,84,05,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

11. കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 518,61,18,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

12. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,58,19,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

13. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 34,66,25,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

14. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 29,80,72,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

15. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 231,67,99,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

16. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

17. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,84,90,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

18. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 78,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

19. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 310,74,88,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: പ്രമേയങ്ങളെ പിന്താങ്ങേണ്ടതാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

മി.സ്പീക്കർ: ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ച ഇല്ല.

സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 50,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,94,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 13,48,17,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 35,08,03,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,73,36,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,40,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 66,25,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 139,15,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1266,75,93,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 532,69,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 276,24,72,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 259,61,82,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 546,50,63,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 149,84,75,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 60,87,05,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,31,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 310,74,88,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 150,00,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,84,05,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 518,61,18,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,58,19,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 34,66,25,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 29,80,72,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 231,67,99,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,84,90,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 78,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ചർച്ച കൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ**

മി.സ്പീക്കർ: സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,08,15,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 36,70,62,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 200,10,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ഉപധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1185,63,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ഫെബ്രുവരി മാസം 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 11.16-ന് പിരിഞ്ഞു.)

## അനുബന്ധം

സബ്മിഷനുകളുടെ മേശപ്പുറത്തുവച്ച മറുപടികൾ

1. ആദിവാസി യുവാവിന്റെ കൊലപാതകം സംബന്ധിച്ച പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയുടെ സബ്മിഷനുള്ള മുഖ്യമന്ത്രിയുടെ മറുപടി

പരിഷ്കൃതരെന്നും സാക്ഷരരെന്നും അഭിമാനിക്കുന്ന കേരളത്തിന് ഒന്നടങ്കം അപമാനകരമായ ഒറ്റപ്പെട്ടൊരു സംഭവമാണ് 22-2-2018-ന് പാലക്കാട് ഉണ്ടായത്.

പാലക്കാട് അഗളി പോലീസ് സ്റ്റേഷൻ പരിധിയിലെ ചിണ്ടക്കി ഊര് നിവാസിയായ മധുവിനെ മോഷണക്കുറ്റം ആരോപിച്ച് നാട്ടുകാർ മുക്കാലി ജംഗ്ഷനിൽ പിടിച്ചുവച്ചിട്ടുണ്ടെന്ന വിവരം 22-2-2018-ന് ഉച്ചയ്ക്ക് 2.15-ഓടെ അഗളി പോലീസ് സ്റ്റേഷനിൽ അറിയിച്ചു. പട്രോളിംഗ് ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് അഡീഷണൽ സബ് ഇൻസ്പെക്ടറും സംഘവും ഉടൻതന്നെ മുക്കാലി ജംഗ്ഷനിൽ എത്തി. നാട്ടുകാർ ചേർന്ന് ബസ് വെയ്റ്റിംഗ് ഷെഡ്ഡിൽ ഇരുത്തിയ മധുവിനെ പോലീസ് ജീപ്പിൽ കയറ്റി. അവശനായിരുന്ന ടിയാനെ വൈദ്യപരിശോധനയ്ക്കായി അഗളി സി.എച്ച്.സി.-യിലേയ്ക്ക് കൊണ്ടുപോകവെ ഛർദ്ദിക്കുകയും പോലീസ് ജീപ്പിൽ അബോധാവസ്ഥയിലാകുകയും ചെയ്തു. അഗളി സി.എച്ച്.സി.-യിൽ എത്തിച്ചപ്പോൾ മധു മരണപ്പെട്ടുകഴിഞ്ഞതായി ഡോക്ടർ അറിയിക്കുകയായിരുന്നു.

മധുവിന്റെ മരണം സംബന്ധിച്ച് അഗളി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 87/18 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 23-2-2018-ന് മണ്ണാർക്കാട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിന്റെ സാന്നിദ്ധ്യത്തിൽ ഒറ്റപ്പാലം ആർ.ഡി.ഒ. ഇൻക്വസ്റ്റ് തയ്യാറാക്കുകയും 24-2-2018-ന് തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റുമോർട്ടം നടത്തുകയും ചെയ്തു. ഫോറൻസിക് വിദഗ്ദ്ധരടക്കമുള്ള ഡോക്ടർമാരുടെ ഒരു സംഘമാണ് പോസ്റ്റുമോർട്ടം നടത്തിയത്. ആന്തരികാവയവങ്ങൾക്കും തലയുടെ പിൻഭാഗത്തുമേറ്റ മാരകമായ ക്ഷതംമൂലമാണ് മധുവിന് മരണം സംഭവിച്ചതെന്ന് പോസ്റ്റുമോർട്ടത്തിൽ വെളിവായിട്ടുണ്ട്.

മരണകാരണം ക്രൂരമായ മർദ്ദനമാണെന്ന് അന്വേഷണത്തിൽ വെളിവായതിനാൽ കൊലപാതകം, പട്ടികജാതി-പട്ടികവർഗ്ഗ പീഡന നിരോധന നിയമം, വനനിയമം, ഐ.ടി. നിയമം എന്നിവയിലെ വകുപ്പുകൾ ചേർത്ത് അഗളി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 87/18 പ്രകാരം കേസ്സെടുക്കുകയുണ്ടായി. മണിക്കൂറുകൾക്കകം കോയമ്പത്തൂർ, പാലക്കാട്, ചാവക്കാട്, തൃശ്ശൂർ എന്നീ സ്ഥലങ്ങളിൽനിന്നും 16 പേരെ പ്രതിചേർത്ത് അറസ്റ്റുചെയ്ത് കോടതി മുമ്പാകെ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുണ്ട്. അഗളി ഡിവൈ.എസ്.പി. ഈ കേസിന്റെ അന്വേഷണം നടത്തിവരുന്നു.

വനം വകുപ്പ് ഉദ്യോഗസ്ഥർക്കാർക്കെങ്കിലും മധുവിന്റെ മരണത്തിനിടയാക്കിയ സാഹചര്യത്തിന് പങ്കുണ്ടോയെന്ന കാര്യവും പ്രതികൾക്ക് അനുമതിയില്ലാതെ വനത്തിൽ പ്രവേശിക്കാൻ കൂട്ടുനിന്നോയെന്നും അന്വേഷിക്കാൻ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ്)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മൂന്ന് ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആരെങ്കിലും കുറ്റക്കാരെന്ന് കണ്ടെത്തിയാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

മധുവിന്റെ അമ്മയ്ക്ക് 10 ലക്ഷം രൂപ പ്രത്യേക സഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. ഈ തുക അടിയന്തരമായി കുടുംബത്തിന് നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനുപുറമെ എട്ടേകാൽലക്ഷം രൂപ പട്ടികജാതി-പട്ടികവർഗ്ഗ പീഡന നിരോധന നിയമവ്യവസ്ഥ അനുസരിച്ച് നൽകും. അതിന്റെ ആദ്യ ഗഡു (നാലേകാൽ ലക്ഷം രൂപ) മന്ത്രി ശ്രീ. എ. കെ. ബാലൻ കഴിഞ്ഞ ദിവസം കുടുംബത്തെ ഏൽപ്പിച്ചിട്ടുണ്ട്. ചാർജ് ഷീറ്റ് സമർപ്പിച്ചാൽ അവശേഷിക്കുന്ന തുക നൽകുന്നതായിരിക്കും.

നിസ്സഹായനായ ഒരു ആദിവാസി യുവാവിനെ മരണത്തിലേയ്ക്ക് നയിച്ച, കേരള സമൂഹത്തിന് അപമാനമായ ഈ മനുഷ്യത്വഹീന പ്രവൃത്തി ചെയ്ത എല്ലാ കുറ്റവാളികൾക്കും പരമാവധി ശിക്ഷ വാങ്ങിക്കൊടുക്കാനുള്ള എല്ലാ നടപടിയും സ്വീകരിക്കുന്നതോടൊപ്പം ഭാവിയിൽ ഇത്തരം പ്രവൃത്തികൾ ആവർത്തിക്കാതിരിക്കാൻ മുൻകരുതലും സ്വീകരിക്കും.

## 2. മോഷണം സംബന്ധിച്ച ശ്രീ. മഞ്ഞളാംകുഴി അലി എം.എൽ.എ.-യുടെ സബ്മിഷനുള്ള മുഖ്യമന്ത്രിയുടെ മറുപടി

കോഴിക്കോട് കരിപ്പൂർ എയർപോർട്ടിനകത്ത് എത്തിച്ചേരുന്ന യാത്രക്കാരുടെ ബാഗേജിൽനിന്നും വിലപിടിപ്പുള്ള രേഖകൾ, സ്വർണ്ണാഭരണങ്ങൾ, മൊബൈൽ ഫോണുകൾ, വാച്ചുകൾ തുടങ്ങിയവ നഷ്ടപ്പെടുന്നതായുള്ള സംഭവങ്ങളെക്കുറിച്ച് സോഷ്യൽ മീഡിയയിലും ചാനലുകളിലും വാർത്ത പ്രചരിച്ചിട്ടുണ്ട്.

20-2-2018-ന് എയർ ഇന്ത്യ എക്സ്പ്രസ്സിന്റെ IX 344-ാം നമ്പർ വിമാനത്തിൽ കരിപ്പൂർ വിമാനത്താവളത്തിലിറങ്ങിയ അബ്ദുൾ സമദിന്റെയും മുഹമ്മദ് ഗിയാസുദ്ദിന്റെയും ബാഗേജിൽനിന്നും സ്വർണ്ണാഭരണം, വാച്ച്, മൊബൈൽഫോൺ തുടങ്ങിയവ നഷ്ടപ്പെട്ടതായി 21-2-2018-ന് ഇരുവരും കരിപ്പൂർ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്. അതിന്മേൽ അന്വേഷണം നടന്നുവരികയാണ്. കൂടുതൽ അന്വേഷ ണത്തിന് പരാതിക്കാരുടെ സാന്നിദ്ധ്യം അത്യാവശ്യമായതിനാൽ അവരോട് ഹാജരാകാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രസ്തുത സംഭവങ്ങളുടെ അടിസ്ഥാനത്തിൽ എയർപോർട്ടിൽ വച്ച് എയർപോർട്ട് ഡയറക്ടർ, എയർപോർട്ട് മാനേജർ, സി.ഐ.എസ്.എഫ്.-കസ്റ്റംസ് ഉദ്യോഗസ്ഥർ, വിവിധ എയർ ട്രാവൽ കമ്പനികളുടെ ഉദ്യോഗസ്ഥർ, കരിപ്പൂർ പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. തുടങ്ങിയ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു അടിയന്തര യോഗം നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി കൂടുതൽ സി.സി.ടി.വി. ക്യാമറകളും മറ്റും സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്.

ഇതുസംബന്ധിച്ച് എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസ്സും ദുബായ് എയർപോർട്ടുമായി ബന്ധപ്പെട്ട് ആശയവിനിമയം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ദുബായ് പോലീസും അന്വേഷണം നടത്തിവരുന്നു.

3. സാമ്പത്തിക സഹായം സംബന്ധിച്ച ശ്രീ. എ. എൻ. ഷംസീർ എം.എൽ.എ.യുടെ സബ്മിഷനുള്ള പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ മറുപടി

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ഐ.ബി.പി.എസ്. എന്നിവ നടത്തുന്ന മത്സര പരീക്ഷകൾ എഴുതുന്നതിന് സ്റ്റൈപ്പന്റോടുകൂടിയ പരിശീലനം പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിൽ (PETC) നൽകിവരുന്നുണ്ട്. കോഴിക്കോട്, പാലക്കാട്, എറണാകുളം, തിരുവനന്തപുരം ജില്ലകളിലാണ് ഇപ്പോൾ PETC-കളുള്ളത്. കണ്ണൂരിൽ പുതിയ ഒരു PETC നിർമ്മിക്കുന്നതിന് KIIFB-യിൽനിന്ന് അനുമതി ലഭിച്ചിട്ടുണ്ട്. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾക്കുള്ള പരിശീലനവും ഈ കേന്ദ്രങ്ങളിൽ നൽകിവരുന്നുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രമായി വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള'അമൃത് എന്ന സ്ഥാപനം മുഖേന മത്സരപരീക്ഷകൾക്ക് പരിശീലനം നൽകിവരുന്നുണ്ട്.

സിവിൽ സർവ്വീസ് പരീക്ഷ എഴുതുന്നവർക്ക് മണ്ണന്തലയിലെ ICSETS എന്ന സ്ഥാപനത്തിൽ പരിശീലനം നൽകിവരുന്നുണ്ട്. ഈ സ്ഥാപനത്തിൽ സൗജന്യ ഹോസ്റ്റൽ സൗകര്യവും ലഭ്യമാണ്.

എന്നാൽ ഉദ്യോഗാർത്ഥികളുടെ എണ്ണം വളരെ കൂടുതലായതിനാൽ എല്ലാവർക്കും പരിശീലനം നൽകാൻ ഇപ്പോഴത്തെ സ്ഥിതിയിൽ കഴിയുന്നില്ല. സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നേടുന്നവർക്കുംകൂടി ധനസഹായം ലഭ്യമാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മത്സരപരീക്ഷാ പരിശീലനത്തിന് സൗകര്യമൊരുക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

4. വരുമാന പരിധി സംബന്ധിച്ച ശ്രീ. കെ. മുരളീധരൻ എം.എൽ.എ.-യുടെ സബ്മിഷനുള്ള പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ മറുപടി

മറ്റു പിന്നോക്ക വിഭാഗങ്ങൾക്കുള്ള ക്രീമിലെയർ വരുമാന പരിധി 31-1-2014-ലെ സ.ഉ. (കൈ) നമ്പർ 05/2004/പി.സ.വി.വ. ഉത്തരവ് പ്രകാരം നിലവിൽ 6 ലക്ഷം രൂപയാണ്.

13-9-2017-ലെ 36033/1/2013-Estt.(Res) ഓഫീസ് മെമ്മോറാണ്ടം പ്രകാരം കേന്ദ്ര സർക്കാർ ക്രീമിലെയർ വരുമാന പരിധി 6 ലക്ഷം രൂപയിൽനിന്ന് 8 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരുന്നു. ആയതിന് 1-9-2017 മുതൽ പ്രാബല്യവും നൽകിയിരുന്നു.

2008-ൽ 4.5 ലക്ഷം രൂപയായി വരുമാന പരിധി വർദ്ധിപ്പിച്ചത് ജസ്റ്റിസ് രാജേന്ദ്രബാബു കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നു. എന്നാൽ പിന്നീട് 27-5-2013-ലെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം 6 ലക്ഷമായി പരിധി കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചതിനുശേഷം 31-1-2014-ൽ സംസ്ഥാന സർക്കാർ വരുമാന പരിധി 6 ലക്ഷം രൂപയായി സംസ്ഥാനത്ത് ഏകീകരിക്കുകയുണ്ടായി. ക്രീമിലെയർ വരുമാന പരിധി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

5. പട്ടയ വിതരണം സംബന്ധിച്ച ശ്രീ. എം. രാജഗോപാലൻ, എം.എൽ. എ.-യുടെ സബ്മിഷനുള്ള റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ മറുപടി

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ പഞ്ചായത്തിലെ പുഴപുറമ്പോക്കിൽ താമസിക്കുന്ന 67 കുടുംബങ്ങളുടെ പട്ടയത്തിനായുള്ള അപേക്ഷ സർക്കാരിന് 2013-ന് ലഭിക്കുകയും 32269/എൽ2/2013 എന്ന ഫയലിൽ പരിശോധിക്കുകയും ചെയ്തിരുന്നു. പുഴ പുറമ്പോക്കായ ഭൂമി പതിച്ചുനൽകരുതെന്ന് സുപ്രീംകോടതി വിധിന്യായമുള്ള കാരണവും പുഴ പുറമ്പോക്ക് ഭൂമി കേരള പഞ്ചായത്ത് രാജ് ആക്ടിലെയും മുനിസിപ്പാലിറ്റി ആക്ടിലെയും വ്യവസ്ഥകൾ പ്രകാരം പഞ്ചായത്തിലും നഗരസഭയിലും നിക്ഷിപ്തമായിട്ടുള്ളതാണെന്നും പ്രസ്തുത ഭൂമി സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളതാണെന്നും പ്രസ്തുത ഭൂമി സർക്കാരിൽ പുനർനിക്ഷിപ്തമാക്കിയാൽ മാത്രമേ പതിച്ചു നൽകാൻ കഴിയുകയുള്ളു എന്ന കാരണവും രേഖപ്പെടുത്തി അപേക്ഷ നിരസിച്ചിരുന്നു. പുഴ പുറമ്പോക്ക് തുടങ്ങിയ വിവിധ ഇനം പുറമ്പോക്കുകളിൽപ്പെട്ട സ്ഥലങ്ങളിൽ പാവപ്പെട്ടവരും പിന്നോക്കക്കാരും സാധാരണക്കാരുമായ പതിനായിരക്കണക്കിന് കുടുംബങ്ങൾ കാലങ്ങളായി താമസിച്ചുവരുന്നുണ്ട്. ഇവരിൽ പലർക്കും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വീട്ടു നമ്പർ ലഭിച്ചിട്ടുള്ളതും റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ എന്നിവയുള്ളവരുമാണ്.

സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽനിന്നും ഇപ്രകാരമുള്ള പുറമ്പോക്ക് ഭൂമികളിൽ താമസിക്കുന്നവരിൽനിന്നും സമാനമായി പട്ടയത്തിനായുള്ള ആവശ്യങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. പതിറ്റാണ്ടുകളായി ഇപ്രകാരം ഭൂമി കൈവശം വച്ച് അനുഭവിക്കുന്നവരുടെ കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടികൾ സ്വീകരിക്കണമെന്നുതന്നെയാണ് സർക്കാരിന്റെ നിലപാട്. നിലവിലുള്ള നിയമങ്ങൾ പരിപാലിച്ചുകൊണ്ടും ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിന്യായത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ടും ഇങ്ങനെയുള്ള കേസ്സുകളിൽ എപ്രകാരം അനുകൂലമായ നിലപാട് സ്വീകരിക്കാൻ കഴിയുമെന്ന കാര്യം പരിശോധിച്ചുവരികയാണ്.

6. സമാന്തരപാലം സംബന്ധിച്ച് ശ്രീ. എം. സ്വരാജ്, എം.എൽ.എ.-യുടെ സബ്മിഷനുള്ള പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ മറുപടി

Agreement No. 107/SECCA/2013-14 പ്രകാരം നെട്ടൂർ-കുണ്ടന്നൂർ സമാന്തര പാലത്തിന്റെ നിർമ്മാണം 25-9-2013-ന് ആരംഭിക്കുകയും പെയിന്റിംഗ് ജോലികൾ ഉൾപ്പെടെ പാലത്തിന്റെ നിർമ്മാണം 2017 ഡിസംബർ ആദ്യ ആഴ്ചയിൽ പൂർത്തിയായതുമാണ്. ഇരുവശങ്ങളിലുമുള്ള അപ്രോച്ച് റോഡിനുവേണ്ടി സംരക്ഷണ ഭിത്തിയുടെ നിർമ്മാണം സെപ്റ്റംബർ 2016-ൽ ആരംഭിച്ചു. 2017 ഡിസംബറിൽ കുണ്ടന്നൂർ ഭാഗത്ത് സംരക്ഷണ ഭിത്തിയുടെ സമീപത്തായി ജൻറം കുടിവെള്ള പൈപ്പ് ചോർന്ന് വെള്ളം ശക്തിയായി ഒഴുകുന്ന വിവരം ഫോൺ മുഖേനയും 21-12-2017-ൽ കത്ത് മുഖേനയും ജൻറം പ്രോജക്ട് കോ-ഓർഡിനേറ്ററെ അറിയിച്ചിരുന്നു. ചോർച്ച പരിഹരിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുന്നതിനായി 27-12-2017-ൽ ജൻറം പ്രോജക്ട് എക്സിക്യൂട്ടീവ് എഞ്ചിനീയറും പൊതുമരാമത്ത് ഉദ്യോഗസ്ഥരും സ്ഥലം സന്ദർശിക്കുകയും ചോർച്ച പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. അതുപ്രകാരം 3-1-2018-ന് കുണ്ടന്നൂർ ഭാഗത്തെ സംരക്ഷണഭിത്തിയോട് ചേർന്ന് രണ്ട് സ്ഥലങ്ങളിലായി ആഴത്തിൽ കുഴിച്ച് പരിശോധിച്ചപ്പോൾ സംരക്ഷണ ഭിത്തിയുടെ അടിയിൽനിന്നും ശക്തിയായി വെള്ളം ഒഴുകുന്നത് കണ്ടു. ജൻറം കുടിവെള്ളപൈപ്പ്, സംരക്ഷണ ഭിത്തിയോട് ചേർന്ന് ഭിത്തിയുടെ അടിഭാഗത്തുനിന്നും ഒന്നര മീറ്റർ താഴ്ചയിലാണ് സ്ഥിതി ചെയ്യുന്നത്. ഇവിടെ അപ്രോച്ച് റോഡിനുവേണ്ടി ഇടതുഭാഗത്തും വലതുഭാഗത്തുമായി 80 മീറ്റർ നീളത്തിലും ശരാശരി 3 മീറ്റർ വീതിയിലും 4 മീറ്റർ ഉയരത്തിലുമാണ് സംരക്ഷണ ഭിത്തി നിർമ്മിച്ചിരിക്കുന്നത്. കൂടാതെ ഭിത്തിയുടെ ഉള്ളിൽ അപ്രോച്ച് റോഡിനുവേണ്ടി മണ്ണ് നിരത്തി ഉറപ്പിച്ചിട്ടുണ്ട്. സംരക്ഷണഭിത്തി ഇനിയും ഉയർത്താനും ഉള്ളിൽ മണ്ണ് നിരത്തി ഉറപ്പിക്കാനുമുള്ള ജോലികൾ ബാക്കിയുണ്ട്. പൈപ്പിലെ ചോർച്ച പരിഹരിക്കാതെ മുകളിലേയ്ക്ക് നിർമ്മിക്കുവാൻ സാധിക്കുകയില്ല.

5-1-2018-ന് നടത്തിയ സംയുക്ത പരിശോധനയിൽ അബട്ട്മെന്റിൽ നിന്നും 40 സെന്റീമീറ്റർ മാറി പൈൽകാപ്പിന്റെ അടിഭാഗത്തുനിന്നും 1.5 മീറ്റർ താഴ്ചയിൽ പൈപ്പിന്റെ ജോയിന്റിലാണ് ചോർച്ച കണ്ടെത്തിയത്. ഈ ചോർച്ച 7-1-2018-ന് ജല അതോറിറ്റി ക്ലാമ്പ് ഇട്ട് അടച്ച് പരിഹരിച്ചു. വീണ്ടും 18-1-2018-ന് അബട്ട്മെന്റിൽ നിന്നും 90 മീറ്റർ മാറി 1 മീറ്റർ ഉയരത്തിൽ മാത്രം നിർമ്മിച്ച സംരക്ഷണ ഭിത്തിയുടെ അടിയിൽനിന്നും പൈപ്പ് ലൈൻ ചോർച്ച കാണപ്പെട്ടുകയുണ്ടായി. ഈ വിവരം വാട്ടർ അതോറിറ്റിയെ അറിയിച്ചപ്പോൾ ജൻറം കുടിവെള്ളപൈപ്പ് മാറ്റി സ്ഥാപിക്കുന്നതിന് ഏകദേശം 80 ലക്ഷം രൂപയുടെ ചെലവ് വരുമെന്ന് അറിയിക്കുകയുണ്ടായി. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. ആയതിന് സർക്കാർ അനുമതി നൽകിക്കഴിഞ്ഞാൽ ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ടി പാലത്തിന്റെ നെട്ടൂർ ഭാഗത്ത് നിലവിലെ അലൈൻമെന്റ് പ്രകാരം അപ്രോച്ച് റോഡ്, തൊട്ടടുത്ത് സ്ഥിതിചെയ്യുന്ന കുണ്ടന്നൂർ - തേവര പാലത്തിന്റെ ചവിട്ടുപടിയുടെ സമീപത്തായി വളഞ്ഞാണ് അവസാനിക്കുന്നത്. ഭാവിയിൽ ചവിട്ടുപടി ഉപയോഗിക്കുന്ന യാത്രക്കാർക്ക് അപകടമുണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് ബഹുമാനപ്പെട്ട എം. സ്വരാജ് എം.എൽ.എ. 9-1-2018-ന് കത്ത് മുഖേന അറിയിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് അപ്രോച്ച് റോഡിന്റെ അലൈൻമെന്റ് നേരെയാക്കി നിർമ്മിക്കുന്നതിന് ദേശീയപാത വിഭാഗത്തിന്റെ അനുമതി ലഭിക്കുന്നതിനും കത്ത് നൽകിയിട്ടുണ്ട്.

മേൽ വിവരിച്ച കാരണങ്ങൾമൂലമാണ് നെട്ടൂർ-കുണ്ടന്നൂർ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം തുടരാൻ സാധിക്കാത്തത്.

## 7. റോഡ് പുനരുദ്ധാരണം സംബന്ധിച്ച് ശ്രീ. കെ. എൻ. എ. ഖാദർ, എം.എൽ.എ.-യുടെ സബ്മിഷനുള്ള പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ മറുപടി

പൊതുമരാമത്ത് റോഡുകൾ കുഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 5-1-2018-ലെ സ.ഉ. (സാധാ) നമ്പർ 30/2018/പൊ.മ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

വേങ്ങര നിയോജക മണ്ഡലത്തിലുൾപ്പെട്ട ഊരകം, വേങ്ങര എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെട്ട താഴെപ്പറയുന്ന റോഡുകളിൽ ജലനിധി പദ്ധതി പ്രകാരം പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്.

ഊരകം പഞ്ചായത്ത്

1. വേങ്ങര - കുന്നംപുറം റോഡ്
2. ഒതുക്കങ്ങൾ - വേങ്ങര റോഡ്
3. മലപ്പുറം - പരപ്പനങ്ങാടി റോഡ്

വേങ്ങര പഞ്ചായത്ത്

1. കച്ചേരിപ്പടി - കക്കാടംപുറം റോഡ്
2. വേങ്ങര - കൂരിയാട് റോഡ്
3. അച്ചനമ്പലം - കൂരിയാട് റോഡ്
4. മലപ്പുറം - പരപ്പനങ്ങാടി റോഡ്

ഇതിൽ ഊരകം പഞ്ചായത്തിൽപ്പെട്ട വേങ്ങര– കുന്നംപുറം റോഡിൽ നേരത്തെ പൈപ്പ് ലൈൻ സ്ഥാപിച്ച് പൂർത്തീകരിച്ചിട്ടുള്ളഭാഗത്തെ പുന:സ്ഥാപന പ്രവൃത്തിക്ക് കരാർ നൽകിയിട്ടുള്ളതാണ്. ഈ റോഡിൽ പുതുതായി അനുമതി നൽകിയിട്ടുള്ള ഭാഗത്തും ഒതുക്കങ്ങൾ-വേങ്ങര, മലപ്പുറം-പരപ്പനങ്ങാടി എന്നീ റോഡുകളിൽ ഇപ്പോൾ പൈപ്പ് ലൈൻ സ്ഥാപിച്ചുകഴിഞ്ഞിട്ടേയുള്ളൂ. സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈനിന്റെ ടെസ്റ്റിംഗ് ജലനിധി പൂർത്തിയാക്കിയിട്ടില്ല.

വേങ്ങര പഞ്ചായത്തിൽപ്പെട്ട വേങ്ങര-കൂരിയാട്, അച്ചനമ്പലം-കൂരിയാട്, മലപ്പുറം-പരപ്പനങ്ങാടി എന്നീ റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി ജലനിധി പൂർത്തിയാക്കിയിട്ടില്ല. കച്ചേരിപ്പടി-കക്കാടംപുറം റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് ഇപ്പോൾ തീർന്നിട്ടുണ്ടെങ്കിലും ആയതിന്റെ ടെസ്റ്റിംഗ് നടത്തിയിട്ടില്ല.

പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കി ആയതിന്റെ ടെസ്റ്റിംഗ് നടത്തിയതിനുശേഷം മാത്രമേ പ്രസ്തുത റോഡുകളിൽ റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

8. സ്പിന്നിംഗ് മിൽ തുറന്നുപ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.-യുടെ സബ്മിഷനുള്ള വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയുടെ മറുപടി

കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 2010-11-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിലൂടെ കേരള ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ വന്ന പ്രോജക്ടാണ് ഉദുമ ടെക്സ്റ്റൈൽ മിൽ. ഉദുമ ടെക്സ്റ്റൈൽ മില്ലിന്റെ ഉദ്ഘാടനം 2011 ജനുവരി 28-ന് നിർവ്വഹിക്കപ്പെട്ടുവെങ്കിലും വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനം

ആരംഭിച്ചിരുന്നില്ല. ഏകദേശം 23.83 ഏക്കർ ഭൂമിയിൽ നാൽപ്പത്തി അയ്യായിരത്തോളം ചതുരശ്ര അടി വിസ്തൃതിയുള്ള കെട്ടിടത്തിൽ 11088 സ്പിൻഡിൽ കപ്പാസിറ്റിയുള്ള യന്ത്രസാമഗ്രികളാണ് സ്ഥാപിച്ചിരുന്നത്. കഴിഞ്ഞ സർക്കാർ റിക്രൂട്ട്മെന്റ് റദ്ദ് ചെയ്തതും ചെലവ് അധികരിക്കൽമൂലമുണ്ടായ അധിക പ്രവർത്തന മൂലധനം അനുവദിക്കാത്തതുമാണ് മിൽ തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിയാതെ വന്നതിന് കാരണം.

എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 16 കോടി രൂപയുടെ അടങ്കൽ തുക വകയിരുത്തിക്കൊണ്ട് നടപ്പിലാക്കാനുദ്ദേശിച്ച പദ്ധതിക്ക് പ്രതീക്ഷിച്ചതിനെക്കാൾ ചെലവ് കൂടി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2012-ൽ 21.09 കോടി രൂപയ്ക്ക് പുതുക്കിയ അടങ്കൽ തുകയ്ക്ക് അനുമതിക്കായി സർക്കാരിൽ സമർപ്പിച്ചുവെങ്കിലും 2015 ജൂൺ മാസം മാത്രമാണ് ഭരണാനുമതി നൽകിയിരുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 12-7-2016-ൽ വ്യവസായ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും കെ.എസ്.ടി.സി. മാനേജ്മെന്റും കൂടിയാലോചിക്കുകയും തുടർന്ന് 2016 ഒക്ടോബർ 9-ന് ഉദുമ ടെക്സ്റ്റൈൽ മില്ലിൽ വച്ച് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്ന് തുറക്കാനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന റിക്രൂട്ട്മെന്റ് സംബന്ധിച്ച കേസുകളിൽ 1-1-2011-ലെ സർക്കാർ ഉത്തരവ് പ്രകാരം നടത്തിയ നിയമനങ്ങളുമായി മുന്നോട്ട് പോകുന്നതിനുള്ള താത്പര്യം സർക്കാർ അറിയിച്ചതിനാൽ റിക്രൂട്ട്മെന്റ് കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി തീർപ്പാക്കുകയുണ്ടായി. തുടർന്ന് ഉദുമ ടെക്സ്റ്റൈൽ മിൽ പ്രവർത്തനം ആരംഭിക്കുവാനാവശ്യമായ തുക 942.92 ലക്ഷം രൂപ കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തുകയും ഇതിന്റെ ആദ്യ ഗഡുവായ 160 ലക്ഷം രൂപ ടെക്സ്റ്റൈൽ കോർപ്പറേഷന് ലഭ്യമാകുകയും ഇതുവരെ ഈ പദ്ധതിക്കുവേണ്ടി 2020.85 ലക്ഷം രൂപ കെ.എസ്.ടി.സി.-ക്ക് ലഭിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ബാക്കി തുകയായ 782.92 ലക്ഷം രൂപ ടെക്സ്റ്റൈൽ കോർപ്പറേഷന് ലഭ്യമാക്കുന്നതിനുള്ളനടപടി സ്വീകരിച്ചുവരികയാണ്. പദ്ധതി പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനും മിൽ പ്രവർത്തിപ്പിക്കുന്നതിനും ജീവനക്കാരും തൊഴിലാളികളുമായി 173 പേർ ആവശ്യമാണ്. ആവശ്യമായ ജീവനക്കാരുടെ നിയമനം ഉൾപ്പെടെ നടത്തി പൂർണ്ണ തോതിൽ മില്ലിന്റെ പ്രവർത്തനം 100 ദിവസത്തിനകം പൂർത്തീകരിക്കുന്നതാണ്.

## 9. സംയുക്ത പരിശോധന സംബന്ധിച്ച് ശ്രീ. ജോർജ് എം. തോമസ്, എം.എൽ.എ.-യുടെ സബ്മിഷനുള്ള വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിയുടെ മറുപടി

1971-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ട് പ്രകാരം 10-5-1971-ൽ എല്ലാ സ്വകാര്യ വനഭൂമിയുടെയും ഉടമസ്ഥതയും കൈവശാവകാശവും സർക്കാരിൽ നിക്ഷിപ്തമായിട്ടുണ്ട്. പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്നയുടൻ ടി നിയമത്തിന്റെ ഭരണഘടനാ സാധുത ചോദ്യം ചെയ്ത് ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ വ്യവഹാരങ്ങൾ ഫയൽ ചെയ്യപ്പെട്ടു. അതുമൂലം നിയമത്തിൽ അനുശാസിക്കുംവിധം നിയമം പ്രാബല്യത്തിൽ വന്നയുടൻ വനാതിർത്തിയിലൂടെയുള്ള ഡീമാർക്കേഷൻ സാധിച്ചിട്ടുണ്ടായിരുന്നില്ല. ആയതിനാൽ നിക്ഷിപ്ത വനങ്ങളുടെ ഡീമാർക്കേഷൻ നടത്തിയത് 1974-78 കാലയളവിലാണ്. തുടർന്ന് ടി വനഭൂമി വിജ്ഞാപനം ചെയ്യുകയും ചെയ്തു. ഇക്കാരണത്താൽ ഇക്കാലയളവിനുള്ളിൽ പലയിടങ്ങളിലും വനാതിർത്തിയിൽ വനഭൂമി കയ്യേറപ്പെട്ടിട്ടുണ്ടായിരുന്നു.

സംസ്ഥാനത്തിലെ 1-1-1977-നുമുമ്പുള്ള വനം കയ്യേറ്റങ്ങൾ റെഗുലറൈസ് ചെയ്യുന്നതിനും 1-1-1977-നുശേഷമുള്ള വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുള്ളതാണ്. 1-1-1977-നുമുമ്പും ശേഷവുമുള്ള വനം കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനായി സംയുക്ത പരിശോധന നടത്തുവാൻ ജി.ഒ. (എംഎസ്.) നമ്പർ 655/89/ആർ.ഡി. തീയതി 31-8-1989 പ്രകാരം സർക്കാർ ഉത്തരവാകുകയും അതിൻപ്രകാരം 1991-92 കാലയളവിൽ കോഴിക്കോട് ഡിവിഷനിൽ 1-1-1977-നുമുമ്പും ശേഷവുമുള്ള വനം കയ്യേറ്റങ്ങളുടെ വിവരങ്ങൾ ക്രോഡീകരിക്കുകയുണ്ടായി. അതുപ്രകാരം താമരശ്ശേരി റെയ്ഞ്ചിൽ കണ്ടെത്തിയ 1-1-1977-നുശേഷമുള്ള വനം കയ്യേറ്റങ്ങളിൽ 19.058 ഹെക്ടർ വനം കയ്യേറ്റം ഇതുവരെ ഒഴിപ്പിച്ചിട്ടുണ്ട്. 15.35 ഹെക്ടർ വനം കയ്യേറ്റം ഇനിയും ഒഴിപ്പിക്കുന്നതിന് ബാക്കിയുണ്ട്. കൂടാതെ വനാതിർത്തി പുനർനിർണ്ണയ സമയത്ത് പുതുതായി വനം കയ്യേറ്റങ്ങൾ കണ്ടെത്തുന്നുമുണ്ട്. അപ്രകാരം കയ്യേറിയ വനഭൂമികൾക്ക് പലതിനും ലാന്റ് ട്രൈബ്യൂണലിൽനിന്നും നിയമാനുസൃതമല്ലാതെ പട്ടയം ലഭിച്ചിട്ടുണ്ട്. ഒ.പി. നമ്പർ 18467/02, ഒ.പി. നമ്പർ 1947/03 കേസുകളിലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 4-9-2015 തീയതിയിലെ ഉത്തരവിൽ 1-1-1977-നു ശേഷമുള്ള എല്ലാ കയ്യേറ്റങ്ങളും നിശ്ചിത സമയപരിധിക്കകം ഒഴിപ്പിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്.

കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ട് 1971 സെക്ഷൻ 6 പ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കുന്ന സ്വകാര്യവനങ്ങളുടെ അതിർത്തി ഡീമാർക്കേഷൻ ചെയ്യേണ്ടതാണ്. 2016-17, 2017-18 വർഷങ്ങളിലെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലും ടി വർഷങ്ങളിലെ ബഡ്ജറ്റ് പ്രസംഗത്തിലും ജണ്ടകൾ നിർമ്മിച്ച് വനാതിർത്തി നിർണ്ണയിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. താമരശ്ശേരി റെയ്ഞ്ചിൽ ആകെ 262.92 കിലോമീറ്റർ ഡീമാർക്കേഷൻ നടത്തി ജണ്ടകൾ നിർമ്മിക്കാനുള്ളതിൽ 223.99 കിലോമീറ്റർ

ബൗണ്ടറി ഡീമാർക്കേഷൻ നടത്തിയിട്ടുണ്ട്. ബാക്കി 38.93 കിലോമീറ്ററിലായി ഉദ്ദേശം 1000 ജണ്ടകൾ ഇനി നിർമ്മിക്കേണ്ടതുണ്ട്. താമരശ്ശേരി റെയ്ഞ്ചിൽ ബാക്കി ജണ്ടകൾ നിർമ്മിക്കാനുള്ള സ്ഥലങ്ങളിൽ ഭൂരിഭാഗവും തിരുവമ്പാടി മണ്ഡലത്തിലെ മുത്തപ്പൻപുഴ, മറിപ്പുഴ, കുണ്ടൻതോട് ഭാഗങ്ങളിലാണ്. മുൻകാലങ്ങളിൽ മേൽപ്രദേശത്ത് ജണ്ട നിർമ്മാണ പ്രവൃത്തികൾ ജനങ്ങളുടെ പ്രതിഷേധങ്ങൾ കാരണം നടത്താൻ സാധിക്കാതെ വന്നിട്ടുള്ളതാണ്. താമരശ്ശേരി റെയ്ഞ്ചിലെ ആനക്കാംപൊയിൽ, മുത്തപ്പൻപുഴ, കുണ്ടൻതോട് പ്രദേശത്തെ സർവ്വെ പ്രവർത്തനങ്ങളും ജണ്ട നിർമ്മാണവും സംബന്ധിച്ച വിഷയത്തിൽ 4-8-2017 തീയതിയിൽ ബഹുമാനപ്പെട്ട തിരുവമ്പാടി നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. ജോർജ് എം. തോമസ് അവർകളുടെ നേതൃത്വത്തിൽ ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് സർവ്വേ പ്രവർത്തനങ്ങൾ തുടരാനും തർക്കമില്ലാത്തിടങ്ങളിൽ ജണ്ട നിർമ്മാണം നടത്തുന്നതിനും തീരുമാനിച്ചിരുന്നു. പിന്നീട് വിവിധ രാഷ്ട്രീയ കക്ഷികളുടെയും കർഷകസംഘടനകളുടെയും നേതൃത്വത്തിൽ പ്രതിഷേധം കൂടുതലായപ്പോൾ 9-2-2018-ന് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ കോഴിക്കോട് ജില്ലാ കളക്ടറുടെ ചേംബറിൽ വച്ച് യോഗം ചേരുകയുണ്ടായി. ഉദ്ദേശം 45 ഹെക്ടർ കൃഷിഭൂമി വനഭൂമിയെന്ന പേരിൽ വനം വകുപ്പ് ജണ്ടയിടുന്നുവെന്ന പരാതിയാണ് യോഗത്തിൽ പങ്കെടുത്തവർ ഉന്നയിച്ചത്. ബഹുമാനപ്പെട്ട എം.എൽ.എ. നിർദ്ദേശിച്ചതിനെത്തുടർന്ന് ഈ മാസാവസാനം വരെ സർവ്വേ പ്രവർത്തനങ്ങളും ജണ്ട നിർമ്മാണവും നിർത്തിവയ്ക്കുന്നതിനും തീരുമാനിച്ചിരുന്നു. ടി യോഗ തീരുമാനത്തിന്റെ ഭാഗമായി മേൽപ്രദേശത്തെ സർവ്വെ പ്രവർത്തനങ്ങളും ജണ്ട നിർമ്മാണവും നിലവിൽ താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്.

1989-ലെ ജി.ഒ. (എം.എസ്.) നമ്പർ 655/89/ആർ.ഡി. തീയതി 31-8-1989 ഉത്തരവ് പ്രകാരം 1-1-1977-നുമുമ്പും പിമ്പുമുള്ള വനം കയ്യേറ്റങ്ങൾ കണ്ടെത്തുന്ന തിനായുള്ള സംയുക്ത പരിശോധന പൂർത്തിയായിട്ടുള്ളതായാണ് സർക്കാർ വിവിധ കോടതികളിൽ സ്വീകരിച്ചിട്ടുള്ള നിലപാട്. വനാതിർത്തി സംരക്ഷിക്കുന്നതിനും ജണ്ടകൾ നിർമ്മിച്ച് വനാതിർത്തി വേർതിരിക്കുന്നതിനും സർക്കാർ പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. മറിപ്പുഴ, മുത്തപ്പൻപുഴ, ആനക്കാംപൊയിൽ, കുണ്ടൻതോട് പ്രദേശങ്ങളിൽ പുതുതായി സംയുക്ത പരിശോധന നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## 10. വനം നിലനിർത്തൽ സംബന്ധിച്ച ശ്രീ. രാജു എബ്രഹാം, എം.എൽ.എ.-യുടെ സബ്മിഷനുള്ള വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിയുടെ മറുപടി

എം.എസ്.എ. 1/81 കേസിൽ 10-1-2018-ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നുണ്ടായ വിധിയിൽ 1971-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ട്, 2003-ലെ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രജൈൽ ലാന്റ്) ആക്ട് എന്നിവയിൽ എല്ലാ സ്വകാര്യ

വനഭൂമിയിലെയും വസ്തുവകകൾ സ്വാഭാവികമായിത്തന്നെ സർക്കാരിൽ നിക്ഷിപ്ത മാകുന്നതിനുള്ള വ്യവസ്ഥകളുള്ളതിനാൽ ടി സ്ഥലങ്ങളിൽ അവകാശവാദം ഉന്നയി ച്ചിട്ടുള്ളവർക്ക് അവ തിരിച്ച് നൽകേണ്ടതില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്. അതേസമയം പൊന്തൻപുഴ വനമേഖല എന്നറിയപ്പെടുന്ന വലിയകാവ്, ആലപ്ര റിസർവ്വുകൾ വിജ്ഞാപനം ചെയ്ത സമയത്ത് ആ ഭൂമി 1961-ലെ കേരള വന നിയമത്തിലെ 2 (ജി) വകുപ്പിൽ നിർവ്വചിച്ചിരിക്കുന്ന സർക്കാർ 'അധീനതയിലുള്ളഭൂമി' (Land at the disposal of Government) ആയിരുന്നില്ലെന്ന് തീരുമാനിക്കുകയും ഭൂമികളിന്മേലുള്ള അവകാശ രേഖകളെ അംഗീകരിക്കുകയും ഭൂമി തിരിച്ചറിയുന്നത് സംബന്ധിച്ചുള്ള ജില്ലാ കോടതിയുടെ കണ്ടെത്തലുകൾ ശരിവച്ചും ബഹുമാനപ്പെട്ട ഹൈക്കോടതി അപ്പീൽ തീർപ്പാക്കുകയാണുണ്ടായത്. ആയതിന്മേൽ ആർ.പി. 182/2018 നമ്പരായി സർക്കാർ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതാണ്.

ടി സബ്മിഷനിൽ പരാമർശിക്കുന്ന പെരുമ്പെട്ടി പ്രദേശം റാന്നി താലൂക്കിൽപ്പെടുന്ന പെരുമ്പെട്ടി വില്ലേജിന്റെ ഭാഗമാണ്. 25-12-1905-ൽ പ്രൊപ്പോസ്ഡ് റിസർവായി നോട്ടിഫൈ ചെയ്യപ്പെട്ടിട്ടുള്ള വലിയകാവ് പ്രദേശത്ത് പെരുമ്പെട്ടിയിൽ 1-1-1977-ന് മുമ്പായി വനഭൂമി കയ്യേറി താമസമാക്കിയ 414 കൈവശക്കാരുടെ പേരുവിവരങ്ങൾ ജോയിന്റ് വെരിഫിക്കേഷനിലൂടെ ശേഖരിച്ചിട്ടുള്ളതാണ്. സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 346/2009/റവന്യൂ തീയതി 31-8-2009 പ്രകാരം പത്തനംതിട്ട ജില്ലയിലെ റാന്നി, കോന്നി താലൂക്കുകളിലെ പട്ടയത്തിന് അർഹരായി കണ്ടെത്തിയവർക്ക് പട്ടയം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ ഉത്തരവായിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ റാന്നി, കോന്നി താലൂക്ക കളിൽപ്പെട്ട 1970.04 ഹെക്ടർ പ്രദേശത്തിന് പട്ടയം നൽകുന്നതിനുള്ള നടപടികൾ വനം, റവന്യൂ വകുപ്പുകൾ സംയുക്തമായി നടത്തുകയും കേന്ദ്ര സർക്കാരിന്റെ അനുമതിക്കായുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതുമാണ്. ടി പ്രൊപ്പോസലിൽ പെരുമ്പെട്ടി വില്ലേജിലെ 414 കയ്യേറ്റക്കാരുടെ പേരുവിവരങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ടി പ്രൊപ്പോസലിൽ ആവശ്യമായ ഭേദഗതികൾ വരുത്തി റവന്യൂ വകുപ്പു തന്നെ എഫ്.സി. പോർട്ടലിൽ അപ്ലോഡ് ചെയ്യണമെന്ന നിർദ്ദേശത്തോടെ 14-1-2016-ലെ എഫ്.സി.2-26812/15 കത്തുമുഖേന ടി പ്രൊപ്പോസൽ തിരിച്ചയ ച്ചിട്ടുള്ളതാണ്. യൂസർ ഏജൻസിയായ റവന്യൂ വകുപ്പിനുവേണ്ടി തുടർനടപടികൾ സ്വീകരിക്കേണ്ടത് പത്തനംതിട്ട ജില്ലാ കളക്ടറാണ്.

എം.എസ്.എ.-1/81 കേസുമായി ബന്ധപ്പെട്ട അന്തിമ തീരുമാനം വരുന്നതിനു മുമ്പ് കൈവശക്കാർക്ക് ഭൂമി പതിച്ച് നൽകുന്നത് വനഭൂമിയുടെ സംരക്ഷണവും പരിപാലനവും സംബന്ധിച്ച് സർക്കാർ ഉന്നയിച്ച വാദമുഖങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് 17-5-2010-ൽ അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയിട്ടുണ്ട്.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.